കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 12, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 193 –നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 12, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. ഷാജി സി. ബേബി

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ **പേജ്**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധമായി ചേർത്തിട്ടുണ്ട്.) ....

II. ഗവർണ്ണറുടെ സന്ദേശം ....

III. അടിയന്തരപ്രമേയം

വന്യജീവി ആക്രമണം
- ശ്രീ. ടി. സിദ്ദിഖ് ....
(അവതരണാനുമതി നിഷേധിച്ചു)

IV ശ്രദ്ധ ക്ഷണിക്കൽ

(1) നെല്ല് സംഭരണം
- ശ്രീ. കെ. ഡി. പ്രസേനൻ ....

(2) വായ്പാ കുടിശ്ശിക
- ശ്രീ. സജീവ് ജോസഫ് ....

V സബ്മിഷൻ

(1) കയ്പമംഗലം തീരദേശ സംരക്ഷണ പ്രവൃത്തികൾ
- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ....

(2) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി
- ശ്രീ. സി. ആർ. മഹേഷ് .....

(3) ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി.യിൽ
ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത
-ശ്രീ. സനീഷ് കുമാർ ജോസഫ് ....

(4) സഞ്ചാര സ്വാതന്ത്ര്യം പുന:സ്ഥാപിക്കൽ
- ശ്രീമതി കാനത്തിൽ ജമീല ....

(5) പൊൻമുടി ഗവൺമെന്റ് യു.പി. സ്കൂളിന്റെ
ചുറ്റുമതിൽ നിർമ്മാണം
- ശ്രീ. ഡി. കെ. മുരളി ....

(6) കേരള സയൻസ് സിറ്റിയുടെ നിർമ്മാണ
പ്രവർത്തനങ്ങൾ
- ശ്രീ. മോൻസ് ജോസഫ് ....

(7) മലമ്പുഴ ഉദ്യാന നവീകരണം
- ശ്രീ. എ. പ്രഭാകരൻ ....

(8) തിരുവനന്തപുരം നഗരത്തിലെ ടൂറിസം
വികസന പ്രവർത്തനങ്ങൾ
- ശ്രീ. വി. കെ. പ്രശാന്ത് ....

(9) ആശുപത്രി ജീവനക്കാരുടെ അഭാവം
- ശ്രീ. കെ. പി. എ. മജീദ് ....

(10) ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം
- ശ്രീ. കെ. പ്രേംകുമാർ ....

VI ധനകാര്യം

2024-2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 12, തിങ്കൾ

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

നിയമസഭ 2024 ഫെബ്രുവരി മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*151)

റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം

1 (*151) ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം സ്ഥിരമായി തടസ്സപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം വിലയിരുത്തിട്ടുണ്ടോ; ഇവയുടെ തകരാർ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; സ്ഥിരമായി സെർവർ തകരാറിലാവുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികളാണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; റേഷൻ വ്യാപാരികളുടെ കമ്മിഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ&ബി) റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം സ്ഥിരമായി തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതികപ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗികമായി തടസ്സമുണ്ടാക്കിയ സാങ്കേതികപ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവീസ് 'വിഷൻടെക്' എന്ന സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ. ബാൻഡ്‌വിഡ്ത്ത് 20 MB per second എന്നത് 50 MB per second ആയി ഉയർത്തിയിട്ടുണ്ട്. എ.യു.എ. സെർവറിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾകാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ എ.യു.എ. സെർവറുകൾകൂടി

വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-ക്കും UIDAI-യ്ക്കും കത്ത് നൽകിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇ-പോസ് സെർവറുകളിലെ സാങ്കേതികപ്രശ്നങ്ങൾകാരണമുണ്ടാകുന്ന ഭാഗിക തടസ്സങ്ങൾ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് ഉടൻതന്നെ പരിഹരിക്കാറുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. ടി സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ റേഷൻ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവയല്ല. റേഷൻ വിതരണത്തിലെ ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ടുണ്ടാകുന്ന തടസ്സങ്ങൾ വളരെ വേഗത്തിൽ

പരിഹരിക്കുന്നതിനായി എൻ.ഐ.സി.-യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികളാണെന്നുള്ള വിവരം നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 03-06-2023-ന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സംസ്ഥാനത്ത് NFSA (നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്) നടപ്പാക്കിയതിനുശേഷം റേഷൻ വ്യാപാരികൾക്കുണ്ടായ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റേഷനിംഗ് കൺട്രോളർ, ലാ ഓഫീസർ, വിജിലൻസ് ഓഫീസർ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് റേഷൻ വ്യാപാരികളുടെ കമ്മിഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ അവസ്ഥ ദയനീയമാണ്. ഏതാണ്ട് അഞ്ച് വർഷത്തോളമായി അവരുടെ വേതനവും കമ്മിഷനും പുതുക്കി നിശ്ചയിച്ചിട്ടില്ല. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മിഷൻ തുക വർദ്ധിപ്പിക്കുമെന്നാണ് ഇവിടെ സൂചിപ്പിച്ചത്. 45 ക്വിന്റൽ ഭക്ഷ്യധാന്യം അളക്കുമ്പോൾ ഒരു വ്യാപാരിക്ക് 18,000 രൂപയാണ് കമ്മിഷനായി ലഭിക്കുന്നത്. റേഷൻ കട വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ 8,000 രൂപ വാടക ഇനത്തിൽ നൽകേണ്ടതായി വരും. കൂടാതെ കടയിൽ നിൽക്കുന്ന സ്റ്റാഫിന് 8,000 രൂപ കൂടി നൽകിക്കഴിഞ്ഞാൽ ആകെ ലഭിക്കുന്ന 18,000 രൂപയിൽ 16,000 രൂപയും ചെലവാകും. ഇക്കൂട്ടത്തിൽ കറന്റ് ചാർജ്ജുകൂടെ നൽകിക്കഴിഞ്ഞാൽ റേഷൻ വ്യാപാരിക്ക് കട നടത്തുന്നതിൽനിന്ന് എന്ത് ആദായമാണ് ലഭിക്കുന്നത്? വിലക്കയറ്റമുൾപ്പെടെയുള്ള നിരവധി മാറ്റങ്ങൾ സമൂഹത്തിൽ സംജാതമായതിനാൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ യുദ്ധകാലാടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, രാജ്യത്തെ മറ്റേത് സംസ്ഥാനത്തെക്കാളും കമ്മിഷൻ തുക വർദ്ധനവോടുകൂടി നടപ്പാക്കിയ ഒരു സംസ്ഥാനമാണ് കേരളം. മാത്രമല്ല, കേരളത്തിലെ റേഷൻ വ്യാപാരികൾക്ക് കിറ്റ് വിതരണവുമായി ബന്ധപ്പെട്ടുള്ള കമ്മിഷനൊഴികെ എല്ലാ മാസവും നൽകേണ്ട കമ്മിഷൻ ഇക്കഴിഞ്ഞ മാസംവരെയും കൃത്യമായി നൽകിയിട്ടുണ്ട്. 14200-ഓളം കടകളിൽ കുറച്ച് കടകൾക്ക് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നങ്ങളുണ്ട്. എന്നാൽ, ബഹുഭ്രൂരിപക്ഷം കടകൾക്കും അത്തരത്തിലുള്ള ഗുരുതരമായ സാഹചര്യം നിലവിലില്ല. എങ്കിലും റേഷൻ വ്യാപാരികളുടെ ജീവിതനിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ അവർക്ക് കൊടുക്കുന്ന കമ്മിഷനിൽ വർദ്ധനവ് വരുത്തേണ്ട വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നതിനനുസൃതമായി കാര്യങ്ങൾ ആലോചിക്കാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, റേഷൻ വ്യാപാരികൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. കിറ്റുകൾ വിതരണം ചെയ്ത റേഷൻ വ്യാപാരികൾക്ക് ഇപ്പോഴും അതിന്റെ കമ്മിഷൻ കൊടുത്തിട്ടില്ല. ജീവൻ

പണയപ്പെടുത്തി ജനങ്ങളെ സേവിച്ചവരാണ് അവർ. അവരിൽ മരണപ്പെട്ട വ്യാപാരികളുമുണ്ട്. അക്കാര്യത്തിൽ മനുഷ്യത്വപരമായ നടപടി അങ്ങ് സ്വീകരിക്കണം. കോവിഡ് കാലത്ത് മുടങ്ങിയ അവരുടെ കമ്മിഷൻ തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കോവിഡ് കാലത്ത് പ്രവർത്തനം നടത്തിയ റേഷൻ വ്യാപാരികൾക്ക് ആവശ്യമായ സംരക്ഷണവും പരിഗണനയും ഈ സർക്കാർ നൽകിയിട്ടുണ്ട്. കേരളത്തിലെ മറ്റൊരു മേഖലയ്ക്കും ഇൻഷ്വറൻസ് കവറേജ് കൊടുത്തിരുന്നില്ല. എന്നാൽ, ആ കാലഘട്ടത്തിൽ മരണപ്പെട്ട റേഷൻ വ്യാപാരികൾക്ക് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കവറേജ് നൽകുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട് ധാരാളം സേവനപ്രവർത്തനങ്ങൾ നമ്മളൊരുമിച്ച് നടത്തുകയുണ്ടായി. റേഷൻ വ്യാപാരികൾ മാത്രമല്ല കേരളത്തിലെ നന്മനിറഞ്ഞ മനസ്സുള്ള എല്ലാവരും കോവിഡിനെ അതിജീവിക്കാനുള്ള നടപടികളുമായി രംഗത്തിറങ്ങിയവരാണ്. റേഷൻ വ്യാപാരികൾ

കേസിനുപോയ സാഹചര്യത്തിൽ അവർക്ക് കമ്മീഷൻ തുക കൊടുക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, കോവിഡ് കാലഘട്ടത്തിൽ ജോലി ചെയ്ത റേഷൻ വ്യാപാരികൾക്ക് എല്ലാവിധ പരിരക്ഷയും കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ, കോടതി ഉത്തരവുണ്ടായിട്ടുപോലും സംസ്ഥാന സർക്കാർ ഇതുവരെ റേഷൻ വ്യാപാരികൾക്ക് കോവിഡ് കാലത്തെ കമ്മിഷൻ നൽകിയിട്ടില്ല. ഗുരുതരമായ അനാസ്ഥയാണ് സർക്കാർ കാണിക്കുന്നത്. കോവിഡ് കാലത്ത് ജനങ്ങൾക്കുവേണ്ടി കാര്യക്ഷമമായി പ്രവർത്തിച്ച റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള മുഴുവൻ കമ്മിഷൻ തുകയും നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച റേഷൻ വ്യാപാരികൾക്ക് കോടതി വിധിയനുസരിച്ച് കൃത്യമായി പണം കൊടുത്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട്

രണ്ടാമത് കക്ഷി ചേർന്നവരെ സംബന്ധിച്ച് ഈയടുത്ത കാലത്താണ് വിധിയുണ്ടായത്. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, സപ്ലൈകോയുടെ വിപണി ഇടപെടലിന് ഇത്തവണത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമാണോ; കൂടുതൽ തുക ആവശ്യപ്പെട്ട് മന്ത്രിതലത്തിൽ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗത്തിനുതന്നെ ഇക്കാര്യത്തെക്കുറിച്ച് നന്നായി അറിയാവുന്നതാണ്. താങ്കൾ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വിപണി ഇടപെടലുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് സർക്കാർ കൊടുക്കാനുള്ള തുക 347 കോടി രൂപയാണ്. അത്തരം നടപടികളുടെ ഭാഗമായി അന്നുമുതൽതന്നെ വിപണി ഇടപെടലുമായി ബന്ധപ്പെട്ട് കുറച്ചുകാലത്തെ ബാധ്യതകളുണ്ടായിട്ടുണ്ട്. അത് നൽകാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. എന്നാൽ, നമ്മുടെ ആഗ്രഹത്തിനും അവരുടെ പ്രവർത്തനത്തിനും അനുസൃതമായ തുക

ലഭ്യമാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സപ്ലൈകോയെ സംരക്ഷിക്കാനും കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം പകരാനും വിപണിയിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനും കഴിഞ്ഞ എട്ട് വർഷമായി കേരള സർക്കാർ മാതൃകാപരമായ ഇടപെടലുകളാണ് നടത്തുന്നത്. വിലവർദ്ധനവ് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം നിലനിൽക്കുന്നത് അതുകൊണ്ടാണ്. സർക്കാരിന്റെ ഇച്ഛാശക്തിയെ നിങ്ങൾ ചോദ്യം ചെയ്യേണ്ടതില്ല; കാരണം, സർക്കാർ ജനങ്ങളോടൊപ്പമാണ്. വിപണി ഇടപെടലിനുവേണ്ടി കഴിഞ്ഞ വർഷത്തേക്കാൾ 15 കോടി രൂപ അധികമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്. താങ്കളുൾപ്പെടെ ആ കാലഘട്ടത്തിലുണ്ടാക്കിയ കുടിശ്ശിക വളരെ കൂടുതലാണ്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്ത് എൻ.പി.ഐ. കാർഡുടമകൾക്ക് സാധാരണ കുത്തരി കൊടുക്കാനാണ് സർക്കാർ

തീരുമാനിച്ചിരിക്കുന്നത്. എന്നാൽ കേവലം രണ്ട് കിലോ അരി ലഭിക്കുന്ന ടി വിഭാഗക്കാർക്ക് കുത്തരി ലഭിക്കാത്ത സാഹചര്യത്തിൽ എല്ലാവിധ അരിയും വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച വിഷയത്തെക്കുറിച്ച് ഈ സഭതന്നെ നന്നായി മനസ്സിലാക്കേണ്ടതുണ്ട്. 43 ശതമാനം മലയാളികൾ മാത്രമേ കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യഭദ്രതാ പദ്ധതിയിലുള്ളൂ. ബാക്കിയുള്ള 57 ശതമാനം പേർക്കും കേന്ദ്രസർക്കാർ യാതൊരു സഹായവും നൽകുന്നില്ലെന്നത് ഒരു വസ്തുതയാണ്. എന്നാൽ, ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ കേന്ദ്ര സർക്കാരിൽനിന്നും 3 രൂപ നൽകി വാങ്ങുന്ന അരിയാണ് ഇവിടത്തെ ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയിരുന്നത്. ഇക്കഴിഞ്ഞ വർഷംവരെ ആ സൗജന്യം കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ലഭിച്ചതാണ്. ഇപ്പോൾ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാടുകൾമൂലം കേരളത്തിൽ അത്തരം വിഭാഗത്തിന് സൗജന്യമായി അരി നൽകാൻ മറ്റ് വിഭാഗത്തിന്റെ ടൈഡ്

ഓവർ വിഹിതം കുറച്ചുകൊണ്ടുവരികയാണ്. കേന്ദ്ര സർക്കാരിൽനിന്നും 8 രൂപ 30 പൈസയ്ക്ക് വാങ്ങുന്ന അരി കേരളത്തിലെ 32 ലക്ഷത്തോളം വരുന്ന നീല/വെള്ള കാർഡുടമകൾക്ക് സംസ്ഥാന സർക്കാർ 4 രൂപയ്ക്കാണ് നൽകുന്നത്. സംസ്ഥാന സർക്കാരിന്റെ ഇടപെടലും താൽപ്പര്യവുംമൂലമാണ് ഇത് സാധ്യമായത്. നീല/വെള്ള കാർഡുടമകൾക്കും നൂറുശതമാനവും റേഷന്റെ പരിധിയിൽ വരുന്ന ജനതയ്ക്കും കേരള സർക്കാരിന്റെ ബാധ്യതയിലാണ് ഭക്ഷ്യധാന്യ വിതരണവും അതുമായി ബന്ധപ്പെട്ട പ്രവർത്തനവും നടത്തുന്നത്. താങ്കൾ സൂചിപ്പിച്ചതുപോലെ 2 കിലോ അരിയായി പരിമിതപ്പെടുത്തിയത് അത്തരമൊരു സാഹചര്യത്തിലാണ്. എന്നാൽ, ഈ മാസവും ആ വിഭാഗത്തിന് 5 കിലോ അരി സ്പെഷ്യലായി നൽകിയിട്ടുണ്ട്. അവർക്ക് കേരളത്തിൽ സംഭരിക്കുന്ന നെല്ലിൽ നിന്നെടുക്കുന്ന ചമ്പാവരി അഥവാ കുത്തരി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 50 മുതൽ 52 രൂപ വരെ വിപണിയിൽ വിലവരുന്ന അരി 10 രൂപ 90 പൈസയ്ക്ക് കേരളത്തിലെ റേഷൻ കടകളിലൂടെ ഈ ജനവിഭാഗത്തിന് കൊടുക്കുന്നത് പ്രധാനപ്പെട്ട വിപണി ഇടപെടലാണ്.

അതിനനുസരിച്ച് നല്ലയിനം അരിതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭാരത് അരി വിതരണവുമായി ബന്ധപ്പെട്ട വാർത്തകൾ പത്രമാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. ഭാരത് അരി വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിനോ സിവിൽ സപ്ലൈസ് കോർപ്പറേഷനോ എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ; ഭാരത് അരി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; എങ്ങനെ വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ ഭക്ഷ്യ-പൊതുവിതരണ രംഗത്ത് വിവിധ ഇടപെടലുകൾ നടത്തുകയാണ്. സംസ്ഥാനത്തെ വെള്ള/നീല കാർഡുടമകൾക്ക് നൽകിയിരുന്ന ഗോതമ്പ് കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും നിർത്തലാക്കി. കേരളത്തിലെ ഒരു കുടുംബത്തിന് ലഭിച്ചിരുന്ന മണ്ണെണ്ണയുടെ അളവ് മൂന്ന് മാസത്തിലൊരിക്കൽ അര ലിറ്ററായി പരിമിതപ്പെടുത്തി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് 15 ശതമാനം അരി മാത്രമാണ്. എന്നാൽ, നമുക്ക് മുമ്പ് ലഭിച്ചിരുന്ന വിഹിതം പുന:സ്ഥാപിക്കണമെന്ന ആവശ്യം ഈ സഭതന്നെ കേന്ദ്ര

ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. അതിനോടുപോലും അനുകൂല നിലപാട് സ്വീകരിച്ചില്ല. കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ ഒരു കിലോ അരിപോലും കേരളത്തിന് വർദ്ധിപ്പിച്ചുനൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. എന്നാൽ, ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മൾ കാലാകാലങ്ങളിൽ ഒ.എം.എസ്. സ്കീം പ്രകാരം എഫ്.സി.ഐ.-യിൽനിന്നും അരി ലേലത്തിലെടുത്ത് സപ്ലൈകോയിലൂടെ 24 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചത്. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കും അതുപോലെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഒ.എം.എസ്. സ്കീമനുസരിച്ച് ലേലത്തിൽ പങ്കെടുക്കാൻ കഴിയാത്ത നിബന്ധനയാണ് കേന്ദ്ര ഗവൺമെന്റുണ്ടാക്കിയിരിക്കുന്നത്. ആ നിബന്ധനയുണ്ടാക്കിയിട്ടാണ് 29 രൂപ നിരക്കിൽ കേരളത്തിലെ മാർക്കറ്റുകളിൽ അരി വിതരണം ചെയ്യുന്നത്. ഫെഡറൽ സംവിധാനത്തിൽ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത രീതിയാണിത്. കേരളത്തിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ 14,000-ലധികം പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. ഇത്തരത്തിൽ ഫലപ്രദമായ പൊതുവിതരണ സംവിധാനങ്ങളുള്ളപ്പോൾ അതിലൂടെ വിതരണം ചെയ്യുന്നതിനുപകരം ചെറിയ കച്ചവടക്കാർ

കൊണ്ടുപോകുന്നതുപോലെ കേന്ദ്ര ഗവൺമെന്റ് നേരിട്ട് നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും മാർക്കറ്റുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന അവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ നടപടി ഒരിക്കലും പ്രതീക്ഷിച്ചതല്ല. ഈ അരി കേരളത്തിലെ സർക്കാർ ഏജൻസിയായ സപ്ലൈകോയിലൂടെ നൽകിയിരുന്നുവെങ്കിൽ സംസ്ഥാനത്തിന് 25 രൂപ നിരക്കിൽ വിതരണം ചെയ്യാൻ സാധിക്കുമായിരുന്നു. 25 രൂപ നിരക്കിൽ കൊടുക്കാൻ കഴിയുന്ന അരിയാണ് 29 രൂപ നിരക്കിൽ കൊടുക്കുന്ന തരത്തിലേയ്ക്ക് മാറിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയപരമായിട്ടാണോ ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭാരത് അരി വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു അറിവുമില്ല. കേന്ദ്ര ഗവൺമെന്റ് നേരിട്ട് അവരുടെ ഏജൻസികൾവഴി വിതരണം ചെയ്യുന്നതാണ്. അതിൽ യാതൊരു നിയന്ത്രണവും കാണുന്നില്ല. അതിനാൽ ഇത്തരത്തിൽ അരി വിതരണം ചെയ്യാനുള്ള തീരുമാനം പുന:പരിശോധിക്കണമെന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, റേഷൻ കടകളുടെ ബ്രാൻഡിംഗിന്റെ ഭാഗമായി പ്രധാനമന്ത്രിയുടെ ചിത്രവും സെൽഫി പോയിന്റും ദേശീയ ഭക്ഷ്യസുരക്ഷാ

നിയമത്തിന്റെ ലോഗോയുമടങ്ങുന്ന ഫ്ലക്സ് ബോർഡുകൾ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 500 റേഷൻ കടകൾക്കുസമീപം സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത റേഷൻ കടകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ നിബന്ധനകൾ എന്തെല്ലാമാണ്; ഇതിനാവശ്യമായ തുക ഏത് ഫണ്ടിൽനിന്നും വിനിയോഗിക്കും?

ശ്രീ. ജി. ആർ. അനിൽ: സർ, താങ്കൾ സൂചിപ്പിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ 14,000-ലധികം റേഷൻ കടകളിൽ പ്രധാനമന്ത്രിയുടെ ചിത്രം ആലേഖനം ചെയ്ത ഫ്ലെക്സ് ബോർഡുകൾ സ്ഥാപിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്കും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനും കേന്ദ്ര സർക്കാർ നിർദ്ദേശം നൽകി. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 550 റേഷൻ കടകളിൽ പ്രധാനമന്ത്രിയുടെ സെൽഫി പോയിന്റുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും അത് പരിശോധിക്കുന്നതിന് എഫ്.സി.ഐ. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ ലോഗോ പതിച്ച ക്യാരി ബാഗുകളിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി മുന്നോട്ടുവച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക്

അവകാശപ്പെട്ട ഭക്ഷ്യധാന്യ വിതരണം തിരഞ്ഞെടുപ്പ് വർഷത്തിൽ ഈവിധത്തിൽ പ്രചരണത്തിന് ഉപയോഗിക്കുന്നത് സംസ്ഥാന സർക്കാർ ഒരുവിധത്തിലും അംഗീകരിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദീർഘകാലമായി റേഷൻ വിതരണം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായി റേഷൻ കടകളും നിലനിൽക്കുന്നുണ്ട്. ഇതുവരെയില്ലാത്ത ഒരു പുതിയ പ്രചരണ പരിപാടിയാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തെത്തിയ ഘട്ടത്തിൽ തീർച്ചയായും അത് തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കാൻ വേണ്ടിയുള്ളതാണ്. ഈ നടപടി ശരിയല്ലെന്നും ഇതിവിടെ നടപ്പാക്കാൻ ബുദ്ധമുട്ടാണെന്നും കേന്ദ്ര സർക്കാരിനെ അറിയിക്കും. അതോടൊപ്പം തെരഞ്ഞെടുപ്പ് കമ്മീഷനെക്കൂടി ഇക്കാര്യം അറിയിക്കാൻ സാധിക്കില്ലേ എന്നും പരിശോധിക്കും.

ശ്രീ. എച്ച്. സലാം: സർ, ചരിത്രം സൃഷ്ടിച്ച നവകേരള സദസ്സിൽ ലഭ്യമായ അപേക്ഷകളിൽ ധാരാളം മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷ ലഭ്യമായിരുന്നു. അവയുടെ അർഹത പരിശോധിച്ച് മുൻഗണനാ കാർഡ് നൽകുന്നതിനാവശ്യമായ സംവിധാനം സർക്കാർ എങ്ങനെയാണ് ചെയ്തിട്ടുള്ളത്;

ഇതുവരെ നൽകിയ കാർഡുകളുടെ വിവരങ്ങൾ ലഭ്യമാണെങ്കിൽ പ്രസ്തുത വിവരം കൂടി നൽകുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നവകേരള സദസ്സിൽ ലഭ്യമായ അപേക്ഷകൾ ഭക്ഷ്യവകുപ്പ് ഗൗരവമായി പരിഗണിക്കുകയും അർഹതയുള്ളവർക്ക് മുൻഗണനാ കാർഡ് നൽകാനുള്ള നടപടി സ്വീകരിക്കുകയുമുണ്ടായി. ഇതിൽ 82.69 ശതമാനം അപേക്ഷകൾക്ക് പരിഹാരം കാണാൻ സാധിച്ചു. താലൂക്ക് തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നവയാണ്.

		ആകെ ലഭിച്ച പരാതികൾ	പരിഹരിച്ച പരാതികൾ	പരിഹരിച്ച പരാതിയുടെ ശതമാനം
SL.No	THIRUVANANTHAPURAM			
1	City Rationing Office-South, Thiruvananthapuram	45	45	
2	City Rationing Office-North, Thiruvananthapuram	63	63	
3	Taluk Supply Office, Thiruvananthapuram	267	267	
4	Taluk Supply Office, Chirayinkeezhu	204	204	
5	Taluk Supply Office, Nedumangad	449	449	
6	Taluk Supply Office,	576	574	

	Neyattinkara			
7	Taluk Supply Office, Kattakkada	389	389	
8	Taluk Supply Office, Varkala	229	229	
	Total	2222	2220	100%
KOLLAM				
	DSO, KOLLAM	96	96	
9	Taluk Supply Office, Kollam	478	474	
10	Taluk Supply Office, Kottarakkara	177	177	
11	Taluk Supply Office, Pathanapuram	48	48	
12	Taluk Supply Office, Karunagappally	416	416	
13	Taluk Supply Office, Kunnathur	85	85	
14	Taluk Supply Office, Punalur	127	127	
	Total	1427	1423	99%
PATHANAMTHITTA				
15	Taluk Supply Office, Kozhenchery	82	82	
16	Taluk Supply Office, Thiruvalla	127	127	
17	Taluk Supply Office, Adoor	107	107	
18	Taluk Supply Office, Ranni	48	48	
19	Taluk Supply Office, Mallappally	42	42	
20	Taluk Supply Office, Konni	49	49	
	Total	455	455	100%

ALAPPUZHA				
21	Taluk Supply Office, Cherthala	332	330	
22	Taluk Supply Office, Ambalappuzha	409	409	
23	Taluk Supply Office, Kuttanad	134	132	
24	Taluk Supply Office, Karthikappally	289	289	
25	Taluk Supply Office, Mavelikkara	145	145	
26	Taluk Supply Office, Chengannur	91	91	
	Total	1400	1396	99.71%
KOTTAYAM				
	DSO KOTTAYAM	130	130	
27	Taluk Supply Office, Kottayam	316	316	
28	Taluk Supply Office, Changanassery	214	214	
29	Taluk Supply Office, Vaikkam	220	220	
30	Taluk Supply Office, Kanjirappally	88	88	
31	Taluk Supply Office, Meenachil	113	113	
	Total	1081	1081	100%
IDUKKI				
32	Taluk Supply Office, Thodupuzha	187	187	
33	Taluk Supply Office,	180	180	

	Devikulam			
34	Taluk Supply Office, Udumbanchola	38	38	
35	Taluk Supply Office, Peerumedu	73	73	
36	Taluk Supply Office, Idukki	102	102	
	Total	580	580	100%
ERNAKULAM				
	DSO, ERNAKULAM	80	80	
37	City Ratioaning Office, Ernakulam	44	44	
38	City Ratioaning Office, Kochi	81	81	
39	Taluk Supply Office, Kanayannur	106	103	
40	Taluk Supply Office, Kochi	214	209	
41	Taluk Supply Office, Aluva	212	211	
42	Taluk Supply Office, Paravoor	154	154	
43	Taluk Supply Office, Kunnathunad	135	135	
44	Taluk Supply Office, Kothamangalam	73	73	
45	Taluk Supply Office, Muvattupuzha	94	91	
	Total	1113	1101	99%
THRISSUR				
	DSO THRISSUR	111	111	
46	Taluk Supply Office, Thrissur	517	517	
47	Taluk Supply Office,	113	113	

	Thalappilly			
48	Taluk Supply Office, Mukundapuram	282	282	
49	Taluk Supply Office, Chavakkad	272	272	
50	Taluk Supply Office, Kodungallur	130	130	
51	Taluk Supply Office, Chalakkudy	182	181	
52	Taluk Supply Office, Kunnamkulam	206	206	
	Total	1813	1812	99%
	PALAKKAD			
53	Taluk Supply Office, Palakkad	431	430	
54	Taluk Supply Office, Chittur	231	231	
55	Taluk Supply Office, Ottappalam	318	318	
56	Taluk Supply Office, Mannarkkad	255	255	
57	Taluk Supply Office, Alathur	348	348	
58	Taluk Supply Office, Pattambi	305	305	
	Total	1888	1887	100%
	MALAPPURAM			
59	Taluk Supply Office, Ernad	484	6	
60	Taluk Supply Office, Nilambur	788	39	

61	Taluk Supply Office, Perinthalmanna	390	27	
62	Taluk Supply Office, Tirur	514	0	
63	Taluk Supply Office, Tirurangadi	420	8	
64	Taluk Supply Office, Ponnani	243	23	
65	Taluk Supply Office, Kondotty	518	23	
	TOTAL	3357	126	3.75%
	KOZHIKKODE			
	DSO KOZHIKKODE	62	41	
66	City Rationing Office-North, Kozhikkode	54	54	
67	City Rationing Office-South, Kozhikkode	71	71	
68	Taluk Supply Office, Kozhikkode	395	395	
69	Taluk Supply Office, Koyilandy	345	345	
70	Taluk Supply Office, Vadakara	393	393	
71	Taluk Supply Office, Thamarassery	125	125	
	TOTAL	1445	1424	98.54%
	WAYANAD			
72	Taluk Supply Office, Vythiri	186	185	
73	Taluk Supply Office, Sulthan Bathery	89	87	

74	Taluk Supply Office, Mananthavady	148	147	
	TOTAL	423	419	99%
	KANNUR			
	DSO KANNUR	63	63	
75	Taluk Supply Office, Thalipparamba	218	218	
76	Taluk Supply Office, Kannur	313	313	
77	Taluk Supply Office, Thalassery	266	266	
78	Taluk Supply Office, Iritty	125	125	
79	TSO, Payyannur	161	157	
	TOTAL	1146	1142	99%
	KASARAGOD			
80	Taluk Supply Office, Kasaragod	216	216	
81	Taluk Supply Office, Hosdurg	223	223	
82	Taluk Supply Office, Vellarikundu	40	39	
83	Taluk Supply Office, Manjeshwaram	47	47	
	TOTAL	526	525	99%
	COMMISSIONERATE	227	120	
	GRAND TOTAL	18680	15292	82%

MALAPPURAM PERCENTAGE OF DISPOSAL IS ONLY 4%

ഭരണപക്ഷത്തുള്ളവർ മാത്രമല്ല, പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാരും നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിൽ പരിഹാരമുണ്ടാക്കി കാർഡുകൾ വിതരണം ചെയ്യുവെന്ന സന്തോഷകരമായ കാര്യം ഈ സഭയിൽ അറിയിക്കുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഭാരത് അരി എന്ന പേരിൽ അരി വിതരണം ചെയ്യുകയാണ്. ഇക്കാര്യം നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ടതാണ്. കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ യാതൊരു നിബന്ധനകളോ നിയന്ത്രണങ്ങളോ ഇല്ലാതെ 29 രൂപ നിരക്കിൽ അരി കച്ചവടം നടത്തുകയാണ്. യഥാർത്ഥത്തിൽ ജനങ്ങളെ പറ്റിക്കുകയാണെന്ന കാര്യം അവർക്കറിയില്ല. രണ്ട് രൂപയ്ക്കും അഞ്ചുരൂപയ്ക്കും പത്തുരൂപയ്ക്കും സംസ്ഥാന സർക്കാർ കൊടുക്കുന്ന അരിയാണ് 29 രൂപ നിരക്കിൽ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ഭാരത് അരിയെന്ന പേരിൽ വിതരണം ചെയ്യുന്നത്. ഇത് വലിയൊരു തട്ടിപ്പാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ വ്യക്തമായും വിശദമായും മറുപടി നൽകുകയുണ്ടായി. എന്തായാലും ബഹുമാനപ്പെട്ട

അംഗം സൂചിപ്പിച്ചതുപോലെ 29 രൂപ വില നിശ്ചയിച്ച് അരി വിതരണം ചെയ്യുന്നതിന്റെ വസ്തുതകൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ ജലപാത പദ്ധതി

2 (*152) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ ബേക്കൽ വരെയുള്ള പശ്ചിമതീര കനാലിന്റെ വികസനത്തിലൂടെ സംസ്ഥാനത്ത് ദേശീയ ജലപാത പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ദേശീയ ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ എത്ര

പദ്ധതികൾ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കനാലുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പുതിയ കനാലുകൾ നിർമ്മിക്കേണ്ടിവരുന്നത് എവിടെയെല്ലാമാണെന്നും ആയതിന് എത്ര കിലോമീറ്റർ ദൈർഘ്യം വരുമെന്നും വ്യക്തമാക്കുമോ;

(ഡി) ദേശീയ ജലപാതയെ ഉൾനാടൻ ജലഗതാഗത പാതകളുമായി സംയോജിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക ജലഗതാഗതവും ചരക്കുനീക്കവും ടൂറിസം വികസനവും സാധ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) ജലപാത നിർമ്മാണ പ്രവൃത്തി മൂന്ന് ഘട്ടങ്ങളായി വിഭാവനം ചെയ്തിട്ടുള്ളതിൽ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. രണ്ടാംഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ

ഇടങ്ങളിലുള്ള കനാലുകൾ (വടകര-മാഹി കനാലുകൾ ഉൾപ്പെടെ) പൂർണ്ണതോതിൽ വികസിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ പുനർനിർമ്മിക്കുകയും ചെയ്ത്, 2025-ൽ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, മാഹി-വളപട്ടണം, നീലേശ്വരം-ബേക്കൽ എന്നിവിടങ്ങളിൽ പുതിയ കനാലുകൾ നിർമ്മിക്കുന്നതിനുള്ള ഭൂമി രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കും. മൂന്നാംഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ (കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട് ഉൾപ്പെടെ) പൂർത്തീകരിക്കാനും പശ്ചിമതീര കനാലുകളുടെ ടെർമിനൽ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

പ്രവൃത്തിയുടെ പുരോഗതി

കോവളം മുതൽ ബേക്കൽവരെ 616 കി.മീ. ദൈർഘ്യമുള്ള പശ്ചിമതീര ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഗതാഗതയോഗ്യമാണ്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീറ്ററിൽ, ആക്കുളം മുതൽ കൊല്ലം വരെയുള്ള 60.18 കി.മീ. ജലപാത ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി 2024

ഡിസംബറോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കോട്ടപ്പുറം മുതൽ കല്ലായിവരെ 160 കിലോമീറ്റർ ഭാഗം നാഷണൽ വാട്ടർവേ ആയി പ്രഖ്യാപിച്ച് കേന്ദ്രം ഏറ്റെടുത്തിട്ടുള്ളതാണ്. ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാത്തതിനാൽ IWAI-യുടെ വികസന പദ്ധതികൾ ആരംഭിച്ചിട്ടില്ല. എന്നാൽ, കനാലുകളുടെ ആഴംകൂട്ടി ഗതാഗതയോഗ്യമാക്കാനുള്ള പ്രവൃത്തികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നു. വെസ്റ്റ് കോസ്റ്റ് കനാലിൽ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി താഴെപ്പറയുന്നു:

<u>കോവളം – കൊല്ലം</u>

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത, ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ സൗത്ത് വരെയുള്ള (74.18 കി.മീ) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്. കോവളം മുതൽ കായംകുളം വരെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്

നടപ്പാക്കിവരുന്ന നിർമ്മാണപ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ, കോവളം മുതൽ വർക്കല വരെ കനാൽ വികസനത്തിന്റെ ഭാഗമായി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനകം 512 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

കോവളം - കൊല്ലം ഭാഗത്ത് നടന്നുവരുന്ന മറ്റ് പ്രവൃത്തികൾ:

1. പനത്തുറ, പുത്തൻപാലം സ്റ്റീൽ പാലങ്ങളുടെ നിർമ്മാണം ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് ആരംഭിക്കും.

2. ടി. എസ്. കനാലിന് കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

3. ചെയിനേജ് 16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 2024 മാർച്ച് അവസാനത്തോടുകൂടി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

4. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം 70% പൂർത്തീകരിച്ചു.

5. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

6. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെയിനേജ് 46 കി.മീ. മുതൽ 49 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധപ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

7. ചെയിനേജ് 49740 മീ. മുതൽ ചെയിനേജ് 50900 മീ. വരെയും ചെയിനേജ് 50900 മീ. മുതൽ ചെയിനേജ് 52200 മീ. വരെയുമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനപ്രവർത്തനങ്ങൾ ടെണ്ടർ നടപടികളിലാണ്.

8. വർക്കല റാത്തിക്കൽ ജുമാമസ്ജിദിന് സമീപമുള്ള പാർശ്വഭിത്തി നിർമ്മാണപ്രവൃത്തി 70% പൂർത്തീകരിച്ചു. ടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണപ്രവൃത്തി 63% പൂർത്തീകരിച്ചു. താഴെവെട്ടൂർ മസ്ജിദിന് സമീപമുള്ള പാർശ്വഭിത്തി നിർമ്മാണം 75% പൂർത്തീകരിച്ചു.

9. പരവൂർ മൂതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

10. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസനപ്രവൃത്തികൾ 50% പൂർത്തീകരിച്ചു.

11. കല്ലുപാലം പണി പൂർത്തീകരിച്ചു.

12. കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി - വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഗ്രഹാനന്ദപുരം, ചേരിക്കടവ്, തോല്വകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം 75% പൂർത്തീകരിച്ചു.

ടൂറിസം വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പ്രവൃത്തികളായ കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം പൂർത്തീകരിക്കുകയും പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം 71.7%-വും പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം 78 ശതമനവും മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം 28 ശതമനവും പൂർത്തീകരിച്ചിട്ടുണ്ട്.

13. ഇരവിപുരത്ത് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്ക് സമീപം കാരുണ്യതീരം മുതൽ ഇരവിപുരം പാലം [റീച്ച്-2, (ചെയിനേജ് 330 മീ. -

680 മീ.)] വരെയുള്ള കൊല്ലംതോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി 42% പൂർത്തീകരിച്ചു.

14. കൊല്ലംതോടിന്റെ [റീച്ച് - 6, (ചെയിനേജ് 73.1 മുതൽ 73.50 കി.മീ. വരെ)] വലതുകരയുടെ സംരക്ഷണ പ്രവൃത്തി - 50% പൂർത്തീകരിച്ചു.

കൊല്ലം-കോട്ടപ്പുറം

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3 (NW-3)-ൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഗതാഗതയോഗ്യമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് IWAI-യുടെ ഡെപ്പോസിറ്റ് ഫണ്ടുപയോഗിച്ച് ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് നടത്തിവരുന്നു.

കോട്ടപ്പുറം - ചാവക്കാട്

തൃശ്ശൂർ-കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴംകൂട്ടി ഗതാഗതയോഗ്യമാക്കി. തൃപ്രയാർ, കണ്ടശ്ശൻ കടവ്, എനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ ഭരണാനുമതി നൽകി. ചേറ്റുവ-ചാവക്കാട് ഭാഗത്ത് ആഴം

കൂട്ടുന്നതിനായി 1 കോടി രൂപ അനുവദിച്ചു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള പ്രവൃത്തികൾക്ക് 2.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ മറ്റ് 15 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചശേഷം ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡി (IDRB)-ലേയ്ക്ക് നൽകിയിട്ടുണ്ട്.

<u>ചേറ്റുവ - കല്ലായി</u>

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് ദേശീയ ജലപാത-3 (NW-3)-ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണപ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. 2024 ആഗസ്റ്റോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD—RIDF—Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ-കം-ലോക്കിന്റെ പര്യവേക്ഷണപ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3 (328 കി.മീ.) കഴിഞ്ഞുവരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുവേണ്ടി സർവ്വേ, മണ്ണ് പരിശോധന, മറ്റ് വിവരശേഖരണങ്ങൾ തുടങ്ങിയ നടപടികൾ കൺസൾട്ടന്റ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

ഇരഞ്ഞിക്കൽ - വടകര

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു. പെരുന്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പര്യവേക്ഷണപ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വടകര - മാഹി

ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണപ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി പാലത്തിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചു. കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു. റീച്ച്-1- പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി ടെൻഡറിംഗ് ഘട്ടത്തിലാണ്. റീച്ച്-2 - പൂർത്തീകരിച്ചു. റീച്ച്-3 - 50% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേക്ഷണപ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. റീച്ച്-4 - കനാൽ

എസ്കവേഷൻ പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്. റീച്ച്-5 - പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണപ്രവൃത്തി പുരോഗമിക്കുകയാണ്.

മാഹി - വളപട്ടണം

കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് – പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

രണ്ടാം കട്ട് – സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

നീലേശ്വരം - ബേക്കൽ

കോവളം-ബേക്കൽ ജലപാതയിൽ കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ 22 കി. മീ. ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ജലപാതയുടെ

പ്രവർത്തനങ്ങൾക്കായി സർക്കാർ രൂപീകരിച്ച KWIL എന്ന SPV മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കൃത്രിമക്കനാൽ നിർമ്മിച്ച് ജലപാത വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അലൈൻമെന്റ് തീരുമാനിച്ചശേഷം കനാലിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് വാട്ടർ ബാലൻസ് സ്റ്റഡി & മോഡൽ സ്റ്റഡി പൂർത്തിയാക്കി. നമ്പ്യാർക്കലിൽ ഡൈവേർഷൻ കനാലിനായി 3.23 ഏക്കർ ഭൂമിയും നീലേശ്വരം ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമക്കനാലിനായി 105.90 ഏക്കറും സ്ഥലം ഏറ്റെടുക്കുന്നതിനായി KIIFB-യിൽനിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി LA തഹസിൽദാരെ ചുമതലപ്പെടുത്തുകയും ബെല്ല ഒഴികെയുള്ള വില്ലേജുകളിൽ 6(1) വിജ്ഞാപനം നടത്തുകയും ചെയ്തു. കൂടാതെ ഇരുപുഴകളിലും നിലവിലുള്ള ഉയരം കുറഞ്ഞ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കി വരുന്നു. ഡിസൈൻ ലഭ്യമായ കോട്ടക്കടവ് അരയി സ്റ്റീൽ ഫൂട് ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) ജലപാത വികസനപദ്ധതിയിൽ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് നടപ്പാക്കുന്നത്. കിഫ്ബി ധനസഹായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

നം.	പദ്ധതി	അനുവദിച്ച തുക (കോടി രൂപ)	ജില്ല
1	പശ്ചിമ തീര കനാൽ വികസനം-പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണ പ്രവൃത്തി	150.00 തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്	തിരുവനന്തപുരം
2	പശ്ചിമ തീര കനാൽ വികസനം - മാഹി - വളപട്ടണം സ്ട്രെച്ചിന്റെ വികസനം- പുനരധിവാസ പ്രവൃത്തികളും ഭൂമിയേറ്റെടുക്കലും	650.00 തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്	കണ്ണൂർ
3	പശ്ചിമ തീര കനാൽ വികസനം - വെസ്റ്റ് കോസ്റ്റ് കനാൽ - പുനരധിവാസ പാക്കേജ്	247.20 വർക്കല, കഠിനംകുളം എന്നീ ഭാഗങ്ങളിലായി 516 കുടുംബങ്ങൾക്ക് പാക്കേജ് തുക അനുവദിച്ചു. പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് 936 കുടുംബങ്ങൾക്ക് പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.	തിരുവനന്തപുരം
4	പാർവ്വതീ പുത്തനാറിന്റെ വികസനം - കോവളം -	127.74 ഭൂമി ഏറ്റെടുക്കൽ നടപടികൾ	തിരുവനന്തപുരം

	ആക്കുളം സ്കെച്ചിലെ ഭൂമിയേറ്റെടുക്കൽ	പുരോഗമിക്കുന്നു.	
5	പശ്ചിമ തീര കനാൽ വികസനം - നീലേശ്വരം - ബേക്കൽ ഭൂമി ഏറ്റെടുക്കൽ	178.15 കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്	കാസർഗോഡ്
6	കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്	1118.00 തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്	കോഴിക്കോട്
7	ട്രാൻസിറ്റ് ഓറിയന്റഡ് ഡവലപ്മെന്റ് & അസസ്മെന്റ് ഓഫ് എക്കണോമിക് ഡവലപ്മെന്റ് ഓപ്പർച്യൂണിറ്റീസ് - പഠനം.	300.00 തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്	തിരുവനന്തപുരം
8	അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാത നിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ് സ്കേപ്പിംഗ് - ഒന്നാം ഘട്ട പ്രവൃത്തികൾ	24.98 ടെണ്ടർ ഘട്ടത്തിലാണ്.	തിരുവനന്തപുരം

(സി) ദേശീയജലപാതയെ തെക്ക്-വടക്ക് ബന്ധിപ്പിക്കാൻ കണ്ണൂർ ജില്ലയിൽ മാഹി-വളപട്ടണം റീച്ചിൽ മൂന്ന് ഭാഗങ്ങളിലായി 26 കി.മീറ്ററും കാസർഗോഡ് ജില്ലയിൽ നീലേശ്വരം പുഴയ്ക്കും ചിത്താരി പുഴയ്ക്കും ഇടയിൽ 7.5 കി.മീറ്ററും പുതിയ കനാൽ നിർമ്മിക്കേണ്ടതുണ്ട്.

(ഡി) കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളേയും പുഴകളേയും ബന്ധിപ്പിച്ച് കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിലാണ് വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന ജലപാത. ഇതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയും 288 കി.മീ. ദൈർഘ്യത്തിൽ സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ (328 കി.മീ.) ഉൾനാടൻ ജലപാത അതോറ്റി ഓഫ് ഇന്ത്യ (IWAI)-യുടെ അധീനതയിലുള്ള ദേശീയ ജലപാത (NW-3)-യുമാണ്. നിലവിലുള്ള പാതകൾ ദേശീയനിലവാരത്തിൽ വികസിപ്പിക്കുന്നതിനൊപ്പം ലിങ്ക് കനാലുകളും ഫീഡർ കനാലുകളും ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതിന് വിവിധ ജില്ലകളിലായി ലിങ്ക് കനാലുകളും ഫീഡർകനാലുകളുമായി 1100 കി.മീ. വരുന്ന കനാൽശൃംഖല വികസിപ്പിക്കുന്നതിനും ചരക്ക് ഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ കനാലുകളും ലിങ്ക് കനാലുകളും പഠനത്തിലൂടെ കണ്ടെത്തി

മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണതോതിൽ വികസിപ്പിക്കുന്നതോടുകൂടി ടൂറിസത്തിനും പ്രാദേശിക ജലഗതാഗതത്തിനും ചരക്ക് നീക്കത്തിനും കൂടുതൽ ഉത്തേജനം ലഭിക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധീരമായ ഇടപെടലിന്റെ ഭാഗമായി ദേശീയ ജലപാത 3-ന്റെ പ്രവർത്തന പുരോഗതി അതിശക്തമായി മുന്നോട്ടുപോകുകയാണ്. ചവറ മണ്ഡലത്തിലെ കോവിൽത്തോട്ടം പ്രദേശത്ത് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള ഇടപെടലിന്റെ ഫലമായി ഏതാണ്ട് 10 വർഷക്കാലമായി മുടങ്ങിക്കിടന്ന മൈനിംഗ് ഏരിയയിലെ തൊഴിൽത്തർക്കവും അവിടത്തെ പാലത്തിന്റെ ഡിസൈനടക്കമുള്ള തർക്കങ്ങളും പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിച്ചു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും ഇടപെടൽ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. ഏതാണ്ട് 750-ഓളം കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ലഭിക്കുന്ന രീതിയിൽ ഈ പ്രവൃത്തിയെ വിജയിപ്പിച്ചതിന് ചവറയിലെയും കോവിൽത്തോട്ടം പ്രദേശവാസികളുടെയുമെല്ലാം

ഹൃദയത്തിൽനിന്നുള്ള നന്ദി അറിയിക്കാൻ ഈ വേള ഉപയോഗപ്പെടുത്തുകയാണ്. പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പ്രത്യേക പാക്കേജ് നൽകിക്കൊണ്ട് മാറ്റിപ്പാർപ്പിക്കാൻ താൽപ്പര്യപ്പെടുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു പ്രത്യേക പാക്കേജുതന്നെയാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്. കനാൽ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇൻലാൻഡ് നാവിഗേഷൻ വകുപ്പും KWIL-ഉം ഫിഷറീസ് വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും സംയുക്ത സ്ഥലപരിശോധന നടത്തി പാക്കേജിന്റെ മാനദണ്ഡപ്രകാരം അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കും. അർഹത സംബന്ധിച്ച് സംശയമുള്ള കേസുകൾ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അദ്ധ്യക്ഷനായുള്ള പ്രാദേശിക സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കും. അർഹത സംബന്ധിച്ച് പരിശോധിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്ന

മുറയ്ക്ക് KWIL അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യും. ഇതാണ് ഏറ്റെടുക്കുന്ന നടപടിക്രമം. അത് ഭംഗിയായി നടന്നുപോകുകയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, ദേശീയ ജലപാത-3 വികസിക്കുന്നതോടുകൂടി ടൂറിസത്തിന് മികച്ച സാധ്യതയാണുള്ളത്. ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പാക്കേജുകളും പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ദേശീയ ജലപാത-3 വികസിക്കുന്നതോടുകൂടി ഏറ്റവും കൂടുതൽ വികസന സാധ്യത ലഭ്യമാകുന്നത് ടൂറിസം മേഖലയ്ക്കാണ്. 616 കിലോമീറ്റർ ദൈർഘ്യമുള്ള കനാലിനെ ആകെ 13 റീച്ചുകളായി വിഭജിച്ച് ഓരോ റീച്ചിന്റെയും സാമ്പത്തിക വികസന സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി പ്രസ്തുത സ്ഥലങ്ങളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കും. അതിന് Transit Oriented Development and Assessment of Economic Development Opportunities എന്നപേരിൽ ഒരു പഠന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കനാലിന്റെ കരകളിൽ

സ്ഥാപിക്കപ്പെടുന്ന പദ്ധതികളാണ് ഇവർ നിർദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ അതുമൂലമുള്ള സാമ്പത്തിക വികസനവും തൊഴിൽ മേഖലകളുടെ വിപുലീകരണവും വിലയിരുത്താൻ സാധിക്കും. പി.പി.പി. മോഡൽ വികസനത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ അതിനുള്ള പശ്ചാത്തല വികസനം നിർദ്ദേശിക്കും. ഇതൊക്കെയാണ് EDO പഠന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഞാൻ സൂചിപ്പിച്ച 13 റീച്ചുകളിൽ 6 എണ്ണത്തിന്റെ പഠനം ഇതിനകം പൂർത്തിയായിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ ആവേശത്തോടുകൂടിയാണ് ഈ പാതയെ ജനങ്ങൾ കാണുന്നത്. കനാൽ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും അത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? 10-50 വർഷമായി കനാലിൽ അടിഞ്ഞുകിടക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുക എന്നത് വലിയൊരു പ്രശ്നമായി നിലനിൽക്കുകയാണ്. അടിഞ്ഞുകിടക്കുന്ന മാലിന്യം

നിർമ്മാർജ്ജനം ചെയ്ത് കനാലിന്റെ വീതിയും ആഴവും കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കനാലിന്റെ പാർശ്വങ്ങളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിൽ നല്ല പുരോഗതി ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. കനാലിൽനിന്ന് വാരിയെടുക്കുന്ന മാലിന്യം നിക്ഷേപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ നേരത്തെ ചില പ്രശ്നങ്ങൾ നിലവിലുണ്ടായിരുന്നു. അത് പരിഹരിക്കാനുള്ള ഗൗരവമായ ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിലും നല്ല പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവപോലെ കേരളത്തിന്റെ അഭിമാന പദ്ധതിയാണ് കോവളം മുതൽ ബേക്കൽ വരെയുള്ള ദേശീയ ജലപാത. ബേക്കൽ ചിത്താരിയിലാണ് ഇപ്പോൾ ജലപാത അവസാനിക്കുന്നത്. അവിടെ നാവിഗേഷൻ ലോക്കോടെ ഒരു ചെക്ക്ഡാം നിർമ്മിക്കുന്നുണ്ട്.

ചെക്ക്ഡാമിന്റെ പടിഞ്ഞാറ് 100 മീറ്റർ മാറി കെ.എസ്.ഡി.പി. റോഡും പാലവും തൊട്ടടുത്ത് റെയിൽപ്പാലവും ഉള്ളതിനാൽ വലിയ ബോട്ടുകൾക്ക് അങ്ങോട്ട് കടന്നുപോകാൻ സാധിക്കില്ല. 4 കിലോമീറ്റർ നീളത്തിൽ ചെറുബോട്ടുകൾക്ക് സഞ്ചരിക്കാൻ പറ്റാവുന്ന ഒരു മിനി കനാൽ നിർമ്മിച്ചാൽ ടൂറിസത്തിന് സാധ്യതയുള്ള ബേക്കലിലേയ്ക്ക് അത് എത്തിച്ചേരും. യഥാർത്ഥ ബേക്കലിലെത്തണമെങ്കിൽ 4 കിലോമീറ്റർകൂടി വേണം. അത് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആദ്യം ബേക്കൽ വരെയുള്ള പദ്ധതിയുടെ പൂർത്തീകരണത്തിനാണ് പ്രാധാന്യം നൽകേണ്ടത്. അതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയുടെ ചില ഭാഗങ്ങളിലും പുതിയ കനാലുകൾ വരേണ്ടതുണ്ട്. അതിന് പ്രാമുഖ്യം നൽകി, അവ പൂർത്തിയാകുന്ന മുറയ്ക്ക് ബഹുമാന്യനായ അംഗം സൂചിപ്പിച്ച കാര്യങ്ങൾ ആ ഘട്ടത്തിൽ ആലോചിക്കാം.

ശ്രീ. ടി. ഐ. മധുസൂധനൻ: സർ, പിണറായി സർക്കാരിന്റെ പ്രയോറിറ്റി പദ്ധതികളിൽ പ്രധാനപ്പെട്ടതാണ് ദേശീയ ജലപാത പദ്ധതി. കോഴിക്കോട് നഗരത്തിൽ കനോലി കനാൽ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കനാൽ സിറ്റി പദ്ധതി തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അതോടൊപ്പം കണ്ണൂർ ജില്ലയിൽ 25 കിലോമീറ്റർ വരുന്ന ജലപാതയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുകൂടി വിശദീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കനോലി കനാൽ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ആണ്. M/s. LEA Associates South Asia Ltd. എന്ന സ്ഥാപനത്തെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ദേശീയ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലുൾപ്പെടെ കൃത്രിമ

ജലപാത നിർമ്മിക്കാനുള്ള പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. ഇത് കണ്ണൂരിലെ വലിയൊരു വിഭാഗം ജനങ്ങളിൽ അതീവ ഉത്കണ്ഠ ജനിപ്പിച്ചിരിക്കുകയാണ്. കൃത്രിമ ജലപാത ജനവാസ കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്നത് പാരിസ്ഥിതികവും സാമ്പത്തികവുമായ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കും. ദേശീയ ജലപാതയുമായി കൃത്രിമ ജലപാതയെ ബന്ധിപ്പിക്കുമ്പോൾ ഉപ്പുവെള്ളം കുടിവെള്ള സ്രോതസ്സുകളെപ്പോലും ബാധിക്കുമെന്നത് നാം ഗൗരവമായി കാണേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ കൃത്രിമ ജലപാതാ പദ്ധതിയെക്കുറിച്ചുള്ള വിശദമായ പാരിസ്ഥിതിക പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച തരത്തിലുള്ള ഒരു ആശങ്കയും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതില്ല. കാരണം, ഈ പദ്ധതി പൂർത്തിയാകുന്നതോടെ നമ്മുടെ നാടിന്റെ ഏറ്റവും വലിയൊരു പദ്ധതിയാണ് യാഥാർത്ഥ്യമാകുന്നത്. ഇപ്പോൾത്തന്നെ നല്ലൊരു ഭാഗം കനാലുകളാണ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചെറിയ ഭാഗങ്ങൾ മാത്രമാണ് നമുക്ക്

അത്യാവശ്യമായി പൂർത്തിയാക്കാനുള്ളത്. നൂറ്റാണ്ടുകൾ മുമ്പ് അന്നത്തെ ഭരണകാലത്ത് നടപ്പാക്കപ്പെട്ടതായ മറ്റ് കനാലുകളുമായി ഇത് പൂർണ്ണമായി യോജിപ്പിച്ചാൽ കേരളം അത്ഭുതകരമായ ഒരു ഭൂപടത്തിലേയ്ക്ക്, ലോക ഭൂപടത്തിലേയ്ക്ക് എത്തിച്ചേരും. കേരളം God's Own Country എന്ന നിലയ്ക്ക് എല്ലാവരുടെയും ആകർഷണ കേന്ദ്രമാണ്. അത്തരമൊരു നാട്ടിൽ വന്നാൽ ഈ 616 കി.മീ. ദൂരം ബോട്ടിൽ സഞ്ചരിക്കാൻ കഴിയുകയെന്നത് ആളുകളിൽ വലിയ ത്വരയുണ്ടാക്കും. അതോടൊപ്പംതന്നെ ഇതിന്റെ ഭാഗമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജലഗതാഗത സൗകര്യമാണ് വരുന്നത്. റോഡിലെ വലിയ തോതിലുള്ള തിരക്കുകൾ ഇതിലൂടെ ഒഴിവാക്കാൻ കഴിയും. അതിനുപുറമേ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതിന്റെ പാർശ്വങ്ങളിൽ ധാരാളം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ വിവിധ പദ്ധതികളിലൂടെ ഉണ്ടാകും. അതത് പ്രദേശത്തുള്ളവരുടെ ധാരാളം പരിപാടികൾ അവിടെ നടക്കും; അത് കലാപരിപാടിയാകാം, ഭക്ഷണം കൊടുക്കലാകാം, കൂടിച്ചേരുന്നതിനുള്ള മറ്റ് സൗകര്യങ്ങളുമാകാം. ഇതെല്ലാം ടൂറിസ്റ്റുകൾക്ക് പുതിയ അനുഭവമാണ് ഉണ്ടാക്കുന്നത്. നമ്മുടെ നാടിന്റെ

മുന്നോട്ടുപോക്കിന് പ്രധാനപ്പെട്ട ഒന്നാണിത്. സ്ഥലമെടുക്കുന്നതിന്റെ ഭാഗമായി ചില പ്രശ്നങ്ങൾ സ്വാഭാവികമായി നാട്ടുകാർക്കുണ്ടാകുമെന്നത് ശരിയാണ്. നമ്മൾ എല്ലാവരും ഒന്നിച്ചുനിന്ന് ആ പ്രശ്നങ്ങൾ പരിഹരിച്ചുപോകാനാണ് ശ്രമിക്കേണ്ടത്. ആരെയും ബുദ്ധിമുട്ടിക്കാതെ തൃപ്തികരമായ പാക്കേജ് ഇതിന്റെ ഭാഗമായി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ആന്റണി രാജു: സർ, കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ പോകുന്ന സുപ്രധാന പദ്ധതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഭാവനം ചെയ്ത 616 കി.മീ. ദൈർഘ്യമുള്ള കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെയുള്ള കോവളം-ബേക്കൽ ജലപാത. ടൂറിസം, ഗതാഗതം, വ്യവസായ - തൊഴിൽ മേഖലകളിൽ വലിയ കുതിപ്പാണ് ഈ ജലപാത യാഥാർത്ഥ്യമായാൽ ഉണ്ടാകാൻ പോകുന്നത്. എന്റെ ചോദ്യം, ആദ്യം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടിയ റീച്ചുകളിൽ പിന്നീട് ചെളിയും മണ്ണും വീണ്ടും അടിയുന്നതുകാരണം ആഴം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, അതിന് സ്ഥിരമായ സംവിധാനമുണ്ടാകും. അത്തരം പ്രദേശങ്ങളിൽ അത് പരിഹരിച്ചുപോകുന്നതിനുള്ള നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഈ പദ്ധതികൾ ഇതേ രീതിയിൽത്തന്നെ നടപ്പാക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ദേശീയ ജലപാത പദ്ധതി പിണറായി ഗവൺമെന്റ് കൊണ്ടുവന്നതാണെന്നാണ് ശ്രീ. ആന്റണി രാജു സൂചിപ്പിച്ചത്. അദ്ദേഹം മന്ത്രിയായിരുന്ന ഒരു വ്യക്തിയല്ലേ? എത്രയോ ഗവൺമെന്റുകൾ, എത്രയോ വർഷങ്ങളായി ഈ ജലപാതയുമായി മുന്നോട്ടുപോയിട്ടുണ്ട്. കൊല്ലം മുതൽ ആലപ്പുഴവരെയുള്ള ജലഗതാഗതമാർഗ്ഗം സുഗമമാക്കാൻ ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യാണ്. അവിടെയുള്ള മുഴുവൻ ചീനവലകൾ മാറ്റാനും മത്സ്യത്തൊഴിലാളികൾക്ക് കോമ്പൻസേഷൻ കൊടുക്കാനും അദ്ദേഹം മുന്നോട്ടുവന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രമങ്ങളെ ഞങ്ങളാരും ഇകഴ്ത്തുന്നില്ല. പക്ഷേ, വസ്തുതകൾ

വസ്തുതകളാകണമല്ലോ. ഇവിടെ ഒരു പ്രശ്നമുള്ളത്, കായംകുളം കായലിലൂടെ കടന്നുപോകുന്ന ഈ ജലപാതയിൽ നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നത്. ഇത് സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം പരാമർശിച്ചത് ഗൗരവമായ പ്രശ്നമാണ്. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ പദ്ധതിയുടെ നടത്തിപ്പിലും നിർമ്മാണത്തിലും ഏതെങ്കിലും തരത്തിലുള്ള കാലതാമസമുണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിച്ചുപോകേണ്ടത് അനിവാര്യമാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച തരത്തിലുള്ള എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി പ്രത്യേക ശ്രദ്ധയോടെ ഇടപെടുന്നതാണ്. ഇപ്പോൾ കാലതാമസം വരുന്നയിടത്ത് അത് കൃത്യമായി പരിശോധിച്ച് റിവ്യൂ ചെയ്ത് ഇടപെടുപോകുന്ന നില സ്വീകരിക്കുന്നുണ്ട്. ഏതായാലും അദ്ദേഹത്തിന്റെ സമീപനത്തെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ വികസന നേട്ടങ്ങൾ

3 (*153) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയർ ചികിത്സിച്ച് ദരിദ്രരാകുന്നുവെന്നും ഈ ഗുരുതര സാഹചര്യം ഒഴിവാക്കാൻ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സമഗ്രമായി വികസിപ്പിക്കണമെന്നും 2015-ൽ ആസൂത്രണ ബോർഡിന്റെ ആരോഗ്യ മേഖലാ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2016 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വികസന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ആർദ്രം കർമ്മപദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യതലം മുതൽ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഒരു ബൃഹത് കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാം ഘട്ടമായി 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും മൂന്നാം ഘട്ടമായി 212 സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുക്കുകയുണ്ടായി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ

കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുമ്പോൾ ഒട്ടനേകം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. കുടുംബത്തിന്റെ ആരോഗ്യകേന്ദ്രം എന്നുള്ളതാണ് ആശയം. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. സൗകര്യവും ഒപ്പം സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷയും നൽകിവരുന്നു. Preventive, Promotive, Curative, Paliative, Rehabilitative services എന്നിവ നൽകിവരുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് ബോധവത്ക്കരണം, രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, പ്രാണീജന്യരോഗ പ്രതിരോധ പ്രവർത്തനങ്ങൾ (Vector study & Control), മറ്റ് പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള (screening for diseases) കുടുംബാസൂത്രണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും NCD ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പുമുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ് റൂം, കൗൺസിലിംഗ് സംവിധാനം, ഫാർമസി ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കിവരുന്നു. ഒപ്പം ടി സ്ഥാപനങ്ങളിൽ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങളിലായി 1830 അധിക തസ്തികകൾ സൃഷ്ടിച്ചു. 172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ

ആരംഭിച്ചു. ഗർഭിണികൾക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ആഴ്ചയിലൊരിക്കൽ ആന്റിനേറ്റൽ ക്ലിനിക്കുകളും എല്ലാ ബുധനാഴ്ചയും കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പും കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വഴി നൽകിവരുന്നു. പഞ്ചായത്തുതലത്തിൽ RBSK (Rashtriya Bal Swasthya Karyakram) പദ്ധതി മുഖേന കുടുംബരോഗ്യ കേന്ദ്രങ്ങളിലും അങ്കണവാടികളിലും സർക്കാർ, എയ്ഡഡ് സ്കൂളുകളിലുമായി കുട്ടികളിലെ 30 ആരോഗ്യ അവസ്ഥകൾക്കുള്ള പരിശോധന നടത്തിവരുന്നു. ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്ന കുഞ്ഞുങ്ങൾക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴിയും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ വഴിയും തുടർചികിത്സകൾ നടത്തിവരുന്നു. മൊബൈൽ യൂണിറ്റുകൾ വഴി ആദിവാസി തീരദേശ മേഖലകളിൽ പ്രത്യേക ക്യാമ്പുകളും കുട്ടികൾക്കായി നടത്തിവരുന്നുണ്ട്. 2016 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ 17 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡെന്റൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എൻ.പി.സി.ബി. (National Program for Control of Blindness) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 414 വിഷൻ സെന്ററുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കേരളത്തിലെ 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമികാരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നവകേരള കർമ്മപദ്ധതി II ആർദ്രം മിഷൻ II-ന്റെ ഭാഗമായി സമൂഹത്തിലെ 30 വയസ്സിനുമുകളിൽ പ്രായമായ എല്ലാവരുടെയും ജീവിത ശൈലീരോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെ (റിസ്ക് ഫാക്ടർ) കുറിച്ചുമുള്ള വിവരശേഖരണ സർവ്വേ ആശാപ്രവർത്തകരിലൂടെ ഇ-ഹെൽത്ത് തയ്യാറാക്കിയ "ശൈലി" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിപ്രകാരം ഒരു കോടി അമ്പത്തിയാറു ലക്ഷം ജനങ്ങളുടെ സർവ്വേ പൂർത്തീകരിക്കുകയുണ്ടായി.

ഇതിൽ രോഗസാധ്യതയുള്ളവരെ തുടർപരിശോധന നടത്തുന്നതിനും രോഗം സ്ഥിരീകരിക്കുന്നവർക്ക് ചികിത്സ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാൻസർ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി, രോഗത്തിന്റെ സാധ്യത റഫർ ചെയ്യപ്പെട്ടവർക്ക് പ്രാഥമികതലത്തിൽത്തന്നെ പരിശോധന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ക്യാൻസർ കെയർ സ്യൂട്ട് എന്ന ആപ്ലിക്കേഷൻ ആരംഭിക്കുകയും രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രാഥമിക ചികിത്സാകേന്ദ്രങ്ങളെയും സ്പെഷ്യാലിറ്റി ക്ലിനിക്കുകളുമായി ബന്ധിപ്പിക്കുന്ന "ക്യാൻസർ ഗ്രിഡ്" എല്ലാ ജില്ലകളിലും ആരംഭിക്കുകയുണ്ടായി. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ "ജനകീയാരോഗ്യ കേന്ദ്രങ്ങളായി" മാറ്റുകയും എല്ലാ കേന്ദ്രങ്ങളിലും ഒരു മിഡിൽ ലെവൽ സർവീസ് പ്രൊവൈഡറുടെ (MLSP) സഹായത്തോടുകൂടി ജീവിതശൈലീരോഗ നിർണ്ണയ പരിപാടി ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ കെട്ടിട നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

പകർച്ചവ്യാധി രോഗനിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2023 മുതൽ Integrated Health Information Platform-IDSP സംവിധാനം നടപ്പിലാക്കി. പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങളും ഇപ്പോൾ ഈ സംവിധാനം മുഖേന റിപ്പോർട്ടിംഗ് ആരംഭിച്ചിട്ടുണ്ട്. എലിപ്പനി പ്രാരംഭ ഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിനുള്ള RT-PCR പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്തെ 6 പബ്ലിക്ക് ഹെൽത്ത് ലാബുകളിലും 3 മെഡിക്കൽ കോളേജുകളിലും 2023 മുതൽ ലഭ്യമാക്കി. National Viral Hepatitis Control Programme (NVHCP) 2021 മുതൽ കേരളത്തിൽ 32 ചികിത്സാ കേന്ദ്രങ്ങൾ, വിവിധ ജില്ലാ/ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലായി നടന്നുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾ, High Risk Groups എന്നിവരിൽ Hepatitis B, Hepatitis C എന്നിവയുടെ രോഗനിർണ്ണയം (Screening and Confirmation), ചികിത്സ ആവശ്യമുള്ളവർക്ക് സൗജന്യ ചികിത്സ, ആരോഗ്യപ്രവർത്തകർക്ക് HBV വാക്സിനേഷൻ എന്നീ സേവനങ്ങൾ നൽകിവരുന്നു. 15-59 വയസ്സ് വരെയുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിളർച്ച ഉണ്ടോ എന്ന് പരിശോധിച്ച് വേണ്ട

ചികിത്സ നൽകുന്നതിനും പൊതുവിൽ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി "വിവകേരള" പദ്ധതി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ജനകീയാരോഗ്യ കേന്ദ്രങ്ങളും വഴി നടപ്പാക്കിവരുന്നു. 37 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ദേശീയ ഗുണനിലവാര അംഗീകാരമുള്ള (NQAS Accredited) കേന്ദ്രങ്ങളാക്കി മാറ്റി. 45 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ പൂർണ്ണമായും “ഇ-ഹെൽത്ത് കേന്ദ്രങ്ങൾ” ആക്കി മാറ്റി. സംസ്ഥാനത്തെ ആദ്യ അർബൻ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എറണാകുളം നഗരത്തിൽ ആരംഭിച്ചു. നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നഗരങ്ങളിലെ ചേരികളിലും മറ്റും അധിവസിക്കുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് സാനിട്ടറി നാപ്കിനുകൾ നാമമാത്ര നിരക്കിൽ നൽകുന്നു. കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ (CLW) പദ്ധതി ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരാൻ നിരവധി തടസ്സങ്ങൾ നേരിടുന്ന ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ് ജെൻഡർ കമ്മ്യൂണിറ്റിക്കും ആരോഗ്യ സംവിധാനത്തിനും ഇടയിലുള്ള

കണ്ണിയായി പ്രവർത്തിക്കുകയെന്നതാണ് കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരുടെ ചുമതലകൾ. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലാതല ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും താലൂക്കാശുപത്രികൾ സ്പെഷ്യാലിറ്റി സൗകര്യങ്ങളുമുള്ള ആശുപത്രികളായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനവും അധികസേവനവും നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 14 ജില്ലാ ആശുപത്രികളിലെ നിർമ്മാണപ്രവൃത്തി പൂർത്തിയായി. തെരഞ്ഞെടുത്ത 43 താലൂക്കാശുപത്രികളിൽ 12 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും 19 സ്ഥാപനങ്ങളിലെ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. 3 സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 886

സ്ഥാപനങ്ങളിൽ 663 സ്ഥാപനങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കി. ബാക്കിയുള്ള 223 സ്ഥാപനങ്ങളിലെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത 152 സ്ഥാപനങ്ങളിൽ 56 സ്ഥാപനങ്ങളിലെ പ്രവൃത്തി പൂർത്തിയാക്കുകയും 35 സ്ഥാപനങ്ങളിലെ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. ബാക്കിയുള്ളവയിൽ 35 സ്ഥാപനങ്ങളുടെ നിർമ്മാണപ്രവൃത്തി ഉടൻ ആരംഭിക്കുന്നതുമാണ്. 25 ആശുപത്രികളിൽ ക്യാൻസർരോഗ നിർണ്ണയത്തിനും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സയ്ക്കും സജ്ജമാക്കിയിട്ടുള്ള വികേന്ദ്രീകൃത ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 10 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുകയും 236-ലധികം സ്ട്രോക്ക് ത്രോമ്പോസിസ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ കാത്ത് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. 105 പ്രധാന ആശുപത്രികളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഹീമോഡയാലിസിസ് യൂണിറ്റുകൾ

പ്രവർത്തനസജ്ജമാണ്. ഈ സർക്കാരിന്റെ പുതുമയാർന്ന പദ്ധതിയായ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ഇപ്പോൾ 14 ജില്ലകളിലും പ്രവർത്തനക്ഷമമാണ്. 16 പ്രധാന ആശുപത്രികളിൽ വയോജന വാർഡുകളും വയോജന ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നതിനൊപ്പം ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിനുമുള്ള എൽഡർലി ഫ്രണ്ട്ലി ഇനിഷ്യേറ്റീവ് നടപ്പിലാക്കിയിട്ടുണ്ട്. പേവിഷബാധമൂലമുള്ള മരണങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങളിലും Wound Washing Facilities സജ്ജമാക്കുന്നതിന് (ആന്റി റാബീസ് ക്ലിനിക്ക്) നടപടികൾ സ്വീകരിച്ചു. ഇതിനായി 2022-23 സാമ്പത്തികവർഷത്തിൽ ടൈബൽ-കോസ്റ്റൽ മേഖലയിലുള്ള 195 സ്ഥാപനങ്ങളിൽ ഒരു ലക്ഷം രൂപ വീതം പ്രത്യേക തുക അനുവദിക്കുകയും നടപ്പിലാക്കുകയും ചെയ്തു. പേവിഷബാധക്കെതിരെയുള്ള വാക്സിൻ (ARV) നിലവിൽ 329 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 211 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, 87 താലൂക്ക് ആശുപത്രികൾ, 35 ജില്ലാതല ആശുപത്രികൾ, 10 മെഡിക്കൽ കോളേജുകൾ, 11 ഇതര ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

പേവിഷബാധക്കെതിരെയുള്ള ഇമ്മ്യൂണോഗ്ലോബുലിൻ (ERIG) നിലവിൽ 9 മെഡിക്കൽ കോളേജുകൾ, 29 ജില്ലാതല ആശുപത്രികൾ, 26 താലൂക്കുതല ആശുപത്രികൾ എന്നിവയിൽ ലഭ്യമാണ്.

ശ്രീ. കെ. കെ രാമചന്ദ്രൻ: സർ, ദേശീയ ആരോഗ്യ ദൗത്യത്തിനായി ഈ സാമ്പത്തികവർഷം കേരളത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം നാളിതുവരെയായിട്ടും അനുവദിച്ചിട്ടില്ല. ഈയൊരു പ്രശ്നം ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാകുന്നില്ലെന്ന ഗുരുതര സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. 2023-24-ലെ കേന്ദ്ര പദ്ധതികളിലെ ഫണ്ടുപോലും നമുക്ക് ലഭിച്ചിട്ടില്ല. 2521.99 കോടി രൂപയുടെ ആർ.ഒ.പി. ഗ്രാന്റിൽ 1376.70 കോടി രൂപ മാത്രമേ ഈ വർഷം ചെലവഴിക്കാൻ അനുമതിയുള്ളൂ. എൻ.എച്ച്.എം. റിസോഴ്സ്, അടിസ്ഥാന സൗകര്യ വികസനം, കൈൻഡ് ഗ്രാന്റ് എന്നീ വിഭാഗങ്ങളിലാണ് തുക അനുവദിക്കുന്നത്. എൻ.എച്ച്.എം. പദ്ധതികൾക്കായി 60:40 എന്ന അനുപാതത്തിൽ കേന്ദ്രസർക്കാർ അനുവദിക്കേണ്ടത് 826.02 കോടി രൂപയും,

സംസ്ഥാനം അനുവദിക്കേണ്ടത് 550.68 കോടി രൂപയുമാണ്. ഇപ്പോൾ സാമ്പത്തികവർഷത്തിന്റെ മൂന്ന് പാദങ്ങൾ പൂർത്തിയായി, നാലാം പാദത്തിലാണ് നാം നിൽക്കുന്നത്. മൂന്നു പാദങ്ങൾ പൂർത്തിയാകുമ്പോൾ 278.4 കോടി രൂപ കേന്ദ്രസർക്കാർ കുടിശ്ശികയായി നൽകാനുണ്ട്. ഈ പ്രതിസന്ധിയിലും സംസ്ഥാന സർക്കാർ അനുവദിക്കേണ്ട 40 ശതമാനം വിഹിതം അനുവദിച്ചുകൊണ്ടാണ് എൻ.എച്ച്.എം.-ൽ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. ഇത് പല മേഖലകളെയും ഗുരുതരമായി ബാധിക്കുന്നുണ്ട്. ഉദാഹരണമായി ഈ സർക്കാരിന്റെ കാലത്ത് ജനങ്ങൾ വലിയ രീതിയിൽ സ്വീകരിച്ച പദ്ധതിയാണ് പെരിറ്റോണിയൽ ഡയാലിസിസ്. കേന്ദ്രസർക്കാർ ഒരു വിഹിതം നൽകാമെന്ന് അറിയിച്ചിരുന്നുവെങ്കിലും ഒരു രൂപപോലും അവർ നൽകുന്ന സാഹചര്യമുണ്ടായിട്ടില്ല. അതിന് അവർ പറയുന്ന ന്യായം കോ-ബ്രാൻഡിംഗ് നടത്തിയില്ല എന്നതാണ്. ആ വാദം വാസ്തവവിരുദ്ധമാണ്, കോ-ബ്രാൻഡിംഗ് നടത്തിയിരുന്നു. സംസ്ഥാനത്ത് ആരോഗ്യകേന്ദ്രങ്ങളുടെ പേരുകൾ (കുടുംബാരോഗ്യകേന്ദ്രം, താലൂക്ക് ആശുപത്രി, ജനകീയ ആരോഗ്യകേന്ദ്രം) നിലനിർത്തിക്കൊണ്ട് കേന്ദ്രം നിർദ്ദേശിക്കുന്ന പേരുകൾകൂടി ചേർത്തുവച്ചെങ്കിലും സംസ്ഥാന സർക്കാരിന് അർഹമായ തുക അനുവദിക്കാത്ത

സാഹചര്യമാണുള്ളത്. സംസ്ഥാനത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളെ അത് വലിയ രീതിയിൽ ബാധിക്കും.

ശ്രീ. കെ. കെ രാമചന്ദ്രൻ: സർ, ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യവകുപ്പ് ദേശീയാടിസ്ഥാനത്തിൽ നേടിയിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണെന്നും, അതൊടൊപ്പം ദേശീയ ഗ്രണനിലവാര പട്ടികയിൽ കേരളത്തിൽനിന്നുള്ള ഏതെല്ലാം ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ടുവെന്നും വിശദമാക്കാമോ? പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു, അവിടെ സൂപ്രണ്ടുൾപ്പെടെയുള്ള തസ്തികകളിൽ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഈ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് ദേശീയതലത്തിൽ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മൂന്നരക്കോടി ജനങ്ങളുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുക (1658 കോടി രൂപ) സൗജന്യ ചികിത്സയ്ക്കുവേണ്ടി ചെലവഴിക്കുന്ന സംസ്ഥാനം കേരളമാണ്. അതിനുള്ള ദേശീയ പുരസ്കാരം കഴിഞ്ഞ മൂന്ന് വർഷമായി തുടർച്ചയായി കേരളത്തിനാണ് ലഭിക്കുന്നത്.

ഭക്ഷ്യസുരക്ഷയിൽ ദേശീയതലത്തിൽ ഒന്നാം റാങ്ക് കേരളത്തിനാണ്. അങ്ങനെ ഒട്ടനേകം തലങ്ങളിൽ കേരളത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് National Quality Assurance Standards (NQAS) അക്രഡിറ്റേഷൻ ലഭിച്ച 172 ആരോഗ്യ സ്ഥാപനങ്ങളാണുള്ളത്. 2021-2023 കാലയളവിൽ 139 സ്ഥാപനങ്ങൾക്ക് പുതിയതായി അക്രഡിറ്റേഷൻ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പുതുക്കാട് താലൂക്കാശുപത്രിയിൽ സൂപ്രണ്ടുൾപ്പെടെയുള്ള തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട വിഷയം എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച് ഡി.പി.സി. കൂടിയിട്ടുണ്ട്, ഈ വരുന്ന ദിവസങ്ങളിൽത്തന്നെ അവിടെ സൂപ്രണ്ടിനെ നിയമിക്കുന്നതിന് സാധിക്കുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, കേരളത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തിവരുന്നത്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാൻ ആരോഗ്യവകുപ്പിന് സാധിക്കുമോ; ഇന്ത്യയിൽ ആദ്യമായി കേരളത്തിലെ ഏതെങ്കിലുമൊരു ആശുപത്രിയെ ഈ കാര്യത്തിനായി തെരഞ്ഞെടുക്കാൻ സാധ്യതയുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ലോകാരോഗ്യ സംഘടന ആഗോളതലത്തിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന കാലികപ്രസക്തമായ ആരോഗ്യ വിഷയമാണിത്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് അഥവാ രോഗത്തിന് കാരണമാകുന്ന, പ്രത്യേകിച്ച് ബാക്ടീരിയകൾ മരുന്നുകളോട് പ്രതിരോധം തീർക്കുന്ന അവസ്ഥ ആഗോള ആരോഗ്യ ഭീഷണിയാണ്. ലോകാരോഗ്യസംഘടനയുടെ കണക്കുകൾ പ്രകാരം 2050 ആകുമ്പോഴേയ്ക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്മൂലം മരണമടയും. ഇത് ഗുരുതരമായൊരു പ്രശ്നമാണ്. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപീകരിച്ചതുൾപ്പെടെ ഇതുമായി ബന്ധപ്പെട്ട് ആഗോള തലത്തിൽ കൃത്യമായും ശാസ്ത്രീയമായും പദ്ധതികളാവിഷ്കരിച്ച് മുന്നോട്ട് പോകുന്ന സംസ്ഥാനമാണ് കേരളം. ബ്ലോക്ക് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ആരോഗ്യപ്രവർത്തകരേയും പങ്കാളികളാക്കിക്കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ എന്നൊരു ആശയംകൂടി കേരളം മുന്നോട്ടുവച്ചു. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനുള്ള പത്ത് മാർഗ്ഗനിർദ്ദേശങ്ങൾ

അടിസ്ഥാനമാക്കിയുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി തരംതിരിക്കുന്നു. അതോടൊപ്പംതന്നെ പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് മൂന്ന് മാസത്തിലൊരിക്കലെങ്കിലും നടത്തുകയും വിലയിരുത്തുകയും ചെയ്യണം. സംസ്ഥാനത്തെ രണ്ട് ആരോഗ്യകേന്ദ്രങ്ങളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി പ്രഖ്യാപിച്ചു. 2023 നവംബറിൽ രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി കക്കോടി കുടുംബാരോഗ്യ കേന്ദ്രത്തെ പ്രഖ്യാപിച്ചു. ഈ വർഷം സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യകേന്ദ്രങ്ങളും ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് ആവിഷ്കരിക്കുന്നത്. പ്രാഥമിക തലത്തിലുള്ള ആശുപത്രികൾക്കുള്ള മാർഗ്ഗരേഖ സംസ്ഥാന സർക്കാർ നേരത്തെ പുറത്തിറക്കിയിരുന്നു. ഇതുകൂടാതെ ദ്വിതീയ-ത്രിതീയ തലത്തിലുള്ള താലൂക്ക് തലംമുതൽ മെഡിക്കൽകോളേജുകൾവരെയുള്ള ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുന്നതിനുള്ള മാർഗ്ഗരേഖയും പുതുതായി പുറത്തിറക്കി. ഈ നടപടികൾ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ ഓപ്പറേഷൻ അമൃത് (AMRITH- Antimicrobial Resistance Intervention For Total Health) എന്ന പേരിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധനകൾ ആരംഭിച്ചു. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന ഫാർമസിക്കും മെഡിക്കൽ സ്റ്റോറുകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കും. സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാൻ ആരോഗ്യവകുപ്പിന് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന വകുപ്പിനേയും മന്ത്രിയേയും സർക്കാരിനേയും ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്തെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങളിൽ ജനങ്ങൾക്കനുകൂലമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുക?

ശ്രീമതി വീണാ ജോർജ്: സർ, സംസ്ഥാനത്തെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയ പങ്കാളിത്തത്തോടെ ജനകീയാരോഗ്യകേന്ദ്രങ്ങളായി മാറ്റുകയെന്നത് ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ കൈക്കൊണ്ട ഏറ്റവും

പ്രധാന തീരുമാനങ്ങളിലൊന്നാണ്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അയ്യായിരത്തിലധികം സബ് സെന്ററുകൾ തെരഞ്ഞെടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവയെ ജനകീയാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുവേണ്ടിയുള്ള ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ജനകീയാരോഗ്യകേന്ദ്രങ്ങളിൽ മൂന്ന് ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാകും. സബ് സെന്ററുകൾ മുമ്പ് ആഴ്ചയിലൊരിക്കലോ രണ്ടാഴ്ചയിലൊരിക്കലോ ആണ് തുറന്ന് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ പ്രവർത്തിദിവസങ്ങളിലെല്ലാംതന്നെ ആരോഗ്യപ്രവർത്തകർ അവിടെ ഉണ്ടായിരിക്കും. കൂടാതെ ഇവിടെ പതിനാലോളം ടെസ്റ്റുകൾ നടത്താനും സാധിക്കും. ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകളുൾപ്പെടെ വൈറ്റമിൻ ടാബ്ലെറ്റുകളും ഇവിടെ നിന്നും നൽകുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങളിൽനിന്നും ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകളും തുടർച്ചയായി കഴിക്കേണ്ട മരുന്നുകളും ലഭ്യമാകും. പൊതുജനാരോഗ്യപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഒരു വേദികൂടിയാണിത്. ചെറിയ രീതിയിൽ വ്യായാമം ചെയ്യുന്നതിനുള്ള ഓപ്പൺ ജിമ്മുകൾ, ഗർഭിണികൾക്ക് ഒന്നിച്ചിരുന്ന് വ്യായാമം ചെയ്യുന്നതിനും യോഗ

ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ, വയോജനങ്ങൾക്ക് ഒരുമിച്ചു കൂടുന്നതിനുള്ള സൗകര്യം എന്നിവ ജനകീയാരോഗ്യകേന്ദ്രങ്ങളുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ വളരെ മനോഹരമായി സജ്ജമാക്കിയിട്ടുണ്ട്. പൊതുജനാരോഗ്യമേഖലയിലെ മികച്ച ഇടപെടലായിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ രോഗനിയന്ത്രണത്തിനും ബോധവത്കരണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; അർബുദരോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അർബുദരോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവന ചെയ്യുന്നതെന്ന് വിശദമാക്കാമോ; സി.എച്ച്.സി.കളുടെ നവീകരണവും സ്റ്റാഫ് പാറ്റേൺ പുതുക്കലും ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടി 'സി' പിരിവിൽ ഉൾപ്പെട്ടതിനാൽ ആവർത്തിക്കുന്നില്ല. വാർഷികാരോഗ്യ പരിശോധന നടത്തുന്നതിന് ലക്ഷ്യമാക്കിയ ജനസംഖ്യ 1,70,00,000 ആണ്. 'ശൈലീ ആപ്' രൂപീകരിച്ച് 30 വയസിന് മുകളിൽ പ്രായമുള്ള 1,70,00,000 ആളുകളെ വാർഷികാരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ആരോഗ്യ കേന്ദ്രങ്ങളുടെയും ആശുപത്രികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനത്തോടൊപ്പം രോഗനിർമ്മാർജ്ജനവും ജീവിതശൈലീ രോഗങ്ങളുൾപ്പെടെയുള്ളവയുടെ പ്രതിരോധവും ക്യാൻസർ നിയന്ത്രണവുമാണ് നവകേരള കർമ്മപദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യവർഷത്തെ വാർഷികാരോഗ്യ പരിശോധന നടത്തിയത് സംബന്ധിച്ചുള്ള ഇന്നലെവരെയുള്ള കണക്കനുസരിച്ച് 1,53,00,000 ആളുകളെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ പുതിയതായി 7,08,965 (30%) ആളുകൾക്ക്

രക്താതിസമ്മർദ്ദമുള്ളതായി കണ്ടെത്താൻ കഴിഞ്ഞു. അതുപോലെതന്നെ 61,647 (2.6%) ആളുകൾക്ക് പുതിയതായി പ്രമേഹ രോഗമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലുള്ള വാർഷികാരോഗ്യ പരിശോധന ഇപ്പോൾ ആരംഭിക്കുകയാണ്, രണ്ടാംഘട്ട സർവ്വേയുടെ ഭാഗമായി കൂടുതൽ രോഗങ്ങൾ സ്ക്രീൻ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനുള്ള ചോദ്യാവലിയിൽ കുഷ്ഠരോഗം, മാനസിക രോഗം, കാഴ്ച/കേൾവി പ്രശ്നങ്ങൾ, വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ മുതലായവ കണ്ടെത്തുന്നതിനുള്ള ചോദ്യങ്ങൾകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫെബ്രുവരി മാസം 15-ാം തീയതിയോടുകൂടി രണ്ടാംഘട്ട സർവ്വേ ആരംഭിക്കും. റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവകൂടാതെ 25 ആശുപത്രികളിൽ ക്യാൻസർരോഗ ചികിത്സ നൽകുന്നതിനായി കീമോ തെറാപ്പി സംവിധാനം വികേന്ദ്രീകരിച്ചതിനാൽ ഏകദേശം ഒന്നര ലക്ഷത്തോളം ആളുകൾ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ എത്തിച്ചേരുകയും കീമോ തെറാപ്പിക്ക് വിധേയമാകുകയും ചെയ്യുന്നുണ്ട്. കൂടാതെ, 'ശൈലീ

ആപ് '-ലൂടെ സ്ക്രീൻ ചെയ്യപ്പെടുന്ന ആളുകൾ ആരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനയ്ക്ക് എത്തുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് ഫോളോഅപ് നടത്തുന്നതിനായുള്ള ക്യാൻസർ സ്യൂട്ടുകൾ എന്നിവകൂടി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, നിലവിലുള്ള കിടക്കകളുടെ അടിസ്ഥാനത്തിലാണ് പൊതുവെ നമ്മുടെ നാട്ടിൽ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാറുള്ളത്. എന്നാൽ മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം വളരെയധികം അസമത്വം ഇക്കാര്യത്തിൽ നിലനിൽക്കുകയാണ്. ജനസംഖ്യാനുപാതികമായി കിടക്കകളില്ലാത്തതാണ് ഇതിനുകാരണം. താലൂക്ക്-ജില്ലാ ആശുപത്രികളുടെ നവീകരണത്തിനും ജനസംഖ്യാനുപാതികമായി ആശുപത്രികളിൽ കിടക്കകൾ അനുവദിക്കുന്നതിനും ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി നിർദ്ദേശം നൽകുമോ?

ശ്രീമതി വീണാ ജോർജ്: സർ, മലപ്പുറം ജില്ലയിലെ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികൾ സന്ദർശിച്ചവേളയിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ മണ്ഡലമായ പെരിന്തൽമണ്ണയിലും

സന്ദർശനം നടത്തിയിരുന്നു. പല ആരോഗ്യ കേന്ദ്രങ്ങളും പഴയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ബോർഡ് മാറ്റി താലൂക്കാശുപത്രി എന്നാക്കി മാറ്റുകയാണ്. സംസ്ഥാനത്തെ താലൂക്ക് ആശുപത്രിതലം മുതൽ സ്പെഷ്യാലിറ്റി ചികിത്സകൾ ലഭ്യമാക്കണമെന്നാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പുതിയൊരു കെട്ടിടം നിർമ്മിക്കുന്നുണ്ട്. ആശുപത്രികളുടെ ആവശ്യങ്ങൾക്കനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. താലൂക്ക് ആശുപത്രി സന്ദർശനവേളയിൽ പൊതുസമൂഹത്തിന്റെ മികച്ച പിന്തുണ ലഭ്യമായിട്ടുണ്ട്. അവരുടെ സഹായംകൂടി ഇക്കാര്യത്തിലുണ്ടാകുമെന്ന ഉറപ്പുലഭിച്ചിട്ടുണ്ട്. ഡയാലിസിസ് സംവിധാനം നിലവിലില്ലാത്ത എല്ലാ ആശുപത്രികളിലും ഈ വർഷം പ്രസ്തുത സംവിധാനം ക്രമീകരിക്കാൻ സാധിക്കുന്നതാണ്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഒരു ദിവസം 3000-4000 ആളുകളാണ് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ചികിത്സ തേടുന്നത്. മെഡിക്കൽ കോളേജിന് സമാനമായ സാഹചര്യമാണ് അവിടെയുള്ളത്. അത്തരം ആശുപത്രികളിൽ

പുതുതായി കൂടുതൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ശ്രമിക്കുന്നത്. ആശുപത്രികളുടെ വികസനത്തിനായി KIIFB പദ്ധതിയിലൂടെ എണ്ണായിരം കോടി രൂപയിലധികം തുക വിതരണം ചെയ്തിട്ടുണ്ട്, വർഷങ്ങൾക്കുമുൻപ് ഇത്തരത്തിൽ ചിന്തിക്കാൻകൂടി കഴിയുമായിരുന്നില്ല. അത്യാധുനിക രീതിയിലുള്ള ഒ.പി/ഐ.പി. സംവിധാനങ്ങളാണ് ആശുപത്രികളിൽ സജ്ജമാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പെരിന്തൽമണ്ണ ആശുപത്രിയിലും അതിനുതക്ക സൗകര്യങ്ങളുണ്ട്. അവ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിനുള്ള ഇടപെടൽകൂടി പ്രാദേശികമായി നടത്തേണ്ടതുണ്ട്.

കുടുംബശ്രീ ശാക്തീകരണ ക്യാമ്പെയ്ൻ

4 (*154) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി യു പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ത്രിതല സംഘടനാ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് സ്ത്രീ ശാക്തീകരണ ക്യാമ്പെയ്ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന തിരികെ സ്കൂളിൽ എന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പെയ്ൻ മുഖേന അയൽക്കൂട്ട ശൃംഖലയിൽ ഇതുവരെ എത്രപേരെ ചേർക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; അറിയിക്കുമോ;

(സി) പ്രസ്തുത ക്യാമ്പെയ്നെത്തുടർന്ന് കുടുംബശ്രീ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കുടുംബശ്രീ നിലവിൽ നടത്തിവരുന്ന പദ്ധതികൾ കാലാനുസൃതമായി നവീകരിക്കുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികളെ പുനരാവിഷ്കരിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) 25 വർഷംകൊണ്ട് സംസ്ഥാനത്ത് ദാരിദ്ര്യനിർമ്മാർജ്ജന യജ്ഞമായി ആരംഭിച്ച പദ്ധതിയിൽനിന്നും വളർന്ന്

സാമൂഹ്യപുരോഗതിക്കുള്ള നിരവധി പദ്ധതികളിൽ സജീവ പങ്കാളിത്തമായി കുടുംബശ്രീ മാറിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെല്പ് ഡെസ്കുകൾ, SHE STARTS സംരംഭ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സമുന്നതി പദ്ധതി, ആദിവാസിമേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ, ഹോം ഷോപ് പദ്ധതി, എസ്. വി. ഇ. പി. (Startup Village Enterpreneurship Programme), റേഡിയോശ്രീ, വിശപ്പുരഹിത കേരളത്തിനായുള്ള ജനകീയ ഹോട്ടൽ പദ്ധതി, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പെയ്ൻ, കിബ്സ് (Kudumbashree Initiative for Business Solution-KIBS), കേരള ചിക്കൻ, ശുചിത്വ മിഷൻ ആരംഭിച്ച ടേക്ക് എ ബ്രേക്ക്, മാലിന്യമുക്ത കേരളം എന്നിവയിലെ പ്രധാന പങ്ക് കുടുംബശ്രീയെ കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഏറ്റവും സജീവവും സക്രിയവുമായി ഇടപെടുന്ന പ്രസ്ഥാനമാക്കി മാറ്റിയിട്ടുണ്ട്. കാൽ നൂറ്റാണ്ടുകാലത്തെ അഭിമാനകരമായ വളർച്ചക്കിടയിലും കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ചില ദുർബലതകൾ കണ്ടെത്തിയിരുന്നു. അവ പരിഹരിച്ച് കുടുംബശ്രീ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും

കാര്യക്ഷമമാക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി 2023 ഒക്ടോബർ 1 മുതൽ ഡിസംബർ 10 വരെ നടപ്പിലാക്കിയ ബൃഹത് പരിശീലന പരിപാടിയാണ് 'തിരികെ സ്കൂളിൽ' ക്യാമ്പെയ്ൻ. മുഴുവൻ കുടുംബശ്രീ അംഗങ്ങളും ഒഴിവുദിവസം സ്കൂളിൽ എത്തിച്ചേർന്ന്, 50 പേരുടെ ഗ്രൂപ്പുകളായി തിരിഞ്ഞ് ക്ലാസ് റൂമിൽ ഇരുന്നുകൊണ്ട് 5 വിഷയങ്ങളെ ആസ്പദമാക്കി പഠിക്കുന്ന പഠനപ്രക്രിയാണ് 'തിരികെ സ്കൂളിൽ'. പഠനത്തോടൊപ്പം മാനസികോല്ലാസം സാധ്യമാകുന്ന രീതിയിലാണ് പഠന പ്രക്രിയ വിഭാവന ചെയ്തത്. പ്രസ്തുത ക്യാമ്പെയിന് ഏറ്റവും കൂടുതൽ വനിതകൾ പങ്കെടുത്ത പരിശീലനത്തിനുള്ള ഏഷ്യ ബുക്ക്സ് ഓഫ് റെക്കോർഡ്സ്, ഇന്ത്യ ബുക്ക്സ് ഓഫ് റെക്കോർഡ്സ് എന്നീ രണ്ട് റിക്കാർഡുകൾ കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 'ബാക്ക് ടു സ്കൂൾ' പരിശീലന പരിപാടിയിൽ 311,758 അയൽക്കൂട്ടങ്ങളിൽ നിന്നും 38,70,794 പേർ പങ്കെടുത്തു. പ്രസ്തുത പരിശീലനം നിലവിലുള്ള അംഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. അയൽക്കൂട്ടങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നില്ല.

(സി) വിജയകരമായി പൂർത്തീകരിച്ച 'തിരികെ സ്കൂളിൽ' എന്ന പദ്ധതിയിൽനിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഒരു വർഷംകൊണ്ട് 3 ലക്ഷം സ്ത്രീകൾക്ക് ഉപജീവനം ഉറപ്പുവരുത്തി, അവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2024-25 സാമ്പത്തിക വർഷം K-LIFT (Kudumbashree Livelihood Initiative for Transformation) എന്ന പേരിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക ഉപജീവന ക്യാമ്പെയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടുകൾ, വിവിധ വായ്പ പദ്ധതികൾ ഉൾപ്പെടെ ഏകദേശം 430 കോടി രൂപയുടെ ഉപജീവന പരിപാടികളാണ് ഈ ക്യാമ്പെയിൻ വഴി ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത ക്യാമ്പെയിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 6-ന് നിർവ്വഹിക്കപ്പെട്ടു.

(ഡി) ഈ വർഷംതന്നെ 3 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനം ഉറപ്പുവരുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക ഉപജീവന പരിപാടിയായ K-LIFT നടപ്പിലാക്കും. നിലവിലുള്ള

പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും നിരവധി പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ത്രീ സ്റ്റാർ ഹോട്ടലിനെ വെല്ലുന്ന രീതിയിൽ മുഴുവൻ ജില്ലകളിലും പ്രീമിയം കഫെ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തി വൈജ്ഞാനിക തൊഴിൽ സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൃഷി-മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തും. അയൽക്കൂട്ടങ്ങളെ കൾച്ചറൽ റിക്രിയേഷൻ സെന്ററാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ദാരിദ്ര്യനിർമ്മാർജ്ജന യജ്ഞമായി ആരംഭിച്ച പദ്ധതിയിൽനിന്നും വളർന്ന് സാമൂഹ്യപുരോഗതിക്കുള്ള നിരവധി പദ്ധതികളിൽ നിലവിൽ സജീവ പങ്കാളിത്തമായി കുടുംബശ്രീ മാറിക്കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെല്പ് ഡെസ്കുകൾ, SHE STARTS സംരംഭ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സമുന്നതി പദ്ധതി, ആദിവാസിമേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ, ഹോം ഷോപ് പദ്ധതി, എസ്. വി. ഇ. പി, റേഡിയോശ്രീ, വിശപ്പുരഹിത കേരളത്തിനായുള്ള

ജനകീയ ഹോട്ടൽ പദ്ധതി, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പയിൻ, കിബ്സ്, കേരള ചിക്കൻ, ശുചിത്വ മിഷൻ ആരംഭിച്ച ടേക്ക് എ ബ്രേക്ക്, മാലിന്യ മുക്ത കേരളം എന്നിവ അവയിൽ പ്രധാന പങ്ക് വഹിക്കുന്നു. കുടുംബശ്രീയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഭാവി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിതലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിലെ സ്ത്രീശാക്തീകരണം ലക്ഷ്യംവച്ചുകൊണ്ട് ലോകത്തിനുതന്നെ മാതൃകയായ കുടുംബശ്രീ പ്രസ്ഥാനം കഴിഞ്ഞ 25 വർഷമായി അഭിമാനകരമായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റിൽ കുടുംബശ്രീ വിഹിതമായി 915 കോടി രൂപയും തൊഴിലവസര സൃഷ്ടിക്കായി 430 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ രംഗത്തെ വൈവിധ്യവത്കരിക്കുന്നതിനും കൂടുതൽ മേഖലകളിലേയ്ക്ക്

വ്യാപിപ്പിക്കുന്നതിനുമായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദീകരിക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, 2024 ഫെബ്രുവരി 5-ാം തീയതി അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് K-LIFT(Kudumbashree Livelihood Initiative For Transformation) എന്നൊരു പുതിയ പദ്ധതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. വിജയകരമായി പൂർത്തീകരിച്ച 'തിരികെ സ്കൂളിൽ' എന്ന പദ്ധതിയിൽനിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഒരു വർഷംകൊണ്ട് 3 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവനം ഉറപ്പുവരുത്തി സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുക എന്നതാണ് K-LIFT-ന്റെ പ്രഖ്യാപിത ലക്ഷ്യം. ഫെബ്രുവരി 5-ാം തീയതി പ്രഖ്യാപിച്ച പദ്ധതി തൊട്ടടുത്ത ദിവസംതന്നെ (ഫെബ്രുവരി 6-ാം തീയതി) ലോഞ്ച് ചെയ്യാൻ കഴിഞ്ഞു. 1070 സി.ഡി.എസ്-കൾക്ക് കീഴിലായി 3,16,860 അയൽക്കൂട്ടങ്ങളാണ് നിലവിലുള്ളത്. ഈ അയൽക്കൂട്ടങ്ങളെ ഒരുമിച്ചുചേർത്തുകൊണ്ട് അവയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് K-LIFT. ഇതുകൂടാതെ വൈവിധ്യമാർന്ന

ഒട്ടേറെ പ്രവർത്തനങ്ങൾ കുടുംബശ്രീ ഈ കാലയളവിൽ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അതിൽത്തന്നെ ഏറ്റവും പുതുതായി ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ നേതൃത്വത്തിലുള്ള വെജിറ്റബിൾ കിയോസ്കുകൾ. ആദ്യഘട്ടത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 100 നാച്വേഴ്സ് ഫ്രെഷ് വെജിറ്റബിൾ കിയോസ്കുകളാണ് കേരളത്തിൽ ആരംഭിക്കുന്നത്. 81,034 കൂട്ടുകൃഷി യൂണിറ്റുകളിലായി 3,78,138 വനിതാ കർഷകർ സംസ്ഥാനത്ത് വിവിധ ഇനങ്ങളിലുള്ള പഴം, പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്യുവരുന്നു. 12,819 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ കൃഷി ചെയ്യുവരുന്നുണ്ട്. അവരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അതോടൊപ്പം ജനങ്ങൾക്ക് വിഷരഹിത പച്ചക്കറി, പഴം എന്നിവ ലഭ്യമാക്കാൻ സഹായകരമാകുന്ന പദ്ധതിയാണ് നാച്വേഴ്സ് ഫ്രെഷ് ഔട്ട്ലെറ്റുകൾ; അവ സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമേയാണ് കുടുംബശ്രീ ഉത്പന്നങ്ങളുടെ ബ്രാൻഡിംഗ് നടപ്പാക്കിയിട്ടുള്ളത്. കറിപൗഡർ മേഖലയിൽ വ്യത്യസ്ത യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ഏകീകൃത ഗുണനിലവാരം ഉറപ്പാക്കി 'കുടുംബശ്രീ' എന്നപേരിൽത്തന്നെ ബ്രാൻഡ് ചെയ്ത്

പുറത്തിറക്കുന്നുണ്ട്. ആദ്യമായി കണ്ണൂർ ജില്ലയിലാണ് ഈ പദ്ധതി ആരംഭിച്ചത്, ഇപ്പോൾ മലപ്പുറം, തൃശ്ശൂർ ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ ഉത്പന്നങ്ങൾ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും Open Network for Digital Commerce (ONDC)-ലും ലഭ്യമാണെന്ന കാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ 74,124 പേർക്ക് നൈപുണ്യ പരിശീലനം നടത്തിയതിൽ 52,880 പേർക്ക് പ്ലേസ്മെന്റ് ലഭ്യമായി എന്നകാര്യവും സന്തോഷത്തോടുകൂടി അറിയിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

10.00 am]

II. <u>ഗവർണറുടെ സന്ദേശം</u>

<u>മി. സ്പീക്കർ</u>: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I thank the Fifteenth Kerala Legislative Assembly for the Motion of Thanks adopted on 31st January, 2024 by its Tenth Session on my address to the Assembly on 25th January, 2024."

III. അടിയന്തരപ്രമേയം

വന്യജീവി ആക്രമണം

മി. സ്പീക്കർ: വയനാട് ചാലിഗദ്ദയിൽ നാട്ടിലിറങ്ങിയ കാട്ടാന ട്രാക്ടർ ഡ്രൈവറായ അജീഷിനെ ചവിട്ടിക്കൊന്ന സംഭവം വനയോര മേഖലയിലെ ജനങ്ങളിൽ അരക്ഷിതാവസ്ഥയും ആശങ്കയും ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ൪ൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയംതന്നെയാണ്. എന്നാൽ

ഈ ഘട്ടത്തിൽ പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യുന്നത് ഉണകരമല്ല എന്ന നിലപാടാണ് സർക്കാരിനുള്ളത്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യം സംസാരിക്കാൻ ബഹുമാനപ്പെട്ട അംഗത്തിനും അവസരമുണ്ട്. നിങ്ങൾ പറയുന്നത് ക്ഷമയോടുകൂടി കേൾക്കാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷെ, ആ ക്ഷമ പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. വനം വകുപ്പ് മാത്രമല്ല, എല്ലാ വകുപ്പുകളും നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാവർക്കും അറിയാവുന്നതുപോലെ വനം വകുപ്പുമന്ത്രിയുടെ ഭരണഘടനാപരമായ/ നിയമപരമായ ചുമതല വന സംരക്ഷണവും വന്യജീവി സംരക്ഷണവുമാണ്. പക്ഷെ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ബാധ്യതയും ഗവൺമെന്റിനുണ്ട്. ഈ രണ്ട് കാര്യങ്ങളുടെയും ഇടയിൽനിന്നുകൊണ്ടാണ് വനം വകുപ്പും അതിലെ ജീവനക്കാരും

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് ദയവായി മനസ്സിലാക്കണം. കർണ്ണാടക വനത്തിൽനിന്നും കടന്നുവന്ന ആനയാണ് മാനന്തവാടിക്കടുത്ത് ഒരു ചെറുപ്പക്കാരനെ വീട്ടുമുറ്റത്തുവച്ച് ചവിട്ടിക്കൊന്നത്. ആ കുടുംബത്തിന്റെ ദുഃഖത്തിൽ സഭയും പങ്കുചേരുകയാണ്. ഇത്തരം സംഭവങ്ങൾ ടെയ്സ് ചെയ്യാൻ സാങ്കേതികമായ ചില ബുദ്ധിമുട്ടുകളുണ്ടായി എന്ന കാര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. കർണ്ണാടക സംസ്ഥാനത്തുനിന്നും കഴിഞ്ഞ മാസം 30-ാം തീയതി മയക്കുവെടിവച്ച് പിടിച്ച് റേഡിയോകോളർ ഘടിപ്പിച്ച ആനയാണ് ജനവാസകേന്ദ്രത്തിലെത്തിയത്. ഈ ആന ഒരു ചെറുപ്പക്കാരന്റെ ദാരുണമരണത്തിന് കാരണക്കാരനാകുകയും ചെയ്തു. റേഡിയോകോളർ സംവിധാനത്തിലൂടെ ആനയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാനുള്ള സാധ്യതയുണ്ടായപ്പോൾ മുൻകരുതലെടുക്കാൻ എന്തുകൊണ്ട് കഴിഞ്ഞില്ല എന്നതാണ് ആ ഘട്ടത്തിൽ ഉയർന്നുവന്ന ഒരു പ്രധാന ആക്ഷേപം. മറ്റൊരു സംസ്ഥാനത്തെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ഒരു പരാമർശം ഈ ഘട്ടത്തിൽ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മൂന്നുമണിക്കൂർ ഗ്യാപ്പിൽ മാത്രമാണ് ആനയെക്കുറിച്ചുള്ള സിഗ്നൽ ലഭിച്ചുകൊണ്ടിരുന്നത്. അതൊരു

വീഴ്ചയായിത്തന്നെ നമ്മൾ കണക്കാക്കുകയാണ്. പക്ഷെ, അതിന്റെ പേരിൽ ഒരു ഗവൺമെന്റിനെയോ/സംസ്ഥാനത്തെയോ കുറ്റപ്പെടുത്തി സംസാരിക്കുന്നത് ഉചിതമല്ലെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ വൈകിയാണ് വിവരങ്ങൾ ലഭിച്ചുകൊണ്ടിരുന്നതെങ്കിലും രാവിലെ ആറുമണി മുതൽ ഉദ്യോഗസ്ഥർ അവിടെ എത്തുകയും ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം കൂടുതൽ അപകടങ്ങളുണ്ടാകാതെ ശ്രദ്ധിക്കാനും കഴിഞ്ഞിട്ടുണ്ട്. വനം വകുപ്പിലെ ഉദ്യോഗസ്ഥർതന്നെയാണ് അപകടത്തിൽപ്പെട്ട ഈ ചെറുപ്പക്കാരനെ ആശുപത്രിയിലെത്തിച്ചത്. അക്രമകാരിയായ ആനയെ വെടിവയ്ക്കണമെന്നതായിരുന്നു പിന്നീട് അവിടെനിന്നും ഉയർന്നുവന്ന ആവശ്യം. ആ ആവശ്യം സംബന്ധിച്ച് കൽപ്പറ്റ എം.എൽ.എ.-യും മാനന്തവാടി എം.എൽ.എ.-യും ഞാനുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നുവെന്നത് അവർക്ക് രണ്ടുപേർക്കും അറിയാവുന്നതാണ്. ഇന്നലെ അഞ്ചര മണി മുതൽ പുൽപ്പള്ളി സ്റ്റേഷനിൽനിന്നും നൂറ്റമ്പതോളം വനം വകുപ്പ് ജീവനക്കാർ പങ്കെടുത്തുകൊണ്ടുള്ള ഓപ്പറേഷനാണ്

നടന്നുവന്നത്. നാല് വെറ്ററിനറി ഡോക്ടർമാരും മൂന്ന് ഡി.എഫ്.ഒ.-മാരും ചേർന്നുള്ള ഒരു ടീമാണ് ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സിഗ്നൽ ലഭിക്കുന്നതിനുള്ള കാലതാമസം വന്നതുകൊണ്ട് കോയമ്പത്തൂരിൽനിന്നും വാങ്ങിയ ആന്റിന ഉപയോഗിച്ചാണ് ഇപ്പോൾ ലൊക്കേഷൻ കണ്ടെത്തുന്നത്. ദൗർഭാഗ്യവശാൽ ഈ ദാരുണ സംഭവത്തിനുശേഷമാണ് കർണ്ണാടകത്തിൽനിന്നുള്ള കണക്ഷൻ ലഭ്യമായത്. ഇതിനോടൊപ്പംതന്നെ നിരവധി കാര്യങ്ങൾ അടിയന്തരമായി അവിടെ നടപ്പാക്കേണ്ടതുണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് മേധാവിയും അവിടത്തെ ഉദ്യോഗസ്ഥരുംകൂടി ഇന്നലെ രാവിലെ വനം വകുപ്പ് ആ സ്ഥാനത്ത് യോഗം ചേർന്നു. നിലവിലുള്ള സാഹചര്യം പരിശോധിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ഭാവിയിലുണ്ടാകാതിരിക്കാനും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിൽ ഇന്റർസ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി രണ്ട് ദിവസത്തിനകം യോഗംചേർന്ന് ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വയനാട്

ജില്ലയിൽ മൂന്ന് ഫോറസ്റ്റ് ഡിവിഷനുകളാണുള്ളത്. പലപ്പോഴും ഇവർ തമ്മിലുള്ള കോ-ഓർഡിനേഷൻ നമ്മുടെ പ്രവത്തനങ്ങൾക്ക് സഹായകരമായി മാറുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പോലീസ് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി കൺട്രോൾ റൂം ആരംഭിച്ചു. അതിന്റെ പ്രവർത്തനം ഇന്നലെ മുതൽ ആരംഭിച്ചിട്ടുണ്ട്. ജില്ലാഭരണകൂടവും പോലീസും ഇക്കാര്യത്തിൽ മികച്ച സഹകരണമാണ് നൽകിക്കൊണ്ടിരിക്കുന്നത്. വയനാട് ജില്ലയ്ക്ക് സ്വന്തമായി ഒരു ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം) മാത്രമേയുള്ളൂ. ഇക്കാര്യം കണക്കിലെടുത്ത്, ഇപ്പോൾ പാസ്ഔട്ടായ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ 170 പേരെ വയനാട് ജില്ലയിൽ നിയമിക്കുകയാണ്. ഇവരെ ഉൾപ്പെടുത്തി രണ്ട് സ്പെഷ്യൽ ആർ.ആർ.ടി.-കൾ രൂപീകരിക്കുന്നതിന് കഴിഞ്ഞ ദിവസം തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയും. മൂന്ന് സംസ്ഥാനങ്ങളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാരടങ്ങുന്ന ഉന്നതതല സമിതിക്ക് രൂപം നൽകാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ അവരുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുകയാണ്.

വരുംദിനങ്ങളിൽ അന്തർസംസ്ഥാന അതിർത്തികളിൽ നിരീക്ഷണം ശക്തിപ്പെടുത്തേണ്ടതുണ്ട്. ആനകളോ മറ്റ് വന്യജീവികളോ ഈ പ്രദേശത്ത് വരാതിരിക്കുന്നതിന് അതിർത്തി മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പംതന്നെ അതിശക്തമായ പട്രോളിംഗും നിരീക്ഷണവും ആവശ്യമാണ്. ഇത്തരത്തിൽ ഗവൺമെന്റിന് സാധ്യമായ എല്ലാ കാര്യങ്ങളും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ക്രമപ്രകാരം ചെയ്യുന്നതായിരിക്കും. വനം വകുപ്പിലെ ജീവനക്കാരും മനുഷ്യരാണെന്നും ജീവൻ പണയം വച്ചാണ് അവർ പ്രവർത്തിക്കുന്നതെന്നുമുള്ള കാര്യംകൂടി ഈ സാഹചര്യത്തിൽ നാം ഓർമ്മിക്കണം. അവരുടെ ആത്മവിശ്വാസത്തെ തകർക്കുന്ന വിധത്തിലുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ അവിടെയുണ്ടായി. ഭാവിയിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജനപ്രതിനിധികൾ കൂടുതൽ ശ്രദ്ധ കാണിക്കുന്നത് ഉചിതമായിരിക്കും. ഈ സർക്കാർ എല്ലാ കാര്യങ്ങളും ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ, വനം വകുപ്പിലെ ജീവനക്കാർക്ക് ആത്മവിശ്വാസം പകരേണ്ട ഈ ഘട്ടത്തിൽ, ചർച്ചകളിലൂടെ അവരുടെ മനോവീര്യം തകർക്കുന്ന നിലപാട്

സ്വീകരിക്കുന്നത് ഉചിതമായിരിക്കില്ലെന്ന് കരുതുന്നതിനാൽ സഭ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ല എന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഏറെ വേദനയോടെയും ദുഃഖത്തോടെയുമാണ് ഈ അടിയന്തരപ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്. ഈ വിഷയം സഭ പല തവണ ചർച്ച ചെയ്തതാണ്. ബഹുമാന്യരായ സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ് തുടങ്ങി മലയോര മേഖലയിലെ എല്ലാ എം.എൽ.എ.-മാരും വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള ഇടപെടലിന് നേതൃത്വം നൽകിയെങ്കിലും ശാസ്ത്രീയമായ പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടായ ഗുരുതര വീഴ്ചയാണ് അജീഷിന്റെ മരണത്തിന് നിദാനം. വയനാട് മാനന്തവാടി പയ്യമ്പള്ളി കുറുക്കൻമൂല ചാലിഗദ്ദയിൽ ഒരു കുടുംബത്തിന്റെ ഏക അത്താണിയായിരുന്ന കൊല്ലപ്പെട്ട അജീഷ്. എൺപത് വയസുള്ള പിതാവും പക്ഷാഘാത ബാധിതയായ മാതാവും ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമാണ് നാൽപ്പത്തിയാറ് വയസുള്ള ഈ ചെറുപ്പക്കാരൻ. ടാക്കർ ഡ്രൈവറായ

അജീഷ് രാവിലെ 7 മണിയോടെ രണ്ട് തൊഴിലാളികളെ അന്വേഷിച്ചാണ് പുറത്തേയ്ക്കിറങ്ങിയത്. ഇതിനിടയിലാണ് കാട്ടാന അവിടെ എത്തിയത്. ആനയെ കണ്ട മാത്രയിൽത്തന്നെ അജീഷ് അടക്കമുള്ളവർ രക്ഷപ്പെടാനായി അടുത്തുള്ള വീട്ടിലേക്ക് ഓടിക്കയറി. ഈ വീട്ടിൽ കുട്ടികളടക്കം നാലുപേരുണ്ടായിരുന്നു. ഇവർ ഓടി രക്ഷപ്പെട്ടെങ്കിലും മതിൽ ചാടിക്കടക്കുന്നതിനിടയിൽ അജീഷ് വീണു. ഈ സമയത്ത് വീടിന്റെ മതിൽതകർത്ത് മുറ്റത്തെത്തിയ ആന അജീഷിനെ ആക്രമിക്കുകയായിരുന്നു. വനസംരക്ഷണവും വന്യജീവി സംരക്ഷണവുമാണ് തന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വന്യജീവികൾക്ക് സംരക്ഷണം കൊടുക്കേണ്ടത് വനത്തിലാണ്, വീട്ടിലും നാട്ടിലുമല്ല എന്ന പരമപ്രധാനമായ ബോധ്യം അങ്ങേയ്ക്കുണ്ടാകണം. അങ്ങയുടെ ഈ സമീപനത്തിലൂടെ ദൗർഭാഗ്യകരമായ സാഹചര്യമാണ് ഉടലെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി മുമ്പും പലതവണ ഈ സമീപനം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.1 ശതമാനം (11309.47 ച.കി.മീ.) വനഭൂമിയാണ്. അൻപത് ലക്ഷത്തോളം വരുന്ന

സാധാരണക്കാരാണ് വന്യജീവി സംഘർഷ മേഖലയിൽ അധിവസിക്കുന്നത്. അന്തസ്സോടുകൂടിയും ഭയമില്ലാതെയും ജീവിക്കുക എന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ജനത്തിന്റെ മൗലികാവകാശമാണ്. ഇത് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സർക്കാരിനാണ്. മലയോര മേഖലയിലെ മനുഷ്യജീവന് പുല്ലുവിലപോലും കൽപ്പിക്കാത്ത ഗുരുതര സാഹചര്യം ഇന്ന് കേരളത്തിൽ രൂപപ്പെട്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ സാമൂഹ്യാന്തരീക്ഷത്തെക്കുറിച്ച് നാം ആലോചിക്കേണ്ടതാണ്. അവിടത്തെ ജനങ്ങളുടെ സാമൂഹ്യ ജീവിതം തകർന്നിരിക്കുകയാണ്. വൈകുന്നേരം ആറ് മണിക്കുശേഷമോ പുലർച്ചെ അഞ്ച് മണിക്കുമുമ്പോ പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണ് അവിടെയുള്ളത്. ഇപ്പോൾ പകൽ സമയങ്ങളിലും പുറത്തിറങ്ങാൻ കഴിയുന്നില്ല. ബത്തേരി, മാനന്തവാടി ടൗണുകളിലാണ് കാട്ടാന ഇറങ്ങിത്. കടുവ ഇറങ്ങിയത് എന്റെ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറത്തറ ടൗണിലാണ്. കടുവ, പുലി, കാട്ടുപോത്ത്, കാട്ടാന തുടങ്ങി എല്ലാ വന്യമൃഗങ്ങളും വിഹരിക്കുന്ന കേന്ദ്രമായി വയനാട് മാറിക്കൊണ്ടിരിക്കുന്ന ഗുരുതര സാഹചര്യമാണ്

നിലവിലുള്ളത്. അവിടെ വന്യജീവി ആക്രമണത്തിൽ ആളുകൾ മരണപ്പെട്ടതിന്റെ വിശദാശംങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. രണ്ട് തൊഴിലാളികളെ അന്വേഷിച്ചുപോയ സന്ദർഭത്തിലാണ് അജീഷ് കൊല്ലപ്പെടുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ മേപ്പാടിയിലെ കുഞ്ഞവറാൻ മരിക്കുന്നത് തോട്ടം തൊഴിലിന് പോകുന്ന സമയത്താണ്. പശ്ചുവിന് പുല്ലരിയാൻ പോയ പ്രജീഷ് എന്ന മുപ്പത്തിയാറ് വയസ്സുള്ള ചെറുപ്പക്കാരനെ കടുവ പിടിക്കുകയും അറുപത് മീറ്റർ അപ്പുറത്തേയ്ക്ക് വലിച്ചുകൊണ്ടുപോയി പച്ചയോടെ ഭക്ഷിക്കുകയും ചെയ്തു. ഇതെല്ലാം സംഭവിക്കുന്നത് പകൽ സമയത്താണ്. അങ്ങ് വയനാടിന്റെ ചുമതലയുള്ള മന്ത്രിയാണ്. അങ്ങ് ഡൽഹിയിലും മറ്റും പോയതിന് ഞങ്ങൾ എതിരല്ല, അതെല്ലാം അങ്ങയുടെ അവകാശമാണ്. കടുവയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട പ്രജീഷിന്റെ വീട്ടിൽ പോകാനോ കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കാനോ അങ്ങേയ്ക്കും അങ്ങയുടെ പ്രതിനിധികൾക്കും സാധിച്ചോ? ശ്രീ. ഐ. സി. ബാലകൃഷ്ണൻ സുൽത്താൻബത്തേരി മേഖലയിലെ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

സൂചിപ്പിച്ചപ്പോൾ അദ്ദേഹത്തെ അധിക്ഷേപിക്കാനാണ് അങ്ങ് താൽപ്പര്യം കാണിച്ചത്. 'ലജ്ജിക്കുന്നു' എന്ന പദപ്രയോഗമുൾപ്പെടെ അങ്ങ് നടത്തുകയുണ്ടായി. ഈ സമീപനം ശരിയാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവമായി ആലോചിക്കണം. കേരളത്തിൽ എട്ട് വർഷംകൊണ്ട് 909 ആളുകളാണ് വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ടതെന്ന് നിയമസഭയിലെ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. പത്ത് വർഷംകൊണ്ട് വയനാട്ടിൽ ജീവൻ നഷ്ടമായത് 54 പേർക്കാണ്. എന്റെ നിയോജകമണ്ഡലമായ കല്പറ്റയിലെ മേപ്പാടി പഞ്ചായത്തിൽ മാത്രം അഞ്ച് പേർ കാട്ടാനയാക്രമണത്തിൽ മരണപ്പെടുന്ന ഗുരുതര സാഹചര്യമുണ്ടായി. എട്ട് വർഷത്തിനിടയിൽ 55,839 ആക്രമണങ്ങളുണ്ടാകുകയും 7492 പേർക്ക് പരിക്കേൽക്കുകയും 68 കോടി 43 ലക്ഷം രൂപയുടെ കൃഷിനാശമുണ്ടാകുകയും ചെയ്തു. വയനാട്ടിൽ രണ്ടാഴ്ചയ്ക്കിടെ കാട്ടാനയാക്രമണത്തിൽ മരണപ്പെടുന്ന രണ്ടാമത്തെ വ്യക്തിയാണ് അജീഷ് എന്ന ഈ ചെറുപ്പക്കാരൻ. അജീഷിന്റെ മരണത്തിന്റെ ഉത്തരവാദിത്വം ആർക്കാണ്? മുത്തങ്ങ വന്യജീവി സങ്കേതത്തിൽ മോഴയാന എത്തിയതായി ജനുവരി അഞ്ചാം തീയതി വിവരം

ലഭിച്ചിരുന്നു. ആധുനിക സംവിധാനങ്ങളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡ്രോണും മറ്റ് എക്വിപ്മെന്റ്സും നമുക്കിന്ന് ലഭ്യമാണ്. നമ്മുടെ ഭൂപ്രദേശത്തേയ്ക്ക് ആന എത്തിയതായി റേഡിയോ കോളറിൽനിന്ന് സിഗ്നൽ ലഭിച്ചാൽ പിന്നീട് അതിനെ പിന്തുടരേണ്ട ഉത്തരവാദിത്വം ആർക്കാണ്; നമുക്കല്ലേ? ആ ദൗത്യം ഇവിടെ നിർവ്വഹിക്കപ്പെട്ടോ? ഇത് മോഴയാനയാണെന്നും അത് നമ്മുടെ ഭൂപ്രദേശത്തേയ്ക്ക് എത്തിയിട്ടുണ്ടെന്നും ഗൗരവകരമായ സാഹചര്യമാണുള്ളതെന്നും ഫെബ്രുവരി 7-ാംതീയതി CCF (Chief Conservator of Forests) പത്രസമ്മേളനത്തിൽ സൂചിപ്പിച്ചിട്ടും ഏത് രീതിയിലുള്ള നടപടിയാണ് സ്വീകരിച്ചത്? റേഡിയോ കോളർ ഘടിപ്പിക്കുന്നതിലൂടെ വന്യമൃഗത്തിന്റെ സഞ്ചാരപഥം മാത്രമല്ല അറിയാൻ സാധിക്കുന്നത്, അവയുടെ സ്വഭാവംകൂടി മനസ്സിലാക്കാനുള്ള മാർഗ്ഗങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്? ആനയെ track ചെയ്തുകഴിഞ്ഞാൽ മനുഷ്യവാസകേന്ദ്രങ്ങളിലേയ്ക്ക് പ്രവേശിക്കാൻ അനുവദിക്കാതെ തുരത്തി കാട്ടിലേയ്ക്ക് അയയ്ക്കണം. സർക്കാർ അതിനുള്ള നടപടികൾക്ക് നേതൃത്വം കൊടുത്തോ? ഒരു നടപടിയും

സ്വീകരിച്ചില്ല. 9-2-2024-ന് ആന നീർവാരത്തും പിന്നീട് പടമല ഭാഗത്തുമെത്തിയെങ്കിലും ഒരു മുന്നറിയിപ്പും നൽകിയില്ല. കാടൻകൊല്ലി മണിമൂടി കോളനിയിലെ അമ്പലത്തിൽ ഉത്സവമായിരുന്നു. അജീഷിന്റെ മരണത്തിൽ ദുഃഖമുണ്ടെങ്കിലും ഞങ്ങൾ വലിയ ആശ്വാസത്തിലാണ്. കാരണം, അമ്പലത്തിൽ ഉത്സവം നടക്കുന്ന സമയത്തെങ്ങാനും ആന വന്നിരുന്നെങ്കിൽ വയനാടിന്റെ അവസ്ഥ എന്താകുമായിരുന്നു? 10-2-2024-ന് പുലർച്ചെ 1.30-ന് ആന ജനവാസ മേഖലയിലേയ്ക്കിറങ്ങിയെന്ന് സർക്കാരിന് വിവരം ലഭിച്ചു. പുലർച്ചെ 6 മണിയോടുകൂടി ആന ചാലിഗദ്ദയിലെത്തി. ഇക്കാര്യത്തിൽ വനം വകുപ്പിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിച്ചോയെന്നത് ഗൗരവത്തോടെ പരിശോധിക്കണം. ഇവിടെ എന്താണ് നടക്കുന്നത്? ഒരു ജീവൻ പൊലിഞ്ഞാൽ ഒരു യോഗം, ആ യോഗം നടത്തിയാൽ കുറേ തീരുമാനം, ആ തീരുമാനം പിന്നെ പാലിക്കപ്പെടാറില്ല. ഇതിന്മേൽ പിന്നീട് യാതൊരു തുടർ നടപടിയുമില്ല. ഇത് തുടർച്ചയായി നടക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യംകൂടി കൊണ്ടുവരാനാഗ്രഹിക്കുന്നു. ഞാൻ

എം.എൽ.എ. ആകുന്നതിനുമുൻപ് എന്റെ നിയോജകമണ്ഡലത്തിൽ 21-5-2016-ന് കാട്ടാനയാക്രമണത്തിൽ മരിച്ച മണിയുടെ മകന് ജോലി കൊടുക്കുമെന്ന് പറഞ്ഞ് അന്നത്തെ എം.എൽ.എ.-യും നേതാക്കളും ഡി.എഫ്.ഒ.-യും (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ) കൊടുത്ത കുറിപ്പാണിത് (പ്രസ്തുത കടലാസ് സഭയിൽ ഉയർത്തിക്കാണിച്ചു). ഞാനും ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. എന്നിട്ട് സർക്കാർ ജോലി നൽകിയോ? അജീഷിന്റെ കുടുംബത്തിനും സർക്കാർ നൽകിയ ഉറപ്പ് അതുപോലെയാകുമോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ സർക്കാരിന് നൽകിയ ചില അധികാരങ്ങളുണ്ട്. Cr.P.C. Section 133 (1)(f), വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 11(1)(a) എന്നിവ പ്രകാരം കളക്ടർക്കോ ചീഫ് വൈൽഡ്ലൈഫ് വാർഡനോ നടപടിയെടുക്കാം. മയക്കുവെടി വയ്ക്കുന്നതിനും കൂട് വയ്ക്കുന്നതിനും രണ്ടുമൂന്ന് ദിവസം കാത്തുനിൽക്കേണ്ടതായിവരും. അപ്പോഴേയ്ക്കും വന്യജീവികൾ കൃഷി

നശിപ്പിക്കുകയും ആളുകളെ ആക്രമിക്കുകയും കൊല്ലുകയും ചെയ്യും. ഇങ്ങനെ പോകാൻ സാധിമോ? ഇത്രയും ഗുരുതരമായ സാഹചര്യം ഒരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. വന്യജീവികൾ പെരുകുകയാണ്. അതിനെതിരെ നടപടിയുണ്ടാകണം. അപകടകാരിയായ മോഴയാന എത്തിയെന്ന വിവരം ലഭിച്ചിട്ടും അതിനെ നിരീക്ഷിക്കുന്നതിനോ തുരത്തുന്നതിനോ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനോ സാധിച്ചില്ല. കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലയാണ് വയനാട്, അവിടെ മുഴുവൻ വനമേഖലയാണ്. അന്തർസംസ്ഥാന സഹകരണം സർക്കാർ നടപ്പാക്കിയിരുന്നെങ്കിൽ ബേലൂർ മഖ്നയെന്ന ഈ മോഴയാനയുടെ ആക്രമണംമൂലം അജീഷ് എന്ന സാധാരണക്കാരൻ മരിക്കില്ലായിരുന്നു. അന്തർ സംസ്ഥാന ഏകോപനത്തിന് നിയമപരമായ ഒരു നടപടിക്കും നേതൃത്വം കൊടുക്കാത്ത ഈ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പുമാണ് അജീഷിന്റെ മരണത്തിൽ ഒന്നാം പ്രതി എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ജനാധിപത്യ കേരളക്കരയിൽ വനത്തോടുചേർന്നുള്ള മേഖലയിലെ മനുഷ്യ-വന്യജീവി

സംഘർഷത്തിൽ ജീവൻ പൊലിക്കേണ്ടിവരുന്ന സാധാരണക്കാരുടെ പ്രശ്നങ്ങൾ സഭ നിർത്തിവച്ച് ഗൗരവതരമായി ചർച്ച ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രസ്തുത സംഭവം നടന്ന സ്ഥലത്തെ എം.എൽ.എ. എന്ന നിലയിൽ ശ്രീ. ഒ. ആർ. കേളു ഒരു കത്ത് നൽകിയിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, എന്റെ മണ്ഡലത്തിലാണ് ഈ ദുഃഖകരമായ സംഭവമുണ്ടായത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. കർണ്ണാടകയിൽനിന്നും റേഡിയോകോളർ ഘടിപ്പിച്ചുവന്ന ആനയാണ് ഇത്തരത്തിലൊരു ആക്രമണം നടത്തിയത്. കാട്ടാനയുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഡി.എഫ്.ഒ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ കാടിനുള്ളിൽത്തന്നെ ക്യാമ്പ് ചെയ്യുകയാണ്. ആന്റിന സംവിധാനവും മോഴയാനയിൽ പിടിപ്പിച്ചിരിക്കുന്ന റേഡിയോ കോളറും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് കർണ്ണാടക ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് യഥാസമയം കൃത്യമായ കമ്മ്യൂണിക്കേഷൻ ലഭിക്കാത്ത

സാങ്കേതികപ്രശ്നങ്ങളുണ്ട്. ഇതിന്റെയൊരു പ്രയാസം നമുക്ക് അനുഭവിക്കേണ്ടതായി വരുന്നുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ വലിയ പ്രതിഷേധമുള്ളതിനാൽ അക്കാര്യങ്ങൾകൂടി നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്. എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്, വന്യമൃഗങ്ങളുടെ വർദ്ധനവും അന്യസംസ്ഥാനങ്ങളിനിന്ന് വന്യമൃഗങ്ങൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നതും ആക്രമണത്തിന്റെ ബാഹുല്യം വർദ്ധിപ്പിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ 2 കോടിരൂപയുടെ ഹാങ്ങിംഗ് ഫെൻസിംഗിന്റെ നിർമ്മാണവും 6 കോടി രൂപയുടെ ഫെൻസിംഗിന്റെ നിർമ്മാണവും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ എലിഫന്റ് ടെഞ്ചും ഏകദേശം പൂർത്തിയായിട്ടുണ്ട്. പക്ഷെ, ഇതൊന്നും ഒരു ശാശ്വത പരിഹാരമല്ല എന്നാണ് കാര്യങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ഇങ്ങനെയൊരു വിഷയം കേരളത്തിൽ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല, വർഷങ്ങളായി തുടർന്നുവരുന്ന സംഭവവികാസമാണ്. ആ ഒരു പശ്ചാത്തലത്തിൽ ആശയപരമായി അങ്ങോട്ടുമിങ്ങോട്ടും കാര്യങ്ങൾ പറയുന്നതിനുപകരം

കാലാനുസൃതമായി ഇത്തരം കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യംകൂടി പരിശോധിക്കണം. ഇത് കേരള ഗവൺമെന്റിൽ മാത്രം നിക്ഷിപ്തമായ കാര്യമല്ല. അതിനാൽ കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചിച്ചുകൊണ്ട് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ജനുവരി 30-ാം തീയതി ഞാൻ ഈ വിഷയം സഭയിൽ അവതരിപ്പിച്ചിരുന്നു. ഇന്നലെ ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. അദ്ദേഹം ഈ വിഷയത്തിൽ ഉന്നതതല യോഗം വിളിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ സഭയിൽ പരസ്പരം പോരടിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ലായെന്നുള്ള കാര്യം എല്ലാവർക്കും ബോധ്യമുള്ളതാണ്. അതുകൊണ്ട് വിദേശ രാജ്യങ്ങളിലൊക്കെ ചെയ്തുവരുന്നതുപോലെ കാലാനുസൃതമായി നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ പൊതുവായ കൂട്ടായ്മ അനിവാര്യമാണെന്നാണ് ബഹുമാനപ്പെട്ട സഭ മുമ്പാകെ എനിക്ക് ബോധിപ്പിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാരും സൂചിപ്പിച്ച വിഷയത്തിന്റെ ഗൗരവം പരിഗണിക്കാതെയല്ല ഞാൻ കാര്യങ്ങൾ ആവർത്തിക്കുന്നത്. ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. ആദ്യംതന്നെ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതിൽ എനിക്ക് അതിയായ പ്രയാസമുണ്ടെന്ന് ഞാൻ അദ്ദേഹത്തെ അറിയിക്കുകയാണ്. വനം വകുപ്പ് പ്രവർത്തിക്കുന്നത് എങ്ങനെയാണെന്ന് പരാമർശിക്കാനാണ് ഞാൻ ആദ്യം ശ്രമിച്ചത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണെന്ന കാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ ആ സന്ദർഭത്തിൽത്തന്നെ സഭയുടെ മുമ്പാകെ അവതരിപ്പിച്ചത് ബാക്കി അംഗങ്ങളെങ്കിലും ഓർത്താൽ നന്നായിരുന്നു. മാനന്തവാടി എം.എൽ.എ. ആ സംഭവമുണ്ടായ നിമിഷംതൊട്ട് അവിടത്തെ ജനങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. അവിടെ പ്രകോപനമുണ്ടാക്കാൻ ശ്രമിച്ചുവെന്ന് ഞാൻ പറയില്ല, അവിടെ പക്വതയോടുകൂടിതന്നെയാണ്

പെരുമാറിയത്. അവിടെ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരത്തുക, ജോലി എന്നീ വിഷയങ്ങളെ സംബന്ധിച്ച തീരുമാനമെടുത്തത്. 2016-ൽ എടുത്ത തീരുമാനം നടപ്പാക്കിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിനുശേഷം അവിടെ നിരവധി ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ആ ദുരന്തങ്ങളിലും പരിഹാരം കാണാനുള്ള ശ്രമം ബഹുമാനപ്പെട്ട അംഗം നടത്തുകയുണ്ടായി. അന്ന് പറഞ്ഞ വാക്കുകളൊക്കെ പാലിച്ചില്ലേ; ജോലി കൊടുത്തില്ലേ; നഷ്ടപരിഹാരത്തുക പറഞ്ഞ ദിവസം എത്തിച്ചില്ലേ? 2016-ലെ സംഭവം ബഹുമാനപ്പെട്ട അംഗം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത് നന്നായി. അങ്ങനെയൊരു വാഗ്ദാനം നൽകിയിട്ടുണ്ടെങ്കിൽ തീർച്ചയായും അത് പാലിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്, അക്കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. പ്രസ്തുത വാഗ്ദാനം പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കും. ഇപ്പോൾ നമ്മൾ ചെയ്തതെന്താണ്? പത്ത് ലക്ഷം രൂപ കൊടുക്കാൻതന്നെയാണ് തീരുമാനിച്ചത്. കൂടുതൽ സംഖ്യ വേണമെന്ന ആവശ്യം സ്വാഭാവികമായും ഉയർന്നുവന്നിട്ടുണ്ട്. കൂടാതെ ജോലി സാധ്യത

പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ എന്തെങ്കിലും സഹായം നൽകാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആ കുടുംബത്തെ ആശ്വസിപ്പിക്കാൻ കഴിയുംവിധത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഒരു പ്രശ്നമുണ്ടാകുമ്പോൾ രണ്ട് തരത്തിൽ പെരുമാറാൻ സാധിക്കും. ഒന്ന്, അവിടെ ഓടിയെത്തി ആ കാര്യങ്ങളിൽ നേതൃത്വം നൽകാൻ ശ്രമിക്കുക എന്നൊരു ഭാഗമുണ്ട്. രണ്ടാമത്തേത്, അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് അതത് സമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നൊരു വശവുമുണ്ട്. ഞാൻ സ്വീകരിച്ചത് രണ്ടാമത്തെ വഴിയാണ്. ഇവ രണ്ടും തെറ്റല്ല, രണ്ടും സ്വീകരിക്കാവുന്നതുതന്നെയാണ്. അതിന് നമുക്കാർക്കും യാതൊരു മടിയും ഇതുവരെ ഉണ്ടായിട്ടില്ല എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. മാനന്തവാടി എം.എൽ.എ. സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുകയും ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്

അവിടെ ഒത്തുതീർപ്പ് നടന്നത്. രാവിലെ മുതൽ അവിടെ നടന്ന കാര്യമെന്താണ്? ജില്ലാ കളക്ടറെ രണ്ടുമൂന്ന് മണിക്കൂർ തടഞ്ഞുവച്ചു. മറ്റ് കാര്യങ്ങൾ നിർവ്വഹിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ് ജില്ലാ പോലീസ് മേധാവി, അദ്ദേഹത്തെയും അവിടെ തടഞ്ഞുവച്ചു. പ്രകോപനം സൃഷ്ടിച്ച് മറ്റൊരു തരത്തിലേയ്ക്ക് പ്രശ്നത്തെ കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടക്കുന്നതായ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് പക്വതയോടുകൂടിയാണ് ഭരണകൂടം പെരുമാറിയതെന്ന വസ്തുത താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങനെയില്ലായിരുന്നെങ്കിൽ മറ്റൊരു തരത്തിലേയ്ക്കാകും കാര്യങ്ങൾ പോകുക. ജില്ലാ കളക്ടറെയും പോലീസിനെയും തടഞ്ഞുവയ്ക്കുമെന്നും മന്ത്രി വന്നാൽ അദ്ദേഹത്തെയും തടഞ്ഞുവയ്ക്കുമെന്നുമുള്ള റിപ്പോർട്ട് ലഭിച്ചതിന്റെകൂടിയടിസ്ഥാനത്തിൽ കൂടുതൽ കരുതലോടുകൂടിയുള്ള ശ്രമമാണ് നടത്തിയത്. അത്തരം എക്സ്ട്രീമായ നിലപാടിലേയ്ക്ക്, ആളുകളെ വികാരപരമായ പശ്ചാത്തലത്തിലെത്തിക്കുന്നത് വയനാടിന് ആത്യന്തികമായി ദോഷം ചെയ്യുമെന്ന കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്.

(....ബഹളം....)

ശ്രീ. ടി. സിദ്ദിഖ്: ....(മൈക്ക് ഓഫ്).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പ്രകോപിതനാകുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവിടെ പ്രതിഷേധിച്ചത് ജനങ്ങളാണെന്ന് അറിയാത്തവരല്ല നമ്മൾ. ഞാൻ ഒരു വസ്തുത സഭയെ അറിയിച്ചതാണ്. അത് അതിന്റെ ഗൗരവത്തിൽ എടുക്കുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങനെ ചെറിയ നീക്കം നടത്തുന്നവരും ആ കൂട്ടത്തിലുണ്ടെന്ന് ദയവായി തിരിച്ചറിയണം. ശക്തമായി, ഉത്തരവാദിത്വബോധത്തോടുകൂടിത്തന്നെയാണ് ഞാനിത് പറയുന്നത്. നമ്മൾ ജനങ്ങളോടൊപ്പം നിൽക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശബ്ദമുയർത്തുകയും ചെയ്യണം. നമ്മളെല്ലാവരും എല്ലാക്കാലത്തും അതിനുവേണ്ട ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളോ അസ്വസ്ഥതയോ ഉണ്ടായിട്ടില്ല. കാരണം, നമ്മളെല്ലാവരും ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. പക്ഷെ, കുറേക്കൂടി ജാഗ്രത പാലിക്കേണ്ട ഘട്ടത്തിലാണ് നമ്മളിപ്പോൾ നിൽക്കുന്നത്. അവിടെ എട്ട് മണി മുതൽ പടോളിംഗ്ഗം പ്രത്യേക ദൗത്യസംഘത്തിന്റെ പ്രവർത്തനവും

നടക്കുന്നുണ്ട്. അവർ നല്ലനിലയിലാണ് പ്രവർത്തിക്കുന്നത്. അവരുടെ പ്രവർത്തനത്തിന് ഇന്നുതന്നെ ഫലപ്രാപ്തിയുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. വാഗ്ദാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു വിട്ടുവീഴ്ചയുമുണ്ടാകില്ല. ഈ സർക്കാർ അജീഷിന്റെ കുടുംബത്തോടൊപ്പമാണ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഇന്നലെ കണ്ണൂരിലെ ഒരു സദസ്സിൽവച്ച് രണ്ട് വിധവകളെ കണ്ടു. കണ്ണീരോടെ, വളരെ വിതുമ്പലോടുകൂടിയാണ് ആ രണ്ട് വിധവകളും അവരുടെ സങ്കടങ്ങൾ എന്നോട് പങ്കുവച്ചത്. രണ്ടുവർഷം മുമ്പ് പേരാവൂരിലെ പെരിങ്കരിയിൽവച്ച് രാവിലെ ഭാര്യയോടൊപ്പം ബൈക്കിൽ പള്ളിയിൽപോയ ജസ്റ്റിൻ

എന്നയാളെ ആന ആക്രമിച്ചുകൊന്നു. ജസ്റ്റിന്റെ ഭാര്യ ശ്രീമതി അൽഫോൺസ അവരുടെ വിഷമവും ജീവിതപ്രയാസങ്ങളും എന്നോട് പങ്കുവയ്ക്കുകയുണ്ടായി. കണ്ണൂർ ആലക്കോട് പാത്തൻപാറയിൽ ആത്മഹത്യ ചെയ്ത കർഷകനായിരുന്ന ജോസിന്റെ ഭാര്യ ലിസിയും നിരവധി കാര്യങ്ങൾ സംസാരിച്ചു. ജോസ് അയ്യായിരം വാഴവച്ചു. ആ വാഴകളെല്ലാം പന്നിക്കൂട്ടം നശിപ്പിച്ചു. അങ്ങനെ വലിയ കടബാധ്യതയായെന്നാണ് ശ്രീമതി ലിസി പറഞ്ഞത്. അവർക്ക് ഒരു രൂപപോലും നഷ്ടപരിഹാരം കൊടുക്കാൻ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. നഷ്ടപരിഹാരം കിട്ടാതെ കടബാധ്യത കാരണം ജോസ് ആത്മഹത്യ ചെയ്യുകയായിരുന്നു. ഇത് നമ്മുടെ വനാതിർത്തിയിലെ സാധാരണ കർഷക സമൂഹത്തിന്റെയിടയിലുള്ള സങ്കടങ്ങളാണ്. അക്രമാസക്തരായ ജനക്കൂട്ടം ജില്ലാ കളക്ടറെയും പോലീസ് മേധാവിയെയും തടഞ്ഞുനിർത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പരാമർശിക്കുകയുണ്ടായി. സെക്രട്ടേറിയറ്റിനുമുമ്പിൽ സമരത്തിന് വരുന്നവരെ കാണുന്ന ലാഘവത്തോടുകൂടി അവിടത്തെ മനുഷ്യരെ കാണരുതെന്നാണ് എന്റെ അഭ്യർത്ഥന. തീരപ്രദേശത്ത് പോകുമ്പോൾ

മത്സ്യത്തൊഴിലാളികൾ വൈകാരികമായി പ്രതികരിക്കാറുണ്ട്. അതിനുകാരണം അവരുടെ പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളാണ്. വനാതിർത്തിയിലെ കർഷകർ അവരുടെ സങ്കടങ്ങളും ദുഃഖങ്ങളും പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളും കാരണം അതിശക്തമായി പ്രതികരിക്കുന്നവരാണ്. നമ്മളും നമ്മുടെ കുടുംബവും ജീവിക്കുന്ന ഒരു പ്രദേശത്ത് ആനയും കടുവയും കാട്ടുമൃഗങ്ങളും ഇറങ്ങുമ്പോഴുള്ള അവസ്ഥ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് സങ്കൽപ്പിച്ചുനോക്കൂ, കുഞ്ഞുങ്ങൾക്ക് സ്കൂളിൽ പോകാനോ മുറ്റത്തിറങ്ങാനോ വീട്ടുകാർക്ക് പുറത്തിറങ്ങാനോ കടയിൽ പോകാനോ കഴിയുമോ? വനാതിർത്തിയിൽ ജീവിക്കുന്നവർ കൃഷി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. അവർക്ക് റബ്ബർ ടാപ്പ് ചെയ്യാനോ, പൂല്ലുവെട്ടാനോ, പാൽ വിൽക്കാൻ പോകാനോ സാധിക്കുകയില്ല. വയനാട്ടിലെ മാത്രമല്ല വനാതിർത്തിയിലെ മുഴുവൻ ജനസമൂഹവും ഭീതിയിലാണ്. എല്ലാക്കാലത്തും ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നു എന്നത് യാഥാർത്ഥ്യമാണ്. ആനയും കാട്ടുപോത്തും കുരങ്ങും പന്നിയും കടുവയുമെല്ലാം ഇറങ്ങുന്നു. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ മണ്ഡലത്തിൽ അഞ്ച്

കടുവകളുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. ഒരു നിയോജകമണ്ഡലത്തിലെ കാര്യമാണ് അദ്ദേഹം സൂചിപ്പിച്ചത്. കടുവ പശുക്കളെയും ആടുകളെയും ആക്രമിക്കുന്നതുപോലെ മനുഷ്യനെയും പച്ചയോടെ ഭക്ഷിക്കുന്നത് നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. മനുഷ്യർ എങ്ങനെ ജീവിക്കും? ജനങ്ങൾ ഭീതിയോടെയാണ് ജീവിക്കുന്നത്. അവരുടെ ഉപജീവനമാർഗ്ഗംപോലും നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. നിങ്ങൾ ഭരിക്കുന്നതുകൊണ്ടാണ്, ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്നതുകൊണ്ടാണ് വനത്തിൽനിന്നും മൃഗങ്ങൾ ഇറങ്ങിയതെന്ന് ഞങ്ങളാരും പറഞ്ഞില്ല. It is the responsibility of the State to protect the life and property of the citizens. അതാണ് ആർട്ടിക്കിൾ 21. ഇവിടെ ശ്രീ. ടി. സിദ്ദിഖ് അത് ഉദ്ധരിക്കുകയുണ്ടായി. It is your responsibility, നിങ്ങളാണ് അതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ച് ചെയ്യേണ്ടത്. അതുതന്നെയാണ് മാനന്തവാടി എം.എൽ.എ. ശ്രീ. ഒ. ആർ. കേളുവും സൂചിപ്പിച്ചത്. നിങ്ങളുടെ നിഷ്ക്രിയത്വത്തെയും നിസംഗതയെയുമാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. നിങ്ങൾ ഒരു കാര്യവും ചെയ്യുന്നില്ല. ഇവിടെ കണക്കുകൾ വളരെ വ്യക്തമല്ലേ;

നഷ്ടപരിഹാരമെങ്കിലും കൃത്യമായി കൊടുക്കുന്നുണ്ടോ? ഏഴായിരത്തോളം പേർക്ക് നഷ്ടപരിഹാരം കൊടുക്കാനുണ്ട്. പരിക്കേറ്റവർക്കും മരിച്ചവരുടെ ബന്ധുക്കൾക്കും കൃഷിക്കാർക്കും നഷ്ടപരിഹാരം കൊടുക്കാനുണ്ട്. വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരികയാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് കാണിക്കുന്നുണ്ട്. ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും ഇതിനെ നേരിടാനുള്ള എന്ത് സംവിധാനമാണ് വകുപ്പ്/സർക്കാർ സ്വീകരിച്ചത്? 2024-25-ലെ ബഡ്ജറ്റിൽ ഖണ്ഡിക 123-ൽ Man-Animal conflict mitigation measures-ൽ 48.85 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. നിങ്ങൾക്ക് എന്ത് പോളിസി മേക്കിംഗാണുള്ളത്? മനുഷ്യനെ കടുവയും ആനയും കൊല്ലുന്ന കാലത്ത് Man-Animal conflict mitigation പ്രോജക്ടിനുവേണ്ടി 48.85 കോടി രൂപ മാത്രമാണ് നിങ്ങൾ മാറ്റിവച്ചിരിക്കുന്നത്. അതാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. നിങ്ങൾക്കൊരു പരിപാടിയോ പ്രോജക്ടോ നടപടിക്രമങ്ങളോ ഇല്ല. എന്നിട്ട് കർണ്ണാടകത്തിൽനിന്ന് സിഗ്നൽ കിട്ടിയില്ലെന്ന് പറയുകയാണ്. ജനുവരി 30-ാം തീയതിയാണ് ആന ഇറങ്ങിയതെന്ന ഒരു factual mistake കൂടി

ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ചു. അതിനുമുമ്പ് ജനുവരി 5-ാം തീയതിതന്നെ ആന ഇറങ്ങിയിട്ടുണ്ടായിരുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ജനുവരി 30-ന് കർണ്ണാടക വനം വകുപ്പ് പിടിച്ച ആനയാണെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അത് തിരുത്താൻ ഞാൻ ഒരുക്കമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ആനയെ ജനുവരി 30-നല്ല കർണ്ണാടക വനംവകുപ്പ് പിടിച്ചത്. റേഡിയോ കോളർ ഘടിപ്പിച്ച ബേലൂർ മഖ്ന എന്ന മോഴയാന ജനുവരി 5-ന് വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ റെയ്ഞ്ചിന്റെ പരിധിയിൽ വന്നതായി വനം വകുപ്പ് അറിഞ്ഞിരുന്നു. അന്നുതന്നെ വനം വകുപ്പ് ആനയെ ട്രാക്ക് ചെയ്യുന്നതിനുള്ള യൂസർ ഐഡിയും പാസ്‌വേഡും കർണ്ണാടക വനം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. യൂസർ ഐഡിയും പാസ്‌വേഡും അവർ കൈമാറുകയും ചെയ്തു. രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ ആന ബന്ദിപ്പൂരിലേയ്ക്ക് തിരിച്ചുപോയി. വീണ്ടും ഫെബ്രുവരി 2-ന് ആന വയനാട്ടിലെത്തി. ആനയെ സംബന്ധിച്ച സിഗ്നൽ ലഭിക്കുന്നതിനുള്ള യൂസർ ഐഡിയും പാസ്‌വേഡും കേരള വനം

വകുപ്പിന് കർണ്ണാടക വനം വകുപ്പ് കൈമാറിയിരുന്നു. ആനയെ സംബന്ധിച്ചുള്ള സിഗ്നൽ കർണ്ണാടക വനം വകുപ്പിന് ലഭിക്കുന്നതുപോലെതന്നെ കേരള വനം വകുപ്പിനും ലഭിക്കും. എന്നാൽ, അതിൽ കർണ്ണാടകയ്ക്കും കേരളത്തിനും ഒരോപോലെയുള്ള പ്രശ്നങ്ങളുണ്ട്. സാറ്റലൈറ്റ് മുഖേനയുള്ള സിഗ്നൽ ലഭിച്ചാൽ അതിനെ ഡി-കോഡ് ചെയ്തെടുക്കാൻ രണ്ടുമൂന്ന് മണിക്കൂർ സമയമെടുക്കും. ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചതുപോലെ നമ്മുടെ റെയ്ഞ്ചിൽ ഫെബ്രുവരി 2-ാം തീയതി മുതൽ ആന എത്തിയിട്ടുണ്ടെന്ന കാര്യം നമുക്കറിയാം. അതിനെ കൃത്യമായി ലോക്കേറ്റ് ചെയ്യാനുള്ള ഒരു സംവിധാനവും നമ്മുടെ വനം വകുപ്പിനില്ല. മുത്തങ്ങ ഡിവിഷനിൽ അപകടകാരിയായ ആന എത്തിയിട്ടുണ്ടെന്ന് അറിഞ്ഞാൽപ്പോലും അതിനെ ട്രാക്ക് ചെയ്യാനുള്ള ഒരു സംവിധാനവുമില്ല. ഞാൻ മാനന്തവാടിയിലെ മറ്റൊരു സംഭവം ഉദാഹരണമായി പറയാം. ശ്രീ. സണ്ണി ജോസഫ് നിയമസഭയിൽ ഉന്നയിച്ച വിഷയമാണത്. ഒരുവർഷം മുമ്പ് തോമസ് എന്ന വ്യക്തിയെ കടുവ കൊലപ്പെടുത്തുകയുണ്ടായി. കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിൽ ഡിസംബർ 2-ന് നാട്ടുകാർ കണ്ട കടുവ

പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ട് നാൽപ്പത് ദിവസത്തിനുശേഷമാണ് മാനന്തവാടിയിൽ എത്തി തോമസിനെ സ്വന്തം വീട്ടുപറമ്പിൽവച്ച് കൊലപ്പെടുത്തിയത്. കടുവ ഇറങ്ങിയിട്ടുണ്ടെന്ന് അറിയിച്ചാൽപ്പോലും അത് എവിടെയാണെന്ന് ലോക്കേറ്റ് ചെയ്യുന്നതിനുള്ള സംവിധാനമില്ല. വന്യജീവികളുടെ ദയാവായ്പിലാണ് വനമേഖലയിലെ ജനങ്ങളുടെ ജീവനും സ്വത്തും. കാർഷിക മേഖലയിലെ സ്ഥിതി എന്താണ്? കാർഷിക മേഖല സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയാണ്. കൃഷി ആളുകളുടെ ഉപജീവന മാർഗ്ഗമാണ്. കപ്പ, ചേമ്പ്, ചേന തുടങ്ങിയ കിഴങ്ങുവിളകൾ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. കൃഷി ചെയ്താൽ അവയെല്ലാം പന്നി നശിപ്പിക്കും. നാളികേരം കരിക്കിന് മുമ്പുള്ള രൂപത്തിൽത്തന്നെ കുരങ്ങുകൾ നശിപ്പിക്കും. വാഴയുൾപ്പെടെയുള്ള മുഴുവൻ കൃഷിയും ആനക്കൂട്ടം നശിപ്പിക്കും. റബ്ബറിന്റെ തൈ നട്ടുപിടിപ്പിച്ചാൽ അതിനെയും നശിപ്പിക്കും. തെങ്ങ് മറിച്ചിടും. ഒരുതരത്തിലുള്ള കൃഷിയും ചെയ്യാൻ സാധിക്കുന്നില്ല. അവിടെയുള്ള ആളുകൾ പട്ടിണിയിലാണ്. അതിനാലാണ് പലരും ആത്മഹത്യ ചെയ്യുന്നത്. കഴിഞ്ഞ ദിവസം കാസർഗോഡ് ജില്ലയിലെ ഒരു ചെറുപ്പക്കാരൻ എന്നെ കാണാൻ

വന്നിരുന്നു. അദ്ദേഹത്തിന് നാല് പെൺമക്കളാണുള്ളത്. അദ്ദേഹത്തിന്റെ കൃഷി മുഴുവൻ വന്യമൃഗങ്ങൾ നശിപ്പിച്ചു. അദ്ദേഹത്തിന്റെ മകളെ നഴ്സിംഗ് പഠനത്തിനായി ബംഗളൂരുവിൽ അയച്ചെങ്കിലും പണമില്ലാത്തതിനാൽ പഠനം നിർത്തി തിരിച്ചുവരാൻ മകളോട് ആവശ്യപ്പെട്ടു. ജീവിക്കാൻ നിവൃത്തിയില്ല. നിങ്ങളെല്ലാവരുംകൂടി ഇടപെട്ട് എനിക്ക് നഷ്ടപരിഹാരം വാങ്ങിത്തന്നില്ലെങ്കിൽ ഞാനും എന്റെ ഭാര്യയും നാല് പെൺമക്കളുംകൂടി ആത്മഹത്യ ചെയ്യുമെന്ന് നെഞ്ചുപൊട്ടിക്കൊണ്ടാണ് അദ്ദേഹം പറഞ്ഞത്. ഞാനിത് രാഷ്ട്രീയ വിഷയമായിട്ടല്ല അവതരിപ്പിക്കുന്നത്. ആ വിതുമ്പൽ, ആ നിലവിളി നിങ്ങൾ കേൾക്കണം. നഷ്ടപരിഹാരം നൽകണമെന്നത് നിയമമാണ്, ഔദാര്യമല്ല. അങ്ങുപറഞ്ഞതുപോലെ ഇത് സഹായധനമാണ്. അവർക്കുള്ള നഷ്ടം നികത്താൻ സാധിക്കില്ല. എന്നാൽ, നൽകാനുള്ള ധനസഹായമെങ്കിലും കൊടുക്കണം. അത് കൊടുക്കാതിരുന്നാൽ അവർ എന്തുചെയ്യും; ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. അവർ മരണഭീതിയിലാണ്. മരണഭയമുണ്ടാകുമ്പോൾ ആളുകൾ ശക്തമായി പ്രതികരിക്കും. ആരും അവരെ പ്രകോപിപ്പിക്കുന്നതല്ല.

പ്രകോപിപ്പിക്കുന്നു എന്നത് നിങ്ങളുടെ തെറ്റിദ്ധാരണയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അവിടെ പോകാത്തതിൽ ശ്രീ. ടി. സിദ്ദിഖ് വിഷമിച്ചിട്ട് കാര്യമില്ല. വനം വകുപ്പുമന്ത്രി അവിടെ പോകണ്ടെന്നാണ് എന്റെ അഭിപ്രായം. ആ ഏരിയയിലുള്ള ആളുകൾ വൈകാരികമായി പ്രതികരിക്കുന്നവരാണ്. മരണഭയത്തിനിടയിൽ നിൽക്കുന്നവരാണ്. ഒരു സംഭവമുണ്ടാകുമ്പോഴുള്ള സ്വാഭാവികമായ പ്രതികരണമാണത്. അവർ മാവോയിസ്റ്റുകളാണ്/തീവ്രവാദികളാണ്/കുഴപ്പക്കാരാണെന്നൊക്കെ പറഞ്ഞ് കുറ്റപ്പെടുത്തേണ്ട കാര്യമില്ല. അവരെ വെറുതെ വിടണം, പാവങ്ങളാണ്, ജീവിക്കാൻ നിവൃത്തിയില്ലാത്തവരാണ്. ഇന്നലെ ദീപിക പത്രത്തിൽ ഒരു മുഖപ്രസംഗമുണ്ടായിരുന്നു. "ബോധമില്ലാത്ത ആനയല്ല, കഴിവുകെട്ട സർക്കാരാണ് പ്രതി" എന്നാണ് അതിന്റെ തലക്കെട്ട്. ഈ സർക്കാർ അതുതന്നെയാണ്, ഒന്നും ചെയ്യാതെ നിഷ്ക്രിയമായി ഇരിക്കുന്നു. മനുഷ്യന്റെ ജീവനും സ്വത്തും സംരക്ഷിക്കാനുള്ള ബാധ്യത നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, വന്യമൃഗങ്ങളുടെ ആക്രമണത്തെ സംബന്ധിച്ച് നിയമസഭയിൽ പലപ്പോഴും ചർച്ചകൾ നടത്തിയിട്ടുണ്ട്. പല എം.എൽ.എ.-മാരും ഇത്തരം സംഭവങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അജീഷിന്റെ മരണം സംഭവിച്ച് മണിക്കൂറുകൾക്കുശേഷമാണ് ആനയെ മയക്കുവെടിവയ്ക്കാൻ അനുവാദം നൽകിയത്. അതുവരെ വനം വകുപ്പ് ഒന്നും ചെയ്തില്ല. കാട്ടിൽ വന്യമൃഗങ്ങൾ പെരുകിവരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് എന്തുകൊണ്ടാണ്? വനത്തിനുള്ളിൽ ആവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കളും വെള്ളവും അവയ്ക്ക് ലഭിക്കുന്നില്ല. അതിനുള്ള സംവിധാനം ഒരുക്കിയാൽ മാത്രമേ വന്യമൃഗങ്ങളുടെ ആക്രമണത്തെ ചെറുക്കാൻ സാധിക്കുകയുള്ളൂ. മറ്റൊന്ന്, വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങിയാൽ അതുസംബന്ധിച്ച മുന്നറിയിപ്പ് നാട്ടുകാർക്ക് നൽകണം. അത് വനം വകുപ്പ് ചെയ്യുന്നുണ്ടോ? സർക്കാർ യാതൊരു

വിധത്തിലുള്ള മുന്നറിയിപ്പുകളും കൊടുക്കുന്നില്ല. തമിഴ്നാട് വനം വകുപ്പ് റബ്ബർ ബുള്ളറ്റുകൾ ഉപയോഗിച്ച് വന്യമൃഗങ്ങളെ വെടിവച്ച് തുരത്തുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ, നമ്മുടെ സംസ്ഥാനത്ത് മയക്കുവെടി വയ്ക്കുന്നതിനെ സംബന്ധിച്ച് സർക്കാർ കോൺഫറൻസ് നടത്തി പോകുന്നുവെന്നല്ലാതെ യാതൊന്നും ചെയ്യുന്നില്ല. യഥാസമയം തീരുമാനമെടുക്കാൻ സാധിക്കാത്തതുമൂലം എത്രയാളുകളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്? സഭയിൽ പലഘട്ടങ്ങളിലായി വന്നിട്ടുള്ള ഈ പ്രശ്നം ലാഘവത്തോടെയാണ് ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മനുഷ്യജീവന് പുല്ലുവിലയാണ് വനം വകുപ്പ് കൽപ്പിക്കുന്നതെന്ന ആക്ഷേപം വ്യാപകമായി ഉയർന്നുവന്നിരിക്കുകയാണ്. ഇനിയെങ്കിലും അധികാരികൾ കണ്ണ്

തുറക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വയനാട്ടിൽ കാട്ടാനകൾ ജനങ്ങളുടെ ജീവനെടുക്കുന്ന ഈ സമയത്ത് വനം വകുപ്പിന് കർഷകരുടെ ജീവൻ സംരക്ഷിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല ആളുകളെ മരണത്തിന് വിട്ടുകൊടുക്കുന്ന ആരാച്ചാർമാരായി നിൽക്കുന്നുവെന്നത് ഏറ്റവും നിർഭാഗ്യകരമാണ്. ദീപിക പത്രത്തിന്റെ മുഖപ്രസംഗം സർക്കാരിന്റെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഗവൺമെന്റ് ഈ വിഷയം നിസ്സംഗതയോടെ നോക്കിക്കാണുകയാണ്. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഏറ്റുമുട്ടൽ ഇനിയും തുടരുമെന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ഗവൺമെന്റ് ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കണം. കാട്ടാനകൾക്ക് വനത്തിനുള്ളിൽത്തന്നെ ഭക്ഷണത്തിനുള്ള സാഹചര്യങ്ങളും അതിനുവേണ്ട ക്രമീകരണങ്ങളും ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ശ്രീ. പി. ജെ. ജോസഫിനെപോലെയുള്ള നിരവധി കർഷകനേതാക്കൾ, ഇത്തരം വിഷയങ്ങൾ നന്നായി പഠിച്ചിട്ടുള്ള ജനപ്രതിനിധികൾ സഭയിൽ പരാമർശിച്ച കാര്യങ്ങൾ എത്രയോ വർഷമായി നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഒന്നും ചെയ്യാൻ സാധിക്കാതെ

ഗവൺമെന്റ് ഇപ്പോഴും നോക്കുകുത്തിയായി നിൽക്കുകയാണ്. ഓരോ മനുഷ്യജീവനും നഷ്ടപ്പെടുമ്പോൾ ഇതുപോലെയുള്ള വിഷയങ്ങൾ സഭയിൽ കൊണ്ടുവരികയും ഗവൺമെന്റ് അതിനൊരു മറുപടി നൽകി അവസാനിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഈ വിഷയം ഇവിടെ അവസാനിപ്പിക്കരുത്, ഈ മരണത്തിലൂടെ ഇനിയെങ്കിലും പുതിയൊരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ അവസാനിപ്പിക്കാനും കർഷകനെ സംരക്ഷിക്കാനും ഗവൺമെന്റ് നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, വയനാട് ജില്ലയിലെ അജീഷിന്റെ മരണം വലിയ ആശങ്കയാണ് ഉളവാക്കിയിട്ടുള്ളത്. ഏറ്റവും ഒടുവിലത്തെ ഇരയാണ് അജീഷ്. വയനാട് അടക്കമുള്ള ജില്ലകളിലെ ജനങ്ങൾ വലിയ ഭീതിയിലാണ് കഴിയുന്നത്. 2016 മുതൽ 2023-വരെ 909 പേരാണ് വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടത്. 7492 പേർക്ക് പരിക്കേറ്റിട്ടുണ്ട്. 69 കോടി

രൂപയുടെ നഷ്ടം കൃഷിയിനത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ പ്രതിപാദിച്ചതുപോലെ കൊല്ലപ്പെട്ടവർ, പരിക്കേറ്റവർ, കൃഷിനാശം സംഭവിച്ചവർ എന്നിവർക്കുള്ള നഷ്ടപരിഹാരം മാസങ്ങൾ പിന്നിട്ടിട്ടുപോലും ഗവൺമെന്റിന് നൽകാൻ കഴിയുന്നില്ല. സർക്കാരിന്റെ ഭാഗത്ത് വലിയ നിഷ്ക്രിയത്വം ഇക്കാര്യത്തിലുണ്ടായിരിക്കുന്നു. വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. ആ ഉത്തരവാദിത്വത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ് ഇവിടെ കാണുന്നത്. അവിടെ പ്രതിഷേധമുണ്ടാകുമ്പോൾ പ്രതിഷേധക്കാരെ മോശക്കാരാക്കുന്ന രീതിയാണ് വകുപ്പുമന്ത്രി സ്വീകരിച്ചത്. മന്ത്രിയുടെ പരാമർശം തികച്ചും നിർഭാഗ്യകരമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഏറ്റവും ദുഃഖകരമായ ഒരു സംഭവമാണ് വയനാട് ജില്ലയിലുണ്ടായത്. ഒരു പ്രദേശത്തെ ജനത മുഴുവൻ ഭയത്തിൽ

ജീവിക്കുകയാണ്. ഈ വിഷയം നിരവധിതവണ സഭയിലുൾപ്പെടെ ചർച്ച ചെയ്തതാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടി ഉണ്ടാകാത്തതെന്തുകൊണ്ടാണ്? കാട്ടിലെ മൃഗങ്ങൾ നാട്ടിലേയ്ക്ക് നിരന്തരമായി വരികയും ജനങ്ങളുടെ ജീവന് പ്രശ്നമാവുകയും ചെയ്യുന്ന സാഹചര്യത്തെ ഗൗരവത്തിലെടുത്തുകൊണ്ട് പഠനം നടത്തുകയും അതിന്മേൽ നടപടിയുണ്ടാവുകയും വേണം. അത്തരത്തിലുള്ള ഒരു കാര്യവും സർക്കാർ സ്വീകരിക്കുന്നില്ല. ലാഘവത്തോടുകൂടിയാണ് ഈ വിഷയം സർക്കാർ കൈകാര്യം ചെയ്യുന്നത്. ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

10.50 am]

IV ശ്രദ്ധ ക്ഷണിക്കൽ

(1) നെല്ല് സംഭരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, മൂന്ന് ലക്ഷത്തിലധികം വരുന്ന കേരളത്തിലെ നെൽക്കർഷകരുടെ ദുരിതപൂർണ്ണമായ ജീവിതാവസ്ഥയ്ക്ക് പരിഹാരം കാണാനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഭൂരിപക്ഷം നെൽക്കർഷകരും സർക്കാരിന്റെ നെല്ല് സംഭരണ സംവിധാനത്തെ ആശ്രയിക്കുന്നവരാണ്. നമ്മുടെ രാജ്യത്ത് നെല്ലിന് ഏറ്റവും കൂടുതൽ സംഭരണ വില ലഭ്യമാക്കുന്നത് കേരളത്തിലാണ് എന്നതാണ് അതിനുള്ള പ്രധാന കാരണം. അതുപോലെ സംഭരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിലും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മാതൃകാപരമായ നിലപാടാണ് എക്കാലത്തും സ്വീകരിച്ചുവരുന്നത്. എന്നാൽ, കുറച്ചുകാലമായി കർഷകർക്ക് സമയബന്ധിതമായി നെല്ലിന്റെ സംഭരണ വില ലഭിക്കുന്നില്ലെന്നകാര്യം ഈ സഭയിൽ ഞാൻ പലതവണ ഉന്നയിച്ചിരുന്നു. കേരളത്തോടും രാജ്യത്തെ നെൽകർഷകരോടുമുള്ള കേന്ദ്ര സർക്കാരിന്റെ ധിക്കാരം നിറഞ്ഞ അവഗണനയാണ് അതിനുള്ള പ്രധാന കാരണം. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ 12 സീസണിലെ നെല്ലുവില (615 കോടി രൂപ) കേന്ദ്രസർക്കാർ ഇനിയും നൽകിയിട്ടില്ല. 2017-18-ൽ 6.37 കോടി രൂപ മുതൽ

2022-23-ൽ 351.22 കോടി രൂപ വരെ കുടിശ്ശിക വരുത്തിയ ഒരു സർക്കാരാണ് കേന്ദ്രം ഭരിക്കുന്നത്. ഇതിനെതിരെ ശബ്ദിക്കാൻ കേരളത്തെ പ്രതിനിധീകരിക്കുന്ന യു.ഡി.എഫ്.-ലെ പതിനെട്ട് എം.പി.-മാരും നാളിതുവരെ തയ്യാറായിട്ടില്ലെന്നത് കേരളത്തിലെ നെൽക്കർഷകരുടെ ദുരിതം വർദ്ധിക്കാൻ കാരണമായി. ജന്മിത്വത്തിന്റെ അധമസംസ്കാരമാണ് കേന്ദ്രസർക്കാർ കേരളത്തിലെ നെൽക്കർഷകരോട് തുടർച്ചയായി സ്വീകരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനെമാത്രമേ നെൽക്കർഷകർക്ക് ആശ്രയിക്കാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാർ തുക നൽകാതിരിക്കുമ്പോഴും ബാങ്കുകളിൽനിന്നും കടം വാങ്ങി നെൽകർഷകർക്ക് ഇൻസെന്റീവ് നൽകുന്ന നാടാണ് എൽ.ഡി.എഫ്. ഭരിക്കുന്ന കേരളം. കേന്ദ്രം നെല്ലുവിലയായി നൽകുന്ന 21 രൂപയിൽനിന്നും സംഭരണച്ചെലവുകൾ കഴിച്ച് ബാക്കി തുക കർഷകർക്ക് നൽകുന്ന ഒരു സംസ്കാരമാണ് മറ്റിതര സംസ്ഥാനങ്ങൾ തുടരുന്നത്. എന്നാൽ, കേരളത്തിന് കേന്ദ്രസർക്കാർ നൽകുന്ന തുക കൂടാതെ പ്രത്യേക ധനസഹായംകൂടി ചേർത്ത് ഒരുകിലോ നെല്ലിന് 28.20 രൂപയും കയറ്റുകൂലിയിലെ ഒരു വിഹിതവും ചാക്കിന്റെ തുകയും വീടുകളിലെത്തി സംഭരണം നടത്തുന്നതിനാവശ്യമായി വരുന്ന അധിക സാമ്പത്തിക ബാധ്യതയും ഈ സർക്കാർ ഏറ്റെടുക്കുന്നുണ്ട്. എന്നാൽ,

ഈ സർക്കാരിന്റെ പൊതുനന്മകളെല്ലാം തകർക്കുന്ന നിലയിൽ സംഭരണച്ചുമതല ഏറ്റെടുക്കാൻ തയ്യാറാകാതെ സ്വകാര്യ മില്ലുകാർ മാറിനിൽക്കുന്ന സാഹചര്യം നമ്മളെ ബാധിക്കുകയാണ്. അതുപോലെ സപ്ലൈകോ വായ്പയെടുത്ത പൊതുമേഖലാ ഷെഡ്യൂൾഡ് ബാങ്കുകളുടെ നിലപാടെന്താണ്; ആവശ്യത്തിന് ജീവനക്കാരും ബ്രാഞ്ചുകളുമില്ലാത്ത ഇത്തരം ബാങ്കുകളിൽനിന്ന് വായ്പയെടുത്തതിന്റെ ഫലമായി അവരിപ്പോൾ കർഷകവിരുദ്ധ സമീപനമാണ് സ്വീകരിക്കുന്നത്. അതും നമ്മളെ ബാധിക്കുകയാണ്. കഴിഞ്ഞ ഒന്നാംവിളക്കാലത്ത് സർക്കാർ വിതരണം ചെയ്ത തുക പല കർഷകർക്കും ഇപ്പോഴും ലഭിച്ചിട്ടില്ല. ബാങ്കുകളുടെ ചില സാങ്കേതിക നിലപാടുകൾമൂലമാണ് അപ്രകാരം സംഭവിക്കുന്നത്. രണ്ടാംവിള കൊയ്ത്ത് ആരംഭിച്ച് ഒരുമാസം പിന്നിട്ട ഈ സമയത്തും കർഷകരുടെ ആശങ്കയൊഴിഞ്ഞിട്ടില്ല. സംഭരണത്തിന് രജിസ്ട്രേഷൻ നടത്തിയ കർഷകരിൽ പലരും സ്വകാര്യ ഏജന്റുമാർക്ക് കിട്ടിയവിലയ്ക്ക് നെല്ല് കൊടുക്കുന്ന പ്രവണത കൂടിവരികയാണ്. വിളയിറക്കാൻ കടം വാങ്ങിയ തുകപോലും നെല്ലുവിറ്റാൽ ലഭിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. മുൻകാലത്തെ അവസ്ഥ എങ്ങനെയായിരുന്നു? കേരളത്തിലെ സഹകരണ സംഘങ്ങൾമുഖാന്തരം കർഷകർക്ക് നെല്ലുവില നൽകിയപ്പോൾ

പാലക്കാട് ജില്ലയിലെ ഒരു കർഷകനുപോലും പരാതിയുണ്ടായിരുന്നില്ല. സാമൂഹിക പ്രതിബദ്ധതയുള്ള സഹകരണ സംഘങ്ങൾ, ഗ്രാമങ്ങളിലാകെ പടർന്നുപന്തലിച്ച സഹകരണ സംഘങ്ങൾ, അവരുടെ സഹകരണ ധനകാര്യ ശൃംഖല സപ്ലൈകോയുമായി കൈകോർത്ത് നടത്തിയ ആ പ്രവർത്തനം മാതൃകാപരമായിരുന്നുവെന്ന് ഇത്തരുണത്തിൽ ഞാൻ ഓർക്കുകയാണ്. നെൽക്കർഷകരെ എപ്പോഴും സഹായിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. അതുകൊണ്ടുതന്നെ ഭൂരിപക്ഷം നെൽക്കർഷകരും ഇടതുപക്ഷ മനസ്സുമായി ജീവിക്കുന്നവരാണ്. എന്നാൽ, നിലവിലെ പ്രതിസന്ധി നെൽക്കർഷകരിൽ സങ്കടവും അമർഷവുമുണ്ടാക്കിയിട്ടുണ്ടെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. നെല്ല് സംഭരണത്തിൽ കഴിഞ്ഞ കുറച്ച് സീസണുകളിലായി തുടരുന്ന ഈ പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കണ്ടെത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, നെല്ലുസംഭരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരികയാണ്. ഈ സീസണിൽ ഇതുവരെ ഒന്നാംവിളയിൽ 55,793

കർഷകരിൽനിന്നായി 100,358 മെട്രിക് ടൺ നെല്ലും രണ്ടാംവിളയിൽ 429 കർഷകരിൽനിന്നായി 3850 മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്. 39,666 കർഷകർക്ക് സംഭരണ വിലയായി 294.48 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നെല്ലുസംഭരണത്തിൽ സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്ക് അടിസ്ഥാന താങ്ങുവില (എം.എസ്.പി.) ഉൾപ്പെടെ നെല്ലുസംഭരണ ചെലവുകളുടെ ഇനത്തിൽ 2017-18 മുതൽ 2022-23 വരെ 614.98 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്രോത്സാഹന ബോണസ് (എസ്.ഐ.ബി) ഇനത്തിൽ 326 കോടി രൂപ കുടിശ്ശികയുണ്ട്. 2018-19 മുതൽ 2022-23 വരെ ഔട്ട് ടേൺ റേഷ്യോയിനത്തിൽ 286.96 കോടി രൂപ സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. ഇത്തരം ഫണ്ടുകൾ വിവിധ കാരണങ്ങളാൽ വൈകുന്നതിനാലും തുക തികയാതെ വരുന്നതുമൂലവും സമയബന്ധിതമായി നെല്ല് സംഭരണത്തിന്റെ തുക കർഷകർക്ക് നൽകാൻ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്ക് സാധിക്കാതെ വരുന്നുണ്ട്. കർഷകർക്ക് നൽകാനാവശ്യമായ മുഴുവൻ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരിൽനിന്നും സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിലാണ് ചില ബാങ്കുകളുമായി സപ്ലൈകോ പി.ആർ.എസ്.

വായ്പയിലേർപ്പെട്ടിട്ടുള്ളത്. വായ്പ കർഷകരുടെ പേരിലാണെങ്കിലും അതിന്റെ പലിശയടക്കമുള്ള തിരിച്ചടവ് സപ്ലൈകോയാണ് നടത്തുന്നത്. കൂടാതെ നെല്ലുസംഭരണം വേഗത്തിലാക്കുന്നതിന് ബയോമെട്രിക് പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് കർഷകരിൽനിന്നും നെല്ല് സംഭരിക്കാൻവേണ്ട നടപടികൾ സപ്ലൈകോ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതോടെ സംഭരണ നടപടികൾ കുറ്റമറ്റതാകുന്നതോടൊപ്പം വേഗത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനും സാധിക്കുന്നതാണ്. നിലവിൽ അഞ്ച് ഏക്കർ വരെ കൃഷി ചെയ്യുന്ന ചെറുകിട നാമമാത്ര കർഷകർക്കും 25 ഏക്കർ വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്കും മാത്രമാണ് സംസ്ഥാനം പ്രോത്സാഹന ബോണസ് നൽകിവരുന്നത്. അഞ്ച് ഏക്കർ പരിധി ബാധകമാകാതെ എസ്.ഐ.ബി അനുവദിക്കുന്ന കാര്യം ധന-കൃഷി വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പിൽവരുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ മികച്ച സഹായം ലഭ്യമായതിനാൽ നെൽകൃഷി മേഖലയിൽ പൊതുവെ ഉണർവുണ്ടായിട്ടുണ്ട്. നിലവിൽ ഒരേക്കർ സ്ഥലത്തുനിന്ന് 2200 കിലോഗ്രാം

നെല്ലുമാത്രമാണ് സംഭരിക്കാൻ ഗവൺമെന്റ് ഉത്തരവാദിത്വമെടുക്കുന്നത്. അതിനാൽ സംഭരണത്തിന്റെ പരിധി വർദ്ധിപ്പിക്കേണ്ടതാണ്. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ നിന്നും ഒരേക്കറിൽ 3000 കിലോഗ്രാം വരെ നെല്ലുൽപ്പാദിപ്പിക്കാൻ യാതൊരു പ്രയാസവുമില്ലാത്ത സാഹചര്യത്തിൽ ഏക്കറിന് 2200 കിലോഗ്രാം എന്ന പരിധി മാറ്റിനിശ്ചയിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഉല്പാദനക്ഷമതയുടെ പേരിൽ കർഷകന്റെ നെല്ല് അളക്കാത്തൊരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ സീസണിൽ ഇതുപോലൊരു പ്രശ്നമുണ്ടായപ്പോൾ മുഴുവൻ കർഷകരുടേയും നെല്ലെടുക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഉല്പാദനക്ഷമതയ്ക്കനുസരിച്ച് വർദ്ധനവ് വരുത്തുന്നതാണെന്ന കാര്യം സഭയെ അറിയിക്കുന്നു.

(2) വായ്പാ കുടിശ്ശിക

ശ്രീ. സജീവ് ജോസഫ്: സർ, സാമ്പത്തിക പ്രയാസംമൂലം ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത പാവപ്പെട്ടവർക്കെതിരെ വ്യാപകമായി നടത്തിവരുന്ന ജപ്തിനടപടികളുടെ ഫലമായി അവർ നേരിടുന്ന കടുത്ത ആശങ്കയും പ്രതിസന്ധിയും പരിഹരിക്കേണ്ടതിന്റെ

ആവശ്യകതയിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കേരളത്തിലെ കാർഷികമേഖലയും ദുർബല ജനവിഭാഗങ്ങളും കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽപോലും ജപ്തിനടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകുന്നതിൽ സർക്കാർ നിസംഗത തുടരുന്നതിലുള്ള ജനങ്ങളുടെ ശക്തമായ പ്രതിഷേധം സഭയെ അറിയിക്കുകയാണ്. സംസ്ഥാനത്തെ ബാങ്കുകൾ ജപ്തി നോട്ടീസയച്ച് തുടർനടപടി ആരംഭിച്ചതിന്റെ ഭാഗമായി നിരവധി പേരാണ് കഴിഞ്ഞ ദിവസങ്ങളിൽ ആത്മഹത്യ ചെയ്യാനിടയായത്. കണ്ണൂർ ജില്ലയിലെ മലയോരത്ത് നാല് കർഷകരാണ് കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്തത്. അയ്യൻകുന്നിലെ സുബ്രഹ്മണ്യൻ, കൊളക്കാട് രാജമുടിയിലെ എം.ആർ. ആൽബർട്ട്, ചന്ദനയ്ക്കാംപാറയിലെ ജോസഫ്, പാത്തൻപാറയിലെ ജോസ് എന്നിവരാണ് ആത്മഹത്യ ചെയ്തത്. ബാങ്കുകളുടെ ജപ്തിനടപടികളും കടക്കെണിയുംമൂലമാണ് ഇവർ ആത്മഹത്യചെയ്യാനിടയായത്. സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് കുട്ടനാട്ടിൽ ജീവനൊടുക്കിയ പ്രസാദിന്റെ കുടുംബത്തിനുപോലും ജപ്തി നോട്ടീസ് ലഭിച്ചുവെന്ന വാർത്ത അക്ഷരാർത്ഥത്തിൽ കേരളത്തെ

ഞെട്ടിച്ചിരിക്കുകയാണ്. കിടപ്പാടവും ജപ്തി ചെയ്യുമെന്നാണ് നോട്ടീസിൽ സൂചിപ്പിക്കുന്നത്. കടബാധ്യതമൂലം ആത്മഹത്യ ചെയ്ത പ്രസാദ് കേരളത്തിലെ കർഷകരുടെ നീറുന്ന വേദനയായി ഇപ്പോഴും തുടരുകയാണ്. അദ്ധ്വാനിച്ചുണ്ടാക്കിയ നെല്ല് സർക്കാരിന് നൽകിയതാണ് പ്രസാദ് ചെയ്ത ഏക കുറ്റം. വിയർപ്പൊഴുക്കി വിളയിച്ച നെല്ലിന്റെ വില ലഭിക്കാത്ത പരാജയപ്പെട്ട കർഷകനാണ് താനെന്നായിരുന്ന പ്രസാദിന്റെ ദീനരോദനം. അത് ഒറ്റപ്പെട്ടൊരു രോദനമല്ല. കർഷക ആത്മഹത്യമൂലം വിധവകളാകേണ്ടിവന്ന അമ്മമാരുടെ അപേക്ഷകൾ നവകേരള യാത്രയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചുകണ്ടില്ല. എല്ലാ ധനകാര്യ സ്ഥാപനങ്ങളും ജപ്തിനടപടികൾക്കായി മത്സരിക്കുന്ന കാഴ്ച നിസ്സഹായതയോടെ നാം നോക്കിക്കാണുകയാണ്. അതിൽ കേരള ബാങ്കും കാർഷിക വികസന ബാങ്കും സഹകരണ ബാങ്കുകളുമെല്ലാം ഒപ്പംകൂടിയെന്നത് വലിയ ആശ്ചര്യമാണ്. മാതാപിതാക്കൾ വീട്ടിലില്ലാത്ത സമയത്താണ് മൂവാറ്റുപുഴയിൽ കേരളാ ബാങ്ക് ഉദ്യോഗസ്ഥർ രണ്ട് പെൺകുട്ടികളെ

പുറത്താക്കി വീട് ജപ്തി ചെയ്തത്. സമാന സംഭവങ്ങൾ സംസ്ഥാനവ്യാപകമായി നടക്കുകയാണ്. വായ്പയെടുത്ത പാവപ്പെട്ട കർഷകർക്ക് യഥാസമയം പണം തിരിച്ചടയ്ക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ടോ പരിശ്രമിക്കാത്തതുകൊണ്ടോ അല്ല മറിച്ച് അവർക്കതിന് സാധിക്കുന്നില്ലെന്നതാണ് വസ്തുത. അത്തരമൊരു ദശാസന്ധിയിലൂടെ അവർ കടന്നുപോകുമ്പോഴും അതിന്റെ പ്രധാന ഉത്തരവാദി സംസ്ഥാന സർക്കാർ മാത്രമാണ്. കാർഷികവിളകൾക്ക് ന്യായവിലയും വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണവും നൽകിയാൽ അവർക്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കും. അക്കാര്യത്തിൽ ആത്മാർത്ഥവും ഫലപ്രദവുമായ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തുന്നതോടൊപ്പം അതിനനുസരിച്ചുള്ള നടപടികളുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വരുമാനം നിലച്ചുപോയ പതിനായിരക്കണക്കിന് തൊഴിലാളികൾ, തൊഴിൽരഹിതർ, ശയ്യാവലംബർ, ദുർബലർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവരുൾപ്പെടെ ജപ്തിനടപടികൾ നേരിടുകയാണ്. എടുത്ത വായ്പയുടെ

രണ്ടും മൂന്നും ഇരട്ടി തുക തിരിച്ചടയ്ക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ജപ്തി നോട്ടീസ് കിട്ടിയതോടെ അവരുടെ ഉറക്കം നഷ്ടപ്പെട്ടിരിക്കുകയാണ്. ഒരു തുണ്ട് ഭൂമിയും കിടപ്പാടവും മാത്രമുള്ള ഇത്തരം കർഷകർ മാനസികമായി തകർന്ന അവസ്ഥയിലാണ്. സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം കർഷകർക്ക് യാതൊരു ഗുണവും ചെയ്തിട്ടില്ല. തിരിച്ചടയ്ക്കേണ്ട കാലാവധി നീട്ടിക്കിട്ടുമെന്നത് മാത്രമാണ് ആകെയുള്ള ആശ്വാസം. കേന്ദ്ര സർക്കാർ കൊണ്ടുവന്ന സർഫാസി നിയമം കർഷകരുടെ തലയിൽ ഇടിത്തീപോലെ വീണിരിക്കുകയാണ്. വായ്പയുടെ ഒന്നോരണ്ടോ തിരിച്ചടവുകൾ മുടങ്ങിയാൽ ഗുണ്ടകളെ ഉപയോഗിച്ച് ജപ്തി നടപടി സ്വീകരിക്കുന്ന അപകടകരമായ സ്ഥിതിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്.

മി. ചെയർമാൻ: യെസ്... യെസ്... ഇത് ശ്രദ്ധ ക്ഷണിക്കലാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഇവിടെ രണ്ട് മൂന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കുകയാണ്. നാമമാത്രമായ കർഷകരെയും ദുർബല ജനവിഭാഗങ്ങളെയും കടക്കെണിയിൽ നിന്ന് രക്ഷിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടുകയും അവരുടെ കടങ്ങൾ എഴുതിത്തള്ളുകയും

വേണം. അതിന് സാധിക്കുന്നില്ലെങ്കിൽ ചുരുങ്ങിയത് പിഴപ്പലിശയെങ്കിലും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. പലിശരഹിത വായ്പാ മൊറട്ടോറിയം ഉടൻ പ്രഖ്യാപിക്കുകയും ജപ്തി നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാനുള്ള നിയമമുണ്ടാക്കുകയും വേണം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി സർഫാസി നിയമം ഭേദഗതി ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നുകൂടി ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്ര ഗവൺമെന്റിന്റെ അധികാരപരിധിയിലുള്ള ബാങ്കുകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ബാങ്കുകളെല്ലാംതന്നെ ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യ (ബി.സി.എസ്.ബി.ഐ)-യുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. കൂടാതെ ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിന്മേൽ നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്.

അതിനാൽ, പാർലമെന്റ് രൂപീകരിച്ച സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിലിടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ടെന്ന് ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കിവരുന്നതിലൂടെയുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സർഫാസി നിയമം ബാധകമല്ലെന്ന് വ്യവസ്ഥചെയ്യുന്നതിലേയ്ക്കായി സർഫാസി ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ ഐക്യകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാറിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. എന്നാൽ, ഇക്കാര്യത്തിൽ നാളിതുവരെ

യാതൊരുവിധ അനുകൂല പ്രതികരണവും കേന്ദ്ര സർക്കാറിന്റെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല. ജപ്തിനടപടികളൊഴിവാക്കി നൽകാനും വായ്പാ തിരിച്ചടവിന് സാവകാശം ആവശ്യപ്പെട്ടുകൊണ്ടുമുള്ള നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഇത്തരം അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിക്കാനും പരമാവധി സഹായം അനുവദിക്കാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് സർക്കാർ നിർദ്ദേശം നൽകുന്നുമുണ്ട്. ഇത്തരത്തിൽ വായ്പ തിരിച്ചടവിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ക്രിയാത്മകമായ ഇടപെടലുകളാണ് സർക്കാർ കൈക്കൊള്ളുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, കേന്ദ്ര ഗവൺമെന്റിനുകീഴിലുള്ള ബാങ്കുകളുടെ കാര്യത്തിൽ മാത്രമല്ല, കേരള ബാങ്കും കാർഷിക വികസന ബാങ്കും സഹകരണബാങ്കുകളുമൊക്കെ ഇത്തരമൊരു നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഈ ഘട്ടത്തിൽ ഇത്തരം കർഷകർക്കായി പലിശരഹിത മൊറോട്ടോറിയം പ്രഖ്യാപിക്കാൻ സാധിക്കുമോ; അക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രധാനമായും Nationalised Bank അല്ലെങ്കിൽ കേന്ദ്ര നിയമത്തിന്റെ പരിധിയിലുള്ള ബാങ്കുകളുടെ ഇത്തരം നടപടികളിന്മേലാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കേണ്ടിവരുന്നത്. ഇത്തരം ബാങ്കുകളുടെ നടപടിക്രമങ്ങളിൽ ഇടപെടാൻ സർക്കാരിന് പരിമിതിയുണ്ട്. മറ്റ് മേഖലകളിൽ One Time Settlement (OTS), സ്പെഷ്യൽ സ്കീമുകൾ, മൊറട്ടോറിയം എന്നിവ ഇടയ്ക്കിടക്ക് നടപ്പിലാക്കിവരുന്നുണ്ട്. സഹകരണ ബാങ്കുകൾ അക്കാര്യത്തിൽ പ്രത്യേക പ്രാധാന്യത്തോടെ ഇടപെടുന്നുണ്ട്. സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന സഹകരണ മേഖലയിൽ കടാശ്വാസ കമ്മീഷന്റെ ചില കേസുകൾ വരുന്നുണ്ട്. വായ്പാ കുടിശ്ശികയുടെ കാര്യത്തിൽ സർഫാസി നിയമം വന്നതിനുശേഷമുള്ള പ്രശ്നങ്ങളാണ് ഏറെയുള്ളത്. സർഫാസി നിയമം പാസ്സാക്കുന്ന സമയത്തുതന്നെ അത് പാസ്സാക്കരുതെന്ന് ഇടതുപക്ഷമുന്നണി ആവശ്യപ്പെട്ടിരുന്നതാണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല. സർഫാസി നിയമം മുൻ കാലഘട്ടത്തിലാണ് നിലവിൽ വന്നത്. പ്രസ്തുത നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായുള്ള ഗുരുതരമായ അപകടമുണ്ട്. സ്റ്റേറ്റ്

ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും (SLBC) മറ്റ് വേദികളിലും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. ജനങ്ങളുടെ ഈ വികാരം കൂടുതൽ ശക്തമായി അവിടെ ഉന്നയിക്കാനും ഇക്കാര്യത്തിൽ പരമാവധി പരിഹാരം കാണാനുമുള്ള പ്രത്യേക ഇടപെടൽ നടത്താം.

11.07 am]

V സബ്മിഷൻ

(1) കയ്യമംഗലം തീരദേശ സംരക്ഷണ പ്രവൃത്തികൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കഴിഞ്ഞ 15 വർഷക്കാലമായി നിരന്തരം കടൽക്ഷോഭവും കടലേറ്റവുമുണ്ടാകുന്ന ദൈർഘ്യമേറിയ തീരദേശ നിയോജകമണ്ഡലമാണ് കയ്യമംഗലം. രൂക്ഷമായ കടലാക്രമണംമൂലം നൂറുകണക്കിന് വീടുകൾ തകരുകയും ജീവനോപാധികൾ നശിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞ സർക്കാറിന്റെ കാലത്തും ഈ സർക്കാറിന്റെ കാലത്തും കത്തുകൾ മുഖേനയും നേരിട്ടും വകുപ്പുമന്ത്രിക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഇതിനാവശ്യമായ യോഗങ്ങളും അന്ന് കൂടിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചാണ് പത്ത് തീരദേശങ്ങളെ

പ്രത്യേകമായി തെരഞ്ഞെടുത്ത് അവയെ സംരക്ഷിക്കുന്നതിനുള്ള ഹോട്ട്സ്പോട്ട് പദ്ധതി സർക്കാർ ആവിഷ്കരിച്ചത്. അതിൽ കയ്പമംഗലത്തെ ഉൾപ്പെടുത്തിയത് വലിയ സന്തോഷത്തോടെയാണ് ഞങ്ങൾ സ്വീകരിച്ചത്. 2022-23-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ തീരസംരക്ഷണത്തിനായി നൂറ് കോടി രൂപ നീക്കിവച്ചു. പ്രസ്തുത പദ്ധതി വേഗത്തിൽ ആരംഭിക്കുമെന്ന് സർക്കാർ അറിയിക്കുകയും ചെയ്തു. എറിയാട്-എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഹോട്ട്സ്പോട്ടിലുൾപ്പെടുത്തിയതിന്റെ ഭാഗമായി ഏത് തരത്തിലുള്ള സംരക്ഷണ മാർഗ്ഗമാണ് കടലോരത്ത് ഒരുക്കേണ്ടതെന്നത് സംബന്ധിച്ച് കേന്ദ്ര ഏജൻസിയായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ)-ൽ നിന്നുള്ള സംഘം പഠനം നടത്തി. എന്നാൽ എൻ.സി.സി.ആർ.-ന്റെ പഠനറിപ്പോർട്ടിനുശേഷമുള്ള ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റുണ്ടാക്കി ടെണ്ടർ ക്ഷണിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനാവശ്യമായ ശക്തമായ ഇടപെടൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ജൂൺ മാസമാകുമ്പോഴേയ്ക്കും

കടലാക്രമണംമൂലം വലിയ പ്രശ്നങ്ങളുണ്ടാകും. പ്രത്യേകിച്ച് പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട് തീരപ്രദേശത്തെ വീടുകളിൽ നിന്നും ആളുകളെ മാറ്റി പാർപ്പിച്ചപ്പോൾ ആ പ്രദേശങ്ങളെല്ലാം ഒഴിഞ്ഞുകിടക്കുകയാണ്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് ഇക്കാര്യം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചത് അർത്ഥവത്തായ വിഷയമാണ്. പ്രത്യേകിച്ച്, കടലാക്രമണവുമായി ബന്ധപ്പെട്ട് ആ പ്രദേശം നേരിടുന്ന വിഷയങ്ങളാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. കടൽത്തീരത്തുണ്ടായ ഇത്തരം വിഷയങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഉന്നയിക്കപ്പെട്ട പ്രദേശങ്ങൾ ഹോട്ട്സ്പോട്ട് ഏരിയയാക്കി ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയ്യമംഗലം നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 8 പ്രവൃത്തികൾക്ക് 104.17 ലക്ഷം രൂപയുടെയും 2022-23-ൽ നാല് പ്രവൃത്തികൾക്ക് 106.4 ലക്ഷം രൂപയുടെയും 2023-24

സാമ്പത്തിക വർഷത്തിൽ 5 പ്രവൃത്തികൾക്ക് 61 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് പഠിക്കാനായി കേന്ദ്ര ജലകമ്മീഷനിലെയും ഐ.ഐ.ടി. ചെന്നൈയിലെയും ജലസേചനവകുപ്പിലെയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ തീരസംരക്ഷണത്തിനായി ഹോട്ട്സ്പോട്ട് പ്രദേശങ്ങൾ കണ്ടെത്തുകയുണ്ടായി. അതിലൊന്നാണ് തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തെ കൊടുങ്ങല്ലൂർ തീരപ്രദേശം. 25-1-2021-ൽ ജലസേചനവകുപ്പ് കേരള തീരപ്രദേശത്തെ നിർദ്ദിഷ്ടമേഖലകളിൽ ശാസ്ത്രീയപഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവൃത്തിക്കുന്ന N.C.C.R (National Centre for Costal Research) എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചു. ഇതിനെതുടർന്ന് തീരസംരക്ഷണത്തിനായി വിശദമായ പഠനങ്ങൾ ആവശ്യപ്പെട്ടതിനാൽ എൻ.സി.സി.ആർ.-ന്റെ നേതൃത്വത്തിൽ ഹോട്ട്സ്പോട്ടുകളിൽ പ്രാഥമിക വിവരശേഖരണം നടത്തുകയുണ്ടായി. ഇതിൽ ശംഖുമുഖം, കൊല്ലംകോട്,

ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കാപ്പാട് എന്നീ ഹോട്ട്സ്പോട്ടുകളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് എൻ.സി.സി.ആർ. കയ്പമംഗലമുൾപ്പെടെയുള്ള 4 ഹോട്ട് സ്പോട്ടുകളായ പൊന്നാനി, തലശ്ശേരി, കൊടുങ്ങല്ലൂർ, വലിയപറമ്പ് എന്നിവയുടെ കരട് രൂപരേഖ തയ്യാറാക്കിയെങ്കിലും ജലസേചനവകുപ്പ് ചില സാങ്കേതികമാറ്റങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ എൻ.സി.സി.ആർ. വിദഗ്ധർ 4 ഹോട്ട്സ്പോട്ടുകളിൽ സ്ഥലപരിശോധന നടത്തുകയും അവയുടെ രൂപരേഖ തയ്യാറാക്കുന്നതിന് അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് എൻ.സി.സി.ആർ. പ്രതിനിധികളെ തിരുവനന്തപുരത്ത് ക്ഷണിച്ചുവരുത്തി സർക്കാർ തലത്തിൽ 31-1-2024-ന് ചർച്ച നടത്തുകയും ഡിസൈൻ എത്രയുംവേഗം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ എൻ.സി.സി.ആർ. പ്രതിനിധികളെ ഇവിടേയ്ക്ക് വിളിച്ചുവരുത്തി ഇതിന്റെ ഗൗരവം പൂർണ്ണമായും മനസ്സിലാക്കി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അവസാനഘട്ട

തീരുമാനമെടുക്കുന്നതിനുമുമ്പ് സ്ഥലം എം.എൽ.എ.യെക്കൂടി ഉൾപ്പെടുത്തി ഒരു മീറ്റിംഗ് വിളിച്ചു ചേർത്ത് പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് പരിപൂർണ്ണ ശ്രദ്ധ ചെലുത്തുന്നതാണ്.

(2) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി

ശ്രീ. സി. ആർ. മഹേഷ്: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. പ്രത്യേകിച്ച് തൊടിയൂർ പഞ്ചായത്തിലെ കല്ലേലിഭാഗം എന്ന പ്രദേശത്ത് വെള്ളം ലഭിച്ചിട്ട് ഒരു മാസമാവുകയാണ്. അവിടത്തെ ജനങ്ങൾ കുടിവെള്ളമില്ലാതെ ബുദ്ധിമുട്ടുകയാണ്. കൂടാതെ തൊടിയൂർ, തഴവ, ക്ലാപ്പന, ആലപ്പാട്, കരുനാഗപ്പള്ളി നഗരസഭ, കുലശേഖരപുരം, ഓച്ചിറ എന്നീ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം നിലനിൽക്കുകയാണ്. ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഏക ആശ്രയം വർഷങ്ങൾക്കുമുമ്പ് നിലവിൽവന്ന ഓച്ചിറ കുടിവെള്ള പദ്ധതി മാത്രമാണ്. അവിടെ മറ്റൊരു പദ്ധതിയും ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം കരുനാഗപ്പള്ളി നഗരസഭയിലെ ശുദ്ധജലക്ഷാമം

പരിഹരിക്കാൻ 'അമൃത് പദ്ധതി'-യിൽ 52 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ശാസ്താംകോട്ട ശുദ്ധജല വിതരണശാലയിൽനിന്നും കരുനാഗപ്പള്ളി നഗരസഭയിലെ താച്ചയിൽമുക്കിലുള്ള സംഭരണശാലയിൽ ജലമെത്തിച്ച് നഗരസഭയിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇതിൽ പന്മന പഞ്ചായത്തിലെ കോലത്ത്മുക്കിൽനിന്നും താച്ചയിൽമുക്കുവരെ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി 17.14 കോടി രൂപയുടെ ഭരണാനുമതി മാത്രമാണ് ലഭിച്ചത്. ഇവിടെ ആറ് കിലോമീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. നാഷണൽ ഹൈവേയിലൂടെയാണ് ഇത് സ്ഥാപിക്കേണ്ടത്. അവിടെ ഹൈവേയുടെ വികസനം നടക്കുന്നതിനാൽ പ്രവൃത്തിക്ക് തടസ്സം നേരിടുകയാണ്. അതുകൊണ്ട് ബാക്കി തുക അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുകയും നാഷണൽ ഹൈവേ അതോറിറ്റിയുടെ തടസ്സം മാറ്റിയെടുക്കുകയും ചെയ്താൽ മുനിസിപ്പാലിറ്റി പരിധിയിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കും. ഈ പദ്ധതി പൂർത്തീകരിച്ചാൽ ഓച്ചിറ കൂടിവെള്ള പദ്ധതിയിൽനിന്നും കരുനാഗപ്പള്ളി നഗരസഭയിൽ വിതരണം

ചെയ്യുന്ന ജലം കുടിവെള്ളപ്രശ്നം രൂക്ഷമായ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളുൾപ്പെടുന്ന കരുനാഗപ്പള്ളി-കുന്നത്തൂർ സംയുക്ത കുടിവെള്ള പദ്ധതി വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്തണമെന്ന് അപേക്ഷിക്കുകയാണ്. ഇതിനുവേണ്ടി അമൃത് പദ്ധതിയിലെയും വാട്ടർ അതോറിറ്റിയിലെയും നാഷണൽ ഹൈവേ അതോറിറ്റിയിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് കരുനാഗപ്പള്ളി നഗരസഭയിലെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ എന്നീ പ്രദേശങ്ങളിലും നിലവിൽ ജലവിതരണം നടത്തുന്നത് 2010-ൽ കമ്മീഷൻ ചെയ്ത 15 MLD സ്ഥാപിതശേഷിയുള്ള പദ്ധതിയിൽനിന്നാണ്. ഈ പദ്ധതിയിൽനിന്നും ഉല്പാദിപ്പിക്കുന്ന ശുദ്ധജലത്തിന്റെ അളവ്

കുറവായതിനാൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ ഇപ്പോൾ പൂർണ്ണമായും നിറവേറ്റാൻ സാധിക്കുന്നില്ല. ഇതിനുപുറമെ ജൽജീവൻ മിഷൻ പദ്ധതിയുടെകീഴിൽ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകിവരുന്നതിനാൽ ജല ഉപഭോഗം വർദ്ധിച്ചിരിക്കുകയാണ്. മുനിസിപ്പാലിറ്റിയിലെ മുഴുവൻ വീടുകളിലും വാട്ടർ കണക്ഷൻ നൽകുന്നതിനായി നിലവിലെ പദ്ധതി മെച്ചപ്പെടുത്തേണ്ടതുണ്ട്. ശാസ്താംകോട്ടയിൽ നിലവിലുള്ള 37 MLD ജലശുദ്ധീകരണശാലയിൽനിന്നുള്ള ശുദ്ധീകരിച്ച ജലം കൊല്ലം കോർപ്പറേഷനുവേണ്ടിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. കൊല്ലം കോർപ്പറേഷനിലേയ്ക്കുള്ള പുതിയ ജലവിതരണ പദ്ധതി (ഞാങ്കടവ് കുടിവെള്ള പദ്ധതി) കമ്മീഷൻ ചെയ്യുമ്പോൾ ശാസ്താംകോട്ടയിൽനിന്നുള്ള ജലത്തിന്റെ ഒരു ഭാഗം കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിക്ക് വിതരണം ചെയ്യാൻ സാധിക്കും. ഇത് പരിഗണിച്ച് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിക്കായി 52 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി അമൃത് 2.0-യിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോലത്ത്മുക്ക് മുതൽ താച്ചയിൽമുക്ക് വരെ

ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കാൻ താച്ചയിൽമുക്കിൽ മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, സമ്പിൽ പമ്പ് സ്ഥാപിക്കൽ, നിലവിലുള്ള കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ 7000 കുടിവെള്ള കണക്ഷനുകൾ എന്നിവയാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ആദ്യഘട്ടമായി കോലത്ത്മുക്ക് മുതൽ താച്ചയിൽമുക്ക് വരെ ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി 14.964 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. റോഡ് കട്ടിംഗിനുള്ള അനുമതി നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും ലഭ്യമാകുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. എൻ.എച്ച്.എ.ഐ.-യുമായി ഒരു സംയുക്ത പരിശോധന സമീപദിവസം അവിടെ നടത്തുകയുണ്ടായി. താച്ചയിൽമുക്കിൽ മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പിന്റെയും പമ്പ് ഹൗസിന്റെ നിർമ്മാണം, സമ്പിൽ പമ്പ് സ്ഥാപിക്കൽ, നിലവിലെ കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ

മാറ്റിസ്ഥാപിക്കൽ എന്നിവയുൾപ്പെടെ അമൃത് 2.0-ൽ അഡീഷണൽ പ്രൊപ്പോസലായി മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. അമൃത് 2.0-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കാൻ കഴിയും. പ്രസ്തുത പ്രോജക്ട് പൂർത്തിയാകുന്നതോടുകൂടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള ജലദൗർലഭ്യം പരിഹരിച്ച് ശുദ്ധജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

(3) ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സനീഷ് കുമാർ ജോസഫ്: സർ, ചോളരാജ ഭരണകാലത്ത് തമിഴ്നാട്ടിൽനിന്ന് കേരളത്തിലേയ്ക്ക് കുടിയേറിയ സൈനികരായിരുന്ന ചവളക്കാരൻ സമുദായം. ചവളം എന്ന ആയുധമുപയോഗിച്ച് യുദ്ധം ചെയ്തതിനാലാണ് ഇവർ ചവളക്കാരെന്ന് അറിയപ്പെട്ടത്. കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കഥകളിൽ ഇവരെക്കുറിച്ച് പരാമർശമുണ്ട്. കേരളത്തിലെ പിന്നാക്ക സമുദായങ്ങളിലൊന്നാണ് ചവളക്കാരൻ. കൃഷിയാണ് അവരുടെ പ്രധാന ഉപജീവനമാർഗ്ഗം. കേരളത്തിൽ പ്രധാനമായും തൃശ്ശൂർ, എറണാകുളം, വയനാട്, പാലക്കാട് ജില്ലകളിലാണ് ഈ വിഭാഗം അധിവസിക്കുന്നത്.

പനമ്പള്ളി ഗോവിന്ദ മേനോൻ കേന്ദ്ര നിയമവകുപ്പുമന്ത്രിയായിരിക്കെ ചവളക്കാരൻ ഉൾപ്പെടെയുള്ള സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്താനായി പാർലമെന്റിൽ 1967-ൽ അവതരിപ്പിച്ച പട്ടികജാതി-പട്ടികവർഗ്ഗ ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചെങ്കിലും അത് നിയമമായില്ല. ഈ കരട് ബില്ലിൽ കേരളത്തിൽനിന്ന് ചവളക്കാരൻ സമുദായത്തെ കൂടാതെ കുടുംബി, മഡിഗ എന്നീ സമുദായങ്ങളെയാണ് ശിപാർശ ചെയ്തിരുന്നത്. ഈ രണ്ട് സമുദായങ്ങളെയും ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുത്തിയെങ്കിലും ചവളക്കാരൻ സമുദായം 53 വർഷങ്ങൾക്കുശേഷവും ഒ.ബി.സി. വിഭാഗത്തിലാണ്. 2014-ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കെ ചവളക്കാരൻ സമുദായത്തിനടക്കം 30 സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചു. ഇതുപ്രകാരം ആറ് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് ഫീസാനുകൂല്യം ലഭിക്കും. പട്ടികജാതി വിഭാഗത്തിലും ഒ.ഇ.സി. ലിസ്റ്റിലും ഇവരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ജസ്റ്റിസ് ജി. ശശിധരൻ ചെയർമാനായ പിന്നാക്ക വിഭാഗ കമ്മീഷൻ 2023 മാർച്ചിൽ

സിറ്റിംഗ് നടത്തിയിട്ടുണ്ട്. സിറ്റിംഗിൽ പങ്കെടുത്ത കിർത്താർഡ്സ് ഉദ്യോഗസ്ഥൻ ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുത്തുന്നതിനെ തത്വത്തിൽ അംഗീകരിച്ചിരുന്നു. ഈ സമുദായത്തെ പൂർണ്ണമായി ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ ക്രമനമ്പർ 12-ലുൾപ്പെട്ട ചവളക്കാരൻ സമുദായം എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് പ്രധാനമായും അധിവസിക്കുന്നത്. സംസ്ഥാനത്ത് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽ അതായത്, എസ്.ഇ.ബി.സി.-യിൽ ക്രമനമ്പർ 9 ആയി പ്രസ്തുത സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ഒ.ഇ.സി. വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന വിഭാഗങ്ങളുടെ പട്ടികയിൽ ക്രമനമ്പർ 21-ആയും ഈ സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ

ഏതെങ്കിലും ഒരു വിഭാഗത്തെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശയിന്മേൽ കേന്ദ്ര സർക്കാർ തീരുമാനം വൈകുകയോ നിരാകരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് ഒരു വിഭാഗത്തെ മറ്റ് അർഹതാ വിഭാഗ പട്ടികയിൽ (ഒ.ഇ.സി.) ഉൾപ്പെടുത്തുന്നത്. ചവളക്കാരൻ സമുദായത്തെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുത്തുന്നതിന് ഇതുവരെ സംസ്ഥാന സർക്കാർ ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത സമുദായത്തെ ഒ.ഇ.സി. പട്ടികയിലുൾപ്പെടുത്തണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചപോലെ, 6 ലക്ഷം രൂപ കുടുംബ വാർഷിക വരുമാനപരിധി നിശ്ചയിച്ച് മറ്റർഹതാ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസ – സാമ്പത്തിക ആനുകൂല്യങ്ങളും ചവളക്കാരൻ സമുദായത്തിനും അനുവദിച്ചുവരുന്നുണ്ട്. നിലവിലെ സ്ഥിതിയിൽ അത്രമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഭാവിയിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(4) സഞ്ചാര സ്വാതന്ത്ര്യം പുനഃസ്ഥാപിക്കൽ

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മണ്ഡലത്തിലെ കോരപ്പുഴ മുതൽ മൂരാട് പാലം വരെയുള്ള റെയിൽവേ ട്രാക്കിന്റെ കിഴക്ക്-പടിഞ്ഞാറ് ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് പ്രധാനപ്പെട്ട ഭാഗങ്ങളിൽ ട്രാക്ക് മറികടക്കുന്നതിന് അണ്ടർപാസ്സുകളോ ഫൂട്ട് ഓവർ ബ്രിഡ്ജുകളോ നിലവിലില്ല. ഇവിടത്തെ ജനങ്ങൾ സ്റ്റെപ്പുകൾ കയറിയാണ് ഇരുഭാഗങ്ങളിലേയ്ക്കും സഞ്ചരിക്കുന്നത്. എന്നാൽ, റെയിൽവേ അധികൃതർ യാതൊരു മുന്നറിയിപ്പുകളോ ബദൽ സംവിധാനങ്ങളോ ഏർപ്പെടുത്താതെ ജനങ്ങൾ കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്ന ഈ വഴികളിലെ സ്റ്റെപ്പുകൾ പൊളിച്ചുമാറ്റി കെട്ടിയടയ്ക്കുകയാണ്. തദ്ദേശവാസികൾക്ക് തൊട്ടടുത്തുള്ള പ്രദേശത്തേയ്ക്കുപോലും പ്രവേശിക്കാൻ കിലോമീറ്ററുകളോളം യാത്രചെയ്യേണ്ട ഗതികേടാണ് നിലവിലുള്ളത്. തിക്കോടി മുതൽ ഇരിങ്ങൽ വരെയുള്ള നിരവധി വഴികളാണ് ഇത്തരത്തിൽ കെട്ടിയടച്ചിരിക്കുന്നത്. ട്രാക്കിനെ മറികടന്നുള്ള സ്റ്റെപ്പുകൾ കയറിയാൽ മാത്രമേ കോരപ്പുഴ സ്കൂളിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. വഴികൾ കെട്ടിയടച്ചതിലൂടെ

ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്ന നിലപാടാണ് റെയിൽവെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഭാഗത്തുകൂടി കടന്നുപോകാനുള്ള ജനങ്ങളുടെ യാത്രാസ്വാതന്ത്ര്യം പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട റെയിൽവേകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കൊയിലാണ്ടി മേഖലയിൽ കോരപ്പുഴ മുതൽ മൂരാട് പാലം വരെയുള്ള റെയിൽവേ ട്രാക്കിന്റെ വശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ റെയിൽപാളം മറികടന്നാണ് യാത്രചെയ്യുന്നത്. ജനങ്ങൾ ഇരുഭാഗങ്ങളിലേയ്ക്കും കടക്കുന്നതിന് ഉപയോഗിച്ചിരുന്ന സ്റ്റെപ്പുകളാണ് ഇപ്പോൾ പൊളിച്ചുമാറ്റപ്പെട്ടിരിക്കുന്നത്. ഇത് ആ പ്രദേശത്തെ ജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, റെയിൽവെ നിയമത്തിലെ സെക്ഷൻ 147 പ്രകാരം റെയിൽവെ ഭൂമി അതിക്രമിച്ച്

കടക്കുന്നത് പിഴയോ തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്. റെയിൽവെയുടെ ഭൂമിയിൽ ഇത്തരം റെയിൽപാതകൾ മറികടക്കുന്നത് തടയുകയെന്നത് റെയിൽവെയുടെ പ്രധാന സുരക്ഷാ മുൻകരുതലാണ്. ഇക്കാരണത്താലാണ് റെയിൽവെ ഭൂമിയിലേയ്ക്ക് പോകുന്ന വഴികൾ/പടവുകൾ പൊളിച്ച് മാർഗ്ഗതടസ്സം സൃഷ്ടിച്ചിരിക്കുന്നത്. ഇക്കാര്യം റെയിൽവെ അധികൃതർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റെയിൽവെ ലൈൻ മുറിച്ചുകടക്കുന്നത് മാരകമായ അപകടങ്ങൾക്കും ട്രെയിനുകൾ പാളം തെറ്റുന്നതിനും കാരണമാകുകയും അത് ട്രെയിൻ യാത്രക്കാരുടെ സുരക്ഷയെയും റെയിൽവേ പ്രവർത്തനത്തെയും ബാധിക്കുകയും ചെയ്യും. കഴിഞ്ഞ നാല് വർഷത്തിനിടെ റെയിൽവെയുടെ ഭൂമിയിൽ അതിക്രമിച്ച് കയറിയ 800-ലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടതായി റെയിൽവേ അധികൃതർ അറിയിക്കുകയുണ്ടായി. റെയിൽവെയുടെ ഭൂമിയിലേയ്ക്കുള്ള പാതകൾ അടയ്ക്കുന്നതും അത്തരം പാതകളിൽ തടസ്സങ്ങൾ സ്ഥാപിക്കുന്നതും സുരക്ഷാ മുൻകരുതലുകളുടെ ഭാഗമാണെങ്കിൽപ്പോലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ പ്രദേശത്തെ യാത്രാദുരിതം മനസ്സിലാക്കി അവിടെ

ഒരു ഫൂട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെടാവുന്നതാണ്.

(5) പൊന്മുടി ഗവൺമെന്റ് യു.പി. സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ മണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിലുൾപ്പെട്ട പൊന്മുടി ഒരു മലയോര ടൂറിസ്റ്റ് കേന്ദ്രമാണ്. ഇവിടെ ഒരു ഗവൺമെന്റ് യു.പി. സ്കൂളും ഒരു അങ്കണവാടിയും പ്രവർത്തിക്കുന്നുണ്ട്. എൽ.പി., യു.പി. സ്കൂളിലും അങ്കണവാടിയിലും പൊന്മുടി മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ തൊഴിലാളികളുടെ കുട്ടികളാണ് പഠിക്കുന്നത്. വനത്താൽ ചുറ്റപ്പെട്ട ഈ സ്കൂളിന് ചുറ്റുമതിലില്ല. സ്കൂൾ അതിർത്തി സംബന്ധിച്ച് വനം വകുപ്പും സ്കൂൾ അധികൃതരും തമ്മിലുള്ള തർക്കം നിലനിൽക്കുന്നതിനാലാണ് ചുറ്റുമതിൽ നിർമ്മിക്കാൻ സാധിക്കാത്തത്. സ്കൂൾ രേഖകളും വില്ലേജ് ഓഫീസ് രേഖകളും പ്രകാരം സ്കൂൾ ഏരിയ 2.25 ഏക്കറുള്ളതായി കാണുന്നുണ്ടെങ്കിലും വനം വകുപ്പ് ഇത് പൂർണ്ണമായും അംഗീകരിക്കുന്നില്ല. അതിനാൽ രേഖകൾ പരിശോധിച്ച് അതിർത്തി നിർണ്ണയിച്ചുനൽകാനും ആവശ്യമായ സുരക്ഷാവേലി സ്ഥാപിച്ച് സ്കൂൾ സുരക്ഷിതമാക്കാനും കഴിയണം. ഇതിന്

പരിഹാരം കാണണമെങ്കിൽ അതിർത്തി തർക്കം പരിഹരിക്കപ്പെടണം. നിലവിൽ അവിടെ ആനശല്യം മാത്രമല്ല പുലിയുടെ സാന്നിദ്ധ്യവും നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടുകയും അധികൃതർ അത് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ടി തർക്കം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വനം വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിലുള്ള കുളത്തുപ്പുഴ റേഞ്ചിലെ പൊന്മുടി സെക്ഷൻ പരിധിയിൽപ്പെട്ട വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന പൊന്മുടി യു.പി. സ്കൂളിലെ പാചകത്തൊഴിലാളികൾ 100 മീറ്റർ പരിധിയിൽ പുലിയെ കണ്ടതായി അറിയിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പുവരുത്തണമെന്നും നിലവിൽ സ്കൂളിന്റെ കൈവശമുള്ള 47 സെന്റ് സ്ഥലത്ത് അടിയന്തരമായി സുരക്ഷാവേലി നിർമ്മിച്ചുനൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊന്മുടി ഗവൺമെന്റ് യു. പി. സ്കൂളിന്റെ 2.25

ഏക്കർ സ്ഥലം വനം വകുപ്പിൽനിന്നും അനുവദിച്ച് നൽകിയിരുന്നുവെന്നും ടി ഭൂമി വേർതിരിച്ച് ചുറ്റുമതിൽ കെട്ടുന്നതിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഹെഡ്മിസ്ട്രസ് കത്ത് നൽകുകയും ആയതുപ്രകാരം ടി സ്ഥലം പരിശോധിക്കുകയും ചെയ്തിരുന്നു. സ്കൂൾ അധികൃതർ ഹാജരാക്കിയതും 14-6-1964-ൽ പൊന്മുടി സ്കൂൾ ഹെഡ്മിസ്ട്രസിന് വില്ലേജ് ഓഫീസർ നൽകിയിട്ടുള്ളതുമായ രേഖയുടെ ആധികാരികത സ്ഥിരീകരിച്ചിട്ടില്ല. സ്കൂളിന് 2.25 ഏക്കർ വനഭൂമി നൽകിയത് സംബന്ധിച്ച് തെന്നൂർ വില്ലേജിലെ എ-രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കാണുന്നുണ്ടെങ്കിലും 1980 വരെയും കൈമാറ്റം നടന്നിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ബാലാവകാശ കമ്മീഷൻ സ്ഥലം സന്ദർശിക്കുകയും റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂളിന്റെ കൈവശസ്ഥലം അളന്ന് സ്കെച്ച് തയ്യാറാക്കുകയും നിലവിൽ സ്കൂളിന് 47 സെന്റ് മാത്രമേ കൈവശത്തിലുള്ളൂവെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 12-9-2023-ന് ചേർന്ന യോഗത്തിൽ യു. പി. സ്കൂളിന് 1.10 ഏക്കർ ഭൂമി ആവശ്യമാണെന്ന് കേരള എഡ്യൂക്കേഷൻ റൂൾ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ടെന്നും ഒരു റസിഡൻഷ്യൽ സ്കൂൾ

നിർമ്മിക്കുന്നതിലേയ്ക്ക് 2.25 ഏക്കർ ഭൂമി ആവശ്യമാണെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ അറിയിച്ചിട്ടുണ്ട്. ആയത് അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കേരള സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുറവിലങ്ങാട്-കോഴ കേന്ദ്രമായി യാഥാർത്ഥ്യമാകുന്ന കേരള സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയാണെങ്കിലും ഏകദേശം 90 ശതമാനം ഫണ്ടും ഇപ്പോൾ സംസ്ഥാന ഗവൺമെന്റാണ് മുതൽമുടക്കുന്നത്. 100 കോടി രൂപയുടെ പദ്ധതിയിൽ 60-70 കോടി രൂപയോളം സംസ്ഥാന ഗവൺമെന്റ് മുടക്കിക്കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതിക്കായി നാമമാത്ര തുകയാണ് കേന്ദ്ര ഗവൺമെന്റ് മുടക്കിയത്.

ഇനിയുള്ള പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ പൂർത്തിയാക്കേണ്ട സ്ഥിതിയിലാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. 2012-ലെ സംസ്ഥാന ബഡ്ജറ്റിലാണ് സയൻസ് സിറ്റി പ്രഖ്യാപിച്ചത്. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കടുത്തുരുത്തിയിലെ കുറവിലങ്ങാട് കേന്ദ്രമായി സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ 10 വർഷക്കാലമായി ഇഴഞ്ഞുനീങ്ങിയാണ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി അവിടം സന്ദർശിച്ചത് ഞങ്ങളെല്ലാവരും വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷെ, അതനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിവിധ വിഭാഗങ്ങളെ കോ-ഓർഡിനേറ്റ് ചെയ്ത് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടവർ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ഇത്രയും കോടിരൂപ മുതൽമുടക്കിയശേഷം നിരവധി കാര്യങ്ങൾ അനാഥാവസ്ഥയിൽ നിൽക്കുന്ന സ്ഥിതിവിശേഷം മാധ്യമങ്ങൾ മുഴുവൻ റിപ്പോർട്ട്

ചെയ്തിരിക്കുകയാണ്. പ്രസ്തുത സ്ഥലം കാടുപിടിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഇടപെടൽ അത്യന്താപേക്ഷിതമാണ്. സ്പേസ് തീയേറ്റർ കെട്ടിടത്തിലെ മൈക്രോ കോൺക്രീറ്റിംഗ് ജോലി സ്തംഭനാവസ്ഥയിലാണ്. ഇതിന് ബദൽ സംവിധാനമുണ്ടാക്കുമെന്ന് മന്ത്രിതല യോഗത്തിൽ തീരുമാനിച്ചെങ്കിലും അതിനാവശ്യമായ നടപടികളുണ്ടായിട്ടില്ല. ടെക്നിക്കൽ കമ്മിറ്റി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നിർമ്മാണരംഗത്ത് നടപ്പാക്കുന്നതിനോ ആന്തരിക റോഡുകളുടെ വികസനം നടപ്പാക്കുന്നതിനോ സാധിച്ചിട്ടില്ല. ജലസംഭരണിയുടെ നിർമ്മാണം, വൈദ്യുതീകരണം, പ്രവേശനകവാടങ്ങളുടെ പൂർത്തീകരണം എന്നിവ സ്തംഭനാവസ്ഥയിലാണ്. ഏതാനും ജീവനക്കാർ വന്നുപോകുന്നുവെന്നല്ലാതെ ഇപ്പോൾ യാതൊരു കാര്യങ്ങളും നടക്കുന്നില്ല. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രോജക്ടാണിത്. ഇത് ഫലപ്രദമായി കോ-ഓർഡിനേറ്റ് ചെയ്യാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ ശ്രമിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. പക്ഷെ,

അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ തൃപ്തികരമായി മുന്നോട്ടുപോകുന്നില്ല. അതിനാൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇടപെട്ട് ഇക്കാര്യങ്ങൾ പരിഹരിക്കാനും എത്രയുംപെട്ടെന്ന് ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനം 2014-ലാണ് ആരംഭിച്ചത്. സയൻസ് സെന്റർ, ത്രിമാന പ്ലാനറ്റോറിയവും ബഹിരാകാശ ശാസ്ത്ര ഗാലറിയും ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്റർ, മോഷൻ സിമുലേറ്റർ, ആംഫി തിയേറ്റർ എന്നിവയാണ് ആദ്യഘട്ടമായി സയൻസ് സിറ്റിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതിൽ സ്പേസ് തിയേറ്റർ, മോഷൻ സിമുലേറ്റർ, ആംഫി തിയേറ്റർ, എൻട്രൻസ് പ്ലാസ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം 2014-15-ൽ തുടങ്ങിയെങ്കിലും വിവിധ

കാരണങ്ങളാൽ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയിലായിരുന്നു. കോട്ടയം സയൻസ് സിറ്റിയുടെ മുടങ്ങിക്കിടന്നിരുന്ന പ്രവൃത്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 2022 ഡിസംബർ 23-ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി കോട്ടയം സയൻസ് സിറ്റി സന്ദർശിക്കുകയും എം.പി./എം.എൽ.എ., മറ്റ് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിക്കുകയും നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുകയും ഏജൻസികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയായ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയം മേയ് 22-ന് സയൻസ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അതോടൊപ്പം മോഷൻ സിമുലേറ്റർ കെട്ടിടം, ആംഫി തിയേറ്റർ, എൻട്രൻസ് പ്ലാസ കെട്ടിടം, പ്രവേശന കവാടങ്ങൾ എന്നിവയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഫുഡ് കോർട്ട് കെട്ടിടം, വൈദ്യുതീകരണ പ്രവൃത്തികൾ, ജലവിതരണ സംവിധാനം എന്നിവയുടെ പണി

പൂർത്തിയായിവരുന്നു. മൈക്രോ കോൺക്രീറ്റിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കാരണം സ്പേസ് തീയേറ്റർ നിർമ്മാണം സ്തംഭനാവസ്ഥയിലായിരുന്നുവെങ്കിലും വിശദമായ ചർച്ചകൾക്കൊടുവിൽ മൈക്രോ കോൺക്രീറ്റിംഗിന് പകരം സംവിധാനമൊരുക്കി പ്രവൃത്തി പൂർത്തിയാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസി സ്പേസ് തീയേറ്റർ അടിയന്തരമായി പൂർത്തിയാക്കാൻ പുതിയ ദർഘാസ് ക്ഷണിക്കുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ സ്ഥാപിക്കാനുള്ള പ്ലാനറ്റോറിയം ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജർമ്മൻ കമ്പനിയായ Carl Zeiss സുപ്രീംകോടതിയിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നടന്നുവരികയാണ്. കോട്ടയം സയൻസ് സിറ്റിയുടെ ആദ്യഘട്ടമായി ഫൺ സയൻസ്, മൈൻ ലൈഫ് ആൻഡ് സയൻസ്, എമർജിംഗ് ടെക്നോളജി എന്നീ ശാസ്ത്ര ഗാലറികളും ത്രിമാന തിയേറ്ററും വിവിധ വർക്ക്ഷോപ്പുകളും ഓഡിറ്റോറിയവും സയൻസ് പാർക്കും ദിനോസർ പാർക്കും ഉൾപ്പെട്ട സയൻസ് സെന്റർ പൊതുജനങ്ങൾക്ക്

തുറന്നുകൊടുക്കുന്നതിനായി ക്യാമ്പസ്സിനുള്ളിലെ റോഡുകളുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം എന്നിവകൂടിയാണ് പൂർത്തീകരിക്കേണ്ടത്. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ക്യാമ്പസ്സിനുള്ളിലെ റോഡുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. വൈദ്യുതീകരണ പ്രവൃത്തികളുടെ ചുമതല പൊതുമേഖലാ സ്ഥാപനമായ കെൽ-നെ ഏൽപ്പിച്ചിട്ടുണ്ട്. സയൻസ് സെന്ററിലേയ്ക്കും അനുബന്ധ കെട്ടിടങ്ങളിലേയ്ക്കുമുള്ള ജലവിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. സയൻസ് സിറ്റിയുടെ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് തുടർച്ചയായി അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുന്നുണ്ട്. സാങ്കേതികപ്രശ്നങ്ങൾ പരിഹരിച്ചും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയും സമയബന്ധിതമായി സയൻസ് സിറ്റി പൂർണ്ണമായും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരുടെ യോഗം വീണ്ടും ചേരാവുന്നതാണ്.

(7) മലമ്പുഴ ഉദ്യാന നവീകരണം

ശ്രീ. എ. പ്രഭാകരൻ: സർ, ടൂറിസം മേഖലയിൽ സംസ്ഥാനം മികച്ച പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെയാണ് ഇത്തരമൊരു നേട്ടം കൈവരിക്കാൻ സാധിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ മലമ്പുഴ ഉദ്യാനത്തിന്റെ ദയനീയാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കാനാണ് ഈ സബ്മിഷനിലൂടെ ശ്രമിക്കുന്നത്. ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ടൊരു വിനോദസഞ്ചാര കേന്ദ്രമാണ് മലമ്പുഴ ഉദ്യാനം. പ്രസ്തുത കേന്ദ്രം ജനങ്ങളെ ആകർഷിക്കുന്ന കാര്യത്തിൽ ഇപ്പോഴും ഒട്ടും കുറവുണ്ടായിട്ടില്ല. ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ ലക്ഷക്കണക്കിന് ആൾക്കാർ അവിടെ വന്നുപോകുന്നുണ്ട്. മലമ്പുഴ ഉദ്യാനത്തിന്റെ നിലവിലെ സ്ഥിതി ദയനീയമാണെന്നാണ് സഞ്ചാരികൾ അഭിപ്രായപ്പെടുന്നത്. മലമ്പുഴ ഉദ്യാന നവീകരണത്തിനുവേണ്ടി 2018-19-ലെ ബഡ്ജറ്റിൽ 10 കോടിരൂപ നീക്കിവച്ചിരുന്നു. ജലസേചന വകുപ്പും വിനോദസഞ്ചാര വകുപ്പും സംയുക്തമായാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. പ്രസ്തുത വകുപ്പുകളുടെ

ഏകീകരണമില്ലായ്മയാണ് മലമ്പുഴ ഉദ്യാനത്തിന്റെ ശോചനീയാവസ്ഥയ്ക്ക് കാരണം. കഴിഞ്ഞ ജനുവരി മാസം 23-ാം തീയതി മുതൽ 28-ാം തീയതിവരെ അവിടെ പുഷ്പമേള സംഘടിപ്പിച്ചിരുന്നു. അതിൽനിന്നും 49,80,000 രൂപ ഗേറ്റ് കളക്ഷനായി ലഭിക്കുകയുണ്ടായി. പഴയ പ്രതാപത്തിന്റെ പേരിൽ ജനങ്ങൾ അവിടെ വന്നുപോകുകയാണ്. പക്ഷെ, അവിടെ ഒരു നവീകരണവും നടക്കുന്നില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകൈയെടുത്ത് രണ്ട് വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് യോഗം ചേർന്ന് ഒരു തീരുമാനത്തിലെത്താനും മലമ്പുഴ ഉദ്യാന നവീകരണത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും 2018-19-ൽ നീക്കിവച്ച തുക ചെലവഴിക്കാനുള്ള പ്രാരംഭ പ്രവർത്തനം നടത്താനും തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് മലമ്പുഴ ഉദ്യാനം. ഞാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമാണ് മലമ്പുഴ ഉദ്യാനം. മലമ്പുഴ

വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം സംബന്ധിച്ച് നേരത്തെയും ശ്രീ. എ. പ്രഭാകരൻ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹം അതിനുവേണ്ടി ആത്മാർത്ഥമായ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മലമ്പുഴയെ മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കി ഉയർത്തുന്നതിന് 10 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിന്റെ വിശദവിവരങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതോടാപ്പം അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനും ടൂറിസം വകുപ്പ് ഫണ്ടനുവദിച്ചിരുന്നു. നമ്മുടെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും ഒരു പ്രധാന പ്രശ്നം മികച്ച ടോയ്ലറ്റ് ബ്ലോക്ക് ഇല്ലെന്നുള്ളതാണ്. അത് പരിഹരിക്കുന്നതിനായി ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ടോയ്ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കാൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചു. മലമ്പുഴ ഡാമും പരിസരവും ജലവിഭവ വകുപ്പിന്റെ അധീനതയിലാണെന്ന് ഇവിടെ സൂചിപ്പിച്ചു. ടൂറിസം വകുപ്പ് വിഭാവനം ചെയ്ത രണ്ട് പദ്ധതികളും ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. മലമ്പുഴയുടെ വികസന പദ്ധതി ഇനിയും നീട്ടിക്കൊണ്ടുപോകാൻ സാധിക്കില്ലെന്നത് ഒരു

വസ്തുതയാണ്. ഇപ്പോഴും നിരവധി സഞ്ചാരികളെത്തുന്ന കേന്ദ്രമാണ് മലമ്പുഴ. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ഇക്കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. അദ്ദേഹം പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, പാലക്കാട് ജില്ലാ കളക്ടർ, വകുപ്പ് സെക്രട്ടറിമാർ, ബഹുമാനപ്പെട്ട എം.എൽ.എ., ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(8) തിരുവനന്തപുരം നഗരത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം നഗരത്തിലെ ടൂറിസം വികനസപ്രവർത്തനങ്ങളെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി വികസന പദ്ധതികൾ നഗരത്തിൽ നടപ്പാക്കിവരികയാണ്. അതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. മാനവീയം വീഥി, അയ്യങ്കാളി ഹാളിനുസമീപത്തുള്ള റോഡ്, ശംഖുംമുഖം ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് സെന്റർ, ആക്കുളം അഡ്വഞ്ചർ ടൂറിസം പാർക്ക് എന്നിവിടങ്ങളിലെല്ലാം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

അവിടത്തെ വികസന പരിപാടികൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ശംഖുംമുഖം ഉൾപ്പെടെ എം.ജി. കോളേജിന് മുൻവശത്തടക്കം ഫുഡ്സ്ട്രീറ്റ് ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മുന്നിൽ Augmented reality heritage walkway ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുമെന്നും ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. അയ്യങ്കാളി ഹാളിനുമുന്നിൽ നൈറ്റ് ലൈഫ് പദ്ധതിയുൾപ്പെടെ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമായ കാര്യമാണ്. ഇത്തരം പദ്ധതിയിൽ കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുന്നതിലൂടെ ടൂറിസ്റ്റുകളെ നഗരത്തിലേയ്ക്ക് ആകർഷിക്കാൻ സാധിക്കും. ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ അവിടെ ഒരുക്കുന്നതിനുള്ള ശ്രമങ്ങൾകൂടി നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. പോലീസ് എയ്ഡ്പോസ്റ്റ്, ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അവിടെ ഒരുക്കുന്നത് തീർച്ചയായും ഉചിതമായിരിക്കും. പത്മനാഭസ്വാമി

ക്ഷേത്രത്തിലേയ്ക്ക് വരുന്നവരെ ഇത്തരം സെന്ററുകളിലേയ്ക്കുകൂടി എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് നല്ലതായിരിക്കും. ഇവിടങ്ങളിലെ മതസ്ഥാപനങ്ങളുടെ മുൻവശം ഇത്തരം ക്രമീകരണങ്ങളുടെ ഭാഗമായി ഒരുക്കുമ്പോൾ പ്രത്യേക കരുതൽ നടത്തണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്. സംസ്ഥാനത്തെ ടൂറിസം വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരുവനന്തപുരം നഗരം ഇപ്പോൾ തലസ്ഥാനനഗരി എന്നതിലുപരി ഫെസ്റ്റിവൽ സിറ്റിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. വർഷത്തിലെ മിക്ക മാസങ്ങളിലും എന്തെങ്കിലുമൊരു ഫെസ്റ്റിവൽ/ഒരു ഒത്തുചേരൽ തിരുവനന്തപുരം നഗരത്തിൽ നടക്കുന്നുണ്ട്. ഓണാഘോഷമായാലും കേരളീയം പരിപാടിയായാലും പുതുവത്സരാഘോഷത്തിന്റെ ഭാഗമായ പരിപാടികളായാലും നമുക്കത് ദർശിക്കാൻ സാധിക്കും. സംസ്ഥാനത്തേയ്ക്ക് വരുന്ന സഞ്ചാരികൾക്കെല്ലാം ആഹ്ലാദം നൽകുന്ന രീതിയിലേയ്ക്ക് തിരുവനന്തപുരം നഗരത്തെ

മാറ്റേണ്ടതുണ്ടെന്ന ലക്ഷ്യത്തോടുകൂടി വൈവിദ്ധ്യമാർന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. നഗരത്തിന്റെ മുഖഛായ മാറ്റുകയെന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുമായും തിരുവനന്തപുരം കോർപ്പറേഷനുമായും ചേർന്ന് നിരവധി പദ്ധതികൾ നടപ്പാക്കിവരികയാണ്. ശ്രീ. വി. കെ. പ്രശാന്ത് ഇവിടെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം നഗരപിതാവായിരുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം തിരുവനന്തപുരം നഗരത്തിന്റെ മുക്കുംമൂലയും അറിയുന്ന വ്യക്തികൂടിയാണ്. പൊതുയിടങ്ങളെ ആകർഷകവും ജനസൗഹൃദവുമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ പദ്ധതികൾക്ക് രൂപം നൽകുന്നത്. നമ്മുടെ തൊഴിൽരീതികളിലും സമയക്രമങ്ങളിലും നിലവിൽ നല്ല വ്യത്യാസം വന്നിട്ടുണ്ട്. നേരത്തെ ഒരു വീട്ടിൽ രക്ഷിതാക്കൾ ജോലികഴിഞ്ഞ് വന്നാൽ വൈകുന്നേരം ഒരു സിനിമയ്ക്ക് പോകും. ഇപ്പോൾ ജോലികഴിഞ്ഞ് വരുന്ന സമയം വൈകുന്നേരമല്ല, രാത്രിയാണ്. ഏഴര-എട്ടുമണിയോളമാകും അവർ വീട്ടിൽ തിരിച്ചെത്താൻ. കുടുംബവുമായി അല്ലെങ്കിൽ കൂട്ടുകാരോടൊപ്പം പോകാനുള്ളയിടം നഗരങ്ങളിൽ കുറവാണെന്നതാണ് നമ്മുടെ നഗരങ്ങളിലെയൊരു പ്രശ്നം.

സംസ്ഥാനത്ത് ജനസാന്ദ്രത കൂടുതലാണ്. യഥാർത്ഥത്തിൽ കുടുംബത്തോടൊപ്പം അല്ലെങ്കിൽ സുഹൃത്തുക്കളോടൊപ്പം വന്നിരിക്കാനും കുറച്ചധികം സമയം ചെലവഴിക്കാനും സാധ്യമാകുന്ന ഇടങ്ങൾ സംസ്ഥാനത്തിന്റെ നഗരങ്ങളിലുണ്ടാകേണ്ടതുണ്ട്. പല ബീച്ചുകളിലും രാത്രി 12 മണിവരെ ആളുകൾ കുടുംബത്തോടൊപ്പം ഇരിക്കുന്നത് കാണാൻ സാധിക്കും. ഇത്തരത്തിലുള്ള വിശ്രമകേന്ദ്രങ്ങൾ സജ്ജമാക്കുകയെന്നത് പ്രധാനമാണ്. നഗരത്തിലെ മാനവീയം വീഥി പ്രധാന സാംസ്കാരിക ഇടനാഴിയായി മാറി. അവിടെ പോയവർക്ക് അതിന്റെ ട്രെൻഡ് മനസ്സിലാക്കാനാകും. തദ്ദേശസ്വയംഭരണ വകുപ്പ്, സ്മാർട്ട് സിറ്റി, കോർപ്പറേഷൻ, ജില്ലാ ഭരണകൂടം, പോലീസ് എന്നിവരുടെ സഹകരണത്തോടെ നഗരം രാത്രിയിലും ജനനിബിഡമായി മാറിക്കൊണ്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി നവീകരണം സാധ്യമാക്കുന്ന അയ്യങ്കാളി ഹാൾ റോഡ് ആകർഷകമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആർക്കും പ്രയാസമുണ്ടാകാത്ത രീതിയിൽ എല്ലാവരുമായി ചർച്ച ചെയ്തായിരിക്കും അത് നടപ്പിലാക്കുന്നത്. ആളുകൾക്ക് നടക്കാനുള്ള വാക്‌വേ, ഇരിപ്പിടങ്ങൾ എന്നീ

സൗകര്യങ്ങളാണ് അവിടെ ഒരുക്കുന്നത്. സ്മാർട്ട് സിറ്റിയുമായും തിരുവനന്തപുരം കോർപ്പറേഷനുമായും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതുസംബന്ധിച്ച് മേയർ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിക്കഴിഞ്ഞു. നഗരത്തിലെ ചില പാർക്കുകൾകൂടി ഇത്തരം പദ്ധതികളുടെ ഭാഗമാക്കാൻ ആലോചിക്കുന്നുണ്ട്. അതിനായി തിരുവനന്തപുരം കോർപ്പറേഷനുമായി നടത്തിയ ചർച്ച വളരെ പോസിറ്റീവായിരുന്നു. നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളും മഹാന്മാരുടെ പ്രതിമകളും ആകർഷകമാക്കാനുള്ള പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. പ്രധാന വ്യക്തികളുടെ ജീവിതരേഖ പരിചയപ്പെടുത്തുന്ന തരത്തിലുള്ള ആധുനിക സങ്കേതങ്ങളാണ് ഇതിനായി സജ്ജമാക്കിയിട്ടുള്ളത്. ശംഖുംമുഖത്തിന്റെ പ്രൗഢി തിരിച്ചെത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാന സർക്കാരിന്റെ ചെലവിൽ ടൂറിസം വകുപ്പിനുകീഴിൽ ഒരു ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രം ആരംഭിച്ചത്. അത് തിരുവനന്തപുരത്ത് ശംഖുംമുഖത്താണെന്നത് വളരെ സന്തോഷത്തോടുകൂടി സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ മറ്റ് സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിനടുത്ത് ആർട്ട് ഗ്യാലറികൂടി പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ തിരുവനന്തപുരം കോർപ്പറേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതോടൊപ്പം ടൂറിസം വകുപ്പ്, ഡി.റ്റി.പി.സി., സ്മാർട്ട് സിറ്റി, ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റ് എന്നിവ ചേർന്ന് ഫുഡ് സ്ട്രീറ്റും ശംഖുംമുഖത്ത് സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി യോഗം ചേർന്ന് കാര്യങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ട്. ആക്കുളം ടൂറിസ്റ്റ് വില്ലേജ് ഇന്ന് വലിയ പ്രശസ്തി നേടിക്കഴിഞ്ഞു. ഐ.ടി. മേഖലയ്ക്കടുത്ത ടൂറിസം കേന്ദ്രമെന്ന ഒരു പ്രത്യേകതകൂടി അതിനുണ്ട്. ആ പ്രാധാന്യം ഉള്ളതുകൊണ്ടുതന്നെ ആക്കുളത്തിന് പ്രത്യേക പ്രാധാന്യം വർദ്ധിക്കുകയാണ്. ആക്കുളം അഡ്വഞ്ചർ പാർക്കിലെ ഗ്ലാസ് ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി അന്തിമഘട്ടത്തിലാണ്. അതോടൊപ്പം ബൈപാസ് മുതൽ ആക്കുളം പാർക്ക് വരെ സ്മാർട്ട് സിറ്റി സഹായത്തോടെ റോഡ് സൗന്ദര്യവൽക്കരണത്തിന് തീരുമാനിച്ചിട്ടുണ്ട്. ഗ്ലാസ്സ് ബ്രിഡ്ജ് യാഥാർത്ഥ്യമാകുമ്പോൾ എല്ലാ എം.എൽ.എ.-മാർക്കും ഒരുമിച്ച്, ഭരണകക്ഷി-പ്രതിപക്ഷ ഭേദമന്യേ, കൈകോർത്തുകൊണ്ട്

അതിലൂടെ നടക്കാം. ഫറോക്ക് പഴയപാലംപോലെ തിരുവനന്തപുരം നഗരത്തിലെ പാലങ്ങൾ ആകർഷകമാക്കുന്ന പദ്ധതിയും ആരംഭിക്കും. അതിനായി നിയമസഭയ്ക്ക് തൊട്ടടുത്തുള്ള ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പാലം, ബേക്കറി ജംഗ്ഷൻ ഫ്ലൈ ഓവർ എന്നിവ ദീപാലംകൃതമാക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന വിവരവും സഭയെ സന്തോഷപൂർവ്വം അറിയിക്കുന്നു. ഇങ്ങനെ തലസ്ഥാന നഗരിയെ കൂടുതൽ ആകർഷകമാക്കാനാണ് ടൂറിസം വകുപ്പ് ആഗ്രഹിക്കുന്നത്. ജില്ലയിലെ മന്ത്രിമാർ, എം.എൽ.എ.-മാർ, മേയർ, തദ്ദേശസ്വയംഭരണ സ്ഥാപന ഭാരവാഹികൾ, സ്മാർട്ട് സിറ്റി ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിൽ പ്രതീക്ഷിക്കുകയാണ്. എല്ലാവരുടെയും സഹകരണത്തോടെ തിരുവനന്തപുരം നഗരത്തെ ഫെസ്റ്റിവൽ സിറ്റിയാക്കി മാറ്റുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകാനാണ് ടൂറിസം വകുപ്പ് ആഗ്രഹിക്കുന്നത്.

(9) ആശുപത്രി ജീവനക്കാരുടെ അഭാവം

ശ്രീ. കെ. പി. എ. മജീദ്: സർ, തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ കേന്ദ്രങ്ങളിൽ

ആവശ്യമായ ഡോക്ടർമാരോ പാരാമെഡിക്കൽ സ്റ്റാഫോ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരുരങ്ങാടി താലൂക്കാശുപത്രിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ധാരാളം രോഗികൾ വരുന്ന ആശുപത്രിയാണിത്. ഒ.പി. ടിക്കറ്റെടുത്ത് ഡോക്ടറെ കാണാനായി എത്തുമ്പോഴാണ് ബന്ധപ്പെട്ട വിഭാഗത്തിൽ ഡോക്ടർമാരില്ലെന്ന് അറിയുന്നത്. ആശുപത്രി രേഖകൾ പ്രകാരം ഡോക്ടർമാരുണ്ടാകും. പക്ഷെ, ഫലത്തിൽ ഒന്നും നടക്കാത്ത സ്ഥിതിയാണുള്ളത്. എന്റെ കൈവശമുള്ള വിവരങ്ങൾ മാത്രം ശ്രദ്ധയിൽപ്പെടുത്താം. തിരുരങ്ങാടി താലൂക്കാശുപത്രിയിലെ നിലവിലെ ഒഴിവുകളുടെ എണ്ണം ഞാൻ വിവരിക്കാം. കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്-2 ഒഴിവ്, ഡെന്റൽ ജൂനിയർ കൺസൾട്ടന്റ്- 1 ഒഴിവ്, സ്റ്റാഫ് നഴ്സ്-4 ഒഴിവ്, നഴ്സിംഗ് അസിസ്റ്റന്റ്-1 ഒഴിവ്, ഹോസ്പിറ്റിൽ അറ്റൻഡന്റ് ഗ്രേഡ് II -2 ഒഴിവ്, ഡയാലിസിസ് ടെക്നീഷ്യൻമാർ-2 ഒഴിവ്, റേഡിയോഗ്രാഫർ - 1 ഒഴിവ്. ഇതാണ് അവിടത്തെ നിലവിലെ സ്ഥിതി. പരപ്പനങ്ങാടി പി.എച്ച്.സി.-യിൽ

ഹോസ്പിറ്റിൽ അറ്റൻഡന്റിന്റെ തസ്തികയും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും ഒഴിഞ്ഞുകിടക്കുന്നു. സി.എച്ച്.സി. നെടുവയിൽ ഹെൽത്ത് ഇൻസ്പെക്ടറിന്റെ ഒഴിവുണ്ട്. കൂടാതെ പി.എച്ച്.എൻ.-1 ഒഴിവും സ്റ്റാഫ് നഴ്സ്-1 ഒഴിവും ജെ.പി.എച്ച്.എൻ.-3 ഒഴിവും ഉണ്ട്. അതുപോലെ നന്നന്ത്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസറുടെയും ഹെൽത്ത് ഇൻസ്പെക്ടറുടെയും ഒഴിവുകളുണ്ട്. കൂടാതെ ജെ.പി.എച്ച്.എൻ.-ന്റെ മൂന്ന് ഒഴിവുകളുമുണ്ട്. തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിലും ഇതുപോലെ പി.എച്ച്.എൻ.-ന്റെ ഒരു ഒഴിവുണ്ട്. സ്റ്റാഫ് നഴ്സിന്റെ തസ്തിക ഇതുവരെയും അനുവദിച്ചിട്ടില്ല. 4 തസ്തികയെങ്കിലും അനുവദിക്കേണ്ടതാണ്. പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1-ന്റെ ഒഴിവുണ്ട്. ആരോഗ്യപ്രവർത്തനം നടത്താനാവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് ഗൗരവമായ രീതിയിൽ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി താലൂക്കാശുപത്രി സന്ദർശിക്കുകയും നിരവധി കാര്യങ്ങൾ പറയുകയും ചെയ്തുവെങ്കിലും നിലവിൽ ഡോക്ടറുടെ സേവനം വളരെ പ്രയാസകരമായ സ്ഥിതിയിലാണ് മുന്നോട്ട് പോകുന്നത്. അതിനാൽ

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യമെടുത്ത് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കൂടാതെ പ്രധാനമായും 7 സ്ഥാപനങ്ങളാണുള്ളത്. തിരുരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിലെ ശരാശരി ഒ.പി. 1169, നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.-410, പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.-240, തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.-159, നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.-251, ഇടരിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.- 101, പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി. -201 എന്നിങ്ങനെയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലും താലൂക്കാശുപത്രിയിലും ആർദ്രം മാനദണ്ഡപ്രകാരമുള്ള ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം ഞാനിവിടെ പരാമർശിക്കാം.

അംഗീകൃത തസ്തികകൾക്ക് പുറമെ ആവശ്യമുള്ള സ്ഥലങ്ങളിൽ എൻ.എച്ച്.എം. മുഖാന്തരമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമോ എച്ച്.എം.സി. അതായത് കാസ്പിന്റെ ഫണ്ടുപയോഗിച്ചോ ഡോക്ടർമാരുടെയും മറ്റ് അവശ്യവിഭാഗം ജീവനക്കാരുടെയും സേവനം ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. താലൂക്കാസ്ഥാന ആശുപത്രിയായ തിരുരങ്ങാടിയിൽ റേഡിയോഗ്രാഫറുടെ തസ്തികയിൽ ഒഴിവുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. 29-1-2024 പ്രകാരം ആ തസ്തികയിൽ ഒഴിവില്ലെന്നുള്ളതാണ് ഫയലിൽനിന്നും വ്യക്തമാകുന്നത്. അവിടെ 157 അംഗീകൃത കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. 27 ഡോക്ടർമാരും 44 നഴ്സുമാരും 6 ലാബ് ടെക്നീഷ്യന്മാരും 3 ഫാർമസിസ്റ്റുമാരും 12 നേഴ്സിംഗ് അസിസ്റ്റന്റുമാരും 12 ആശുപത്രി അറ്റൻഡർമാരും ഉൾപ്പെടെ ആകെ 127 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളാണുള്ളത്. ഇതുകൂടാതെ 26 പേർ എൻ.എച്ച്.എം. മുഖേനയും 33 പേർ എച്ച്.എം.സി. മുഖേനയും 44 പേർ KASP ഫണ്ട് ഉപയോഗപ്പെടുത്തിയും താൽക്കാലിക ജീവനക്കാരായി സേവനമനുഷ്ഠിക്കുന്നുണ്ട്. 4 ലാബ് ടെക്നീഷ്യൻ, 2

ഡയാലിസിസ് ടെക്നീഷ്യൻ എന്നിങ്ങനെ 6 പുതിയ തസ്തികകൾ ഈ സർക്കാരിന്റെ കാലയളവിൽ സൃഷ്ടിച്ചിട്ടുണ്ട്. അവിടെ 2 കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് തസ്തികയാണുള്ളത്. ടി തസ്തികയിലുള്ള ഒരാൾ അനധികൃത അവധിയിലാണെന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. സംസ്ഥാനത്തെ പൊതു ചട്ടപ്രകാരം ആരോഗ്യപ്രവർത്തകർ 15 ദിവസത്തിൽ കൂടുതൽ അവധിയെടുത്താൽ അത് അനധികൃത അവധിയായി കണക്കാക്കുകയും അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യും. ഒരാൾ അവധിക്ക് അപേക്ഷിച്ചാൽ ഡയറക്ടറേറ്റിലും സെക്രട്ടേറിയറ്റിലെ സെക്ഷനുകളിലും കാലതാമസം വരുത്താൻ പാടില്ല. നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്. ഗൈനക്കോളജിയിലെ 2 തസ്തികകളിലും ജീവനക്കാരെ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ഒരാൾ അനധികൃത അവധിയിലും മറ്റൊരാൾ അവധിയിലുമാണ്. കഴിഞ്ഞ മാസം അവിടെ ശരാശരി 60 പ്രസവങ്ങളാണ് നടന്നത്. ആശുപത്രിയിലെ മറ്റ് ഡോക്ടർമാരും ജൂനിയർ കൺസൾട്ടന്റുമാരും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

തസ്തികയിൽ സ്പെഷ്യൽ റൂൾസ് പ്രകാരം വർഷങ്ങളായി കേസ് നിലവിലുണ്ടായിരുന്നു. അതിൽ സർക്കാർ പ്രത്യേകമായി ഇടപെട്ട് എണ്ണൂറോളം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഒരു റാങ്ക്‌ലിസ്റ്റിലെ എല്ലാവർക്കും ജോലി ലഭിച്ച സ്ഥിതിയാണുള്ളത്. ഇനിയും നിയമിക്കണമെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരേണ്ടതുണ്ട്. നെടുവ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 8, നഴ്സ് - 6, ഫാർമസിസ്റ്റ് -2, ലാബ് ടെക്നീഷ്യൻ - 2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 7, ജെ.പി.എച്ച്.എൻ. - 9 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 54 തസ്തികകളുണ്ട്. 19 പേരെ എൻ.എച്ച്.എം. മുഖേന താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. പി.എസ്.സി. നിയമനം നടത്തുന്നതുവരെ അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 6 ആരോഗ്യ കേന്ദ്രങ്ങളിലും ഈ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പരപ്പനങ്ങാടി കുടുംബാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ - 3, നേഴ്സ് - 2, ഫാർമസിസ്റ്റ് - 2, ലാബ് ടെക്നീഷ്യൻ - 1, ജെ.എച്ച്.ഐ. - 4,

ജെ.പി.എച്ച്.എൻ. - 6 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 24 തസ്തികകളുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 2 നഴ്സുമാരെയുൾപ്പെടെ 10 പേരെയും എൽ.എസ്.ജി.ഡി. മുഖാന്തരം ഒരു മെഡിക്കൽ ഓഫീസറെയും ലാബ് ടെക്നീഷ്യൻ ഉൾപ്പെടെ 4 പേരെയും എച്ച്.എം.സി. മുഖാന്തരം ഒരാളെയും അഡ്ഹോക്ക് വ്യവസ്ഥയിൽ 2 പേരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 5 പുതിയ തസ്തികകളാണ് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അവിടെ സൃഷ്ടിച്ചത്. നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറെ നിയമിച്ചിരുന്നു. എച്ച്.ഐ.-യുടെത് പ്രൊമോഷൻ തസ്തികയാണ്. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ - 2, ഹെൽത്ത് ഇൻസ്പെക്ടർ - 1, പി.എച്ച്.എൻ. - 1, ജെ.എച്ച്.ഐ. - 2, ജെ.പി.എച്ച്.എൻ. - 2 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 16 തസ്തികകളും ഇതിനുപുറമെ എൻ.എച്ച്.എം. മുഖേന 6 പേരുടെ സേവനവും ലഭ്യമാകുന്നുണ്ട്. ഇടരിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ -3, നേഴ്സ് - 1, ഫാർമസിസ്റ്റ് - 1

എന്നിങ്ങനെയുള്ള ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും അതിനനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിലും അസിസ്റ്റന്റ് സർജൻ -2, നേഴ്സ് - 2 എന്നിങ്ങനെയുള്ള തസ്തികകളാണുള്ളത്. ഇതിൽ പ്രധാനപ്പെട്ട കാര്യം, 15 ദിവസത്തിൽ കൂടുതലുള്ള അവധികൾ അനധികൃത അവധികളായി കണക്കാക്കുകയും അതിൽ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകാനുമാണ് ആരോഗ്യവകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(10) ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ സാധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കായിക കേരളത്തിന്റെ കളിത്തൊട്ടിലെന്ന് അറിയപ്പെടുന്നതും കായികമേഖലയ്ക്ക് വലിയ സംഭാവന നൽകിയിട്ടുള്ളതുമായ ജില്ലയാണ്

പാലക്കാട്. സംസ്ഥാന സ്കൂൾ കായിക മേളയിലുൾപ്പെടെ തുടർച്ചയായി ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ പാലക്കാട് ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്. ദേശീയ-അന്തർദേശീയ തലത്തിൽ നിരവധി കായികതാരങ്ങളെ സംഭാവന ചെയ്ത പ്രദേശമാണ് ഒറ്റപ്പാലം. ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ ഇൻഡോർ സ്റ്റേഡിയമില്ല. ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളിലും സിന്തറ്റിക്ക് ട്രാക്കോ ഇൻഡോർ സ്റ്റേഡിയമോ നിലവിലില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് പാലക്കാട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള അഞ്ച് സ്റ്റേഡിയങ്ങൾ സ്ഥാപിക്കപ്പെട്ടതെന്ന സന്തോഷകരമായ കാര്യവും ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. എന്നാൽ നേരത്തെ ബഡ്ജറ്റിൽ തുക അനുവദിക്കുകയും ആറ് ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുള്ള ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പരിമിതികളായിരുന്നു നേരത്തെയുണ്ടായിരുന്നത്. ഇപ്പോൾ സ്റ്റേഡിയം നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം

യാഥാർത്ഥ്യമാക്കണമെന്ന വിഷയം ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2017-18 സാമ്പത്തികവർഷം മുതലാണ് മരാമത്ത് പണികളുടെ അടങ്കൽ തുകയുടെ 20 ശതമാനം സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചുതുടങ്ങിയത്. ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം എന്ന പ്രവൃത്തിക്ക് 2021-22 സാമ്പത്തികവർഷത്തെ വർക്ക് അപ്പെൻഡിക്സിൽ അടങ്കൽ തുകയായ 10 കോടി രൂപയുടെ 20 ശതമാനമായ 2 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ വകയിരുത്തിയിരുന്നു. എന്നാൽ ശ്രീ. കെ. പ്രേംകുമാർ ധനകാര്യ വകുപ്പിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും കായിക വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനുള്ള 10 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന സ്ഥാപനം തയ്യാറാക്കി

ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ ഉചിതമായ തീരുമാനമെടുക്കുമെന്നാണ് അറിയിക്കാനുള്ളത്.

11.56 am]

VI ധനകാര്യം

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭരണഘടനയുടെ ആമുഖം ഒരു സംസ്ഥാന ബഡ്ജറ്റിൽ ചേർക്കുകയെന്നത് യാദൃശ്ചികതയല്ല. ഭരണഘടനാ മൂല്യങ്ങളെ നെഞ്ചോടുചേർത്തുപിടിക്കുന്ന ഒരു പ്രസ്ഥാനവും ഒരു സർക്കാരും ജനങ്ങളും അതിലുണ്ട്. അത് ഉറക്കെ വിളിച്ചുപറയാൻ കരുത്തുള്ള ഒരേയൊരു സർക്കാർ മാത്രമേ ഇന്ത്യയിലുള്ളൂ. അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖം കേവലം പത്തെഴുപത് വാക്കുകൾക്കപ്പുറം ഞങ്ങൾക്കെല്ലാമാണ്. ആ വികാരം ഉൾക്കൊള്ളുന്ന കോടിക്കണക്കിന് സാധാരണക്കാരുടെ ശബ്ദമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കരുത്ത്. കേന്ദ്ര

സർക്കാരിന്റെയും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഉൾപ്പെട്ട പ്രതിപക്ഷത്തിന്റെയും ശത്രുതാപരമായ നിലപാടുകളെയും സമീപനങ്ങളെയും ചെറുത്തുതോൽപ്പിച്ചാണ് അച്യുത മേനോൻ സർക്കാരിനുശേഷം കേരളത്തിലാദ്യമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി തുടർഭരണത്തിലൂടെ അധികാരത്തിൽ വന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും അതുപോലെ യു.ഡി.എഫ്.-ഉം ചേർന്ന അവിശുദ്ധ കൂട്ടുകെട്ട് സർക്കാരിനുണ്ടാക്കുന്ന പ്രതിബന്ധങ്ങളെ തട്ടിമാറ്റാനുള്ള ഇച്ഛാശക്തിയും ജനപിന്തുണയുമാണ് ഈ സർക്കാരിന്റെ കൈമുതൽ. കേരളത്തിന് അർഹതപ്പെട്ട നിരവധി പദ്ധതികളിൽ പ്രത്യേകിച്ച് റെയിൽവേ വികസനം, നാഷണൽ ഹൈവേ, റേഷൻ വിഹിതം ഇതര കേന്ദ്ര സാമ്പത്തിക വിഹിതം, എയിംസ് തുടങ്ങിയ വിഷയങ്ങളിൽ ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുത്ത് അയയ്ക്കപ്പെട്ട യു.ഡി.എഫ്. എം.പി.-മാരുടെ മൗനം ബോധപൂർവ്വമാണ്. മാത്രമല്ല, വികസന പദ്ധതികൾക്ക് ഇടങ്കോലിടുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2047-ൽ ഇന്ത്യയെ വികസിത രാഷ്ട്രമാക്കിമാറ്റുമെന്നുപറയുന്ന കേന്ദ്ര ബഡ്ജറ്റ്

നമുക്ക് മുന്നിലുണ്ട്. ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റ് പുതിയ ആശയങ്ങളോ സ്കീമുകളോ ഒന്നുമില്ലാത്ത വെറും വാചകമേള മാത്രമാണ്. എന്നാൽ, അതിൽനിന്നും വ്യത്യസ്തമായ ബഡ്ജറ്റാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. കേരളത്തിൽ നൽകുന്ന 1,600 രൂപയുടെ സാമൂഹ്യക്ഷേമ പെൻഷനെ പിച്ചച്ചട്ടി പെൻഷനെന്നാണ് ബി.ജെ.പി. ആക്ഷേപിച്ചത്. ഇന്ന് കേന്ദ്രത്തിന്റെ പെൻഷൻ പദ്ധതി എത്രയാണ്? അത് 150 രൂപ മുതൽ 200 രൂപ വരെയാണ്. കേന്ദ്രസർക്കാരിന്റെ സാമൂഹ്യക്ഷേമ പെൻഷൻ ഇതാണെന്നിരിക്കെ കേരളത്തെ ആക്ഷേപിക്കുന്ന ബി.ജെ.പി.-യോട് നമ്മൾ എന്താണ് പറയേണ്ടത്; അവർക്ക് നാണവും മാനവും ഉണ്ടോ? സാമൂഹ്യക്ഷേമ പെൻഷൻ 1,600 രൂപയായി വർദ്ധിപ്പിച്ച് നൽകി കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്ന ഗവൺമെന്റാണിത്. വർഗ്ഗീയതയും മതാന്ധതയും മുഖമുദ്രയാക്കിയ ബി.ജെ.പി.-യോട് ചേർന്നുനിന്നുകൊണ്ട് കേരളത്തിൽ രാഷ്ട്രീയലാഭം കൊയ്യാമെന്ന മിഥ്യാധാരണയിലാണ് യു.ഡി.എഫ്. നേതൃത്വം. കേരളത്തിലെ യു.ഡി.എഫ്.-

ഉം ബി.ജെ.പി.-യും തീവ്രഹിന്ദുത്വത്തിനെതിരെയെടുത്ത മൃദുസമീപനം അവസരവാദപരവും ദേശീയ രാഷ്ട്രീയത്തിനെതിരുമാണ്. എന്നാൽ, എൽ.ഡി.എഫ്. സർക്കാർ നവോത്ഥാനമൂല്യങ്ങളെ നെഞ്ചിലേറ്റി നവകേരള നിർമ്മിതിക്കായി ജാതി-മതഭേദമന്യേ ജനങ്ങളെ ഒപ്പം നിർത്താനാണ് ശ്രമിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ നവകേരള സദസ്സ് സംഘടിപ്പിച്ചത്. 140 നിയോജകമണ്ഡലങ്ങളിലും പതിനായിരക്കണക്കിന് ആളുകളാണ് നവകേരള സദസ്സിൽ പങ്കെടുക്കാനായി എത്തിച്ചേർന്നത്. കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളോട് സംവദിച്ചതിന്റെ ഭാഗമായി അവിടെ ഉയർന്നുവന്ന നിരവധി ആവശ്യങ്ങൾ നടപ്പാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു നവകേരള മുന്നേറ്റത്തിന്റെകൂടി ബഡ്ജറ്റാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന മികച്ച സംസ്ഥാനമാണ് കേരളമെന്ന് നീതി ആയോഗ് സാക്ഷ്യപത്രം നൽകി അഭിനന്ദിച്ചിട്ടുണ്ട്. അതിദാരിദ്ര്യം ഇല്ലാതാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള കർമ്മ പരിപാടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എല്ലാവർക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിനാവശ്യമായ

പ്രവർത്തനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പാക്കുന്നുണ്ട്. തെരുവോരത്തും വാടകവീടുകളിലും അഗതി മന്ദിരങ്ങളിലും താമസിക്കുന്നവർ, ട്രാൻസ്ജെൻഡർ തുടങ്ങി എല്ലാവർക്കും സമയബന്ധിതമായി റേഷൻ കാർഡ് നൽകുകയുണ്ടായി. റേഷൻ കടയിൽ നേരിട്ടെത്തി സാധനങ്ങൾ വാങ്ങാൻ കഴിയാത്ത കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് പ്രദേശത്തെ ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹകരണത്തോടുകൂടി 'ഒപ്പം' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരളത്തിലെ എല്ലാ താലൂക്കുകളിലും ഘട്ടംഘട്ടമായി നടപ്പാക്കാനുള്ള പരിശ്രമമാണ് സിവിൽ സപ്ലൈസ് വകുപ്പ് നടപ്പാക്കി വരുന്നത്. വനമേഖലകൾ, എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങൾ, ആദിവാസി ഊരുകൾ, ടൈബൽ സെറ്റിൽമെന്റുകൾ, മറ്റിതര മേഖലകൾ എന്നിവിടങ്ങളിലെല്ലാം ജനങ്ങൾക്ക് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിന് സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനവും സംസ്ഥാനത്ത് നിലവിലുണ്ട്. 134 ആദിവാസി ഊരുകളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഗതാഗത സൗകര്യം താരതമ്യേന കുറഞ്ഞ മലയോര മേഖലകളിലെ മുഴുവൻ ജനങ്ങൾക്കും സഞ്ചരിക്കുന്ന റേഷൻ കടകളുടെ

സേവനം ലക്ഷ്യമാക്കി സർക്കാർ മുന്നോട്ടുപോകുകയാണ്. വിപണി ഇടപെടലുകളുടെ കാര്യത്തിലും പൊതുജനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ഭക്ഷ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന കാര്യത്തിലും സപ്ലൈകോയുടെ പങ്ക് വളരെ വലുതാണ്. 1600-ഓളം വിൽപ്പന കേന്ദ്രങ്ങളിലൂടെ മുഴുവൻ പ്രദേശത്തെയും ജനങ്ങൾക്ക് വിലകുറച്ച് സാധനങ്ങൾ എത്തിക്കാൻ കഴിയുന്ന തരത്തിലുള്ള മികച്ച ഇടപെടലാണ് സപ്ലൈകോ നടത്തിവരുന്നത്. നിലവിൽ സപ്ലൈകോ പ്രതിസന്ധിയിലാണ്. ഈ ഘട്ടത്തിൽ സപ്ലൈകോയെ സംരക്ഷിക്കാനുള്ള ധാർമ്മികമായ ബാധ്യത സർക്കാർ ഏറ്റെടുക്കണം. സപ്ലൈകോയെ സംരക്ഷിക്കുന്നതിനായി ഒരു പാക്കേജ് എന്ന നിലയിൽ 500 കോടി രൂപയെങ്കിലും വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കെ-സ്റ്റോർ വ്യാപകമാക്കാനും അതിലൂടെ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി കൂടുതൽ സേവനം ലഭ്യമാക്കാനും സാധിക്കണം. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ച്, കുറഞ്ഞത് രണ്ടുമാസത്തെ വിതരണത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സൂക്ഷിക്കാൻ കഴിയുന്നതരത്തിലുള്ള ഇടപെടൽ നടത്തണമെന്ന് അങ്ങയോട് ആവശ്യപ്പെടുന്നു.

അതിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് ബഡ്ജറ്റിൽ അനുവദിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ബി.ജെ.പി. പ്രവർത്തകർ ഭാരത് അരിയുമായി ഇറങ്ങിയിരിക്കുകയാണ്. എന്താണ് ഭാരത് അരി? കേരളത്തിലെ ജനങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട റേഷൻ വിഹിതം വെട്ടിക്കുറച്ച് 57 ശതമാനം ആളുകളെ റേഷൻ കാർഡിൽനിന്ന് പുറത്താക്കി, സിവിൽ സപ്ലൈസ് കോർപ്പറേഷൻ 4 രൂപയ്ക്കും 10.90 രൂപയ്ക്കും റേഷൻ കടകളിൽ നൽകുന്ന അരി, അതായത് സപ്ലൈകോയിലൂടെ 24 രൂപയ്ക്ക് വിതരണം ചെയ്തിരുന്ന അരി, ഇന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണിൽ നിന്ന് 29 രൂപയ്ക്ക് ബി.ജെ.പി. നൽകുന്നു. ഭാരത് അരി നൽകിയെന്ന് പറഞ്ഞുകൊണ്ട് ജനങ്ങളെ വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്ന സമീപനം നാം കണ്ടില്ലെന്ന് നടിക്കരുത്. ഇന്ത്യക്ക് മാതൃകയായിട്ടാണ് കേരളത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ രംഗത്ത് ഇടപെട്ടുകൊണ്ടിക്കുന്നത്. ഇത് മനസ്സിലാക്കാൻ കോൺഗ്രസ്സും തയ്യാറാകണം. കാരണം, നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ആഗോളവൽക്കരണവും

സ്വകാര്യവൽക്കരണവും കമ്പോളവൽക്കരണവും കൊണ്ടുവന്നത്. ഈ നാടിനെ രക്ഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്കാണ് നമ്മുടെ സർക്കാർ മുന്നോട്ടുപോകുന്നത്. അടിസ്ഥാന വികസനത്തിലും പ്രത്യേക സാമൂഹ്യസുരക്ഷയിലും കേരളബദലുമായി കുതിക്കുമ്പോൾ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട വികസന പദ്ധതികൾക്ക് ഈ സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. തുറന്ന മനസ്സോടെ ഈ ബഡ്ജറ്റിനെ സമീപിക്കുന്ന ഒരാൾക്കും ഇക്കാര്യത്തിൽ സംശയമുണ്ടാകില്ല. 2024-ലെ തെരെഞ്ഞെടുപ്പ് അടുത്തുവരുന്ന സാഹചര്യത്തിൽ, കേന്ദ്രസർക്കാരിന്റെ ഭരണത്തെയും കേരളത്തിലെ എൽ.ഡി.എഫ്. ഭരണത്തെയും ജനങ്ങൾ താരതമ്യം ചെയ്യുന്നത് സ്വാഭാവികമാണ്. മാത്രമല്ല, കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പോരാടാനുള്ള ആയുധം കൂടിയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഇത:പര്യന്തമുള്ള ഭരണനേട്ടങ്ങൾ. പ്രതിവർഷം 2 കോടി തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന നരേന്ദ്ര മോദി സർക്കാർ, ഈ പത്ത് വർഷത്തിനിടയിൽ ഒരാൾക്കുപോലും തൊഴിൽ നൽകിയിട്ടില്ല. എന്നാൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഏഴരവർഷംകൊണ്ട് ഏകദേശം രണ്ടേകാൽ ലക്ഷത്തോളം പേർക്കാണ് കേരളത്തിൽ തൊഴിൽ

നൽകിയത്. ഇതൊരു ചെറിയ കാര്യമല്ല; പ്രതിവർഷം മുപ്പതിനായിരത്തിലധികം പേർക്ക് സംസ്ഥാന സർക്കാർ തൊഴിൽ നൽകിക്കഴിഞ്ഞു. അതാണ് ബി.ജെ.പി.-എൽ.ഡി.എഫ്. സർക്കാരുകൾ തമ്മിലുള്ള വ്യത്യാസം. മറ്റ് സംസ്ഥാനങ്ങളിൽ പതിനായിരത്തിൽ താഴെ മാത്രമാണ് നിയമനം. കേരളത്തിന്റെ ഏഴ് മടങ്ങ് ജനസംഖ്യയുള്ള ഉത്തർപ്രദേശിൽ 5 വർഷത്തിനിടെ 58,186 നിയമനം മാത്രമാണുണ്ടായത്. ഈ താരതമ്യം ബി.ജെ.പി.-യുടെ തട്ടിപ്പ് തിരിച്ചറിയാൻ സഹായിക്കുമെന്ന് ഞാൻ കരുതുന്നു. കാർഷികമേഖലയിൽ എക്കാലത്തേയും കുറഞ്ഞ തുക വകയിരുത്തിയ കേന്ദ്ര ബഡ്ജറ്റല്ല കേരളത്തിലെ ബഡ്ജറ്റ്. സാമ്പത്തിക ഞെരുക്കത്തിനിടയിലും ഉന്നത വിദ്യാഭ്യാസം, തൊഴിൽ, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയിൽ ശ്രദ്ധയും കരുതലും നൽകിയ കേരള മാതൃകയാണ് ജനപക്ഷത്തുനിന്ന് എൽ.ഡി.എഫ്. അവതരിപ്പിച്ച ഈ ബഡ്ജറ്റ്. എല്ലാ വിഭാഗം ജനങ്ങളുടെയും പുരോഗതിയും വളർച്ചയും ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുന്നത്. എല്ലാവർക്കും ഭൂമി, വീട്, മികച്ച ആരോഗ്യപരിരക്ഷ, മെച്ചപ്പെട്ട വിദ്യാഭ്യാസം, മികച്ച ഗതാഗത സൗകര്യം എന്നിവയെല്ലാം ഉറപ്പാക്കിയാണ് അടിസ്ഥാന സൗകര്യ

വികസനത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളെയും പിന്നിലാക്കി കേരളം മുന്നേറിക്കൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ഏറ്റവും വലിയ അടിസ്ഥാന ആവശ്യങ്ങളാണ് ഭൂമിയും വീടും. കേരളത്തിലെ രണ്ടാം എൽ.ഡി.എഫ്. സർക്കാർ 126,604 കുടുംബങ്ങളെയാണ് ഭൂമിയുടെ അവകാശികളാക്കി മാറ്റിയത്. എല്ലാവർക്കും ഭൂമി, എല്ലാവർക്കും ഭൂരേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തിലേയ്ക്കാണ് റവന്യൂ വകുപ്പ് സഞ്ചരിക്കുന്നത്. സംസ്ഥാനത്തെ മുടിഞ്ഞ നാടെന്ന് ചിത്രീകരിക്കാൻ പരിശ്രമിക്കുന്ന കേരളവിരുദ്ധരുടെ വായടപ്പിക്കുന്ന മുന്നേറ്റങ്ങളാണ് നമ്മുടെ സംസ്ഥാനം കൈവരിക്കുന്നത്. "തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാകില്ല കേരളത്തെ" എന്നതാണ് കേരള മാതൃകയെ തകർക്കാൻ ശ്രമിക്കുന്നവരോടുള്ള ബഡ്ജറ്റ് പ്രഖ്യാപനം. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നെൽവയലുകളുടെ സംരക്ഷണത്തിനായി വിഭാവനംചെയ്ത തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കിയതിലൂടെ നെൽവയലുകൾ രൂപമാറ്റം വരുത്തുന്ന നടപടികൾ

പ്രതിരോധിക്കാനായെങ്കിലും രൂപഭേദം വരുത്തിയവ സമയബന്ധിതമായി പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരാൻ പ്രായോഗികമായി സാധ്യമാകാത്ത സ്ഥിതിയാണ് നാളിതുവരെ നിലനിന്നത്. ഈ വിഷയം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തേണ്ടത് അനിവാര്യമാണ്. പരിവർത്തനം നടത്തിയ നെൽവയലുകൾ യഥാസമയം പൂർവ്വസ്ഥിതിയിലാക്കുന്നതിനും അനധികൃത ഭൂപരിവർത്തനം നടത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് പ്രസ്തുത തുക പിഴസഹിതം തിരികെ സർക്കാരിന് വസൂലാക്കാവുന്നതുമാണ്. ആയത് റിവോൾവിംഗ് ഫണ്ട് എന്ന നിലയിൽ ചാക്രികമായി തിരികെ സർക്കാരിൽ എത്തുകയും ചെയ്യും. അതിനാൽ ഈ ഫണ്ട് വകയിരുത്തുന്നതിലൂടെ ആത്യന്തികമായി സർക്കാരിന് ധനനഷ്ടമുണ്ടാകുന്നില്ല. കൂടാതെ നെൽവയലുകളുടെ സംരക്ഷണം പൂർണ്ണമായി സാധ്യമാക്കി പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്താൻ കഴിയുമെന്നതുകൂടി ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

കേന്ദ്രസർക്കാർ കാർഷിക മേഖലയെ കൈയൊഴിയുമ്പോൾ കാർഷിക കേരളത്തിന്റെ വളർച്ചയ്ക്ക് എൽ.ഡി.എഫ്. സർക്കാർ വലിയ പ്രാധാന്യമാണ് നൽകിവരുന്നത്. 2018-19-ലെ വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, 2020-ലെ കോവിഡ് മഹാമാരി ഇവയെല്ലാം കാർഷിക മേഖലയെ തകർച്ചയിലേയ്ക്കും കർഷകനെ വലിയ പ്രതിസന്ധിയിലേയ്ക്കുമാണ് നയിച്ചത്. ഇത്തരം പ്രതികൂല സാഹചര്യങ്ങൾക്കിടയിലും 2021-22 കാലയളവിൽ കാർഷിക മേഖലയിൽ 4.64% വളർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. എന്നാൽ, കാർഷികോൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി ഒരു കാർഷിക കമ്പനി രൂപീകരിച്ചിട്ടുണ്ട്. പാലിനും മുട്ടയ്ക്കുംവരെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളം അടുത്തുതന്നെ സ്വയംപര്യാപ്തതയിലെത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. കാർഷിക മേഖലയിൽ കേരള കാലാവസ്ഥാ

പ്രതിരോധ കാർഷികമൂല്യശൃംഖല ആധുനികവൽക്കരണം എന്ന പുതിയ പദ്ധതി ലോകബാങ്ക് വായ്പയോടെ ആരംഭിക്കുന്നതാണ്. ഈ പദ്ധതിക്ക് അടുത്ത അഞ്ച് വർഷംകൊണ്ട് 2,365 കോടി രൂപ ചെലവഴിക്കും. ഈ പദ്ധതി നടപ്പാക്കുന്നതിന് 2024-25 ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനത്തെ നേരിടുന്ന കാർഷികമുറകൾ ആവിഷ്കരിക്കാനും ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിതരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിലെ നൂതനസാധ്യതകൾ കേരളത്തിലെ കർഷകസമൂഹത്തിന് ലഭ്യമാക്കാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. കേന്ദ്രസർക്കാരിന്റെ നയംമൂലമുണ്ടായ കടുത്ത സാമ്പത്തികഞെരുക്കത്തിലും കർഷകർക്ക് പ്രയോജനം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ കൃഷിവകുപ്പിന് 839.72 കോടി രൂപ വകയിരുത്തിയത് പ്രശംസ അർഹിക്കുന്നതാണ്. കർഷകർക്ക് നേരിട്ട് സഹായം ലഭ്യമാക്കുകയും കൃഷി വകുപ്പിന്റെ തനത് പദ്ധതികളായ പച്ചക്കറി വികസനം, ഞങ്ങളും കൃഷിയിലേയ്ക്ക്, ഗ്രീൻ റോയൽറ്റി എന്നീ പദ്ധതികളിലും

പ്രകൃതിക്ഷോഭംമൂലമുണ്ടായ വിളനാശം, ഉൽപ്പാദന ബോണസ് തുടങ്ങിയവയിലും കൂടുതൽ തുക വകയിരുത്തണമെന്ന് താൽപ്പര്യപ്പെടുന്നു. സ്വാതന്ത്ര്യത്തിന്റെ 75 വർഷം പൂർത്തീകരിച്ച നമ്മുടെ രാജ്യത്ത് പഴുതടച്ച സാമൂഹ്യ സുരക്ഷാ പദ്ധതി ഇന്നും നിലവിലില്ല. ശമ്പളമോ വേതനമോ ലഭിക്കുന്ന രാജ്യത്താകമാനമുള്ള തൊഴിൽശക്തികളിൽ 51 ശതമാനം പേർക്കും യാതൊരു സാമൂഹ്യസുരക്ഷയും ആനുകൂല്യവും ലഭിക്കുന്നില്ലെന്നാണ് 2021-22-ലെ തൊഴിൽശക്തി സർവ്വേയുടെ വാർഷിക റിപ്പോർട്ടിൽ പരാമർശിക്കുന്നത്. കോർപ്പറേറ്റുകളെമാത്രം തുണയ്ക്കുന്ന ഒരു നയമാണ് ബി.ജെ.പി.-ക്കുള്ളത്. ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ രാജ്യത്തിന് ബാധ്യതയാകുമെന്ന് പ്രഖ്യാപിച്ച ആദ്യത്തെ പ്രധാനമന്ത്രിയാണ് ശ്രീ. നരേന്ദ്ര മോദി. പ്രധാനമന്ത്രിയുടെ നയപ്രകാരം രാജ്യത്തിന്റെ വികസനമെന്നത് കോർപ്പറേറ്റ് വികസനമാണ്. പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിലും ടൂറിസം, പശ്ചാത്തലവികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ മികച്ച മാറ്റമാണ് ഈ ബഡ്ജറ്റിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഈ ബഡ്ജറ്റിൽ അസംഘടിത മേഖലയ്ക്ക്

എട്ടുകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകാൻ ഏകദേശം അഞ്ഞൂറുകോടി രൂപ ആവശ്യമാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യം കൊടുക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിന് തുല്യമായ തുക ഗവൺമെന്റ് അടയ്ക്കണമെന്നാണ് നിയമത്തിൽ പറയുന്നത്. നിലവിൽ തൊഴിലാളി ഇരുപത് രൂപയാണ് അടയ്ക്കുന്നത്; അതോടൊപ്പം ഗവൺമെന്റിന്റെ അംശദായംകൂടി അടയ്ക്കേണ്ടതുണ്ട്. അതുപോലെ, ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ സെസ്സ് പിരിക്കുകയും ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഒരു നിശ്ചിത ഫീസ് ഈടാക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം കാർഷികമേഖലയുമായി ബന്ധപ്പെട്ട പണമായതുകൊണ്ട് കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കാൻ സാധിച്ചാൽ ക്ഷേമനിധിയുമായി ബന്ധപ്പെട്ട സാമ്പത്തിക പരാധീനതകൾ കുറയ്ക്കാൻ കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ, കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിന് വരുമാന

സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് ഒഴിവാക്കാൻ അങ്ങ് മുൻകൈയെടുക്കണം. അസറ്റ് ഡെവലപ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് അഞ്ച് കോടിരൂപയാണ് എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ളത്. ആ പണം എങ്ങനെ വിനിയോഗിക്കണമെന്നതിനും അക്രെഡിറ്റഡ് ഏജൻസികളെ നിശ്ചയിക്കുന്നതിനും എം.എൽ.എ.-മാർക്ക് അവകാശമുണ്ട്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിലെ അടൂർ ഗാന്ധി പാർക്കുമായി ബന്ധപ്പെട്ട പദ്ധതിക്ക് അറുപതുലക്ഷം രൂപ അനുവദിച്ചെങ്കിലും ധനകാര്യ വകുപ്പ് ഒബ്ജക്ഷൻ പറഞ്ഞിരിക്കുകയാണ്. അതിൽ യാതൊരുവിധ പ്രശ്നങ്ങളുമില്ലാത്തതാണ്. അതുപോലെ, 'അന്തിപ്പച്ച'യ്ക്കുവേണ്ടി പതിനാല് ലക്ഷം രൂപ അനുവദിച്ചെങ്കിലും പ്രസ്തുത തുകയും ധനകാര്യ വകുപ്പ് നൽകിയിട്ടില്ല. എം.എൽ.എ.-മാരുടെ അവകാശത്തെ കവർന്നെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണോ ധനകാര്യ വകുപ്പ് ചെയ്യുന്നതെന്നറിയില്ല. അതുകൊണ്ട് തീർച്ചയായും ഈ വിഷയത്തിൽ അങ്ങ് ഇടപെട്ട് പരിഹാരമുണ്ടാക്കണം. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വലിയ പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിക്കുന്നത്. എസ്.ഡി.എഫ്. (സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്) ചെറിയ വർക്കുകൾ ചെയ്യുന്നതിനാണ്

ഉപയോഗിക്കുന്നത്. അത് നൽകില്ലായെന്ന് പറയുന്നത് ശരിയായ കാര്യമല്ല. അതിനാൽ ഇതിനാവശ്യമായ ഇടപെടൽ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആരോഗ്യരംഗത്ത് വലിയ മാറ്റമാണ് ഈ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്തെ ആരോഗ്യമേഖല ഏറ്റവും മെച്ചപ്പെട്ട നിലയിലാണ്. എന്റെ മണ്ഡലത്തിലെ അടൂർ ജനറൽ ആശുപത്രിയിൽ വലിയ വികസനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾത്തന്നെ പതിനാല് കോടിരൂപയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലവിൽ അടൂർ ജനറൽ ആശുപത്രി സ്ഥിതിചെയ്യുന്ന രണ്ടേക്കർ സ്ഥലം പരിമിതമാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുമന്ത്രിമാരും ചീഫ് സെക്രട്ടറി അടക്കമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജ് പ്രവർത്തിച്ചുവരുന്ന 1.23 ഏക്കർ സ്ഥലംകൂടി ഏറ്റെടുക്കാൻ തീരുമാനിച്ചു. പകരം കോളേജിനുവേണ്ടി ജലവിഭവ വകുപ്പിന്റെ അടൂർ ഹൈസ്കൂൾ ജംഗ്ഷനിലുള്ള കെ.ഐ.പി. വക സ്ഥലം ഏറ്റെടുത്ത് നൽകാനും തീരുമാനമെടുത്തെങ്കിലും നടപടി ഇഴഞ്ഞുനീങ്ങുകയാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൈക്കൊണ്ട തീരുമാനം പ്രാവർത്തികമാക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണം. വ്യാവസായിക മേഖലയിലും നിലവിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്ത് നിരവധി സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി വലിയ മാറ്റങ്ങളാണ് ആ രംഗത്ത് വന്നുകൊണ്ടിരിക്കുന്നത്. അടൂരിൽ വ്യവസായ വകുപ്പിന്റെ രണ്ടര ഏക്കർ സ്ഥലം കാടുപിടിച്ചുകിടക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ 'മുഖാമുഖം' പരിപാടിയിൽ ടി വിഷയം ഉന്നയിച്ചപ്പോൾ അവിടെ വ്യവസായ പാർക്ക് അനുവദിക്കാമെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു. അതിനാവശ്യമായ ഇടപെടൽ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇരുപത് പദ്ധതികൾ എല്ലാ എം.എൽ.എ.-മാരും കൊടുത്തിട്ടുണ്ട്, ഞാനും നൽകിയിട്ടുണ്ട്. അതിൽ ഏറ്റവും വലിയ പദ്ധതിയാണ് അടൂർ കൊടുമൺ അന്താരാഷ്ട്ര സ്റ്റേഡിയം. സംസ്ഥാനത്തെ ഏറ്റവും വലിയ സ്റ്റേഡിയവും ഉന്നത നിലവാരത്തിലുള്ള ദേശീയ, അന്തർദേശീയ മത്സരങ്ങൾ നടത്താൻ കഴിയുന്നതുമായ ഒരു

സ്റ്റേഡിയമാണത്. ആ സ്റ്റേഡിയത്തോടനുബന്ധിച്ച് സ്പോർട്സ് സ്കൂൾ ആരംഭിക്കണമെന്ന് കഴിഞ്ഞ തവണയും ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇത്തവണ ബഡ്ജറ്റിൽ അതിന് ടോക്കൺ പ്രൊവിഷൻ വച്ചിട്ടുമുണ്ട്. ഐക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിൽ അതിനുള്ള സൗകര്യമുണ്ട്. ഈ ബഡ്ജറ്റിൽ സ്പോർട്സ് വകുപ്പിന് അനുവദിച്ചതുകയിൽനിന്നും അവിടെ സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് പന്തളം. പന്തളം ശബരിമലയുടെ മൂലസ്ഥാനമാണ്. അവിടെ വലിയ ട്രാഫിക് പ്രശ്നങ്ങളുണ്ട്. പന്തളം ബൈപ്പാസുമായി ബന്ധപ്പെട്ട് പ്രവർത്തനം നടന്നുവരികയാണ്. എന്നാൽ, അവിടെ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ മുതൽ മണികണ്ഠൻ ആൽത്തറ വരെയുള്ള ഭാഗത്ത് വലിയ തിരക്കാണ്. അതുകൊണ്ട് അവിടെ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനം കെ.എസ്.ടി.പി./പി.ഡബ്ല്യു.ഡി.വഴി ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്വാതന്ത്ര്യത്തിനുശേഷം സോഷ്യലിസ്റ്റ് പരമാധികാര

മതേതര റിപ്പബ്ലിക്കായ ജനാധിപത്യ രാഷ്ട്രത്തിനാണ് അടിത്തറപാകിയത്. എല്ലാ പൗരന്മാർക്കും നീതിയും സമത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുമെന്നും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുമെന്നും സാഹോദര്യം വളർത്തുമെന്നും ഉറപ്പുനൽകി ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിയമനിർമ്മാണ സഭകളും ഭരണ നിർവ്വഹണ സമിതികളും നീതിന്യായ കോടതികളും ക്രമീകരിച്ചു. വർത്തമാന രാജ്യം നെഞ്ചേറ്റുന്ന മുതലാളിത്തം കടുത്ത പ്രതിസന്ധിയിൽ ഉഴലുകയാണ്. ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രത്തിൽ നമ്മുടെ സംസ്ഥാനത്തെ വീർപ്പുമുട്ടിക്കാനാണ് കേന്ദ്രഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. വർഗ്ഗീയ ഫാസിസ്റ്റ് അജണ്ടകളിലൂടെ നരേന്ദ്ര മോദി സർക്കാർ കേരളത്തിന്റെ അവകാശങ്ങളെയാകെ നിഷേധിക്കുകയാണ്. കേരളത്തിന് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കേന്ദ്ര ഭരണകൂടം തിരസ്കരിക്കുന്നു. രാജ്യത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ കുട്ടികൾക്കും വൃദ്ധർക്കും ആരോഗ്യപരിരക്ഷ നൽകുന്നതിൽ നിഷേധാത്മകമായ നിലപാടാണ് നരേന്ദ്ര മോദി സർക്കാർ സ്വീകരിക്കുന്നത്.

രാജ്യത്തിന്റെ സമ്പത്താകെ വിറ്റഴിക്കുന്ന തിരക്കിലാണ് ശ്രീ. നരേന്ദ്ര മോദി. 2002-ൽ ഗുജറാത്തിൽ വംശഹത്യ പരീക്ഷണം നടത്തിയ ശ്രീ. നരേന്ദ്ര മോദി വീണ്ടും രാജ്യത്ത് വംശഹത്യാ പരീക്ഷണശാലകൾ സൃഷ്ടിക്കുകയാണ്. ഈ ഘട്ടത്തിൽ കേരളത്തിനെതിരായ സാമ്പത്തിക അവഗണനയ്ക്കും കേരളത്തോടുള്ള വർഗ്ഗീയ വംശവിദ്വേഷത്തിനുമെതിരെ ഇടതുപക്ഷ ഗവൺമെന്റ് പോരാടുകയാണ്. ഇടതുപക്ഷ മന്ത്രിമാരും എം.എൽ.എ.-മാരും പാർലമെന്റിനുമുമ്പിൽ സമരം ചെയ്തപ്പോൾ കേരളത്തിലെ യു.ഡി.എഫ്., അതിനൊപ്പം നിന്നില്ല. അത് ബി.ജെ.പി.-യോടുള്ള നിങ്ങളുടെ സാഹോദര്യത്തിന്റെ തെളിവാണ്. കേരളം ഉൾപ്പെടെ ബി.ജെ.പി. ഇതര ഗവൺമെന്റുകളെ നരേന്ദ്ര മോദി ഭരണകൂടം തേജോവധം ചെയ്യുകയാണെന്ന് എ.ഐ.സി.സി. അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ഒരു യോഗത്തിൽ വ്യക്തമാക്കി. തൃശ്ശൂരിൽ നടന്ന ആ യോഗത്തിൽ കെ.പി.സി.സി. അദ്ധ്യക്ഷൻ ശ്രീ. കെ. സുധാകരനും പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും സന്നിഹിതനായിരുന്നു. അവർക്ക് ആ ഘട്ടത്തിൽ മിണ്ടാട്ടമുണ്ടായിരുന്നില്ല. കേരളത്തിലെ കോൺഗ്രസിന്റെ ബി.ജെ.പി. മൃദുസമീപനമാണ് ആ

മൗനത്തിലൂടെ തെളിയിക്കപ്പെട്ടത്. ഈ ബഡ്ജറ്റ് പുതുയുഗ പ്രവാഹം സൃഷ്ടിക്കുന്ന ഒന്നാണ്. പിന്നാക്കക്കാരെ നവധാരകളിലേയ്ക്ക് നയിക്കുന്ന ഒന്നാണെന്നും ഞാൻ അഭിപ്രായപ്പെടുന്നു. "കെട്ടിമറയ്ക്കില്ലെൻ പാതി നെഞ്ചും കെട്ടിമറയ്ക്കില്ലെൻ കൈയ്യും"- കെട്ടിമറയ്ക്കാത്ത പാതി നെഞ്ചും കെട്ടിമറയ്ക്കാത്ത എന്റെ കൈയ്യും നവകേരള സൃഷ്ടിക്കായി മുന്നോട്ടുവരുന്നുവെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഡ്ജറ്റിന്റെ ആദ്യ വാചകംതന്നെ കേരളത്തിന് പ്രത്യാശ നൽകുന്നതാണ്. സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ വളർച്ചയെ വെല്ലുവിളികളെയും ആശങ്കകളെയും അഭിമുഖീകരിച്ച് എങ്ങനെ ത്വരിതപ്പെടുത്താമെന്ന അന്വേഷണവും പ്രായോഗിക നിർദ്ദേശവും അടങ്ങിയതാണ് ഈ ബഡ്ജറ്റ്. അതാണ് കേരളത്തിന്റെ പ്രത്യാശ. കേരളത്തെ മുടിഞ്ഞുപോയ നാടെന്ന് ചിത്രീകരിക്കുന്ന കേരളവിരുദ്ധരെ അഗാധമായി നിരാശപ്പെടുത്തിക്കൊണ്ട് "തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാകില്ല കേരളത്തെ" എന്ന

ആത്മാഭിമാനം ഉയർത്തിപ്പിടിച്ച് സംസ്ഥാനത്തെ അതിവേഗം നവീകരിക്കാൻ ലക്ഷ്യമിട്ട ബൃഹത് പരിപാടികളാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. അതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇത് ജനപക്ഷ ബഡ്ജറ്റാണ്. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ ഇതൊരു നിസ്സ്വപക്ഷ ബഡ്ജറ്റാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരെയും പാവപ്പെട്ടവരെയുമാണ് ഈ ബഡ്ജറ്റ് ചേർത്തുപിടിക്കുന്നത്. ഇതൊരു ജെൻഡർ ബഡ്ജറ്റാണ്; സ്ത്രീപക്ഷ ബഡ്ജറ്റ് എന്നുകൂടി പറയാം. കുടുംബശ്രീക്ക് നീക്കിവച്ച തുക പരിശോധിച്ചാൽ ഇതൊരു സ്ത്രീപക്ഷ ബഡ്ജറ്റാണെന്ന് മനസ്സിലാകും. ഏത് പ്രതിസന്ധി സൃഷ്ടിച്ചാലും എന്തെല്ലാം വെല്ലുവിളികൾ നേരിടേണ്ടിവന്നാലും സാധാരണക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾക്കോ ക്ഷേമപ്രവർത്തനങ്ങൾക്കോ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കോ മുടക്കം വരുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറല്ലായെന്നാണ് ഈ ബഡ്ജറ്റ് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്. ഈ ഗവൺമെന്റിന് കെടുകാര്യസ്ഥതയുണ്ടെന്ന വിമർശനം പ്രതിപക്ഷനേതാവ് വായ്ത്താരിപോലെ പറഞ്ഞുനടക്കുകയാണ്. നമ്മുടെ

നികുതി വരുമാനവും നികുതിയേതര വരുമാനവും വർദ്ധിച്ചിട്ടുണ്ടെന്നാണ് ബഡ്ജറ്റിലും ആസൂത്രണ കമ്മീഷന്റെ സാമ്പത്തിക അവലോകനത്തിലും വ്യക്തമാക്കുന്നത്. സംസ്ഥാനത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളൊന്നും സ്തംഭിപ്പിച്ചിട്ടില്ല, ടഷറി പ്രവർത്തിക്കുകയാണ്; പ്രതിപക്ഷം വ്യാമോഹിക്കുന്നതുപോലെ അത് പൂട്ടുന്നില്ല. കേരളം മുന്നോട്ടുതന്നെ പോകുകയാണ്; ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ അതിന് കൂടുതൽ ആവേശം പകരും. എന്നാൽ, ഈ ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്രം ഇടപെടുന്ന കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ മനസ്സിലാകും. ഫിസ്കൽ ഫെഡറലിസത്തിന്റെ എല്ലാ തത്വങ്ങളെയും ലംഘിച്ചുകൊണ്ടാണ് യൂണിയൻ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അക്കാര്യത്തിൽ കോൺഗ്രസിന് അഭിപ്രായവ്യത്യാസമുണ്ടോ? കേരളത്തിലെ മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരും ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ നടത്തിയ സമരത്തിന്റെ തലേദിവസം അവിടെ സമരം നടത്തിയത് കർണ്ണാടകയിലെ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണ്. ഞങ്ങൾ നടത്തിയ

സമരത്തിൽ പ്രതിപക്ഷത്തിനെ ക്ഷണിച്ചതാണ്. ഇപ്പോൾ എന്തൊക്കെ തൊടുന്യായങ്ങളാണ് നിങ്ങൾ പറയുന്നത്. തിരഞ്ഞെടുപ്പായതുകൊണ്ട് വരാൻ സാധിക്കില്ലെന്ന കാര്യം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഈ സഭയിൽ വ്യക്തമാക്കി. തിരഞ്ഞെടുപ്പായതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ട വിഹിതം വേണ്ട എന്ന അഭിപ്രായമാണോ നിങ്ങൾക്കുള്ളത്? ആ സമരത്തിനെ നിങ്ങൾ ആക്ഷേപിച്ചത് എങ്ങനെയാണ്? നാടകമെന്ന് പറഞ്ഞാണ് ശ്രീ. വി. ഡി. സതീശൻ ആക്ഷേപിച്ചത്. നിങ്ങളുടെ അഖിലേന്ത്യാ നേതാവ് ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞത് ഡ്രാമയെന്നാണ്. ഒരാൾ മലയാളത്തിലും മറ്റെയാൾ ഇംഗ്ലീഷിലും പറഞ്ഞു എന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. ഈ സമരത്തിലൂടെ എന്തൊക്കെ ആവശ്യങ്ങളാണ് കേന്ദ്രത്തോട് ഉന്നയിച്ചതെന്നും ആ സമരത്തിന് പിന്തുണ നൽകിയവർ ആരൊക്കെയാണെന്നും നിങ്ങൾ അന്വേഷിച്ചോ? 'ആസേതു ഹിമാചലം' എന്ന് പറയാവുന്ന വിധത്തിൽ നേതാക്കൾ സമരത്തിൽ പങ്കെടുത്തു. കാശ്മീർ മുൻമുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുല്ല, ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി, തമിഴ്നാടിന്റെ മന്ത്രിമാർ,

ഇന്ത്യയിലെ പ്രമുഖ അഭിഭാഷകരിൽ ഒരാളായ ശ്രീ. കപിൽ സിബൽ തുടങ്ങിയവരെല്ലാം പിന്തുണ പ്രഖ്യാപിച്ച സമരമായിരുന്നു. കേരളം ഉന്നയിക്കുന്നത് ന്യായമായ ആവശ്യമായതുകൊണ്ടാണ് ഇവരെല്ലാം പിന്തുണ പ്രഖ്യാപിച്ചത്. ഫെഡറൽ സ്വഭാവത്തെ ലംഘിച്ചുകൊണ്ടാണ് കേന്ദ്രം മുന്നോട്ടുപോകുന്നത്. കേന്ദ്രത്തിന്റെ അജണ്ട ഹിന്ദുത്വരാഷ്ട്രമാണ്; അധികാര കേന്ദ്രീകരണമാണ്. അതിനെ അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് 'കേരളം ചോദിക്കുന്ന ന്യായമായ ആവശ്യങ്ങൾക്കൊപ്പമാണ് ഈ നാട്" എന്നാണ് അവിടെ പ്രഖ്യാപിക്കപ്പെട്ടത്. പക്ഷെ, പ്രതിപക്ഷം അതിനോട് മുഖം തിരിഞ്ഞുനിന്നില്ലേ; ആ സമരത്തെ തള്ളിപ്പറഞ്ഞില്ലേ; കേരളത്തോട് കാണിക്കുന്ന വഞ്ചനയല്ലേ അത്? ഓരോ കാര്യത്തിലും നിങ്ങൾ സ്വീകരിക്കുന്ന ഇരട്ടത്താപ്പ് ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന കാര്യം ശ്രീ. വി. ഡി. സതീശനും കോൺഗ്രസ്സും മനസ്സിലാക്കണം. രാമക്ഷേത്രവും പ്രതിഷ്ഠയും സംബന്ധിച്ച് പാർലമെന്റിൽ ചർച്ച നടത്തിയപ്പോൾ അതിൽ കോൺഗ്രസ്സ് പങ്കെടുക്കുകയല്ലേ ചെയ്തത്? എന്നാൽ, അതിനെ പ്രതിപക്ഷവും മുസ്ലീം ലീഗും ബഹിഷ്കരിക്കുകയാണ് ചെയ്തത്. മുസ്ലീം ലീഗ് നേതാക്കളോട് എനിക്ക്

വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്, കോൺഗ്രസിന്റെ വർഗ്ഗീയതയെ സംബന്ധിച്ചുള്ള മൃദുസമീപനവും ഹിന്ദുത്വ അജണ്ട വരുമ്പോൾ സ്വീകരിക്കുന്ന ഇരട്ടത്താപ്പും മുന്നോട്ട് കൊണ്ടുപോയാൽ (....ബഹളം.....). ശ്രീ. അരവിന്ദ് കെജ്‌രിവാളും നിങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നാണോ പറഞ്ഞുകൊണ്ടിരിക്കുന്നത് (....ബഹളം.....).

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ശ്രീ. പി. സി. വിഷ്ണുനാഥ്..

ശ്രീ. ഡി. കെ. മുരളി: സർ, ന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ കോൺഗ്രസ് സ്വീകരിക്കുന്ന നിലപാട് മറ്റൊന്നുമല്ല. നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഒരു സമൂഹം ഇത് അംഗീകരിക്കുമോയെന്ന് മുസ്ലീം ലീഗിന്റെ പ്രിയപ്പെട്ട നേതാക്കൾ ആലോചിക്കണം. ഇതിനൊക്കെ ജനങ്ങളോട് മറുപടി പറയേണ്ടിവരും; അത് കാണാതെ പോകരുത്. മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കമൽനാഥും മകനും ചെറുമകനും ബി.ജെ.പി.യിലേയ്ക്ക് പോകുന്നുവെന്ന വാർത്ത വന്നിട്ടുണ്ട്. നിങ്ങളുടെ നേതാവും എം.പി.യുമായ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പ്രധാനമന്ത്രിയുടെ സൽക്കാരത്തിൽ പങ്കെടുത്തതിനെ ശ്രീ. വി. ഡി. സതീശനും

ശ്രീ. കെ. മുരളീധരനും ന്യായീകരിക്കുകയാണ്. നമ്മുടെ നാടിന്റെ ഇന്നത്തെ രാഷ്ട്രീയസ്ഥിതിയെന്താണ്? ഭാരതരത്നം അവാർഡുപോലും രാഷ്ട്രീയമായി വിനിയോഗിക്കുകയാണ്. ഓരോ സാഹചര്യത്തെയും രാഷ്ട്രീയ മുതലെടുപ്പിന് വിനിയോഗിച്ചുകൊണ്ട് കേന്ദ്രത്തിൽ സംഘപരിവാർ രാഷ്ട്രീയം മുന്നോട്ടുപോകുമ്പോൾ അതിനെ ചെറുക്കാൻ, എതിർചേരിയിൽ അണിനിരക്കാൻ ധൈര്യപൂർവ്വം നിൽക്കേണ്ട സന്ദർഭത്തിൽ ഇത്തരത്തിലുള്ള വീട്ടുവീഴ്ചയല്ലേ നിങ്ങൾ കാണിക്കുന്നത്. ഓരോ ഭാരതരത്നവും നൽകിയതിന് പിന്നിലുള്ള കാര്യം പരിശോധിച്ചാൽ അത് മനസ്സിലാകും. ഇങ്ങനെ സംഘപരിവാറിനെ എതിർക്കാൻ ശക്തിയില്ലാത്തവരായി കോൺഗ്രസ് മാറിയാൽ അതിനൊപ്പം കേരളം നിൽക്കില്ലെന്നുകൂടി മനസ്സിലാക്കണം. ഇത്തരം നയങ്ങളോടുള്ള കോൺഗ്രസിന്റെ മൃദുസമീപനം മുസ്ലീം ലീഗിന്റെ നേതാക്കൾക്ക് ഇന്നല്ലെങ്കിൽ നാളെ തിരിച്ചറിയേണ്ടിവരും. എത്രയുംപെട്ടെന്ന് തിരിച്ചറിഞ്ഞാൽ ജനങ്ങളുടെ മുമ്പിൽ നിങ്ങൾക്ക് തല ഉയർത്തി നിൽക്കാനാവും. കേന്ദ്രസർക്കാർ ഒട്ടേറെ കാര്യങ്ങളിൽ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നു. സംസ്ഥാന സർക്കാരിന്റെ

കടമെടുക്കാനുള്ള അവകാശത്തെ വിവിധ ന്യായങ്ങൾ പറഞ്ഞ് നിഷേധിക്കുകയാണ്. ഏതെങ്കിലും സർക്കാരിന് കടമെടുക്കാതെ മുന്നോട്ടുപോകാൻ സാധിക്കുമോ? ഒരു സർക്കാരിനും അത് സാധിക്കില്ല. ഏതെങ്കിലും സംസ്ഥാനം കടമെടുക്കാതെയുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കേന്ദ്രസർക്കാർ കടമെടുക്കുന്നില്ലേ; അതിനെപ്പറ്റി നിങ്ങളുടെ നിലപാടെന്താണ്? കിഫ്ബിയെയും പെൻഷൻ ബോർഡിനെയും കടമെടുപ്പ് പരിധിയിൽ കൊണ്ടുവരണമെന്ന കേന്ദ്രനയത്തോട് നിങ്ങൾ യോജിക്കുകയാണോ? കിഫ്ബിയിലൂടെ നടത്തിയ പശ്ചാത്തലവികസനം നിങ്ങൾ ചെറുതായി കാണുന്നുണ്ടോ? നിങ്ങളുടെ മണ്ഡലങ്ങളിൽ കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചിട്ടില്ലേ? കിഫ്ബിയിലൂടെ പണം ചെലവഴിച്ചാൽ അത് കേരളത്തെ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകും, അതുകൊണ്ട് തങ്ങളുടെ മണ്ഡലത്തിൽ കിഫ്ബിയുടെ ഫണ്ട് വേണ്ടെന്ന് നിങ്ങൾ തീരുമാനിച്ചോ? നാട് വികസിക്കണം; നാടിന് പശ്ചാത്തല സൗകര്യമുണ്ടാകണം.

<u>മി. സ്പീക്കർ</u>: പ്ലീസ്.....കൺക്ലൂഡ്..

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ അവസാനിപ്പിക്കാം. ഇത്തരത്തിലുള്ള ജനവിരുദ്ധ സമീപനങ്ങളിൽനിന്ന് മാറിനിൽക്കാൻ എത്രയും പെട്ടെന്നുതന്നെ തയ്യാറാകുന്നത് നിങ്ങൾക്ക് നല്ലതാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, "Life is a tale told by an idiot, full of sound and fury, signifying nothing"- വില്യം ഷേക്സ്പിയറിന്റെ കൃതിയായ മക്ബത്തിലെ എറ്റവും പ്രധാനപ്പെട്ട ഒരു വാചകമാണിത്. ഷേക്സ്പിയർ ജീവിതത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്; "ജീവിതമെന്നാൽ വിഡ്ഢിയാൽ പറഞ്ഞ ഒരു കടങ്കഥയാണ്, നിറയെ ശബ്ദവും ബഹളവും. എന്നാൽ ഒരു കാര്യവുമില്ല". ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റും ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റും ഇതേ രീതിയിലാണെന്ന് പറയാൻ എനിക്ക് യാതൊരു മടിയുമില്ല. കേവലം പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമല്ലാതെ ഈ ബഡ്ജറ്റിൽ യാതൊന്നുമില്ല. ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുകയാണ്; വാഗ്ദാനങ്ങൾക്ക് യാതൊരു കുറവുമില്ല. സൂര്യോദയ സമ്പദ്ഘടനയായി കേരളം മാറുകയാണെന്നാണ്

ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കുന്നത്. ഇതുകേട്ടിട്ട് തൊട്ടടുത്ത ബെഞ്ചിലിരുന്ന ഭക്ഷ്യ വകുപ്പുമന്ത്രി കൈപോലും കൊടുക്കാതെ ഇറങ്ങിപ്പോകുന്നത് ഈ സഭ കണ്ടതാണ്. ഭക്ഷ്യവകുപ്പിനും കൃഷിവകുപ്പിനും റവന്യൂ വകുപ്പിനും ഈ ബഡ്ജറ്റിനോട് പ്രതിഷേധമുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ പ്രസംഗത്തിന്റെ അവസാന ഭാഗം ഒഴിച്ചുനിർത്തിയാൽ ഈ ബഡ്ജറ്റിനോടുള്ള സി.പി.ഐ.-യുടെ പ്രതിഷേധം വ്യക്തമായി കാണാൻ കഴിയും. സമസ്തമേഖലകളെയും തകർത്തുതരിപ്പണമാക്കി അഴിമതിയും കെടുകാര്യസ്ഥതയുംകൊണ്ട് കേരളത്തെ അന്ധകാരത്തിലേയ്ക്ക് തള്ളിവിടുന്നതാണ് ശ്രീ. കെ. എൻ. ബാലഗോപാലിന്റെ സൂര്യോദയ ബഡ്ജറ്റ്. 8 വർഷം മുമ്പ് കണ്ട കേരളമല്ലായെന്ന് അദ്ദേഹം സൂചിപ്പിച്ചത് ശരിയാണ്. കാരണം, നമ്മുടെ പൊതുകടം 4,29,270 കോടി രൂപയായി വർദ്ധിച്ചു. ഇ.എം.എസ്. മുതൽ ഉമ്മൻ ചാണ്ടി വരെയുള്ള ഗവൺമെന്റുകൾ ഭരിച്ച കാലത്തുള്ള പൊതുകടം 1.9 കോടി രൂപയാണ്. കേരളത്തിൽ ഓരോ കുട്ടിയും ഒരു ലക്ഷത്തിലേറെ രൂപയുടെ കടക്കാരനായിട്ടാണ് ജനിച്ചുവീഴുന്നത്. ഉദാരവൽക്കരണ നയങ്ങളോടും നവലിബറൽ

നയങ്ങളോടുമുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനം എല്ലാവരെയും വിസ്മയിപ്പിച്ചു. നിങ്ങളുടെ സമീപനം മാറിയോ; എങ്കിൽ പറയണം. വിദ്യാഭ്യാസ രംഗത്ത് വിദേശ മൂലധനനിക്ഷേപം വരുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ; നിങ്ങളുടെ കഴിഞ്ഞ കാലത്തെ നിലപാട് എന്തായിരുന്നു? സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നപ്പോൾ അതിനെ എതിർത്തു. കുത്തുപറമ്പ് വെടിവയ്പിൽ 5 പേർ മരിച്ചില്ലേ; സഖാവ് പുഷ്പനെയെങ്കിലും ശ്രീ. കെ. എൻ. ബാലഗോപാൽ ഓർക്കേണ്ടതായിരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദേശ മൂലധനനിക്ഷേപവും സർവ്വകലാശാലകളും വേണമെന്ന് പറഞ്ഞ ശ്രീ. ടി. പി. ശ്രീനിവാസൻ എന്ന ആഗോളപ്രശസ്ത വ്യക്തിയോട് മാപ്പുപറയാനെങ്കിലും ശ്രീ. കെ. എൻ. ബാലഗോപാൽ തയ്യാറാകേണ്ടതായിരുന്നു. ഇതിനോട് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുപോലും അഭിപ്രായവ്യത്യാസമുണ്ട്. സ്വകാര്യ സർവ്വകലാശാലകൾക്കും വിദേശ സർവ്വകലാശാലകൾക്കും അനുമതി നൽകുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. ഞങ്ങൾ അതിനെ സ്വാഗതം

ചെയ്യുന്നു. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ മറ്റ് രാജ്യങ്ങളിൽപോയി വിദ്യാഭ്യാസം ചെയ്യുന്നതുമൂലം കേരളം ജനങ്ങളില്ലാത്ത അവസ്ഥയിലേയ്ക്കാണ് പോകുന്നത്. ഡൽഹിയിലെ സമരത്തെപ്പറ്റി ശ്രീ. ഡി. കെ. മുരളി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്തിനാണ് നിങ്ങൾ സമരം ചെയ്തത്; നരേന്ദ്ര മോദി എന്ന പേരോ അമിത് ഷാ എന്ന പേരോ ഉച്ചരിക്കാൻ മുഖ്യമന്ത്രിക്ക് മുട്ടുവിറയ്ക്കും. അദ്ദേഹം ഒരിക്കലും അത് ചെയ്തിട്ടില്ല. കഴിഞ്ഞ ഏഴരവർഷവും സമരം ചെയ്യാൻ തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നരേന്ദ്ര മോദി ഗവൺമെന്റ് അല്ലെങ്കിൽ ബി.ജെ.പി. ഗവൺമെന്റ് എന്ന് പറയുകയില്ല, പകരം യൂണിയൻ ഗവൺമെന്റ് എന്നാണ് വിശേഷിപ്പിക്കുന്നത്. കാരണം, അദ്ദേഹത്തിന് പേടിയാണ്. ഇവിടെ പുതിയൊരു പദാവലി അദ്ദേഹം കൊണ്ടുവന്നിരിക്കുകയാണ്. നരേന്ദ്ര മോദിയെന്നോ അമിത് ഷാ എന്നോ പറഞ്ഞാൽ വിവരമറിയും എന്നതുകൊണ്ടാണ് അദ്ദേഹം അത് പറയാതിരുന്നത്. ലാവ്‌ലിൻ കേസ് 38 തവണ മാറ്റിവച്ചു. സുപ്രീംകോടതിയിൽ അന്ന് സി.ബി.ഐ.-യുടെ അഭിഭാഷകന്

അസുഖമായിരിക്കും. പിന്നെ എങ്ങനെ ശ്രീ. നരേന്ദ്ര മോദിയുടെ പേര് പരാമർശിക്കും? ഏഴരവർഷക്കാലമായി ബി.ജെ.പി.-ക്കെതിരെ ഒരു സമരവുമുണ്ടായിട്ടില്ല, ശ്രീ. നരേന്ദ്ര മോദിക്കെതിരെ മിണ്ടിയിട്ടുമില്ല. ശ്രീ. എൻ. കെ. പ്രേമചന്ദ്രനെപ്പറ്റി സൂചിപ്പിച്ചല്ലോ; അദ്ദേഹം എന്ത് തെറ്റാണ് ചെയ്തത്? ശ്രീ. എൻ. കെ. പ്രേമചന്ദ്രനെ പ്രധാനമന്ത്രി വിളിച്ചു, അദ്ദേഹം പോയി. ഞങ്ങളെ മുഖ്യമന്ത്രി വിളിക്കാറുണ്ട്, ഞങ്ങൾ പോകുന്നില്ലേ? ശ്രീ. നരേന്ദ്ര മോദിക്ക് ആമാടപ്പെട്ടിയും കസവുമുണ്ടുമായി പോയത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയിരുന്നില്ലേ; ആമാടപ്പെട്ടിയും കസവുനേര്യതും ആറന്മുളക്കണ്ണാടിയും കൊടുത്ത് സ്വീകരിച്ച മുഖ്യമന്ത്രിയുടെ ചെയ്തികളെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ഇത്തവണ പ്രധാനമന്ത്രി വന്നപ്പോൾ മുഖ്യമന്ത്രിയുടെ ബോഡി ലാംഗ്വേജ് കാണണമായിരുന്നു. എന്തായിരുന്നു അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജ്; ഞാൻ അത്രമാത്രമേ പറയുന്നുള്ളൂ. പാർലമെന്റ് തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള സ്റ്റണ്ടാണ് നിങ്ങൾ ചെയ്തത്. 57,000 കോടി രൂപ കേരളത്തിന്

നഷ്ടപ്പെട്ടുവെന്ന് പറയുന്നു. ജി.എസ്.ടി. വളർച്ചാനിരക്ക് 14 ശതമാനത്തിൽ കുറവാണെങ്കിൽ 5 വർഷത്തേക്ക് നഷ്ടപരിഹാരം ലഭിക്കും. അത് നേരത്തേ തീരുമാനിച്ചതാണ്. സംസ്ഥാന നികുതി വരുമാനത്തിൽ 16 ശതമാനം വളർച്ച നേടിയെന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ വ്യക്തമാക്കുകയുണ്ടായി. അത്തരമൊരു അവസ്ഥയിൽ നമുക്കെങ്ങനെയാണ് ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുന്നത്? ഫിസ്കൽ ഡെഫിസിറ്റ് ഗ്രാന്റ് ഏറ്റവും കൂടുതൽ ലഭിച്ചത് കേരളത്തിനാണ്, 53,000 കോടി രൂപ. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 9,000 കോടി രൂപ മാത്രമാണ് ലഭിച്ചത്. ധനകാര്യ കമ്മീഷന്റെ നിലപാട് ശരിയല്ലെന്ന അഭിപ്രായം ഞങ്ങൾക്കുമുണ്ട്. 14-ാം ധനകാര്യ കമ്മീഷൻ 2.5 ശതമാനമാണ് നമുക്ക് നൽകിയതെങ്കിൽ 15-ാം ധനകാര്യ കമ്മീഷൻ 1.9 ശതമാനമായി അത് കുറച്ചു. 1971-ലെ ജനസംഖ്യാ കണക്കായിരുന്നു എടുക്കേണ്ടത്. ഇവിടെ 2011-ലെ ജനസംഖ്യാ കണക്കാണ് എടുത്തത്. അതുകൊണ്ടാണ് നമുക്കിത് കുറഞ്ഞത്. നിങ്ങൾ

ഇങ്ങനെ Off-Budget Borrowing എടുക്കരുതെന്ന് ഞങ്ങൾ അന്ന് സൂചിപ്പിച്ചതല്ലേ? കിഫ്ബിക്കും പെൻഷൻ കമ്പനിക്കുംവേണ്ടി നിങ്ങൾ എടുക്കുന്നതെല്ലാം കടമെടുപ്പ് പരിധിയിലുൾപ്പെടുമെന്ന് ഞങ്ങൾ സൂചിപ്പിച്ചു. ഞങ്ങളുടെ ഈ പരാമർശത്തെ വിമർശിച്ചവരാണ് നിങ്ങൾ. ഇപ്പോൾ എന്ത് സംഭവിച്ചു? കടമെടുപ്പ് പരിധി 3 ശതമാനമാണ്. അത് വർദ്ധിപ്പിക്കണമെന്ന് കോൺഗ്രസ്സും ആവശ്യപ്പെടുന്ന കാര്യമാണ്. കേന്ദ്രത്തിനെതിരെ സമരം ചെയ്യുമ്പോൾ ഒരു കാര്യം നിങ്ങൾ ഓർക്കണം; കേന്ദ്ര ഗവൺമെന്റിനെതിരെ ഏറ്റവും ശക്തമായ നിലപാടുകൾ സ്വീകരിക്കുന്ന പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്, ബി.ജെ.പി.-ക്കെതിരെ പോരാടുന്ന പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. പിണറായി ഗവൺമെന്റും നരേന്ദ്ര മോദി ഗവൺമെന്റും ഒരുപോലെയാണ്. ഒരു വർഷംകൊണ്ട് രണ്ടുകോടി ആളുകൾക്ക് ജോലി കൊടുക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. ആർക്കെങ്കിലും ജോലി ലഭിച്ചോ? 2022-ന് മുമ്പ് 200 സ്മാർട്ട് സിറ്റികൾ

ഇന്ത്യയിൽ ആരംഭിക്കുമെന്ന് പറഞ്ഞു. എവിടെയെങ്കിലും ആരംഭിച്ചോ; പെട്രോൾ, ഡീസൽ എന്നിവ ലിറ്ററിന് 35 രൂപയ്ക്ക് കൊടുക്കുമെന്ന് പറഞ്ഞു. കൊടുത്തോ; ഇപ്പോൾ 100 രൂപ കവിഞ്ഞു. കർഷകരുടെ വരുമാനം രണ്ടിരട്ടിയായി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു, വർദ്ധിപ്പിച്ചോ; എല്ലാവർക്കും വീട് കൊടുക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു, ആർക്കെങ്കിലും കൊടുത്തോ? യു.പി.എ. ഗവൺമെന്റ് കർഷകരുടെ 60,000 കോടി രൂപയുടെ കടം എഴുതിത്തള്ളി. എന്നാൽ, നരേന്ദ്ര മോദി ഗവൺമെന്റ് കോർപ്പറേറ്റുകളുടെ കടമെഴുതിത്തള്ളുകയാണ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് ജനങ്ങളെ ശ്വാസംമുട്ടിക്കുകയാണ്. തൊഴിലില്ലായ്മയും വിലക്കയറ്റവുംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുകയാണ്. സൈന്യത്തിൽ പോയി ജോലി ചെയ്ത് ജീവിക്കാമെന്ന് കരുതിയാൽ പുതിയ 'അഗ്നിപഥ്' പദ്ധതി കാരണം അതിനുപോലും കഴിയാത്ത അവസ്ഥയാണ്. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളെ ഞങ്ങൾ എതിർക്കുന്നു. ശ്രീ. നരേന്ദ്ര മോദിയുടെ 10

വർഷക്കാലത്തെ ഭരണംമൂലം ഇന്ത്യ ആഗോള പട്ടിണി സൂചികയിൽ 125 രാജ്യങ്ങളിൽ 111-ാം സ്ഥാനത്താണ്. മോദി ഗവൺമെന്റ് ഇന്ത്യയെ ദാരിദ്ര്യത്തിലേയ്ക്ക് നയിച്ചു. പണപ്പെരുപ്പംകൊണ്ട് രാജ്യത്തെ ജനങ്ങളെ വഞ്ചിക്കുകയാണ് നരേന്ദ്ര മോദി ഗവൺമെന്റ്. നരേന്ദ്ര മോദി ഗവൺമെന്റ് സ്വീകരിക്കുന്ന അതേ നയം തന്നെയാണ് നിങ്ങളും ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ആർക്കെങ്കിലും തൊഴിലുണ്ടോ?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അവസാനിപ്പിക്കാം. ഇവിടെ ആർക്കെങ്കിലും തൊഴിൽ കൊടുക്കുന്നുണ്ടോ; തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം ഇന്ത്യയിലേറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറുന്നു. ഗവൺമെന്റിന് പുതിയ പരിപാടിയുണ്ടോ; പദ്ധതിയുണ്ടോ; സർക്കാർ ജീവനക്കാർക്ക് 20 ശതമാനം ഡി.എ. കൊടുക്കാനുണ്ടായിരുന്നിട്ടും ഒരു ഗഡു ഡി.എ. ആണ് നിങ്ങൾ കൊടുത്തത്. സർക്കാർ ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് കൈയുംകണക്കുമില്ല. ഇങ്ങനെ

കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. നിങ്ങളുടെ 'പ്ലാൻ-ബി' എന്താണ്; ജനങ്ങളെ പിഴിയാനാണോ 'പ്ലാൻ-ബി'; ജനങ്ങളെ ബുദ്ധിമുട്ടിക്കാനാണോ 'പ്ലാൻ-ബി'? പങ്കാളിത്ത പെൻഷന്റെ കാര്യത്തിൽ നിങ്ങൾ ഒളിച്ചോട്ടം നടത്തുന്നു. ഈ സംസ്ഥാനത്ത് പിണറായി വിജയൻ ഗവൺമെന്റും ഇന്ത്യയിൽ നരേന്ദ്ര മോദി ഗവൺമെന്റും ജനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയാണ്. സാധാരണ ജനങ്ങളുടെയും പാവപ്പെട്ടവന്റെയും ജീവിതം കൂടുതൽ ദുഃസഹമാകുന്നു. അതിന് പരിഹാരമുണ്ടാകാതെ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും മാത്രം വാരിക്കോരി കൊടുത്തുകൊണ്ട് ജനങ്ങളെ വഞ്ചിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീമതി നിർമ്മലാ സീതാരാമന്റെ ബഡ്ജറ്റ് എടുത്താലും ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ബഡ്ജറ്റ് എടുത്താലും രണ്ടിടത്തും കാണാൻ കഴിയുന്നത് ജനവഞ്ചനയാണ്.

മി. സ്പീക്കർ: അങ്ങയെപ്പോലെ മുതിർന്നൊരാൾ പ്രസംഗം ഇങ്ങനെ എക്സ്ടീഡ് ചെയ്യരുത്. പ്ലീസ്.

ശ്രീ. രമേശ് ചെന്നിത്തല: അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കോൺഗ്രസ്സ് നേതാക്കളുടെ പ്രസംഗം കേന്ദ്രസർക്കാരിന് അനുകൂലമായ പ്രസംഗമായി മാറിക്കൊണ്ടിരിക്കുകയാണ്. പി. വി. നരസിംഹ റാവുവിന് 'ഭാരതരത്ന' അവാർഡ് ലഭിച്ചതുപോലെ ഒരു ഭാരതരത്നമാണോ കോൺഗ്രസ്സിന്റെ നേതാക്കൾ പ്രതീക്ഷിക്കുന്നതെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിന് കുതിപ്പേകുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കേന്ദ്രസർക്കാർ കേരളത്തെ ശ്വാസം മുട്ടിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട 58,000 കോടിയോളം രൂപയാണ് കേന്ദ്രഗവൺമെന്റ് നിഷേധിക്കുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഗവൺമെന്റ് പകച്ചുനിൽക്കുകയില്ല. കേരളത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശക്തമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ 1.32 ലക്ഷം കോടി

രൂപയായിരുന്ന തനത് നികുതി വരുമാനം 2022-23 സാമ്പത്തിക വർഷത്തിൽ 1.59 ലക്ഷം കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. 5 വർഷംകൊണ്ട് തനത് വരുമാനം ഇരട്ടിയാക്കി വർദ്ധിപ്പിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും കൈയുംകെട്ടി നോക്കിയിരിക്കുന്ന സർക്കാരല്ല കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. വിദ്യാഭ്യാസമേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയും ആരോഗ്യരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുകയും ചെയ്ത സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. കേരളത്തിൽ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ മികച്ച മുന്നേറ്റമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണകാലത്ത് നടപ്പാക്കാൻ സാധിച്ചത്. ഇവിടെ ദേശീയപാത വികസനം യാഥാർത്ഥ്യമാകുകയാണ്. മലയോര ഹൈവേ, തീരദേശപാത എന്നിവയുടെ നിർമ്മാണവും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. ദേശീയ ജലപാതയുൾപ്പെടെയുള്ള

വൻവികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. ചെറുകിട വ്യവസായ മേഖലയിൽ ഒരുലക്ഷത്തിനാല്പതിനായിരത്തിലധികം സംരംഭങ്ങൾ ഈ കാലയളവിൽ നടത്തിക്കൊണ്ട് പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഈ ഗവൺമെന്റ് സൃഷ്ടിച്ചു. സംസ്ഥാനത്ത് എത്രപേർക്ക് തൊഴിൽ നൽകിയെന്ന് ശ്രീ. രമേശ് ചെന്നിത്തല ചോദിക്കുന്നത് കേട്ടു. രണ്ട് ലക്ഷത്തിമുപ്പതിനായിരത്തിലധികം ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന നിയമനം നൽകിയത്. ഇത് കോൺഗ്രസ് ഗവൺമെന്റ് നൽകിയോ; കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ടോ? രാജ്യത്താകെയുള്ള നിയമനങ്ങളുടെ 40 ശതമാനവും നടത്തുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുയർന്നുകൊണ്ടാണ് ഈ സർക്കാർ 2024-25 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടുയർത്താനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു.

വിലസ്ഥിരതാ ഫണ്ട് 250 രൂപയെങ്കിലുമാകണമെന്ന് നമ്മൾ ആഗ്രഹിച്ചെങ്കിലും കേന്ദ്രസർക്കാർ സഹായം നൽകണ്ടേ; നിങ്ങൾ അതിനെക്കുറിച്ച് ഒരു വാക്കും പറയുന്നില്ലല്ലോ? പക്ഷേ, കേരളത്തിലെ ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും റബ്ബറിന്റെ താങ്ങുവില 170 രൂപയെന്നുള്ളത് 180 രൂപയാക്കി വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചു. സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത് കോൺഗ്രസ് ഗവൺമെന്റാണ്. പങ്കാളിത്ത പെൻഷൻ പദ്ധതി മാറ്റിക്കൊണ്ട് നിയമപ്രകാരമുള്ള പെൻഷൻ സംവിധാനത്തിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കേരളത്തിലെ ഗവൺമെന്റ് സൂചിപ്പിക്കുകയുണ്ടായി. ടൂറിസം മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. പരമ്പരാഗത വ്യവസായമേഖലകളായ കശുവണ്ടിമേഖലയെയും തോട്ടംമേഖലയെയും ശക്തിപ്പെടുത്താനാവശ്യമായ നിലപാടുകൾ ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നു. അതുമാത്രമല്ല, സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധിപ്പിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. ഇത്

നൽകുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കേരളത്തിലെ ബഹു. ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. രാജ്യത്തിനാകെ അഭിമാനകരമായ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി വിലനിലവാരം ഫലപ്രദമായി പിടിച്ചുനിർത്തിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ കൂടുതൽ തുക വകയിരുത്തണമെന്നാണ് ബഹു. ധനകാര്യ വകുപ്പുമന്ത്രിയോട് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ വിഷയം ഇന്ന് ഗൗരവമായി സഭയിൽ ചർച്ച ചെയ്തതാണ്. അതിന് കൂടുതൽ തുക അനുവദിച്ചുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തോടുള്ള കേന്ദ്രഗവൺമെന്റിന്റെ അവഗണന പലതവണ സംസ്ഥാനം സൂചിപ്പിച്ചെങ്കിലും അത് ചെവിക്കൊള്ളാൻ തയ്യാറായില്ല. എം.പി.-മാരുടെ

യോഗം ചേർന്ന അവസരത്തിൽ കേന്ദ്രഗവൺമെന്റിന് ഒരുമിച്ച് നിവേദനം നൽകാമെന്ന് സമ്മതിച്ച യു.ഡി.എഫ്-ലെ എം.പി.-മാർ മുങ്ങുന്ന കാഴ്ചയാണ് പിന്നീട് കാണാൻ സാധിച്ചത്. നിങ്ങളെ സമരത്തിന് ക്ഷണിച്ചുവെങ്കിലും നിങ്ങൾ പങ്കെടുത്തില്ല, നിങ്ങൾ വിവേചനപരമായ നിലപാടാണ് സ്വീകരിച്ചത്. പക്ഷെ, കേരളം സമരത്തിൽ അടിയുറച്ച നിലപാട് സ്വീകരിച്ചു. കേരളം നടത്തിയ സമരത്തെ നിങ്ങൾ വിമർശിച്ചു. ഇത് സമരമാണോ അതോ സെമിനാറാണോയെന്നാണ് നിങ്ങൾ ചോദിച്ചത്. കേരളത്തിലെ ഗവൺമെന്റ് സമരം നടത്തുന്നതിനുമുമ്പ് അവിടെ മറ്റൊരു സമരം കണ്ടു. അത് കോൺഗ്രസ് ഭരിക്കുന്ന കർണാടക സർക്കാരിന്റെ സമരമായിരുന്നു. അതിനെ ഞങ്ങൾ സമരമെന്നുപറയുന്നു. പക്ഷെ, ആ സമരത്തെ നിങ്ങൾ സെമിനാറാണെന്ന് പറയുമോ, അങ്ങനെ നിങ്ങൾക്ക് പറയാൻ സാധിക്കുമോ? കേരളം നടത്തിയ അത്യുജ്ജ്വല സമരത്തെ കേവലമൊരു കേന്ദ്രവിരുദ്ധ സമരമെന്ന നിലയിൽ കാണാൻ സാധിക്കില്ല. കേരളം ഉയർത്തിയത് രാജ്യത്തിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു, കേരളത്തിന്റെ ഫെഡറൽ സംവിധാനത്തിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു. കന്യാകുമാരി

മുതൽ കാശ്മീർ വരെ അണിനിരന്ന ഒരു സമരമായി അത് മാറുകയുണ്ടായി. രാജ്യത്തെ മാധ്യമങ്ങൾ ആ സമരം റിപ്പോർട്ട് ചെയ്യാൻ അവിടെയെത്തിച്ചേർന്നു. രാജ്യത്തിന്റെ മതേതരത്വ, ജനാധിപത്യത്തിനെതിരായുള്ള, കേന്ദ്രസർക്കാരിനെതിരായുള്ള ഒരു കൊടുങ്കാറ്റായി ഈ സർക്കാർ നടത്തിയ സമരം മാറിയെന്നതാണ് യാഥാർത്ഥ്യം. ഒരുപക്ഷെ, ഇന്ത്യാമുന്നണി രൂപീകരിച്ചതിനുശേഷം ഒരു ബി.ജെ.പി. വിരുദ്ധ ഇന്ത്യാമുന്നണിയെന്ന ആശയത്തിന് ശക്തിപകർന്ന പോരാട്ടമായി കേരളം നടത്തിയ സമരം മാറിയെന്നുള്ളതാണ് യാഥാർത്ഥ്യം. നവകേരള സദസ്സിനെ എതിർത്തവരാണ് നിങ്ങൾ, പക്ഷെ, കേരളത്തിലെ ജനങ്ങൾ അതിനെ നെഞ്ചിലേറ്റുകയുണ്ടായി. കേന്ദ്രഗവൺമെന്റിനെതിരായുള്ള കേരളത്തിന്റെ സമരത്തെ നിങ്ങൾ എതിർത്തു. പക്ഷെ, കേരളം നടത്തിയ സമരത്തെ രാജ്യം നെഞ്ചിലേറ്റുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കേന്ദ്രസർക്കാർ ഇറക്കിയ ധവളപത്രത്തിന് ബദലായി എ.ഐ.സി.സി. പ്രസിഡന്റ് ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ ഇറക്കിയ ബ്ലാക്ക് പേപ്പറിൽ പറയുന്നത് കേന്ദ്രസർക്കാർ

കേരളത്തെ അവഗണിച്ചുവെന്നാണ്. അത് പറയാൻ കേരളത്തിലെ കോൺഗ്രസ്സുകാർക്ക് നാവ് പൊങ്ങുന്നില്ല എന്നത് ഖേദകരമാണ്. ഇവിടെ മുസ്ലീം ലീഗിന്റെ നേതാക്കളുണ്ട്, കേന്ദ്രസർക്കാരിനെതിരായുള്ള കേരളത്തിന്റെ സമരത്തിന് ന്യായമായ കാരണങ്ങളുണ്ടെന്നാണ് നിങ്ങളുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായ ശ്രീ. പി. എം. എ. സലാം വ്യക്തമാക്കിയത്. കേരള ഗവൺമെന്റ് നടത്തിയ സമരത്തെ മുസ്ലീം ലീഗ് പിന്തുണച്ചു, അത് പരസ്യമായി നിയമസഭയിൽ പറയാൻ തയ്യാറുണ്ടോ? കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയിൽ മുഴുവൻ ജനങ്ങളും പ്രതിഷേധിക്കുന്നുവെന്നാണ് മുസ്ലീം ലീഗ് നേതാവായ സാദിഖ് അലി ശിഹാബ് തങ്ങൾ സൂചിപ്പിച്ചത്. അത് കോൺഗ്രസ്സുകാരുടെ മുഖത്തുനോക്കിപ്പറയാൻ തയ്യാറാണോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ ഒരു ജാഥ നടക്കുന്നു; സാധാരണ ജാഥയ്ക്ക് ഒരു ക്യാപ്റ്റനാണ് ഉണ്ടായിരിക്കുക, ഈ ജാഥയ്ക്ക് രണ്ട് ക്യാപ്റ്റൻമാരുണ്ട്. ഒന്ന് കെ.പി.സി.സി. പ്രസിഡന്റും മറ്റൊന്ന് പ്രതിപക്ഷനേതാവും. എന്തിനുവേണ്ടിയാണ് ഈ ജാഥ നടത്തുന്നത്, എന്താണ് അതിന്റെ മുദ്രാവാക്യം? ഒരുമിച്ച് ഒരു

പത്രസമ്മേളനംപോലും നടത്താൻ കഴിയാത്ത പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റുമാണ് ഇപ്പോൾ ഒരുമിച്ച് ജാഥ നയിക്കുന്നത്. കെ.പി.സി.സി. പ്രസിഡന്റ് ഒരു പ്രസ്താവന നടത്തും, അദ്ദേഹം പറഞ്ഞത് തമാശയാണെന്ന് പ്രതിപക്ഷനേതാവ് ഉടൻ പറയും. ഇത്രയധികം തമാശ പറയുന്ന ഒരു കെ.പി.സി.സി. പ്രസിഡന്റാണോ കോൺഗ്രസ്സിനുള്ളത്. നിങ്ങൾ നടത്തുന്ന ഈ ജാഥ ജനങ്ങൾ തള്ളിക്കളയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യം ഗുരുതര സാഹചര്യങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഇത്തരമൊരു സാഹചര്യം ബി.ജെ.പി. ഗവൺമെന്റ് രാജ്യത്ത് സൃഷ്ടിക്കുമ്പോൾ അതിനെതിരായുള്ള പ്രതിപക്ഷത്തിന്റെ മുന്നേറ്റം രാജ്യത്തെ ജനങ്ങൾ കാംക്ഷിക്കുന്നത് സ്വാഭാവികമാണ്. അതിന് വഴിയൊരുക്കേണ്ട പാർട്ടികളിലൊന്നാണ് കോൺഗ്രസ്. ഞങ്ങൾ അങ്ങനെയാണ് കാണുന്നതും. പക്ഷേ, മദ്ധ്യപ്രദേശിലടക്കം അഞ്ച് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇന്ത്യാമുന്നണിയെന്ന സങ്കൽപ്പത്തെ അട്ടിമറിക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. നിങ്ങൾ ബി.ജെ.പി.-യെ

വെല്ലുവിളിക്കുന്നു, എതിർക്കുന്നുവെന്നൊക്കെയാണ് സൂചിപ്പിച്ചത്, അത്തരത്തിൽ വെല്ലുവിളിക്കുന്ന നിങ്ങളുടെ നേതാക്കൾ ബി.ജെ.പി. നേതാക്കളുടെ മുമ്പിൽ മുട്ടിലിഴയുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇപ്പോൾ കോൺഗ്രസ്സ് നേതാക്കൾ ഒന്നൊന്നായി ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു. അവരുടെ എണ്ണം പറയാൻ കോൺഗ്രസ്സുകാർക്കുപോലും കഴിയാത്ത അവസ്ഥയാണ്. നാളെ കേരളത്തിൽ നിന്ന് എത്ര കോൺഗ്രസ്സുകാർ ബി.ജെ.പി.-യിലേയ്ക്ക് പോകുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. പലരും ചിരിക്കുന്നു, കാരണം, ഇവിടെ ബി.ജെ.പി. അനുകൂല പ്രസ്താവനയും എൽ.ഡി.എഫ്.-നെതിരെയുള്ള പ്രസ്താവനയും നടത്തുന്ന നിങ്ങളുടെ മോഹം ബി.ജെ.പി. എന്ന ലാവണമാണെന്ന കാര്യത്തിൽ സംശയമില്ല. ഈ നിലപാട് നിങ്ങൾ തിരുത്തണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ സമ്പൂർണ്ണ തകർച്ച കൃത്യമായി വരച്ചുകാണിക്കുന്ന,

ഭാവിയിലേയ്ക്ക് യാതൊരു പ്രതീക്ഷയും നൽകാത്തൊരു ബഡ്ജറ്റാണിത്. നിങ്ങളുടെ മുന്നണിയിലെ രണ്ടാം കക്ഷിയായ സി.പി.ഐ.-ക്കുപോലും ഈ ബഡ്ജറ്റിനെ അംഗീകരിക്കാൻ കഴിയില്ല എന്നതല്ലേ യാഥാർത്ഥ്യം? ഇവിടെ വലിയ പ്രസംഗമൊക്കെ നടത്തുന്നുണ്ടെങ്കിലും പുറത്ത് എന്താണ് പറയുന്നത്; ഇതിനെ അംഗീകരിക്കുന്നില്ലെന്ന് സി.പി.ഐ. കൃത്യമായി പറയുന്നുണ്ട്. പണ്ട് കാരണവൻമാരുടെ ധൂർത്തുകാരണം തകർന്ന് തരിപ്പണമായ പഴയ തറവാടുകളിൽ പൊങ്ങച്ചത്തിനും അഹങ്കാരത്തിനും യാതൊരു കുറവുമുണ്ടായിരുന്നില്ല. ഈ ബഡ്ജറ്റിലൂടെ കണ്ണോടിച്ചപ്പോൾ ചെലവിനുവേണ്ടി കിണ്ടി മുതൽ കോളാമ്പിവരെ വിൽക്കുന്ന പഴയ തകർന്ന തറവാട്ടുഭരണമാണ് ഓർമ്മവരുന്നത്. സ്ക്രാപ് സെയിൽ, മണ്ണ് വിൽപ്പന തുടങ്ങി നിരവധി കാര്യങ്ങൾ ഈ ബഡ്ജറ്റിലൂടെ കണ്ണോടിച്ചപ്പോൾ ദർശിക്കാൻ സാധിച്ചു. മുമ്പ് എതിർത്തിരുന്ന പല നയങ്ങളുടെയും നടത്തിപ്പുകാരായി ഇടതുപക്ഷം മാറുന്ന കാഴ്ച ഈ ബഡ്ജറ്റിലൂടെ കാണാൻ സാധിക്കും. ആസിയാൻ കരാറുമായി ബന്ധപ്പെട്ട് യു.പി.എ. സർക്കാരിന്റെ പിന്തുണ പിൻവലിച്ചത് ഇടതുപക്ഷത്തിന് ഓർമ്മയില്ലേ? ഇപ്പോൾ നിങ്ങൾ

എവിടെയാണ് നിൽക്കുന്നത്? നിങ്ങൾ മൂലധനശക്തികളെ സ്വാഗതം ചെയ്യുന്നു; ലോക ബാങ്ക്, മസാല ബോണ്ട്, ഐ.എം.എഫ്. വായ്പകൾ സ്വീകരിക്കുന്നു; എന്തിനേറെ, വിദേശ സർവ്വകലാശാലകൾക്കുപോലും അനുമതി നൽകുമെന്ന് പറയുന്നു. വൈകിയാണെങ്കിലും വിവേകം ഉദിക്കുന്നത് നല്ലതുതന്നെയാണ്. കേരളത്തിന്റെ വികസന സാദ്ധ്യതകൾ ഇല്ലാതാക്കിയ മുൻ നിലപാടുകൾക്ക് നിങ്ങൾ മാപ്പുപറയണ്ടേ; ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. എം. സ്വരാജും ശ്രീമതി സിന്ധു ജോയിയുമൊക്കെ വാങ്ങിക്കൂട്ടിയ അടികളൊക്കെ എന്തിനായിരുന്നു; വൈകിമാത്രം വിവേകം ഉദിക്കുന്ന ഒരു പ്രസ്ഥാനമാണ് സി.പി.ഐ.(എം.) എന്നായിരുന്നു സഖാവ് എം. വി. രാഘവൻ ഇടയ്ക്കിടക്ക് നമ്മളെ ഓർമ്മിപ്പിച്ചിരുന്നത്. നിങ്ങൾ എന്തിനെയും ന്യായീകരിക്കുമെന്നതാണ് ആകെ ഒരു സമാധാനം. ഈ നയവ്യതിയാനങ്ങളെ ന്യായീകരിക്കാൻ നിങ്ങളുടെ നേതാക്കൾ പാടുപെടുന്നത് കാണുമ്പോൾ ഞങ്ങൾക്കുപോലും സഹതാപം തോന്നുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ചെറുപ്പക്കാരായ നിരവധിയാളുകൾ പഠനത്തിനായി വിദേശത്തേയ്ക്ക്

പോയിക്കൊണ്ടിരിക്കുന്നു. ഇരുപത്തിഅയ്യായിരത്തോളം എഞ്ചിനീയറിംഗ് സീറ്റുകൾ കേരളത്തിൽ ഒഴിഞ്ഞുകിടക്കുകയാണ്. 35 ശതമാനംപോലും അഡ്മിഷൻ പൂർത്തിയാകാത്ത എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകൾ നമ്മുടെ കേരളത്തിലുണ്ട്; കേരളത്തിലെ നൂറോളം സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരില്ല. പ്രധാന യൂണിവേഴിസിറ്റികളിലൊന്നിലും വൈസ് ചാൻസലർമാരില്ല. നാണക്കേടല്ലേയിത്? പ്ലസ് ടു കഴിഞ്ഞാൽ കുട്ടികൾ കേരളം വിട്ടുപോകുന്നത് തടയാൻ കഴിയുന്നില്ല. കുറച്ചുകാലം കഴിഞ്ഞാൽ കേരളം വയസ്സൻമാരുടെ നാടായി മാറുമെന്നതാണ് സത്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നമ്മൾ നൽകിയ അധികാരവികേന്ദ്രീകരണമാണ് കേരളത്തിന്റെ ശക്തി. പക്ഷെ, അവർക്ക് നൽകേണ്ട മൂന്നാം ഗഡു കൊടുത്തോ? ഇതുവരെ ചെലവഴിച്ചത് 33 ശതമാനം മാത്രമാണ്. ഒരു ലക്ഷം രൂപയ്ക്ക് അപ്പുറമുള്ള ബില്ലുകൾ മാറാത്തതിനാൽ കോൺട്രാക്ടർമാർ പഞ്ചായത്തിലേയ്ക്ക് വരുന്നില്ല. വികസനം മൂന്നിലൊന്നായി കുറഞ്ഞു. എന്ത് പറഞ്ഞാലും നിങ്ങൾ കേന്ദ്ര സർക്കാരിനെ കുറ്റം പറയുകയാണ്. ഈ ബഡ്ജറ്റ് ചർച്ചയിൽ എത്ര

പ്രാവശ്യമാണ് കേന്ദ്ര സർക്കാരിനെക്കുറിച്ച് പരാമർശിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരെയാണ് പഴിക്കേണ്ടത്; കെട്ടിട നികുതി, ഭൂനികുതി എന്നിവയെല്ലാം വർദ്ധിക്കുന്നു, വികസനം ചുരുങ്ങുന്നു. ജനങ്ങൾ ഈ സർക്കാരിൽനിന്നും എന്താണ് പ്രതീക്ഷിക്കേണ്ടത്? കെ-സ്മാർട്ട് നടപ്പാക്കാൻ ശ്രമിച്ചതോടെ കെട്ടിട നികുതിപോലും മുനിസിപ്പാലിറ്റികൾക്ക് വാങ്ങാൻ കഴിയുന്നില്ല. കെ-റെയിൽ, കെ-ഫോൺ തുടങ്ങിയവ പോലെയായി ഇപ്പോൾ കെ-സ്മാർട്ടും. 500 കോടി രൂപയില്ലെങ്കിൽ സപ്ലൈകോ അടച്ചുപൂട്ടുമെന്നാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി വ്യക്തമാക്കിത്. സി.പി.ഐ. മന്ത്രിമാരെയെല്ലാം നിങ്ങൾ അവഗണിച്ചു. നിങ്ങൾ ഒരുമിച്ച് ഒരു ചായ കുടിച്ചാൽ തീരാവുന്ന പ്രശ്നം മാത്രമേ അതിലുള്ളൂ. പക്ഷെ, ഇവിടെ ശരിക്കും അവഗണിച്ച ഒരു വിഭാഗമുണ്ട്. റേഷൻ കടയിൽ കൃ നിൽക്കുന്ന, കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാക്കിയ, വിലക്കയറ്റം കാരണം അവശ്യസാധനങ്ങൾ വാങ്ങാൻ കഷ്ടപ്പെടുന്ന സാധാരണക്കാരെയാണ് നിങ്ങൾ അവഗണിച്ചത്. വരുന്ന തിരഞ്ഞെടുപ്പിനുവേണ്ടി അവർ കാത്തിരിക്കുകയാണ്. നവകേരള

സദസ്സുകൊണ്ട് ഈ നാടിന് എന്ത് ഗുണമാണുണ്ടായത്; ഏത് കൺസൾട്ടന്റാണ് സർക്കാരിന് ഈ അഡ്വൈസ് നൽകിയത്? ഏതായാലും നിങ്ങളെ അവർ കഴിയിൽ ചാടിച്ചു എന്നതാണ് സത്യം. ജനങ്ങൾക്ക് നിങ്ങളോട് ഏതെങ്കിലും തരത്തിലുള്ള മതിപ്പുണ്ടായിരുന്നെങ്കിൽ അതുകൂടി നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. സുരക്ഷാ ഉദ്യോഗസ്ഥരും പാർട്ടി ഗുണ്ടകളും ചേർന്ന് പ്രതിഷേധങ്ങളെയും എതിർശബ്ദങ്ങളെയും കായികമായി നേരിടുന്നത് ജനങ്ങൾ കണ്ടതല്ലേ? ആനയെ തല്ലിയാൽ കേസെടുക്കും, യൂത്ത് കോൺഗ്രസ്സുകാരെ തല്ലിയാൽ ഒരു ചുക്കുമില്ല. ലിവിംഗ് മ്യൂസിയമെന്ന പേരിൽ ആദിവാസി ജനവിഭാഗത്തെ വേഷംകെട്ടിച്ച് പ്രദർശന വസ്തുവാക്കിയില്ലേ? മനുഷ്യനെ കാഴ്ചവസ്തുവാക്കുന്ന ഇത്തരം ആശയങ്ങൾ എവിടെനിന്നാണ് ഉടലെടുത്തത്? ഇത് നിങ്ങളുടെ ഫ്യൂഡൽ മനോനിലയാണ് കാണിക്കുന്നത്. ഇതൊന്നും ആരും ഒരിക്കലും പൊറുക്കില്ല. 1,40,000 സംരംഭങ്ങൾ തുടങ്ങിയെന്നാണ് സർക്കാർ പറയുന്നത്. ഒരു നിയോജക മണ്ഡലത്തിൽ 1000 എണ്ണം. ഒരു മുറുക്കാൻ പീടികയോ ഇസ്തിരിക്കടയോ തുടങ്ങിയാൽ വ്യവസായം ആകുമോ; ഇവയിൽ സംരംഭമെന്ന് വിളിക്കാൻ

സാധിക്കുന്ന എത്രയെണ്ണമുണ്ടാകും; എത്രയെണ്ണം ഇനിയും പൂട്ടാതെ ബാക്കിയുണ്ടെന്നതിന്റെ കണക്ക് എടുത്തിട്ടുണ്ടോ? ടെലിവിഷനിൽ പരസ്യം ചെയ്തതുകൊണ്ടൊന്നും വ്യവസായികൾ കേരളത്തിലേയ്ക്ക് വരില്ല. അവരുടെ വിശ്വാസം ആർജ്ജിക്കണം. അവരൊക്കെ ആന്ധ്രാപ്രദേശിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും പോയിക്കൊണ്ടിരിക്കുകയാണ്. കാക്കനാടുള്ള ട്രാവൻകൂർ സിമന്റ്സിന്റെ 2.79 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. നിലവിൽ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമിയില്ല. അത്തരമൊരു സന്ദർഭത്തിലാണ് കണ്ണായ സ്ഥലത്തെ ഭൂമി വിറ്റുതുലയ്ക്കുന്നത്. അങ്ങയുടെ സ്ക്രാപ്പിംഗ് നയംപോലെ പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ ആസ്തികളും വിറ്റഴിക്കുന്ന വിറ്റഴിക്കൽ നയം ഉണ്ടാകുമോ? നികുതി വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് ഇത്രയും ഭീമമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. 28,000 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിക്കാനുണ്ട്. ഇത് കേരളമുണ്ടായ കാലംമുതലുള്ളതാണെന്ന് അങ്ങ് പറയുന്നു. ശരിയായിരിക്കാം, പക്ഷെ, കേരളമുണ്ടായ സമയത്തുള്ള നികുതി വകുപ്പിന്റെ ഘടനയാണോ ഇപ്പോഴുള്ളത്? വിപുലമായ

സംവിധാനത്തോടെയല്ലേ ഈ വകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്? എത്ര ജീവനക്കാരുണ്ട്? സംസ്ഥാനത്തിന് ലഭിക്കാനുള്ള നികുതി കുടിശ്ശിക പിരിക്കാതെ എല്ലാവിധ നിരക്കുകളും നികുതികളും വർദ്ധിപ്പിച്ച് വരുമാനം കൂട്ടാനല്ലേ സർക്കാർ ശ്രമിക്കുന്നത്? ധൂർത്തും സാമ്പത്തിക അച്ചടക്കമില്ലായ്മയുമാണ് സ്ഥിതി ഇത്രയും വഷളാക്കിയത്. ഇത്രയും നാൾ കിഫ്ബിയായിരുന്നു ഒറ്റമൂലി. അതിന്റെ ധനസമാഹരണ സാധ്യത പൂർണ്ണമായും അടഞ്ഞിരിക്കുകയാണ്. 82,000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകി. അതിൽ 23,000 കോടി രൂപ ടേം ലോൺ, സർക്കാർ ഗ്രാന്റ്, മസാല ബോണ്ട് തുടങ്ങിയവയിലൂടെ സമാഹരിച്ചു. ബാക്കി 59,000 കോടി രൂപ എങ്ങനെയാണ് സൃഷ്ടിക്കുക; മസാല ബോണ്ട് എങ്ങനെയാണ് മടക്കിക്കൊടുക്കുക? നമ്മുടെ കടം 4,75,000 കോടി രൂപയോളമായി. ഈ തുക മടക്കിക്കൊടുക്കേണ്ട സമയമായി. 86 ശതമാനത്തോളം തുക പലിശയ്ക്കും ശമ്പളത്തിനും മാത്രമായി നീക്കിവയ്ക്കേണ്ട അവസ്ഥയാണുള്ളത്. എന്തായാലും 'പ്ലാൻ-എ'കൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. എന്താണ് 'പ്ലാൻ-ബി'? അതൊന്ന് വിശദീകരിക്കണം. അത്

അറിയാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. പാർലമെന്റ് ഇലക്ഷൻ വരുന്നതുകൊണ്ട് കൽപ്പിച്ചുകൂട്ടി മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്. 'പ്ലാൻ-ബി' എന്ന് പറഞ്ഞാൽ, എല്ലാവർക്കും ഓരോ ബക്കറ്റ് കൊടുത്തശേഷം ശ്രീമതി മറിയക്കുട്ടി തെണ്ടിയതുപോലെ റോഡിൽക്കൂടി തെണ്ടാൻ പറയുമെന്നാണ് എനിക്ക് തോന്നുന്നതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുകയാണ്. ആഗോളമാന്ദ്യവും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയവുംമൂലമുള്ള പ്രതിസന്ധികൾക്കിടയിലാണ് ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ പ്രതിസന്ധികൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങൾക്കോ വികസന പ്രവർത്തനങ്ങൾക്കോ യാതൊരു ലോപവും വരുത്താതെ മാറുന്ന കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ശരിയായ ദിശാബോധത്തോടെ മുമ്പോട്ടുപോകാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾക്ക് കഴിയുമെന്നതാണ് പ്രധാന കാര്യം. മാത്രമല്ല, ഹ്രസ്വ-ദീർഘകാല

പരിപ്രേക്ഷ്യങ്ങളെ കൃത്യമായി മനസ്സിലാക്കി കേരളത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് കരുത്തും ശക്തിയും ഓജസ്സും നൽകാനുള്ള പ്രവർത്തനങ്ങളെ ഈ ബഡ്ജറ്റ് അഭിസംബോധന ചെയ്യുന്നുവെന്നതാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്. സാമ്പത്തികശാസ്ത്രത്തിൽ താൽപ്പര്യമുള്ള ഒരു വ്യക്തിയെന്ന നിലയിൽ ഞാൻ കേന്ദ്രസർക്കാരിന്റെ ഇടക്കാല ബഡ്ജറ്റിനെയും ഫെഡറൽ താൽപ്പര്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള നിലപാടുകളെയും സംസ്ഥാന ബഡ്ജറ്റിനെയുംകുറിച്ചുള്ള ഒരു അവലോകനം തയ്യാറാക്കുകയുണ്ടായി. യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി ഉൾക്കൊള്ളുകയെന്നതാണ് ഞാൻ മനസ്സിലാക്കിയ പ്രധാന കാര്യം. സത്യത്തിന്റെ മുഖം സ്വർണ്ണത്തിന്റെ മൂടികൊണ്ട് അടച്ചാലും സത്യം സത്യമായി നിൽക്കും. സംസ്ഥാന സർക്കാരിന്റെ തനത് വരുമാനത്തിൽ കഴിഞ്ഞ കാലയളവുകളിൽ വർദ്ധനവുണ്ടായി എന്നത് ഒരു യാഥാർത്ഥ്യമാണ്. കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്നുവെന്നത് പ്രധാന വിഷയമാണ്. ഇവിടെ സംസാരിച്ച വ്യക്തികൾ, പ്രത്യേകിച്ച് പ്രതിപക്ഷത്തുള്ളവർ ഇതിനെക്കുറിച്ച് യാതൊന്നും പ്രതിപാദിച്ചില്ല. FRBM (Fiscal Responsibility and Budget

Management) Act നടപ്പാക്കിയിട്ട് ഏകദേശം 20 വർഷത്തോളമായി. പ്രായോഗികമായ ഈ നിയമത്തിലെ നിബന്ധനകൾ ഒരിക്കൽപ്പോലും സംസ്ഥാനങ്ങൾക്കോ കേന്ദ്ര സർക്കാരിനോ അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അപ്രായോഗികമായ ഇതിൽ മാറ്റം വരുത്തണമെന്നത് നിരവധി കാലമായുള്ള ആവശ്യമാണ്. സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള പരിധി അനാവശ്യമായി നിശ്ചയിക്കുക, അതോടൊപ്പം ധനകാര്യ കമ്മീഷനുകളുടെ ടേംസ് ഓഫ് റഫറൻസിൽ സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ നടപടികളിലേയ്ക്ക് പോകുക എന്നൊക്കെയുള്ള നിലപാടുകളുണ്ട്. കേന്ദ്രസർക്കാരിന്റെ നെറ്റ് നികുതിയിലുണ്ടാകുന്ന വർദ്ധനവനുസരിച്ച് സംസ്ഥാനങ്ങൾക്ക് അത് വീതം വയ്ക്കുന്നില്ല എന്നതാണ് പ്രധാന കാര്യം. കഴിഞ്ഞതവണ കേന്ദ്രത്തിന് ലഭിച്ച നെറ്റ് നികുതി ഏകദേശം 11.9 ശതമാനവും സംസ്ഥാനങ്ങൾക്ക് അത് 10.4 ശതമാനവുമാണ്. ഈയൊരു ഡിസ്പാരിറ്റി നിലനിൽക്കുന്നുവെന്നത് പ്രധാന കാര്യമാണ്. അതിനിടയിലാണ് ജി.എസ്.ടി.-യുടെ കോമ്പൻസേഷനുൾപ്പെടെ നിർത്തലാക്കിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുത്ത്

ജി.എസ്.ടി.-യുടെ പുനഃസംഘടന നടത്തിയപ്പോൾ ആശാവഹമായ ഒരു മാറ്റം അക്കാര്യത്തിലുണ്ടായി. സെൻട്രൽ പൂളിൽനിന്ന് സെസ്സിന്റെയും സർചാർജ്ജിന്റെയും പേരിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കേന്ദ്രം വെട്ടിക്കുറയ്ക്കുകയും പിടിച്ചുവയ്ക്കുകയും ചെയ്യുന്ന നിലപാട് കുറേക്കാലമായി ആവർത്തിക്കുകയാണ്. ഫെഡറൽ സംവിധാനത്തെ പൂർണമായും ഇല്ലാതാക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുമ്പോൾ സംസ്ഥാന വിഹിതം വലിയ തോതിൽ വർദ്ധിപ്പിക്കേണ്ട സാഹചര്യമാണുള്ളത്. ഇത് സംസ്ഥാനങ്ങൾക്ക് വരാൻ പോകുന്ന ഏറ്റവും വലിയ ബാധ്യതയാണ്. നേരത്തെയുണ്ടായിരുന്നത് കോർ പദ്ധതിയും കോർ ഓഫ് ദി കോർ പദ്ധതികളുമായിരുന്നു. എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങളാരും കേന്ദ്രസർക്കാരിന്റെ നിലപാടുകളെക്കുറിച്ച് സംസാരിച്ചില്ല. ദേശീയപാതയുടെ ടോൾ പിരിവിലൂടെ ഏകദേശം 71,777 കോടി രൂപയാണ് കേന്ദ്രസർക്കാരിന് ലഭിക്കുന്നത്. പ്രസ്തുത തുക സംസ്ഥാനത്തിന് പങ്കുവയ്ക്കുന്നില്ല. ദേശീയ പാതയുടെ വികസനത്തിന്

സംസ്ഥാന സർക്കാരും പണം ചെലവഴിക്കുന്നുണ്ട്. ഇതാണ് യഥാർത്ഥത്തിൽ കേന്ദ്രസർക്കാരിന്റെ ഇരട്ടത്താപ്പ്. ഇക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുന്നില്ല എന്നത് ദുഃഖകരമായ കാര്യമാണ്. നമ്മുടെ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്ന ഒട്ടേറെ പദ്ധതികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. 170 രൂപയായിരുന്ന റബ്ബറിന്റെ താങ്ങുവില 180 രൂപയാക്കാൻ തയ്യാറായ സർക്കാരിനെ അഭിനന്ദിക്കുകയാണ്. പക്ഷേ, കേന്ദ്ര സർക്കാർ ഇക്കാര്യത്തിലെടുക്കുന്ന നിലപാടുകൾ ദുഃഖകരമാണ്. റബ്ബറിന്റെ വിഷയം കേരളത്തിന്റെ മാത്രം പ്രശ്നമല്ല. റബ്ബറുല്പാദന രാജ്യങ്ങളിലെല്ലാം നിരവധി പ്രശ്നങ്ങളുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളാണ് റബ്ബർ കർഷകർ. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും റബ്ബർ കർഷകരുടെ ആഗോളതലത്തിലുള്ള ഏകോപനത്തിനുംവേണ്ടി കേരള സർക്കാർ തയ്യാറാകണമെന്ന നിർദ്ദേശമാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. ഇത് പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല. ഏറ്റവും കൂടുതൽ റബ്ബർ കർഷകരുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇക്കാര്യത്തിൽ

ആഗോളതലത്തിലുള്ള ഒരു ഇടപെടൽ നടത്താൻ അങ്ങ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൂടംകുളം പവർഗ്രിഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക ഏറ്റവും കൂടുതൽ കൈമാറാനുള്ളത് എന്റെ നിയോജമണ്ഡലത്തിലാണ്. അതിന്റെ ബില്ലുകളെല്ലാം തയ്യാറായിട്ടുണ്ട്. അതിനാൽ നഷ്ടപരിഹാരത്തുക എത്രയുംവേഗം നൽകാനുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. രണ്ടാമതായി, എം.എൽ.എ. ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് നിലവിലുള്ള ഗൈഡ്‌ലൈനുകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായതാണ്. ഇതിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടായാൽ മാത്രമേ പല പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതിനാൽ ഗൈഡ്‌ലൈനുകൾ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നാളെ പ്രശസ്ത കവി ഒ.എൻ.വി. കുറുപ്പിന്റെ ചരമദിനമാണ്. എന്റെ അദ്ധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം ഫെബ്രുവരി 13-നാണ് അന്തരിച്ചത്. 'സ്വന്തമീണം രചിക്കുന്ന ശരവേഗമാണു ഞാൻ..' എന്ന് അദ്ദേഹത്തിന്റെ

'സരയൂവിലേയേക്ക്' എന്ന കവിതയിൽ എഴുതിയിട്ടുണ്ട്. ഈ ഗവൺമെന്റിനെക്കുറിച്ചും ഇതുപോലെ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വന്തമായ ഈണത്തിലൂടെയും കാഴ്ചപ്പാടിലൂടെയും കേരളത്തിന്റെ വികസന പരിപ്രേക്ഷ്യങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്ന ഒട്ടേറെ നിർദ്ദേശങ്ങളുള്ളതാണ് ഈ ബഡ്ജറ്റ്. പരിമിതികൾക്കും പ്രതിസന്ധികൾക്കുമിടയിൽ നല്ല ധനകാര്യ മാനേജ്മെന്റുമായി മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കേരളത്തിന്റെ സമ്പദ്ഘടന ഒരു സൺറൈസ് സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നുവെന്ന പ്രസ്താവനയോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന്റെ ഉള്ളടക്കത്തോട് ഞാൻ ശക്തമായി വിയോജിക്കുന്നു. കേരളം ഇന്നുവരെ ആർജ്ജിച്ച സാമൂഹ്യ-സാംസ്കാരിക സമ്പദ്ഘടനയുടെ അടിത്തറ തകർക്കുന്ന സൺസെറ്റ് ബഡ്ജറ്റാണ് സഭയിൽ അവതരിപ്പിച്ചത്. രണ്ടര മണിക്കൂർ നീണ്ടുനിൽക്കുന്ന ബഡ്ജറ്റ് പ്രസംഗം വെറും രാഷ്ട്രീയപ്രസംഗം

മാത്രമാണ്. കേരളത്തിന്റെ ആവശ്യകതകളെയും അനിവാര്യതകളെയും പരാമർശിക്കാത്ത ബഡ്ജറ്റ് സഭയുടെ സമയംകൊല്ലി പരിപാടി മാത്രമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. നയാപൈസയ്ക്ക് ഗതിയില്ലാതെ കടത്തിൽ മുങ്ങിയ ഒരു സർക്കാരിന്റെ ധനകാര്യ ബഡ്ജറ്റ് ഇങ്ങനെയല്ലേ തയ്യാറാക്കാൻ കഴിയൂ. സി.പി.ഐ.(എം.) ഇന്നലെവരെ പറഞ്ഞ നിലപാടുകൾ പൂർണമായും തള്ളിക്കൊണ്ട് തന്ത്രപ്രധാനമായ മേഖലകളിലെല്ലാം സ്വകാര്യ മൂലധനം എന്നതാണ് മറ്റൊരു പ്രധാന കാര്യം. അദാനി പോർട്ടിനും സ്വകാര്യ മൂലധനത്തിനുമായി പതിനായിരം ഏക്കർ ഭൂമിയേറ്റെടുക്കാൻ പ്രഖ്യാപിക്കുന്ന ഈ ബഡ്ജറ്റിൽ കുടിയിറക്കപ്പെടുന്നവരെക്കുറിച്ചോ ആദിവാസികളുടെ ഭൂമി അവകാശത്തെക്കുറിച്ചോ ഒരക്ഷരം പരാമർശിക്കുന്നില്ല. കെട്ടിടനിർമ്മാണ ഫീസും നികുതിയും സർക്കാർ വർദ്ധിപ്പിക്കുകയാണ്. ഈ ബഡ്ജറ്റിൽ സ്ത്രീനീതിയും സുരക്ഷയും ഉറപ്പുവരുത്താൻ പ്രത്യേക നിർദ്ദേശങ്ങളൊന്നുമില്ല. സ്ത്രീസംഘടനയുടെ യോഗം വിളിച്ചുചേർത്ത് അതിൽ നിർദ്ദേശങ്ങൾ വച്ചെങ്കിലും അതെല്ലാം പ്രഹസനമാണെന്നാണ് തോന്നുന്നത്. ഇപ്പോൾ

പാവപ്പെട്ട സ്ത്രീകൾക്ക് കുടുംബകോടതിയിൽ വ്യവഹാരം ഫയൽ ചെയ്യാൻ കഴിയാത്ത വിധത്തിൽ ഫീസ് വർദ്ധനവ് വരുത്തിയിരിക്കുകയാണ്. മൂവായിരം കോടി രൂപയുടെ സാമ്പത്തിക സമാഹരണം ഈ ബഡ്ജറ്റിൽ വായുവിൽ നിൽക്കുകയാണ്. യാഥാർത്ഥ്യബോധമില്ലാതെ സ്വപ്നത്തിൽ പ്ലാൻ എ, ബി, സി, ഡി പഠിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഇത് സൂര്യോദയ ബഡ്ജറ്റല്ല, കടുത്ത ഇരുട്ടിലേയ്ക്ക് നയിക്കുന്ന സൂര്യാസ്തമയ ബഡ്ജറ്റാണ്. സാമാന്യജനജീവിതത്തെ ഇരുട്ടിലേയ്ക്ക് കൊണ്ടുപോകുന്ന, സ്വകാര്യ സാമ്പത്തിക താല്പര്യം ഉയർത്തിപ്പിടിക്കുന്ന ഈ ബഡ്ജറ്റിനെ ചൈനീസ് കമ്മ്യൂണിസ്റ്റ് കൊടിയിൽ പൊതിഞ്ഞ് അവതരിപ്പിച്ചാൽ ഇടതു ബഡ്ജറ്റാവില്ല. പൊതുസമ്പത്തിന്റെ ധൂർത്തും അഴിമതിയുമാണ് സംസ്ഥാനത്ത് നടക്കുന്നത്. നികുതിപിരിവിൽ സർക്കാർ അങ്ങേയറ്റം പരാജയമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച തൊഴിൽസാധ്യതാ പദ്ധതികൾ ജലരേഖയായി മാറിയിരിക്കുകയാണ്. കശുമാവിൽനിന്നും മരിച്ചീനിയിൽനിന്നും 'കെ മദ്യം' മുതൽ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തരാതരം പദ്ധതികൾ എന്തായെന്ന്

വ്യക്തമാക്കണം. രണ്ടാം പിണറായി സർക്കാർ സ്വകാര്യ മൂലധനത്തിന് ലാഭം വാങ്ങുന്ന എന്നതിന്റെ സാക്ഷ്യപത്രമാണ് ഈ ബഡ്ജറ്റ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദേശ സർവ്വകലാശാലകൾക്ക് ധാരാളം ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഒരു കാര്യം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. താങ്കളും ഇടത് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുമണ്ഡലത്തിലേയ്ക്ക് ഉയർന്നുവന്നയാളാണ്. വിദേശ സർവ്വകലാശാലകളെക്കുറിച്ച് അനുകൂല അഭിപ്രായം പറഞ്ഞ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഉപാദ്ധ്യക്ഷൻ ശ്രീ. ടി. പി. ശ്രീനിവാസനെ വഴിയിൽ തല്ലിയത് താങ്കൾക്ക് ഓർമ്മയില്ലേ? ഇപ്പോഴത്തെ ഈ നിലപാട് മാറ്റത്തിനോടൊപ്പം അദ്ദേഹത്തിനുള്ള മാപ്പുകൂടി ഈ ബഡ്ജറ്റിൽ എഴുതിച്ചേർക്കുന്നത് നന്നായിരിക്കും. വിദേശ സർവ്വകലാശാലാ ക്യാമ്പസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇക്കഴിഞ്ഞ ജനുവരി മാസം യു.ജി.സി. പ്രഖ്യാപനം വന്നപ്പോൾ രാജ്യത്തിന്റെ പരമാധികാരം ഇകഴ്ത്തപ്പെടുമെന്ന് പ്രഖ്യാപിച്ച പ്രസ്ഥാനത്തിന്റെ ഭാഗമായ

സർക്കാർതന്നെ ഈ നയപ്രഖ്യാപനം നടത്തുന്നത് ഇടതുനയത്തോടുള്ള വെല്ലുവിളിയാണ്. സ്വകാര്യ മേഖലയിൽ അൺഎയ്ഡഡ് സ്ഥാപനങ്ങളോ പൊതുമേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളോ തുടങ്ങുമെന്ന മുൻസർക്കാരിന്റെ നിലപാടിനെതിരെ മാസങ്ങൾ നീണ്ടുനിന്ന സമരങ്ങൾ നടത്തി എത്രയെത്ര അദ്ധ്യയനദിവസങ്ങൾ നഷ്ടമാക്കി; എത്രയെത്ര ആളുകളുടെ തലയും കൂട്ടികളുടെ കൈകാലുകളും കർണപടങ്ങളും അടിച്ചുപൊട്ടിച്ചു, കാഴ്ചനഷ്ടപ്പെട്ട വിദ്യാർത്ഥികൾവരെ ഉണ്ടായിരുന്നു. ഒന്നര പതിറ്റാണ്ടുകൾക്കിപ്പുറം നിങ്ങൾ മറന്നുപോയ ആ സമരങ്ങൾക്ക് നേതൃത്വം നൽകിയ, ആ സമരങ്ങളിൽ രക്തസാക്ഷിത്വം വരിച്ച സഖാക്കൾക്ക് ഇന്ന് ഈ സഭയിൽ വരാൻ അവസരം ലഭിച്ചാൽ അവർ നിങ്ങളെ നോക്കി കൂലംകുത്തികൾ എന്നു വിളിക്കാതിരിക്കില്ല. വിദ്യാഭ്യാസ കച്ചവടത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരെ പോരടിച്ച് കുത്തുപറമ്പിലെ തെരുവിൽ രക്തസാക്ഷിത്വം വരിച്ച ധീരരെയും ജീവിച്ചിരിക്കുന്ന പുഷ്പനെയും വിറ്റ് വോട്ടാക്കുന്ന നിങ്ങൾ ഈ രംഗത്തെ നശിപ്പിച്ച് സ്വകാര്യവൽക്കരിച്ച് കക്ഷിരാഷ്ട്രീയ അതിപ്രസരം കാണിച്ച് കേരളത്തിന്റെ അക്കാദമിക്

സമൂഹത്തെ വെല്ലുവിളിക്കുകയാണ്. ഇതിന് കേരള യുവജനത കണക്ക് പറയുകതന്നെ ചെയ്യും. ഈ ബഡ്ജറ്റ് കാർഷികമേഖലയെ അവഗണനയോടെയാണ് സമീപിച്ചത്. കേരളത്തിലെ പ്രധാന നാണ്യവിളയാണ് നാളികേരം. ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതെ കർഷകർ ആത്മഹത്യ ചെയ്യുന്ന കേരളത്തിൽ നാളികേര വികസന പദ്ധതിക്ക് 65 കോടിരൂപ മാത്രമാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. ഇത് കേരള ബഡ്ജറ്റിന്റെ അര ശതമാനം പോലുമാകുന്നില്ല. കേവലം പത്ത് രൂപയുടെ വർദ്ധനവ് മാത്രം പ്രഖ്യാപിച്ച് റബ്ബർ കർഷകരെ അപമാനിച്ചിരിക്കുകയാണ്. പൊതുജനാരോഗ്യ രംഗത്ത് നമ്പർ വൺ എന്ന് പാടിപ്പുകഴ്ത്തുന്ന സർക്കാരിന്റെ കീഴിൽ അവശ്യ മരുന്നുകളോ മുറിവ് വച്ചുകെട്ടാനുള്ള തുണിപോലുമില്ലാത്ത നിരവധി ആശുപത്രികളുണ്ട്. പാവപ്പെട്ടവൻ ആശ്രയിക്കുന്ന സർക്കാർ ആശുപത്രിയിൽ കോടിക്കണക്കിന് രൂപയുടെ കെട്ടിടങ്ങൾ നിർമ്മിച്ചും മെഷിനറികൾ വാങ്ങിയും കമ്മീഷനടിക്കുന്ന എന്നല്ലാതെ മെഡിക്കൽ കോളേജുകളിൽപോലും അത്യാവശ്യ ടെസ്റ്റുകൾക്ക് സാധാരണക്കാർ സ്വകാര്യ ലാബുകളെ ആശ്രയിക്കുകയാണ്. രോഗികളുടെ

എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെയും നഴ്സുമാരെയും ടെക്നീഷ്യന്മാരെയും നിയമിക്കാൻ ബഡ്ജറ്റിൽ നിർദ്ദേശങ്ങളൊന്നുമില്ല. നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്ന നിരവധി സി.എച്ച്.സി.-കളിൽ ഇപ്പോൾ ആ സൗകര്യം ഇല്ലാതായിരിക്കുകയാണ്. കേന്ദ്രം ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി പക്ഷപാതപരമായി പെരുമാറുന്നുവെന്ന് പരിതപിക്കുന്ന സർക്കാർ, ബഡ്ജറ്റ് ഫണ്ടിന്റെ വിഹിതം നീക്കിവച്ചപ്പോൾ മണ്ഡലങ്ങളോട് കാണിച്ച പക്ഷപാതത്തെ ഏതുഗണത്തിലാണ് ഉൾപ്പെടുത്തേണ്ടത്. മരാമത്ത് പദ്ധതികൾക്കായി ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവയ്ക്കുന്ന സർക്കാർ നാളിതുവരെ അഞ്ച് കോടി രൂപയിൽ കവിഞ്ഞ തുക വടകര മണ്ഡലത്തിന് അനുവദിച്ചിട്ടില്ല. തൊട്ടടുത്ത ഭരണപക്ഷ മണ്ഡലങ്ങളിൽ പത്തും പതിനൊന്നും കോടിരൂപ അനുവദിച്ചപ്പോൾ ഞങ്ങളുടെ മണ്ഡലത്തിൽ അഞ്ചുകോടി രൂപ മാത്രമാണ് അനുവദിച്ചത്. മത്സ്യഭവനുവേണ്ടി 30 ലക്ഷം രൂപ ചോദിച്ചപ്പോൾ അതുപോലും അനുവദിക്കാൻ ധനകാര്യ വകുപ്പുമന്ത്രി സൗമനസ്യം കാണിച്ചില്ല. ക്ഷേമപെൻഷന് പണം സ്വരൂപിക്കാൻ പെട്രോളിനും ഡീസലിനും സെസ്സ്

ഏർപ്പെടുത്തി സർക്കാർ ഖജനാവിൽ നിറച്ച പണം ആവിയായി പോയോ? ക്ഷേമ പെൻഷനൊന്നും കൊടുക്കുന്നില്ല, ദാരിദ്ര്യത്തിൽ മുങ്ങിയ ജനതയാണ് ഇവിടെയുള്ളത്. അവശ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശവുമില്ലാത്ത ബഡ്ജറ്റെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാന സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക ഉപരോധം തീർത്ത് പ്രതിസന്ധി സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ പ്രതീക്ഷയുടെയും പ്രതിരോധത്തിന്റെയും ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. വരുമാനം വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയും വികസനപ്രവർത്തനങ്ങൾ തുടർന്നും കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കെതിരെ കുതിക്കുന്നതിനുള്ള ഇന്ധനം നൽകുന്ന ഒരു

ബഡ്ജറ്റാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഫെബ്രുവരി 5-ാം തീയതിയിലെ ബഡ്ജറ്റ് അവതരണത്തിനുശേഷം കേരളത്തിന്റെ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിസഭയിലെ മറ്റ് അംഗങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ അത്യുജ്ജ്വല സമരം നടത്തുകയുണ്ടായി. എന്തിനാണ് അവിടെ സമരം നടത്തിയത്? ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന സർക്കാരുകളെ വരിഞ്ഞുമുറുക്കി സാമ്പത്തികമായി പ്രതിരോധം സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ടത് ചോദിച്ചുവാങ്ങുന്നതിനുള്ള ഉജ്ജ്വല സമരമാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവിടെ സംഘടിപ്പിച്ചത്. ബി.ജെ.പി. ഇതര സംസ്ഥാനങ്ങളെ വരിഞ്ഞുമുറുക്കുന്ന സമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ ആ തീരുമാനത്തിനെ തുറന്നുകാണിക്കുകയെന്നത് സംസ്ഥാന ഗവൺമെന്റിന്റെ കടമയാണ്. ആ കടമയും ഉത്തരവാദിത്വവുമാണ് കേരളത്തിലെ ഗവൺമെന്റ് നിർവ്വഹിച്ചത്. കേരളത്തിൽനിന്നും ഒരു രൂപ നികുതിയായി പിരിച്ചുകൊണ്ടുപോകുമ്പോൾ തിരികെ ലഭിക്കുന്നത് 25

പൈസ മാത്രമാണ്. എന്നാൽ, ഉത്തർപ്രദേശിന് 2 രൂപ 73 പൈസയും രാജസ്ഥാന് 1 രൂപ 33 പൈസയും മദ്ധ്യപ്രദേശിന് 2 രൂപ 43 പൈസയുമാണ് തിരികെ ലഭിക്കുന്നത്. ഇങ്ങനെ തരംതിരിച്ച് ഗവൺമെന്റുകളെ കാണുകയും സംസ്ഥാനത്തിന്റെ മൂലധനമാകെ ഊറ്റിക്കൊണ്ട് പോകുകയും അവർക്ക് ഇഷ്ടപ്പെട്ടവർക്ക് തോന്നുന്ന നിലയിൽ വീതംവച്ച് നൽകുകയും ചെയ്യുന്ന കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെ ശക്തിയോടെ എതിർക്കുകയെന്ന രാഷ്ട്രീയ നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചത്. കിഫ്ബി പദ്ധതിമുഖേന 84,454 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിലെ 140 നിയമസഭാമണ്ഡലങ്ങളിലും നടത്തുകയാണ്. ഈ വികസനപ്രവർത്തനങ്ങളുടെ കരുത്തറിഞ്ഞ ഒരു മണ്ഡലമാണ് തിരുവമ്പാടി. എന്റെ മണ്ഡലത്തിൽ 2,147 കോടി രൂപയുടെ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ വലിയ പദ്ധതി ഉൾപ്പെടെ 3,500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടക്കുകയാണ്. ആ തുരങ്കപാത വരാൻ അനുവദിക്കുകയില്ലെന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. ഇങ്ങനെ കേരളത്തിന്റെ സമഗ്ര

വികസനത്തിനുവേണ്ടി വിഭവങ്ങൾ സമാഹരിച്ച് അത് എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തുമ്പോൾ അതിനെ കടത്തിന്റെ പരിധിയിൽപ്പെടുത്തി വികസനപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിയിലൂടെ 371,934 വീടുകൾ നിർമ്മിച്ചുനൽകാൻ കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി 17,104 കോടി രൂപ ചെലവഴിച്ചു. ഈ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് അവരുടെ വിഹിതമായി ചെലവഴിച്ചത് 2,081 കോടി രൂപയാണ്. 88 ശതമാനം വിഹിതം സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുമ്പോൾ 12 ശതമാനം മാത്രമാണ് കേന്ദ്ര ഗവൺമെന്റ് വിഹിതമായി ചെലവിടുന്നത്. ഈ വീടുകളുടെ മുന്നിൽ ശ്രീ. നരേന്ദ്ര മോദിയുടെ ചിത്രം സ്ഥാപിക്കണമെന്നാണ് പറയുന്നത്. ഏതെങ്കിലും ഗവൺമെന്റിന്റെ ഔദാര്യമാണ് ഈ പദ്ധതിയെന്ന് പറയാൻ സ്വാഭിമാനമുള്ള മലയാളിക്ക് കഴിയില്ല. അത് അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന നാടായി കേരളം മാറുന്നുവെന്നതാണ് ഇതിലെ ഏറ്റവും വലിയ പ്രത്യേകത. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ക്ഷേമ പെൻഷൻ

600 രൂപ എന്ന നിരക്കിൽ 32 ലക്ഷം പേർക്കാണ് വിതരണം ചെയ്തിരുന്നതെങ്കിൽ ഇന്ന് 1600 രൂപ നിരക്കിൽ കേരളത്തിലെ 62 ലക്ഷത്തോളം പേർക്ക് വിതരണം ചെയ്യുന്നുവെന്നത് അഭിമാനകരമായ നേട്ടമായി നാം കാണേണ്ടതുണ്ട്. ഇത്തരത്തിൽ ഗവൺമെന്റ് എല്ലാ കാര്യങ്ങളിലും ഇടപെട്ടുകൊണ്ട് മുന്നോട്ടുപോകുമ്പോൾ നമുക്കർഹമായ വിഹിതം പിടിച്ചുവയ്ക്കുന്നതിനെ ചോദ്യം ചെയ്യേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. കഴിഞ്ഞ നവംബർ മാസം 10-ാം തീയതിയിലെ 'മാതൃഭൂമി' ദിനപ്പത്രത്തിൽ കേരളത്തിന് കുറവുവന്ന തുകയെക്കുറിച്ച് ഒരു ലേഖനം എഴുതിയിട്ടുണ്ട്. ജി.എസ്.ടി. വിഹിതം വെട്ടിക്കുറച്ചതിന്റെ ഭാഗമായി 12,000 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 8,400 കോടി രൂപയും വായ്പാ പരിധി വെട്ടിക്കുറച്ചതിന്റെ ഭാഗമായി 19,000 കോടി രൂപയും നികുതി വരുമാനം കുറഞ്ഞതിന്റെ പേരിൽ 18,000 കോടി രൂപയും ഉൾപ്പെടെ ആകെ 57,400 കോടി രൂപയുടെ കുറവ് കേരളത്തിനുണ്ടായിട്ടുണ്ടെന്നാണ് ആ ലേഖനത്തിൽ സൂചിപ്പിക്കുന്നത്. അതോടൊപ്പംതന്നെ വിവിധയിനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക 4,224 കോടി

രൂപയാണ്. ഈ രണ്ട് തുകയുംകൂടി കൂട്ടുമ്പോൾ 61,000 കോടിയിലധികം രൂപ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് ഇപ്പോൾ നൽകാനുണ്ട്. കേരളത്തിന്റെ മൊത്തം ബാധ്യത 50,000 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകാനുള്ള മുഴുവൻ തുകയും അനുവദിച്ചാൽ 11,000 കോടിരൂപ മിച്ചമുള്ള ഒരു സംസ്ഥാനമായി കേരളം മാറുമെന്നത് നാം ഓർക്കണം. ഇതിനെ ചോദ്യം ചെയ്തുകൊണ്ടാണ് കേരള ഗവൺമെന്റ് ഡൽഹിയിൽ ഉജ്ജ്വലസമരം നടത്തിയത്. ആ സമരത്തിൽ പങ്കെടുത്തത് ആരെല്ലാമാണ്? ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ, ജമ്മുകാശ്മീരിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുള്ള, അതുപോലെ മുൻ കോൺഗ്രസ് നേതാവും മുതിർന്ന അഭിഭാഷകനുമായ ശ്രീ. കപിൽ സിബൽ എന്നിവരെല്ലാം പങ്കെടുത്ത ദേശീയ ശ്രദ്ധ ആകർഷിക്കുന്ന ഒരു സമരമായി അത് മാറി. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സംസാരിച്ച ശ്രീ. പിണറായി വിജയൻ രാജ്യത്തിന്റെ പ്രതീക്ഷയായി മാറുന്ന കാഴ്ചയാണ് കണ്ടത്. ഇവിടെ കോൺഗ്രസിന്റെയും പ്രതിപക്ഷത്തിന്റെയും നിലപാടുകൾ നമ്മൾ പരിശോധിക്കേണ്ടതല്ലേ?

പ്രതിപക്ഷത്തിന്റെ നിലപാട് കാണുമ്പോൾ 'പഞ്ചാബി ഹൗസ്' എന്ന സിനിമയിൽ കൊച്ചിൻ ഹനീഫ പറഞ്ഞ ഒരു കോമഡിയാണ് ഓർമ്മ വരുന്നത്. ഇവിടെ കോൺഗ്രസ് പാർട്ടിയുടെ ദേശീയ നേതാക്കൾക്ക് മനസ്സിലായിട്ടും കേരളത്തിലെ നേതാക്കൾക്ക് മനസ്സിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണ്. കോൺഗ്രസ് പാർട്ടിയുടെ നിലപാടെന്താണ്? 'മകൻ മരിച്ചാലും വേണ്ടില്ല മരുമകളുടെ കണ്ണുനീർ കാണണം' എന്ന അമ്മായിയമ്മയുടെ നിലവാരത്തിലേയ്ക്ക് കോൺഗ്രസും പ്രതിപക്ഷവും മാറുന്ന അപകടകരമായ സ്ഥിതിയാണ് ഇവിടെ ഉണ്ടാകുന്നത്. 'Quisling' എന്നൊരു ഇംഗ്ലീഷ് വാക്കുണ്ട്. ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ ആ വാക്കിന്റെ അർത്ഥം 'നാടിനെതിരെയുള്ള യുദ്ധത്തിൽ ശത്രുവിനെ സഹായിക്കുന്നവൻ' എന്നാണ്. ഇവിടെ പ്രതിപക്ഷത്തിന്റേത് ആ നിലപാടാണ്. ചതിയൻ, ഒറ്റുകാരൻ എന്നീ പേരുകൾക്ക് പകരമായി സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ ജനത പൊതുവായി ഉപയോഗിക്കുന്ന ഒരു വാക്കാണ് quisling. രണ്ടാം ലോകമഹായുദ്ധ കാലത്ത് നോർവെയുടെ പ്രതിരോധ മന്ത്രിയായിരുന്ന Vidkun Quisling നോർവെ കീഴടക്കാനെത്തിയ ജർമ്മൻ

പട്ടാളത്തിനൊപ്പംചേർന്ന് സ്വന്തം രാജ്യത്തിനെതിരെ യുദ്ധം ചെയ്യുന്നുണ്ട്. അങ്ങനെ യുദ്ധം ചെയ്തതിനുള്ള ഉപകാരസ്മരണ എന്ന നിലയിൽ ഹിറ്റ്ലർ Vidkun Quisling-നെ നോർവെയുടെ പ്രസിഡന്റാക്കി മാറ്റി. Vidkun Quisling-ന് അന്നുമുതൽ ഒരു പരമോന്നത പദവി ലഭിച്ചെങ്കിലും Quisling എന്ന പദം ഒരു അപരനാമമായി മാറുകയാണ് ചെയ്തത്. ആ അപരനാമമെന്ന് പറയുന്നത് സ്വന്തം രാജ്യത്തിനെ ഒറ്റുകൊടുക്കുന്ന ഒറ്റുകാരന്റെ പദവിയായിരുന്നു. ആ ഒറ്റുകാരന്റെ പദവിയിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് പാർട്ടിയും പ്രതിപക്ഷനേതാവും മാറുകയാണ്. 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് രൂപീകരിച്ച നാൾമുതൽ വ്യത്യസ്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ കേരളത്തിൽ അധികാരത്തിലിരുന്നിട്ടുണ്ട്. പി. ടി. ചാക്കോയും കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും ഉമ്മൻ ചാണ്ടിയും ഉൾപ്പെടെ നിരവധി നേതാക്കൾ കേരളത്തിന്റെ പ്രതിപക്ഷ നേതാക്കളായിരുന്നിട്ടുണ്ട്. പക്ഷെ, ഇവർ പ്രതിപക്ഷനേതാവായി ഇരിക്കുന്ന ഘട്ടത്തിൽ കേരളത്തിന്റെ പൊതുവായ ആവശ്യത്തിനുവേണ്ടി ഒന്നിച്ച് പോരാടാൻ തയ്യാറാകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്.

ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രതിപക്ഷനേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇത് കാണിച്ചുതന്നിട്ടുണ്ട്. മൂന്നാറിലെ വിഷയവുമായി ബന്ധപ്പെട്ടും റബ്ബർ കർഷകരുടെ പ്രശ്നവുമായി ബന്ധപ്പെട്ടും പ്രധാനമന്ത്രിയെ കാണുന്നതിനായി കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിക്കൊപ്പം പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനും പോയിട്ടുണ്ട്. എന്നാൽ, കേരളത്തിലെ ഇപ്പോഴത്തെ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണ്? 2016-ൽ പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നനാൾമുതൽ ഈ ഗവൺമെന്റിനെ ഇകഴ്ത്താൻ ലഭിക്കുന്ന അവസരങ്ങളെല്ലാം ഉപയോഗപ്പെടുത്തുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷത്തിന്റെ നിലപാടെന്താണ്? 2004-ൽ കേരള മന്ത്രിസഭയിലെ രണ്ടാമനായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ ഗുരുതരമായ ആരോപണം ഉയർന്നുവന്ന ഘട്ടത്തിൽ അതിനെതിരെ കേരളത്തിലെ എൽ.ഡി.എഫ്. ശക്തമായ പ്രതിഷേധം തീർക്കുകയായിരുന്നു.

മി. ചെയർമാൻ: ശ്രീ. ലിന്റോ ജോസഫ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. അങ്ങനെ കേരളത്തിൽ എൽ.ഡി.എഫ്. ശക്തമായ പ്രതിഷേധം തീർക്കുന്ന ഘട്ടത്തിലാണ് സുനാമി ആഞ്ഞടിക്കുന്നത്. തദവസരത്തിൽ കേരളത്തിലെ പ്രതിപക്ഷമായിരുന്ന ഇടതുപക്ഷം ആ സമരത്തിന്റെ പിന്നാലെ പോകാതെ സുനാമിയിലകപ്പെട്ടവർക്ക് ആശ്രയമാകുന്നതിനും അവരെ സഹായിക്കുന്നതിനുമായി തയ്യാറെടുക്കുന്ന കാഴ്ചയാണ് കേരളത്തിൽ കണ്ടത്. കേരള ജനതയ്ക്കുവേണ്ടി ശബ്ദിക്കുകയെന്നതായിരുന്ന അന്നത്തെ പ്രതിപക്ഷത്തിന്റെ കാഴ്ചപ്പാട്. പ്രസ്തുത നിലപാടാണ് കേരളത്തിലെ മുൻകാലങ്ങളിലെ പ്രതിപക്ഷം സ്വീകരിച്ചിരുന്നത്. എന്നാൽ, ഇന്നത്തെ പ്രതിപക്ഷത്തിന്റെയും പ്രതിപക്ഷനേതാവിന്റെയും നിലപാട് കേരളത്തെ എങ്ങനെയെങ്കിലും തകർക്കുകയെന്നതാണ്. ഇതിനെതിരെ കേരളത്തിലെ ജനത ശക്തിയുക്തമായ പ്രതിരോധം തീർക്കുന്ന കാഴ്ച വരുംനാളുകളിൽ കാണാൻ സാധിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഈ ബഡ്ജറ്റിനെ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും പിന്തുണയ്ക്കുന്നു. കേന്ദ്ര ബഡ്ജറ്റും കേരള ബഡ്ജറ്റും ഒരുപോലെയാണെന്ന് മുൻപ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ മുന്നേറ്റം കൺമുന്നിലെ യാഥാർത്ഥ്യമാണ്. അതിന്റെ കണക്കുകളൊക്കെ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനും ലഭിക്കുന്നതുതന്നെയാണ്. 2016-ൽ നമ്മുടെ ആഭ്യന്തര ഉൽപ്പാദനം 9.6 ശതമാനമായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം അത് 17.6 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നതാണ് രേഖകളിൽനിന്നും വ്യക്തമാകുന്നത്. സംസ്ഥാനത്തിന് വരുമാനം ലഭിക്കുന്നത് പ്രധാനമായും മൂന്ന് വഴികളിലൂടെയാണ്. അതിലൊന്ന് നമ്മുടെ തനത് വരുമാനമാണ്. അക്കാര്യത്തിൽ വലിയ മുന്നേറ്റം, ഏതാണ്ട് 50 ശതമാനത്തിന്റെ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലൂടെയും ബഡ്ജറ്റ് രേഖയിലൂടെയും സാമ്പത്തിക സർവ്വേയിലൂടെയും മനസ്സിലാക്കാൻ സാധിക്കുന്നത്. രണ്ടാമത്തെ വരുമാന

സ്രോതസ്സ് കേന്ദ്ര ധനസഹായമാണ്. ഇക്കാര്യത്തിൽ 10 ശതമാനത്തിലധികം കുറവാണ് കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. മൂന്നാമത്തേതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത് കേന്ദ്രത്തിന്റെകൂടി സമ്മതത്തോടെ നമ്മൾ എടുക്കേണ്ട വായ്പയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ തനത് വരുമാനം 71,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ, 45 ശതമാനത്തോളം വർദ്ധനവ് നേടിയെടുക്കാൻ കഴിഞ്ഞ വർഷം നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2021-22-ൽ 43,000 കോടി രൂപയാണ് നമുക്ക് വായ്പയെടുക്കാൻ കഴിഞ്ഞിരുന്നത്. എന്നാൽ 2022-23-ൽ അത് 22,000 കോടി രൂപയായി കുറഞ്ഞു. കേന്ദ്ര സർക്കാർ വായ്പാപരിധി വെട്ടിക്കുറച്ചതുമൂലമുള്ള ധനപ്രതിസന്ധിയാണ് കേരളം നിലവിൽ അഭിമുഖീകരിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള ചെറുത്തുനിൽപ്പും പോരാട്ടവുമാണ് കേരളത്തിലെ ഗവൺമെന്റ് നടത്തുന്നത്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി വിശകലനം ചെയ്യുന്ന ഏതൊരാൾക്കും ഇക്കാര്യം മനസ്സിലാകും. ഇവിടെ ധൂർത്തിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. കേരളത്തിന്റെ ധനകാര്യ സ്ഥിതി പരിശോധിക്കുമ്പോൾ ചെലവിന്റെ

കാര്യത്തിൽ 10 ശതമാനത്തിലധികം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. അത് ജനങ്ങൾക്ക് ലഭിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ആശ്വാസപദ്ധതികൾ ഇല്ലാതാക്കിക്കൊണ്ടല്ല. ഏതൊക്കെ മേഖലകളിൽ ചെലവ് ചുരുക്കാൻ സാധിക്കുമോ ആ മേഖലകളിലൊക്കെ ചെലവ് ചുരുക്കിക്കൊണ്ടുള്ള നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ ധനവരവ് കുറഞ്ഞു, ധൂർത്തുകൊണ്ടോ വാരിക്കോരി ചെലവഴിച്ചതുകൊണ്ടോ അല്ല കേരളം ധനപ്രതിസന്ധി നേരിടുന്നത്. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഒരു വഴി മാത്രമേ നമ്മുടെ മുന്നിലുള്ളൂ. അതിന് കേരളം ഒറ്റക്കെട്ടായി നിൽക്കണം. കേന്ദ്രത്തിൽ ബി.ജെ.പി. ഭരണം ഇല്ലാതാകണം. ഇക്കാര്യത്തിൽ കോൺഗ്രസിന്റെ നിലപാടെന്താണ്? കേരളത്തിന്റെ പ്രതിനിധികളായി 18 എം.പി.-മാർ പാർലമെന്റിലുണ്ട്. ശ്രീ. ടി. എൻ. പ്രതാപന്റെ പാർലമെന്റിലെ പ്രസംഗത്തിന്റെ ആദ്യത്തെ വരിയെന്താണ്? കേരളത്തിനെ വിമർശിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിക്കുന്നത്. എ.ഐ.സി.സി. പ്രസിഡന്റും പാർലമെന്റിലെ നേതാവുമായ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അവതരിപ്പിച്ച കരിമ്പത്രം നിങ്ങളുടെ മുന്നിലുണ്ടല്ലോ;

അതിലെ ചില പരാമർശങ്ങൾ കോൺഗ്രസ് നേതൃത്വം നിഷേധിക്കുമെന്ന് പറയാൻ സാധിക്കില്ല. 'അർഹമായ വിഹിതം വൈകിപ്പിച്ചും ഫണ്ട് അനുവദിക്കാതെയും ബി.ജെ.പി. ഇതര സംസ്ഥാനങ്ങളുടെ പ്രവർത്തനം മുരടിപ്പിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്' എന്നാണ് അതിൽ പരാമർശിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ചുള്ള നിങ്ങളുടെ നിലപാടെന്താണ്? ഇതിനെതിരായി പ്രതിഷേധിക്കണമെന്ന് കേരളം ഒറ്റക്കെട്ടായി ആവശ്യപ്പെടുമ്പോൾ, ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയുടെ ഈ നിലപാടിനോട് ചേർന്നുനിൽക്കാതെ കേരളത്തെ വഞ്ചിക്കുന്ന നിലപാടാണ് കോൺഗ്രസ്/യു.ഡി.എഫ്. സ്വീകരിക്കുന്നത്. നിങ്ങൾ കോൺഗ്രസിന്റെ സ്ഥിതിയെക്കുറിച്ച് ആലോചിക്കണം. പഴയ സ്വാതന്ത്ര്യസമര സേനാനിയും എന്റെ നാട്ടുകാരനുമായൊരു കവിയുണ്ട്. അദ്ദേഹത്തിന്റെ പേര് കെ. വി. ശേഖര പൊതുവാൾ എന്നാണ്. പഴയകാല കോൺഗ്രസുകാർക്കെല്ലാം അദ്ദേഹത്തെ അറിയാം. അദ്ദേഹം സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ കോൺഗ്രസിന്റെ നിലപാടിനെ വിശകലനം ചെയ്യാൻ ഫലപ്രദമാണ്. അദ്ദേഹം ചോദിക്കുന്നൊരു ചോദ്യമുണ്ട്. "രാമനും രാവണനും ഒന്നിച്ചാൽ

രാമായണമുണ്ടോ; കൃഷ്ണനും കംസനും ചേർന്നാൽപ്പിന്നെ കൃഷ്ണഗാഥയുണ്ടോ.”

ബി.ജെ.പി.-ക്ക് എതിരായി നിൽക്കേണ്ട പ്രധാന പാർട്ടി കോൺഗ്രസാണ്. ദേശീയാടിസ്ഥാനത്തിൽ മതനിരപേക്ഷത ഉയർത്തിപ്പിടിക്കേണ്ട പാർട്ടിയാണ് കോൺഗ്രസ്. ആ കോൺഗ്രസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? 411 എം.എൽ.എ.-മാരെയാണ് ഈ കാലയളവിൽ ബി.ജെ.പി. വിലയ്ക്കെടുത്തത്. അതിൽ 90 ശതമാനവും കോൺഗ്രസുകാരല്ലെന്ന് പറയാനുള്ള ആർജ്ജവം കോൺഗ്രസ്സിനുണ്ടോ? ഇതുസംബന്ധിച്ച് മുസ്ലീംലീഗിന്റെ നിലപാട് എന്താണെന്ന് അവർ പറയട്ടെ. ശ്രീ. കമൽനാഥ് എങ്ങോട്ടാണ് പോകുന്നത്? കൃഷ്ണനും കംസനും ഒന്നായിച്ചേരുന്ന ഏറ്റവും വിഷമകരമായ അന്തരീക്ഷം രാജ്യത്ത് ഉയർന്നുനിൽക്കുന്നു എന്നത് പറയാതിരിക്കാനാവില്ല. നമ്മൾ പുട്ടിന് തേങ്ങ ചിരകിയിടാറുണ്ട്, ഇപ്പോൾ നിങ്ങൾ ചിരട്ട ചിരകിക്കൊണ്ടിരിക്കുകയാണ്. ബി.ജെ.പി. ഉണ്ടാക്കുന്ന പുട്ടിനുവേണ്ടി ചിരട്ട ചിരകുന്നവരായി കോൺഗ്രസ് മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഒരു അഭിപ്രായം ഇവിടെ പറഞ്ഞുവല്ലോ; എന്താണ് പറഞ്ഞത്; ശാപ്പാട്

കിട്ടിയാൽ എവിടെയും പോകും, ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയതിൽ എന്താണ് തെറ്റ്; ശ്രീ. കെ. മുരളീധരൻ പോകുന്നതിൽ എന്താണ് തെറ്റ്? ഞങ്ങളും വേണമെങ്കിൽ പോകും എന്നാണ് നിങ്ങളുടെ കൂടെയുള്ള പലരും പറയുന്നത്. മുസ്ലീം ലീഗുകാർ ഇതിനെക്കുറിച്ച് പ്രതികരിക്കേണ്ടതാണ്. പ്രധാനമന്ത്രി വന്നപ്പോൾ മുഖ്യമന്ത്രിപോയി സ്വീകരിച്ചതിലെ ബോഡി ലാംഗ്വേജിനെക്കുറിച്ച് സൂചിപ്പിച്ചു. എന്നാൽ ഉമ്മൻ ചാണ്ടിയുടെ ബോഡി ലാംഗ്വേജ് നമുക്ക് ആ ചിത്രമെടുത്ത് നോക്കാം. എന്താണ് ബോഡി ലാംഗ്വേജ്? നിങ്ങൾ പറയൂ. കേരളത്തിലേയ്ക്ക് വരുന്ന കേന്ദ്ര ഭരണാധികാരിയെ മാന്യമായി സ്വീകരിക്കുക എന്ന കേരളത്തിന്റെ ആതിഥ്യ മര്യാദ തലയെടുപ്പോടെ ഉയർത്തിപ്പിടിക്കുമ്പോൾ അത് നിങ്ങൾക്ക് സഹിക്കുന്നില്ല. ബി.ജെ.പി.-യുടെ പിൻപണി സി.പി.ഐ.(എം.)-നും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമില്ല. സ്വന്തം ആളുകളെ പിടിച്ചുനിർത്താൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് കോൺഗ്രസ് പോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കേരളത്തിന്റെ പൊതുചിത്രത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ

ആഭ്യന്തരോൽപ്പാദനവും പ്രതിശീർഷ വരുമാനവും വർദ്ധിച്ചിട്ടുണ്ട്. ഇവിടെ ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുന്നു എന്നല്ലേ സൂചിപ്പിച്ചത്. 2016-ൽ കേരളത്തിന്റെ പ്രതിശീർഷ വരുമാനം 1,48,000 രൂപയായിരുന്നു. 2023-ൽ നമ്മുടെ പ്രതിശീർഷ വരുമാനം 2,78,000 രൂപയായി വർദ്ധിച്ചു. ഇന്ത്യയിൽ ഏത് സംസ്ഥാനത്തിനാണ് ഇത്തരമൊരു വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചത്? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളും ഇന്ത്യയിലുണ്ട്. കേന്ദ്ര സർക്കാർ എല്ലാ നിലയിലും കേരളത്തെ വരിഞ്ഞുകെട്ടുമ്പോൾ ഇതിനുമുന്നിൽ ഞങ്ങൾക്ക് മുട്ടുമടക്കാൻ മനസ്സില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സമർപ്പിച്ചത്. ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് സംസാരിക്കുമ്പോൾ ശ്രീനാരായണ ഗുരുവിന്റെ ദൈവദശകത്തിലെ ചില വരികൾ ഈ ഗവൺമെന്റിനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുംവേണ്ടി സമർപ്പിക്കുകയാണ്.

“അന്നവസ്ത്രാദി മുട്ടാതെ

തന്നു രക്ഷിച്ചു ഞങ്ങളെ

ധന്യരാക്കുന്ന നീയൊന്നു

തന്നെ ഞങ്ങൾക്കു തമ്പുരാൻ."

കേരളം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എങ്ങനെയാണ് കാണുന്നത് എന്നതിൽ ദൈവദശകത്തിലെ ശ്രീനാരായണ ഗുരുവിന്റെ വരികൾ സമർപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. 'ഒരു വിഭാഗത്തിനോടുള്ള അമർഷം നീതി പ്രവർത്തിക്കുന്നതിന് നിങ്ങൾക്ക് തടസ്സമാകരുത്' എന്ന് വിശുദ്ധ ഖുറാനിലെ അഞ്ചാം അധ്യായത്തിലെ എട്ടാം സൂക്തത്തിലൂടെ ദൈവം മനുഷ്യരോട് പറയുന്നുണ്ട്. കേരളജനതയെ രാഷ്ട്രീയവിദ്വേഷം കൊണ്ടുമാത്രം ദ്രോഹിക്കുന്ന യൂണിയൻ സർക്കാരിനെതിരെ കേരളം നടത്തുന്ന പ്രതിഷേധങ്ങളിൽനിന്ന് വിട്ടുനിൽക്കുകയും കേരളത്തെ പിന്നിൽനിന്ന് കുത്തുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ ചെയ്തികൾ കണ്ടതുകൊണ്ടാണ് ഈ അദ്ധ്യായം ഞാൻ ഓർത്തത്. കടുത്ത രാഷ്ട്രീയവിരോധത്തിന്റെ പേരിൽ എൻ.ഡി.എ. ഇതര സർക്കാരുകളെ, വിശേഷിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ കഴുത്തുഞെരിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ

സ്വീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ അന്യായങ്ങളെ ഇന്ത്യയുടെ പരമോന്നതകോടതിയിൽ വസ്തുതകൾ നിരത്തി കേരളം ചോദ്യം ചെയ്തുവരികയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക തീർപ്പിൽ യു.പി.-ക്ക് 17.93%, ബീഹാറിന് 10.05%, മധ്യപ്രദേശിന് 7.85%, മഹാരാഷ്ട്രയ്ക്ക് 6.31% വകയിരുത്തുമ്പോൾ കേരളത്തിന് 1.92% മാത്രമാണ് നൽകുന്നത്. എന്തിന്റെ പേരിലാണ് ഈ വിവേചനം? ദാരിദ്ര്യനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമായി മാറിയതാണോ ഞങ്ങൾ ചെയ്ത തെറ്റ്; ഇന്ത്യയിൽ ഉയർന്ന പ്രതിശീർഷ വരുമാനമുള്ളതാണോ സംസ്ഥാനം ചെയ്ത തെറ്റ്; സുസ്ഥിര വികസന സൂചികയിൽ കേരളം തുടർച്ചയായി മൂന്നാം സ്ഥാനം നിലനിർത്തിയതാണോ കേരളത്തിന്റെ പാതകം; ഇതിനെതിരെ പ്രതിപക്ഷത്തിന് എന്താണ് പറയാനുള്ളത്? കേന്ദ്രം മറ്റ് ധനാഗമന മാർഗ്ഗങ്ങൾ തടഞ്ഞിട്ടും 57,000 കോടി രൂപ സംസ്ഥാനത്തിന് ഇല്ലാതെയാക്കിയിട്ടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2024-25-ലേയ്ക്ക് അവതരിപ്പിച്ച സൂര്യോദയ ബഡ്ജറ്റ് യു.ഡി.എഫ്.-നെയും ബി.ജെ.പി.-യെയും വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി ക്ഷേമപെൻഷൻ പ്രതിപാദിക്കുന്ന ഭാഗം വായിച്ചപ്പോൾ പ്രതിപക്ഷ മുഖങ്ങളിൽ പടർന്ന ഇരുട്ടും അങ്കലാപ്പും ഞാൻ വീക്ഷിക്കുകയായിരുന്നു. എല്ലാ എൽ.ഡി.എഫ്. ബഡ്ജറ്റുകളെയുംപോലെ ക്ഷേമപെൻഷനിൽ വർദ്ധനവുണ്ടാകുമോ എന്നതായിരുന്നു അവരുടെ ആശങ്കയ്ക്ക് നിദാനം. ക്ഷേമപെൻഷന്റെ വർദ്ധന പ്രഖ്യാപിക്കാതിരുന്നപ്പോഴാണ് പ്രതിപക്ഷാംഗങ്ങളുടെ ശ്വാസം നേരെയായത്. ക്ഷേമപെൻഷൻ വാങ്ങുന്ന പാവങ്ങളായ മനുഷ്യരോട് എന്തിനാണ് പ്രതിപക്ഷം ഈ പക കൊണ്ടുനടക്കുന്നത്; അവർ എന്ത് തെറ്റാണ് നിങ്ങളോട് ചെയ്തത്? ആര് വഴിമുടക്കിയാലും ഈ പാവങ്ങളെ ചേർത്തുനിർത്തുമെന്ന സർക്കാരിന്റെ പ്രഖ്യാപനം പ്രശംസനീയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നന്ദിപ്രമേയ പ്രസംഗത്തിൽ നാട്ടിലെ കച്ചവടക്കാരുടെ പ്രയാസങ്ങൾ പറയുന്നതുകേട്ടു. പ്രതിമാസം 1,600 രൂപ വീതം 56 ലക്ഷം നിസ്സ്വരായ മനുഷ്യരിലൂടെ ആറ് മാസം 5,400 കോടി രൂപ കേരളത്തിലെ ഗ്രാമ-നഗരങ്ങളിലെ മാർക്കറ്റുകളിലെത്തുന്നത് അട്ടിമറിച്ച ബി.ജെ.പി. സർക്കാരിനെതിരെ എന്തുകൊണ്ടാണ് അങ്ങേയ്ക്ക്

പ്രതിഷേധമില്ലാത്തത്? കേന്ദ്രം കാപെക്സ് (കാപിറ്റൽ എക്സ്പെൻഡീച്ചർ) ഫണ്ടിൽ 2020-21-ൽ 11,912 കോടി രൂപ വകയിരുത്തിയപ്പോൾ കേരളത്തിന് വകയിരുത്തിയത് 163 കോടി രൂപയും നൽകിയത് 81.50 കോടി രൂപയും മാത്രമാണ്. 2021-22-ൽ 95,147 കോടി രൂപ വകയിരുത്തിയപ്പോൾ 238.50 കോടി രൂപ മാത്രമാണ് ലഭിച്ചത്. 2023 ഡിസംബറിൽ 97,750 കോടി രൂപ വകയിരുത്തിയപ്പോൾ കേരളത്തിന് ഒരു രൂപപോലും ലഭിച്ചില്ല. ഈ കൊടിയ അനീതിയെതിരെ ഒരു വാക്കെങ്കിലും പറയാൻ എന്തിനാണ് പ്രതിപക്ഷം ഭയക്കുന്നത്? രാജ്യത്തെ ഏറ്റവും വലിയ പദ്ധതികളിലൊന്നായ വിഴിഞ്ഞം തുറമുഖത്തിനായി ചെലവഴിച്ച തുകയുടെ ബില്ലുകൾ തയ്യാറാക്കി കാപ്പെക്സിൽ സമർപ്പിച്ചിട്ടും മുട്ടാപ്പോക്ക് ന്യായങ്ങൾ പറഞ്ഞ് കേന്ദ്രം തുക തടഞ്ഞത് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്തെ എന്റെ നേരനുഭവമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതുപോലെ മതനിരപേക്ഷതയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹ്യനീതിയുടെയും ജനങ്ങളുടെ ഉയർന്ന ജീവിത ഗുണനിലവാരത്തിന്റെയും പേരിലാണ് കേരള വികസന മാതൃക

അറിയപ്പെടുന്നത്. എന്നാൽ യൂണിയൻ ഗവൺമെന്റ് അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റ് കണ്ട് കണ്ണുതള്ളിയവരാണ് നാം. തിരഞ്ഞെടുപ്പ് ലക്ഷ്യംവച്ച് കാട്ടിക്കൂട്ടാൻ പോകുന്ന ഗിമ്മിക്കുകളും പൊള്ളയായ വാഗ്ദാനങ്ങളുമാണ് അതിൽ നിറഞ്ഞുനിൽക്കുന്നത്. വിലക്കയറ്റവും തൊഴിലില്ലായ്മയും നേരിടാനുള്ള ഒരു പദ്ധതിയും യൂണിയൻ ബഡ്ജറ്റിൽ നാം കണ്ടില്ല. കേന്ദ്രസർക്കാർ കോർപ്പറേറ്റുകളെ വാരിപ്പുണരുകയും അടിസ്ഥാന ജനവിഭാഗങ്ങളെ കൈയൊഴിയുകയും ചെയ്യുന്നതിന്റെ നേർച്ചിത്രമായിരുന്നു അത്. എന്നാൽ, കേരളത്തിന്റെ ബഡ്ജറ്റ് പരിശോധിച്ചാൽ കൃഷിക്ക് 1,698 കോടി രൂപ, സഹകരണ മേഖലയ്ക്ക് 1,344 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 1,120.54 കോടി രൂപ, ലൈഫ് പദ്ധതിക്കായി രണ്ടുവർഷത്തേയ്ക്ക് 10,000 കോടി രൂപ, തൊഴിലാളി ക്ഷേമത്തിനായി 464.44 കോടി രൂപ, പരമ്പരാഗത തൊഴിലിനായി 90 കോടി രൂപ. ഇങ്ങനെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഉത്തേജിപ്പിച്ചും അടിസ്ഥാന ജനവിഭാഗത്തെ ഹൃദയത്തോട് ചേർത്തുനിർത്തിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഉന്നത വിദ്യാഭ്യാസത്തിനായുള്ള ബഡ്ജറ്റിലെ

നിർദ്ദേശങ്ങളിൽ പുകമറ സൃഷ്ടിക്കാനുള്ള പരിശ്രമം ചില കോണുകളിൽ നടക്കുന്നുണ്ട്. 2022-ൽ വിദേശ പഠനത്തിനായി 13.2 ലക്ഷം വിദ്യാർത്ഥികൾ പോയതിൽ 50000 വിദ്യാർത്ഥികളും കേരളത്തിൽനിന്നാണെന്ന് ഇക്കൂട്ടർ മനസ്സിലാക്കണം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടാകേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കാനായി രൂപീകരിച്ച മൂന്ന് കമ്മീഷനുകളും സ്വകാര്യ സർവ്വകലാശാലകളുടെ ആവശ്യം ഊന്നിപ്പറയുന്നത് വിസ്മരിക്കരുത്. എൽ.ഡി.എഫ്. അംഗീകരിച്ച നവകേരള രേഖയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെക്കുറിച്ച് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയെ മൂലധനശക്തികൾക്ക് തീറെഴുതി വലതുപക്ഷ സർക്കാരുകൾ കൈകഴുകുമ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ 4,916.99 കോടി രൂപയും ഈ ബഡ്ജറ്റിൽ 4,927 കോടി രൂപയുമാണ് ഇതിനായി എൽ.ഡി.എഫ്. സർക്കാർ വകയിരുത്തിയത്. അതിനാൽ നയവ്യതിയാനത്തിന്റെ വാചാടോപങ്ങൾകൊണ്ട് ഈ മുന്നേറ്റം തടയാൻ കഴിയില്ലെന്ന് ഓർക്കുന്നത് നല്ലതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഈ ബഡ്ജറ്റ് കാലയളവിൽ പൂർണ്ണസജ്ജമാകാൻ പോകുന്നത് കേരളത്തിനൊരു

മുതൽക്കൂട്ടാണ്. ലോക ഭൂപടത്തിൽ കേരളത്തിന് പ്രത്യേക സ്ഥാനം ലഭിക്കാൻ പോകുന്നു. ഈ തുറമുഖത്തിന്റെ പ്രവർത്തനം നാടിന്റെ സർവ്വതലസ്പർശിയായ വികസനത്തിന് ചാലകശക്തിയാകുമെന്നതിന്റെ കൃത്യമായ ദിശാസൂചികയാണ് ഈ ബഡ്ജറ്റ്. ഒരുവശത്ത് യൂണിയൻ സർക്കാരിന്റെ കടുത്ത അവഗണനയും മറുവശത്ത് ആഗോളതലത്തിലുള്ള യുദ്ധങ്ങളും സാമ്പത്തിക മാന്ദ്യംമൂലമുണ്ടാകുന്ന ആഘാതങ്ങളും നമുക്ക് അതിജീവിക്കേണ്ടതായിട്ടുണ്ട്. ഓഖിയെയും പ്രളയങ്ങളെയും കോവിഡ് മഹാമാരിയെയും ഒറ്റക്കെട്ടായി കരുത്തോടെ നേരിട്ട കേരളം ഏത് പ്രതിസന്ധികളെയും അതിജീവിച്ച് പൂർവ്വാധികം ശക്തിയോടെ മുന്നേറുകതന്നെ ചെയ്യും. അതിനായി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ സജ്ജമാണെന്ന് തെളിയിക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കേരളത്തിന്റെ കഴുത്തുഞെരിക്കുന്ന ബി.ജെ.പി.-യെയും അവർക്ക് 'കീ ജയ്' വിളിക്കുന്ന യു.ഡി.എഫ്.-നെയും ആഗതമാകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ

ശിക്ഷിക്കുമെന്ന കാര്യത്തിൽ ഒരു സന്ദേഹവും വേണ്ടെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, സൂര്യോദയമെന്നത് ഇരുട്ടിനെ വകഞ്ഞുമാറ്റി ഭൂമണ്ഡലത്തിന് പുത്തനുണർവ് നൽകുന്ന പ്രതിഭാസമാണ്. 2024-25-ലെ ബഡ്ജറ്റിനെ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും പിന്തുണയ്ക്കുകയാണ്. 8 വർഷങ്ങൾക്കുമുൻപ് കേരളത്തിന്റെ സമ്പദ്ഘടന കട്ടപിടിച്ച ഇരുട്ടിന്റെ തടവറയിലായിരുന്നു. 2016-ൽ അധികാരത്തിൽവന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലുകളുടെ ഭാഗമായി കേരളത്തെ ഇന്ത്യയുടെ മുൻനിരയിലെത്തിക്കാൻ കഴിഞ്ഞുവെന്നത് യാഥാർത്ഥ്യമാണ്. ഇതോടെ നിരാശപൂണ്ട കേരളവിരുദ്ധ ശക്തികൾ എൽ.ഡി.എഫ്. സർക്കാരിനെതിരായി ഉറഞ്ഞുതുള്ളിക്കൊണ്ടിരിക്കുകയാണ്. അതിൽ ബി.ജെ.പി. സർക്കാരിന്റെ പിന്നാലെ നടക്കുന്ന കേരളത്തിലെ പ്രതിപക്ഷത്തെയും നമുക്ക് കാണാം. അവരോടൊപ്പം കോർപ്പറേറ്റ് ശക്തികളും അവർ നിയന്ത്രിക്കുന്ന

കുത്തകമാധ്യമങ്ങളും പ്രവർത്തിക്കുന്നത് നമ്മൾ കാണുകയാണ്. ഇവരെ തള്ളിമാറ്റിക്കൊണ്ട് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരപ്പിച്ച സൂര്യോദയ ബഡ്ജറ്റുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. കേരളത്തിലെ ഇന്നത്തെ സമരകോലാഹലങ്ങൾ കാണുമ്പോൾ പഴയൊരു സിനിമാരംഗം എന്റെ മനസ്സിൽ തെളിഞ്ഞുവരികയാണ്. ഭാവിയിൽ ഇത്തരക്കാരായ ചിലരുണ്ടാകുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് നിർമ്മിച്ച ചിത്രമാണോ അതെന്ന് സംശയിക്കുന്ന വിധത്തിലാണ് ആ ചിത്രത്തിന്റെ ക്ലിപ്പിംഗുകൾ. റോഡിൽ നിരവധി വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുമ്പോൾ അതിനിടയിലേയ്ക്ക് ഒരു പായയും തലയണയുമായി ജഗതി ശ്രീകുമാർ കടന്നുവന്ന് അവിടെ പായ വിരിച്ച് കിടക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. വാഹനങ്ങളുടെ കാതടപ്പിക്കുന്ന ഹോണടിശബ്ദം കേൾക്കുന്നുണ്ട്. 'പബ്ലിക് റോഡിലാണോടാ നീ കിടക്കുന്നത്' എന്ന് പോലീസ് ചോദിക്കുമ്പോൾ, 'നിന്റെ തറവാട്ടിൽവന്ന് കിടക്കണോ' എന്ന് അദ്ദേഹം തിരിച്ചുചോദിക്കുന്നുണ്ട്. 'ഛീ.... എഴുന്നേൽക്കെടാ' എന്ന് പോലീസ് പറയുമ്പോൾ 'എന്നാൽ എന്നെ അറസ്റ്റ്

ചെയ്യൂ' എന്നുപറഞ്ഞു നിൽക്കുന്ന ഒരു കഥാപാത്രത്തെയാണ് നമുക്ക് കാണാൻ കഴിയുന്നത്. അപ്പോൾ പോലീസ് അദ്ദേഹത്തെ കഴുത്തിനുപിടിച്ച് എഴുന്നേൽപ്പിക്കുന്നു. ഈ കോപ്രായങ്ങൾ കണ്ട് സ്റ്റേഷനിലെ എസ്.ഐ.-യായ കൊച്ചിൻ ഹനീഫ ജഗതി ശ്രീകുമാറിന് തലയ്ക്ക് വട്ടാണെന്ന് കരുതി മണിയൻപിള്ള രാജുവിന്റെ പ്രകൃതി ചികിത്സാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു. അവിടെ ജഗതി ശ്രീകുമാറിനുണ്ടായ അനുഭവമെന്താണെന്ന് ഞാൻ വിവരിക്കുന്നില്ല. മണ്ണിന്റെ പുറത്ത് അദ്ദേഹത്തിന്റെ തലമാത്രമേയുള്ളൂ. പെലെ എന്ന കഥാപാത്രം വന്ന് അത് ഫുട്ബോളാണെന്ന് കരുതി തട്ടുന്നതൊക്കെ നമുക്ക് കാണാൻ കഴിയും. അത് വളരെ രസകരമായൊരു കാര്യമാണ്. ആ സ്റ്റേഷനിൽ ഒളിപ്പിച്ചുവച്ചിരുന്ന രത്നങ്ങൾ കൈവശപ്പെടുത്താനാണ് ജഗതി ശ്രീകുമാർ മനോനില തെറ്റിയതുപോലെയുള്ള ആ പ്രവൃത്തി ചെയ്തത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കാൻ നടത്തുന്ന ബി.ജെ.പി. സർക്കാരിന്റെ നീക്കങ്ങൾക്കെതിരെ എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥിസംഘടന നടത്തുന്ന പ്രതിഷേധസമരങ്ങളെ കേരളത്തെ സ്നേഹിക്കുന്ന ആർക്കും എതിർക്കാൻ കഴിയില്ല. അതിന്റെ ഭാഗമായി

ചാൻസിലർക്കെതിരെ എസ്.എഫ്.ഐ. നടത്തിയത് തീർത്തും സമാധാനപരമായ സമരമായിരുന്നു. തെരുവോരങ്ങളിൽ സമാധാനപരമായി മുദ്രാവാക്യം വിളിച്ച് കരിങ്കൊടി പ്രദർശിപ്പിക്കുന്നവർക്കിടയിലേയ്ക്ക് എല്ലാ മര്യാദകളും പ്രോട്ടോക്കോളും ലംഘിച്ചുക്കൊണ്ട് ചാൻസിലർ കാറിൽനിന്നുമിറങ്ങി പോകുകയാണ്. അതിനുശേഷം ആ സിനിമയിൽ ജഗതി ശ്രീകുമാർ ചെയ്തതുപോലെ അദ്ദേഹം ചാടിയിറങ്ങി ആക്രോശിക്കുകയാണ്, 'എന്നെ ആക്രമിക്കു, കല്ലെറിയൂ' - എന്നൊക്കെ പറഞ്ഞുകൊണ്ടുള്ള നടപടി സ്വീകരിക്കുകയാണ്. ചാൻസിലറുടെ ആ നടപടി ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച സിനിമാ രംഗത്തിലെ ഭാഗമാണെന്ന് ആർക്കെങ്കിലും തോന്നിയാൽ കുറ്റം പറയാൻ കഴിയില്ല. കാരണം, ജഗതി ശ്രീകുമാർ രത്നങ്ങൾ കൈവശപ്പെടുത്താനാണ് ശ്രമിച്ചതെങ്കിൽ മോദി സർക്കാരിന്റെ ഇംഗിതത്തിനനുസരിച്ച് സർവ്വകലാശാലാ ഭരണം പിടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ചാൻസിലർ പ്രവർത്തിച്ചത്. ഈ സാമ്യം വന്നത് നമ്മുടെ ആരുടെയും കുറ്റംകൊണ്ടല്ല, സംവിധായകരുടെ കുറ്റം മാത്രമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തെ തകർക്കാൻ

മോദി സർക്കാർ ഇപ്പോൾ പരിശ്രമിക്കുകയാണ്. യഥാർത്ഥത്തിൽ കേന്ദ്രം കേരളത്തെ അവഗണിക്കുക മാത്രമല്ല, പ്രതികാരത്തോടുകൂടിയാണ് പെരുമാറുന്നത്. ജഗതി ശ്രീകുമാറിന്റെ കഥാപാത്രത്തെ അനുസ്മരിക്കുംവിധമുള്ള ചെയ്തികളാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരായി ഇവിടത്തെ പ്രതിപക്ഷവും ബി.ജെ.പി.-യും നടത്തിയത്. കേന്ദ്രസർക്കാർ ഏജൻസികൾ കേരളത്തിന്റെ മണ്ണിൽ എത്ര പായ വിരിച്ചിട്ടും ഒന്നും സംഭവിച്ചിട്ടില്ല. ഈ സർക്കാർ തകരുകയോ തളരുകയോ ചെയ്തില്ല. കേരളത്തെ തകർക്കാനാകില്ലെന്നുള്ളത് നമ്മൾ കാണേണ്ടതുണ്ട്. കേന്ദ്രം പ്രതികാരത്തോടുകൂടിയാണ് പെരുമാറുന്നത്, അതിന് നിരവധി ഉദാഹരണങ്ങളുണ്ടെങ്കിലും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുകയെന്ന നിലയിലേയ്ക്കാണ് കേന്ദ്രസർക്കാർ പോകുന്നത്. ധനകമ്മീഷന്റെ ശിപാർശകളുമായി ബന്ധപ്പെട്ട കാര്യങ്ങളുൾപ്പെടെ പരിശോധിച്ചാൽ നമുക്കത് കാണാൻ കഴിയും. സംസ്ഥാന ഗവൺമെന്റിന് അർഹതപ്പെട്ട കോടിക്കണക്കിന് രൂപയാണ് കേന്ദ്ര ഗവൺമെന്റ് പിടിച്ചുവയ്ക്കുന്നത്. കേരളത്തിന്റെ കടവുമായി ബന്ധപ്പെട്ട്

മാതൃഭൂമി ദിനപത്രത്തിൽ വിശദമായി ഒരു വാർത്ത വന്നിരുന്നു. കേരളത്തിലെ കടം 50,000 കോടി രൂപയിൽ എത്തിനിൽക്കുന്നുവെന്നാണ് അതിൽ പരാമർശിക്കുന്നത്. പക്ഷേ, കേന്ദ്രം നമുക്ക് നൽകാനുള്ളത് 57,400 കോടി രൂപയാണ്. അതിൽ കേരളത്തിന്റെ കടമായ 50,000 കോടി രൂപ വീട്ടിയാൽപോലും ബാക്കി 7,400 കോടി രൂപകൊണ്ട് സാമ്പത്തിക ഞെരുക്കത്തിലായ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളത് ആ വാർത്തയിൽ ഭംഗ്യന്തരേണ വ്യക്തമാക്കുന്നുണ്ട്. അതുപോലുള്ള നിരവധി കാര്യങ്ങളുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഒരു മലയാളി ഉയർത്തേണ്ട ചോദ്യമെന്താണ്; കേരളത്തിന്റെ കഴുത്തുഞെരിക്കുന്നതാരാണ്? ഇവിടെനിന്നും 18 എം.പി.-മാർ ഡൽഹിയിൽ പോയിട്ടുണ്ട്. അവർ എന്താണ് ചെയ്യുന്നത്; അവർ കേരളത്തിനുവേണ്ടി സംസാരിക്കുന്നുണ്ടോ? ഒരു സംസാരവുമില്ലെന്നാണ് കാണാൻ കഴിയുന്നത്. സംസ്ഥാന സർക്കാർ സാമ്പത്തികമായി വളരെ ഞെരുക്കത്തിലാണ്. സംസ്ഥാന സർക്കാരിനെ വീണ്ടും ഞെരുക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ശ്രമിക്കുമ്പോൾ യു.ഡി.എഫ്. ഒരക്ഷരം ഉരിയാടാൻ ശ്രമിക്കുന്നുണ്ടോ? നരേന്ദ്ര മോദി

സർക്കാരിനെതിരെ എൽ.ഡി.എഫ്. ഒരക്ഷരവും ഉരിയാടില്ലെന്ന് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല സൂചിപ്പിക്കുകയുണ്ടായി. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ വിരുന്നിനുപോയത് സംബന്ധിച്ച വിഷയമുണ്ടായി. അതിൽ ഒരു കുഴപ്പവുമില്ലെന്ന് പറഞ്ഞു. അത് ആദ്യം സ്വന്തം അനുയായികളെയല്ലേ ബോധ്യപ്പെടുത്തേണ്ടത്; എന്നിട്ടല്ലേ ഞങ്ങളോട് പറയേണ്ടത്? എന്നെ വിളിച്ചാൽ ഞാനും പോകുമെന്ന് പറഞ്ഞ ശ്രീ. കെ. മുരളീധരൻ നമ്മുടെ മുമ്പിലുണ്ട്. 'ശ്രീ. എൻ. കെ. പ്രേമചന്ദ്രന് അഭിമാനവും അനുഭ്രതിയുമുണ്ടാകാം, എന്നാൽ അദ്ദേഹത്തിന്റെ അനുഭ്രതിക്കല്ല കോൺഗ്രസ്സ് വോട്ട് ചെയ്തത്. ഇത് പറഞ്ഞത് ഞങ്ങളാണോ; അല്ല, ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരൻ പറഞ്ഞ കാര്യമാണിത്. ഈ പറഞ്ഞത് തെറ്റാണെന്നുള്ള കാര്യം ആദ്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തണം. വിളിച്ചാൽ ഞാനും പോകുമെന്ന് പറയുന്ന ആൾക്കാരാണുള്ളത്. ശ്രീ. നരേന്ദ്ര മോദിയുടെ വിളികേൾക്കാൻ ഇപ്പോൾ കോൺഗ്രസ്സുകാരിൽ പലരും കാത്തിരിപ്പാണ്. നേരത്തെ ശ്രീ. ടി. ഐ. മധുസൂദനൻ ഒരു കണക്ക് സൂചിപ്പിച്ചിരുന്നു. ബി.ജെ.പി.-യിലേയ്ക്കുപോയ നാനൂറ്റി ചില്വാനം

കോൺഗ്രസ്സുകാരിൽ മന്ത്രിമാരും മുഖ്യമന്ത്രിമാരും കെ.പി.സി.സി. പ്രസിഡന്റുമാരും എ.ഐ.സി.സി. നേതാക്കന്മാരുമൊക്കെയുണ്ട്. ചോട്ടാ നേതാക്കളല്ല, വമ്പൻ നേതാക്കളാണ് ശ്രീ. നരേന്ദ്ര മോദിയുടെ വിളി കേട്ടുകൊണ്ട് ഇന്ന് അദ്ദേഹത്തിന്റെ കൂടെയുള്ളത്. ഏറ്റവും അവസാനമായി ഒരു വിളികേൾക്കാൻ കാത്തിരിക്കുകയാണ് ശ്രീ. കമൽ നാഥ്. ആ വിളി കേൾക്കാൻ കാത്തിരിക്കുന്നതിനിടയിൽ ഇനിയും വലിയ സംഭവങ്ങളുണ്ടാകാം. ശ്രീ. നരേന്ദ്ര മോദിയുടെ വിളികേൾക്കാൻ കാതോർത്തിരിക്കുന്ന കോൺഗ്രസ്സുകാർ ആരൊക്കെയാണെന്നുള്ളത് അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നമുക്ക് കൃത്യമായി കാണാൻ കഴിയും. ഇവിടെ ആരൊക്കെയുണ്ടാകുമെന്ന് പറയാൻ കഴിയില്ല. അതുസംബന്ധിച്ച് പല വാർത്തകളും വന്നുകൊണ്ടിരിക്കുന്നു. 'ആർ.എസ്.എസ്.-കാർക്ക് സ്വതന്ത്രമായി ശാഖ നടത്താനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്ത ആളാണ് ഞാൻ' എന്ന് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞല്ലോ; ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽ നിൽക്കുന്ന കെ.പി.സി.സി. പ്രസിഡന്റിനെതിരെ ഒരക്ഷരം പറയാൻ ആരും

തയ്യാറാകുന്നില്ല. അതാണ് കോൺഗ്രസ്സിന്റെ അവസ്ഥ. തകർന്ന തറവാട് ഭരണമാണ് എൽ.ഡി.എഫ്.-ന്റേതെന്ന് ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചു. ശ്രീ. മഞ്ഞളാംകുഴി അലിയുടെ നിയോജകമണ്ഡലത്തിലടക്കം 5 കോടി രൂപയുടെ വിദ്യാഭ്യാസ സ്ഥാപനം തലയുയർത്തി നിൽക്കുന്നില്ലേ; ദേശീയപാത കടന്നുപോകുന്നില്ലേ; റോഡുകൾ ടാർ ചെയ്തിട്ടില്ലേ; ആശുപത്രികൾ ഉയർന്നുനിൽക്കുന്നില്ലേ; ഇതൊക്കെ തകർന്നതാണോ? എൽ.ഡി.എഫ്. ഭരണത്തിനുമുൻപ് തകർന്നുതരിപ്പണമായ, ഭാർഗ്ഗവീനിലയംപോലെ കിടന്ന, ലാഭകരമല്ലാത്തതിനാൽ അടച്ചുപൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ ഇവയൊക്കെ ഇന്നുകാണുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചത് ഈ തകർന്ന തറവാടുഭരണം തന്നെയാണെന്നകാര്യം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ട് സംസാരിക്കുന്നതാണ് ഉചിതമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. സൂര്യോദയ ബഡ്ജറ്റ് എന്നൊക്കെ പരാമർശിച്ചെങ്കിലും

കേരളം ഇന്ന് നേരിടുന്ന പ്രതിസന്ധി തരണംചെയ്യാനോ അതിജീവിക്കാനോ കഴിയുന്ന ക്രിയാത്മകമായ പ്രൊപ്പോസലുകൾ ഈ ബഡ്ജറ്റിലില്ലായെന്ന് നമുക്ക് കാണാൻ കഴിയും. ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ട്രഷറി ബെഞ്ചുകളിൽ നിന്നുതന്നെ വിവാദമായ പല പ്രതികരണങ്ങളുമുണ്ടായി. കഴിഞ്ഞ ദിവസങ്ങളിൽ സോഷ്യൽ മീഡിയയിൽ വൈറലായ ഒരു ഫോട്ടോയുണ്ടായിരുന്നു. അതൊരു ബിരുദദാന ചടങ്ങിന്റെ ഫോട്ടോയാണ്. നിങ്ങൾക്കത് ലഭിച്ചുകാണുമെന്ന് ഞാൻ കരുതുന്നു. സി.പി.ഐ.(എം) എറണാകുളം ജില്ലാ സെക്രട്ടറി അദ്ദേഹത്തിന്റെ മകളുടെ ബിരുദദാന ചടങ്ങിന്റെ കോൺവൊക്കേഷൻ സെറിമണി കഴിഞ്ഞതിനുശേഷം കുടുംബസമേതം ഇംഗ്ലണ്ടിൽവച്ച് എടുത്ത ഫോട്ടോയാണത്. ഞാൻ കെ.എസ്.യു.-വിൽ ആയിരുന്ന സമയത്ത്, ഇന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ നടത്തിയിട്ടുള്ള സമരപോരാട്ടങ്ങളും ആ സമയത്ത് വിദ്യാഭ്യാസ മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ നടത്തിയ പോരാട്ടങ്ങളും ഞാൻ ഓർത്തുപോകുകയാണ്. ഒരു തലമുറയെ മുഴുവൻ ജയിലിലയച്ച്, കലാലയങ്ങൾ അടച്ച്, വിദ്യാഭ്യാസം മുടക്കിയ

സംഘർഷഭരിതമായ ഒരു സമരമായിരുന്നു അത്. ഈ സമരമെല്ലാം നടത്തിയിട്ട് ഒടുവിൽ യോർക്ക് യൂണിവേഴ്സിറ്റിയിൽനിന്നും മകൾ ബിരുദം വാങ്ങി നിൽക്കുമ്പോൾ കോട്ടും സ്യൂട്ടുമിട്ട് തൊട്ടടുത്ത് അഭിമാനത്തോടുകൂടി നിൽക്കുന്ന സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയെ നമുക്ക് കാണാൻ കഴിയും. വളരെ നല്ല കാര്യമാണ്, ഞാൻ അത് നിഷേധിക്കുന്നില്ല. മക്കളെ നല്ലനിലയിൽ പഠിപ്പിക്കണം, മെച്ചപ്പെട്ട യൂണിവേഴ്സിറ്റിയിലും കോളേജുകളിലും അയയ്ക്കേണ്ടതുതന്നെയാണ്. പക്ഷെ, ഏതാനും ദിവസങ്ങൾക്കുമുമ്പ് അദ്ദേഹം ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി എനിക്കെതിരെ ചില ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. എന്റെ വരുമാനത്തിന്റെ ഉറവിടം അന്വേഷിക്കണം. വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുണ്ടോയെന്നും ക്രമവിരുദ്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്നും അന്വേഷിക്കണമെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു. നിങ്ങളുടെ നേതാക്കളുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച് സി.പി.ഐ. (എം) അന്വേഷിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നു. ഞങ്ങൾ ചെലവഴിക്കുന്ന ഓരോ രൂപയ്ക്കും പാർട്ടിക്ക് കണക്കുണ്ടെന്നും പാർട്ടി പരിശോധിച്ചാണ്

ഞങ്ങൾ എല്ലാകാര്യങ്ങളും ചെയ്യുന്നതെന്നുമാണ് അദ്ദേഹം മറുപടി നൽകിയത്. സ്വാഭാവികമായും അദ്ദേഹത്തിന്റെ മകളുടെ വിദ്യാഭ്യാസത്തിന്റെ കാര്യവും സി.പി.ഐ.(എം) പരിശോധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്, നിങ്ങളെല്ലാവരും അംഗീകരിച്ച് കൈയടിച്ച് നിൽക്കുന്നത് അതുകൊണ്ടാണല്ലോ. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയുടെ മകൾക്ക് യോർക്ക് യൂണിവേഴ്സിറ്റിയിൽ ഉന്നത പഠനം നടത്തി തിരിച്ചുപോരാൻ സാധിച്ചു, ആ ഫേസ്ബുക്ക് പോസ്റ്റിന്റെ അടിയിൽ പല കുറിപ്പുകളും ഞാൻ കണ്ടിരുന്നു. കഴിഞ്ഞകാലങ്ങളിൽ അദ്ദേഹം എന്ത് തൊഴിൽ ചെയ്തിട്ടാണ് ഇത്രയും പണം സമ്പാദിച്ചത് എന്നൊക്കെയുള്ള ചോദ്യം അതിലുണ്ടായിരുന്നു, ഞാൻ ആ ചോദ്യം ഉന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും. ജില്ലാ സെക്രട്ടറിയുടെ ആ കസേരയിൽ മുമ്പ് ഇരുന്ന ഒരു മനുഷ്യനുണ്ടായിരുന്നു, ഞാനടക്കമുള്ള കോൺഗ്രസ് നേതാക്കൾക്കുപോലും ബഹുമാനം തോന്നിയ ഒരു വ്യക്തിയായിരുന്നു ആ കസേരയിൽ അന്ന് ഇരുന്നത്. മെലിഞ്ഞ് ഒട്ടിയ ശരീരം, കുഴിഞ്ഞ കണ്ണുകൾ, വളരെ പ്രായംചെന്ന പരിണതപ്രജ്ഞനായിരുന്ന

ഒരാൾ ആ പാർട്ടി ഓഫീസിന്റെ ബെഞ്ചിൽ കിടന്നുറങ്ങിയിരുന്നു. പാർട്ടി അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അദ്ദേഹം പവർഫുൾ ആയിരുന്നു, ആളുകൾക്ക് വളരെയധികം ബഹുമാന്യനുമായിരുന്നു. എ. പി. വർക്കി എന്നാണ് അദ്ദേഹത്തിന്റെ പേര്. രാഷ്ട്രീയപ്രവർത്തനത്തിനുശേഷം രണ്ട് കൈയിലും ഒന്നുമില്ലാതെ വീട്ടിലേയ്ക്ക് മടങ്ങിപ്പോയ ഒരാളായാണ് ഞങ്ങൾ അദ്ദേഹത്തെ മനസ്സിലാക്കിയിട്ടുള്ളത്. ഇന്നത്തെ സി.പി.ഐ(എം) എന്ന് പറയുന്നതിലെ വ്യത്യാസം എ. പി. വർക്കിയിൽനിന്നും ശ്രീ. സി. എൻ. മോഹനനിലേയ്ക്കുള്ള മാറ്റമാണ്. ഇന്ന് സി.പി.ഐ.(എം)-ൽ നടക്കുന്ന കാര്യങ്ങളുടെ, ഒരു അഴിമതിയുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള അനുമതി ഞാൻ അങ്ങയോട് ചോദിച്ചിരുന്നു, ഞാൻ ആ വിഷയം അവതരിപ്പിക്കാമെന്ന് കരുതുകയാണ്.

മി. സ്പീക്കർ: അക്കാര്യം ചെയർ നിഷേധിച്ചിരിക്കുകയാണ്, പ്രസ്തുത വിഷയം സഭയിൽ ഉന്നയിക്കാൻ അനുമതി നൽകില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, അത് നിഷേധിച്ചത് എന്തുകൊണ്ടാണ്?

മി. സ്പീക്കർ: ആരോപണങ്ങൾക്ക് അടിസ്ഥാനപരമായ രേഖകൾ ഹാജരാക്കണമെന്ന് ചെയർ വ്യക്തമായി സൂചിപ്പിച്ചിരുന്നു. അംഗം ഹാജരാക്കിയ രേഖകളിൽ ചെയർ തൃപ്തനല്ല, അതുകൊണ്ട് സഭയിൽ ഉന്നയിക്കുന്നതിന് അനുവാദം നൽകാൻ സാധിക്കില്ല, Sorry, Dr. Mathew Kuzhalnadan, I can't allow to raise this allegation in this floor. പ്രസംഗം തുടരണമെങ്കിൽ തുടർന്നോളൂ. (....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമസഭാ ചട്ടങ്ങളിൽ ഇതുസംബന്ധിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഈ നിയമസഭയിൽ ഏതൊരു അംഗത്തിനും ആർക്കെതിരെയും അഴിമതി ആരോപണങ്ങളടക്കം ഏതെങ്കിലും ആരോപണങ്ങൾ മുൻകൂട്ടി ചെയറിന് എഴുതിക്കൊടുത്താൽ ഉന്നയിക്കാൻ അധികാരമുണ്ട്, അവകാശമുണ്ട്, അത് കീഴ്വഴക്കമാണ്.

മി. സ്പീക്കർ: യെസ്.... യെസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു മിനിട്ടുകൂടി, ഞാൻ പൂർത്തിയാക്കട്ടെ.

മി. സ്പീക്കർ: നിയമസഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും അങ്ങയെപ്പോലെ ഒരു മുതിർന്ന അംഗം (....ബഹളം....) പ്ലീസ്... ആ ഭാഗം ഞാൻ വായിക്കാം. അതിനുശേഷം ബഹുമാനപ്പെട്ട അംഗത്തിന് സമയം അനുവദിക്കാം. പ്ലീസ്.... പ്ലീസ്... ഇരിക്കൂ. റൂൾ 285 - ഒരാൾക്കെതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം എന്നതിലെ രണ്ടാമത്തെ ഖണ്ഡികയിൽ, "അങ്ങനെയുള്ള ആരോപണം സഭയുടെ അന്തസ്സിന് ഹാനികരമാണെന്നോ അങ്ങനെയുള്ള ആരോപണം കൊണ്ടുവരുന്നതുകൊണ്ട് യാതൊരു പൊതുതാൽപ്പര്യവും നിറവേറ്റുന്നതല്ലെന്നോ സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ അങ്ങനെ ഏതെങ്കിലും ആരോപണം കൊണ്ടുവരുന്നതിൽ നിന്നും ഏതൊരംഗത്തെയും ഏതു സമയത്തും സ്പീക്കർക്ക് തടയാവുന്നതാണ്" എന്ന് പറയുന്നുണ്ട്. അദ്ദേഹം എഴുതിത്തന്ന ഭാഗങ്ങളിലൊന്നും അത്തരം ഒരു രേഖയില്ല. ഒരു ഫോട്ടോസ്റ്റാറ്റ് കടലാസ് കൊണ്ടുവന്ന് ഈ സഭയുടെ വിശ്വാസ്യത കളയാൻ ചെയർ തയ്യാറല്ല. പ്രസംഗം തുടരണമെങ്കിൽ തുടർന്നോളൂ.

(ഡോ. മാത്യു കുഴൽനാടന് അഴിമതി ആരോപണം ഉന്നയിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിന് മുന്നിൽവന്ന് ബഹളംവച്ചുകൊണ്ടിരുന്നു.)

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. പ്രതിപക്ഷം സ്ഥിരമായി നിയമസഭാ വേദിയെ ഒരു കളിക്കളമാക്കി മാറ്റുകയാണ്. ഡോ. മാത്യു കുഴൽനാടൻ മുന്നോട്ടുവച്ച അഴിമതിയാരോപണം യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതാണ്. നിലവിലുള്ള നിയമമനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്താലും അംഗീകരിക്കാൻ സാധ്യമായതേ അംഗീകരിക്കുവെന്ന് വ്യക്തമാക്കിയ പശ്ചാത്തലത്തിൽ കോൺഗ്രസ് കാണിക്കുന്ന ഈ നാടകം തികച്ചും മാധ്യമശ്രദ്ധ പിടിച്ചുപറ്റുന്നതിനുവേണ്ടിയുള്ളതാണ്. കോൺഗ്രസ്സിനുവേണ്ടി വാദങ്ങൾ ഉന്നയിക്കാൻ ചുമതലപ്പെടുത്തിയ വ്യക്തി മാത്രമായി ഡോ. മാത്യു കുഴൽനാടൻ അധഃപതിക്കുന്ന സ്ഥിതിവിശേഷം പലപ്പോഴും നാം കണ്ടിട്ടുണ്ട്, ഇപ്പോഴും അതുതന്നെയാണ് ആവർത്തിക്കുന്നത്. ഇടതുപക്ഷ എം.എൽ.എ.-മാരും മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരും

ഡൽഹിയിൽ സമരം നടത്തിയപ്പോൾ കോൺഗ്രസിന്റെ സമരവീര്യം കണ്ടില്ലല്ലോ; കോൺഗ്രസിന്റെ സമരവീര്യം അപ്പോൾ എവിടെയായിരുന്നു? ഫെഡറൽ സംവിധാനങ്ങളെ അട്ടിമറിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയത്തിനെതിരെ പ്രതികരിക്കുന്നതിനായി ഡൽഹിയിലെ അതിശൈത്യത്തെപ്പോലും വെല്ലുവിളിച്ച്, അറബിക്കടലിൽ ആർത്തിരമ്പുന്ന തിരമാല കണക്കെ കേരളത്തിന്റെ മന്ത്രിസഭയൊട്ടാകെയും ഭരണപക്ഷ ജനപ്രതിനിധികളും അതിശക്തമായ സമരമുഖം തീർത്ത അനുഭവം നമ്മുടെ മുന്നിലുണ്ടായി. ആ ഘട്ടത്തിൽ കോൺഗ്രസ് എവിടെയായിരുന്നു? നിങ്ങൾ മറുപടി പറയേണ്ടതുണ്ട്. കോൺഗ്രസിന് കേരളത്തിൽനിന്നും 18 എം.പി.-മാരുണ്ട്. ഇന്ത്യയിലെ നീറുന്ന നിരവധി പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്ന അവസരങ്ങളിൽ മറുപടി പറയാൻ ഇവർ തയ്യാറായില്ല. രാജ്യത്തിന്റെ ഭരണഘടനാ തത്വങ്ങളെ ലംഘിച്ചുകൊണ്ട് 2019-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള പൗരത്വ ഭേദഗതി നിയമം അവതരിപ്പിച്ചപ്പോഴും അതിന്റെ പേരിൽ തലസ്ഥാനം ആളിക്കത്തിയപ്പോഴും കോൺഗ്രസ് എവിടെയായിരുന്നു? രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യാവകാശം

വിഭാവനം ചെയ്തിരിക്കുന്ന ഭരണഘടന നിലവിലുള്ളപ്പോൾ ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് ഇന്ത്യയിൽ പൗരത്വമില്ലാതാക്കുന്ന, പൗരത്വം റദ്ദാക്കുന്ന നടപടികളുടെ ഭാഗമായി പൗരത്വഭേദഗതി നിയമം കേന്ദ്രസർക്കാർ അവതരിപ്പിച്ചപ്പോൾ കോൺഗ്രസ് എവിടെയായിരുന്നു? അതിന്റെ പേരിൽ തലസ്ഥാനം ആളിക്കത്തിയപ്പോഴും കോൺഗ്രസുകാർ തിരിഞ്ഞു നോക്കിയില്ല, അവരുടെ അഖിലേന്ത്യാ നേതാവ് ഉൾപ്പെടെയുള്ളവർ എന്തുചെയ്യുകയായിരുന്നു? ഇടതുപക്ഷ നേതാക്കളെ കരുതൽ തടങ്കലിൽ പാർപ്പിച്ചു, അതിനെതിരെ പോരാട്ടം നടത്താൻ സി.പി.ഐ.(എം) ഉൾപ്പെടെയുള്ള ഇടതുപക്ഷ നേതാക്കന്മാർ തയ്യാറായപ്പോൾ കേരളത്തിൽനിന്നുള്ള കോൺഗ്രസ് എം.പി.-മാർ ഉൾപ്പെടെയുള്ളവർ മിണ്ടിയില്ല, ഇതാണ് നമ്മുടെ മുമ്പിലുള്ള ചരിത്രം. കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന കെ-റെയിൽ/ സിൽവർലൈൻ പദ്ധതി ഇവിടെ കൊണ്ടുവരാൻ ഇടതുപക്ഷം ശ്രമിച്ചപ്പോൾ പാർലമെന്റിലെ കോൺഗ്രസ് എം.പി.-മാർ എവിടെയായിരുന്നു? നമുക്ക് ലഭ്യമാകേണ്ട അവകാശത്തെ നിഷേധിക്കുന്ന നിലപാടാണ് ഇവർ

സ്വീകരിക്കുന്നത്. തെരഞ്ഞെടുപ്പിലൂടെ ജനങ്ങളുടെ വിശ്വാസം നേടിയെന്ന് അവകാശപ്പെടുന്ന ഈ ജനപ്രതിനിധികൾ വികസനം മുടക്കികളായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. 2019-ലും 2020-ലും (....ബഹളം.....)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഡോ. മാത്യു കുഴൽനാടന് സംസാരിക്കാൻ മൂന്ന് മിനിറ്റ് സമയംകൂടി അവശേഷിക്കുന്നുണ്ടായിരുന്നു. എന്നിട്ടും അങ്ങ് മൈക്ക് നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഡോ. മാത്യു കുഴൽനാടന് ആരോപണം ഉന്നയിക്കാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

ശ്രീമതി ശാന്തകുമാരി കെ.: സർ, ഈയൊരു പ്രത്യേക സാഹചര്യത്തിൽ, I would like to read the Preamble of the Indian Constitution,

"WE, THE PEOPLE OF INDIA having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity; and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;"

ഇങ്ങനെ വ്യക്തമായി ഭരണഘടനയുടെ ആമുഖത്തിൽ പരാമർശിക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന് 72 സംവത്സരങ്ങൾ കഴിയുന്ന ഈ വേളയിൽ ഇന്ത്യ അപ്ഹോൾഡ് ചെയ്യേണ്ട പ്രധാന രാഷ്ട്രീയ-സാമൂഹ്യ അന്തരീക്ഷത്തിലൂടെ കടന്നുപോകുകയാണ്. ഈയവസരത്തിൽ കേരളത്തിലെ കോൺഗ്രസ് പാർട്ടി ഇതൊന്നും കണ്ടില്ലെന്ന് നടിക്കുകയാണ്. ഇന്ത്യ ഭരിക്കുന്ന ആർ.എസ്.എസ്.-

സംഘ്പരിവാർ ശക്തികൾ സ്വീകരിക്കുന്ന നിലവിലെ നയങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്. കേരളം എപ്പോഴും മുന്നോട്ടുവച്ചിട്ടുള്ള സാമ്പത്തികനയങ്ങൾക്കെതിരെ ഉപരോധം തീർക്കുന്നതോടൊപ്പം ഈ രാജ്യത്തെ ഓരോ പൗരനും കൊടുക്കുന്ന നികുതിപ്പണമുപയോഗിച്ച് കെട്ടിപ്പടുത്ത പൊതുമേഖലാ സ്ഥാപനങ്ങളെയാകെ സ്വകാര്യവൽകരിക്കുകയും കുത്തകകോർപ്പറേറ്റ് മുതലാളിമാർക്ക് അടിയറവയ്ക്കുകയും ചെയ്യുന്ന നയമാണ് ഇന്ന് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. എൽ.ഐ.സി., ബി.എസ്.എൻ.എൽ. തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുകയും ഡിഫൻസ് സ്വകാര്യവൽക്കരിക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ തുറമുഖങ്ങൾ, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഇവയെല്ലാം പൂർണ്ണമായും വിറ്റുതുലച്ചിരിക്കുകയാണ്. രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാതാവായ ഇന്ത്യൻ റെയിൽവേയെ സ്വകാര്യവൽക്കരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ preamble-ൽ പറയുന്ന സോഷ്യൽ ജസ്റ്റിസ് എവിടെയാണ് അഷ്വർ ചെയ്യപ്പെടുന്നത്? ജാതി-മത-വർണ്ണ-വർഗ്ഗ

വ്യത്യാസമന്യേ ഇന്ത്യയുടെ എല്ലാ മതവിഭാഗങ്ങളും ഉയർത്തിപ്പിടിക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന്റെ ഭാഗമായി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് ലഭിക്കേണ്ട സാമൂഹ്യനീതി അട്ടിമറിക്കപ്പെടുന്നു. ഈ രാജ്യത്തെ സാധാരണക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്കും സാമൂഹ്യനീതി ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന പ്രധാന മാർഗ്ഗമാണ് റിസർവേഷൻ. എന്നാൽ, ആ റിസർവേഷൻ സമ്പ്രദായം അട്ടിമറിക്കപ്പെടുകയാണ്. രാജ്യത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയാകെ കാവിവൽക്കരണത്തിന്റെ പാതയിലേയ്ക്ക് നീങ്ങുന്നു. സംഘ്പരിവാർ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയുള്ള അതിശക്തമായ പ്രതിഷേധം കേരളത്തിലുൾപ്പെടെ നടന്നുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്ത് 48 സെൻട്രൽ യൂണിവേഴ്സിറ്റികളുണ്ട്. എന്നാൽ, ഉന്നതപഠനാർത്ഥം സാധാരണക്കാരെ ഇത്തരം യൂണിവേഴ്സിറ്റികളിൽ പ്രവേശിപ്പിക്കാൻപോലും അവർ തയ്യാറാകുന്നില്ല. യു.ജി.സി.യുടെ മാനദണ്ഡങ്ങളെ സംബന്ധിച്ച വാർത്തകളാണ് ഏറ്റവും അവസാനമായി പുറത്തുവന്നത്.

ഇക്കാര്യങ്ങളിലൊക്കെ എവിടെയാണ് സാമൂഹ്യനീതി സംരക്ഷിക്കപ്പെടുന്നത്? യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ മറ്റ് വിഭാഗത്തിൽപ്പെട്ടവർ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിന് കൊടുക്കണമെന്നാണ് യു.ജി.സി.-യുടെ മാനദണ്ഡത്തിൽ നിഷ്കർഷിക്കുന്നത്. ഇത്തരത്തിൽ രാജ്യത്തിന്റെ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും സാമൂഹ്യവ്യവസ്ഥിതിയെയും അട്ടിമറിക്കുന്ന സമീപനം സ്വീകരിക്കുന്ന സംഘ്പരിവാർ ഗവൺമെന്റിന്റെ നയത്തിനെതിരെ അത് ചർച്ചയ്ക്കെടുക്കുന്ന വേളയിൽ ഒരക്ഷരംപോലും ഉരിയാടാതെ കലാപമുണ്ടാക്കുന്ന രീതിയിൽ ഇവിടത്തെ പ്രതിപക്ഷം നടത്തിയ നാടകം ഇന്നാട്ടിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് പറയാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തികച്ചുമൊരു സൂര്യോദയ ബഡ്ജറ്റ് തന്നെയാണ്. ഇന്നാട്ടിലെ സാധാരണക്കാർക്ക് പ്രതീക്ഷയേകുന്ന, നന്മയുടെ കരുതലായി, സൂര്യോദയത്തിന്റെ പുതിയ പ്രതീക്ഷകളും കിരണങ്ങളും കേരളത്തിൽ പതിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. നവകേരളത്തിന്റെ സമഗ്ര

സൃഷ്ടിക്കുവേണ്ടിയുള്ള ഈ ബജറ്റിനെ കേരളത്തിലെ മൂന്നരക്കോടി ജനങ്ങളും ഇരുകൈകളും നീട്ടി സ്വീകരിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, പ്രതിസന്ധികൾ സൃഷ്ടിച്ച് കേരളത്തെ ഇല്ലാതാക്കാൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുമ്പോഴും വെല്ലുവിളികളെ മറികടക്കാനും കേരളത്തിന്റെ വലിയ സ്വപ്നങ്ങൾക്ക് ചിറകുനൽകാനും കഴിയുന്നതാണ് രണ്ടാം പിണറായി സർക്കാരിന്റെ ഈ ബഡ്ജറ്റ്. കേരളത്തിന്റെ കുതിപ്പിന് ഊർജ്ജം പകരുന്ന പദ്ധതികൾ നിറഞ്ഞ ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് ഉയർന്നുവന്ന രാഷ്ട്രീയപ്രശ്നങ്ങൾക്ക് മറുപടി പറയാൻ കഴിയാതെ 'ഇലയിൽ ചവിട്ടി വഴക്കുണ്ടാക്കുക' എന്ന നാട്ടിൻപുറശൈലിയിലുള്ള നിലപാടാണ് നിയമസഭാ സമ്മേളനത്തിലുടനീളം പ്രതിപക്ഷം സ്വീകരിച്ചുവന്നിട്ടുള്ളത്. ഇന്നിപ്പോൾ പ്ലക്കാർഡുകളും ബാനറുകളും കൊണ്ടുവന്നിട്ടില്ലെന്നുള്ള കുറവേയുള്ളൂ. അതെടുക്കാൻ പോയതാണ്. യു.ഡി.എഫ്. ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിൽ

ഉത്തരവാദിത്വം കാണിക്കാതെ തികച്ചും കേരളവിരുദ്ധ നിലപാടാണ് സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രഗവൺമെന്റ് ക്രൂരമായ സമീപനം സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിനെ നിയന്ത്രിക്കുന്ന നിയമവിരുദ്ധ നടപടികൾ റദ്ദ് ചെയ്യാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. അർഹമായ കടമെടുപ്പ് പരിധി ഭരണഘടനാ വിരുദ്ധമായി വെട്ടിച്ചുരുക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. സംസ്ഥാനങ്ങൾ വായ്പയെടുക്കുന്നത് അനിയന്ത്രിതമായി തടയാൻ കേന്ദ്രത്തിന് അധികാരമുണ്ടെന്നാണോ കോൺഗ്രസ് സൂചിപ്പിക്കുന്നത്. നമ്മുടെ നാട്ടിലെ ചില പത്രങ്ങൾ അങ്ങനെയൊരു സാഹചര്യം രൂപപ്പെടുത്താൻവേണ്ടിയുള്ള പ്രചാരണം നടത്തുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3)-നെ തെറ്റായി വ്യാഖ്യാനിച്ച് സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള അവകാശത്തിന്മേൽ കടന്നുകയറുന്ന കേന്ദ്ര നീക്കത്തിനെതിരായ നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. ആർട്ടിക്കിൾ 293(3)-ന്റെ സ്പിരിറ്റ് ഉൾക്കൊള്ളാതെ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ വായ്പാധികാരത്തെ വെട്ടിച്ചുരുക്കുന്നതാണ് വസ്തുത.

സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടികളല്ല കോൺഗ്രസ്സും യു.ഡി.എഫും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ കേരളത്തെ ഒറ്റുകൊടുക്കാൻ കാത്തുനിൽക്കുകയാണ്. നിങ്ങൾ മലയാളികൾക്കെതിരാണ്. ഇതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. നൂറ്റാണ്ട് കണ്ട പ്രളയത്തിൽ കേരളത്തെ സഹായിക്കാൻ ചില രാജ്യങ്ങൾ തയ്യാറായപ്പോൾ ബി.ജെ.പി. ഗവൺമെന്റിനോടൊപ്പംനിന്ന് ആ സഹായത്തിന് തടസ്സം നിന്നതും പ്രളയദുരിതാശ്വാസത്തിനായി കേരളത്തിനനുവദിച്ച അരിയുടെ വില കൊടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞപ്പോൾ അതിനെ എതിർക്കാതിരുന്നതും പ്രളയവുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനത്തിന് അയച്ച ഹെലികോപ്റ്ററിന്റെ വാടക ചോദിച്ചതിനെതിരായി കേരളത്തിൽനിന്നുള്ള യു.ഡി.എഫ്. എം.പി.മാർ പാർലമെന്റിൽ യാതൊരു അഭിപ്രായവും പറയാതിരുന്നതും നോട്ടുനിരോധനത്തെ എതിർക്കാതിരുന്നതും നോട്ടുനിരോധനത്തെത്തുടർന്ന് സഹകരണ ബാങ്കുകളെ അവഗണിച്ച ഘട്ടത്തിൽ റിസർവ് ബാങ്കിന്റെ

നടപടിക്കെതിരായി യോജിച്ചൊരു സമരം ഉയർത്തിക്കൊണ്ടുവരണമെന്ന് സൂചിപ്പിച്ചപ്പോൾ അതിന് തയ്യാറാകാതിരുന്നതും നമുക്കറിയാം. കെ-റെയിൽ ഉൾപ്പെടെയുള്ള വികസനപദ്ധതികളെ എതിർത്തുകൊണ്ട് എം.പി.മാർ പാർലമെന്റിൽ പ്രസംഗം നടത്തുകയുണ്ടായി. കേരളത്തെ സ്നേഹിക്കുന്ന വിദേശ രാജ്യങ്ങൾ പ്രളയകാലഘട്ടത്തിൽ നൽകിയ സഹായം കേന്ദ്രസർക്കാരിന് നിഷേധിക്കാമെന്നുണ്ടെങ്കിൽ പി.എം. കെയേഴ്സ് ഫണ്ട് വഴി കോവിഡ് കാലഘട്ടത്തിൽ ഒരു കണക്കുമില്ലാതെ ശേഖരിച്ച പണത്തെ സംബന്ധിച്ചും അതിന്റെ അഴിമതിയെ സംബന്ധിച്ചും പാർലമെന്റിൽ ഒരഭിപ്രായംപോലും പറയാൻ പ്രതിപക്ഷ പാർട്ടികൾ തയ്യാറാകുന്നില്ല. മതാധിഷ്ഠിത പൗരത്വ നിയമം നടപ്പാക്കുന്നതിനെതിരെ സംയുക്ത സമരത്തിന് ആഹ്വാനം ചെയ്തപ്പോൾ നിങ്ങൾ സഹകരിച്ചില്ല. എന്നിട്ടിപ്പോൾ രാമക്ഷേത്രം നിർമ്മിച്ചതിന്റെ മഹിമ ചർച്ച ചെയ്യാൻ പാർലമെന്റിൽ എല്ലാവരും ഒരുമിച്ചിരിക്കുകയാണ്. ഒരു അഭിപ്രായ വ്യത്യാസവുമില്ല. രാമക്ഷേത്രം നിർമ്മിച്ചതിന് അഭിനന്ദനം അറിയിച്ചുകൊണ്ടുള്ള പ്രമേയം ഗുജറാത്ത്, ഗോവ നിയമസഭകളിൽ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

കോൺഗ്രസിന്റെ എം.എൽ.എ.-മാരും അതിന് സഹായകരമായ നിലപാട് സ്വീകരിച്ചു. സംസ്ഥാനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മോശമാണെന്ന് നിരന്തരം വിമർശിക്കുന്ന കേന്ദ്ര ഗവൺമെന്റ് അവരുടെ ബഡ്ജറ്റിൽ ലക്ഷക്കണക്കിന് കോടി രൂപയാണ് കോർപ്പറേറ്റുകൾക്കായി ഓരോ വർഷവും എഴുതിത്തള്ളുന്നത്. കോർപ്പറേറ്റുകളോട് കാണിക്കുന്ന ഈ ഉദാരമനസ്കത ഇന്നാട്ടിലെ തൊഴിലുറപ്പ് തൊഴിലാളികളോടെങ്കിലും നിങ്ങൾ കാണിക്കണം. കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പണിയെടുത്ത വകയിൽ നിലവിൽ നാന്നൂറ് കോടി രൂപയാണ് കുടിശ്ശികയുള്ളത്. കേന്ദ്ര ഗവൺമെന്റ് നേരിട്ട് തൊഴിലാളികൾക്ക് അക്കൗണ്ടിലേയ്ക്ക് കൊടുക്കുന്ന തുകയാണ് ഇപ്പോൾ കുടിശ്ശികയായിരിക്കുന്നതെന്ന് നാം മനസ്സിലാക്കണം. നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ കുറ്റം പറയുമ്പോൾ, കേരള വികസനത്തിന്റെ മുഖമുദ്രയായ കൊച്ചി വാട്ടർ മെട്രോയ്ക്കുവേണ്ടി പണികഴിപ്പിച്ച ബോട്ടാണ് അയോധ്യയിലേയ്ക്ക് കടത്തിക്കൊണ്ടുപോയത്. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ രാജ്യം മൂന്നാം സ്ഥാനത്തെത്തിയത് കേരളത്തിന്റെകൂടി മുഖ്യ

പങ്കാളിത്തത്തിന്റെ ഭാഗമാണെന്ന് ഗതികേടുകൊണ്ടാണെങ്കിൽപ്പോലും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമന് സൂചിപ്പിക്കേണ്ടിവന്നു. സംസ്ഥാനത്തിന്റെ നികുതിപ്പണം പിഴിഞ്ഞ്, ഇവിടത്തെ സ്റ്റാർട്ടപ്പുകളുടെ പിൻബലത്തിൽ ഗമ കാണിച്ച് അവസാനം കേരളത്തെ പരിഹസിക്കുന്ന നിലപാടിനെതിരെ ശക്തമായ അഭിപ്രായപ്രകടനം കേരളത്തിൽ ഉയർന്നുവരേണ്ടതുണ്ട്. ഈ കണക്കുകളും യാഥാർത്ഥ്യങ്ങളുമെല്ലാം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് മലയാളികൾക്കെതിരായ നിലപാട് കോൺഗ്രസ് സ്വീകരിക്കുന്നതെന്ന് നാം മനസ്സിലാക്കണം. കോൺഗ്രസ് മാത്രമല്ല, കേരളത്തിലെ മലയാള മാധ്യമങ്ങൾ എന്നുപറയുന്ന 'മ' പത്രങ്ങളും ആ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുകയാണ്. രാജഭരണം കൊണ്ടുവരാനുള്ള പരിശ്രമമാണ് നടക്കുന്നത്. ചെങ്കോലും മറ്റും തപ്പിയെടുത്ത് പാർലമെന്റിൽ എഴുന്നള്ളിച്ച് കൊണ്ടുവരുന്നത് ഇതിന്റെ ഭാഗമാണ്. കേരളത്തിന് ഒരു മാതൃകയുണ്ട്. വികസന കാര്യത്തിൽ മാത്രമല്ല, നമ്മുടെ രാജ്യത്തെ അപകടത്തിലാക്കുന്ന പ്രത്യയശാസ്ത്രത്തിനെതിരെ നിലപാടെടുക്കുന്ന

സംസ്ഥാനമാണ് കേരളം. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരിയെ സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ വളരെ കുറവാണ്. കിഫ്ബി പദ്ധതികളുടെ പേരിൽ ഊറ്റം കൊള്ളുന്ന പ്രതിപക്ഷ എം.എൽ.എ.-മാരുൾപ്പെടെ അതിനെ തകർക്കാൻ ശ്രമിക്കുകയാണ്. വടക്കാഞ്ചേരി ഓട്ടുപാറയിലുള്ള ജില്ലാ ആശുപത്രിക്ക് ഐ.പി. ബ്ലോക്ക് പണിയുന്നതിനാവശ്യമായ തുക കിഫ്ബിയിൽനിന്ന് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഈ ആശുപത്രിയുടെ വികസനത്തിനുവേണ്ടി തുക അനുവദിക്കണമെന്നുകൂടി ഇതിന്റെ ഭാഗമായി ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, പ്രതിരോധത്തിന്റെ സാധ്യതകളും അതിജീവനത്തിന്റെ സന്ദേശവും ഉൾക്കൊള്ളുന്ന 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടന സൺറൈസ് എക്കോണമിയായി മാറ്റപ്പെടുന്നതിന്റെ സന്ദേശം നൽകിയ ബഡ്ജറ്റാണിത്. സാമ്പത്തിക ഫെഡറലിസം അട്ടിമറിച്ചുകൊണ്ട്

വൈരനിര്യാതനബുദ്ധിയോടുകൂടി കേരളത്തിന്റെ സമസ്തനേട്ടങ്ങളെയും ഇല്ലാതാക്കാനും കേരളത്തെ സാമ്പത്തികമായി ഉപരോധിക്കാനും കേന്ദ്ര ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളെ പ്രതിരോധിച്ചുകൊണ്ട് സാമൂഹ്യ, വിദ്യാഭ്യാസ, ആരോഗ്യ, കാർഷിക, വ്യാവസായിക, പശ്ചാത്തല മേഖലകളുൾപ്പെടെ സമസ്തമേഖലകളിലും കൈവരിച്ച നേട്ടങ്ങൾ സംരക്ഷിച്ച് അതിനെ കൂടുതൽ കാര്യക്ഷമമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. കേരളത്തെ സ്നേഹിക്കുന്ന ഒരാൾക്കും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കാൻ കഴിയില്ല. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധം സംബന്ധിച്ച് പലരും സൂചിപ്പിച്ചു. പ്രതിപക്ഷം ആ സാമ്പത്തിക ഉപരോധത്തെ ന്യായീകരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനെ പിന്തുണയ്ക്കുന്നതിനുമാണ് ശ്രമിക്കുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തേയ്ക്ക് മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് പറഞ്ഞിരുന്നതാണ്. അതാരും നിഷേധിക്കുന്നില്ല. എന്തുകൊണ്ടാണ് അഞ്ച് വർഷത്തേയ്ക്ക് നൽകിയത്? ആ

സിസ്റ്റം അപ്ഡേറ്റ് ചെയ്യുവരാൻ അഞ്ച് വർഷമെങ്കിലുമെടുക്കുമെന്നുള്ള ബോധ്യമുണ്ടായതുകൊണ്ടാണല്ലോ അഞ്ച് വർഷക്കാലത്തേയ്ക്ക് നഷ്ടപരിഹാരം നൽകിയത്. 2017-ൽ ജി.എസ്.ടി. നടപ്പിലാക്കി. 2018-ൽ കേരളത്തിൽ ഒരു നൂറ്റാണ്ട് കണ്ട മഹാപ്രളയമുണ്ടായി. 2019-ൽ അടുത്ത പ്രളയവും 2020-ലും 2021-ലും കോവിഡ് മഹാമാരിയുമുണ്ടായി. 2022-ൽ കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും ചെയ്തു. പ്രളയത്തെത്തുടർന്ന് ഏകദേശം അൻപതിനായിരം കോടി രൂപയുടെ നഷ്ടം സംഭവിച്ചു. ഇത്തരമൊരു പ്രളയത്തെ അതിജീവിച്ചൊരു നാടാണിത്. ഈയൊരു സാഹചര്യത്തിൽ ഗവൺമെന്റ് പ്രളയത്തെ നേരിടാൻ ശ്രമിക്കുമോ; അതോ ജി.എസ്.ടി.-യുടെ പിറകെ പോകുമോ? പ്രളയം വന്ന് നശിച്ച നാടാണിതെന്ന് ഇന്ന് ഈ കേരളത്തിൽക്കൂടി സഞ്ചരിക്കുന്ന ഒരാൾക്കെങ്കിലും തോന്നുമോ? ആ പ്രളയകാലഘട്ടത്തെ ഓർമ്മയിൽനിന്നുതന്നെ മായ്ച്ചുകളയത്തക്ക വിധത്തിൽ കേരളത്തെ പുനർനിർമ്മിച്ച് മുന്നോട്ടുകൊണ്ടുപോകുകയാണ്. അതുകൊണ്ട് അഞ്ച് വർഷത്തേയ്ക്കുകൂടി നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെടുമ്പോൾ

നിയമവശങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ആരാണ് ഈ നിയമമൊക്കെ നിർമ്മിക്കുന്നത്? പ്രളയകാലഘട്ടത്തിൽ നാം സൗജന്യ റേഷനും ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് വന്നവർക്കെല്ലാം പതിനായിരം രൂപ വീതവും നൽകിയില്ലേ. നിയമത്തിൽ അതിനെപ്പറ്റി എന്തെങ്കിലും പരാമർശിച്ചിട്ടുണ്ടോ? ഒരു നാടിനുണ്ടാകുന്ന ദുരന്തത്തിൽ പ്രായോഗികമായി പങ്കാളിയാകുകയെന്നത് സർക്കാരിന്റെ ചുമതലയാണ്. പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിനുപകരം അഞ്ച് വർഷത്തേയ്ക്ക് മാത്രമേ ജി.എസ്.ടി. നഷ്ടപരിഹാരത്തുക അനുവദിക്കുകയുള്ളുവെന്ന ന്യായം പറഞ്ഞ് സംസ്ഥാനത്തിന് തുടർന്ന് ലഭിക്കേണ്ട തുക നഷ്ടപ്പെടുത്താനാണ് അവർ പരിശ്രമിക്കുന്നത്. ഇതിലൂടെ ആർക്കാണ് നഷ്ടം സംഭവിക്കുന്നത്? ഇവിടത്തെ എൽ.ഡി.എഫ്. ഗവൺമെന്റിനാണോ? കേരളത്തിലെ ജനങ്ങൾക്കാണ് ഇതെല്ലാം നഷ്ടപ്പെടുന്നത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വാദിക്കാൻ അവർക്ക് സമയമില്ല. ഇവിടെ എല്ലാത്തിനും ബഹിഷ്കരണമാണ് നടക്കുന്നത്. നോട്ട് നിരോധനത്തിനെതിരായും പൗരത്വ ഭേദഗതി നിയമത്തിനെതിരായും ഒരുമിച്ച് സമരം ചെയ്യാമെന്ന്

പറഞ്ഞപ്പോൾ അതിൽ പങ്കാളികളാകുന്നില്ല എന്നാണ് പ്രതിപക്ഷം അറിയിച്ചത്. ഇതുസംബന്ധിച്ച് നേരത്തെ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഇവിടെ സൂചിപ്പിച്ചു. പ്രളയ കാലഘട്ടത്തിലും കോവിഡ് കാലഘട്ടത്തിലും ഒരുമിച്ച് പ്രവർത്തിക്കാമെന്ന് പറഞ്ഞപ്പോഴും ഇതുതന്നെയായിരുന്നു സ്ഥിതി. എല്ലാത്തിനും ബഹിഷ്കരണമായിരുന്നു. ഇങ്ങനെ ബഹിഷ്കരിച്ച് ബഹിഷ്കരിച്ച് ഒടുവിൽ അവരെ ജനം ബഹിഷ്കരിച്ചു. ഇപ്പോഴും അവരത് തുടരുകയാണ്. 'കാബൂളിവാല' എന്ന സിനിമയിൽ ശ്രീ. ജഗതി ശ്രീകുമാർ ഇന്നസെന്റിനോട് "നിനക്കാരാണ് പുട്ടിൽ കൈവിഷം തന്നത്" എന്ന് ചോദിക്കുന്നുണ്ട്. അതുപോലെ, ഇവിടത്തെ പ്രതിപക്ഷത്തിനും പ്രതിപക്ഷനേതാവിനും ബഹിഷ്കരണത്തിൽ ആരോ കൈവിഷം കൊടുത്തിട്ടുണ്ട്. നിങ്ങളത് തുടർന്നോളൂ. ഈ ഗവൺമെന്റിനെയും ഗവൺമെന്റിന്റെ നടപടികളെയും നിങ്ങൾ ബഹിഷ്കരിക്കുന്നതിനനുസരിച്ച് ജനങ്ങൾ നിങ്ങളെ ബഹിഷ്കരിച്ചുകൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. കേന്ദ്ര ഗവൺമെന്റിനെതിരെ ശ്രീ. പിണറായി വിജയൻ എന്തുപറഞ്ഞു എന്നാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ചോദിച്ചത്. ശ്രീ. നരേന്ദ്ര

മോദിയുടെയും ശ്രീ. അമിത് ഷായുടെയും പേര് പറയാൻ പേടിയാണെന്നാണ് അദ്ദേഹം പറയുന്നത്. ആർക്കാണ് പേടി? ശ്രീ. പിണറായി വിജയനോ? നല്ല തമാശ. ശ്രീ. രമേശ് ചെന്നിത്തല ഇന്നാട്ടിലൊന്നുമല്ലേ ജീവിക്കുന്നത്; അതോ പ്രതിപക്ഷനേതാവ് എന്ന സ്ഥാനം ഒഴിഞ്ഞതോടുകൂടി എല്ലാം നഷ്ടപ്പെട്ട രീതിയിലാണോ ജീവിക്കുന്നത്? കേരള സർക്കാരിനെ വലിച്ച് താഴെയിടുമെന്ന് ബി.ജെ.പി. ദേശീയ അദ്ധ്യക്ഷൻ സൂചിപ്പിച്ചപ്പോൾ 'സർക്കാരിനെ വലിച്ചിടാൻ അമിത് ഷായ്ക്ക് ഈ തടി പോരാ' എന്നുപറഞ്ഞ മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ. പൗരത്വ ഭേദഗതി നിയമം കേരളത്തിൽ നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിയാണദ്ദേഹം. പിന്നെ പ്രധാനമന്ത്രിയെ സ്വീകരിക്കാൻ പോയപ്പോഴുള്ള മുഖ്യമന്ത്രിയുടെ body language-നെക്കുറിച്ച് ഇവിടെ പരാമർശിച്ചു. നമ്മുടെ ഗവർണർ, ആ കഥാപാത്രത്തെക്കുറിച്ച് സൂചിപ്പിക്കേണ്ടതില്ലല്ലോ, നയപ്രഖ്യാപന പ്രസംഗത്തിന് വന്ന അദ്ദേഹത്തെ സ്വീകരിക്കുകയെന്നത് മുഖ്യമന്ത്രിയുടെ ചുമതലയല്ലേ? അവിടെനിന്നും സ്വീകരിച്ച് ഇവിടംവരെ കൊണ്ടുവന്നു, തിരിച്ച് അവിടംവരെ കൊണ്ടുപോയി വിട്ടു. അങ്ങനെ ചെയ്യാതിരിക്കാൻ

സാധിക്കുമോ? പക്ഷെ, ഞാൻ ചോദിക്കുന്നത്, പാർലമെന്റിൽ ഗവൺമെന്റിനെതിരായി പ്രസംഗിച്ചിട്ട് ശ്രീ. നരേന്ദ്ര മോദിക്ക് ഉമ്മ കൊടുത്തത് ആരാണ്? ശ്രീ. രാഹുൽ ഗാന്ധി, എന്തൊരു body language ആയിരുന്നു. അതിന്റെ വിശദീകരണം നൽകിയാൽ കൊള്ളാമായിരുന്നു. യു.ഡി.എഫ് ഇപ്പോൾ പുതിയൊരു method അവതരിപ്പിച്ചു. യു.ഡി.എഫ്. ഇനിമുതൽ ബി.ജെ.പി.-യുടെ 'ബി ടീം' അല്ല 'എ ടീം' ആകാൻ പോകുകയാണ്. കാരണം, ത്രിപുരയിൽ നമ്മൾ കണ്ടതാണല്ലോ; എല്ലാംവരും ഒരുമിച്ച് ബി.ജെ.പി.-യിലേയ്ക്ക് പോയി, ശ്രീ. കമൽനാഥ്, ശ്രീ. അശോക് ചവാൻ ഉൾപ്പെടെയുള്ളവർ ബി.ജെ.പി.-യിലേയ്ക്ക് പോയി, ഇനി ആരുണ്ടാകും? ഇന്നലത്തെ കോൺഗ്രസ്സാണല്ലോ ഇന്നത്തെ ബി.ജെ.പി., ഇന്നത്തെ ബി.ജെ.പി.യാണ് നാളത്തെ കോൺഗ്രസ്സ്. സംശയമില്ല. അതിന്റെ തെളിവാണല്ലോ 'പിണറായിയുടെ ചായ വേണ്ട മോദിയുടെ ചോറുണ്ണാം' എന്ന രീതി. പിണറായിയുടെ ചായ വേണ്ട, അതിന്റെ പേരിൽ കോൺഗ്രസ്സ് നശിക്കുന്നെങ്കിൽ അങ്ങ് നശിച്ചോട്ടെ. പക്ഷെ, മോദി വിളിച്ചാൽ ഓടിച്ചെല്ലും. പുതിയൊരു ideology, നമ്മളാരും കേട്ടിട്ടില്ല. എന്തായാലും യു.ഡി.എഫ്.

നേതാവ് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി. എന്താണ് കേരളത്തെ പഠിപ്പിച്ചത്? 'ബി.ജെ.പി. സംഘ്പരിവാർ സംഘടനയല്ല' എന്നാണ് അദ്ദേഹം പഠിപ്പിച്ചത്. യു.ഡി.എഫ്. നേതാക്കൾക്ക് എന്താണ് പറയാനുള്ളത്? ലീഗ് നേതാക്കൾ ഇവിടെയുണ്ട്, ശ്രീ. എൻ. ഷംസുദ്ദീൻ എനിക്കുശേഷം സംസാരിക്കാൻ പോകുകയാണ്. ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ പരസ്യപ്രസ്താവനയോട് പ്രതികരിക്കാനുള്ള ആർജ്ജവം ശ്രീ. എൻ. ഷംസുദ്ദീൻ കാണിക്കമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ആർ.എസ്.പി. എന്ന സംഘടനയെ ഒരു ചെറിയ വ്യത്യാസം വരുത്തി. 'പി' മാറ്റി 'എസ്' ആക്കി. അത്രയേയുള്ളൂ. അതായത്, ആർ.എസ്.പി.-യെ ആർ.എസ്.എസ്. ആക്കി. എന്നിട്ട് അതിനെ ന്യായീകരിക്കാൻ നടക്കുകയാണ്. പ്രതിപക്ഷത്തിന് ലജ്ജയില്ലേ? ആർ.എസ്.പി. എന്ന പ്രസ്ഥാനം ഇവിടെനിന്ന് ചാടി വന്നതാണെന്ന ഓർമ്മ വേണ്ടേ, രാഷ്ട്രരാമാനം കണ്ടംചാടിയതാണ്, നല്ല ശീലമാണ്. ഓർത്താൽ യു.ഡി.എഫ്.-ന് കൊള്ളാം. എന്നിട്ട് അതിനെയും ന്യായീകരിക്കാൻ നടക്കുകയാണ്. വ്യത്യസ്ത മതവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളുമുള്ള ജനത ഒരുമയോടെ കഴിയുന്ന

ഒരു നാടാണിത്. ഇവിടെ ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടുന്നു. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ശ്രീ. നരേന്ദ്ര മോദിയോടൊപ്പം പുത്തൻ അനുഭവം പങ്കിടുന്നു. എന്താണ് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ പോയി കേട്ടത്? പൂർണ്ണഗർഭിണിയുടെ വയറ്റിലേയ്ക്ക് ശൂലം കയറ്റി എങ്ങനെ പിഞ്ചുകുഞ്ഞിനെ പുറത്തെടുക്കാം എന്ന method ആണോ? ഇത്രയും പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന ഗുരുതര പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നതാണ് നമ്മുടെ മുന്നിലുള്ള ഈ ബഡ്ജറ്റ്. പ്രതീക്ഷകളും സ്വപ്നങ്ങളും കാഴ്ചപ്പാടുകളും അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ധൈര്യമില്ലാതെപോകുന്ന ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ ക്ഷേമം നന്നേ കുറവാണ്, പക്ഷെ, ക്ഷാമം നന്നായി ഉണ്ടുതാനും. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് 'പ്ലാൻ എ' ആണെന്നും ഇനി അവതരിപ്പിക്കാത്ത ഒരു hidden ബഡ്ജറ്റ് 'പ്ലാൻ ബി' ആണെന്നും വ്യക്തമാക്കുന്നുണ്ട്. അങ്ങനെ സാധിക്കുമോ? ഇത് ന്യായമായ ഒരു സംശയമാണ്. ഒരു സംസ്ഥാനത്തിന്റെ

ധനസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു വർഷത്തെ പ്രവർത്തനമാഗ്നാകാർട്ടയാണ് ബഡ്ജറ്റ്. അപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പ്രസംഗത്തിൽ പറയുകയാണ്, ഇത് 'എ' ആണ്, ഇനി ഒരു 'ബി' ഉണ്ട്, അത് വെളിപ്പെടുത്താത്തതാണെന്ന്. അതൊരു ശരിയായ രീതിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അങ്ങനെയൊരു 'പ്ലാൻ ബി' ഉണ്ടെങ്കിൽ അത് ഇവിടെയാണ് ചർച്ച ചെയ്യേണ്ടത്. ഈ സഭയാണ് അതിന് അംഗീകാരം നൽകേണ്ടത്. അല്ലാതെ അങ്ങനെയൊരു 'പ്ലാൻ ബി' ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മനസ്സിൽ മാത്രം ഉണ്ടായാൽ പോരാ. 'ഇത് കോട്ടയം പുഷ്പനാഥിന്റെ ഡിറ്റക്ടീവ് നോവലൊന്നുമല്ലല്ലോ? ഇവിടെ എല്ലാം സിനിമാമയമാണ്. സി.ബി.ഐ. ഡയറിക്കുറിപ്പ് എന്ന സിനിമയിലെ രംഗംപോലെ ഒരു ഡമ്മി എറിഞ്ഞുനോക്കുക, അത് എറിഞ്ഞാൽ ശരിയാകുമോ, ഇല്ലെങ്കിൽ അടുത്ത ഡമ്മി ഇപ്പുറത്ത് ഇട്ടുനോക്കുക. ഇപ്രകാരം നാടിന്റെ സാമ്പത്തികകാര്യങ്ങൾ പ്രവചിക്കാൻ സാധിക്കില്ല. 'പ്ലാൻ ബി' എന്നതുകൊണ്ട് സർക്കാർ എന്താണ് ഉദ്ദേശിക്കുന്നത്; എന്ത് വിഭവസമാഹരണമാണ് ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ അതുവഴി എന്ത്

വികസനമാണ് ഉണ്ടാകുക എന്നത് സംബന്ധിച്ച് വ്യക്തമാക്കണം. ഈ ബഡ്ജറ്റ് പൂർണ്ണമാകണമെങ്കിൽ 'പ്ലാൻ ബി' എന്താണെന്നുള്ളത് മറുപടിപ്രസംഗത്തിൽ വ്യക്തമാക്കി അത് ബഡ്ജറ്റിന്റെ ഭാഗമാക്കണം. പിന്നെ ഇത് സൂര്യോദയ ബഡ്ജറ്റെന്നാണ് അവകാശവാദം. ഞങ്ങളത് അസ്തമന ബഡ്ജറ്റാണെന്ന് പറയുന്നില്ല. പക്ഷെ, ഇത് സൂര്യോദയ ബഡ്ജറ്റാണെന്ന് പറഞ്ഞാൽ സൂര്യഭഗവാൻതന്നെ കോപിക്കും. ഇവിടെ ഉദയത്തിന് പ്രധാന അടിസ്ഥാനമായി ചൂണ്ടിക്കാണിച്ചത് വിഴിഞ്ഞം പദ്ധതിയാണ്. ഭാവി കേരളത്തിന്റെ വികസന കവാടമാണ് വിഴിഞ്ഞമെന്ന് പരാമർശിച്ചു, അത് നല്ല കാര്യമാണ്. ഉമ്മൻ ചാണ്ടി കാണിച്ച നിശ്ചയദാർഢ്യമാണ് വിഴിഞ്ഞം പദ്ധതി എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അന്ന് 6,000 കോടി രൂപയ്ക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ഇന്നത്തെ ഭരണപക്ഷം അന്ന് പ്രതിപക്ഷത്തിരുന്ന് പറഞ്ഞത് ഇത് 7,000 കോടി രൂപയുടെ വലിയ അഴിമതിയാണെന്നാണ്. ഇക്കാര്യം അന്ന് സഭയിലുണ്ടായിരുന്നവർക്കറിയാം. വിഴിഞ്ഞം പദ്ധതിയെ തടസ്സപ്പെടുത്താൻ ശ്രമിച്ചു, പക്ഷെ, നടന്നില്ല. യു.ഡി.എഫ്. അതിശക്തമായി

ഉറച്ചുനിന്നതുകൊണ്ട് ആ പദ്ധതി യാഥാർത്ഥ്യമായി. നിർമ്മാണ രംഗത്തുണ്ടായ അശാസ്ത്രീയതയ്ക്കെതിരായിട്ടാണ് തദ്ദേശീയർ ഇടക്കാലത്ത് സമരം നടത്തിയത്. ഞങ്ങൾ ആ പ്രശ്നങ്ങൾ പരിഹരിക്കാൻ ജനങ്ങളുടെകൂടെ നിന്നിട്ടുണ്ട്. പിന്നെ എല്ലാക്കാലത്തും വികസനങ്ങളുണ്ടായിട്ടുണ്ട്. '8 വർഷം മുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളം' എന്ന് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്, 'കൊച്ചി പഴയ കൊച്ചിയല്ല' എന്നൊരു ഡയലോഗുണ്ട്. കേരളം പടിപടിയായി വികസിച്ചുവന്നതാണ്. 2016-മുതലാണ് കേരളമുണ്ടായത് എന്ന രൂപത്തിലാണ് ഇവിടെ ഭരണകക്ഷിയംഗങ്ങൾ സംസാരിക്കുന്നത്. ശ്രീ. എം. നൗഷാദ് ചാനൽ ചർച്ചയ്ക്ക് വന്നാൽ 2016 മുതൽ ഇങ്ങോട്ടുള്ള കാര്യങ്ങൾ മാത്രമേ പരാമർശിക്കുകയുള്ളൂ. അതിന് മുമ്പും കേരളമുണ്ടായിരുന്നു. കേരളത്തിൽ നിരവധി ഇടതുപക്ഷ മുഖ്യമന്ത്രിമാരും പലവിധത്തിലുള്ള രാഷ്ട്രീയ പരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. അതിനാൽ ഭരണപക്ഷത്തിന്റെ ഈ സമീപനം ശരിയല്ല. ബഡ്ജറ്റിലേയ്ക്ക് വന്നാൽ, വിഭവസമാഹരണത്തിന് വലിയ നികുതിയൊന്നും ചുമത്തിയിട്ടില്ലെങ്കിലും കോർട്ട് ഫീ, രജിസ്ട്രേഷൻ,

മോട്ടോർ വെഹിക്കിൾ എന്നീ വിഷയങ്ങളിലാണ് ഇപ്രാവശ്യം നികുതി വർദ്ധിപ്പിച്ചത്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. Negotiable Instruments Act-ലെ സെക്ഷൻ 138 പ്രകാരം വണ്ടിച്ചെക്ക് കേസ് ക്രിമിനൽ കേസ്സാണ്. അപ്പോൾ തന്നോട് ഒരു ക്രിമിനൽ കുറ്റം ചെയ്ത വ്യക്തിക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ NI Act-ലെ സെക്ഷൻ 138 പ്രകാരം മജിസ്ട്രേറ്റ് കോടതിയിൽ കേസ് കൊടുത്താൽ പ്രതിയിൽനിന്നും നഷ്ടപരിഹാരം വാങ്ങിക്കൊടുക്കില്ല. പ്രതിക്ക് ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനായി പരാതിക്കാരൻ കോടതിയിൽ കേസ് ഫയൽ ചെയ്താൽ കോടതി ഫീസ് നൽകേണ്ടതുണ്ട്. പരാതി ഫയൽ ചെയ്യുന്ന ചെക്കിന്റെ തുകയെ ആശ്രയിച്ച് കോടതി ഫീസ് വ്യത്യാസപ്പെടുന്നു. ചെക്കിന്റെ തുക ഒരു ലക്ഷമാണെങ്കിൽ അയ്യായിരം രൂപ കെട്ടിവയ്ക്കണം, രണ്ട് ലക്ഷമാണെങ്കിൽ പതിനായിരം രൂപ കെട്ടിവയ്ക്കണം, മൂന്ന് ലക്ഷമായാൽ പതിനയ്യായിരം രൂപ കെട്ടിവയ്ക്കണമെന്ന് പറഞ്ഞാൽ അത് രാജ്യത്തെ criminal jurisprudence-ന് എതിരാണ്, അത് നീക്കുന്നത് നന്നായിരിക്കും. അടുത്തത്, കുടുംബകോടതിയുമായി ബന്ധപ്പെട്ട

വിഷയമാണ്. ഏറ്റവും പാവങ്ങളായ, അവശരായ സ്ത്രീ സമൂഹമാണ് കുടുംബകോടതികളിലെത്തുന്നത്. അവിടെയും ഇതുപോലുള്ള സ്ലാബ് നിബന്ധനകൾവച്ച് പുതിയ നികുതി കണ്ടെത്താനുള്ള ശ്രമം നടത്തുകയാണ്. പ്രസ്തുത മേഖലയെ ഇതിൽനിന്നും ഒഴിവാക്കാമായിരുന്നു. പകരം ബാർ പോലുള്ള മറ്റ് നിരവധി മേഖലകളുണ്ട്. കുടുംബകോടതികളിലെ കോർട്ട് ഫീ അശാസ്ത്രീയമാണ്. അത് ഒഴിവാക്കണം. അതുപോലെതന്നെ രജിസ്ട്രേഷന് പുതിയ നികുതികളും ഫീസുകളും വന്നിരിക്കുകയാണ്. അത് നമ്മുടെ റിയൽ എസ്റ്റേറ്റ് മേഖലയെ ബാധിക്കും, അതും ഒഴിവാക്കുന്നത് നന്നായിരിക്കും. കഴിഞ്ഞ തവണ നിങ്ങൾ ഭൂമിയുടെ ന്യായവില കൂട്ടിയപ്പോൾ രജിസ്ട്രേഷൻ ഗണ്യമായി കുറഞ്ഞു. അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനമാണ് കുറയുന്നത്. നിയോജകമണ്ഡലങ്ങളുടെ കാര്യത്തിലേയ്ക്ക് വന്നാൽ, എന്റെ മണ്ഡലത്തിലാണ് കണ്ണംകുണ്ട് പാലം. ഞങ്ങളോട് 5 കോടി രൂപയേ അനുവദിക്കുകയുള്ളൂവെന്ന് പറഞ്ഞിട്ട് ഭരണകക്ഷിയിൽപ്പെട്ടവർക്ക് 10 കോടി രൂപ അനുവദിക്കും. ഇത്തരത്തിൽ ഒരു പന്തിയിൽ രണ്ട് വിളമ്പൽ ശരിയല്ല. എല്ലാ ജനങ്ങളും ടാക്സ് അടയ്ക്കുന്നത് കേരളത്തിന്റെ

ട്ടഷറിയിലേയ്ക്കുതന്നെയാണ്. പ്രതിപക്ഷ മണ്ഡലങ്ങളോടുള്ള ഈ വിവേചനം കഴിഞ്ഞ വർഷങ്ങളിലുമുണ്ടായിട്ടുണ്ട്. ഏതായാലും ഞാൻ സൂചിപ്പിക്കുന്ന പോയിന്റ്, 5 കോടി രൂപയുടെ വർക്കിൽ ഞാൻ കണ്ണംകുണ്ട് പാലത്തിന്റെ പേരാണ് കൊടുത്തത്. ഇതിനായി 2022-23-ൽ ഒരു കോടി രൂപ നീക്കിയിരിപ്പുണ്ട്, ഇപ്രാവശ്യവും തുക നീക്കിവച്ചിട്ടുണ്ട്. പക്ഷെ, ഇതുവരെ ധനകാര്യ വകുപ്പ് അതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല. കാരണം, ആ പാലത്തിന് ആകെ 11 കോടി രൂപ അനിവാര്യമാണ്. ഇതൊരു മലയോര മേഖലയാണ്, മലവെള്ളപ്പാച്ചിലുണ്ടാകുമ്പോൾ അവിടെയുള്ള കോസ്‌വേ നിറഞ്ഞുകവിഞ്ഞ് ആ പ്രദേശം ഒറ്റപ്പെട്ടുപോകാറുണ്ട്. രണ്ട് തവണയായി രണ്ട് കോടി രൂപ വകയിരുത്തിയതിനാൽ ഇത്തവണ അതിന് ഭരണാനുമതി നൽകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഇതിനുള്ള മറുപടി ഉൾപ്പെടുത്തിയാൽ ഉചിതമായിരിക്കും. സംസ്ഥാനത്തെ നിർമ്മാണമേഖലയെ സജീവമാക്കുന്നതിനായി 1,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് ബഡ്ജറ്റിലെ 274-ാമത്തെ

ഖണ്ഡികയിൽ സൂചിപ്പിക്കുന്നുണ്ട്. പക്ഷെ, അതെന്താണെന്ന് വ്യക്തമായി പരാമർശിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ധനകാര്യ വകുപ്പ് പിന്നീട് പുറപ്പെടുവിക്കുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. 1,000 കോടി രൂപ ഇന്ന കാര്യത്തിനാണെന്ന് പറഞ്ഞതുകൊണ്ട് അത് തെറ്റല്ല. പക്ഷെ, അതിലെനിക്കൊരു നിർദ്ദേശമുണ്ട്. നമ്മുടെ നാട്ടിലെ ഗ്രാമീണ റോഡുകളെല്ലാം തകർന്നുകിടക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കാൻ പി.ഡബ്ല്യൂ.ഡി. ഉണ്ട്. ഗ്രാമീണ റോഡുകൾ പഞ്ചായത്തുകൾ നന്നാക്കണം. എന്നാൽ, പഞ്ചായത്തുകളുടെ കൈവശം പണമില്ല. എം.എൽ.എ. ഫണ്ടുകൊണ്ടുമാത്രം നടക്കുമോ? നാലും അഞ്ചും ആറും കിലോമീറ്റർ നീളമുള്ള ഗ്രാമീണ റോഡുകൾ പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് ഒരു സ്കീം കൊണ്ടുവന്നാൽ നിർമ്മാണ മേഖല സജീവമാകും. നിർമ്മാണ മേഖലയ്ക്ക് മാറ്റിവച്ച തുകയിൽ പൊട്ടിപ്പൊളിഞ്ഞ ഗ്രാമീണ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്തണം. ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിക്കണമെന്ന് ഈ

സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ ബഡ്ജറ്റിൽ കുറേ രാഷ്ട്രീയ പരാമർശങ്ങളുണ്ട്. ഞങ്ങളെ പിന്തുണയ്ക്കേണ്ട ജനവിഭാഗത്തെ ഞങ്ങൾക്കെതിരാക്കുകയാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയാണ്. എന്താണ് നിങ്ങൾക്കെതിരെ തിരിച്ചുവിടുന്നത്? പെൻഷൻ കൊടുക്കാത്തത്, സപ്ലൈകോയിൽ സാധനമെത്താത്തത്, റേഷൻ കടയിൽ റേഷൻ മുടങ്ങുന്നത്, സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തത്, പല സ്കീമുകളിൽനിന്നും പ്രൈവറ്റ് ഹോസ്പിറ്റലുകൾ പിൻമാറിയത് ഇതെല്ലാം ഞങ്ങൾ ചെയ്തതാണോ? അത് ഞങ്ങളാരും ചെയ്തതല്ല. അത് നിങ്ങൾതന്നെ ചെയ്തതാണ്. അതുകൊണ്ട് ബഡ്ജറ്റിന്റെ പവിത്രതയ്ക്കായി ആ പരാമർശം ഒഴിവാക്കുന്നതാണ് നല്ലത്. ഞങ്ങളാരും ചെയ്ത കുറ്റമല്ലത്. ഇതൊക്കെ നിങ്ങളുടെ വീഴ്ചകളാണ്. ഈ ബഡ്ജറ്റിൽ സ്വകാര്യ മേഖലയെ വല്ലാതെ വാരിപ്പുണർന്നിട്ടുണ്ട്. ഇപ്പോൾ നമ്മൾ മനസ്സിലാക്കുന്നത് പി.ബി.-ക്ക് പരാതി കൊടുത്തിട്ടുണ്ടെന്നാണ്. 2023-ലും പി.ബി.-യുടെ നിലപാട് ഇതായിരുന്നു. എന്തായാലും ഒരുകാര്യം ഞാനിവിടെ പറയാം, നിങ്ങൾ ശ്രീ. ടി. പി. ശ്രീനിവാസൻ ഉൾപ്പെടെയുള്ളവരോട് മാപ്പ് പറയണം. സ്വാശ്രയ

കോളേജുകൾക്കും വിദേശ സർവ്വകലാശാലകൾക്കുമെതിരെയുള്ള നിങ്ങളുടെ നടപടിയുടെ ഭാഗമായി ഇവരെയൊക്കെ നിങ്ങൾ അപമാനിച്ചിട്ടുണ്ട്. അവരോടൊക്കെ മാപ്പ് പറയണം. ധനകാര്യ വകുപ്പുമന്ത്രിക്ക് കുറച്ച് ജാഗ്രതക്കുറവുണ്ടായോയെന്ന സന്ദേഹം ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. കാരണം, വിദേശ സർവ്വകലാശാലകളെക്കുറിച്ചും സ്വകാര്യ സർവ്വകലാശാലകളെക്കുറിച്ചും ഗംഭീരമായി ചർച്ച ചെയ്യപ്പെടുകയാണ്. മണൽവാരിയും ആക്രിവിറ്റും 400 കോടി രൂപയുണ്ടാക്കുമെന്നാണ് ബഡ്ജറ്റിൽ പറയുന്നത്. ഇതൊക്കെ സ്ഥിരം ക്ലീഷേയാണ്. കേരളത്തിൽ ക്ലീഷേ ചർച്ചകളുടെ കാലമാണല്ലോ. മണൽവാരിയതിലൂടെ 1,000 കോടി രൂപ കിട്ടി, മലമ്പുഴയിലെ ചെളി വാരിയതിലൂടെ 1,000 കോടി രൂപ കിട്ടിയെന്നെല്ലാം ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് നമ്മുടെ ഓർമ്മയിലുണ്ട്. ഇസ്ലാമിക് ബാങ്കിൽനിന്ന് 2,000 കോടി രൂപ വാങ്ങി തുടങ്ങിയ യാഥാർത്ഥ്യബോധമില്ലാത്ത വർത്തമാനങ്ങൾ ഒഴിവാക്കണമെന്ന് പറയുകയാണ്. ഒറ്റക്കാര്യംകൂടി സൂചിപ്പിക്കട്ടെ, ഇന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ വലിയ സമരം നടക്കുകയാണ്. അത് ഭിന്നശേഷിക്കാരുടെ

സമരമാണ്. അതിനെ രാഷ്ട്രീയമായി കാണേണ്ടതില്ല. പാവപ്പെട്ട ഭിന്നശേഷിക്കാർ അവരുടെ ആനുകൂല്യങ്ങൾ മുടങ്ങിയതിനെതിരെ നടത്തുന്ന സമരമാണ്. അതിൽ സർക്കാർ അതിശക്തമായി ഇടപെടണം. രണ്ടാമത്, പോലീസ് റാങ്ക്‌ലിസ്റ്റിലെ നിയമനം സംബന്ധിച്ചതാണ്. റാങ്ക്‌ലിസ്റ്റിന്റെ കാലാവധി അവസാനിക്കുകയാണ്. ലിസ്റ്റിൽപ്പെട്ട ചെറുപ്പക്കാർ അവരെ നിയമിക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭത്തിലാണ്. ഈ രണ്ട് വിഷയവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളത്തിന്റെ സമ്പദ്ഘടന സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നുവെന്ന നിരീക്ഷണം പങ്കുവച്ചുകൊണ്ടാണ് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ ഞാൻ സന്തോഷത്തോടെ പിന്തുണയ്ക്കുന്നു. കേരളത്തിന് സ്ഥായിയായ വളർച്ച നിലനിർത്താനും ക്ഷേമ-ആശ്വാസ നടപടികളും വികസനപ്രവർത്തനങ്ങളും മുടക്കമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനുമുള്ള ബഡ്ജറ്റാണിത്. ഇത് നവകേരളത്തിന്റെ

ബഡ്ജറ്റാണ്. ഫെഡറലിസത്തെ തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ശത്രുതാപരമായ നിലപാടിനും അവഗണനയ്ക്കുമൊപ്പം പ്രതിപക്ഷത്തിന്റെ നിഷേധാത്മകമായ നിലപാടുകളുമുള്ളപ്പോഴാണ് കേരളം വളർച്ച നേടുന്നത്. അതിന് നിരവധി ഉദാഹരണങ്ങൾ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇന്ത്യയിൽ കേരളമെന്ന കൊച്ചുസംസ്ഥാനത്തിന് നിരവധി ബഹുമതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും കുപ്രചരണങ്ങൾ അവഗണിച്ച് വർദ്ധിച്ച ജനപിന്തുണയോടെ മുന്നോട്ടുപോകാൻ സാധിക്കുമെന്ന ആത്മവിശ്വാസം സംസ്ഥാന ഗവൺമെന്റിനുണ്ട്. തളരാതെ മുന്നോട്ടുപോകുമെന്നും കേരളത്തെ തകർക്കാൻ അനുവദിക്കില്ലെന്നും പ്രഖ്യാപിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇതൊരു ജനകീയ ബദലാണ്. നേരത്തെ ഇവിടെ എട്ട് വർഷത്തെ ഭരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എട്ടുവർഷമല്ല, എത്ര വർഷമെടുത്താലും എട്ട് വർഷക്കാലയളവിൽ നടന്ന മാറ്റം കാണാതിരിക്കാൻ കഴിയുമോ? നമ്മുടെ സംസ്ഥാനം അതിവേഗം നവീകരിക്കപ്പെടുകയാണ്. അതിനുള്ള

നിർദ്ദേശങ്ങളാണ് കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലുമുള്ളത്. നാം പഠിച്ച വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയെല്ലാം കണ്ടാൽ തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ മാറി. റോഡുകളും പാലങ്ങളും മാറുന്നു, സർക്കാർ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറുന്നു. അങ്ങനെ ഓരോ മേഖലയുമെടുത്ത് പരിശോധിക്കുമ്പോഴുള്ള മാറ്റം തിരിച്ചറിയേണ്ടതല്ലേ? നിരവധി വർഷങ്ങളായി മുടങ്ങിക്കിടന്ന ദേശീയപാത, ജലപാത, തീരദേശപാത, മലയോര ഹൈവേ എന്നീ പദ്ധതികളുടെ പുരോഗതി അതിവേഗതയിൽ നടക്കുകയാണ്. പശ്ചാത്തലമേഖലയിലെ മാറ്റം നാം പ്രതീക്ഷിച്ചതിനുമപ്പുറമാണ്. വിപുലമായ സാമൂഹ്യക്ഷേമ പെൻഷൻ, വിലക്കയറ്റം തടയാനുള്ള പൊതുവിതരണ ശൃംഖല എന്നിവ കേരളത്തെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമാക്കുന്നു. കേരളത്തിന്റെ ഈ വളർച്ചയ്ക്കുപിന്നിൽ നമുക്ക് മുമ്പേ സഞ്ചരിച്ച നിരവധി നേതാക്കളുടെയും ബഹുജനങ്ങളുടെയും വലിയ പങ്കുണ്ട്. ഉജ്ജ്വലമായ സമരമുഖങ്ങൾ തീർത്തുകൊണ്ട് അവർ നടത്തിയ പോരാട്ടം വലിയൊരു മാതൃകയാണ്, അത് പോരാട്ടത്തിന്റെ ബാക്കിപത്രമാണ്. ബഡ്ജറ്റിൽ സൂചിപ്പിച്ചപ്രകാരം

കേരളത്തിന് 57,400 കോടി രൂപയുടെ വെട്ടിക്കുറവ് കേന്ദ്രം വരുത്തിയതിന്റെ വിശദാംശങ്ങൾ ഞാൻ സൂചിപ്പിക്കുന്നില്ല. അതിവിടെ ചർച്ചയ്ക്ക് വിധേയമായതാണ്. ജനാധിപത്യ സംവിധാനങ്ങളുടെ ചരിത്രത്തിലെ ശ്രദ്ധേയമായ ഏടാണ് കേരള സർക്കാർ സംഘടിപ്പിച്ച നവകേരള സദസ്സ്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി യു.ഡി.എഫ്.-നെ ഈ സദസ്സിലേയ്ക്ക് ക്ഷണിച്ചിരുന്നു. ഞങ്ങളോട് പറയുന്നതിന് മുമ്പ് യു.ഡി.എഫ്.-നോടാണ് അദ്ദേഹം ഇക്കാര്യം സൂചിപ്പിച്ചത്. ഇത്തരമൊരു നവകേരള സദസ്സിൽ പങ്കാളികളാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടെങ്കിലും നിങ്ങൾ വന്നില്ല. വലിയ പിന്തുണയാണ് നാട്ടിലെ ജനങ്ങളിൽനിന്നും ലഭിച്ചത്. പതിനായിരങ്ങളാണ് ഓരോ കേന്ദ്രത്തിലും അണിനിരന്നത്. അത് നിങ്ങൾ കാണാതെപോയല്ലോ, തീർച്ചയായും അതിൽ നിങ്ങൾ പങ്കെടുക്കേണ്ടതായിരുന്നു. നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി സംസ്ഥാനത്തെ വികസന പദ്ധതികളിലെ 1,000 കോടി രൂപ ചെലവഴിക്കുമെന്ന ബഡ്ജറ്റിലെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കൂടാതെ അതിന്റെ പ്രോജക്ട് രൂപീകരണത്തിന് 35

ലക്ഷം രൂപയും ഓരോ മണ്ഡലത്തിലും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കാൻ 25 ലക്ഷം രൂപയും നീക്കിവച്ചുവെന്നത് സന്തോഷകരമാണ്. ഡൽഹിയിൽ നടന്ന സമരത്തെ നിങ്ങൾ പുച്ഛിച്ചുതള്ളുകയാണ് ചെയ്തത്. കേരളമെടുത്ത നിലപാടിനുപിന്നാലെ കർണ്ണാടകയും ആ സമരമുഖത്തേയ്ക്ക് കടന്നുവന്നു. കർണ്ണാടകയിലെ മുഖ്യമന്ത്രിയും തെരഞ്ഞെടുത്ത ഏതാനും മന്ത്രിമാരും ഒരേ സ്ഥലത്ത് സമരം നടത്തി. നിങ്ങൾക്ക് ഈ സമരത്തോട് പുച്ഛമാണെങ്കിൽപ്പോലും ഞങ്ങൾ അതിനെ നല്ല രീതിയിലാണ് കാണുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഡൽഹിയിൽ നടന്ന സമരത്തിൽ മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ തുടങ്ങി കേരളത്തിൽ ജനാധിപത്യവും മതേതരത്വവും ഫെഡറലിസവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഒട്ടേറെ നേതാക്കൾ വരികയും ഒരു ദേശീയസമരമായി അത് മാറുകയും ചെയ്തു. അതിൽ നിങ്ങൾക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. എല്ലാത്തിനോടും നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായി കാലം നിങ്ങളുടെ പ്രവർത്തനങ്ങളെ തിരിച്ചറിയുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിൽ ഭാവിയിൽ വരാൻപോകുന്ന മാറ്റങ്ങളുടെ ഒരു രൂപരേഖ

ബഡ്ജറ്റ് നിർദ്ദേശങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും. വ്യാവസായിക രംഗത്ത് 140,000 ചെറിയ വ്യവസായ യൂണിറ്റുകൾ കടന്നുവന്നുവെന്നത് നിസ്സാര കാര്യമാണോ? പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെടെ വലിയതോതിലുള്ള മുന്നേറ്റം ഇതിന്റെ ഭാഗമായിയുണ്ടാക്കിയെടുക്കാൻ സാധിക്കും. 140,000 യൂണിറ്റുകൾ വന്നുവെന്ന് പറഞ്ഞാൽ മൂന്ന് ലക്ഷത്തിലേറെ ആളുകൾ അതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുവെന്നാണ് അർത്ഥം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലയെടുത്ത് പരിശോധിക്കുമ്പോൾ, എല്ലാ മേഖലയിലും പദ്ധതിവിഹിതം വച്ചുകൊണ്ട് മുന്നേറ്റങ്ങളുണ്ടാക്കാനുള്ള ശ്രമം ഈ ബഡ്ജറ്റിലൂടെ നടത്തി. കശുവണ്ടിയുടെയും കയറിന്റെയും കാര്യം നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ പ്രശ്നം അഭിമുഖീകരിക്കുന്ന ഭവന നിർമ്മാണ മേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. അതിൽ ലൈഫ് ഭവന പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ട് നീക്കിവച്ചിട്ടുണ്ട്. അതോടൊപ്പം ഹൗസിംഗ് ബോർഡിന്റെയും ഭവന

സമുച്ചയത്തിന്റെയും പ്രവർത്തനത്തിനും ഫണ്ട് നീക്കിവച്ചിട്ടുണ്ട്. വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന വിവിധ പദ്ധതികൾക്കും എം.എൻ. ലക്ഷം വീട് പുനർനിർമ്മാണത്തിനും സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ വിവിധ പ്രവർത്തനങ്ങൾക്കും തുക നീക്കിവച്ചിട്ടുണ്ട്. കൊച്ചി മറൈൻ ഡ്രൈവിൽ 2,150 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര വാണിജ്യ ഭവന സമുച്ചയം നിർമ്മിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇതിലൂടെ കൊച്ചി നഗരത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കുന്നതാണ്. ഇതുപോലെ സമസ്തമേഖലകളുടെയും വികസനത്തിനായി തുക നീക്കിവച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ മറ്റ് അംഗങ്ങൾ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കുറഞ്ഞത് രണ്ട് വർഷക്കാലം വിദേശത്ത് ജോലി ചെയ്ത് മടങ്ങിവന്ന മലയാളികൾക്ക് 50,000 രൂപവരെ ചികിത്സ സഹായം, 1,00,000 രൂപവരെ മരണാനന്തര ധനസഹായം, 15,000 രൂപവരെ വിവാഹ ധനസഹായം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക സമീപനം സ്വീകരിച്ചു എന്നത് തീർച്ചയായും സന്തോഷകരമായ കാര്യമാണ്. അതോടൊപ്പം സാന്ത്വനം പദ്ധതിക്കുവേണ്ടി

33 കോടി രൂപ നീക്കിവച്ചത് പ്രത്യേകം സൂചിപ്പിക്കേണ്ട കാര്യമാണ്. വിലക്കയറ്റം തടഞ്ഞുനിർത്താൻ പുതിയ ബദൽ എന്ന നിലയിലാണ് മാവേലി സ്റ്റോറുകളെ നാം കണ്ടിരുന്നത്. അതിൽ വലിയ മാറ്റമുണ്ടായി. മാതൃകാപരമായ പ്രവർത്തനമാണ് മാവേലി സ്റ്റോറുകളിലൂടെയും സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയും നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 57,400 കോടി രൂപ കേന്ദ്രസർക്കാർ കേരളത്തിന് നൽകാനുണ്ടെങ്കിൽപ്പോലും മാവേലി സ്റ്റോറുകളെ സജീവമാക്കുന്ന പ്രവർത്തനത്തിനുള്ള ഫണ്ട് വകയിരുത്താനുള്ള പദ്ധതി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തീർച്ചയായും ഉണ്ടാകുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. അതിദരിദ്രരുടെ പട്ടികയിൽ 65,000 കുടുംബങ്ങളാണുള്ളത്. വളയം ഗ്രാമപഞ്ചായത്തിനെ അതിദരിദ്രർ ഇല്ലാത്ത പഞ്ചായത്താക്കി മാറ്റാൻ കഴിഞ്ഞുവെന്ന സന്തോഷകരമായ ഒരു കാര്യംകൂടി ഞാൻ അറിയിക്കുന്നു. അതിന്റെ പ്രഖ്യാപന പരിപാടിയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ക്ഷണിച്ചിരുന്നു. അദ്ദേഹം വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. വിദേശ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ,

വിദേശ സർവ്വകലാശാല ആരംഭിക്കുമെന്നല്ല പറഞ്ഞത്. അതുസംബന്ധിച്ച് ചർച്ച നടത്തണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അത് നയപരമായ പ്രശ്നമാണ്. ചർച്ചകൾക്കുശേഷമേ അത് ആരംഭിക്കാൻ പാടുള്ളൂവെന്ന നിലപാടാണ് നമുക്ക് വേണ്ടത്. കോവിഡ് കാലയളവിൽ കൃഷിയിലും ക്ഷീരമേഖലയിലും മൃഗസംരക്ഷണ മേഖലയിലും വലിയതോതിൽ സ്ത്രീകളും ചെറുപ്പക്കാരുമുൾപ്പെടെയുള്ളവർ കടന്നുവന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ മറുപടിപ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ മേഖലയെ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് സൂചിപ്പിച്ചിരുന്നു. ഈ മേഖലയ്ക്ക് കൂടുതൽ ഫണ്ട് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. അതോടൊപ്പം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതിന് ഒരു താരതമ്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ പി.എസ്.സി. മുഖേന നൽകിയ ഏക സംസ്ഥാനം കേരളമാണ്. മൂന്നരക്കോടി ജനസംഖ്യയുള്ള സംസ്ഥാനമാണിത്. രാജ്യത്ത് തൊഴിലില്ലായ്മ ത്രുക്ഷമായി പെരുകുന്നു.

അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതിന്റെ ചലനങ്ങൾ ഇന്ത്യയിൽ ഉയർന്നുവരുന്നു എന്നത് ഒരു പ്രത്യേക സാഹചര്യമാണ്. 'വിശപ്പുരഹിത കേരളം' എന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ സാഹചര്യത്തിൽ, അതിന് സഹായകരമായ നിലപാട് സ്വീകരിക്കുന്ന ബഡ്ജറ്റാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാന നിയമസഭയ്ക്കുമുമ്പാകെ സർക്കാർ അവതരിപ്പിക്കുന്ന വാർഷിക ബഡ്ജറ്റുകൾ ഭരണഘടനപ്രകാരം പരമപവിത്രമായ ഒന്നാണ്. എന്നാൽ അതിന്റെ sanctity-യും credibility-യുമെല്ലാം ഈ കാലയളവിൽ നഷ്ടപ്പെടുന്നുവെന്നത് വസ്തുതയാണ്. ബഡ്ജറ്റിൽ വരുന്ന കണക്കുകൾ വസ്തുതാപരമായി ശരിയാകണമെന്ന് ഭരിക്കുന്നവർക്കോ ധനകാര്യ വകുപ്പുമന്ത്രിക്കോ നിർബന്ധമുള്ളതായി തോന്നുന്നില്ല. കേന്ദ്രസർക്കാർ സംസ്ഥാനങ്ങളോട്, പ്രത്യേകിച്ച് ബി.ജെ.പി. ഇതര സർക്കാരുകളോട് പക്ഷപാതപരമായി പെരുമാറുന്നുവെന്ന് കോൺഗ്രസ് പറഞ്ഞിട്ടുള്ളതാണ്. കോൺഗ്രസിന് ആ നിലപാടുണ്ട്. പക്ഷെ, അതുസംബന്ധിച്ച് പറയുമ്പോൾ നമ്മളെ മറ്റുള്ളവർ പരിഹസിക്കുന്നതിന്

അവസരം നൽകരുത്. കേരളത്തിന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ ലഭിക്കാനുള്ള അർഹതപ്പെട്ട വിഹിതം കട്ട് ചെയ്തുവെന്നാണ് ഇവിടെ സൂചിപ്പിച്ചത്. ധനകാര്യ വകുപ്പുമന്ത്രി 24-8-2022-ന് നിയമസഭയിൽ നൽകിയ മറുപടിപ്രകാരം റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി സംസ്ഥാനത്തിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്തിരിക്കുന്ന തുക 53,137 കോടി രൂപയാണ്. 53,137 കോടി രൂപയിൽ 2020-21-ൽ 15,322 കോടി രൂപയും 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4,749 കോടി രൂപയും ലഭിച്ചു. 2022-23-ൽ ലഭിച്ചത് 13,174 കോടി രൂപ, എന്നാൽ 2023-24-ൽ ലഭിച്ചത് 4,749 കോടി രൂപയാണ്. കേരളത്തിന് ആകെ അവാർഡ് ചെയ്തിരിക്കുന്ന 53,137 കോടി രൂപയിൽ ഏതാണ്ട് 52,344 കോടി രൂപ ലഭിച്ചു. ഇനി രണ്ട് മാസങ്ങൾക്കൂടി ബാക്കിയുണ്ട്. അങ്ങനെയാകുമ്പോൾ ഏതാണ്ട് 700 കോടി രൂപ മാത്രമാണ് ലഭിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എം.എൽ.എ.-മാരെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുകയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഫിക്സഡ് അല്ലേ? അവാർഡ് ചെയ്ത

തുകയിൽ കേന്ദ്ര സർക്കാർ കുറവുവരുത്തിയിട്ടുണ്ടെങ്കിൽ നിങ്ങൾ പറയൂ, നിങ്ങളുടെകൂടെ ഞങ്ങൾ നിൽക്കാം. അതിനുപകരം ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സമീപനം സ്വീകരിക്കരുത്. ജി.എസ്.ടി.യുടെ കാര്യത്തെ സംബന്ധിച്ചുള്ളതാണ് രണ്ടാമത്തെ വിഷയം. ജി.എസ്.ടി. നഷ്ടപരിഹാര ആക്ടിന്റെ 3, 4 വകുപ്പുകളിൽ transition period പറയുന്നുണ്ട്. അഞ്ച് വർഷമാണ് transition period. അത് 2017 ജൂലൈ മുതൽ 2022 ജൂലൈ വരെയാണ്. Transition period അഞ്ച് വർഷം എന്നത് കൂട്ടണമെന്ന അഭിപ്രായം കോൺഗ്രസിനുമുണ്ട്. അതിന് നമുക്ക് ഒരുമിച്ച് നിൽക്കാം. പക്ഷെ, അങ്ങനെ ചെയ്യണമെങ്കിൽ പാർലമെന്റ് ജി.എസ്.ടി. നഷ്ടപരിഹാര നിയമം അമെന്റ് ചെയ്യണം. അക്കാര്യം അറിയാവുന്ന വ്യക്തിയാണ് ധനകാര്യ വകുപ്പുമന്ത്രി. പക്ഷെ, കൂടെയുള്ള എം.എൽ.എ.-മാരോടുപോലും അദ്ദേഹം അക്കാര്യം പറയുന്നില്ല. ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അമെന്റ് ചെയ്യാതെ നമുക്ക് തുക ലഭിക്കില്ല. 2022-ൽ പിരീഡ് അവസാനിച്ചതാണ്. കഴിഞ്ഞ വർഷം ലഭിച്ചതിന്റെ അത്രയുംകൂടി ഫണ്ട് ലഭിച്ചിരുന്നെങ്കിൽ നമുക്ക് ഇത്രയുമാകുമായിരുന്നു എന്നുപറഞ്ഞ് ആളുകളെ

പറ്റിക്കുന്നത് എന്തിനാണ്? സത്യസന്ധത വേണ്ടായെന്ന നിങ്ങളുടെ നിർബന്ധബുദ്ധി എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ വലിയ രീതിയിലുള്ള വികസനം നടന്നുവെന്നെല്ലാം സൂചിപ്പിച്ചു. ഞാൻ ഇക്കണോമിക് റിവ്യൂ നോക്കിയപ്പോൾ ഇപ്രാവശ്യവും 30,370 കോടി രൂപയും മറ്റുമാണ് പ്ലാൻ വിഹിതം. കഴിഞ്ഞ വർഷവും അതിനുമുമ്പിലത്തെ വർഷവും അത്രയും മാത്രമാണുണ്ടായിരുന്നത്. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കണം. 30,370 കോടി രൂപയ്ക്കുത്ത് പ്ലാൻ വിഹിതം നിശ്ചലമായി നിൽക്കുകയാണ്. ബഡ്ജറ്റ് പുസ്തകത്തിന്റെ നിരവധി പേജുകളിൽ വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആറായിരത്തിന്റെ പദ്ധതിയിൽ ഏഴായിരത്തിന്റെ അഴിമതിയെന്ന് പാർട്ടി സെക്രട്ടറിയായിരുന്നപ്പോൾ ആരോപിച്ച ആളാണ് ഇപ്പോഴത്തെ മുഖ്യമന്ത്രിയെന്ന് ഇവിടെ നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചു. ബഡ്ജറ്റ് പുസ്തകത്തിൽ നിരവധി പേജുകളിൽ വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് കണ്ട് സ്വർഗ്ഗത്തിലിരുന്ന് പാവപ്പെട്ട ഉമ്മൻ ചാണ്ടി ചിരിക്കുന്നുണ്ടാകും. എല്ലാവരും 'സൂര്യോദയം, സൂര്യോദയം' എന്നുപറയുന്നു.

അതുകൊണ്ട് ഞാൻ സൂര്യോദയത്തിലേയ്ക്ക് കടക്കുന്നില്ല. 'സൂര്യൻ, സൂര്യൻ' എന്നുപറഞ്ഞ് മുഖ്യമന്ത്രിയെ ട്രോൾ ചെയ്യുകയാണോയെന്ന് എനിക്ക് അറിയില്ല. 'ഏത് സൂര്യനെന്ന്' സി.ഡി.എസ്. (Centre for Development Studies)-ന്റെ പഴയ ഡയറക്ടറായ പ്രൊഫ. കെ. പി. കണ്ണൻ ചോദിച്ചിട്ടുണ്ട്. സമയക്കുറവായതിനാൽ ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. ശ്രീ. കെ. എൻ. ബാലഗോപാൽ ബഡ്ജറ്റ് പ്രസംഗത്തിൽ വിദേശ സർവ്വകലാശാലകൾക്ക് അനുവാദം നൽകുമെന്നെല്ലാം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ടി.വി. കണ്ടുകൊണ്ടിരിക്കുകയായിരുന്ന പഴയ അംബാസിഡറും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനുമായിരുന്ന ശ്രീ. ടി. പി. ശ്രീനിവാസൻ പറഞ്ഞത് ഇങ്ങനെയാണ് - 'ഹേ പ്രഭു, യേ ക്യാ ഹുവാ! എന്താണ് ഇവിടെ നടക്കുന്നത്, വിദേശ സർവ്വകലാശാലകൾക്ക് ആര് അനുവാദം നൽകുന്നു, ശ്രീ. കെ. എൻ. ബാലഗോപാലോ'. പാവപ്പെട്ട ശ്രീ. ടി. പി. ശ്രീനിവാസനെ എസ്.എഫ്.ഐ.-കാർ കോവളത്തുവച്ച് അടിച്ച് നിലത്തിട്ടില്ലേ; അദ്ദേഹം വിദേശ സർവ്വകലാശാല എന്ന ആവശ്യത്തെക്കുറിച്ച് ഒരു സെമിനാറിൽ

ചർച്ച ചെയ്യുക മാത്രമേ ചെയ്യുള്ളൂ. എന്നിട്ട് ആ എസ്.എഫ്.ഐ.-യുടെ പഴയ നേതാവ് വിദേശ സർവ്വകലാശാലയ്ക്ക് അനുവാദം നൽകുന്നു. ഞാൻ നിങ്ങളോട് മറ്റൊന്നും ചോദിക്കുന്നില്ല. നിങ്ങളുടെ പുഷ്പനെ അറിയാമോ? കണ്ണൂർ പരിയാരത്ത് എം. വി. രാഘവന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് വന്നപ്പോൾ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം ആഗോളവത്കരണത്തിന്റെ അജണ്ടയാണെന്ന് ആരോപിച്ചാണ് കുത്തുപറമ്പിൽ സമരവും വെടിവയ്പും ഉണ്ടായത്. ഇപ്പോൾ ആ ആഗോളവത്കരണം മസിനഗുഡി വഴി ഊട്ടിയിലേയ്ക്ക് പോയോ; ആഗോളവത്കരണം ഇപ്പോഴില്ലേ? വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം ആഗോളവത്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞവർ ഇപ്പോൾ വിദേശ സർവ്വകലാശാലകൾക്ക് പച്ചപ്പരവതാനിയല്ല, ചുവന്ന പരവതാനി വിരിച്ചുകൊണ്ടുവരുമ്പോൾ പുഷ്പനോടും ശ്രീ. ടി. പി. ശ്രീനിവാസനോടും മാപ്പുപറയണം. എല്ലാകാലത്തും നിങ്ങൾ ഇങ്ങനെതന്നെയായിരുന്നു. സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടുമോയെന്ന് വിചാരിച്ച് പ്രതിപക്ഷാംഗങ്ങളാകെ ആശങ്കയിലായിരുന്നുവെന്ന് ഇവിടെ

ശ്രീ. അഹമ്മദ് ദേവർകോവിൽ പരാമർശിക്കുകയുണ്ടായി. സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടിയാൽ കുഴപ്പമാണ്, സർക്കാരിന് അംഗീകാരം ലഭിക്കും. പ്രതിപക്ഷാംഗങ്ങൾക്ക് വിഷമമുണ്ടാകാതിരിക്കാൻ നിങ്ങൾ സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടിയില്ലെന്നാണോ പറയുന്നത്; ഇതിനെല്ലാം എന്ത് മറുപടിയാണ് ഞങ്ങൾ പറയേണ്ടത്? പ്രതിപക്ഷത്തിന് ഒരു വിഷമമുണ്ടാക്കണ്ടായെന്ന് കരുതി ഇത്തവണ സാമൂഹ്യക്ഷേമ പെൻഷൻ കൂട്ടിയില്ലായെന്നൊക്കെ പറഞ്ഞ് ന്യായീകരിച്ച് എവിടേയ്ക്കാണ് നിങ്ങൾ പോകുന്നത്? 2023-24-ൽ ലൈഫ് മിഷൻ പദ്ധതിയിൽ 71,861 വീടുകൾ പണിയുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പരാമർശിച്ചിരുന്നു; നിലവിലെ ബഡ്ജറ്റിൽ 31,386 വീടുകൾ പൂർത്തിയായിയെന്ന് പറഞ്ഞു. 717 കോടി രൂപയിൽ വെറും 3.76 ശതമാനമാണ് ലൈഫ് മിഷൻ ഭവന പദ്ധതിയിൽ നിങ്ങൾ ചെലവഴിച്ചത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് നാലര ലക്ഷം വീട് പണിതപ്പോൾ, നിങ്ങളുടെ ബഡ്ജറ്റ് രേഖപ്രകാരം ഏഴ് വർഷംകൊണ്ട് 365,531 വീടുകൾ മാത്രമാണ് ലൈഫ് മിഷൻ ഭവന പദ്ധതിപ്രകാരം പൂർത്തിയാക്കിയത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. യെസ്...യെസ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ പ്രസംഗത്തിനുശേഷം വേണമെങ്കിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചോളൂ. ഞാൻ വഴങ്ങുന്നില്ല. എന്റെ സമയം പോകുകയാണ്. ഡോ. മാത്യു കുഴൽനാടന്റെ മൂന്ന് മിനിട്ട് സമയം എടുത്തിട്ടുണ്ടായിരുന്നു. ആ സമയംകൂടി എനിക്ക് നൽകാമായിരുന്നു. പ്രതിപക്ഷത്തിന് അവകാശപ്പെട്ട മൂന്ന് മിനിട്ടാണ് ബഹു. സ്പീക്കർ എടുത്തത്. വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ രണ്ടായിരം കോടി രൂപയുണ്ടായിരുന്നു. ഇപ്പോൾ കേരളീയത്തിനും സപ്ലൈകോ നവീകരണത്തിനുംകൂടി ആകെ പത്തുകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇവിടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നുണ്ടോ, ഞാനിവിടെനിന്ന് വാദിക്കുന്നത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ്. ആ വകുപ്പിന് ഫണ്ട് ലഭിച്ചില്ലെങ്കിൽ സപ്ലൈകോ

അടച്ചുപൂട്ടും, വിലക്കയറ്റം അതിരൂക്ഷമാകും. അപ്പോൾ വിലക്കയറ്റം തടയാൻ നടപടിയില്ല. കർണ്ണാടക സംസ്ഥാനം നിങ്ങളുടെകൂടെ സമരത്തിനുവന്നുവെന്ന് സൂചിപ്പിച്ചല്ലോ, അവിടെ സ്ത്രീകളുടെ അക്കൗണ്ടിൽ ഓരോ മാസവും 2,500 രൂപ ഇടുന്നുണ്ട്, 200 യൂണിറ്റ് വൈദ്യുതി സൗജന്യമാണ്, റേഷൻ കാർഡിൽ ഒരാൾക്ക് പത്തുകിലോ അരി നൽകും, ഒരു കുടുംബത്തിൽ 10 പേരുണ്ടെങ്കിൽ 100 കിലോ അരി ലഭിക്കും. കർണ്ണാടകത്തിൽ സ്ത്രീകൾക്ക് പൊതുഗതാഗത സൗകര്യം സൗജന്യമാണ്. ആറ് മാസത്തെ പെൻഷൻ കൊടുക്കാത്ത, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് കൊടുക്കാത്ത, കെ.എസ്.ആർ.ടി.സി.-ക്കാർക്ക് പെൻഷനും ശമ്പളവും കൊടുക്കാത്ത അവസ്ഥയാണുള്ളത്. ഒരു കാര്യംകൂടി പരാമർശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ധർമ്മടത്തിന് 336 കോടി രൂപ, കൂത്തുപറമ്പിന് 322 കോടി രൂപ, തലശ്ശേരിക്ക് 85 കോടി രൂപ, കല്ല്യാശ്ശേരിക്ക് 62 കോടി രൂപ, മട്ടന്നൂരിന് 38 കോടി രൂപ, പേരാവൂരിന് 5 കോടി രൂപ, ഇത് ശരിയാണോ? കേന്ദ്രം വിവേചനം കാണിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. ഉത്തർപ്രദേശിന് കൂടുതൽ കൊടുക്കുന്നു, കേരളത്തിന്

കുറച്ചുനൽകുന്നു. ഞങ്ങളുടെ മണ്ഡലത്തിൽ 5 കോടി രൂപ, ഞങ്ങളുടെ നിയമസഭാമണ്ഡലത്തിലെ ജനങ്ങൾ സർക്കാരിന് കൊടുക്കുന്ന നികുതിയുടെ അർഹതപ്പെട്ട വിഹിതം മാത്രമാണ് ആവശ്യപ്പെടുന്നത്. അതിലെന്താണ് വിവേചനം; ഉയർന്ന നേതാക്കൾ, ഭരണപക്ഷക്കാർ അങ്ങനെയുള്ള വേർതിരിവൊന്നുമില്ല. ഇത് നിങ്ങളുടെ ഔദാര്യമല്ല, ഞങ്ങളുടെ അവകാശമാണ്. പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ ജന്മി-കുടിയാൻ ബന്ധമൊന്നുമല്ല. നിങ്ങൾ കാസർഗോഡുവച്ച് കെട്ടിയ ആ തലയിൽക്കെട്ട് അഴിക്കണം. ഇപ്പോഴും ആ തലയിൽക്കെട്ട് തലയിലിരിക്കുകയാണ്. ഇത് ജന്മി-കുടിയാൻ ബന്ധമൊന്നുമല്ല. ഞങ്ങളുടെ അർഹതപ്പെട്ട അവകാശം നിഷേധിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഈ സഭയിൽ നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് തെറ്റിദ്ധാരണാജനകമായ പരാമർശം നടത്തിയപ്പോൾ ഞാൻ യഥാർത്ഥ വസ്തുതകൾ വിശദീകരിച്ചതാണ്. പക്ഷെ, ശ്രീ. പി. സി. വിഷ്ണുനാഥ് തെറ്റിദ്ധരിപ്പിക്കുന്ന ആ പരാമർശം

ആവർത്തിക്കുകയാണ്. 371,934 വീടുകൾ പൂർത്തിയാക്കി, 490,000-ത്തിലധികം വീടുകളുടെ എഗ്രിമെന്റ് വച്ചു. ഈ വർഷം 18 കോടി രൂപയാണ് ചെലവഴിച്ചതെന്ന് പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. ഈ വർഷം ആയിരത്തിയറുന്നൂറോളം കോടി രൂപയും ഇതുവരെ പതിനേഴായിരത്തിലധികം കോടി രൂപയുമാണ് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ ചെലവഴിച്ചത്. ബി.ജെ.പി. സർക്കാരിന്റെ വാദത്തെ പിന്തുണയ്ക്കുകയാണ് യഥാർത്ഥത്തിൽ ഇവർ ചെയ്യുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, "പൊതുജീവിതത്തിന്റെ ശുദ്ധിക്കും സമൃദ്ധിക്കും ഇതുപോലുതകുന്ന യജ്ഞം ഒന്നുണ്ടോ വേറെ" എന്ന് വൈലോപ്പിള്ളിയുടെ 'തീയിടൽ' എന്ന കവിതയിൽ പറഞ്ഞതുപോലെ, പ്രളയവും കോവിഡും ഉൾപ്പെടെയുള്ള നിരവധി പ്രതിസന്ധികൾ സംസ്ഥാനത്തെ ബാധിച്ചുവെങ്കിലും സൂര്യോദയം കാത്തിരിക്കുന്ന ജനങ്ങൾക്കുമുന്നിൽ ഏറെ പ്രതീക്ഷയോടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു. ധനകാര്യ-രാഷ്ട്രീയ-ജനാധിപത്യ-

ഫെഡറലിസത്തിന്റെ കടയ്ക്കൽ കത്തിവച്ച് തങ്ങൾക്കിഷ്ടമില്ലാത്ത സർക്കാരുകളെ ചവിട്ടിമെതിക്കുന്ന അവസ്ഥയിലേയ്ക്കുപോകുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ ഒരക്ഷരം ഉരിയാടാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല. നവകേരളസൃഷ്ടിക്ക് നവനയപ്രഖ്യാപനം എന്നാണ് ഈ ബഡ്ജറ്റിനെക്കുറിച്ച് രാജ്യത്തെ എല്ലാ മാധ്യമങ്ങളും വിശേഷിപ്പിച്ചത്. ഒരുപക്ഷെ, 'ക്ഷേമടെൻഷൻ' എന്ന് മലയാള മനോരമയ്ക്കുമാത്രമേ പറയേണ്ടിവന്നുള്ളൂ. രാഷ്ട്രീയതിമിരം പിടിച്ച ചില പത്ര-മാധ്യമങ്ങളും ഇത്തരം പരാമർശങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഈ ബഡ്ജറ്റിന് വിരുദ്ധമായി ഏതെങ്കിലുമൊരു പ്രതിഷേധം യു.ഡി.എഫ്.-നോ ബി.ജെ.പി.-ക്കോ തെരുവിലിറങ്ങി നടത്താൻ കഴിഞ്ഞോ? അത് ഈ ബഡ്ജറ്റിനും ഭാവിയിൽ നടപ്പിലാക്കാൻപോകുന്ന പദ്ധതികൾക്കും നിങ്ങൾ നൽകുന്ന അംഗീകാരമായിട്ടാണ് ഞങ്ങൾ കാണുന്നത്. സംസ്ഥാനങ്ങൾ പിരിച്ചെടുക്കുന്ന പണം അങ്ങ് വടക്ക് ഭഗവാന്റെ hundi-യിലേയ്ക്ക് കൊടുക്കണം, ചെലവോ, കുചേലതുല്യരായ സംസ്ഥാനങ്ങൾ വഹിക്കണമെന്നതാണ് പുതിയ സാമ്പത്തിക നയം. ഇത് അനീതിയും

അന്യായവുമാണ്. അക്കാര്യം സൂചിപ്പിക്കാനാണ് ഫെബ്രുവരി 8-ന് ഞങ്ങൾ ഡൽഹിയിൽ പോയത്. 2022-ഓടുകൂടി ജി.എസ്.ടി.-യുടെ നഷ്ടപരിഹാരത്തുക നിർത്തിയെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. ഇക്കാര്യം ബഹുമാനപ്പെട്ട അംഗം അന്വേഷിക്കണം. ഇത് ആരുടെ നഷ്ടം നികത്താനാണ്? സംസ്ഥാനങ്ങൾക്ക് കൊടുക്കാനുള്ള നഷ്ടപരിഹാരത്തുകയാണത്. നിങ്ങളത് മനസ്സിലാക്കണം. അതുപോലെ കിഫ്ബിയെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. കിഫ്ബിക്കെതിരെ ബി.ജെ.പി.-ക്കാരൻ ഒരു പരാതി കൊടുത്തപ്പോൾ ആ പരാതിക്ക് വക്കാലത്തുപോയത് പ്രതിപക്ഷത്തുള്ള ഡോ. മാത്യു കുഴൽനാടനല്ലേ? എന്നാൽ തൊടുപുഴയിലും അദ്ദേഹത്തിന്റെ മണ്ഡലമായ മൂവാറ്റുപുഴയിലും യു.ഡി.എഫ്.-ലെ അംഗങ്ങൾ വച്ചിട്ടുള്ള ബോർഡുകൾ നമ്മൾ കാണണം. എവിടെനിന്നാണ് ആ ഫണ്ട് വന്നത്? ആ ഫണ്ട് വന്നത് കിഫ്ബിയിൽനിന്നുതന്നെയാണ്. കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ടാണ് കേരളം ഇപ്പോൾ ഇതിനെ മറികടക്കാൻ പോകുന്നത്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് 57,000 കോടി രൂപ വെട്ടിക്കുറച്ചു. കഞ്ചിക്കോട് കോച്ച് ഫാക്ടറിയും പുതിയൊരു വ്യവസായവും നമുക്കില്ല.

ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ എയിംസ് പോലുള്ള ഒരു പദ്ധതിയുമില്ല, ശബരിപാത ഉൾപ്പെടെയുള്ള ഒരു തീവണ്ടിപ്പാതപോലുമില്ല. ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കാൻ 25 ശതമാനം ഫണ്ട് സംസ്ഥാനമാണ് കൊടുക്കുന്നത്. കടമെടുക്കരുത്, പെൻഷൻ കൊടുക്കരുത് എന്നത് കേന്ദ്രസർക്കാരിന്റെ തിട്ടൂരമാണ്. കേരളജനത രണ്ടാനമ്മയുടെ മക്കളാണോ? കേരളീയർക്കും വളരണം, അതാണ് നവകേരള സൃഷ്ടിക്കുവേണ്ടിയിട്ടുള്ള നവനയപ്രഖ്യാപനം. മൂന്നുലക്ഷം കോടി രൂപയുടെ ഡെവലപ്മെന്റ് സോൺ പുതിയ പ്രതീക്ഷകളാണ് നൽകുന്നത്. ചിലപ്പോൾ ചിലയാളുകൾക്കൊക്കെ ആക്ഷേപമുണ്ടാകും. വിദേശത്തേയ്ക്ക് നമ്മുടെ കുട്ടികൾ പഠിക്കാൻ പോകുന്നുവെന്നും നിയന്ത്രിതമായ രൂപത്തിൽ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ ആ പോക്ക് നിൽക്കുമെന്നും ഇവിടെ വരുമാനവുമുണ്ടാകുമെന്നും പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള വിദ്യാഭ്യാസം കൊടുക്കാൻ സാധിക്കുമെന്നുമുള്ള ചില അഭിപ്രായങ്ങൾ ഉന്നയിക്കുകയുണ്ടായി. റോഡുകളുടെ നിർമ്മാണത്തിന് ആയിരം കോടി രൂപയുടെ പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. നവകേരള സദസ്സിനെ

പൊളിക്കാൻ ശ്രമിച്ച യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലത്തിലും ഇത് നടപ്പിലാക്കാൻ ഈ ബഡ്ജറ്റിൽ തുക മാറ്റിവച്ചിട്ടുണ്ടെന്നത് അവർ മനസ്സിലാക്കണം. സാമ്പത്തികത്തിന്റെ കെട്ടകാലം നിലനിൽക്കുന്ന ഈ അവസ്ഥയിലും സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ. കൊടുക്കാൻ തീരുമാനിച്ചു. പെൻഷൻ പരിഷ്കരണം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചതും ഈ കാലഘട്ടത്തിലാണ്. ഇന്ത്യയുടെ ചരിത്രത്തിൽ രേഖപ്പെടുത്താൻപോകുന്ന ഒരു സമരമായിരുന്നു ഫെബ്രുവരി 8-ന് ഡൽഹിയിൽ നടത്തിയത്. വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ജമ്മുകാശ്മീരിലെ മുൻ മുഖ്യമന്ത്രി ഫാറൂഖ് അബ്ദുള്ളയും ഇതിൽ പങ്കെടുത്തു. അതുമാത്രമല്ല, തമിഴ്നാട്ടിലെ മുഖ്യമന്ത്രി ഓൺലൈൻ വഴി അതിൽ പങ്കെടുത്തു. കൂടാതെ പതിനാല് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും അതിൽ പങ്കെടുത്തു. കേരളത്തിൽ നിന്നുള്ള പതിനെട്ട് എം.പി.-മാർ ഡൽഹിയിലുണ്ടായിരുന്നു. കേരളത്തിലെ മൂന്നരക്കോടി മലയാളികൾക്കുവേണ്ടി വാദിക്കാനായി അവിടെത്തിയ ഏതെങ്കിലുമൊരു വ്യക്തിയെ അന്വേഷിക്കാൻ അവർ തയ്യാറായോ? അതിനുള്ള മറുപടി വരുന്ന

പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കും. അതിന് യാതൊരു തർക്കവുമില്ല. ഇവിടെ 'പുഷ്പനെ അറിയാമോ' എന്നാണ് ചോദിക്കുന്നത്, എൽ.ഡി.എഫ്.-ലെ ചില അംഗങ്ങൾ രക്തസാക്ഷിത്വത്തെ വിറ്റ് ഈ സഭയ്ക്കകത്ത് വന്നിരിക്കുകയാണെന്നാണ് ചില പ്രതിപക്ഷാംഗങ്ങൾ അധിക്ഷേപിച്ചത്. ഇവിടെ ആര് ആരെ വിറ്റിട്ടാണ്; ആരുടെ രക്തസാക്ഷിത്വം വിറ്റിട്ടാണ് ഈ സഭയ്ക്കകത്ത് വന്നിരിക്കുന്നതെന്ന് അവരോർക്കുന്നത് നല്ലതാണ്. അതുതന്നെയാണ് ഞങ്ങളിപ്പോൾ ചോദിക്കുന്നത്. നിങ്ങൾ കേരളത്തെ കുഴിമാടമാക്കി മാറ്റിയവരാണ്. അവിടെ നിന്നാണ് ഒരു സൂര്യോദയം ഈ ബഡ്ജറ്റിലൂടെ ഞങ്ങൾ പ്രഖ്യാപിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ നേതാക്കൾക്ക് അത് മനസ്സിലായിട്ടുണ്ട്. വിവരവും വിവേകവുമുള്ള കർണ്ണാടകയിലെ മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ അവിടെയെത്തി. വിവരംകെട്ട പൊട്ടക്കിണറ്റിലെ തവളകളെപ്പോലെ ഞങ്ങൾക്കെതിരെ ശബ്ദമുണ്ടാക്കിയിട്ട് കാര്യമില്ല. ശ്രീമതി നിർമ്മല സീതാരാമൻ അവിടെ വൈറ്റ് പേപ്പർ അവതരിപ്പിച്ചപ്പോൾ അതിനെതിരെ നിങ്ങളുടെ അഖിലേന്ത്യാ പ്രസിഡന്റ് ബ്ലാക്ക് പേപ്പർ അവതരിപ്പിച്ചു.

കേരളംപോലുള്ള സംസ്ഥാനത്തിനെതിരെ കേന്ദ്രസർക്കാർ നടത്തുന്ന നടപടികൾക്കെതിരെയാണ് ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ അവിടെ സംസാരിച്ചത്. അവർക്ക് തിരിച്ചറിവുള്ളതുകൊണ്ടാണ് അപ്രകാരം സംസാരിച്ചത്. നിങ്ങൾക്ക് ആ തിരിച്ചറിവില്ലാതെ പോയി എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഇപ്പോൾ പൊതുജനം നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങളുണ്ട്; അതിലൊന്ന്, ഇന്ത്യയുടെ തെരുവുകളിൽ അലയുന്ന പട്ടികളുടെ ശല്യമാണ്. പട്ടിയെന്ന് പറഞ്ഞാൽ ഇനി കേസ്സെടുക്കുമോയെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ, പറയാതിരിക്കാൻ നിവൃത്തിയില്ല. മറ്റൊന്ന്, മോദി സെൽഫി കാരണം പൊതുയിടങ്ങളിലൂടെ വഴി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. ഏത് ബസ് സ്റ്റാൻഡ്/റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയാലും മോദി സെൽഫി പോയിന്റുകളുണ്ട്. എല്ലാ റേഷൻ കടകളിലും മോദി സെൽഫി പോയിന്റുകൾ ഉണ്ടാകണമെന്ന് വീണ്ടും പ്രഖ്യാപിച്ചിരിക്കുന്നു. എന്താണ് അവർക്കുള്ള അഭിപ്രായം? കേരളത്തിൽ ലൈഫ് മിഷനിലൂടെ അഞ്ച് ലക്ഷം പേർക്ക് വീട് നിർമ്മിച്ച് കൊടുക്കുമെന്ന് പ്രഖ്യാപിച്ച ഗവൺമെന്റാണിത്. അത് കൊടുക്കുകതന്നെ ചെയ്യും. അതിന്

യാതൊരു തർക്കവും വേണ്ട. 'വടക്കുള്ള ദൈവം ഈ വീടിന്റെ ഐശ്വര്യം' എന്ന പോസ്റ്റർ വയ്ക്കണമെന്നാണ് പറയുന്നത്. അതിന് മനസ്സില്ലെന്നാണ് കേരളത്തിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സഭയിൽ വ്യക്തമാക്കിയത്. നിങ്ങൾ ഫണ്ട് നിരോധിച്ചാൽ വേണ്ടിവന്നാൽ ഞങ്ങൾ കടമെടുത്തിട്ടാണെങ്കിലും അത് കൊടുക്കുകതന്നെ ചെയ്യുമെന്ന് പ്രഖ്യാപിക്കാനുള്ള ആർജ്ജവം കേരളത്തിലുണ്ടായി എന്നുള്ളതിൽ അഭിമാനിക്കുന്നു. മറ്റൊരു കാര്യം, ഡൽഹിയിൽ നടന്ന സമരത്തിൽ ശ്രീ. ഫറൂഖ് അബ്ദുള്ള പറഞ്ഞ സുപ്രധാന വാചകമുണ്ട്; അത് നിങ്ങൾ ശ്രദ്ധിക്കുന്നത് നല്ലതാണ്. 'കേരള മുഖ്യമന്ത്രി സംസാരിച്ച ഭാഷ എനിക്കോ ഞാൻ സംസാരിച്ച ഭാഷ അദ്ദേഹത്തിനോ മനസ്സിലാകില്ല. പക്ഷെ, എല്ലാവർക്കും മനസ്സിലാകുന്നൊരു ഭാഷയുണ്ട്, നാം ഒരുമിച്ച് നിന്നില്ലെങ്കിൽ നമ്മുടെയെല്ലാം അതിജീവനം അസാദ്ധ്യമാകും' എന്നാണ് പ്രായമായ ആ മനുഷ്യൻ പ്രഖ്യാപിച്ചത്. അത് നിങ്ങൾ ഓർക്കണം. തൊട്ടടുത്തിരിക്കുന്ന പച്ചധാരികളും ഇക്കാര്യം ഓർക്കുന്നത് ഏറെ നല്ലതാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ മുട്ട്

വിറയ്ക്കലിനെക്കുറിച്ചെല്ലാം സൂചിപ്പിച്ചു. ആരെ കാണുമ്പോൾ ആരുടെ മുട്ടാണ് വിറയ്ക്കുന്നതെന്ന് ശ്രീ. എം. നൗഷാദ് എം.എൽ.എ. സൂചിപ്പിച്ചു. Leonardo da Vinci-യുടെ പ്രസിദ്ധമായ ചിത്രമാണ് 'The Last Supper'. പക്ഷേ നിങ്ങളുടെ കൂടെയിരിക്കുന്നയാൾ Last Lunch-കഴിച്ചിട്ടുവന്നത് നിങ്ങൾ മറന്നുപോകരുത്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ നടത്തിയിട്ടുള്ളത് രാഷ്ട്രീയവഞ്ചനയാണ്. കേരളത്തോട് അനീതി കാണിക്കുന്നവരോടൊപ്പമിരുന്ന് എന്തുംചെയ്യാമെന്ന ധിക്കാരമാണ്. പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ യാതൊരു നയമോ പ്രഖ്യാപനമോ ഇല്ല. എന്നാൽ, അതല്ല കേരളത്തിലെ ബഡ്ജറ്റെന്ന് നിങ്ങൾ ഓർക്കുന്നത് നല്ലതായിരിക്കും. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, തകരില്ല കേരളം, തളരില്ല കേരളം, കേരളത്തെ തകർക്കാൻ നിങ്ങൾക്കാവില്ല. പുതിയൊരു സൂര്യോദയത്തിനുവേണ്ടി ഇത് വളരും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 03.05-ന് പിരിഞ്ഞു.)

* * * * * * *

അനുബന്ധം

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അർഹരായവർക്ക് മുൻഗണനാകാർഡ് വിതരണം ചെയ്യാൻ നടപടി

5 (*155) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായവർക്കെല്ലാം മുൻഗണനാകാർഡ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15,480,040 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. 2011-ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അർഹരായ

മുഴുവൻ കുടുംബങ്ങളെയും ടി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പട്ടികയിലുൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നത് പരിഗണിച്ച് അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന നടപടികൾ കാര്യക്ഷമമായി പുരോഗമിച്ചുവരുന്നു. ഇപ്രകാരം അനർഹരെ ഒഴിവാക്കുന്നതിലൂടെ കണ്ടെത്തുന്ന ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തിവരുന്നു.

(ബി) സ്വമേധയാ സറണ്ടർ പദ്ധതിയിലൂടെ മുൻഗണനാ കാർഡുകൾ സർക്കാരിലേയ്ക്ക് വന്നുചേർന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31-12-2023 വരെ അനർഹമായ 20,639 എ.എ.വൈ കാർഡുകളും 119,856 പി.എച്ച്.എച്ച്. കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ സ്വമേധയാ സറണ്ടർ പദ്ധതിയിലൂടെയും പരിശോധനയിലൂടെയും സർക്കാരിലേയ്ക്ക് വന്നുചേർന്നതും

സർക്കാരിന്റെ കൈവശമുണ്ടായിരുന്നതുമായ മുൻഗണനാകാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലഭ്യമാകുന്ന ഒഴിവുകളിൽ യോഗ്യരായവരിൽനിന്നും അപേക്ഷ സ്വീകരിച്ച് മുൻഗണനാ കാർഡ് നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 470651 പി.എച്ച്.എച്ച് കാർഡുകളും 41146 എ.എ.വൈ കാർഡുകളും നൽകിയിട്ടുണ്ട്.

(ഡി) ഓപ്പറേഷൻ യെല്ലോ പദ്ധതിയിലൂടെ പിടിച്ചെടുത്ത മുൻഗണനാ കാർഡുകളുടെ ഉടമകളിൽനിന്നും ഈടാക്കിയ പിഴ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഓപ്പറേഷൻ യെല്ലോ പദ്ധതി തുടർന്നും നടപ്പിലാക്കുമോ?

ഓപ്പറേഷൻ യെല്ലോ പദ്ധതിപ്രകാരം അനർഹരിൽനിന്നും പിടിച്ചെടുത്ത കാർഡുകൾക്ക് പിഴത്തുകയായി ആകെ 4,19,19,486/- രൂപ ഈടാക്കിയിട്ടുണ്ട്. നിലവിൽ സമാനരീതിയിലുള്ള പരിശോധനകൾ നടന്നുവരുന്നുണ്ട്.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

വെൽഫെയർ സ്ഥാപനങ്ങൾക്ക് റേഷൻ പെർമിറ്റാണ് നൽകുന്നത്. വെൽഫെയർ സ്കീമുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സ്ഥാപനമേലധികാരിയുടെ സാക്ഷ്യപത്രപ്രകാരം ആധാർ അധിഷ്ഠിതമായി റേഷൻകാർഡുകൾ (NPI കാർഡ്) നൽകിവരുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 7559 NPI കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

കാസ്പ്

6 (*156) ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളത്തെ അർഹമാക്കിയ പ്രത്യേക പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും സംസ്ഥാനത്ത് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ?

(എ-ബി) കേരളത്തിൽ സാധാരണ ജനങ്ങളിൽ ഭാരിച്ച ചികിത്സാ ചെലവുകൾമൂലം കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുക, സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ രൂപം നൽകിയ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് എന്നിവയും കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ രൂപം നൽകിയ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന

പദ്ധതിയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 2020 ജൂലൈ മാസം മുതൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ അഷുറൻസ് രീതിയിലാണിത് നടപ്പിലാക്കി വരുന്നത്. നിലവിൽ 4199233 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങൾ ആണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽനിന്ന് ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള ചികിത്സയ്ക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമുമ്പുള്ള 5 ദിവസത്തെ പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്ത് ചികിത്സയ്ക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിലുൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിനുശേഷം

പരമാവധി 15 ദിവസം (ഡോക്ടറുടെ നിർദ്ദേശപ്രകാരം) വരെയുള്ള മരുന്നുകളും പരിശോധനകളും ചികിത്സയും സൗജന്യമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളം അർഹത നേടിയത്. ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനം എന്ന വിഭാഗത്തിൽ തുടർച്ചയായി മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്. പദ്ധതിയുടെ പ്രാരംഭകാലഘട്ടംമുതൽ സംസ്ഥാനത്ത് കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനായി സമഗ്ര ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇതോടൊപ്പം പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംസ്ഥാന-ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർമാർ എന്നിവർക്കായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ, ABCD ക്യാമ്പയിനുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയിലൂടെ പദ്ധതിയെക്കുറിച്ച് സമഗ്രമായ ബോധവൽക്കരണം സമൂഹത്തിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞു. ഇത്തരത്തിൽ ഗുണഭോക്താക്കളുടെയും, എംപാനൽ

ചെയ്ത ആശുപത്രികളുടെയും വർദ്ധനവിലൂടെയാണ് കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരനേട്ടം കേരളത്തിന് കൈവരിക്കാനായത്. കാഴ്ചപരിമിതരായിട്ടുള്ള പദ്ധതി ഗുണഭോക്താക്കൾക്കായി ചികിത്സാ കാർഡ് ബ്രെയിലി ലിപിയിൽ ലഭ്യമാക്കിയതിന് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്ന വിഭാഗത്തിലെ പുരസ്കാരം, അനുവദിച്ച തുകയുടെ പൂർണ്ണവിനിയോഗം നടത്തിയ സംസ്ഥാനം, ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ഏതെങ്കിലും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ വിഭാഗങ്ങളിലും 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി 2022-23-ൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അതിൽ സംസ്ഥാനത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ?

2022-23-ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ആകെ 1,543 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. അതിൽ 151 കോടി രൂപ മാത്രമാണ് കേന്ദ്ര വിഹിതം.

(ഡി) 2021-22, 2022-23 എന്നീ വർഷങ്ങളിൽ ഈ പദ്ധതിക്കായി സംസ്ഥാനം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

2021-22-ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനസർക്കാർ 1,468 കോടി രൂപയുടെയും 2022-23-ൽ 1,543 കോടി രൂപയുടെയും സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

കോഴിക്കോട്, തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി

7 (*157)ശ്രീമതി ഒ. എസ് അംബിക:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ റോഡ് ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും സമഗ്രമായ നഗരവികസനത്തിനും

ഉതകുന്ന മെട്രോറെയിൽ പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ ഇടപെടലുകളുടെ ഫലമായുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്താമോ?

തിരുവനന്തപുരം, കോഴിക്കോട് മെട്രോറെയിൽ പദ്ധതിയുടെ നിർവ്വഹണത്തിനായി കൊച്ചി മെട്രോറെയിൽ ലിമിറ്റഡിനെ (KMRL) ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പ്ലാൻ [Comprehensive Mobility Plan (CMP)] സർക്കാരിന്റെ പരിഗണനയിലാണ്. 2017-ലെ പുതുക്കിയ മെട്രോ നയത്തിന് അനുസൃതമായി വിശദ പദ്ധതിരേഖ [Detailed Project Report (DPR)], ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് [Alternative Analysis Report] എന്നിവ കൊച്ചി മെട്രോറെയിൽ ലിമിറ്റഡ് തയ്യാറാക്കി വരികയാണ്. കോഴിക്കോട് നഗരത്തിന്റെ സമഗ്ര മൊബിലിറ്റി പ്ലാൻ[Comprehensive Mobility Plan(CMP)] തയാറാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം 2024 ഫെബ്രുവരി മാസം 3-ാം തീയതി ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രസ്തുത സ്റ്റേക്ക് ഹോൾഡേഴ്സ്

യോഗത്തിലെ നിർദ്ദേശംകൂടി പരിഗണിച്ച് മാത്രമേ സമഗ്ര മൊബിലിറ്റി പ്ലാനിന് അന്തിമരൂപം നൽകുവാൻ സാധിക്കുകയുള്ളൂ.

(ബി) കോഴിക്കോട്, തിരുവനന്തപുരം മെട്രോറെയിൽ പദ്ധതിയുടെ സാധ്യതാപഠനത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം മെട്രോ റെയിലുമായി ബന്ധപ്പെട്ട 2017-ലെ പുതിയ മെട്രോ നയത്തിന് അനുസൃതമായ മാറ്റങ്ങളോടുകൂടിയ വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി ഡൽഹി മെട്രോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ്(DMRC)-നെ KMRL ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്.

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്രാനുമതി ലഭിക്കുന്നതിനും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികൾക്കുള്ള വിശദപഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് കേന്ദ്രാനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മയക്കുമരുന്നുകളുടെ വിതരണം തടയുന്നതിന് നടപടി

8 (*158) ശ്രീ പി എസ് സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങളും മാർഗ്ഗങ്ങളും ഉപയോഗിച്ച് മയക്കുമരുന്നുകളുടെ വിതരണം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക്വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ

കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിനായി എക്സൈസ് സൈബർസെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ലഹരി വിതരണം നടത്തുന്നതായി സംശയിക്കപ്പെടുന്ന വ്യക്തികളുടെ യാത്രാവിവരങ്ങൾ, സാമ്പത്തിക ഇടപാടുകൾ, ഫോൺ വിവരങ്ങൾ, ടവർ ലൊക്കേഷനുകൾ എന്നിവ ശേഖരിച്ച് എക്സൈസ് ഐ.ടി.സെൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ടെത്തുന്ന സംശയകരമായ വസ്തുക്കൾ DRUG DETECTION KIT ഉപയോഗിച്ച് പ്രാഥമിക പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംശയിക്കപ്പെടുന്ന ആളുകളെ പരിശോധന KIT ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗം കണ്ടെത്തുന്നു. പ്രധാനപ്പെട്ട കേസുകളിൽ എക്സൈസ് ക്രൈംബ്രാഞ്ച് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കുറ്റവാളികൾക്കെതിരെ പരമാവധി തെളിവുകൾ ശേഖരിച്ച് കുറ്റപത്രം സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) പുതിയ സാഹചര്യങ്ങളിൽ ലഹരിമരുന്ന് സംബന്ധിച്ച അന്വേഷണങ്ങൾ ഫലപ്രദമായി നടത്താനാകുംവിധം സംസ്ഥാന എക്സൈസ് വകുപ്പിനെ നവീകരിക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി എക്സൈസ് ക്രൈംബ്രാഞ്ച് യൂണിറ്റ്, എക്സൈസ് ഇന്റലിജൻസ് വിംഗ്, എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ, എക്സൈസ് സൈബർ സെൽ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. DRUG DETECTION KIT-കളുടെ കാര്യക്ഷമമായ ഉപയോഗംവഴി കേസുകൾ കൂടുതൽ കുറ്റമറ്റതാക്കാനും അതുവഴി പ്രതികൾക്ക് തക്കതായ ശിക്ഷ വാങ്ങി നൽകാനും കഴിഞ്ഞിട്ടുണ്ട്. ലഹരി വില്പനക്കാരുടെ ടവർ ലൊക്കേഷൻ കണ്ടെത്തി അവരെ പിടികൂടുന്നതിനും പിടിച്ചെടുത്ത മൊബൈലിൽനിന്നും ലഹരി കൈമാറ്റം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് എന്നിവ വഴിനടക്കുന്ന ലഹരി വില്പന കണ്ടെത്തുന്നതിനും അന്വേഷണ ഉദ്യോഗസ്ഥർക്ക് കേസുകൾ ഫലപ്രദമായി

അന്വേഷണം നടത്തുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന്നതിനും എക്സൈസ് സൈബർ സെല്ലും ഐ.ടി. സെല്ലുകളും ക്രിയാത്മകമായി പ്രവർത്തിച്ചുവരുന്നു.

(സി) പുതിയ കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനായി 1985-ലെ നർകോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 1985-ലെ നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിന്റെ ഷെഡ്യൂളിൽ പുതിയ മയക്കുമരുന്നുകളുടെ പേര് ഉൾപ്പെടുത്തി പട്ടിക പരിഷ്കരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) മയക്കുമരുന്നുകളുടെ നിയന്ത്രണത്തിനായി ശക്തമായ പോലീസ് നടപടികൾക്കൊപ്പം ജനകീയ നിരീക്ഷണവും ബോധവൽക്കരണവും

കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിമുക്തി മിഷന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, യുവജനസന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് സമൂഹത്തെ ഒന്നാകെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിദ്യാലയത്തിന്റെയും

ചുമതല ഒരു എക്സൈസ് ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്. കോളേജ് തലത്തിൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നേർക്കൂട്ടം/ശ്രദ്ധകമ്മിറ്റികളുടെ സഹകരണത്തോടെ കോളേജുകളിൽ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിന് 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. യുവജനങ്ങളെ ലഹരി ഉപയോഗത്തിൽനിന്നും അകറ്റിനിർത്തുക എന്ന ലക്ഷ്യത്തോടെ "ലഹരിക്കെതിരെ കായിക ലഹരി" എന്ന മുദ്രാവാക്യത്തോടെ വിവിധ കായികമത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ വ്യാപകമാക്കുന്നതിന് എൻ.എസ്.എസ്/എസ്.പി.സി/എൻ.സി.സി തുടങ്ങിയ സംഘടനകളുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും വിവിധ മത്സരങ്ങളും

സംഘടിപ്പിച്ചുവരുന്നു. കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ സംസ്ഥാനത്ത് ഭവനസന്ദർശനം നടത്തി ലഹരിക്കെതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്യും അയൽക്കൂട്ടയോഗങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ലഹരിക്കെതിരെ പ്രവർത്തിച്ച് വരുന്നു. ലഹരിവിരുദ്ധ പ്രചാരണം ലക്ഷ്യംവച്ചുള്ള സന്ദേശങ്ങൾ തയ്യാറാക്കി നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്.

തീരദേശ പരിപാലന പ്ലാൻ

9 (*159) ശ്രീ. എ. കെ. എം. അഷ്റഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2019-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സി.ആർ.ഇസഡ്. വിജ്ഞാപനത്തിന് അനുസൃതമായി തീരദേശപരിപാലന പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടില്ലെങ്കിൽ തീരദേശത്തെ കെട്ടിട നിർമ്മാണം, ടൂറിസം എന്നിവയെ അത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ പരിഹരിച്ച് അടിയന്തരമായി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കരട് തീരദേശ പരിപാലന പ്ലാനിന്മേൽ നടത്തിയ പബ്ലിക്ക് ഹിയറിംഗിൽ ലഭിച്ചിട്ടുള്ള പരാതികളും നിർദ്ദേശങ്ങളും പൂർണ്ണമായും പരിശോധിച്ച് തിരുത്തലുകൾ വരുത്തേണ്ടവ ഉണ്ടെന്ന് കാണുന്നവയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പ്രസ്തുത പ്ലാൻ നാഷണൽ സെന്റർ ഫോർ സസ്റ്റെനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ (NCSCM) ടെക്നിക്കൽ സ്റ്റീറിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. കരട് പ്ലാനിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് 2019 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ വരുന്നതാണ്. അതുവരെ തീരദേശത്തെ കെട്ടിട നിർമ്മാണം,

ടൂറിസം മേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയ്ക്ക് CRZ വിജ്ഞാപനം 2011-ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിവരുന്നുണ്ട്.

കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ ലഭ്യമാക്കാൻ നടപടി

10 (*160) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഡോക്ടർമാർ കുറിച്ചുനൽകുന്ന അതേ ബ്രാൻഡ് നെയിം മരുന്നുകൾതന്നെ വൃക്കരോഗികൾ കഴിക്കണമെന്നത് നിർബന്ധമായതിനാൽ ഈ തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

(എ-ബി) കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്ന് ആരോഗ്യവകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടില്ല.

(സി) കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തുടനീളം ഗുണമേന്മയോടുകൂടിയ മരുന്നുകൾ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തനം ആരംഭിച്ചത്. കേരളത്തിലുടനീളം നിലവിൽ 74 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും, (പമ്പ, ശബരിമല സന്നിധാനം സീസണൽ ഫാർമസികൾ ഉൾപ്പെടെ) പ്രസ്തുത ഫാർമസികളിലേയ്ക്കുള്ള മരുന്നുവിതരണം ഏകോപിപ്പിക്കുന്നതിനായി 5 കാരുണ്യ മെഡിസിൻ ഡിപ്പോകളും പ്രവർത്തിക്കുന്നു. കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കാരുണ്യ പ്ലസ്

പദ്ധതി. നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സർക്കാർ ആശുപത്രികളിലാണ് പ്രവർത്തിച്ചുവരുന്നത്. കാരുണ്യയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനായി കൂടുതൽ കേന്ദ്രങ്ങളിൽകൂടി പ്രസ്തുത പദ്ധതിമുഖേന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള സാധ്യതകൾ കോർപ്പറേഷൻ വിലയിരുത്തി വരുന്നു. പൊതുജനങ്ങൾക്ക് പെട്ടെന്ന് എത്തിച്ചേരുവാനും ബുദ്ധിമുട്ടില്ലാതെ മരുന്നുകളും ചികിത്സാസാമഗ്രികളും വാങ്ങുവാനും സാധിക്കുന്നതരത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കെട്ടിടങ്ങൾ കണ്ടെത്തുകയും മരുന്ന് സംഭരണ - വിതരണത്തിന് ഉതകുന്നരീതിയിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ് കോർപ്പറേഷന് മുന്നിലുള്ള അടിയന്തിര ലക്ഷ്യം. ക്യാൻസർ മരുന്നുകൾ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ്ക്കുശേഷം കഴിക്കേണ്ട മരുന്നുകൾ, ഡയാലിസിസ് രോഗികൾക്കുള്ള മരുന്നുകൾ എന്നിവ പ്രത്യേകം സംഭരിച്ച് പ്രത്യേകം കൗണ്ടർ വഴി ഏറ്റവും വിലകുറച്ച് നൽകുന്നതിനുള്ള നടപടികളും പരിശോധിച്ചുവരുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ

11 (*161)ശ്രീ . മുഹമ്മദ് മുഹസിൻ:

ശ്രീ . ഇ. ചന്ദ്രശേഖരൻ:

ശ്രീ. വി. ശശി:

ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് മിഷൻവഴി യുവജനങ്ങളെ തൊഴിലന്വേഷകരിൽനിന്നും വിദഗ്ധരായ തൊഴിൽദാതാക്കളാക്കി മാറ്റി സംസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവാക്കളെ തൊഴിലന്വേഷകരിൽനിന്നും സംരംഭകരാക്കുന്നതിനാവശ്യമായ പദ്ധതികളാണ് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പാക്കിവരുന്നത്. എഞ്ചിനീയറിംഗ്, ആർട്ട്സ് ആൻഡ് സയൻസ്, പ്രൊഫഷണൽ പോളിടെക്നിക്ക്/ഐ.ടി.ഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 466 ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (ഐ.ഇ.ഡി.സി) സ്ഥാപിച്ചിട്ടുണ്ട്. ഇവയിലൂടെ സാങ്കേതിക സംരംഭകത്വ പ്രോത്സാഹനം നൽകി വിദ്യാർത്ഥികളെ

സംരംഭകരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം തുടർന്നുവരികയാണ്. അതിനായി പ്രത്യേക ഇൻക്യുബേഷൻ പ്രോഗ്രാം നടത്തിവരുന്നു. കൂടാതെ ഡിസൈൻപ്രോട്ടോ ടൈപ്പിംഗ് പരിശീലനത്തിനായി തിരുവനന്തപുരത്തും കൊച്ചിയിലും ഫാബ് ലാബുകളും കൊച്ചിയിൽ ഒരു സൂപ്പർഫാബ് ലാബും പ്രവർത്തിച്ചുവരുന്നു.

(ബി) ലോകോത്തര സാങ്കേതികവിദ്യകൾക്കനുസൃതമായി സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളെ ശക്തമാക്കുവാൻ നൈപുണ്യ പരിശീലനവും മറ്റുപിന്തുണകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ?

സ്റ്റാർട്ടപ്പുകൾക്കാവശ്യമായ സാങ്കേതികസഹായം ഓരോ സ്റ്റാർട്ടപ്പുകൾക്കും വ്യത്യസ്തമാണ്. അത് ലഭ്യമാക്കുന്നതിനായി വിദഗ്ധരായ മെന്റർമാരുടെ സഹായം ലഭ്യമാക്കിവരുന്നു. സാങ്കേതികവും അനുബന്ധവുമായ മറ്റ് പരിശീലന പരിപാടികളും തുടർച്ചയായി സംഘടിപ്പിച്ചുവരുന്നു. ആശയം ആദ്യമാതൃകയാക്കി മാറ്റുന്നതിനും അതിനെ മികച്ച ഉൽപ്പന്നമാക്കിമാറ്റുന്നതിനും അത് വിപണിയിലെത്തിച്ച് സംരംഭം

വികസിപ്പിക്കുന്നതിനുമായി വിവിധ ഘടകങ്ങളടങ്ങിയ ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയും നടപ്പിലാക്കിവരുന്നു. സർക്കാരിൽനിന്നും സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ് ലഭ്യമാക്കുന്ന ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് പദ്ധതിയും കോർപ്പറേറ്റുകളിൽനിന്നും സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ് ലഭ്യമാകുന്ന കോർപ്പറേറ്റ് കണക്ട് പദ്ധതിയും നിലവിലുണ്ട്.

(സി) കോളേജുകൾ കേന്ദ്രീകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ്, ആർട്ട്സ് ആൻഡ് സയൻസ്, പ്രൊഫഷണൽ പോളിടെക്നിക്ക്/ഐ.ടി.ഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 466 ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (ഐ.ഇ.ഡി.സി) സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താൽപ്പര്യം വർദ്ധിപ്പിക്കുകയും അതിലൂടെ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സാങ്കേതിക സാമ്പത്തിക വിപണനസഹായം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ

സെന്ററുകളിലൂടെ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ സാങ്കേതിക പരിപാടികളും ധനസഹായവും ലഭ്യമാക്കിവരുന്നു. പ്രസ്തുത ഐ.ഇ.ഡി.സി-കളുടെ വാർഷിക സമ്മേളനം രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥിസംഗമമായാണ് അറിയപ്പെടുന്നത്.

(ഡി) വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ സന്നാഹങ്ങളും വായ്പാ സഹായ പദ്ധതികളും സംസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വനിതാ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് മറ്റ് സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന സഹായങ്ങൾക്കുപരി പ്രത്യേക സഹായങ്ങൾ നൽകിവരുന്നു. 10% അധിക സബ്സിഡിയോടെ സ്ഥലസൗകര്യം, വനിതാ സ്റ്റാർട്ടപ്പുകൾക്കായി വനിതാ പ്രോഡക്ടൈസേഷൻ ഗ്രാന്റ്, പർച്ചേസ് ഓർഡറുകൾക്ക് വിധേയമായി സോഫ്റ്റ്ലോൺ, സീഡ്ഫണ്ട് വായ്പായിന്മേൽ 2 വർഷ മൊറിട്ടോറിയം എന്നിവ വനിതാ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളാണ്. വാർഷിക വനിതാ സമ്മേളനവും സംഘടിപ്പിച്ചുവരുന്നുണ്ട്.

കാലാവധി കഴിഞ്ഞ മരുന്നുകൾ

12 (*162) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല. ആരോഗ്യവകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്) വഴിയാണ് മരുന്നുകളുടെ വിതരണം നടത്തുന്നത്. പ്രസ്തുത സോഫ്റ്റ്വെയറിലൂടെ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല. കമ്പനികളിൽനിന്ന് കെ.എം.എസ്.സി.എൽ ജില്ലാ വെയർ ഹൗസിലേയ്ക്കെത്തുന്ന മരുന്നുകൾ ഉടനെത്തന്നെ സ്ഥാപനങ്ങളിൽ എത്തിക്കുകയും സ്ഥാപനങ്ങളിൽനിന്ന്

വിവിധ യൂണിറ്റുകളിലേയ്ക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. എല്ലാ ആശുപത്രികളിലും മെയിൻ സ്റ്റോക്ക്, സബ് സ്റ്റോക്ക് എന്ന രീതിയിലാണ് മരുന്നുകൾ സംഭരിക്കുന്നത്. മെയിൻ സ്റ്റോറിൽനിന്നും ഒരു ആഴ്ച മുതൽ ഒരു മാസത്തിൽതാഴെ ഉപയോഗത്തിനുള്ള മരുന്നുകളാണ് ഡി.ഡി.എം.എസ് സോഫ്റ്റ്വെയർ വഴി സബ്സ്റ്റോറിലേയ്ക്ക് നൽകുന്നത്. എഫ്.ഇ.എഫ്.ഒ (ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട്) തത്വം പാലിച്ചുകൊണ്ടാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ഡി.ഡി.എം.എസ് സോഫ്റ്റ്വെയറിൽ 6 മാസത്തിനുള്ളിൽ കാലാവധി കഴിയുന്ന മരുന്നുകൾ പ്രത്യേകം അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഫാർമസികളിലും വാർഡുകളിലും മറ്റും മരുന്നുകളുടെ എക്സ്പയറി തീയതി എല്ലാ മാസാവസാനവും പരിശോധിക്കപ്പെടുന്നുണ്ട്. ഏതെങ്കിലും മരുന്നുകളുടെ ഉപയോഗം മന്ദഗതിയിലാവുകയാണെങ്കിൽ കാലാവധിയ്ക്ക് ആറുമാസം മുമ്പ് പ്രസ്തുത മരുന്നുകൾ ആവശ്യമുള്ള സ്ഥാപനങ്ങളിലേയ്ക്ക് ഡി.ഡി.എം.എസ് വഴി കൈമാറ്റം ചെയ്തുവരുന്നു. ഇത്തരം നടപടികളെല്ലാം ഡി.ഡി.എം.എസ്

സോഫ്റ്റ്വെയർ വഴി ചെയ്യുന്നതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ ഒരു കാരണവശാലും വിതരണം ചെയ്യുവാൻ സാധിക്കുകയില്ല.

(ബി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ബാധകമല്ല

വിമാനത്താവളങ്ങളുടെ വികസനം

13 (*163) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. എം. മണി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവളത്തിന് സുരക്ഷാ ക്ലിയറൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ പുരോഗതി വ്യക്തമാക്കുമോ?

ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്ന് "സൈറ്റ് ക്ലിയറൻസ്"

അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ സെക്യൂരിറ്റി ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.ഡി.സി 18-05-2023-ന് തന്നെ സമർപ്പിച്ചിരുന്നു. തുടർന്ന്, 20-07-2023-നും, 11-09-2023-നും ഇതുസംബന്ധിച്ച ഓർമ്മപ്പെടുത്തലുകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നല്കിയിരുന്നു. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സെക്യൂരിറ്റി ക്ലിയറൻസിനുള്ള അപേക്ഷ ഇ-സഹജ് എന്ന ഓൺലൈൻ പോർട്ടലിൽ 10-10-2023-ന് സമർപ്പിച്ചിരുന്നു. സെക്യൂരിറ്റി ക്ലിയറൻസ് കാലതാമസംകൂടാതെ ലഭിക്കുന്നതിന് കേരള ഹൗസിലെ റസിഡന്റ് കമ്മീഷണർ മുഖേനയും ഫോളോ-അപ്പ് നടത്തിവരുന്നു.

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുത്തിട്ടും നിർമ്മാണത്തിനാവശ്യമായ ടെണ്ടർ വിളിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 17-08-2023-നും 03-11-2023-നും ടെണ്ടർ വിളിക്കുകയും 16-12-2023-ന് സാമ്പത്തിക ബിഡ് തുറക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ മേൽനോട്ടത്തിൽ ബിഡ് പരിശോധനയും തുടർനടപടികളും പുരോഗമിക്കുകയാണ്.

(സി) കണ്ണൂർ വിമാനത്താവളത്തിൽനിന്നും വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താനുള്ള പോയിന്റ് ഓഫ് കോൾ അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കണ്ണൂർ വിമാനത്താവളത്തിന് പോയിന്റ് ഓഫ് കോൾ അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. 17-05-2023-ലെ കത്തിലൂടെ ഇക്കാര്യം വീണ്ടും ബഹുമാനപ്പെട്ട കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിരുന്നു. 2024-ലെ പാർലമെന്റിന്റെ ബഡ്ജറ്റ്

സമ്മേളനത്തിൽ ഉന്നയിക്കുന്നതിനായി ഈ വിഷയം എം.പി.-മാരുടെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്.

സി.എസ്.ഇ.പി. സംഘടിപ്പിച്ച സെമിനാർ

14 (*164) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ സോഷ്യൽ ആൻഡ് ഇക്കണോമിക്ക് പ്രോഗ്രസ് (സി.എസ്.ഇ.പി.) സംഘടിപ്പിച്ച ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് ഇൻ ഇന്ത്യ എന്ന സെമിനാറുമായി ബന്ധപ്പെട്ടുവന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കുള്ള ധനവിഹിതം വെട്ടിക്കുറയ്ക്കുവാൻ പ്രധാനമന്ത്രി 14-ാം ധനകാര്യ കമ്മീഷനുമായി ചർച്ചകൾ നടത്തിയിരുന്നുയെന്ന് സെന്റർ ഫോർ സോഷ്യൽ ആൻഡ് ഇക്കണോമിക്ക് പ്രോഗ്രസ് ഇന്ത്യയിലെ സാമ്പത്തിക റിപ്പോർട്ടിംഗിനെക്കുറിച്ച് സംഘടിപ്പിച്ച സെമിനാറിൽ നീതി ആയോഗ് സി.ഇ.ഒ. പരാമർശം നടത്തിയതായുള്ള

മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജൂലൈ മാസത്തിൽ നടത്തിയ സെമിനാറിലാണ് ഈ വെളിപ്പെടുത്തൽ ഉണ്ടായതെന്നാണ് വാർത്ത.

(ബി) പ്രസ്തുത സെമിനാറിൽ നീതിആയോഗ് സി.ഇ.ഒ. നടത്തിയ തുറന്ന് പറച്ചിൽ സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) ധനകാര്യ കമ്മീഷനുമേൽ കേന്ദ്ര ഇടപെടൽ ഉണ്ടാകുകയും സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തതായി പറയപ്പെടുന്ന സംഭവം ഭരണഘടനാവിരുദ്ധവും ഫെഡറൽ സംവിധാനത്തിന് നിരക്കാത്തതുമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത വാർത്ത ശരിയാണെങ്കിൽ ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്നതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കായി വീതംവച്ച് നൽകേണ്ട നികുതിവിഹിതം കുറയ്ക്കണമെന്ന് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നത് അത്യന്തം ഗൗരവമേറിയ കാര്യമാണ്. സംസ്ഥാനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന കേന്ദ്ര നികുതിയിൽനിന്നും സംസ്ഥാനങ്ങൾക്കായി വീതിച്ചുനൽകേണ്ട വിഹിതം സംബന്ധിച്ച്

സ്വാതന്ത്ര്യമായും നീതിയുക്തമായും വിവേചനരഹിതവുമായും തീരുമാനിക്കുന്നതിനായി ഭരണഘടനാപ്രകാരം നിയമിക്കുന്ന ധനകാര്യ കമ്മീഷനുമേൽ ബാഹ്യസമ്മർദ്ദം ചെലുത്തുന്ന സാഹചര്യം അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഈ പ്രവൃത്തി ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള ഫെഡറൽ തത്ത്വങ്ങളുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല.

പി.ആർ.എസ്.വായ്പാ ബാധ്യത

15 (*165)ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) പി.ആർ.എസ്. വായ്പാ ബാധ്യത കർഷകന്റെ ബാധ്യതയായി ബാങ്കുകൾ കണക്കാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബാങ്കുകളിൽ യഥാസമയം തുക അടയ്ക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തുന്ന അവസരത്തിൽ ആയത് കർഷകന്റെ സിബിൽ സ്കോറിനെ

ബാധിക്കുമെന്നും കർഷകന് ബാങ്കുകളിൽനിന്നും വായ്പാകൾ ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുമെന്നുമുള്ള കാര്യം വിശകലനം ചെയ്തിട്ടുണ്ടോ;

(സി) ലോൺവ്യവസ്ഥയിൽ ലഭ്യമാക്കിയ തുകയും പലിശയും തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ബാങ്കുകൾ കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

(എ-സി) ഇല്ല. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയും സംസ്ഥാന സർക്കാരിന്റെ സംസ്ഥാന പ്രോത്സാഹന ബോണസും കൈകാര്യചെലവും ഉൾപ്പെടുന്നതാണ് സംഭരിക്കുന്ന നെല്ലിന്റെ വിലയായി കർഷകർക്ക് നൽകുന്നത്. കേന്ദ്ര സർക്കാരിൽനിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ് വായ്പാ മുഖാന്തരം സപ്ലൈകോ കർഷകർക്ക് സംഭരണവില നൽകുന്നത്. പി.ആർ.എസ് വായ്പാപദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ. കർഷകർക്ക് പി.ആർ.എസ് വായ്പ വഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും അടയ്ക്കുന്നത്

സപ്ലൈകോയാണ്. ആയതിനാൽ കർഷകർക്ക് ബാദ്ധ്യത വരുന്നില്ല. പിന്നീട് ടി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതാണ്. സംഭരിച്ച നെല്ല് മില്ലുകളിൽ കുത്തി അരിയാക്കി പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തി ആയതിന്റെ വിവരങ്ങൾ 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് രേഖപ്പെടുത്തുന്നു. അതിനുശേഷം ത്രൈമാസ ക്ലെയിം തയ്യാറാക്കി നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നത്. കേന്ദ്ര, സംസ്ഥാന വിഹിതം ലഭ്യമാകാൻ കാലതാമസം നേരിട്ടാൽ ബാക്കി തിരിച്ചടവ് തുകയും ആയതിന്റെ പിഴ പലിശസഹിതം തിരിച്ചടച്ച് കർഷകരുടെ "CIBIL Score"-നെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. പി.ആർ.എസ് വായ്പാ കുടിശ്ശികയാകുന്നത് ഒരു വർഷത്തിനുള്ളിൽ തിരിച്ചടവ് നടത്തിയില്ലെങ്കിൽ മാത്രമാണ്. പി.ആർ.എസ് വായ്പാ തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ ഇതുവരെ ജപ്തി നോട്ടീസുകൾ നല്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

16 (*166) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ പുതിയകാല വെല്ലുവിളികളെ നേരിടാൻ കഴിയുന്നവിധം അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ മേഖലയിലുണ്ടാകുന്ന പുതിയകാല വെല്ലുവിളികളെ നേരിടാൻ പര്യാപ്തമായ രീതിയിലാണ് ആരോഗ്യരംഗത്തെ അടിസ്ഥാനസൗകര്യ വികസനം ആർദ്രം പദ്ധതിയിലൂടെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പുതിയകാല വെല്ലുവിളികളെ നേരിടാൻ കഴിയുംവിധം കേരളത്തിന്റെ ആരോഗ്യമേഖല മെച്ചപ്പെട്ടിട്ടുണ്ട് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് കോവിഡ് മഹാമാരിയും നിപ്പയും കേരളം തരണം ചെയ്തത്. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മികച്ച ആയുർദൈർഘ്യമാണ്

കേരളത്തിനുള്ളത്. കേരളത്തിലെ ശിശുമരണനിരക്കും മാതൃമരണനിരക്കും മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെയധികം കുറവാണ്. e-health സംവിധാനം, ഇ-സഞ്ജീവനി എന്നീ പദ്ധതികൾ നടപ്പിലാക്കുകയും ഒപ്പം കേരളത്തിലെ ജനങ്ങളുടെ out of pocket expenditure കുറയ്ക്കുന്നതിനായി വിവിധതരം ചികിത്സാ സൗജന്യ പദ്ധതികളും നടപ്പിലാക്കിവരുന്നു. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ തടയുകയെന്നതാണ് നാം ലക്ഷ്യമിടുന്നത്. ജീവിതശൈലീരോഗങ്ങൾ, പകർച്ചവ്യാധികൾ, പകർച്ചേതരവ്യാധികൾ എന്നിവ തടയാനും നിയന്ത്രിക്കാനും മതിയായ ചികിത്സ പ്രാഥമികതലം മുതൽ നൽകി വരുന്നു. ജീവിതശൈലീരോഗങ്ങൾ NCD ക്ലിനിക്ക് മുഖേന നേരത്തെതന്നെ കണ്ടെത്തുന്നതിനും ആയതിന് മതിയായ ചികിത്സ നൽകാനും കഴിയുന്നുണ്ട്. കേരളീയ ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ വഴി സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ നൽകിവരുന്നു. ഉപആരോഗ്യ കേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നു. 2016

മുതൽ മൂന്ന് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ ഒ.പി. പരിവർത്തനം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് പകർച്ചവ്യാധി പ്രതിരോധവും, നിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനും ഭാവിയിൽ ഉണ്ടായേയ്ക്കാവുന്ന ഇത്തരം മഹാമാരികളെ നേരിടുന്നതിനും കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഓരോ ആരോഗ്യ സ്ഥാപനങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിച്ചുവരുന്നു. എൻ.പി.സി.ബി (National Program for Control of Blindness) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 601 വിഷൻ സെന്ററുകൾ പ്രവർത്തനസജ്ജമാക്കി. പ്രസ്തുത പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൗജന്യ തിമിര ശസ്ത്രക്രിയ, സ്കൂൾകുട്ടികൾക്കും വയോജനങ്ങൾക്കും കാഴ്ച പരിശോധന നടത്തി സൗജന്യകണ്ണട വിതരണം എന്നിവ നടപ്പിലാക്കുന്നു. എല്ലാ

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സൗജന്യനേത്ര പരിശോധന, ഒപ്ടോമെട്രിസ്റ്റിന്റെ സേവനം എന്നിവ ലഭ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ സൗജന്യനേത്ര പരിശോധന നടത്തിവരുന്നു. മെഡിക്കൽ പഠനം നടത്തുന്നതായ വിദ്യാർത്ഥികൾക്ക് നവീന ചികിത്സാ രീതികളും ചികിത്സ ഉപകരണങ്ങളും മരുന്നുകളും അവയുടെ പ്രയോഗവും വിപണിയിൽ ലഭ്യമാകുമ്പോൾത്തന്നെ പരിചയപ്പെടുത്തുകയും പ്രായോഗിക രീതിയിൽ പഠിപ്പിക്കുകയും ചെയ്യുന്നു. കാലഘട്ടത്തിന്റെ ആവശ്യകത അനുസരിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആയുഷ് വകുപ്പ് മുഖേനയും ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സമഗ്രവും മാതൃകാപരവുമായ ഇടപെടലുകൾ കേരളത്തെ ആരോഗ്യമേഖലയിൽ രാജ്യത്തെ മികച്ച സംസ്ഥാനമാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മറ്റ് പല സംസ്ഥാനങ്ങളും കേരളത്തെ മാതൃകയാക്കി നിരവധി ആരോഗ്യ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നു.

ജീവിതശൈലി നിർണ്ണയം, ശ്വാസ്, ആശ്വാസ്, ശിരസ്സ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകവഴി ഇന്ന് നാം നേരിടുന്ന പ്രധാന വെല്ലുവിളികളായ ജീവിതശൈലീരോഗങ്ങളെ മുൻകൂട്ടി നിർണ്ണയിക്കാൻ സാധ്യമാകുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണെന്നതിന്റെ പ്രധാന തെളിവാണ് നീതി ആയോഗ് 2020-21 ഹെൽത്ത് ഇൻഡെക്സിൽ കേരളം 74 പോയിന്റോടുകൂടി ഒന്നാംസ്ഥാനത്ത് നിലനിൽക്കുന്നത്. ആരോഗ്യ മേഖലയിലെ സമഗ്ര വികസനത്തിന്റെ ഭാഗമായാണ് ടി നേട്ടങ്ങൾ കേരളത്തിന് കൈവരിക്കാനായത്. മറ്റേതൊരു സംസ്ഥാനത്തെ അപേക്ഷിച്ചും ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവ ഏറ്റവും കുറഞ്ഞ സംസ്ഥാനം, ആയുർദൈർഘ്യം ഏറ്റവും കൂടിയ സംസ്ഥാനം, സ്ത്രീ-പുരുഷാനുപാതം തുടങ്ങിയ ആരോഗ്യസൂചികകൾ വികസിത രാജ്യങ്ങളോടൊപ്പം താരതമ്യം ചെയ്യാവുന്ന നിരക്കിലാണ്. ഇവ രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാകാനുള്ള കാരണം, ആരോഗ്യമേഖല അത്രയേറെ മികവാർന്ന പ്രവർത്തനങ്ങൾ പ്രാഥമികതലം മുതൽ കാര്യക്ഷമമായി

നിർവ്വഹിക്കുന്നതുകൊണ്ടാണ്. ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്കുള്ള അംഗീകാരമെന്നോണം നിരവധി ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ട്. അതിന് ചില ഉദാഹരണങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

മാതൃശിശുമരണനിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചത്. ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ 7 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. മികച്ച ശിശു സൗഹൃദസേവനങ്ങൾക്ക് സംസ്ഥാനത്ത് ആദ്യമായി കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്-ന് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിക്കുകയുണ്ടായി. ലോക രോഗി സുരക്ഷാ ദിനത്തിന്റെ (World Patient safety Day) ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം പ്രഖ്യാപിച്ചതിൽ കേരളം

രണ്ട് അവാർഡുകൾക്ക് അർഹരായി. ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനത്തേയ്ക്കും പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ, കേരളം റണ്ണർ-അപ്പായും തെരഞ്ഞെടുക്കപ്പെട്ടു.

(സി) ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതിന്റെ ഭാഗമായി ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങളും നയപരമായ തീരുമാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

എല്ലാവർക്കും താങ്ങാവുന്നതും പ്രാപ്യവും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതുവഴി സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ആർദ്രം മിഷൻ. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ ഊന്നൽ

നൽകിയത്. ഇതിൽ ഏറ്റവും പ്രധാന ഘടകമായി ഏറ്റെടുത്തത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയുള്ള പരിവർത്തനമാണ്. ഇതിന്റെ തുടർച്ചയായി സേവനങ്ങളിലും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള സാമൂഹ്യപ്രവർത്തനങ്ങൾക്കുമാണ് ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ലക്ഷ്യംവയ്ക്കുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിക്കുക, ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, ചികിത്സാ ചെലവുകൾ കുറയ്ക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയാണ് രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ. സംസ്ഥാനത്തെ വിവിധ പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ/താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആർദ്രം പദ്ധതി പ്രകാരമുള്ള നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കൂടാതെ മുഴുവൻ

ആരോഗ്യ ഉപകേന്ദ്രങ്ങളെയും ജനകീയാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിച്ചു. ഒരു ജനകീയാരോഗ്യ കേന്ദ്രത്തിൽ (subcentre) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർ (MLSP) എന്നിവരുടെ സേവനം ഉണ്ടായിരിക്കുന്നതാണ്. ആശാ പ്രവർത്തകർ ഈ ടീമിനുവേണ്ട പിന്തുണ നൽകുകയും സമൂഹവുമായുള്ള കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ജനകീയാരോഗ്യകേന്ദ്രം മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്ക് നേതൃത്വം നൽകുകയും കമ്മ്യൂണിറ്റി തലത്തിൽ സേവനങ്ങൾ നൽകുകയും ചെയ്യും. ഗ്രാമങ്ങളിൽ സുശക്തമായ രോഗപ്രതിരോധ സംവിധാനം ഉറപ്പുവരുത്തുന്നതോടൊപ്പം ഒരു പുതിയ ആരോഗ്യ സംരക്ഷണ സംസ്കാരം കൂടി സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി രൂപം നൽകിയ, ജനകീയ ആരോഗ്യക്ലബ്ബുകൾ മുഖേന ബോധവൽക്കരണ ക്ലാസുകൾ, ജീവിതശൈലീരോഗ സ്ക്രീനിംഗ് ക്യാമ്പുകൾ, ഗ്രാമീണരിൽ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക സെഷനുകൾ എന്നിവ നടത്തിവരുന്നു. പകർച്ചവ്യാധി രോഗനിയന്ത്രണ

നിർമ്മാർജ്ജനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. മലേറിയ, കാലാഅസർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധയർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. പുതിയ ജന്തുജന്യരോഗങ്ങൾ അടക്കമുള്ള രോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്താനുള്ള പാരിസ്ഥിതിക-മൃഗജന്യ മനുഷ്യരോഗഘടകങ്ങളും ഒന്നിപ്പിച്ച് പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്ന “One Health Programme' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. "ഹബ്ബ് ആൻഡ് സ്പോക്ക്' രീതിയിലുള്ള ലാബ് സർവ്വീസുകൾ ഏകോപിപ്പിക്കുന്നതിനും റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും മുൻതൂക്കം നൽകുന്നു

(ഡി) ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ആരോഗ്യമേഖലയിൽ ഏറ്റെടുത്തിട്ടുള്ള നവീന സംരംഭങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇ-ഹെൽത്ത് പദ്ധതി

സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ വഴി എല്ലാവർക്കും ആരോഗ്യ തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കിവരുന്നു. ഇതോടൊപ്പം ആരോഗ്യപരമായ ഘടകങ്ങൾ (ഉദാഹരണം-ക്യാൻസർ സ്ക്രീനിംഗ്, ജീവിതശൈലീരോഗങ്ങളുടെ സ്ക്രീനിംഗ്) വിവിധതരം പോർട്ടലുകളിൽ രേഖപ്പെടുത്തിവരുന്നു. ഇ-ഹെൽത്ത് വഴി വിവരശേഖരണം നടത്തി ഡിജിറ്റൽ റെക്കോർഡിലേയ്ക്ക് മാറ്റുമ്പോൾത്തന്നെ ആരോഗ്യ വിവരങ്ങൾ സമഗ്രമായി വിലയിരുത്താൻ കഴിയും. ഇതുവഴി ആരോഗ്യ പദ്ധതികൾ ആസൂത്രണം ചെയ്യാനും രൂപപ്പെടുത്താനും സാധിക്കും. മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്യാനും ആരോഗ്യ പദ്ധതികളുടെ വിശകലനത്തിനും ഇത്തരം

ഡിജിറ്റൽ ഡാറ്റ സഹായകമാകും. ഏകാരോഗ്യ പദ്ധതിവഴിയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പിന്തുണയോടെ പോർട്ടലുകൾ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യസ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ശൈലി ആപ്ലിക്കേഷൻ:

സമൂഹത്തിലെ 30 വയസ്സിനുമുകളിൽ പ്രായമായ എല്ലാവരുടെയും ജീവിത ശൈലീരോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെ (റിസ്ക് ഫാക്ടർ)-ക്കുറിച്ചുമുള്ള വിവരശേഖരണ സർവ്വേ ആശാ പ്രവർത്തകരിലൂടെ തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് ത്രുപ കൽപ്പന ചെയ്യുന്നതാണ് ശൈലി ആപ്പ്. സ്ക്രീനിംഗിൽ രോഗസാധ്യതയുള്ളവരുടെ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കുകയും ചെയ്യു. നിലവിൽ ജീവിതശൈലീരോഗങ്ങളുള്ളവരുടെയും സാധ്യതയുള്ളവരുടെയും കൃത്യമായവിവരങ്ങൾ ഇതുവഴി ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജീവിതശൈലീരോഗങ്ങൾ നേരത്തെതന്നെ കണ്ടുപിടിച്ച്

ചികിത്സിക്കുന്നതുവഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും.

ഓൺലൈൻ മെഡിക്കൽ ബോർഡ് സംവിധാനം

ആരോഗ്യവകുപ്പിന് കീഴിൽ 82 സ്ഥാപനങ്ങളിൽ ഓൺലൈൻ മെഡിക്കൽ ബോർഡുകൾ നടന്നുവരുന്നു.

PMNDP പോർട്ടൽ (Pradhan Mantri National Dialysis Programme:

ഡയാലിസിസ് പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് ഉപയോഗിച്ചുവരുന്നു .

KARS-NET:(Kerala Anti Microbial Resistance Surveillance Net Work)

ആന്റിമൈക്രോബിയൽ സർവെയ്ലൻസിനുവേണ്ടി ഉപയോഗിക്കുന്നു.

ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ

ഇന്ത്യയിലെ ഏതുവിഭാഗത്തിൽപ്പെട്ട ആശുപത്രികളിലും ചികിത്സിക്കപ്പെടുന്ന രോഗികളുടെ വിവരങ്ങൾ പരസ്പരം രോഗിയുടെ സമ്മതത്തോടെ കൈമാറ്റം ചെയ്ത് ഉപയോഗിക്കുന്നതിന് സഹായിക്കുന്നു.

DDMS Portal (Digital Data Management System

ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്ന് വിതരണം ചെയ്യുന്നതിന്റെയും സ്റ്റോക്കിന്റെയും വിശദാംശങ്ങൾ കൂടുതൽ കാര്യക്ഷമമായ മോണിറ്ററിംഗ് ഡി.ഡി.എം.എസ് പോർട്ടൽ വഴി നടത്തിവരുന്നു.

ഹൃദ്യം പദ്ധതി

ജന്മനാ ഹൃദയസംബന്ധമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി, അവരെ ഹൃദ്യം ഓൺലൈൻ പോർട്ടൽ വഴിയായി രജിസ്റ്റർ ചെയ്ത് രോഗതീവ്രതക്കനുസരിച്ച് സർജറി ഉൾപ്പെടെയുള്ള ചികിത്സകൾ സൗജന്യമായി നൽകിവരുന്നു.

ശലഭം പദ്ധതി

സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ശാരീരിക വൈകല്യങ്ങൾ, ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ, കേൾവി, കാഴ്ച, തൈറോയ്ഡ് തുടങ്ങി സമഗ്ര പരിശോധന നടത്തി തുടർചികിത്സ ഉൾപ്പെടെ ഉറപ്പ് വരുത്തുന്നു.

ആശാധാര പദ്ധതി

ഹീമോഫീലിയ രോഗികൾക്ക് മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനും, അവരുടെ രക്തസ്രാവം, ബുദ്ധിമുട്ടുകൾ എന്നിവ നിരീക്ഷിക്കുന്നതിനും രോഗികൾക്ക് നേരിട്ട് ഡോക്ടർമാരുടെ അപ്പോയ്മെന്റ് എടുക്കുന്നതിനും, സംശയനിവാരണത്തിനുമുള്ള പോർട്ടൽ ആശാധാര പദ്ധതി മുഖേന വികസിപ്പിച്ചിട്ടുണ്ട്.

ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (LMS)

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ നവീന സംരംഭങ്ങളിൽ ഒന്നാണിത്. കേരളത്തിലെ ആരോഗ്യ പരിപാലന സംവിധാനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും ആവശ്യാനുസരണവും കൃത്യമായതും സൗകര്യപ്രദമായവിധത്തിലും പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യവകുപ്പും, ദേശീയ ആരോഗ്യ ദൗത്യവും സി-ഡിറ്റുമായി സഹകരിച്ചുവികസിപ്പിച്ചെടുത്ത ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോം ആണ് LMS.

ഇ-സഞ്ജീവനി

പൊതുജനങ്ങൾക്കായി രണ്ട് തരം ടെലി മെഡിസിൻ സേവനങ്ങൾ ഇതിലൂടെ നൽകിവരുന്നു. ഒന്ന് രോഗികൾക്ക് നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന ഇ-സഞ്ജീവനി ഒ.പി.ഡി.-യും രണ്ടാമത്തെത് ഇ-സഞ്ജീവനി AB-HWC (ഡോക്ടർ ടു ഡോക്ടർ) ടെലിമെഡിസിൻ സേവനം. ജില്ലകളിലെ മെഡിക്കൽ കോളേജുകളിലെയും ജില്ലാ/ജനറൽ ആശുപത്രികളിലെയും തിരക്ക് കുറയ്ക്കാനായി ഇ-സഞ്ജീവനി AB-HWC ടെലിമെഡിസിൻ സേവനം ഉപയോഗിക്കാവുന്നതാണ്. ഇതുവഴി പൊതുജനങ്ങൾക്കുമേൽപ്പറഞ്ഞ ആശുപത്രികളിലേയ്ക്കുള്ള സന്ദർശനം ഒഴിവാക്കി സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ലഭ്യമാണ്.

പകർച്ചവ്യാധി രോഗനിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി Integrated Health Information Platform-IDSP സംവിധാനം നടപ്പിലാക്കി. പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങളും ഇപ്പോൾ ഈ സംവിധാനം മുഖേന റിപ്പോർട്ടിംഗ് ആരംഭിച്ചിട്ടുണ്ട്. മലേറിയ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും

നിരീക്ഷണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി IHIP-VBD പോർട്ടൽ സംവിധാനം നടപ്പിലാക്കി. NVHCP പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക പോർട്ടൽ മുഖേന നിരീക്ഷിക്കുന്നു. ചികിത്സാ കേന്ദ്രങ്ങൾ, രക്ത ബാങ്കുകൾ, തുടങ്ങി വിവിധ സ്ഥാപനങ്ങൾ ഈ പോർട്ടൽ മുഖേന വിവരങ്ങൾ രേഖപ്പെടുത്തുകയും, വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ചെയ്യുന്നു.

കേരള ഫിഷറീസ്-സമുദ്രപഠന സർവകലാശാലയുടെ പഠനറിപ്പോർട്ട്

17 (*167) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പതിമൂന്ന് ശതമാനം പ്രദേശങ്ങളും ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നവയാണെന്ന കേരള ഫിഷറീസ്-സമുദ്രപഠന സർവകലാശാലയുടെ പഠനറിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരത്തിൽ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഔദ്യോഗികമായി അംഗീകരിച്ച CESS തയ്യാറാക്കിയ മണ്ണിടിച്ചിൽ സാധ്യതാപ്രദേശ ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതാപ്രദേശങ്ങളുടെ വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

https://sdma.kerala.gov.in/wp-content/uploads/2018/11/ILDM_2014.pdf

https://dsma.kerala.gov.in/hazard-maps/

(സി) ഉരുൾപൊട്ടൽമൂലമുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉരുൾപൊട്ടൽ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി ദുരന്ത നിവാരണ അതോറിറ്റി ചുവടെ പറയുന്ന മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു.

- ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച

പ്രദേശങ്ങളിൽ, മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ മാറ്റണമെന്നുകണ്ടെത്തിയ വീടുകളിൽ താമസിക്കുന്നവർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ നൽകിവരുന്നു.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സർവ്വേയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാപ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാമെന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ വിദഗ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേക പരിശോധന നടത്തുവാൻ ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ ഹസാർഡ് അനലിസ്റ്റ്, തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചീനിയർ എന്നിവർ ചേർന്ന് പൂരിപ്പിക്കേണ്ട സൂചിക 2023-ലെ ഓറഞ്ച് ബുക്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2019-ലെ ശക്തമായ മഴയെതുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യം ആണോ അല്ലയോയെന്ന് വ്യക്തമായ ശാസ്ത്രീയ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. വിദഗ്ധ സംഘം കണ്ണൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശോധന നടത്തി വിവിധ പ്രദേശങ്ങൾ സംബന്ധിച്ച ശിപാർശകൾ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നല്കുകയും അതിന്റെയടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖപ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ദുരന്ത സാധ്യതാപ്രവചനം ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകുവാൻ Location Based

Messaging System എന്ന സാങ്കേതികവിദ്യ നടപ്പാക്കിയിട്ടുണ്ട്. Centre for Earth Science Studies ദുരന്തസാധ്യതാ പ്രദേശങ്ങൾ രേഖപ്പെടുത്തിയ ഭൂപടങ്ങൾ തയ്യാറാക്കി നല്കിയിരുന്നു. ഈ ഭൂപടങ്ങൾ, കേന്ദ്ര ദുരന്തനിവാരണ നിയമം 2005-ന്റെ 23 (1) വകുപ്പ് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികളുടെ ഭാഗമാക്കുകയും 2016-ൽ ഇവയുടെ പൂർണ്ണ ഡിജിറ്റൽ രൂപം ഗ്രഗിൾ എർത്തിൽ ഉപയോഗിക്കത്തക്കരീതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. സംസ്ഥാന ദുരന്തലഘൂകരണ പദ്ധതി 2016-ന്റെ (State Disaster Management Plan, 2016) ചാപ്റ്റർ 3.21.1 പ്രകാരം അതീവ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാമേഖലയായി (Landslide Susceptibility – High Hazard Zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറ ഖനനം നിരോധിക്കണമെന്ന് കേന്ദ്ര ദുരന്തനിവാരണ നിയമം 2005-ന്റെ 22(2)(b) വകുപ്പ് അനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. രണ്ട് ദിവസം തുടർച്ചയായി മഴ പെയ്താൽ, ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലേജുകളിലുള്ള പാറമടക്കുകളിൽ മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതുവരെ പാറ പൊട്ടിക്കുന്നത് നിർത്തിവയ്ക്കുവാൻ ഉത്തരവ്

നൽകുന്നതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്. Kerala Development and Innovation Strategic Council(KDISC)-മായി ചേർന്ന് കേരളത്തിൽ കണ്ണൂർ ജില്ലയിൽ ഉരുൾപൊട്ടൽ മുന്നറിയിപ്പ് പ്രവചന സാങ്കേതികവിദ്യ വികസിപ്പിക്കുന്ന പ്രവർത്തനം നടത്തിവരുന്നു.

ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ

18 (*168) ശ്രീ. പി. പി. സുമോദ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗം തടയുന്നതിനും ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി നടത്തിവരുന്ന ഇടപെടലുകൾമൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

രാജ്യത്ത് ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയവും ഡോക്ടറുടെ മേൽനോട്ടമില്ലാതെയുമുള്ള ഉപയോഗം കൂടുന്നതായി വിവിധ പഠനങ്ങളിൽ

കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പതിനായിരം കോടി രൂപയുടെ മരുന്നുകളാണ് പ്രതിവർഷം വിറ്റഴിക്കപ്പെടുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിരോധം, വീര്യം എന്നിവ അടിസ്ഥാനപ്പെടുത്തി ആന്റിബയോട്ടിക്കിന്റെ ഉപയോഗം ലോകാരോഗ്യ സംഘടന നിജപ്പെടുത്തിയിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം രോഗാണുക്കൾ ആന്റിബയോട്ടിക്കുകൾക്കെതിരെ പ്രതിരോധശേഷി കൈവരിക്കുന്നതിനെയാണ് ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് (AMR) എന്നുപറയുന്നത്. നിശബ്ദ മഹാമാരി എന്നാണ് ലോകാരോഗ്യ സംഘടന AMR-നെ വിശേഷിപ്പിച്ചത്. ലോകാരോഗ്യ സംഘടന മനുഷ്യരാശിയെ ബാധിക്കുന്ന 10 പ്രധാന ഘടകങ്ങളിൽ ഒന്നായി AMR-നെ കണക്കാക്കുന്നു. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050-ഓടെ പ്രതിവർഷം ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കൊണ്ടുമരണപ്പെടുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഇതിന് അടിയന്തരശ്രദ്ധ ആവശ്യമാണെന്ന് മനസ്സിലാക്കി, വളരുന്ന ഈ പ്രശ്നത്തെ നേരിടാൻ സംസ്ഥാനം ഇതിനകംതന്നെ നിരവധി നടപടികൾ

കൈക്കൊണ്ടിട്ടുണ്ട്. എ.എം.ആർ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് രാജ്യത്ത് തെളിവുകൾ സൃഷ്ടിക്കുന്നതിനായി ഗുണനിലവാരമുള്ള നിരീക്ഷണ ഡാറ്റ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ AMR (ആന്റിമൈക്രോബിയൽ റസിസ്റ്റൻസ്) സർവൈലൻസും കേരളത്തിൽ KARSAP (കേരള ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) വഴി ആരംഭിച്ചിട്ടുണ്ട്. AMR action plan തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. KARSAP - കേരള ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ സംസ്ഥാനം പുറത്തിറക്കുകയും കേരളത്തിലെ എ.എം.ആർ-ന്റെ വ്യാപ്തി, തോത്, നിരീക്ഷണം എന്നിവ കണക്കാക്കുന്നതിനായി കേരള ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സർവൈലൻസ് നെറ്റ്വർക്ക് (കാർസ്-നെറ്റ്) സ്ഥാപിക്കുകയും ചെയ്തു. ലോകാരോഗ്യ സംഘടന (WHO)-യുടെ സാങ്കേതിക പിന്തുണയോടെ പൊതു, സ്വകാര്യ മേഖലകളിൽ നിന്നുള്ള 40 ലബോറട്ടറികളിലായി ഈ ശൃംഖല വിപുലീകരിച്ചിട്ടുണ്ട്. ഏകാരോഗ്യം എന്ന ആശയത്തിൽ ഊന്നി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണം, ഫിഷറീസ്,

മലിനീകരണ നിയന്ത്രണം, ഡ്രഗ്സ് കൺട്രോൾ മുതലായ ഡിപ്പാർട്ട്മെന്റുകളുടെ സംയോജിത പ്രവർത്തനമാണ് KARSAP -എ.എം.ആർ പ്രോഗ്രാം-ന്റെ ഭാഗമായി നടപ്പിലാക്കുന്നത്.

KARSAP-ന് കീഴിൽ ആറ് തന്ത്രപ്രധാനമായ മുൻഗണനകളാണുള്ളത്:

1. Awareness & Understanding (ബോധവൽക്കരണവും ധാരണയും)

2. Knowledge & Evidence (അറിവും തെളിവും)

3. INFECTION PREVENTION (അണുബാധ നിയന്ത്രണം)

4. Rational Antibiotic Therapy

5. Research(ഗവേഷണം)

6. Collaboration (സഹകരണം)

ബ്ലോക്ക്തല AMR കമ്മിറ്റികൾ രൂപീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആരോഗ്യ വകുപ്പിനുകീഴിലുള്ള 191 ആരോഗ്യ ഹെൽത്ത് ബ്ലോക്കുകളിൽ AMR കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ്

കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. (SOP) സംസ്ഥാനം പുറത്തിറക്കിയിട്ടുണ്ട്. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗ്ഗരേഖയാണ് പുറത്തിറക്കിയത്. ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കാൻ ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്. ബ്ലോക്ക് മെഡിക്കൽ ഓഫീസർ ചെയർമാനായുള്ള ബ്ലോക്കുതല എ.എം.ആർ. കമ്മിറ്റിയിൽ ആരോഗ്യവകുപ്പ്, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, അക്വാകൾച്ചർ, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളിലെയും ഐ.എം.എ, ഐ.എ.പി, എ.പി.ഐ തുടങ്ങിയവയിലെയും പ്രതിനിധികളുണ്ട്. ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും അണുബാധ നിയന്ത്രണ രീതികളെക്കുറിച്ചും സാർവത്രിക അവബോധം നൽകുകയെന്നതാണ് ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രധാന ലക്ഷ്യം. അംഗീകൃത മെഡിക്കൽ ഓഫീസറുടെ കുറിപ്പടിക്കനുസൃതമായി

മാത്രം ആന്റിബയോട്ടിക്കുകൾ കഴിക്കുക, ആന്റിബയോട്ടിക്‌രഹിത ഭക്ഷണവും വെള്ളവും ഉപയോഗിക്കുക, ഉപയോഗിക്കാത്തതും കാലഹരണപ്പെട്ടതുമായ ആന്റിബയോട്ടിക്കുകളും മരുന്നുകളും സുരക്ഷിതമായി നീക്കം ചെയ്യുക എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് അവബോധം നൽകുന്നു. പ്രതിമാസ ബ്ലോക്ക്തല അവലോകനയോഗങ്ങളിൽ എ.എം.ആർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ബ്ലോക്ക് മെഡിക്കൽ ഓഫീസർ അവലോകനം ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രതിമാസ റിപ്പോർട്ടുകൾ ഡി.എം.ഒ, ബ്ലോക്ക് എ.എം.ആർ കമ്മിറ്റികൾക്ക് സമർപ്പിക്കുകയും പ്രതിമാസ കോൺഫറൻസുകളിൽ വിലയിരുത്തുകയും ചെയ്തുവരുന്നു. ബ്ലോക്കുകളിൽനിന്നുള്ള ഏകീകൃത റിപ്പോർട്ടുകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ ഡി.എച്ച്.എസ്, എ.ഡി.എച്ച്.എസ് മെഡിക്കൽ ആൻഡ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നിവർക്കും റിപ്പോർട്ട് ചെയ്യുന്നു. റിപ്പോർട്ടുകൾ പ്രതിമാസ അടിസ്ഥാനത്തിൽ ഡി.എച്ച്.എസിന്റെ നിർദ്ദേശപ്രകാരം എ.ഡി.എച്ച്.എസ് (മെഡിക്കൽ) വിശകലനം ചെയ്യുകയും തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനായി എസ്.എം.ഒ

കോൺഫറൻസുകളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന തടയുന്നതിനായി ഓപ്പറേഷൻ അമൃത് (OPERATION AMRITH- ANTIMICROBIAL RESISTANCE INTERVENTION FOR TOTAL HEALTH) എന്ന് നാമകരണം ചെയ്ത ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പദ്ധതി ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനായി വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ വഴി (1800 4253 182) പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം 06-01-2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വിൽപ്പന നടത്തുന്നതല്ല എന്ന മുന്നറിയിപ്പ് എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ വ്യാപാരികൾക്ക് കർശനം നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും AMR-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ മാസംതോറും അവലോകനം ചെയ്യുകയും വേണ്ടനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നു. അങ്ങനെ കൂടുതൽ ആശുപത്രികളിലേയ്ക്ക് ഈ ആശയം എത്തിക്കാനും

അവരെയും ആന്റിബയോട്ടിക് സ്മാർട്ട് ആക്കാൻ പ്രചോദനം നല്കാനും തുടർപ്രവർത്തനങ്ങൾ അവരുടെ തലത്തിൽ ഏറ്റെടുത്തു ചെയ്യാനും ആരംഭിച്ചിട്ടുണ്ട്. AMR സർവൈലൻസ് നെറ്റ്‌വർക്ക് വഴി രോഗികളിലെ അണുബാധകളിലെ ആന്റിബയോട്ടിക് സസെപ്റ്റബിലിറ്റി തിരിച്ചറിയാനും സംസ്ഥാനതല ആന്റിബയോഗ്രാം 2021, 2022 വർഷങ്ങളിലേതും എറണാകുളം ജില്ലയുടെ റീജിയണൽ ആന്റിബയോഗ്രാം 2022-ലെയും പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ലാതല ആന്റിബയോഗ്രാം ഉണ്ടാക്കാൻ സാധിക്കുന്നത് രാജ്യത്തുതന്നെ ആദ്യമാണ്. ഈ വിവരങ്ങൾ ലോകാരോഗ്യ സംഘടനയുടെ whonet നല്കുകവഴി ആഗോളതലത്തിലെ ഗവേഷണ പ്രവർത്തനങ്ങളിലും പങ്കാളിയാവാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി മെഡിക്കൽ സ്റ്റോറുകളിൽ കുറിപ്പടിയില്ലാതെ മരുന്ന് വിതരണം ചെയ്യുന്നത് താരതമ്യേന കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി&സി) "ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ"എന്നത് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഒരു ആശയമാണ്. ഇന്ത്യയിൽ ഇത്തരം ഒരു സംരംഭം ആദ്യമാണ്. ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി പ്രഖ്യാപിക്കുന്നതിന് ഒരു FHC/CHC/PHC ചുവടെ ചേർത്തിരിക്കുന്ന 10 മാനദണ്ഡങ്ങൾ പാലിക്കണം.

1. AMR-നെപ്പറ്റി മലയാളത്തിലുള്ള IEC ആശുപത്രിയിൽ പ്രദർശിപ്പിക്കണം.

2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും അണുബാധ നിയന്ത്രണത്തിനെപ്പറ്റി പരിശീലനം സിദ്ധിച്ചവരാകണം.

3. കുറിപ്പടികളുടെ ആഡിറ്റ് മൂന്ന് മാസത്തിലൊരിക്കൽ നടത്തണം.

4. ആശുപത്രിയിൽ അണുബാധ നിയന്ത്രണത്തിനുള്ള കമ്മിറ്റിയും, ആന്റിബയോട്ടിക് സ്റ്റീവാർഡ് ഷിപ്പ് കമ്മിറ്റിയും ഉണ്ടായിരിക്കണം.

5. പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാനുള്ള ക്ലാസ്സുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തണം.

6. OP-യിൽനിന്ന് നല്കിയ ആന്റിബയോട്ടിക്കുകളുടെ മെട്രിക്സ് ലോകാരോഗ്യ സംഘടന ആവശ്യപ്പെടുന്ന അവെയർ (AWaRe)ക്ലാസിഫിക്കേഷൻ പ്രകാരമാണോയെന്ന് മൂന്ന് മാസത്തിലൊരിക്കൽ പരിശോധിച്ചിരിക്കണം.

7. ആശുപത്രി NQAS സർട്ടിഫിക്കറ്റ് ലഭിച്ചതോ, ഒരു വർഷത്തിനുള്ളിൽ നേടാൻ ആസൂത്രണം ചെയ്തതോ ആയിരിക്കണം.

8. ആന്റിബയോട്ടിക്കുകളുടെ അവെയർ (AwaRe) ക്ലാസിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

9. പ്രിസ്ക്രൈബ് ചെയ്യുന്ന ആന്റിബയോട്ടിക്കുകളിൽ 95%-ത്തിലധികം അക്സസ് (Access) കാറ്റഗറിയിൽ നിന്നുള്ളതായിരിക്കണം.

10. പ്രൗഡ് (PROUD) പദ്ധതി അല്ലെങ്കിൽ ശാസ്ത്രീയ രീതിയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നീക്കം ചെയ്യാനുള്ള സംവിധാനം ഉണ്ടായിരിക്കണം.

ബ്ലോക്ക് എ.എം.ആർ കമ്മിറ്റി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്ത് എല്ലാ ആശുപത്രികളെയും ഘട്ടംഘട്ടമായി ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുകയാണ് ലക്ഷ്യമിടുന്നത്. അതിനുള്ള നിർദ്ദേശം നൽകുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറി. തുടർന്ന് പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രവും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറിയിട്ടുണ്ട്.

റെയിൽവേ വികസനം

19 (*169) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിന്റെ സമസ്ത മേഖലകളിലും കേരളത്തെ അവഗണിക്കുന്ന കേന്ദ്രസർക്കാർ നടപടികൾക്കെതിരായി മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ നടന്നുവരുന്ന ഔദ്യോഗിക ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളുടെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിയുമായും ചർച്ചകളും കത്തിടപാടുകളും നടത്തിവരാറുള്ളതാണ്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി 24-03-2022, 2712-2022, 25-03-2023 എന്നീ തീയതികളിൽ കൂടിക്കാഴ്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സിൽവർ ലൈൻ ഉൾപ്പെടെ വിവിധ റെയിൽവേ പദ്ധതികൾക്കായി 30-06-2023-ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതിയിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി ഇക്കാലയളവിൽ രണ്ട്

തവണയായി കേന്ദ്ര റെയിൽവേ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ചർച്ചയിൽ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര മന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചിരുന്നു.

(ബി) സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുകയും അംഗങ്ങൾ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

13-07-2023-ന് ചേർന്ന എം.പി.-മാരുടെ യോഗത്തിൽ അങ്കമാലി-ശബരി റെയിൽ പാതയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും തുക അനുവദിക്കുന്നതിനുംവേണ്ട ഇടപെടൽ നടത്തുന്നതിനും തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട്, കാഞ്ഞങ്ങാട്-കാണിയൂർ പാതകൾക്കുള്ള അംഗീകാരം ലഭ്യമാകുന്നതിനുവേണ്ട സമ്മർദ്ദം ചെലുത്തുന്നതിനും കൂടാതെ റെയിൽവേ ട്രാക്കിനരുകെ ഇ.എച്ച്.ടി ലൈനുകൾ നിർമ്മിക്കുന്നതിന് റെയിൽവേയിൽനിന്ന് അനുമതി ലഭ്യമാക്കുന്നതിനുവേണ്ട ശ്രമം നടത്തുന്നതിനും ധാരണയായിട്ടുണ്ട്. 2024-ലെ പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിൽ ഉന്നയിക്കുന്നതിനായി

റെയിൽവേ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ എം.പി.-മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു.

(സി) വന്ദേഭാരത് ട്രെയിൻ കൃത്യസമയത്ത് സർവ്വീസ് നടത്തുന്നതിനായി തൽസമയമുണ്ടായിരുന്ന ട്രെയിനുകൾ റദ്ദ് ചെയ്യുകയോ പിടിച്ചിടുകയോ ചെയ്യുന്നതുമൂലം സ്ഥിരം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വന്ദേഭാരത് എക്സ്പ്രസ് ആരംഭിച്ചതിനാൽ ഔദ്യോഗികമായി മറ്റ് ട്രെയിനുകൾ റദ്ദാക്കിയിട്ടില്ല. എന്നാൽ ചില ട്രെയിനുകളുടെ സമയക്രമത്തിൽ ചെറിയ മാറ്റങ്ങൾ ആവശ്യമായി വന്നുവെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. വന്ദേഭാരത് എക്സ്പ്രസ് കടന്നുപോകുന്നതിനായി മറ്റ് ട്രെയിനുകൾ സ്റ്റേഷനുകളിൽ നിർത്തിയിടുന്നതായും അതിന്റെഫലമായി സാധാരണ യാത്രക്കാർ പ്രയാസം അനുഭവിക്കുകയും ചെയ്യുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരളത്തിന്റെ റെയിൽവേ വികസനത്തിന് പ്രതികൂലമാകുന്ന നടപടികളിൽനിന്നും പിന്മാറുന്നതിനും കാലാനുസൃതമായ പുതിയ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും കേന്ദ്രത്തിൽ നടത്തിവരുന്ന നിരന്തര ഇടപെടൽ തുടരുമോയെന്ന് വ്യക്തമാക്കാമോ?

കാലാനുസൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നടത്തിവരുന്ന നിരന്തര ഇടപെടൽ തുടരുന്നതായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ

20 (*170) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ട ഗ്രാന്റുകൾ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023 ഡിസംബർ മാസംവരെ അനുവദിക്കാനുള്ള പൊതുആവശ്യ ഫണ്ട് (9 ഗഡു), വികസന ഫണ്ട് (ആകെയുള്ള 3 ഗഡുക്കളിൽ 2 ഗഡു), മെയിന്റനൻസ് ഗ്രാന്റ് (ആകെയുള്ള 3 ഗഡുക്കളിൽ 2 ഗഡു) എന്നിവ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

(ബി) 2023 ആഗസ്റ്റ് മാസത്തിൽ നൽകേണ്ട രണ്ടാം ഗഡു പൂർണ്ണമായും നൽകാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളുടെ 2-ാം ഗഡു പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകാനുള്ള ഗ്രാന്റിന്റെ മൂന്നാം ഗഡു എപ്പോഴാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; ഇത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 3-ാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

തൊഴിലരങ്ങത്തേയ്ക്ക് പദ്ധതി

21 (*171) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം സാധ്യമാക്കുന്നതിന്റെ ഭാഗമായി നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും തൊഴിൽ ശാക്തീകരണവും ലക്ഷ്യമിട്ട് കേരള നോളജ് ഇക്കോണമി മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'തൊഴിലരങ്ങത്തേയ്ക്ക്'. വിവിധകാരണങ്ങളാൽ തൊഴിലിൽനിന്നും വിട്ടുനിൽക്കേണ്ടിവന്ന വനിതകൾക്ക് തിരികെ തൊഴിലിലേയ്ക്ക് പ്രവേശിക്കുന്നതിനായി നൈപുണ്യ പരിശീലന സഹായവും, വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലോ, ഫ്രീലാൻസ് തൊഴിലുകളിലോ പ്രവേശിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള "വുമൺ ഇൻക്ലൂസീവ് ഇൻ ടെക്നോളജി" പദ്ധതിയും കേരള നോളജ് ഇക്കോണമി മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് നിന്നുള്ള വനിതകൾ ഉൾപ്പെടെയുള്ള പ്രൊഫഷണലുകൾക്ക് ആഗോളതലത്തിൽ സ്വീകാര്യത ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതിയുടെ ഭാഗമായി, നോർക്കയും UK-യിലെ നാഷണൽ ഹെൽത്ത് സർവ്വീസ് (NHS)- സും ചേർന്ന് നഴ്സസ് റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടത്തി വരുന്നുണ്ട്. ആഗോളതലത്തിൽ ലഭിച്ച സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത ഒരുവർഷത്തിനുള്ളിൽ ആരോഗ്യരംഗത്തുനിന്നുള്ള 1000 പ്രൊഫഷണലുകളെ വിദേശ രാജ്യങ്ങളിലെ തൊഴിൽമേഖലയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ "പ്രോജക്ട് 1000" എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള ആഗോള സ്വീകാര്യത പ്രയോജനപ്പെടുത്തുന്നതിന് കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തൊഴിലരങ്ങത്തേയ്ക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും തൊഴിൽ ശാക്തീകരണവും ലക്ഷ്യമിട്ട് കേരള നോളജ് ഇക്കോണമി മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'തൊഴിലരങ്ങത്തേയ്ക്ക്'. അഭ്യസ്തവിദ്യരായ സ്ത്രീ

തൊഴിലന്വേഷകരെ കണ്ടെത്തി ആവശ്യമായ പിന്തുണ ഉറപ്പുവരുത്തി അവരെ തൊഴിലിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്. നിലവിൽ 914,937 സ്ത്രീകൾ പദ്ധതിയുടെ ഭാഗമായി ഡി.ഡബ്ല്യു.എം.എസ് (DWMS)-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ച നോളജ് ജോബ് യൂണിറ്റുകൾ വഴി പദ്ധതിയുടെ ഏകോപനം നടത്തുന്നു. നിലവിൽ അൻപതിനായിരത്തിലധികം തൊഴിലന്വേഷകർ ഇതിൽ അംഗങ്ങളാണ്. ഇവർക്ക് ആവശ്യമായ നൈപുണ്യപരിശീലനങ്ങൾ മിഷന്റെ ഡി.ഡബ്ല്യു.എം.എസ് (DWMS) പ്ലാറ്റ്ഫോം വഴി ലഭ്യമാക്കുന്നുണ്ട്. കരിയർ കൗൺസിലിംഗ്, ഭാഷാപരിശീലനം, ഇന്റർവ്യൂ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകി, സ്ത്രീകളെ തൊഴിൽ സജ്ജരാക്കി, തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. ഇതിനോടൊപ്പം പലവിധ കാരണങ്ങളാൽ തൊഴിലിൽനിന്ന് മാറിനിൽക്കേണ്ടി വന്ന സ്ത്രീകളെക്കൂടി തിരികെ തൊഴിലിലേയ്ക്ക്

എത്തിക്കുന്നതിന് 'ബാക്ക് ടു വർക്ക്' പദ്ധതിയും നോളജ് മിഷൻ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) യോഗ്യതകളും ശേഷിയും അടിസ്ഥാനമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താൻ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാകുമെന്ന് വിശദമാക്കാമോ?

ഈ പദ്ധതിയിലൂടെ കൂടുതൽ തൊഴിലന്വേഷകരെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിലിലേയ്ക്ക് എത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇത് പ്രധാനമായും അവരുടെ യോഗ്യതയും ശേഷിയും അടിസ്ഥാനപ്പെടുത്തിയാണ് നടത്തുന്നത്. ഇതിലൂടെ പുതിയ തൊഴിൽമേഖലകളിലേയ്ക്ക് കൂടുതൽ തൊഴിലന്വേഷകരെ എത്തിക്കാൻ കഴിയും. ഇതോടൊപ്പം, പലവിധ കാരണങ്ങളാൽ തൊഴിലിൽനിന്ന് മാറിനിൽക്കേണ്ടിവന്ന സ്ത്രീകളെക്കൂടി തിരികെ തൊഴിലിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി, വർക്ക് നിയർ ഹോം/വർക്ക് ഫ്രം ഹോം തൊഴിലുകൾ കൂടുതലായി ലഭ്യമാവുന്ന സാഹചര്യം സൃഷ്ടിക്കുന്നതും, പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് ശക്തി പകരും.

ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024

22 (*172) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി നടത്തിയ പദ്ധതികളുടെ ഫലമായി ഐ.ടി. മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതികൾ വിശദമാക്കുമോ?

വ്യാവസായിക പ്രസക്തിയുള്ളതും കൂടുതൽ തൊഴിൽ സാധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി അത്തരം മേഖലകൾക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ കഴിഞ്ഞതിന്റെ ഫലമായി ഐ.ടി. മേഖലയിൽ മികച്ച മുന്നേറ്റം കൈവരിക്കുവാനും ഈ മേഖലയിൽ കൂടുതൽ വിദേശനിക്ഷേപങ്ങൾ ആകർഷിക്കുവാനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുവാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 2023-24 കാലയളവിൽ ഏകദേശം പതിമൂവായിരത്തോളം യുവജനങ്ങൾക്ക്, ഡാറ്റ

സയൻസ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജന്റസ്, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് സോഫ്റ്റ്വെയർ ടെസ്റ്റിംഗ് എന്നിങ്ങനെ നിലവിൽ തൊഴിൽസാധ്യത ഏറെയുള്ള വിവിധ മേഖലകളിൽ ഐ.സി.ടി. അക്കാദമി ഓഫ് കേരള നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്. നാന്നൂറോളം അധ്യാപക പരിശീലന പരിപാടികളും ഇതോടൊപ്പം നടത്തുകയുണ്ടായി. ഗൂഗിൾ, ഐ.ബി.എം. തുടങ്ങിയ മുൻനിര ഐ.ടി. കമ്പനികളുമായി ചേർന്ന് അയ്യായിരത്തിലധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ജോബ് ഫെയറുകളിലൂടെ മൂവായിരത്തിഅഞ്ഞൂറോളം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാനും, ആയിരത്തിലധികം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് വഴി പ്രായോഗിക പരിശീലനം നൽകാനും ഈ കാലയളവിൽ സാധിച്ചു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള ബ്ലോക്ക്ചെയിൻ അക്കാഡമി 2020 വർഷം മുതൽ 2024 വർഷം വരെ 18397 വിദ്യാർത്ഥികൾക്ക് ബ്ലോക്ക്ചെയിൻ ടെക്നോളജിയിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇതിൽ 9360 പേർക്ക് ഡെവലപ്പർ പ്രോഗ്രാമുകളിലും 137

പേർക്ക് ആർക്കിടെക്ട് പ്രോഗ്രാമുകളിലും പ്രധാന ഐ.റ്റി. സ്ഥാപനങ്ങളായ റ്റി.സി.എസ്, സോണി, അലയൻസ് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. വിവിധ കോളേജുകളിലായി സ്ഥാപിച്ചിട്ടുള്ള ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് സെന്ററുകളിലായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ സാമ്പത്തിക വർഷം 8000 പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. സാങ്കേതിക മേഖലയിൽ നൽകുന്ന ഇത്തരം പരിശീലനങ്ങളിലൂടെ വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും നൈപുണ്യവും വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും ലക്ഷ്യമിട്ട് 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം. അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സമഗ്രമായ നൈപുണ്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് ശക്തമായ ഒരു പരിശീലന സംരംഭമായി പരിണമിക്കാനാണ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനികൾ (ജി-ടെക്), കാലിക്കറ്റ് ഫോറം ഫോർ ഐടി

(CAFIT) തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധപ്പെട്ട ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികളിലാണ് ഇന്റൈൻ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 60 കമ്പനികളിലായി ഇന്റേൺഷിപ്പ് തസ്തികകളിലേയ്ക്ക് 175 ഉദ്യോഗാർത്ഥികളെ 6 മാസത്തേയ്ക്ക് തെരഞ്ഞെടുക്കുകയും ഇതിൽ 136 ഉദ്യോഗാർത്ഥികൾക്ക് അതേ കമ്പനികളിൽ നിയമനം ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി 2023-24 സാമ്പത്തിക വർഷത്തിൽ നാല് മാസത്തിനുള്ളിൽ 58 കമ്പനികൾ വിവിധ ഇന്റേൺഷിപ്പ് തസ്തികകളിലേയ്ക്ക് 220 ഉദ്യോഗാർത്ഥികളെ വിജയകരമായി റിക്രൂട്ട് ചെയ്യുകയും ചെയ്തു. കഴിഞ്ഞ 10 വർഷത്തിനിടെ ഹയർ സെക്കൻഡറി/കോളേജ്തലത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) നൽകിയ നൈപുണ്യ പരിശീലനം ഇംഗ്ലീഷ് ഭാഷാവൈദഗ്ധ്യത്തിൽ പ്രാവീണ്യം നേടുന്നതിനും അതുവഴി ഐ.ടി. മേഖലയിലെ വ്യക്തികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകമായി. ഇൻഡസ്ട്രിയുടെ ആവശ്യത്തിനനുസരിച്ച് നൈപുണ്യ പരിശീലനം ആവിഷ്കരിച്ച്

നടപ്പിലാക്കിയതിന്റെ ഫലമായി ഇൻഫർമേഷൻ ടെക്നോളജി (ഐ.ടി.), കമ്പ്യൂട്ടർ സയൻസ് എന്നീ നിർണ്ണായക മേഖലകളിലെ തൊഴിൽക്ഷമതയിൽ യഥാക്രമം 68.44%, 66.00% എന്ന രീതിയിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കൈവരിക്കാൻ സാധിച്ചു. സംസ്ഥാനത്തുടനീളം അസാപ് സ്ഥാപിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലെ സെന്റേഴ്സ് ഓഫ് എക്സലൻസ്, നൂതന സാങ്കേതികവിദ്യകളിൽ യുവാക്കൾക്ക് പരിശീലനം നൽകുകയും കേരളത്തെ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ കേന്ദ്രമാക്കി മാറ്റുകയും ചെയ്തു. ഐ.ടി ഉൾപ്പടെയുള്ള മേഖലകളിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകവഴി അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിൽ വിവിധ തൊഴിൽമേഖലകൾക്കാവശ്യമായ നൈപുണ്യശേഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി രാജ്യത്തെ യുവതീയുവാക്കൾ ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെന്ന് ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 സാക്ഷ്യപ്പെടുത്തുന്നു. അതോടൊപ്പംതന്നെ മതിയായ നൈപുണ്യ ശേഷിയുള്ള യുവാക്കളുടെ ലഭ്യത ഉറപ്പാക്കാൻ സാധിച്ചതുവഴി കൂടുതൽ

തൊഴിൽദാതാക്കളും/ കമ്പനികളും കേരളത്തിൽ നിക്ഷേപം നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തൊഴിൽക്ഷമതയെക്കുറിച്ചും നൈപുണ്യ വികസനത്തെക്കുറിച്ചും ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024-ൽ നടത്തിയ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

2024-ലെ ഇന്ത്യ സ്കിൽ റിപ്പോർട്ട്പ്രകാരം പ്രായഭേദമന്യേ സ്ത്രീ-പുരുഷന്മാർ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതാണ്. ഉദ്യോഗാർത്ഥികൾ ജോലി ചെയ്യാൻ താൽപ്പര്യപ്പെടുന്ന ഇന്ത്യൻ നഗരങ്ങളിൽ കൊച്ചി രണ്ടാമതും തിരുവനന്തപുരം നാലാമതുമാണ്. സ്ത്രീജനങ്ങൾ ഏറ്റവും കൂടുതൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന നഗരങ്ങളിൽ കൊച്ചി ഒന്നാം സ്ഥാനത്താണ്. 18 മുതൽ 21 വയസ്സ് പ്രായപരിധിയുള്ള ഉദ്യോഗാർത്ഥികളിൽ ഏറ്റവും തൊഴിൽക്ഷമതയുള്ള സംസ്ഥാനങ്ങളിൽ കേരളം രണ്ടാം സ്ഥാനത്താണ്. ഇംഗ്ലീഷ് സംസാരിക്കുന്നവർ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാം സ്ഥാനത്താണ്. രാജ്യത്തെ കമ്പ്യൂട്ടർ സ്കിൽസുള്ള സംസ്ഥാനങ്ങളിൽ കേരളം മൂന്നാം

സ്ഥാനത്തും നഗരങ്ങളുടെ പട്ടികയിൽ തിരുവനന്തപുരം ഒന്നാം സ്ഥാനത്തുമാണ്. എഞ്ചിനീയറിംഗ്, പോളിടെക്നിക് മേഖലകളിൽ തൊഴിൽ സാധ്യതയുള്ള പ്രതിഭകൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാം സ്ഥാനത്താണ്. നവയുഗ നൈപുണ്യമേഖലകളിലും പൊതുവിജ്ഞാനത്തിലും മുന്നിൽനിൽക്കുന്ന കേരളം വിദ്യാഭ്യാസത്തോടുള്ള സന്തുലിത സമീപനം കാണിക്കുന്നതായി റിപ്പോർട്ട് പരാമർശിക്കുന്നു. നൈപുണ്യപരിശീലനത്തിലും നൈപുണ്യവികസനത്തിലും സർക്കാർ തലത്തിൽ മികച്ച പദ്ധതികളാണ് കേരളത്തിൽ നടന്നുവരുന്നതെന്നും റിപ്പോർട്ട് പറയുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരള സംസ്ഥാനത്ത് യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും തൊഴിൽക്ഷമതയും നൈപുണ്യവും വികസിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചതായും ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 പറയുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ഹയർസെക്കൻഡറി തലത്തിൽ 2.5 ലക്ഷത്തിലേറെ വിദ്യാർത്ഥികൾക്ക് അസാപ് നൈപുണ്യ പരിശീലനം നൽകിയതും റിപ്പോർട്ട്

എടുത്തുപറയുന്നുണ്ട്. സംസ്ഥാനത്തുടനീളം അസാപ് സ്ഥാപിച്ച കമ്യൂണിറ്റി സ്കിൽ പാർക്കുകളിലെ സെന്റേഴ്സ് ഓഫ് എക്സലൻസും നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം ലഭ്യമാക്കുന്നതിൽ രാജ്യത്തുതന്നെ മികച്ച മാതൃകകളാണെന്നും ഇന്ത്യ സ്കിൽ റിപ്പോർട്ട് 2024-ൽ ഉണ്ട്.

(സി) 2011-16 കാലയളവിൽ ഐ.ടി. രംഗത്ത് എത്ര കോടി രൂപയുടെ കയറ്റുമതിയാണ് നടന്നതെന്നും 2016 മുതൽ നാളിതുവരെയുള്ള കയറ്റുമതി എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം ടെക്നോപാർക്കിൽ 2011 മുതൽ 2016 വരെയുള്ള കാലയളവിലെ ഐ.ടി. കയറ്റുമതി 22,493 കോടി രൂപയായിരുന്നു. ഇൻഫോപാർക്ക് കൊച്ചിയിൽ ഈ കാലയളവിലെ ഐ.ടി. കയറ്റുമതി 11,628 കോടി രൂപയും കോഴിക്കോട് സൈബർപാർക്കിൽ ഈ കാലയളവിലിത് 2.77 കോടി രൂപയുമായിരുന്നു. 2016-17 മുതൽ 2022-23 വരെ ലഭ്യമായ കണക്കുകൾപ്രകാരം തിരുവനന്തപുരം ടെക്നോപാർക്കിൽ 56,246 കോടി രൂപയുടെയും ഇൻഫോപാർക്ക് കൊച്ചിയിൽ 40,709 കോടി

രൂപയുടെയും കോഴിക്കോട് സൈബർപാർക്കിൽ 216 കോടി രൂപയുടെയും ഐ.ടി. കയറ്റുമതി ഉണ്ടായിട്ടുണ്ട്.

(ഡി) 2016 മുതൽ നാളിതുവരെ എത്ര ഐ.ടി. പാർക്കുകളും ഐ.ടി. സ്പെയ്സുകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിലൂടെ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-നുശേഷം സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പാർക്കുകളുടെ വികസനത്തിലൂടെ ഐ.ടി. സ്പേസിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിൽ ടെക്നോപാർക്കിൽ ഐ.ടി. ബിൽറ്റ്-അപ്പ് ഏരിയ 12.72 ദശലക്ഷം ചതുരശ്രഅടിയായി ഉയർന്നു. ഈ കാലയളവിൽ ഇത് 4.21 ദശലക്ഷം ചതുരശ്ര അടിയുടെ വർദ്ധനവ് രേഖപ്പെടുത്തുന്നു. ഒപ്പം 22000 ജീവനക്കാരുടെ തൊഴിൽ വർദ്ധനവും രേഖപ്പെടുത്തുന്നു. നിലവിലുള്ള ജീവനക്കാരുടെ എണ്ണം ഏകദേശം 72000 ആണ്. ഇൻഫോപാർക്ക് കൊച്ചിയിൽ 2016 മുതൽ 4959,000 ചതുരശ്രഅടി ഐ.ടി. സ്പേയിസിന്റെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ജീവനക്കാരുടെ എണ്ണം

28000-ൽനിന്നും 67000 ആയി വർദ്ധിക്കുകയുണ്ടായി. കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടി ഐ.ടി. കെട്ടിടം 2017-ൽ നിലവിൽ വന്നു. ഇവിടെ നിലവിൽ 2200-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. ഈ കാലയളവിൽ സംസ്ഥാനത്തെ മൂന്ന് ഐ.ടി.പാർക്കുകളിലുമായി മൊത്തം 509 കമ്പനികളുടെയും ഏകദേശം 63135- ഓളം ജീവനക്കാരുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

23 (*173) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽനിന്നും യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവർ സാധനങ്ങൾ കൈപ്പറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും റേഷൻകാർഡ് മുഖേനയാണ് സബ്സിഡി സാധനങ്ങൾ നൽകിവരുന്നത്. നിലവിലുള്ള മാനദണ്ഡപ്രകാരം എല്ലാ റേഷൻകാർഡ് ഉടമകളും സബ്സിഡി സാധനങ്ങൾ കൈപ്പറ്റുന്നതിന് അർഹരാണ്. റേഷൻകാർഡ് ഉടമകളോ ടി കാർഡിൽ പേരുള്ള കുടുംബാംഗങ്ങളോ ആണ് സപ്ലൈകോ വിൽപ്പനശാലകളിൽനിന്ന് സാധാരണ സബ്സിഡി സാധനങ്ങൾ വാങ്ങുന്നത്. എന്നാൽ പ്രായാധിക്യമുള്ളവർ, അംഗപരിമിതർ, ഗുരുതരമായ അസുഖങ്ങൾമൂലം കിടപ്പിലായവർ എന്നിവർ തങ്ങളുടെ റേഷൻകാർഡ് വിശ്വസ്തരായ വ്യക്തികൾ വശം കൊടുത്തുവിട്ട് സബ്സിഡി സാധനങ്ങൾ ആവശ്യപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സപ്ലൈകോ വിൽപ്പനശാലകളിലെ ബന്ധപ്പെട്ട ഓഫീസർ ഇൻചാർജ്ജ് നിജസ്ഥിതി പരിശോധിച്ച് സബ്സിഡി സാധനങ്ങൾ നൽകാറുമുണ്ട്. സപ്ലൈകോയുടെ വിജിലൻസ്, ആഡിറ്റ് വിഭാഗങ്ങൾ ഇതുസംബന്ധിച്ചുള്ള പരിശോധനകളും യഥാസമയം നടത്തിവരുന്നുണ്ട്. സപ്ലൈകോ വിജിലൻസ് വിഭാഗം 2021 ഒക്ടോബർ മാസത്തെ വാർഷിക സ്റ്റോക്കെടുപ്പിനോടനുബന്ധിച്ച് നടത്തിയ

പരിശോധനയിൽ സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 200 ഔട്ട്ലെറ്റുകളിലെ 142 ജീവനക്കാർക്ക് (ഓഫീസർ ഇൻചാർജ്ജ്) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ബന്ധപ്പെട്ട ഓഫീസർ ഇൻചാർജ്ജ്മാരിൽനിന്ന് ക്രമക്കേടിൽ കണ്ടെത്തിയ തുക FSSR (Free Sale Selling Rate) നിരക്കിൽ സപ്ലൈകോ അക്കൗണ്ടിൽ അടവാക്കിപ്പിച്ചിട്ടുള്ളതും തുക അടയ്ക്കാതിരുന്ന ഓഫീസർ ഇൻചാർജ്ജ്മാർക്കെതിരെ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) നിലവിൽ സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സപ്ലൈകോ വിൽപ്പനശാലകളിൽനിന്ന് സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് അസ്സൽ റേഷൻകാർഡോ ഡിജിലോക്കറിൽ സൂക്ഷിച്ചിട്ടുള്ള റേഷൻകാർഡോ ഹാജരാക്കേണ്ടതാണ്. ഓരോ റേഷൻകാർഡിനും പ്രതിമാസം അർഹമായ സബ്സിഡി വിഹിതം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലുറപ്പ് പദ്ധതി

24 (*174) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും മാതൃകാപരമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് ഏറ്റവും മാതൃകാപരമായി നടപ്പിലാക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തൊഴിൽദിനങ്ങൾ നൽകുന്നതിലും ആധാർ അധിഷ്ഠിത അവിദഗ്ധ വേതന വിതരണത്തിലും ദേശീയ ശരാശരിയെക്കാൾ ഉയർന്ന സ്ഥാനമാണ് സംസ്ഥാനത്തിന്റേത്. വനിതകൾക്ക് തൊഴിൽ നൽകുന്നതിലും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന ശരാശരി തൊഴിൽദിനങ്ങളിലും പട്ടികജാതി കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിലും ദേശീയ തലത്തിൽതന്നെ ഒന്നാം

സ്ഥാനത്താണ് സംസ്ഥാനം. 2022-23 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച 9.50 കോടി തൊഴിൽദിനങ്ങളുടെ സ്ഥാനത്ത് 9.65 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചു. ഈ സാമ്പത്തിക വർഷത്തിന്റെ (2023-24) അവസാനമാകുമ്പോഴേയ്ക്ക് 10.50 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സംസ്ഥാന വിഹിതം ഉപയോഗിച്ച് 100 അധിക തൊഴിൽദിനങ്ങൾ നല്കുന്ന കേരളാ ട്രൈബൽ പ്ലസ് പദ്ധതിയും വളരെ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നു. നീർത്തടാധിഷ്ഠിത പ്ലാനുകൾ തയ്യാറാക്കുന്നതിലും പ്രവൃത്തികളുടെ ജിയോടാഗിംഗ് പൂർത്തീകരിക്കുന്നതിലും കേരളം ഏറ്റവും മികച്ച പ്രവർത്തനം നടത്തിവരുന്നു. അവിദഗ്ധ കായിക തൊഴിൽ ചെയ്തുവരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് പരിശീലനം നല്കി വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനുള്ള "മികവ്" പരിപാടിയും സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണിനെയും ജലത്തെയും ജൈവസമ്പത്തിനെയും സംരക്ഷിക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനുവേണ്ടി 'നീരുറവ്' എന്ന പദ്ധതി ആവിഷ്കരിച്ച്

നടപ്പാക്കുന്നു. രാജ്യത്ത് ആദ്യമായി 100% ഗ്രാമപഞ്ചായത്തുകളിലും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ സംസ്ഥാനം കേരളമാണ്.

(ബി) തൊഴിലുറപ്പ് പദ്ധതി വൈവിധ്യത്തോടെയും പ്രായോഗികമായും നടപ്പാക്കുന്നതിനായി ആവിഷ്കരിച്ച ടൈബൽ പ്ലസ്, നീരുറവ് തുടങ്ങിയ മാതൃകാപദ്ധതികളുടെ വിശദാംശം നൽകുമോ?

തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ അധികമായി അനുവദിക്കുന്ന പദ്ധതിയാണ് കേരള ടൈബൽ പ്ലസ്. പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നടപ്പിലാക്കുന്ന ഈ പദ്ധതി 2018-19 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി വളരെ വലിയ സഹായമായിത്തീർന്നിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഇതുവരെ 25,707 പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാവുകയും 1317 കുടുംബങ്ങൾ ഇതിനകംതന്നെ 200 ദിവസത്തെ തൊഴിൽ

പൂർത്തിയാക്കുകയും, ചെയ്തിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യത്തോടെ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് പ്രകൃതിവിഭവ പരിപാലന പ്രവൃത്തികളാണ്. തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണിനെയും ജലത്തെയും ജൈവസമ്പത്തിനെയും സംരക്ഷിക്കുന്ന പ്രവൃത്തികൾ നീർത്തടാധിഷ്ഠിതമായി സമഗ്രപദ്ധതിരേഖ തയ്യാറാക്കി നടപ്പാക്കുന്നതിന് വേണ്ടിയാണ് 'നീരുറവ്' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാന തൊഴിലുറപ്പ് മിഷനും ഹരിതകേരള മിഷനും ത്രിതല പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന "നീരുറവ്" പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലുൾപ്പെട്ട പ്രവൃത്തികൾ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തനവും ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 'നീരുറവ്' പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഓരോ പ്രദേശത്തെയും ജലലഭ്യത വർദ്ധിക്കുന്നതിനോടൊപ്പം പരിസ്ഥിതിയുടെ പുന:സ്ഥാപനം സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിലെ

തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിനും ഈ പ്രവർത്തനം സഹായകരമാകും.

(സി) കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും തൊഴിൽ ദിനങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളും അതിന്റെ ഫലമായുണ്ടായ നേട്ടങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം 10 കോടി തൊഴിൽ ദിനത്തിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 6 കോടി തൊഴിൽദിനങ്ങളാണ് അനുവദിച്ചത്. എന്നാൽ സംസ്ഥാനം ഇത് മറികടന്നതിനെതുടർന്ന് തൊഴിൽദിനങ്ങൾ 9.50 കോടിയായി കേന്ദ്രം വർദ്ധിപ്പിക്കുകയും സാമ്പത്തിക വർഷം അവസാനമായപ്പോൾ സംസ്ഥാനം 9.65 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. അതിലൂടെ 449,638 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുവാനും സംസ്ഥാനത്തിന് കഴിഞ്ഞു. 2023-24 വർഷത്തേയ്ക്ക് 10.31 കോടി തൊഴിൽദിനങ്ങൾക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 6 കോടി തൊഴിൽദിനങ്ങളാണ്

ആദ്യഘട്ടത്തിൽ അനുവദിച്ചത്. എന്നാൽ ഒക്ടോബർ മാസത്തിൽത്തന്നെ സംസ്ഥാനം ഈ നേട്ടം കൈവരിക്കുകയും വെട്ടിക്കുറച്ച തൊഴിൽദിനങ്ങൾ പുന:സ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് തൊഴിൽദിനങ്ങളുടെ എണ്ണം 8 കോടിയായി വർദ്ധിപ്പിക്കുവാൻ കേന്ദ്രം തയ്യാറായി. എന്നാൽ 2023 ഡിസംബറിൽ കേരളം ഈ ലക്ഷ്യവും കൈവരിച്ചതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 10.70 കോടിയായി ഉയർത്തണമെന്ന് വീണ്ടും ആവശ്യപ്പെടുകയും 2024 ജനുവരി 10-ന് ചേർന്ന കേന്ദ്ര ഗവൺമെന്റിന്റെ എംപവേർഡ് കമ്മിറ്റി സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 9.50 കോടിയായി ഉയർത്തുകയും ചെയ്തു.

ലൈഫ്ഭവന പദ്ധതിയുടെ പുരോഗതി

25 (*175) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ്ഭവന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിടപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിവിധ കേന്ദ്ര/സംസ്ഥാന പദ്ധതികൾകൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31-01-2024 വരെ 493,671 കുടുംബങ്ങൾക്ക് ഭവന നിർമ്മാണസഹായം അനുവദിക്കുകയും 374,508 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 119,163 വീടുകളുടെ നിർമ്മാണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 32 ഭവന സമുച്ചയങ്ങളുടെയും പാർട്ണർഷിപ്പിലൂടെ 3 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം ആരംഭിച്ചു. ഇതിൽ ലൈഫ് മുഖേന നിർമ്മാണം ആരംഭിച്ചവയിൽ 4 ഭവന

സമുച്ചയങ്ങളുടെയും പാർട്ണർഷിപ്പിലൂടെയുള്ളവയിൽ 2 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകി. "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിന്റെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പന്നിയോട് ശ്രീ. സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ 2.50 ഏക്കർ ഭൂമിയിൽ 112 ഭവനങ്ങളും 2 അങ്കണവാടികളുമുൾപ്പെടുന്ന ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 24.99 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഭൂരഹിതരുടെ പുനരധിവാസത്തിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുവാനും പദ്ധതിയിലൂടെ കഴിഞ്ഞു. ഇതിനുപുറമേ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി 2024 ജനുവരി മാസം വരെ വാഗ്ദാനം ചെയ്യപ്പെട്ട 28.636 ഏക്കർ ഭൂമിയിൽ 15.42 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം ഭൂമി ആർജ്ജിച്ചുവരുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നാല് ശതമാനത്തിൽ താഴെമാത്രമാണ് 2024 ജനുവരി മാസം വരെ ചെലവഴിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ലൈഫ് മിഷന്റെ തനത് ശീർഷകങ്ങളിൽ 2023-24 വർഷം വകയിരുത്തിയിട്ടുള്ള 996.26 കോടി രൂപയിൽനിന്നും ചെലവഴിച്ചിട്ടുള്ള 324.21 കോടി രൂപ (32.54%) ഉൾപ്പെടെ നടപ്പുസാമ്പത്തിക വർഷത്തിൽ (2023-24) 31-01-2024 വരെ ഈ പദ്ധതിയ്ക്കായി ആകെ 1966.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിൽ ഇല്ല. ലൈഫ് ഭവനപദ്ധതിയിൽ നിലവിൽ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയും മറ്റുള്ളവർക്ക് 4 ലക്ഷം രൂപയും ഭവനനിർമ്മാണ ധനസഹായമായി നൽകുന്നുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 90 ദിവസത്തെ തൊഴിൽദിനവും കോഴിക്കൂട്,

ആട്ടിൻക്കൂട് എന്നിങ്ങനെയുള്ള ജീവനോപാധികളും കിണർ നിർമ്മിക്കുന്നതിനുള്ള സഹായവും ലഭ്യമാക്കുന്നുണ്ട്. 72,000 രൂപമാത്രം കേന്ദ്ര ധനസഹായം ലഭിക്കുന്ന പി.എം.എ.വൈ (ഗ്രാമീൺ)-ലും 1,50,000 രൂപമാത്രം കേന്ദ്ര ധനസഹായം ലഭിക്കുന്ന പി.എം.എ.വൈ (അർബൻ)-ലും അതതുപോലെ 4 ലക്ഷം അല്ലെങ്കിൽ 6 ലക്ഷം രൂപ ലഭിക്കുന്നവിധം ബാക്കി തുക സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ചേർന്ന് നൽകുന്നുണ്ട്. ലൈഫ് ഗുണഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങളും ലൈഫ് മിഷൻ നിർവ്വഹിക്കുന്നുണ്ട്.

കേരളത്തിൽ എയിംസ് ആരംഭിക്കുന്നതിന് നടപടി

26 (*176) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ അവഗണന തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർപ്രദേശ്, തമിഴ്നാട് എന്നിങ്ങനെ 12-ഓളം സംസ്ഥാനങ്ങൾക്ക് പുതുതായി AIMS അനുവദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യ

വകുപ്പുമന്ത്രി തലത്തിൽ കേന്ദ്ര സർക്കാരുമായി നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കൂടാതെ കിനാലൂരിലെ നിർദ്ദിഷ്ട ഭൂമിയുടെ സാധ്യതാപഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18-05-2022-ലെ കത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള എന്തെല്ലാം പ്രാഥമിക നടപടികളാണ് സംസ്ഥാന സർക്കാർ ഇതിനകം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. കോഴിക്കോട്

ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാകളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും, ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും 17-11-2020-ലെ G.O(Rt)No.2523/2021/H&FWD പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാകളക്ടർ, ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. 26-07-2022-ലെ G.O(Rt)No.722/2022/ID പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്

കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13(PV) എന്ന ശീർഷകം 17-06-2022-ലെ G.O(Rt)No.1414/2022/H&FWD പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യപ്രത്യാഘാതപഠനം പൂർത്തിയായിട്ടുമുണ്ട്.

(സി) സംസ്ഥാനത്തിന് എയിംസ് അടക്കമുള്ള പദ്ധതികൾ ലഭ്യമാക്കുന്നതിൽ കേരളത്തിലെ പാർലമെന്റ് അംഗങ്ങളിൽനിന്നും വേണ്ടത്ര സഹകരണം ലഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് എയിംസ് അടക്കമുള്ള പദ്ധതികൾ ലഭ്യമാക്കുന്ന വിഷയം എം.പി.-മാരുടെ യോഗങ്ങളിലെ അജണ്ടയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ഇത്തരം കേന്ദ്ര പദ്ധതികൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ശ്രമം തുടരുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എയിംസ് അടക്കമുള്ള കേന്ദ്ര പദ്ധതികൾ ആരംഭിക്കുന്നതിന് നിരന്തരമായ പരിശ്രമം സർക്കാർ തുടർന്നുവരുന്നു.

കൊച്ചി മെട്രോയുടെ പ്രവർത്തന പുരോഗതി

27 (*177) ശ്രീ. എ. രാജ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ നിലവിലെ പ്രവർത്തനപുരോഗതി സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കൊച്ചി മെട്രോയുടെ പ്രവർത്തനപുരോഗതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന Priority Projects-ന്റെ അവലോകന യോഗത്തിൽ വിലയിരുത്താറുണ്ട്. പദ്ധതി നടത്തിപ്പിന് നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത യോഗത്തിൽ വച്ചുതന്നെ ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുണ്ട്.

(ബി) 2022-23 വർഷം കൊച്ചി മെട്രോ കൈവരിച്ച സാമ്പത്തിക ലാഭം എത്രയാണെന്ന് വെളിപ്പെടുത്താമോ?

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന ലാഭം (Operational Profit) 5.35 കോടി രൂപയാണ്. ഇത് നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട പലിശ തിരിച്ചടവ്, depreciation, നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് [Non Motorised Transport (NMT)] എന്നീ ചെലവുകൾ ഉൾപ്പെട്ടിട്ടില്ലാത്ത തുകയാണ്.

(സി) കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

കൊച്ചി മെട്രോ രണ്ടാംഘട്ട പദ്ധതി ചെലവ് 1957.05 കോടി രൂപയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റേഷനുകളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ അഞ്ച് എൻട്രി-എക്സിറ്റ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള

വിവിധ ദർഘാസ് നടപടിക്രമങ്ങൾ നടത്തിവരുന്നു. നിലവിൽ പദ്ധതിയുടെ ഓഹരിയിനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും 100 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോയുടെ രണ്ടാംഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കൊച്ചി മെട്രോയുടെ രണ്ടാംഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ 356.21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കലിനുവേണ്ടി 238.25 കോടി രൂപയാണ് ചെലവ് വരുന്നത്. നിലവിൽ രണ്ടാംഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി 85 ശതമാനം സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., കെ.ഡബ്ല്യു.എ. എന്നീ വകുപ്പുകളിലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനു (Utility Shifting) വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സീ-പോർട്ട്, എയർപോർട്ട് റോഡ് വീതി കൂട്ടുന്നതിലേയ്ക്കായി 74 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പാലാരിവട്ടം-കുന്നുംപുറം, സീ-പോർട്ട്, എയർപോർട്ട് റോഡുകളുടെ വീതി കൂട്ടൽനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനം

28 (*178) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്കാരത്തിന്റെ വ്യാപനവും നൂതനജീവിതശൈലിയും കാരണം ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും തരവും ഗണ്യമായി വർദ്ധിച്ചുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലീ മാറ്റത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവും തരവും തിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള പഠനം കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി നടത്തിവരുന്നു. 63 നഗരസഭകളിൽ ക്വാണ്ടിഫിക്കേഷൻ സർവ്വേ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി നഗരസഭകളിൽ പ്രവർത്തി പുരോഗമിക്കുന്നു.

(ബി) 2025 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തുടനീളം എല്ലാ മാലിന്യങ്ങളുടെയും സംസ്കരണം വികേന്ദ്രീകൃതമായി ഉറപ്പാക്കുന്ന ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം രൂപപ്പെടുത്തുന്നതിന് പദ്ധതി വികസിപ്പിച്ചെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെകൂടി ഭാഗമായി വികേന്ദ്രീകൃത ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനായി പ്രോജക്ടുകൾ വച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിർബന്ധമായും അവ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് സമയപരിധി ദീർഘിപ്പിച്ചുനല്കിയിരുന്നു. സാനിറ്ററി, ബേബി & അഡൾറ്റ് ഡയപ്പർ/ഗാർഹിക ബയോമെഡിക്കൽ/ലോഹാവശിഷ്ടങ്ങൾ/മുടി/ പുന:ചംക്രമണ യോഗ്യമായ പ്ലാസ്റ്റിക്ക്/നിർമ്മാർണ്ണാവശിഷ്ടങ്ങൾ/ ഇലക്ട്രോണിക്ക് മുതലായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഏജൻസികളെ എംപാനൽ ചെയ്യുന്നതിലേയ്ക്ക് Expression of Interest (Eol) ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിൽ സാനിറ്ററി ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് 50

പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. നിർമ്മാണാവശിഷ്ടങ്ങൾ (Construction & Demolition waste – C&D Waste) കൈകാര്യം ചെയ്യുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വച്ഛ്ഭാരത് മിഷനിൽ ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പുന:ചംക്രമണ സാധ്യമായ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ക്ലീൻ കേരള കമ്പനിയും സ്വകാര്യ ഏജൻസികളും ചേർന്ന് പ്രതിമാസം ഏകദേശം 8000 ടൺ മാലിന്യങ്ങൾ ശേഖരിക്കുന്നു. സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ഒരു ജില്ലയിൽ കുറഞ്ഞത് 2 ഡബിൾ ചേബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉറവിടത്തിൽ സംസ്കരിക്കാൻ സാധിക്കാത്തവർക്ക് കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 35,554 ഹരിതകർമ്മസേന അംഗങ്ങൾ വാതിൽപ്പടി ശേഖരണ പ്രവർത്തനം നടത്തിവരുന്നു. ഇതിനുപുറമേ നിലവിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം

വിപുലപ്പെടുത്തുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ അംഗീകരിച്ച് നല്കിയിട്ടുണ്ട്.

മിനി MCF -മായി ബന്ധപ്പെട്ട പ്രോജക്ടുകൾ - 488

MCF -കളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ - 2183

RRF-മായി ബന്ധപ്പെട്ട പ്രോജക്ടുകൾ - 228

ഗാർഹിക –കമ്മ്യൂണിറ്റി കമ്പോസ്റ്റ് സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ - 1561

സാനിറ്ററി മാലിന്യസംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ - 720

ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള മറ്റ് പ്രോജക്ടുകൾ - 32876

RDF Plant-കൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വരുന്നു. C&D Waste Collection Facility-കൾ സ്ഥാപിക്കുന്നതിന് 2 കോർപ്പറേഷനുകളിൽ സ്വച്ഛ്ഭാരത് മിഷനിൽ (SBM) പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) പ്രാദേശിക മാലിന്യങ്ങളുടെ ശേഖരണം, നിർമ്മാർജ്ജനം, സംസ്കരണം എന്നിവ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാദേശിക മാലിന്യശേഖരണം, നിർമ്മാർജ്ജനം, സംസ്കരണം എന്നിവ പൂർണമായും ഡിജിറ്റൽ പ്ലാറ്റ് ഫോമിലേയ്ക്ക് മാറ്റുന്നതിന് ഹരിതമിത്രം ആപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് വഴി വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങളെക്കുറിച്ച് അറിവ് ലഭിക്കും. വാർഡുതലം മുതൽ സംസ്ഥാനതലം വരെ ഈ പ്രവർത്തനങ്ങളെല്ലാം ഹരിതമിത്രം ആപ്പ് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിനുകീഴിൽ ഏകോപിപ്പിക്കുന്നു. ഇതുകൂടാതെ സർവൈലൻസ് ക്യാമറകളെയും മാലിന്യസംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ GPS ട്രാക്കിംഗ് സംവിധാനത്തെയും നിരീക്ഷിച്ചുകൊണ്ട് നടപടിയെടുക്കുന്നതിനുള്ള IOT സംവിധാനവും തയ്യാറായി വരുന്നു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഒന്നാംഘട്ടത്തിൽ 376 തദ്ദേശസ്ഥാപനങ്ങളിലും, രണ്ടാംഘട്ടത്തിൽ 216 തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലും മൂന്നാംഘട്ടത്തിൽ നാളിതുവരെ 257 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ വിന്യസിപ്പിച്ചിട്ടുണ്ട്. 127 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ടി ആപ്ലിക്കേഷൻ വിന്യസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വകാര്യസ്ഥാപനങ്ങളുടെ ആപ്ലിക്കേഷൻ മുഖേനയാണ് നിരീക്ഷിക്കുന്നത്. ശേഷിക്കുന്ന 41 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2024 മാർച്ച് 31-നകം ഹരിതമിത്രം ആപ്ലിക്കേഷൻ വിന്യസിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മാലിന്യ സംഭരണം, നീക്കം ചെയ്യൽ, റീ-സൈക്ലിംഗ് എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെയുള്ള പ്രവർത്തനങ്ങൾ വാർഡ് മുതൽ സംസ്ഥാനതലംവരെ ഏകോപിപ്പിക്കാൻ ഹരിതമിത്രം ആപ്പിലൂടെ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

സാധിക്കുന്നതാണ്. ടി ആപ്ലിക്കേഷൻ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വിന്യസിപ്പിക്കുന്നമുറയ്ക്ക് സംസ്ഥാനതലത്തിൽ ഏകോപിക്കാൻ സാധിക്കുന്നതാണ്. വാർഡ്, തദ്ദേശഭരണതലത്തിലുള്ള പ്രവർത്തനങ്ങൾ

നിരീക്ഷിക്കാനും പരാതി പരിഹരിക്കാനും സാധിക്കുന്നതാണ്. ഓരോ തദ്ദേശസ്ഥാപനത്തിലും നടക്കുന്ന മാലിന്യസംസ്കരണ പ്രവർത്തനത്തിന്റെ ദൈനംദിന പുരോഗതി വിലയിരുത്താനും വേണ്ട നിർദ്ദേശങ്ങൾ തൽസമയം നൽകാനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തനങ്ങൾ വിലയിരുത്താനും സാധിക്കും.

പി.എസ്.സി.യുടെ നവീകരണം

29 (*179) ശ്രീ. എം. നൗഷാദ്:
ശ്രീ. വി. ജോയി:
ശ്രീ. എ. രാജ:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ധനകാര്യ അഡീഷണൽ സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെത്തുടർന്ന് അന്നത്തെ പി.എസ്.സി. ചെയർമാനെതിരെ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിരുന്നോ?

ഉണ്ട്. സാമ്പത്തിക ക്രമക്കേടുകളിൽ അന്നത്തെ ചെയർമാനും ഉത്തരവാദിത്ത്വമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇതുസംബന്ധിച്ച് പരിശോധന നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയോട് അഭ്യർത്ഥിക്കാമെന്ന ശിപാർശ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിരുന്നു. കമ്മീഷനിൽ സ്പെഷ്യൽ ഓഡിറ്റ് നടത്താൻ അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

(ബി) 2016 മുതൽ പി.എസ്.സി.-യിൽ നടത്തിവരുന്ന നവീകരണവും ആധുനികവൽക്കരണവും എന്തെല്ലാമെന്ന് വിശദമാക്കാമോ?

2016 മുതൽ പി.എസ്.സി.-യിൽ നടത്തിവരുന്ന നവീകരണ-ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി e-vacancy software സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

2. പരീക്ഷാ കലണ്ടർ മൂന്ന് മാസം മുമ്പ് മുൻകൂറായി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തുവരുന്നു. പരീക്ഷ എഴുതുമെന്ന് ഉറപ്പുള്ള ഉദ്യോഗാർത്ഥികളിൽനിന്നും പ്രൊഫൈൽ മുഖേന കൺഫർമേഷൻ സ്വീകരിച്ചശേഷംമാത്രം പരീക്ഷയ്ക്ക് അഡ്മിറ്റ് കാർഡ് പ്രൊഫൈൽ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നു.

3. തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച് കഴിവതും ഒരു വർഷത്തിനകം പരീക്ഷ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യൂണിഫോംഡ് തസ്തികകൾക്ക് വാർഷിക സെലക്ഷൻ നടത്തി വരുന്നു.

4. വാർഷിക പരീക്ഷാ കലണ്ടർ പ്രഖ്യാപിക്കുന്നതിലൂടെ ഉദ്യോഗാർത്ഥികൾക്ക് വളരെ നേരത്തെതന്നെ പരീക്ഷകൾക്കായി തയ്യാറാകാൻ കഴിയുന്നുണ്ട്.

5. അപേക്ഷകളുടെ എണ്ണംകൂടി കണക്കിലെടുത്ത് ചില തസ്തികകൾക്ക് ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. ഇത്തരം തസ്തികകളിൽ അതിവേഗം മൂല്യനിർണ്ണയം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയുന്നു.

6. പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച ആക്ഷേപങ്ങളും ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ മുഖേന നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

7. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി 'Exam Management Software' കമ്മീഷൻ വികസിപ്പിച്ചിട്ടുണ്ട്.

8. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി വ്യക്തമായി തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. റാങ്ക് പട്ടികകളിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിനായി 'e-Rotation' സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. നിയമനശിപാർശകളുടെ സോഫ്റ്റ്കോപ്പി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കിവരുന്നു.

10. റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസുകളുടെ പകർപ്പ്, പുന:പരിശോധന എന്നിവയ്ക്കായി ഉദ്യോഗാർത്ഥികൾക്ക്

പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

11. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമന പരിത്യാഗ അപേക്ഷകൾ സമർപ്പിച്ചാൽ ആയത് ലഭ്യമായവിവരം അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ മുഖാന്തരം അറിയിപ്പ് നൽകുന്നു.

(സി) പി.എസ്.സി.-യുടെ പശ്ചാത്തല സാങ്കേതികസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തസ്തിക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കരുതൽതടങ്കലിൽ വയ്ക്കുന്നതിനുള്ള മാനദണ്ഡം പാലിക്കാൻ നടപടി

30 (*180) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

രാജ്യത്തിന്റെ സുരക്ഷയ്ക്കും ക്രമസമാധാന പരിപാലനത്തിനും വിഘാതമായി പ്രവർത്തിക്കുന്നവർ, സേവനങ്ങളും അവശ്യസാധനങ്ങളും സമൂഹത്തിന് ലഭ്യമാകുന്നത് തടസ്സപ്പെടുത്തുന്നവർ, സംഘടിത കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്നവർ, സ്ഥിരമായി മയക്കുമരുന്ന് കടത്ത്, ഉൽപ്പാദനം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നടത്തുന്നവർ, രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുംവിധം നിയമ വിരുദ്ധ ഇറക്കുമതി, കയറ്റുമതി തുടങ്ങിയ കള്ളക്കടത്ത് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ തുടങ്ങിയ കുറ്റവാളികൾക്കെതിരെ 1980-ലെ National Security Act (NSA), 1988-ലെ The Prevention of Illicit Trafffic in Narcotic Drugs and Psychotropic Substances Act (PIT NDPS Act), 1974 ലെ The Conservation of Foreign Exchange and Prevention of Smuggling Activities act (COFEPOSA), 2007 ലെ Kerala Anti-Social Activities (Prevention) Act (KAAPA) തുടങ്ങിയ നിയമങ്ങൾപ്രകാരം കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

പോലീസിന് നേരിട്ടെടുക്കാവുന്ന ഒരു കുറ്റകൃത്യം ഏതെങ്കിലും വ്യക്തി കുറ്റം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെയും കരുതലോടെയും സംശയാസ്പദമായ സാഹചര്യത്തിൽ നിൽക്കുന്നതായി കാണപ്പെടുകയും ആയത് മറ്റുവിധത്തിൽ തടയാൻ കഴിയില്ലായെന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് ബോധ്യമാകുന്നപക്ഷം ക്രിമിനൽ നടപടിക്രമം 151 പ്രകാരവും കരുതൽ തടങ്കൽനടപടികൾ സ്വീകരിക്കാവുന്നതാണ്. കേരള പോലീസ് ആക്ട് സെക്ഷൻ 40 പ്രകാരം പൊതുജനങ്ങൾ ഹാജരുള്ള സ്ഥലത്ത് അഞ്ചോ അതിലധികമോ ആളുകൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ നൽകിയ ഏതെങ്കിലും നിർദ്ദേശം ചെറുക്കുകയോ നിരസിക്കുകയോ അല്ലെങ്കിൽ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ, കേരള പോലീസ് ആക്ടിലെയൊ മറ്റേതെങ്കിലും നിയമത്തിലെയോ ഏതെങ്കിലും വ്യവസ്ഥപ്രകാരം അയാൾക്ക് കൈക്കൊള്ളാവുന്ന മറ്റേതെങ്കിലും നടപടിയെ ബാധിക്കാതെതന്നെ അത്തരം ആളുകളെയും നീക്കം ചെയ്യിക്കാവുന്നതാണ്.

(ബി) മുഖ്യമന്ത്രിയുടെ പരിപാടിയുടെ മുന്നോടിയായി പ്രമുഖ പ്രതിപക്ഷ യുവജനസംഘടനാ പ്രവർത്തകരെ അനധികൃതമായി കരുതൽ തടങ്കലിൽ

വച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിയമപ്രകാരമാണോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സുപ്രീംകോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രമുഖ പ്രതിപക്ഷ യുവജനസംഘടനാ പ്രവർത്തകരെ അനധികൃതമായി കരുതൽ തടങ്കലിൽ വയ്ക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സുപ്രീംകോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ അനധികൃതമായി കരുതൽ തടങ്കലിൽ പാർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിവിധ വകുപ്പുകളിൽ നിർത്തലാക്കിയ തസ്തികകൾ

1 (2044) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 ഡിസംബർ 31 വരെ എത്ര തസ്തികകൾ ഏതെല്ലാം വകുപ്പുകളിൽ നിർത്തലാക്കിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2016 മേയ് മുതൽ ഇതുവരെ 30,000-ത്തോളം പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്. എന്നാൽ, അനിവാര്യമല്ലാത്തതും കാലഹരണപ്പെട്ടതും ആവശ്യമില്ലാത്തതുമായ ചില തസ്തികകൾ ഒഴിവാക്കി പുതിയത് സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല.

(ബി) മേൽപറഞ്ഞ കാലയളവിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മാത്രം ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം നിർത്തലാക്കിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സാഹചര്യത്തിലാണ് ഈ തസ്തികകൾ നിർത്തലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ 2021 വർഷത്തിൽ 220 തസ്തികകൾ അബോളിഷ് ചെയ്തിട്ടുണ്ട്.

ഇ-ഫയൽ/ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽ വന്നശേഷം പൊതുഭരണ സെക്രട്ടേറിയറ്റിൽ വന്ന വ്യത്യാസം, ജോലിഭാരം ഏകീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

സമർപ്പിച്ച നിർദേശങ്ങളുടെയും ടി നിർദേശങ്ങൾ സംബന്ധിച്ച് പഠിക്കാൻ രൂപീകരിച്ച സമിതിയുടെ വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അബോളിഷ് ചെയ്തത്. വിവിധ വകുപ്പുകളിൽ ആവശ്യം വരുന്നമുറയ്ക്ക് ഇതേ തസ്തികയോ മറ്റ് തസ്തികകളോ പകരം സൃഷ്ടിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനത്തിലേക്കായി സൃഷ്ടിച്ച ഒരു അഡീഷണൽ സെക്രട്ടറി തസ്തികയും 2 അണ്ടർ സെക്രട്ടറി തസ്തികകളും ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം പൂർത്തിയായതിനെതുടർന്ന് 2021-ൽ നിർത്തലാക്കിയിരുന്നു.

നിയമ വകുപ്പിൽ 2016-ൽ ഒരു റോണിയോ ഓപ്പറേറ്റർ തസ്തികയും 2021-ൽ ഒരു ദഫേദാർ തസ്തികയും (ഇതരസേവനം) നിർത്തലാക്കിയിട്ടുണ്ട്. ദഫേദാർ തസ്തിക കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിലും കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിലെ റോണിയോ ഓപ്പറേറ്റർ തസ്തികയ്ക്ക്

(ഇതരസേവനം) ധനകാര്യ വകുപ്പ് തുടർച്ചാനുമതി നൽകാത്ത സാഹചര്യത്തിലുമാണ് നിർത്തലാക്കിയത്.

സുസ്ഥിര വികസനമേഖലയിൽ കേരള മോഡൽ വികസനം

2 (2045) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ . കെ .ഡി .പ്രസേനൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ എം എസ് അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസനം ലക്ഷ്യമിട്ട് സംസ്ഥാനം കൈവരിച്ച പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ?

നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയിൽ (SDG India Index) തുടർച്ചയായി മൂന്നാം വർഷവും കേരളം ഒന്നാം സ്ഥാനം നിലനിർത്തി. നീതി ആയോഗ് പ്രസിദ്ധീകരിച്ച ബഹുമുഖ ദാരിദ്ര്യ സൂചിക (Multi-Dimensional Poverty Index) 2019-20-ൽ കേരളം ഒരിക്കൽക്കൂടി രാജ്യത്തെ അതിദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി. ഇത് സംസ്ഥാനത്തിന്റെ ആകെ പുരോഗതി പ്രതിഫലിപ്പിക്കുന്നതും സാമൂഹിക

സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ സർക്കാർ നടത്തി വരുന്ന ഉത്തമ മാതൃകകളുടെ പ്രതിഫലനവുമാണ്.

(ബി) സുസ്ഥിര വികസനത്തിന്റെ കേരള മോഡൽ രാജ്യത്ത് മാതൃകയാക്കേണ്ടതാണെന്ന് നീതി ആയോഗ് ഉപാദ്ധ്യക്ഷൻ മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നവകേരളം കർമ്മ പദ്ധതിപോലെയുള്ള പരിപാടികളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നു. ആർദ്രം (ആരോഗ്യം), ലൈഫ് (ഭവനം), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാഭ്യാസം), ഹരിതകേരളം (ശുചിത്വം, ജലം, കൃഷി എന്നിവ ഉൾപ്പെടുന്ന) മിഷനുകളിലൂടെ പ്രധാന സാമൂഹിക മേഖലകളിലെ പ്രശ്നങ്ങൾ ഊർജ മിഷൻ, 'സൗര', 'ഫിലമെന്റ് ഫ്രീ കേരള' തുടങ്ങിയ സംരംഭങ്ങൾ സംസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ കുടുംബശ്രീ (സ്ത്രീ അയൽക്കൂട്ടങ്ങൾ) കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്ന ജനകീയ ഭക്ഷണശാലകൾ (ഹോട്ടലുകൾ) വഴി സംസ്ഥാനത്ത് ആരും

പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പാക്കാനും വിശപ്പുരഹിത കേരളം പദ്ധതി നടപ്പിലാക്കാനും കഴിഞ്ഞു. വിദ്യാഭ്യാസ ശാക്തീകരണത്തിനും ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആരോഗ്യമേഖലകളിലെ സർക്കാർ ഇടപെടലുകളും വികേന്ദ്രീകൃതാസൂത്രണവും ജനപങ്കാളിത്തത്തോടെയുള്ള സർവ്വതല സ്പർശിയായ വികസന സമീപനവുമാണ് ഉയർന്ന മാനവ വിഭവസൂചികകൾ കൈവരിക്കാനും നിലനിർത്താനും കേരളത്തെ പ്രാപ്തമാക്കുന്നത്. ഇത്തരം പദ്ധതികളിലൂടെ സുസ്ഥിര വികസനത്തിന്റെ കേരള മോഡൽ രാജ്യത്തിന് മാതൃകയാണെന്ന അഭിപ്രായം നീതി ആയോഗ് ഉപാദ്ധ്യക്ഷ്യന്റെ മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) 2016 മുതൽ സുസ്ഥിര വികസനം ലക്ഷ്യം വച്ചുകൊണ്ട് കിഫ്ബി വഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വൻകിട പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള 100 കോടി രൂപയ്ക്കുമുകളിലുള്ള വൻകിട പദ്ധതികളുടെ

പ്രവൃത്തിയുടെ പുരോഗതി ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറച്ചതും കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതുംമൂലം ഉണ്ടാകുന്ന സാമ്പത്തിക ഞെരുക്കം സുസ്ഥിര വികസനമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

നികുതി വിതരണത്തിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാത്തതും, കാലാകാലങ്ങളിലുള്ള ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽവന്ന കുറവും, GST നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ കമ്മിഗ്രാന്റിൽ വന്ന കുറവും സംസ്ഥാനത്തിന്റെ സുസ്ഥിര വികസന മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതായി വിലയിരുത്തിട്ടുണ്ട്.

(ഇ) എങ്കിൽ കേന്ദ്രസർക്കാരിന്റെ നയവൈകല്യംമൂലം സംസ്ഥാനത്തെ സുസ്ഥിര വികസനമേഖലയിൽ തിരിച്ചുപോക്ക് ഉണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനം ഭീകരമായ വെല്ലുവിളികളെ നേരിടുമ്പോഴും കേരള മോഡൽ വികസനത്തിന്റെ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിൽ കേന്ദ്രീകൃതമായ അടിസ്ഥാനസൗകര്യ വികസനത്തിനും വളർച്ചയ്ക്കുംവേണ്ടി സർക്കാർ ഉറച്ച നിലപാട് കൈക്കൊള്ളുന്നുണ്ട്. ഒരുവശത്ത് സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും മറുവശത്ത് അധിക ആഭ്യന്തര വരുമാനം സമാഹരിക്കുന്നതുംവഴി സുസ്ഥിര വികസന മേഖലയിൽ ഒരു തിരിച്ചുപോക്ക് ഉണ്ടാകാതിരിക്കാൻ കൃത്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്.

നവകേരള സദസ്സിന്റെ ഭാഗമായി പൊളിച്ച മതിലുകളും പ്രവേശന കവാടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ നടപടി

3 (2046) ശ്രീ. എ. പി. അനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പൊതുസ്ഥാപനങ്ങളുടെ മതിലുകളും പ്രവേശന കവാടങ്ങളും പൊളിച്ചു; അവ ഏതെല്ലാം; പ്രസ്തുത ആവശ്യത്തിന് ചെലവഴിച്ച തുക എത്ര; ഫണ്ട് എങ്ങനെ കണ്ടെത്തി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം പൊളിച്ച മതിലുകളും പ്രവേശനകവാടങ്ങളും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; പൂർവ്വസ്ഥിതിയിലാക്കാത്തവ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(സി) പൂർവ്വസ്ഥിതിയിലാക്കാൻ ഏത് ഫണ്ടിൽനിന്നാണ് പണം വിനിയോഗിച്ചത്; പൊളിക്കാനും പുനർനിർമ്മാണത്തിനുമായി ആകെ ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ എത്ര മതിലുകളും കവാടങ്ങളും പൊളിച്ചു; അവയുടെ പേരും വിവരവും ലഭ്യമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) അതത് മണ്ഡലങ്ങളിലെ സംഘാടക സമിതികളാണ് സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. ഇതിനായി പൊളിച്ച മതിലുകളും മറ്റും പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ഡലം സംഘാടക സമിതികളിൽനിന്നും ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിലെ പുരോഗതി

4 (2047) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇനിയും ഏറ്റെടുക്കാൻ എത്ര ഭൂമിയുണ്ടെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ; ദേശീയ പാതയിൽ എത്ര റീച്ചുകളിൽ ഇപ്പോൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര ശതമാനം പ്രവൃത്തി പുരോഗതി ഉണ്ടായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ്, ആലപ്പുഴ, കൊല്ലം ജില്ലകളിലൊഴികെ എല്ലാ ജില്ലകളിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കോടതി വ്യവഹാരത്തിലുള്ള 0.0396 ഹെക്ടർ ഭൂമി ഒഴികെ ബാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി. ആലപ്പുഴ ജില്ലയിൽ 1.01154 ഹെക്ടർ ഭൂമി ഏറ്റെടുക്കാനുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ ഒരുമാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊല്ലം ജില്ലയിൽ

ദേശീയപാത വികസനത്തിന് അധികമായി ആവശ്യമുള്ള 1.3520 ഹെക്ടർ ഭൂമിയുടെ 3 ഡി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 0.488 ഹെക്ടർ ഭൂമിയുടെ സർവ്വേ നടപടികൾ നടന്നുവരുന്നു. 19 റീച്ചുകളിലായി പുരോഗമിക്കുന്ന ദേശീയപാത 66 വികസനത്തിന്റെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മണലൂർ മണ്ഡലത്തിലെ നവകേരള സദസ്സ്

5 (2048) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരള സദസ്സുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിൽ ആകെ എത്ര നിവേദനങ്ങളാണ് ലഭിച്ചത്; വ്യക്തമാക്കാമോ;

(ബി) അതിൽ ജില്ലാതലത്തിൽ പരിഹരിക്കേണ്ടവ എത്രയെണ്ണമാണ്; അവയിൽ എത്രയെണ്ണത്തിന് പരിഹാരം കാണാൻ കഴിഞ്ഞു; വിശദാംശം നൽകുമോ;

(സി) സംസ്ഥാന തലത്തിൽ പരിഹരിക്കേണ്ട നിവേദനങ്ങൾ എത്രയെണ്ണമാണ്; ആയതിൽ എത്രയെണ്ണം പരിഹരിച്ചു; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മണലൂർ മണ്ഡലത്തിൽ ലഭിച്ച ആകെ അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; അവ എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്ന് അറിയിക്കാമോ?

(എ-ഡി) നവകേരള സദസ്സുമായി ബന്ധപ്പെട്ട് 4330 നിവേദനങ്ങളാണ് മണലൂർ മണ്ഡലത്തിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ ജില്ലാതലത്തിൽ പരിഹരിക്കേണ്ട 4110 നിവേദനങ്ങളിൽ 2572 എണ്ണം ഇതിനോടകം പരിഹരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ട 220 നിവേദനങ്ങളിൽ 7 എണ്ണം പരിഹരിച്ചിട്ടുണ്ട്. നിവേദനങ്ങൾ പലതും പൊതുസ്വഭാവമുള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾക്കുടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമായിവരും.

ദളിത് ക്രൈസ്തവർക്കുള്ള സംവരണം

6 (2049) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ദളിത് ക്രൈസ്തവരെ സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്നും പ്രസ്തുത റിപ്പോർട്ട് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 2022-23 മുതൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കും മറ്റ് അർഹ വിഭാഗങ്ങൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള

മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സർക്കാർ/സർക്കാർ എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ/സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിലടക്കം മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് ടി സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകളിലും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ ആർട്സ് & സയൻസ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മുൻപ് ആനുകൂല്യം അനുവദിച്ചിരുന്നില്ല. പരിഷ്കരിച്ച മാറ്റങ്ങൾ നിലവിൽ വന്നതോടെ നിരവധി വിദ്യാർഥികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുള്ള പുതുക്കിയ കേന്ദ്ര നിർദേശവും അതിനെതുടർന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവും വിദ്യാഭ്യാസാനുകൂല്യങ്ങൾ മെറിറ്റിലും നിയമാനുസൃതമായ റിസർവേഷനിലും പ്രവേശിക്കപ്പെട്ട വിദ്യാർഥികൾക്ക് മാത്രമാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങളാണ് പരിവർത്തിത ക്രൈസ്തവരടക്കമുള്ള മറ്റ്

അർഹവിഭാഗങ്ങൾക്ക് അനുവദിക്കുന്നത്. നിലവിൽ പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും അനുവദിക്കുന്നുണ്ട്.

(സി) ദളിത് ക്രൈസ്തവർക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംവരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആർട്സ് ആൻഡ് സയൻസ് ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളിലെ പ്രവേശനത്തിനും പ്രത്യേകമായി 1% സംവരണം അനുവദിക്കുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് എസ്.ഐ.യു.സി. വിഭാഗങ്ങൾക്കൊപ്പമാണ് പരിവർത്തിത ക്രൈസ്തവർക്ക് 1% സംവരണം അനുവദിക്കുന്നത്. എന്നാൽ പ്രൊഫഷണൽ കോഴ്സുകൾ ഒഴികെ മറ്റെല്ലാ കോഴ്സുകൾക്കും എസ്.ഐ.യു.സി. വിഭാഗം, ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പമാണ് സംവരണം പങ്കിടുന്നത്. പ്രൊഫഷണൽ കോഴ്സുകളിൽ പരിവർത്തിത ക്രൈസ്തവർക്ക്

മാത്രമായി സംവരണം അനുവദിക്കുന്ന വിഷയത്തിൽ കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കമ്മീഷന്റെ ഉപദേശം സർക്കാർ തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

നവകേരള സദസ്സിന്റെ ഭാഗമായി പൊളിച്ച മതിലുകൾ

7 (2050) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര പൊതുസ്ഥാപനങ്ങളുടെ മതിലുകളും പ്രവേശന കവാടങ്ങളും പൊളിച്ചു; അവ ഏതെല്ലാം; പൊളിക്കാൻ ചെലവഴിച്ച തുക എത്ര; ഫണ്ട് എങ്ങനെ കണ്ടെത്തി; പൊളിച്ചവ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോ;

(ബി) പൂർവ്വസ്ഥിതിയിലേയ്ക്ക് മാറ്റാത്ത സ്ഥാപനങ്ങളുണ്ടെങ്കിൽ അവ ഏതെല്ലാം; പൂർവ്വസ്ഥിതിയിലാക്കാൻ ഏത് ഫണ്ടിൽനിന്നാണ് പണം വിനിയോഗിച്ചത്; പൊളിക്കാനും പുനർനിർമ്മിക്കാനുമായി ആകെ ചെലവഴിച്ച തുക എത്ര;

(സി) മലപ്പുറം ജില്ലയിൽമാത്രം എത്ര മതിലുകളും കവാടങ്ങളും പൊളിച്ചു; അവ ഏതെല്ലാമെന്ന് പേരുകളും വിവരങ്ങളും അറിയിക്കാമോ; ജില്ലയിൽ മാത്രം ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) അതത് മണ്ഡലങ്ങളിലെ സംഘാടകസമിതികളാണ് സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. ഇതിനായി പൊളിച്ച മതിലുകളും മറ്റും പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ഡലം സംഘാടക സമിതികളിൽനിന്നും ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ദേവികുളം മണ്ഡലത്തിലെ നവകേരള സദസ്സ്

8 (2051) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ; ഇവയിൽ എത്ര അപേക്ഷകളിൽ പരിഹാരമുണ്ടായെന്ന് അറിയിക്കുമോ?

നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ 9775 അപേക്ഷകളിൽ 3238 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ദേവികുളം മണ്ഡലത്തിൽ നവകേരള സദസ്സ് നടത്തിയതിൽനിന്നും മണ്ഡലത്തിൽ ഏത് വിധത്തിലുള്ള വികസനമാണ് ആവശ്യമായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

നവകേരള സദസ്സിൽ 140 മണ്ഡലങ്ങളിലും വിവിധ മേഖലകളിലുള്ള പൗരപ്രമുഖരുമായി മുഖ്യമന്ത്രിയും, മന്ത്രിമാരും സംവദിക്കുകയും പ്രസ്തുത വേദിയിൽ പൗരപ്രമുഖർ ഉന്നയിച്ച നിർദ്ദേശങ്ങൾ/ആശയങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് സർക്കാർ വിശദമായി പരിശോധിച്ചുവരുകയാണ്.

ഉടുമ്പൻചോല മണ്ഡലത്തിലെ നവകേരള സദസ്സ്

9 (2052) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉടുമ്പൻചോല മണ്ഡലത്തിൽനിന്നും നവകേരള സദസ്സിൽ ലഭിച്ച ആകെ പരാതികൾ, ഇവയിൽ തീർപ്പാക്കിയ പരാതികൾ എന്നിവയുടെ വിശദാംശം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽനിന്നും നവകേരള സദസ്സിൽ 6088 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 2253 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ വകുപ്പുകൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

നവകേരള സദസ്സിനുള്ള പണം

10 (2053) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിന് ഏതെല്ലാം വിധത്തിലാണ് സർക്കാർ പണം സമാഹരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അതത് മണ്ഡലം സംഘാടക സമിതികളുടെ ചുമതലയിലാണ് നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനായി പണം സമാഹരിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നീതി ആയോഗ് ഉപാദ്ധ്യക്ഷനുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച

11 (2054) ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് ഉപാദ്ധ്യക്ഷനുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളിയും അതിനിടയാക്കിയ സാഹചര്യവും സംബന്ധിച്ച് ചർച്ച നടത്താൻ കഴിഞ്ഞിരുന്നുവോ; വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (സി.എസ്.എസ്) അനുപാതത്തിലെ മാറ്റംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, മുൻവർഷങ്ങളെ അപേക്ഷിച്ച് ആനുപാതികമായ കേന്ദ്രസഹായത്തിൽ ഗണ്യമായ കുറവുണ്ടായതിന്റെ ഫലമായി സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളിയും അതിനിടയാക്കിയ മറ്റ് സാഹചര്യങ്ങൾ സംബന്ധിച്ചും ചർച്ച നടത്താൻ കഴിഞ്ഞിരുന്നു.

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതും അകാരണമായി വെട്ടിക്കുറയ്ക്കുന്നതും സംസ്ഥാനത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തുന്നതിന് കൂടിക്കാഴ്ച സഹായകമായോ; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (സി.എസ്.എസ്) അനുപാതത്തിലെ മാറ്റംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ഉയർന്ന തൊഴിൽ ചെലവ്, ഭൂമിയുടെ ഉയർന്ന വില തുടങ്ങിയ വെല്ലുവിളികൾ, സംസ്ഥാനത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന വയോജന ജനസംഖ്യ, ആദിവാസി ജനസംഖ്യ, തീരദേശ സമൂഹങ്ങൾ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ സാമ്പത്തിക വിഹിതം നൽകുമ്പോൾ ഈ പ്രശ്നങ്ങൾ ഉൾക്കൊള്ളാനാവശ്യമായ നയങ്ങൾ നടപ്പിലാക്കണമെന്നും നീതി ആയോഗിനെ ബോധ്യപ്പെടുത്തുന്നതിൽ സഹായകമായി.

(സി) സാമൂഹ്യ-പശ്ചാത്തല വികസന മേഖലകളിൽ കേരളം നടത്തുന്ന ഇടപെടലുകളും നടപ്പാക്കുന്ന നൂതന പദ്ധതികളും മാതൃകാപരമാണെന്നും

അവ രാജ്യം മാതൃകയാക്കേണ്ടതാണെന്നും കൂടിക്കാഴ്ചയിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നോയെന്നറിയിക്കുമോ?

വികസനത്തിന്റെ കേരള മാതൃക ആഗോളതലത്തിൽത്തന്നെ അംഗീകാരം നേടിയിട്ടുണ്ടെന്നും സാമൂഹികവും ഭൗതികവുമായ മേഖലകളിൽ സംസ്ഥാനം നടത്തിയ നിക്ഷേപങ്ങളാണ് ഇതിന് കാരണമായതെന്നും വിദ്യാഭ്യാസ നിലവാരം, സുസ്ഥിര വളർച്ചയുടെ പ്രാധാന്യം, പ്രവാസി ക്ഷേമം, വിനോദ സഞ്ചാരം തുടങ്ങിയ മേഖലകളിൽ കേരളം നടത്തുന്ന ഇടപെടലുകളും നൂതന പദ്ധതികളും രാജ്യത്തിന് മുഴുവൻ മാതൃകയാണെന്നും നീതിആയോഗ് വൈസ്ചെയർമാൻ അഭിപ്രായപ്പെട്ടു.

കാഞ്ഞങ്ങാട്-കാണിയൂർ റെയിൽ പാത

12 (2055) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്-കാണിയൂർ റെയിൽ പാത യാഥാർത്ഥ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണത്തിന് തുക നീക്കിവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് പ്രസ്തുത റെയിൽ പാത യാഥാർത്ഥ്യമാക്കാൻ ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ-സി) 2014-15-ലെ ദക്ഷിണ റെയിൽവേയുടെ പിങ്ക് ബുക്കിൽ ഉൾപ്പെട്ട പദ്ധതിയാണ് കാഞ്ഞങ്ങാട്-പാണത്തൂർ-കണിയൂർ പാത. 1381.57 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പാതയ്ക്കായി ദക്ഷിണ റെയിൽവേ RET സർവേ നടത്തി റിപ്പോർട്ട് തയ്യാറക്കുകയും 2016-17 വർഷത്തിൽ റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ചിലവിന്റെ 50% തുക കേരള സർക്കാർ വിഹിക്കുന്നതിനുള്ള സന്നദ്ധത 2018-ൽ സർക്കാർ റെയിൽവേയെ അറിയിച്ചിരുന്നു. കർണാടക ഭാഗത്തുള്ള ചെലവിന്റെ തുകയ്ക്കായി കർണാടക സർക്കാരിനെ സമീപിക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ കർണാടക സർക്കാരിൽനിന്നും അനുകൂല തീരുമാനം ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

ഇതുസംബന്ധിച്ച് റെയിൽ മന്ത്രാലയത്തിന്റെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടും സംസ്ഥാന സർക്കാർ കത്തെഴുതിയിട്ടുണ്ടായിരുന്നു. പദ്ധതി ഇപ്പോൾ പരിഗണിക്കുന്നില്ലെന്ന തീരുമാനം 2020-ൽ റെയിൽവേ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. കാഞ്ഞങ്ങാട് - പാണത്തൂർ - കാണിയൂർ പദ്ധതി പുനരുജ്ജീവിപ്പിച്ചുകൊണ്ട് ബജറ്റിൽ ഉൾക്കൊള്ളിക്കുന്നതുൾപ്പെടെ കേരളത്തിലെ മറ്റുറെയിൽവേ വികസന പദ്ധതികളും പരിഗണിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. 13-07-2023-ന് ചേർന്ന എം.പി.-മാരുടെ സമ്മേളനത്തിൽ കാഞ്ഞങ്ങാട്-പാണത്തൂർ-കാണിയൂർ പാതയെക്കുറിച്ച് ചർച്ച ചെയ്യുകയും പദ്ധതിക്കുള്ള അംഗീകാരം ലഭ്യമാകുന്നതിനുവേണ്ട സമ്മർദ്ദം ചെലുത്തുന്നതിന് ധാരണയായിട്ടുമുണ്ട്.

ഇ-ഓഫീസ് സംവിധാനം

13 (2056) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ വേഗത്തിലും സുതാര്യമായും നടപ്പിലാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം ഇപ്പോൾ ഏത്ര വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും എല്ലാ കളക്ടറേറ്റുകളിലും റവന്യ സബ് ഡിവിഷൻ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ, 79 ഡയറക്ടറേറ്റ്/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ 43 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഡയറക്ടറേറ്റിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് ഇ-ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കുന്നതിന് ഇപ്പോൾ സാധ്യമാണോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത് സാധ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഡയറക്ടറേറ്റിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് ഇ-ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കേണ്ടുന്ന സാഹചര്യം നിലവിലില്ല. എന്നാൽ,

ഡയറക്ടറേറ്റുകളിൽനിന്നും ഇ-ഓഫീസ് സംവിധാനം ഉപയോഗിച്ച് തയ്യാറാക്കുന്ന കത്തുകളും മറ്റുരേഖകളും സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലെയും സെൻട്രൽ രജിസ്ട്രറി യൂണിറ്റ് (CRU) മുഖേന തപാൽ ആയി ഇ-ഓഫീസിൽ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

സർക്കാർ ഓഫീസുകളിലെ നവമാധ്യമങ്ങളുടെ ഉപയോഗം

14 (2057) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ട്സാപ്പ് പോലുള്ള നവമാധ്യമങ്ങൾ വഴി ഏതെങ്കിലും വകുപ്പിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ബി) വകുപ്പുകളിൽ ഒഫീഷ്യൽ ആയി വാട്ട്സാപ്പ് ഗ്രൂപ്പ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സർക്കാർ രേഖകളും റിപ്പോർട്ടുകളും നവമാധ്യമങ്ങൾ വഴി ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ കത്തിടപാടുകൾ ഔദ്യോഗിക ഇ-മെയിൽ വഴിയല്ലാതെ വാട്ട്സാപ്പ് വഴി നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഫയൽ സമ്പ്രദായം ഡിജിറ്റൽ ആയി മാറിയശേഷവും സർക്കാർ ഓഫീസുകളിൽ ബഹുഭ്രൂരിപക്ഷം ഫയലുകളുടെയും കത്തുകളുടെയും മറ്റ് പ്രധാന രേഖകളുടെയും ഹാർഡ് കോപ്പി സൂക്ഷിക്കാൻവേണ്ടി ധാരാളം പേപ്പർ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ഉപയോഗം കുറയ്ക്കാനും കാര്യക്ഷമമായ ബദൽ സമ്പ്രദായം സ്വീകരിക്കാനും എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഇല്ല. നിലവിൽ ഇ-ഓഫീസ് സംവിധാനമാണ് പൂർണ്ണമായും ഉപയോഗിക്കുന്നത്. സർക്കാർ കത്തിടപാടുകൾ ഔദ്യോഗിക ഇ-മെയിൽ

വഴിയും ഇ-ഓഫീസിലെ തപാൽ സംവിധാനം വഴിയും നടത്തുന്നത് പരമാവധി പ്രയോജനപ്പെടുത്തി വരുന്നു.

(എഫ്) ക്ലാസ് നാല് വിഭാഗം ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ഓഫീസ് സമയം കഴിഞ്ഞ് നിലവിലുള്ള ജോലിക്ക് തടസ്സം വരാതെ വേതനം കൈപ്പറ്റി മറ്റ് ജോലികൾ ചെയ്യാൻ കഴിയുംവിധം നിലവിലുള്ള നിയമം ലഘൂകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

സർക്കാർ വകുപ്പുകളിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

15 (2058) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലൂടെ ജീവനക്കാരുടെ ഹാജരും ശമ്പളവും ബന്ധിപ്പിക്കാനുള്ള സർക്കാർ നിർദേശം പാലിച്ച വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സിവിൽ സ്റ്റേഷനുകൾ, മിനി സിവിൽ സ്റ്റേഷനുകൾ സ്വന്തം ഉടമസ്ഥതയിലുള്ള വിവിധ സർക്കാർ വകുപ്പുകളുടെ കെട്ടിടങ്ങൾ എന്നിവയിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം പൂർത്തീകരിക്കാൻ അനുവദിച്ച കാലപരിധി എന്നായിരുന്നു; വിശദമാക്കാമോ?

കളക്ടറേറ്റുകളിലും ഡയറക്ടറേറ്റുകളിലും/വകുപ്പ് മേധാവികളുടെ ഓഫീസുകളിലും 2023 ജനുവരി ഒന്നിന് മുമ്പായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കി ഹാജർ സ്പാർക്കുമായി ബന്ധപ്പെടുത്താനും മറ്റെല്ലാ ഓഫീസുകളിലും 2023 മാർച്ച് 31-നുമുമ്പായി ടി സംവിധാനം നടപ്പിലാക്കാനുമാണ് നിർദ്ദേശം നൽകിയിരുന്നത്.

(സി) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് ഇനിയും പൂർത്തീകരിക്കാത്ത ഓഫീസുകളിൽ പ്രസ്തുത ജോലി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് ബയോമെട്രിക് പഞ്ചിംഗ് മെഷീന് ദൗർലഭ്യം നേരിടുന്നുണ്ടോ; ഇത് സ്ഥാപിക്കാൻ ഏതെങ്കിലും ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

എല്ലാ ഓഫീസുകളിലും ഒരുമിച്ച് മെഷിനുകൾ സ്ഥാപിക്കേണ്ടി വരുന്നതുമൂലം കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളും നിയമനവും

16 (2059) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്?

01-06-2024-ന് നിലവിൽ വരുന്ന 3 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന/കോൺട്രാക്ട് അടിസ്ഥാനത്തിൽ/ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്ത് വരുന്നു?

വിവരം ക്രോഡീകരിച്ചിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റ് പ്രകാരം ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

43 നിയമനശിപാർശകൾ നൽകിയിട്ടുണ്ട്.

ഫയൽ നീക്കം വേഗത്തിലാക്കാനുള്ള നടപടികൾ

17 (2060) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയൽ നീക്കം വേഗത്തിലാക്കാനും സുതാര്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് ഉത്തരവായിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിലും

ഡയറക്ടറേറ്റിലും ഇലക്ട്രോണിക് ഫയൽ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും അഴിമതിരഹിതവുമായി ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ തീർപ്പാക്കുന്നുണ്ടായിരുന്ന ഭൂരിഭാഗം ഫയലുകളും തീവ്രയജ്ഞ പരിപാടിയിലൂടെ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലാണ് ഇ-ഫയൽ സംവിധാനം നിലവിൽ വന്നിട്ടുള്ളത്; അറിയിക്കാമോ?

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും എല്ലാ കളക്ടറേറ്റുകളിലും റവന്യൂ സബ്ഡിവിഷണൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ 79 ഡയക്ടറേറ്റ്/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ 43 ഓഫീസുകളിൽ ഇ-ഓഫീസ്

സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. 119 പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇനിയും ഇ-ഫയൽ സംവിധാനത്തിലേക്ക് മാറാത്ത വകുപ്പുകൾ ഏതെല്ലാം; പ്രസ്തുത വകുപ്പുകളെ ഇ-ഫയൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ?

ജയിൽ വകുപ്പിലും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഒഴികെ മറ്റെല്ലാ ഡയറക്ടറേറ്റുകളിലും കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഈ ഡയറക്ടറേറ്റുകളിൽ നിലവിൽ ഇതര ഡിജിറ്റൽ ഫയലിംഗ് സംവിധാനം ഉപയോഗിച്ചുവരുന്നുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്

18 (2061) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും എത്ര നിവേദനങ്ങൾ ലഭിച്ചുവെന്നും ആയതിൽ എത്ര എണ്ണം ഇതിനകം തീർപ്പാക്കിയെന്നും വകുപ്പ് തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആരാധനാലയങ്ങളുടെ നിർമ്മാണത്തിനുള്ള അനുവാദം

19 (2062) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമുള്ള അനുമതി നൽകിയിരുന്നത് ജില്ലാ കളക്ടർമാർ ആയിരുന്നുവോ; വിശദമാക്കാമോ?

അതെ. 25-07-2005-ൽ പുറപ്പെടുവിച്ച സ.ഉ(അച്ചടി) നം.217/2005/ആഭ്യന്തരം നമ്പർ ഉത്തരവിലെ 23-ാം ഖണ്ഡികയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരാധനാലയം നിർമ്മിക്കുന്നതിന് മുന്നോടിയായി ജില്ലാ ഭരണാധികാരിയുടെ മുൻകൂർ അനുമതി വേണമെന്ന് മാനുവ്വൽ നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു.

(ബി) മേൽപ്പറഞ്ഞ അനുമതി ഗ്രാമപഞ്ചായത്തിനും നൽകാമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ എപ്രകാരമായിരിക്കണം അനുവാദം നൽകേണ്ടതെന്ന കൃത്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദീകരിക്കാമോ;

(ഡി) ഇതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും പുതുതായി രൂപീകരിക്കാനോ നിലവിലുള്ളത് ഭേദഗതികൾ വരുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

(ബി-ഡി) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന്/ നവീകരിക്കുന്നതിന് ബന്ധപ്പെട്ട അനുമതി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് നൽകാമെന്ന് നിഷ്കർഷിച്ചുകൊണ്ട് 14-02-2021-ലെ സ.ഉ(അച്ചടി) നം.19/2021/ആഭ്യന്തരം പ്രകാരം 25-07-2005-ലെ ഉത്തരവിൽ ഭേദഗതി വരുത്തുകയുണ്ടായി. 14-02-2021-ലെ ടി ഉത്തരവ്, WP(C) No.11776/2021 കേസിൽ 07-07-2021-ലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തു. ഈ കേസിൽ ഇതുവരെയും അന്തിമ വിധി വന്നിട്ടില്ല. എന്നാൽ W.P(C) No.12767/2021 എന്ന റിട്ട് ഹർജിയിൽ 18-01-2022-ൽ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ, 14-02-2021-ലെ ഉത്തരവിന് അനുസൃതമായി മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതോടെ, ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമുള്ള അനുമതി നൽകുവാൻ ജില്ലാകളക്ടർമാർക്ക് അധികാരം നൽകികൊണ്ടുള്ള മാർഗ്ഗനിർദ്ദേശം അപ്രസക്തമായി എന്ന് നിരീക്ഷിച്ചുകൊണ്ട് തദ്ദേശസ്ഥാപനങ്ങളോട് അനുമതി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൂടി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, 07-07-2021-ലെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യുവാനും

അന്തിമതീരുമാനം കൈകൊള്ളുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഴീക്കോട് മണ്ഡലത്തിലെ നവകേരള സദസ്സ്

20 (2063) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് അഴീക്കോട് നിയോജകമണ്ഡലത്തിൽനിന്നും എത്ര പരാതികൾ ലഭിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പരാതികളിൽ എത്രയെണ്ണം തീർപ്പാക്കി എന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ബാക്കിയുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ-ഡി) പരാതികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമല്ല. നവ കേരള സദസ്സുമായി ബന്ധപ്പെട്ട് അഴീക്കോട് നിയോജകമണ്ഡലത്തിൽനിന്നും 2387 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ 1605 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. പരാതികൾ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമതീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ്ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ നിവേദകൻ ഇടക്കാല മറുപടി നൽകുന്നുണ്ട്. നിവേദനങ്ങൾ പലതും പൊതുസ്വഭാവമുള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾക്കുടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും

സ്വീകരിച്ചുവരുന്നു. ഇത്തരം നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരും. ഇതിനുപുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ ധാരാളം അപേക്ഷകളുമുണ്ട്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയാൽമാത്രമേ അന്തിമതീരുമാനം എടുക്കാൻ കഴിയൂ. നവകേരള സദസ്സിൽ ലഭ്യമായ പരാതികൾ വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭാഷാ ന്യൂനപക്ഷ സർട്ടിഫിക്കറ്റ്

21 (2064) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷ സർട്ടിഫിക്കറ്റ് (ലിൻഗ്വിസ്റ്റിക് മൈനോറിറ്റി സർട്ടിഫിക്കറ്റ്) നൽകുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയാണെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള ഭാഷാ ന്യൂനപക്ഷ സർട്ടിഫിക്കറ്റ് തഹസീൽദാർ, വില്ലേജ് ഓഫീസർ, സ്ഥലം എം.പി/എം.എൽ.എ എന്നിവർക്ക് അനുവദിച്ച് നൽകാവുന്നതാണ്.

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മാതാപിതാക്കളുടെ മാതൃഭാഷ തമിഴ്/കന്നട അല്ലെങ്കിൽ ഭാഷാ ന്യൂനപക്ഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാഷയാവുകയും അപേക്ഷകനോ അപേക്ഷകയോ പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സിൽ രണ്ടാം ഭാഷയായി സ്വന്തം മാതൃഭാഷ പഠിക്കുന്നതിനായി അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം അപേക്ഷകനെ/അപേക്ഷകയെ ഭാഷാ ന്യൂനപക്ഷമായി പരിഗണിച്ചാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന ഹരിപ്പാട് മേഖലാ അവലോകനയോഗം

22 (2065) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന മേഖലാ അവലോകനയോഗങ്ങളിൽ ഹരിപ്പാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രശ്നങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത് അല്ലെങ്കിൽ വിലയിരുത്തിയിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഹരിപ്പാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് വിലയിരുത്തിയ വികസന പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നവകേരള സദസ്സിലൂടെ ലഭിച്ച പരാതികൾ

23 (2066) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ നവകേരള സദസ്സിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര പരാതികൾ തീർപ്പാക്കിയെന്നും, ബാക്കിയുള്ളവ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) നവകേരള സദസ്സിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 4656 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇവയിൽ 2495 തീർപ്പാക്കിയിട്ടുള്ളതും ബാക്കിയുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പരാതികൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമതീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ്ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ്

നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ നിവേദകന് ഇടക്കാല മറുപടി നൽകുന്നുണ്ട്.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

24 (2067) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശിവഗിരി മഠത്തിലെ 'നമുക്ക് ജാതിയില്ല' വിളംബരം ശതാബ്ദി സ്മാരക മ്യൂസിയത്തിന്റെയും ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന സാങ്കേതിക തടസ്സം നീക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 21-01-2021-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണെടുത്തിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ശ്രീനാരായണ ഗുരുദേവന്റെ 'നമുക്ക് ജാതിയില്ല' വിളംബരം ശതാബ്ദി സ്മാരക മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 06-12-2021-ന് വീഡിയോ കോൺഫറൻസ് മുഖേന കൂടിയിരുന്നു. മ്യൂസിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരാൻ നിർദേശിച്ചതിനെതുടർന്ന് 08-04-2022-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ആവശ്യമായ നിർദേശങ്ങൾ നൽകിയിരുന്നു. വർക്കലയിലെ വലിയ തുരങ്കത്തിന്റെ വീതി വർധിപ്പിക്കുന്നതും മ്യൂസിയം കെട്ടിടത്തിന്റെ നിർമ്മാണംമൂലം ടണലിന് കേടുപാടുകൾ സംഭവിക്കാതിരിക്കാൻ സ്വീകരിക്കേണ്ട കരുതലുകളും സംബന്ധിച്ച് IIT പാലക്കാട് മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ടി യോഗത്തിൽ നിർദേശിച്ചെങ്കിലും പാലക്കാട് IIT-യിൽനിന്നും

പ്രതികരണമൊന്നും ലഭ്യമായില്ല. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 03-10-2023-ൽ കൂടിയ മീറ്റിംഗിന്റെ തീരുമാനപ്രകാരം ടണലിന് മുകളിലും സമീപസ്ഥലങ്ങളിലും സമാനമായ മറ്റ് കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥിതിക്ക് മ്യൂസിയം നിർമ്മാണത്തിന് മാത്രമായി നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് അഭികാമ്യമല്ലെന്നും ആയതിനാൽ പശ്ചിമതീര കനാൽ പാത വികസനം പ്രായോഗികമാകുമ്പോൾ പൊതുതാൽപര്യപ്രകാരമുള്ള അപ്പോഴത്തെ നിർദേശങ്ങളോട് ഒത്തുപോകണമെന്നും ആവശ്യമായ മാറ്റങ്ങളോ ബലപ്പെടുത്തലുകളോ ആകാമെന്ന നിബന്ധനകളോടെ മ്യൂസിയം നിർമ്മാണം പുന:രാരംഭിക്കാമെന്നും തീരുമാനമായി. ആയതിന്മേൽ ട്രസ്റ്റ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ഡിവിഷൻ, കൊല്ലവുമായി ഉടമ്പടി കരാർ വയ്ക്കുന്നതിന് 18-01-2024-ൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയം ഉൾപ്പെട്ട ശിവഗിരി മഠത്തിന്റെ കോമ്പൗണ്ടിൽ നിലവിലുള്ള ക്രമവൽക്കരിക്കാത്ത എല്ലാ കെട്ടിടങ്ങളും

ക്രമവൽക്കരിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമുള്ളതിനാൽ പ്ലാനും അനുബന്ധ രേഖകളും 24-05-2023-ന് BA 2/23-24 നമ്പർ കത്ത് പ്രകാരം മുനിസിപ്പാലിറ്റിയിൽനിന്നും ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ സമർപ്പിച്ച പ്ലാനിൽ അപാകതയുള്ളതായി അറിയിച്ചതിൻപ്രകാരം ആയത് പരിഹരിച്ച് നൽകുന്നതിന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട്.

കേരളീയം 2023-ലെ സെമിനാറുകൾ

25 (2068) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം 2023-മായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ അധികരിച്ച് എത്ര സെമിനാറുകളാണ് സംഘടിപ്പിച്ചിരുന്നത്?

25 സെമിനാറുകൾ സംഘടിപ്പിച്ചു.

(ബി) ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി വിവിധ സെമിനാറുകളിൽ എത്തിച്ചേർന്ന വിദഗ്ധരുടെ സാന്നിധ്യം ഓരോ

സെമിനാറിനെയും സമ്പന്നമാക്കിയിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

ഉണ്ട്. കേരളത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദഗ്ധർ കേരളീയത്തിന്റെ ഭാഗമായി.

(സി) സെമിനാറുകളിലേയ്ക്ക് എത്ര പ്രതിനിധികളെയാണ് പ്രതീക്ഷിച്ചിരുന്നതെന്നും അതിൽ എത്രപേർ പങ്കെടുത്തുവെന്നും വ്യക്തമാക്കുമോ?

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രീ റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839 പേർ പങ്കെടുത്തു.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്

26 (2069) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരള സദസ്സിന്റെ ഭാഗമായി മട്ടന്നൂർ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽനിന്നും 3373 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുവേണ്ടി എടുത്ത നടപടിക്രമങ്ങൾ വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പരാതികൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമതീരുമാനം കൈക്കൊള്ളണമെന്നും നിവേദകർക്ക് വിശദമായ മറുപടി നൽകി വിവരം ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ നടപടിക്രമങ്ങളും കൂടുതൽ സമയവും ആവശ്യമുള്ള പരാതികൾ

പരമാവധി 4 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ നിവേദകന് ഇടക്കാല മറുപടി നൽകുന്നുണ്ട്. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതി പരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്

27 (2070) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽനിന്ന് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്രയെണ്ണം ഇതിനോടകം തീർപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

4448 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 1914 നിവേദനങ്ങൾ തീർപ്പാക്കിയിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതി

28 (2071) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

29 (2072) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കൊല്ലം നഗര പാത വികസന പദ്ധതിയുടെ ഭാഗമായി വിശദമായ രൂപ രേഖയ്ക്ക് G.O.(Rt) 74/2022/PWD 22-01-2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകി. G.O.(Rt) No. 1164/2022/RD 18-03-2022

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കലിനുള്ള ഭരണാനുമതി നൽകുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്തിന്റെ വിശദാംശം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ?

കൊല്ലം നഗരപാത വികസന പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നം.	റോഡിന്റെ പേര്	നീളം	ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ ഏരിയ (ഹെക്ടറിൽ)
1.	മേവറം - കാവനാട് (പഴയ എൻ.എച്ച്)	13.15 കി.മീ	5.73
2.	റെയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ	6.30 കി.മീ	1.0006
3.	തിരുമുല്ലവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ	4.31 കി.മീ	1.605
	ആകെ	**23.76 കി.മീ**	**8.341**

(സി) പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പദ്ധതിയുടെ നടത്തിപ്പിനായി G.O.(Rt) 74/2022/PWD 22-01-2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുനൂറ്റി നാല്പത്തി ഏഴ് രൂപ മാത്രം) ഏകദേശ കമ്പോളവിലയും 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജ്ജിനത്തിലും കണക്കാക്കിയിരിക്കുന്നു. കണ്ടിൻജൻസി ചാർജ്ജായ അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതും ലാൻഡ് അക്വിസിഷൻ തുകയായ 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുനൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം)രൂപയ്ക്ക് ഭരണാനുമതി നൽകുന്നതും പരിശോധിച്ചുവരുന്നു.

ഇടുക്കി പാക്കേജ്

30 (2073) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള ഇടുക്കി പാക്കേജിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ഇടുക്കി വികസന പാക്കേജിനായി 2022-23, 2023-24, 2024-25 വർഷങ്ങളിലായി 75.00 കോടി രൂപവീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

ഇടുക്കി വികസന പാക്കേജിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

Schemes	Amount (in Crores)
2022-23	
Construction of model micro watershed development projects in Idukki	2.00
Vandiperiyar canal rejuvenation and flood protection works	2.00
Construction of Multi purpose Gym and Amenity Centre at Government Engineering College, Idukki	2.00

Infrastructural Development of Chemmannu Higher Secondary School, Elappara	3.00
Establishment of tourist boating facility in Idukki Dam reservoir	1.20
Sub total	10.20
2023-24	
Development of Government Ayurveda Medical College, Udumbanchola	10.00
Construction of Working Women's and Men's Hostel in Painav	7.00
Installation of Solar Fencing in Human-Animal Conflict Areas	2.23
Sub Total	19.23
Grant Total	29.43

(സി) ഇടുക്കി പാക്കേജിലുൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

29.43 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചോദ്യം (ബി)-യിൽ പരാമർശിച്ചിട്ടുള്ള 10.20 കോടി രൂപയുടെ 5 പദ്ധതികൾക്ക് 2022-23 വർഷത്തിലും 19.23 കോടി രൂപയുടെ 3 പദ്ധതികൾക്ക് 2023-24 വർഷത്തിലും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇടുക്കി വികസന പാക്കേജിനായി കാലാവധി നിശ്ചയിച്ചിട്ടില്ല.

(ഇ) ഇടുക്കി പാക്കേജിലുൾപ്പെടുത്തി ഈ വർഷം ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ആസൂത്രണ ബോർഡിൽനിന്നും അനുമതി ലഭിച്ച 2023-24 വർഷത്തിൽ ഏറ്റെടുത്ത ചുവടെപ്പറയുന്ന പദ്ധതികൾക്ക് രേഖകളുടെ സൂക്ഷ്മപരിശോധന നടത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

Schemes	Amount (in Crores)
2023-24	
Development of Government Ayurveda Medical College, Udumbanchola	10.00
Construction of Working Women's and Men's Hostel in Painav	7.00
Installation of Solar Fencing in Human-Animal Conflict Areas	2.23
Sub Total	19.23

കൂടാതെ 13.50 കോടി രൂപയുടെ 4 പദ്ധതികൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 18-11-2023-നുചേർന്ന ഇടുക്കി വികസന പാക്കേജ് ജില്ലാതല യോഗ തീരുമാനപ്രകാരം 2023-24 വർഷം നടപ്പിലാക്കുന്നതിനായി 19.00 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലുകൾകൂടി മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് അംഗീകാരത്തിനായി സംസ്ഥാന ആസൂത്രണ ബോർഡിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് വികസന പാക്കേജിൽ ചെലവഴിച്ച തുക

31 (2074) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് വികസന പാക്കേജിൽനിന്നും 2017 മുതൽ 2023 വരയുള്ള വർഷങ്ങളിൽ ജില്ലയിലെ 5 മണ്ഡലങ്ങൾക്കായി ചെലവഴിച്ച തുക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത വികസന പാക്കേജിൽ ഉദ്യോഗസ്ഥ തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചതും പ്രാദേശിക ആവശ്യകത പരിശോധിച്ച് ജില്ലാതല സമിതി പരിഗണിക്കുന്നതുമായ പദ്ധതികളിൽ 5 കോടി വരെ അടങ്കലുള്ളവയ്ക്ക് ജില്ലാതല സമിതിയും അതിനുമുകളിൽ അടങ്കലുള്ളവയ്ക്ക് സംസ്ഥാന സർക്കാരും ഭരണാനുമതി നൽകി വിവിധ നിർവ്വഹണ വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. കാസർഗോഡ് വികസന പാക്കേജ് നേരിട്ട് പദ്ധതികൾ ഒന്നുംതന്നെ നിർവ്വഹണം നടത്തുന്നില്ല. കാസർഗോഡ് വികസന പാക്കേജിൽ 2017-18 മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ ഓരോ മണ്ഡലത്തിലും ഉൾപ്പെടുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

മലമ്പുഴ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

32 (2075) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കുമോ?

(എ&ബി) മലമ്പുഴ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

റീ ബിൽഡ് കേരള

33 (2076) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതിയും ചെലവഴിക്കുന്ന തുകയും നിർവ്വഹണ ഏജൻസി ഏതാണെന്നുമുള്ള വിവരവും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

കുന്നത്തുനാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

34 (2077) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

35 (2078) ശ്രീമതി യു പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശം ലഭ്യമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധം ആയി ചേർക്കുന്നു.+

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ

36 (2079) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ 56 വയസ്സ് കഴിഞ്ഞ രണ്ട് ശാസ്ത്രജ്ഞരുടെ സേവന കാലാവധി നീട്ടി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 56 വയസ്സ് കഴിഞ്ഞവർക്ക് കാലാവധി നീട്ടി നൽകുമ്പോൾ എക്സ്റ്റേണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇവരുടെ കാലാവധി നീട്ടി നൽകിയത് പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോയെന്ന് വിശദമാക്കാമോ?

(എ&ബി) മേൽ സൂചിപ്പിച്ചപ്രകാരമുള്ള രണ്ട് ശാസ്ത്രജ്ഞരുടെ സേവന കാലാവധി നീട്ടി നൽകിയിട്ടില്ല.

(സി) 2022-ൽ വിരമിച്ച 2 ശാസ്ത്രജ്ഞരുടെ പ്രവർത്തനമികവ് പരിശോധിച്ച് അവർക്ക് സേവന കാലാവധി നീട്ടി നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

2022-ൽ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ഒരു ശാസ്ത്രജ്ഞൻ ആണ് സെന്ററിൽനിന്ന് വിരമിച്ചത്. കെ.എസ്.ആർ.ഇ.സി

ജീവനക്കാരുടെ സർവ്വീസ് റൂളിലെ ഖണ്ഡിക 3.1 പ്രകാരം 55 വയസ്സിനുശേഷം 60 വയസ്സ് വരെ ശാസ്ത്ര വിഭാഗം ജീവനക്കാരെ തുടരാൻ അനുവദിക്കുന്നത് സർക്കാരിന്റെ വിവേചനാധികാരമാണ്. ആയതിന്റെയടിസ്ഥാനത്തിൽ 2022-ൽ വിരമിച്ച ശാസ്ത്രജ്ഞന്റെ സേവന കാലാവധി നീട്ടി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

പുളിക്കൽ ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് കംപ്രസ്സിംഗ് യൂണിറ്റ്

37 (2080) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്തിൽ പതിനാലാം വാർഡിലെ അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന പേരിൽ ഒരു വേസ്റ്റ് പ്ലാസ്റ്റിക് കംപ്രസ്സിംഗ് യൂണിറ്റ് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലൊരു സ്ഥാപനം പ്രവർത്തിച്ച് വന്നിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലില്ല.

(ബി) ജനവാസ മേഖലയിൽ പ്രവർത്തിക്കുന്ന ഓറഞ്ച് കാറ്റഗറിയിൽപ്പെട്ട പ്രസ്തുത സ്ഥാപനത്തിൽ വൻതോതിലുള്ള ഉൽപ്പാദനം

സാധ്യമല്ലെന്നും അതിനാൽ പ്രതിദിന ഉൽപ്പാദനം 100 കിലോഗ്രാമിൽ തന്നെ നിലനിർത്തണമെന്നും 23-10-2020-ലെ പി.സി.ബി/എം.എ.പി.എം/സി.ഒ.എം.പി/ജി.ഇ.ആർ ആൻഡ് എംറ്റി/181/2020 എന്ന നമ്പർ കത്തിൽ പി.സി.ബി. യുടെ മലപ്പുറം യൂണിറ്റിലെ എൻവയോൺമെന്റ് എൻജിനീയർ കമ്പനി ഉടമയോട് ആവശ്യപ്പെട്ടിരുന്നോ?

ആവശ്യപ്പെട്ടിരുന്നു.

(സി) എങ്കിൽ പ്രസ്തുത കമ്പനിക്ക് ഇപ്പോൾ പ്രതിദിനം 2000 കിലോ പ്ലാസ്റ്റിക് പി.ഇ.റ്റി. കുപ്പികൾ കംപ്രസ് ചെയ്യുന്നതിന് അനുമതിയുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത അനുമതി നൽകിയത്;

(ഡി) ഒരു പ്ലാസ്റ്റിക് ബോട്ടിലിന്റെ ശരാശരി തൂക്കം 15 ഗ്രാം എന്നാണെന്നിരിക്കെ 2000 കിലോ കംപ്രസ്സ് ചെയ്യുമ്പോൾ പ്രതിദിനം ഒരു ലക്ഷത്തി മുപ്പതിനായിരം കുപ്പികളാണ് പ്രോസസ് ചെയ്യുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

(സി&ഡി) മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി ഉണ്ടായിരുന്നു. സ്ഥാപനമിപ്പോൾ പ്രവർത്തിക്കുന്നില്ല.

(ഇ) മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും ഹാനികരമായ ഒട്ടേറെ വസ്തുക്കൾ അടങ്ങിയ കുപ്പികൾ, ഉഗ്രശക്തിയുള്ള കീടനാശിനി കുപ്പികൾ, കാലാവധി കഴിഞ്ഞ അലോപ്പതി മരുന്ന് കുപ്പികൾ, പലവിധ വിഷദ്രാവകങ്ങൾ അടങ്ങിയ കുപ്പികൾ, ആശുപത്രികളിൽനിന്നും ഒഴിവാക്കുന്ന മരുന്ന് കുപ്പികൾ എന്നിവ നിത്യേന പ്രോസസ് ചെയ്യുന്നവയിൽ ഉൾപ്പെടുന്നുയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എങ്കിൽ മുകളിൽ പരാമർശിച്ച കത്തിലെ നിർദ്ദേശപ്രകാരമാണോ പ്രസ്തുത കമ്പനിയുടെ പ്രവർത്തനമെന്ന് വ്യക്തമാക്കുമോ; പരിസരവാസികളെ ഇത് ഏതൊക്കെവിധത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള പ്രവർത്തനാനുമതിയിലെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനം പ്രവർത്തിച്ചിരുന്നത്. സ്ഥാപനം ഇപ്പോൾ നിലവിലില്ല.

ഫോറൻസിക് ലബോറട്ടറികളിൽനിന്നുള്ള റിപ്പോർട്ടുകൾ

38 (2081) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ, സ്റ്റേറ്റ്, റീജിയണൽ ഫോറൻസിക് ലബോറട്ടറികളിൽനിന്നും നാളിതുവരെ റിപ്പോർട്ട് നൽകാൻ ബാക്കിയുള്ള കേസുകളുടെ വിവരങ്ങൾ അറിയിക്കുമോ?

സംസ്ഥാനത്തെ ജില്ലാ, റീജിയണൽ, സ്റ്റേറ്റ് ഫോറൻസിക്ക് ലബോറട്ടറികളിൽനിന്നും 28272 കേസുകളിൽ റിപ്പോർട്ട് നല്കുവാനുണ്ട്.

(ബി) അടിയന്തരമായി റിപ്പോർട്ട് ലഭിക്കേണ്ട വിഷയങ്ങളിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

അടിയന്തിര പ്രാധാന്യമുള്ള കേസുകൾക്ക് മുൻഗണന നൽകി വളരെ വേഗത്തിൽ റിപ്പോർട്ടുകൾ ലഭ്യമാക്കിവരുന്നു.

(സി) സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി എത്ര സയന്റിഫിക് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

12-01-2024-ലെ സ.ഉ(കൈ)നം 16/2024/ആഭ്യന്തരം പ്രകാരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 28 സയന്റിഫിക് ഓഫീസർമാരുടെ അധിക തസ്തികകൾ (ബയോളജി -12, ഡോക്യുമെന്റ്സ് -10, കെമിസ്ട്രി -6) സൃഷ്ടിച്ചിട്ടുണ്ട്.

കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി

39 (2082) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ ജോലിഭാരം സംബന്ധിച്ചും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർക്ക് സ്റ്റഡി സിറ്റിംഗ്രകൾ കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് അറിയിക്കാമോ?

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ പ്രവൃത്തി പഠനവുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വിവരശേഖരണം പുരോഗമിക്കുകയാണ്. മൂന്ന് മാസംകൊണ്ട് പ്രവൃത്തി പഠനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസപരിശോധന ലാബുകളിൽ ജോലിഭാരം കുറയ്ക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പിൽനിന്ന് സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് തീരുമാനമാണെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കെമിക്കൽ എക്സാമിനേഷൻ വകുപ്പിലെ രാസപരിശോധന ലാബുകളിൽ 2023 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് എത്ര കേസുകളിലായി എത്ര സാമ്പിൾ പരിശോധനക്കായി കെട്ടികിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; രാസ പരിശോധനയ്ക്കുള്ള സാമ്പിളുകൾ കെട്ടികിടക്കുന്നതുമൂലം വിവിധ ലഹരിവസ്തുക്കളുടെ കേസുകളിൽ കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

പരിശോധിക്കേണ്ട സാമ്പിളിന്റെ എണ്ണമനുസരിച്ച് സയന്റിഫിക് ഓഫീസർമാരുടെ എണ്ണം വർധിപ്പിക്കുന്നതിന് നടപടി പരിഗണനയിലുണ്ടോ;

(ഡി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിൽനിന്നും രാസപരിശോധനാഫലം വൈകുന്നത് സംബന്ധിച്ചുള്ള കോടതി പരാമർശങ്ങളും പത്രവാർത്തകളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി-ഡി) ലഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന പ്രവൃത്തി പഠന റിപ്പോർട്ടും സർക്കാരിന്റെ പൊതുപരിപാടി എന്നനിലയിൽ വൈജ്ഞാനിക ഭരണ നിർവഹണം വഴി തസ്തികകളുടെ പുനഃക്രമീകരണം അടിസ്ഥാനമാക്കി ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

അടിയന്തര പ്രാധാന്യമുള്ള കേസുകളിലും കോടതി, പോലീസ്, എക്സൈസ്, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന അറിയിപ്പുകൾ, NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ എന്നിവ സമയബന്ധിതമായി രാസപരിശോധന പൂർത്തിയാക്കി റിപ്പോർട്ട്

നൽകുന്നുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സാമ്പിളുകളുടെ പരിശോധന വേഗത്തിലാക്കുന്നതിനും കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഇ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസപരിശോധന ലാബുകളിൽ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പരിശോധനക്ക് ലഭിച്ച സാമ്പിളിന്റെ എണ്ണം, മുൻവർഷത്തെ അപേക്ഷിച്ച് സാമ്പിളിൽ വന്ന വർധനവിന്റെ ശതമാനം, ഓരോ വർഷവും പരിശോധന പൂർത്തിയായതിന്റെ എണ്ണം, പെൻഡിംഗ് സാമ്പിളിന്റെ എണ്ണം, അതത് വർഷങ്ങളിൽ പരിശോധനക്കായുണ്ടായിരുന്ന സയന്റിഫിക് ഓഫീസർമാരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

കഴിഞ്ഞ പത്ത് വർഷത്തിലെ രാസപരിശോധന സംബന്ധിച്ചുള്ള വിവരം അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകൾ വിലയിരുത്തുമ്പോൾ പരിശോധനാ സാമ്പിളുകളിൽ സ്വാഭാവികമായ വർധനവുണ്ടായിട്ടുണ്ട്. ഇക്കാര്യംകൂടി കണക്കിലെടുത്താണ് ആവശ്യമായ നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ പ്രവൃത്തി

പഠനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമല്ല.

ഫോറൻസിക് സയൻസ് ലാബുകളിലെ
സയന്റിഫിക് ഓഫീസർ തസ്തിക

40 (2083) ശ്രീ ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനപ്രകാരം ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മറ്റുസംസ്ഥാനങ്ങളിൽ ഈ തസ്തികയിലേയ്ക്ക് ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദം നേടിയവരെയും പരിഗണിക്കുന്നതിനാൽ ഇവിടെയും അതിനനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ റൂൾ ഭേദഗതി ചെയ്യുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോറൻസിക് സയൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ വിഭാഗങ്ങളിലെ സയന്റിഫിക് ഓഫീസർമാരുടെ നിയമനത്തിന് യോഗ്യതയായി ചേർത്ത് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഭേദഗതി ചട്ടം പുറപ്പെടുവിക്കുന്നതിന്റെ പ്രാരംഭമായി 28-11-2023-ൽ സർവ്വീസ് സംഘടനകളുടെയും വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെയും ഒരു യോഗം ചേരുകയും യോഗത്തിന്റെ നടപടിക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുള്ളതുമാണ്. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ച് വിഷയം പരിശോധിച്ച് വിശേഷാൽ ചട്ടം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(ഡി) മറ്റുയോഗ്യതകളുള്ളവരെ ഈ തസ്തികയിൽ നിയമിച്ചശേഷം അവർക്ക് പരിശീലനം നൽകാൻ അയയ്ക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല.

(ഇ) അടിയന്തരമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഫോറൻസിക് സയൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ വിഭാഗങ്ങളിലെ സയന്റിഫിക്ക് ഓഫീസർമാരുടെ നിയമനത്തിന് യോഗ്യതയായി ചേർത്ത് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിന്റെ ഭാഗമായി 28-11-2023-ൽ സർവ്വീസ് സംഘടനകളുടെയും വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെയും ഒരു യോഗം ചേരുകയും യോഗത്തിന്റെ നടപടിക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ച്

വിഷയം പരിശോധിച്ച് വിശേഷാൽ ചട്ടം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(എഫ്) റൂൾ ഭേദഗതി നിലവിൽ വരുന്നത് വരെ ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവർക്ക് അവസരം നിഷേധിക്കപ്പെടുമെന്നതിനാൽ നിലവിലെ പി.എസ്.സി. വിജ്ഞാപനം റദ്ദാക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

കെ.പി.എസ്.സി വിജ്ഞാപനത്തിന്മേൽ സർക്കാർതലത്തിൽ നടപടി സ്വീകരിക്കുന്നതിന് കഴിയുകയില്ല.

പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

41 (2084) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 657/2017 പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ വിരമിക്കൽ, സ്ഥാനകയറ്റം, കെ.സി.പി. ട്രാൻസ്ഫർ, ഡെപ്യൂട്ടേഷൻ, വകുപ്പ് മാറ്റം, എൽ.ഡബ്ല്യു.എ., ജീവനക്കാരുടെ മരണം, റെസിഗ്നേഷൻ, ക്യാമ്പ് ഡ്രോപ് എന്നിവ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഓരോന്നും എത്ര വീതമാണെന്ന് അറിയിക്കുമോ?

(എ&ബി) പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിലേയ്ക്ക് 5032 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും 4964 നിയമനങ്ങൾ നടന്നിട്ടുള്ളതുമാണ്. ഇതിൽ 31-12-2021 വരെയുള്ള NJD ഒഴിവുകളും ഉൾപ്പെടുന്നു.

ബയോമെഡിക്കൽ എഞ്ചിനീയർ തസ്തിക

42 (2085) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോമെഡിക്കൽ എഞ്ചിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേനയുള്ള തെരഞ്ഞെടുപ്പിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ബയോമെഡിക്കൽ എഞ്ചിനീയർ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന യോഗ്യതകൾ നിഷ്കർഷിച്ചിരിക്കുന്നു.

Qualification

1. B.Tech/BE in Bio Medical Engineering (from UGC/AICTE recognized Universities/National Institutes established by the Central Government or institutions established by the Government of Kerala).

In their absence,

2. B.Tech/BE Electronics and Communication/ Electrical and Electronics/ Electronics and Instrumentation/Applied Electronics. (from UGC/AICTE recognized Universities/National Institutes established by the Central Government or institutions established by the Government of Kerala).

Experience:

In addition to the above qualification, 2 years experience in repair/maintenance and procurement of Bio medical Equipment in Medical

Colleges or a major hospital with 500 beds or more. Experience should be acquired after acquiring the educational qualification.

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ബയോമെഡിക്കൽ ബിരുദധാരികൾ, മറ്റുബിരുദധാരികൾ എന്നിവർക്ക് വെവ്വേറെ ലിസ്റ്റുകളാണോ തയ്യാറാക്കി വരുന്നത്; ഇതുമൂലം ബയോമെഡിക്കൽ ബിരുദധാരികളെക്കാൾ കൂടുതൽ മാർക്ക് കരസ്ഥമാക്കിയ മറ്റ് ബിരുദധാരികൾ ഒഴിവാക്കപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പ്രസ്തുത തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ലിസ്റ്റ് 1-ൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളെയും ലിസ്റ്റ് 2-ൽ Electronics & Communication/ Electrical & Electronics / Electronics & Instrumentation / Applied Electronics എന്നീ എഞ്ചിനീയറിംഗ് ബിരുദധാരികളെയും ഉൾപ്പെടുത്തിയാണ് ലിസ്റ്റ് തയ്യാറാക്കി വരുന്നത്. ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളെക്കാൾ കൂടുതൽ

മാർക്ക് ലഭിച്ച മറ്റ് ബിരുദധാരികൾ ഒഴിവാക്കപ്പെടുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

2024-ൽ പ്രതീക്ഷിക്കുന്ന പി.എസ്.സി. നിയമനങ്ങൾ

43 (2086) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2024-ൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്താനാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകൾ 2024 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2024 ജനുവരിയിൽ 2108 പേർക്ക് പി.എസ്.സി നിയമനശിപാർശ നൽകിയിട്ടുണ്ട്. എത്ര നിയമനങ്ങൾ നടത്താൻ കഴിയുമെന്ന് കൃത്യമായി കണക്കാക്കാനാവില്ല. റാങ്ക് പട്ടിക നിലവിലുള്ള തസ്തികകളിൽ യഥാസമയം പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ തസ്തിക

44 (2087) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്ക് (കാറ്റഗറി നമ്പർ 633/2023) ഇപ്പോൾ ഏതെല്ലാം വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കാണ് അപേക്ഷിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 30-12-2023-ലെ കാറ്റഗറി 633/2023 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സയന്റിഫിക്ക് ഓഫീസർ (കെമിസ്ട്രി) തസ്തികയുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു.

Essential Qualification :-

Post Graduate Degree in Chemistry with not less than 50% marks from a recognized university

Preferential Qualification:-

1. M.Phil Degree in Chemistry from a recognized University.

2. Two years Research/Analytical experience in Chemistry from a recognized Institution.

(ബി) ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവർക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ കഴിയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് പൂർണ്ണ യോഗ്യതയുണ്ടായിട്ടും ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരെ ഒഴിവാക്കിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ വിശേഷാൽ ചട്ടത്തിൽ സയന്റിഫിക്ക് ഓഫീസർ തസ്തികയുടെ യോഗ്യതയായി എം.എസ്.സി ഫോറൻസിക് സയൻസ് നിശ്ചയിച്ചിട്ടില്ലാത്തതിനാലാണ് പ്രസ്തുത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായത്. എം.എസ്.സി ഫോറൻസിക് സയൻസ് ഉൾപ്പെടെ അധിക യോഗ്യതകൾ നിശ്ചയിച്ചുകൊണ്ട് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) പ്രസ്തുത യോഗ്യതയുള്ളവർക്കുകൂടി അപേക്ഷിക്കാൻ അവസരം നൽകുന്നതിന് വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ വിജ്ഞാപനം

45 (2088) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 168/2023 മുതൽ കാറ്റഗറി നമ്പർ 178/2023 വരെയുള്ള വിജ്ഞാപനങ്ങൾക്ക് കെ.പി.എസ്.സി. 16-11-2023-ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവ്/നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അസ്സോസിയേറ്റ് പ്രൊഫസർ തസ്തിക സ്പെഷ്യൽ റൂൾസ്-ലെ വ്യവസ്ഥകൾ പ്രകാരമായിരുന്നു വിജ്ഞാപനം ചെയ്തത്. എന്നാൽ പരിചയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് Sri. Vivek shakthidharan and others ഫയൽ ചെയ്ത OA(EKM)No. 1554/2023 പ്രകാരം 19-09-2023-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ യോഗ്യത, പരിചയ സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച് സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (CCH) റെഗുലേഷൻ പ്രകാരം, 16-11-2023-ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (CCH) റെഗുലേഷനിലെ കാലാകാലങ്ങളിലെ മാറ്റങ്ങൾ സ്പെഷ്യൽ റൂൾസ്-ന് ബാധകമാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി റെഗുലേഷനിൽനിന്നും സ്പെഷ്യൽ റൂൾസിൽ വ്യതാസമുണ്ടെങ്കിൽ റെഗുലേഷൻസ് ആയിരിക്കും ബാധകമാകുക. സർക്കാർ ഇക്കാര്യത്തിൽ ഉത്തരവ്/നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ പ്രൊഫസർ തസ്തികയിലേയ്ക്കുള്ള 30-12-2023-ലെ കാറ്റഗറി

നമ്പർ 625/2023 മുതൽ കാറ്റഗറി നമ്പർ 628/2023 പ്രകാരമുള്ള വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ച അടിസ്ഥാനയോഗ്യത കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾസ്-2019-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡം ലംഘിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി റെഗുലേഷൻ പ്രകാരമാണ് ടി തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം ചെയ്തിട്ടുള്ളത്

(സി) പ്രസ്തുത അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ/അനുവദിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാനയോഗ്യതയായി പരിഗണിക്കുന്നതിന് പ്രസ്തുത തിരുത്തൽ

വിജ്ഞാപനങ്ങൾക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/നിർദ്ദേശം പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സർക്കാർ ഉത്തരവ് /നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായിരുന്നവർക്ക് പ്രസ്തുത നിയമനക്കാലയളവിലെ ഇടവേളകൾ കണക്കാക്കി അനുവദിക്കേണ്ട പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിനുപകരം ദീർഘകാലത്തെ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത സർട്ടിഫിക്കറ്റ് അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേയ്ക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്കുള്ള അടിസ്ഥാനയോഗ്യതയായി പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവ്/നിർദ്ദേശം പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജോലി നോക്കിയിരുന്ന കാലയളവിലേയ്ക്ക് മാത്രമാണ് പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അനുവദിച്ചത്. ദീർഘകാല സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ

എജ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾ പ്രകാരം പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് നിശ്ചിത കാലയളവിലെ കേരളത്തിലെ അംഗീകൃത ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽനിന്നും ലഭിക്കുന്ന പ്രവൃത്തി പരിചയം യോഗ്യതയായി കണക്കാക്കാവുന്നതാണ്.

(ഇ) പ്രസ്തുത അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ/അനുവദിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാനയോഗ്യതയായി സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ യു.ജി.സി. റെഗുലേഷൻസ്, 2018 പ്രകാരം പ്രസ്തുത കാലയളവിൽ ജോലി ചെയ്യുന്ന/ചെയ്തുവരുന്ന സ്ഥാപനങ്ങളിൽനിന്നും യു.ജി.സി. മാനദണ്ഡപ്രകാരമുള്ള നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും ആയതനുസരിച്ചുള്ള ശമ്പളം കൈപ്പറ്റിയിട്ടുള്ളതായും തെളിയിക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾ പ്രകാരം പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് നിശ്ചിത കാലയളവിലെ കേരളത്തിലെ അംഗീകൃത ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ അല്ലെങ്കിൽ അന്യസംസ്ഥാനങ്ങളിലെ അംഗീകൃത സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽനിന്നും ലഭിക്കുന്ന പ്രവൃത്തിപരിചയമാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത്. അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നിശ്ചിത യോഗ്യതയായി കണക്കാക്കാൻ കഴിയില്ല.

എൽ.പി., യു.പി. അദ്ധ്യാപക തസ്തികയുടെ അപേക്ഷ തീയതി നീട്ടുവാനുള്ള നടപടി

46 (2089) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലേയ്ക്കുള്ള എൽ.പി, യു.പി. അദ്ധ്യാപക തസ്തികകളിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതിലേയ്ക്കായി

അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി എന്നാണ്; എത്ര വർഷങ്ങൾക്കുശേഷമാണ് ഈ തസ്തികകളിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്നറിയിക്കുമോ?

ഉണ്ട്; അവസാന തീയതി 31-01-2024 ആയിരുന്നു. 31-12-2019-ൽ ആണ് അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത്.

(ബി) ഈ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കെ-ടെറ്റ് പരീക്ഷ പാസായിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ വർഷം കെ-ടെറ്റ് പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ-ടെറ്റ് പരീക്ഷ പാസ്സായിരിക്കേണ്ടതുണ്ട്. 2023 മാർച്ചിലെ വിജ്ഞാപനപ്രകാരമുള്ള കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടിയവരിൽ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ പൂർത്തിയായവരുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 2023 ഡിസംബറിൽ നടത്തിയ പരീക്ഷയുടെ ഫലപ്രഖ്യാപനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) എങ്കിൽ ഇതുമൂലം നൂറുകണക്കിന് ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ദീർഘനാളത്തെ ഇളവേളയ്ക്കുശേഷം ലഭിച്ച ഈ അവസരം ഇപ്പോൾ പരീക്ഷ എഴുതി പാസായ കുട്ടികൾക്കുകൂടി പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ഗസറ്റ് വിജ്ഞാപനത്തിൽപ്പറയുന്ന അവസാന തീയതിക്കകം യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ മാത്രമേ അപേക്ഷിക്കാനും ടി സെലക്ഷൻ പ്രക്രിയയിൽ പങ്കെടുക്കാനും അർഹരാകുന്നുള്ളൂ.

പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ

47 (2090) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-കാലഘട്ടത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടും ധൂർത്തും

കെടുകാര്യസ്ഥതയും നിലനിന്നിരുന്നതായും അംഗങ്ങളും സെക്രട്ടറിയും അതിന് കൂട്ടുനിന്നിരുന്നു എന്നുമുള്ള പ്രസ്തുത കാലഘട്ടത്തെ പി.എസ്.സി. പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്നത്തെ ധനകാര്യ അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സാമ്പത്തിക ക്രമക്കേടുകളിൽ അന്നത്തെ ചെയർമാനും ഉത്തരവാദിത്തമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇതുസംബന്ധിച്ച് പരിശോധന നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയോട് അഭ്യർത്ഥിക്കാമെന്ന ശിപാർശ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിരുന്നു. കമ്മീഷനിൽ സ്പെഷ്യൽ ഓഡിറ്റ് നടത്താൻ അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

(ബി) 2016 മുതൽ സംസ്ഥാനത്ത് ഇതുവരെ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ 2023 ഡിസംബർ വരെ ആകെ 248,137 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

73,372 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ഡി) പി.എസ്.സി. നിയമനം വേഗത്തിലും സുതാര്യതയിലും നടത്തുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

2016 മുതൽ പി.എസ്.സി.-യിൽ നടത്തിവരുന്ന നവീകരണ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി e-vacancy software സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

2. പരീക്ഷാ കലണ്ടർ മൂന്ന് മാസം മുമ്പ് മുൻകൂറായി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തുവരുന്നു. പരീക്ഷ എഴുതുമെന്ന് ഉറപ്പുള്ള

ഉദ്യോഗാർത്ഥികളിൽനിന്നും പ്രൊഫൈൽ മുഖേന കൺഫർമേഷൻ സ്വീകരിച്ചശേഷംമാത്രം പരീക്ഷയ്ക്ക് അഡ്മിറ്റ് കാർഡ് പ്രൊഫൈൽ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നു.

3. തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച് കഴിവതും ഒരു വർഷത്തിനകം പരീക്ഷ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യൂണിഫോംഡ് തസ്തികകൾക്ക് വാർഷിക സെലക്ഷൻ നടത്തിവരുന്നു.

4. വാർഷിക പരീക്ഷാ കലണ്ടർ പ്രഖ്യാപിക്കുന്നതിലൂടെ ഉദ്യോഗാർത്ഥികൾക്ക് വളരെ നേരത്തെതന്നെ പരീക്ഷകൾക്കായി തയ്യാറാകാൻ കഴിയുന്നുണ്ട്.

5. അപേക്ഷകളുടെ എണ്ണംകൂടി കണക്കിലെടുത്ത് ചില തസ്തികകൾക്ക് ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. ഇത്തരം തസ്തികകളിൽ അതിവേഗം മൂല്യനിർണ്ണയം നടത്തി റാങ്ക്പട്ടിക പ്രസിദ്ധീകരിയ്ക്കുവാൻ കഴിയുന്നു.

6. പ്രൊവിഷണൽ ഉത്തരസൂചിക സംബന്ധിച്ച ആക്ഷേപങ്ങളും ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ മുഖേന നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

7. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി 'Exam Management Software' കമ്മീഷൻ വികസിപ്പിച്ചിട്ടുണ്ട്.

8. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി വ്യക്തമായി തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. റാങ്ക് പട്ടികകളിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിനായി 'e-Rotation' സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. നിയമന ശിപാർശകളുടെ സോഫ്റ്റ്കോപ്പി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കി വരുന്നു.

10. റാങ്ക്പട്ടികകൾ പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസുകളുടെ പകർപ്പ്, പുന:പരിശോധന എന്നിവയ്ക്കായി ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

11. റാങ്ക്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമന പരിത്യാഗ അപേക്ഷകൾ സമർപ്പിച്ചാൽ ആയത് ലഭ്യമായ വിവരം അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ മുഖാന്തരം അറിയിപ്പ് നൽകുന്നു.

പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് ഇളവുകൾ

48 (2091) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ കാലത്ത് പി.എസ്.സി. വിജ്ഞാപനം വൈകുകയും തന്മൂലം പ്രായപരിധി കഴിഞ്ഞെന്ന കാരണത്താൽ പരീക്ഷ എഴുത്തുന്നതിന് അവസരം നഷ്ടപ്പെടുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനെകുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) വിഷയം പരിശോധിച്ചുവരുന്നു.

പ്രതീക്ഷിത ഒഴിവുകളുടെ വിശദാംശം

49 (2092) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 26-10-2023-ലെ ഉ.പ.സി3/150/2023/പി&എ.ആർ.ഡി. സർക്കുലർ പ്രകാരം ഏതൊക്കെ വകുപ്പുകൾ 2024-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും വിശദമാക്കാമോ?

പ്രതീക്ഷിത ഒഴിവുകളുള്ള രജിസ്ട്രേഷൻ, ലോട്ടറി, ഫിഷറീസ്, സ്റ്റേഷനറി, അച്ചടി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കേരള സംസ്ഥാന ഇൻഷ്വറൻസ്, വ്യവസായ വാണിജ്യം, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, ട്രഷറി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ലാൻഡ് റവന്യൂ, ഡിസ്ട്രിക്ട് ജൂഡീഷ്യറി, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ (ISM), സർവ്വേയും ഭൂരേഖയും, ഡ്രഗ്സ് കൺട്രോൾ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ഭക്ഷ്യസുരക്ഷ, ഹോമിയോപ്പതി, ഭവനം,

ഫയർ & റെസ്ക്യൂ, പുരാവസ്തു, പൊതുവിതരണ ഉപഭോക്തൃകാര്യം, ഫാക്ടറീസ് & ബോയ്ലേഴ്സ്, കേരള സംസ്ഥാന ഓഡിറ്റ്, ക്ഷീര വികസനം, ഭൂജലം, ലീഗൽ മെട്രോളജി, Tourism, മൈനിംഗ് & ജിയോളജി, തൊഴിലും നൈപുണ്യവും, നാഷണൽ എംപ്ലോയിമെന്റ് സർവ്വീസ്, ജി.എസ്.ടി, പൊതുവിദ്യാഭ്യാസം, ജലഗതാഗതം, പൊതുമരാമത്ത്, പിന്നോക്ക വിഭാഗ വികസനം, സെക്രട്ടേറിയറ്റ് (പൊതുഭരണം, ഫിനാൻസ്, ധനകാര്യം), വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, എക്സൈസ്, വനം-വന്യജീവി, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം, ആരോഗ്യ (മെഡിക്കൽ വിദ്യാഭ്യാസം), സാങ്കേതിക വിദ്യാഭ്യാസം, മോട്ടോർ വാഹന വകുപ്പ്, മൃഗസംരക്ഷണം, ജയിൽ, ഊർജ്ജം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, പോലീസ്, നിയമം, കൃഷി എന്നീ വകുപ്പുകളിൽനിന്നും 2024 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കാറ്റഗറി നമ്പർ 171/2015 പ്രകാരമുള്ള എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനി) തസ്തികയിലേയ്ക്ക് മുൻകാലങ്ങളിൽ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

27 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനം

50 (2093) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളിൽ പകുതിപേർ സർക്കാർ സർവ്വീസിൽ കുറഞ്ഞത് പത്ത് വർഷം സർവ്വീസുള്ളവരായിരിക്കണമെന്ന വ്യവസ്ഥ ഏത് ചട്ടങ്ങളിലാണ്/ നിയമങ്ങളിലാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഭരണഘടനയിലെ ആർട്ടിക്കിൾ 316-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനം നടത്തുന്നത്.

(ബി) നിലവിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണത്തിൽ മേൽപ്പറഞ്ഞ അനുപാതം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

ഉണ്ട്.

(സി) നിലവിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളിൽ സർക്കാർ സർവ്വീസിൽ നിന്നല്ലാതെ തെരഞ്ഞെടുത്തിട്ടുള്ളത് എത്ര പേരെയാണ് എന്നറിയിക്കുമോ?

ഏഴ് പേരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) സർക്കാർ സർവ്വീസിൽ നിന്നല്ലാതെ തിരഞ്ഞെടുക്കുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ/ യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ/ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്തെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) യു.ജി.സി. അംഗീകൃത ബിരുദം ഇല്ലാത്ത ആരെയെങ്കിലും നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ അവരുടെ പേര് വിവരം നൽകുമോ?

(ഡി-എഫ്) ഭരണഘടനയിലെ ആർട്ടിക്കിൾ 316-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനം നൽകുന്നത്.

എറണാകുളം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലർക്ക് നിയമനം

51 (2094) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് കാറ്റഗറി നമ്പർ 207/2019 ലോവർ ഡിവിഷൻ ക്ലർക്ക് നിയമനത്തിന് പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ അതെന്ന് പ്രസിദ്ധീകരിച്ചുവെന്നും എത്രപേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 01-08-2022-ന് പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽനിന്നും 620 ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ പി.എസ്.സി നിയമനശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റ് നിലവിലുള്ളപ്പോൾ ജില്ലയിൽ തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, സഹകരണം തുടങ്ങിയ വകുപ്പുകളിൽ ഇപ്പോഴും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താൽക്കാലിക നിയമന രീതികളൊന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കുവാൻ പാടുള്ളതല്ലെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി വഴി നികത്തേണ്ട തസ്തികകളിൽ മറ്റുതരത്തിലുള്ള നിയമനങ്ങൾ അനുവദനീയമല്ല.

(സി) പ്രസ്തുത ജില്ലയിൽ പട്ടികജാതി വികസനം, തൊഴിൽ, ഭക്ഷ്യവിതരണം, ഗ്രാമവികസനം, നഗരസഭാ കോർപ്പറേഷൻ, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളിൽ എൽ.ഡി. ക്ലർക്ക് തസ്തിക നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത് മേധാവികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ ഒഴിവുകൾ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ; ജില്ലയിലെ പ്രസ്തുത ഡിപ്പാർട്ടുമെന്റുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്കുതന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകളിലായി എറണാകുളം ജില്ലയിൽ 01-01-2024-ൽ എത്ര എൽ.ഡി. ക്ലർക്കുമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

01-01-2024 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി.എസ്.സി നിയമന ശിപാർശ ചെയ്യുവാനുള്ള വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2023 ഡിസംബർ മാസത്തിൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

52 (2095) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഡിസംബർ മാസത്തിൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതൊക്കെയാണെന്നും ഓരോന്നും നിലവിൽ വന്ന തീയതിയും ഇതിൽ എത്ര പേർക്ക് നിയമന ശിപാർശ നാളിതുവരെ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റാങ്ക് പട്ടികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.[+] കോടതി വ്യവഹാരങ്ങളോ മറ്റുതടസ്സങ്ങളോ ഇല്ലാത്ത എല്ലാ റാങ്ക്പട്ടികകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടതും ചെയ്തുവരുന്നതുമായ എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നടപടികൾ പി.എസ്.സി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട മുഴുവൻ ഒഴിവുകളിലേയ്ക്കും ലോക്സഭാ ഇലക്ഷൻ നോട്ടിഫിക്കേഷൻ വരുന്നതിന് മുമ്പ് നിയമന ശിപാർശ നൽകി ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തെരഞ്ഞെടുപ്പ് വിജ്ഞാപനം പി.എസ്.സി നിയമന ശിപാർശകളെ ബാധിക്കാറില്ല.

(സി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസ്സിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നാളിതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമനശിപാർശ നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

എച്ച്.എസ്.ടി. മലയാളം കാറ്റഗറി നമ്പർ 663/2012-ന്റെ നിയമനം

53 (2096) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.-യുടെ എച്ച്.എസ്.ടി. മലയാളം കാറ്റഗറി നമ്പർ 663/2012 (റാങ്ക് ലിസ്റ്റ് നമ്പർ 410/2017/എസ്.എസ്.വി.) റാങ്ക് ലിസ്റ്റിലെ നാലുപേർക്ക് (റാങ്ക്നമ്പർ 29, 34, 36, 37) നിയമനം നൽകണമെന്ന സുപ്രീംകോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയിന്മേൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ RP (Dairy) No.50442/2023 ആയി സർക്കാർ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ കോടതിയലക്ഷ്യ നോട്ടീസ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതിയിൽ വിശദീകരണം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 29, 34, 36, 37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമന സാധ്യതയുണ്ടോ; എങ്കിൽ നിയമനം നൽകുമ്പോൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് അവസാന നിയമനം നടന്നത് ഓപ്പൺ കാറ്റഗറിയിലെ ഇരുപതാം നമ്പർ റാങ്കുവരെയാണ് എന്നിരിക്കെ ശേഷംവരുന്ന റാങ്കുകാരെ ഒഴിവാക്കി 29, 34, 36, 37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) മേൽസൂചിപ്പിച്ച നമ്പർ റാങ്കുകാർക്ക് നിയമനം നൽകുന്നുണ്ടെങ്കിൽ അത് പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിന് മുമ്പ് നിലവിൽ വന്ന ഒഴിവുകളിലേയ്ക്കാണോ; വിശദമാക്കുമോ;

(ഇ) കോടതി വിധിപ്രകാരം പ്രസ്തുത നമ്പർ റാങ്കുകാർക്ക് നിയമനം നൽകുന്നുണ്ടെങ്കിൽ ആ ഒഴിവുകൾ 09-08-2023-ന് നിലവിൽ വന്ന പുതിയ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 255/21, റാങ്ക് ലിസ്റ്റ് നമ്പർ 677/23/എസ്.എസ്.III) ഉൾപ്പെട്ടവർക്ക് അർഹതപ്പെട്ടതാണോ; എങ്കിൽ

മേൽപ്പറഞ്ഞ നിയമനം പുതിയ റാങ്കുലിസ്റ്റിലുള്ളരെ ബാധിക്കാതിരിക്കാൻ സ്വീകരിക്കുന്ന ബദൽ മാർഗ്ഗമെന്തെന്ന് അറിയിക്കുമോ?

(സി-ഇ) 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം നിലവിലുള്ള ചട്ടപ്രകാരം പി.എസ്.സി നിയമന ശിപാർശ നൽകുകയാണെങ്കിൽ 29-ാം റാങ്കുകാരന് മാത്രമാണ് നിയമന സാധ്യതയുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുള്ളതിനാൽ 29, 34, 36, 37 എന്നീ നമ്പർ റാങ്കുകാർക്ക് നിയമനം നൽകിയിട്ടില്ല.

അസിസ്റ്റന്റ് സർജൻ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ

54 (2097) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 305/2019 അസിസ്റ്റന്റ് സർജൻ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതെന്നാണെന്ന് വ്യക്തമാക്കാമോ?

16-03-2024 വരെയാണ് കാലാവധി.

(ബി) പ്രസ്തുത റാങ്ക്‌ലിസ്റ്റിൽ ഓരോ വിഭാഗത്തിലുമുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നിയമന ശിപാർശ തയ്യാറാക്കുന്ന അവസരത്തിൽ മാത്രമേ ഉദ്യോഗാർഥികളുടെ ജില്ലയും വിലാസവും പരിശോധിക്കുകയുള്ളൂ.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പരമാവധി നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്കുതന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി നിയമന ശിപാർശ നൽകിവരുന്നു.

സംസ്ഥാന പോലീസ് സർവ്വീസിലെ വിവിധ ഒഴിവുകൾ

55 (2098) ശ്രീ. എം. എസ് അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാന പോലീസ് സർവ്വീസിലെ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും എത്ര നിയമനം പി.എസ്.സി. മുഖേന നടത്തിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികളും അറിയിക്കുമോ?

ഫെബ്രുവരി മാസം പ്രമോഷൻ നൽകിയതുവഴിയുണ്ടായ 19 സബ് ഇൻസ്പെക്ടർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിയിലാണ്.

(സി) സബ് ഇൻസ്പെക്ടർ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനം നാളിതുവരെ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 191 പേർ നിയമനം ലഭിച്ച് പരിശീനത്തിൽ പ്രവേശിച്ചിട്ടുണ്ട്. 133 പേർക്ക് പുതിയതായി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിയമനം

56 (2099) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നം. 530/2019 മുഖേന തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയിൽനിന്നും നാളിതുവരെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശം, ഒഴിവുണ്ടായ രീതിയും വർഷവും തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) എസ്.എ.പി. ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് ആകെ 531 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്കുള്ള നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എസ്.സി കാറ്റഗറി നമ്പർ 456/2016 എൽ.ഡി.സി. (കന്നട, മലയാളം) റാങ്ക് ലിസ്റ്റിലെ നിയമനം

57 (2100) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി കാറ്റഗറി നമ്പർ 456/2016 എൽ.ഡി.സി. (കന്നട, മലയാളം) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിലവിൽ തടസ്സങ്ങളൊന്നുമില്ലാതിരുന്നിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലെ എൽ.ഡി.സി (കന്നട, മലയാളം അറിയുന്നവർ) (Cat No.459/2016) തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് Malathi B P & Others ഫയൽ ചെയ്ത OA(EKM) No.762/2023 ഹർജിയിന്മേൽ ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധ തീയതികളിലെ ഇടക്കാല ഉത്തരവുകളെത്തുടർന്ന് ടി തസ്തികയുടെ 09-05-2023-ൽ പ്രസിദ്ധീകരിച്ച സാധ്യതാപട്ടികയുടെ തുടർന്നുള്ള നടപടികൾ stay ചെയ്തിരുന്നു. ഹർജിയിലെ 07-11-2023-ലെ

ഉത്തരവിനെതിരെ കമ്മീഷൻ അപ്പീൽ നൽകാൻ തീരുമാനിച്ചതിനാൽ അപ്പീലിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ.

(ബി) നിലവിലെ സാധ്യതാപട്ടിക റദ്ദ് ചെയ്യുന്നത് സംബന്ധിച്ച ട്രിബ്യൂണലിന്റെ ഒ.എ ഇ.കെ.എം 762/2023 നമ്പർ കേസിൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച 07-11-2023-ലെ അന്തിമവിധി ഒ.പി കെ.എ.റ്റി 553/23 നമ്പർ പ്രകാരം 13-12-2023-ന് ഹൈക്കോടതി സ്റ്റേ ചെയ്തതിനുശേഷം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ?

07-11-2023-ലെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ appeal ഫയൽ ചെയ്യാനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരവെയാണ് OP(KAT) 553/2023-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് PSC-ക്ക് ലഭ്യമായത്.

(സി) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ പി.എസ്.സി. ഹൈക്കോടതിയിൽ നൽകിയ ഒ.പി.കെ.എ.റ്റി 26/2024 നമ്പർ അപ്പീലിൽ സ്റ്റേ ലഭിച്ചതിനുശേഷം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ?

29-01-2024-ലെ ഇടക്കാല ഉത്തരവിൽ OP(KAT) 553/2023-ന്റെ ഇടക്കാല ഉത്തരവ് ബാധകമാക്കികൊണ്ട്, ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞിട്ടുണ്ട്.

(ഡി) എ 4-1/8/2022-കെ.പി.എസ്.സി ഫയലിൽ 30-01-2023-ന് പി.എസ്.സി ചെയർമാൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഉത്തരവിട്ടിട്ടും തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സാധ്യത പട്ടികയ്ക്കെതിരെ ഫയൽ ചെയ്ത OA(EKM) 762/2023-ൽ ബഹുമാനപ്പെട്ട ട്രിബ്യൂണൽ 26-05-2023-ന് തുടർനടപടികൾ തടഞ്ഞിരുന്നു. ആയതിനാലാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കാതിരുന്നത്.

(ഇ) നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒൻപത് വർഷമായി പ്രസ്തുത റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ ന്യൂനപക്ഷ മേഖലയായ കാസർഗോഡ് ജില്ലയിൽ ഈ തസ്തികയിലെ ഒഴിവുകൾ നികത്താത്തത് കാരണം റവന്യൂ വകുപ്പിലടക്കം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

നിലവിൽ 86 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

എറണാകുളം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലർക്ക് നിയമനം

58 (2101) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് ലോവർ ഡിവിഷൻ ക്ലർക്ക് നിയമനത്തിന് കാറ്റഗറി നമ്പർ 207/2019 പ്രകാരമുള്ള പി.എസ്.സി. റാങ്ക്പട്ടിക നിലവിലുണ്ടോ; എങ്കിൽ അതെന്ന് പ്രസിദ്ധീകരിച്ചുവെന്നും എത്രപേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 01-08-2022-ന് പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽനിന്നും 620 ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ പി.എസ്.സി നിയമനശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റ് നിലവിലുള്ളപ്പോൾ ജില്ലയിൽ എൽ.എസ്.ജി.ഡി., വിദ്യാഭ്യാസം, സഹകരണം തുടങ്ങിയ വകുപ്പുകളിൽ കരാർ നിയമനവും

ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താൽക്കാലിക നിയമന രീതികളൊന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കുവാൻ പാടുള്ളതല്ലെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി വഴി നികത്തേണ്ട തസ്തികകളിൽ മറ്റുതരത്തിലുള്ള നിയമനങ്ങൾ അനുവദനീയമല്ല.

(സി) എറണാകുളം ജില്ലയിൽ പട്ടികജാതി വികസനം, തൊഴിൽ, ഭക്ഷ്യവിതരണം, ഗ്രാമവികസനം, നഗരസഭാ കോർപ്പറേഷൻ, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളിൽ എൽ.ഡി. ക്ലർക്ക് തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുന്നത് മേധാവികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; ജില്ലയിൽ ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഓഫീസ് മേധാവികൾക്കെതിരെ സർക്കാർ നടപടി

സ്വീകരിക്കുമോ; പ്രസ്തുത ഡിപ്പാർട്ടുമെന്റുകളിലെ ജില്ലയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്കുതന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും, റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധകാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകളിലായി എറണാകുളം ജില്ലയിൽ 01-01-2024-ൽ എത്ര എൽ.ഡി. ക്ലർക്കുമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ?

01-01-2024 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി.എസ്.സി നിയമന ശിപാർശ ചെയ്യുവാനുള്ള വകുപ്പ് തിരിച്ചുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉയർത്തലും തസ്തികകളുടെ യോഗ്യതാ മാറ്റവും

59 (2102) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വിവിധ വകുപ്പുകളിലെ തസ്തികകളിലേയ്ക്കുള്ള യോഗ്യതകളിൽ മാറ്റം വരുത്തുന്നതിന് ശിപാർശ നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിയമസഭയുടെ യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി (2019-21)-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിവിൽ സർവ്വീസിന് പ്രയോജനപ്പെടുന്നതരത്തിൽ വകുപ്പുകളിലും വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയ്ക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ടി പ്രൊഫഷണൽ യോഗ്യതകൂടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയും പി.എസ്.സി. നിയമനങ്ങൾക്കുള്ള യോഗ്യതതന്നെ തസ്തികമാറ്റ നിയമനങ്ങൾക്കും ബാധകമാക്കുന്നതരത്തിലും ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നേടുന്നതിനുള്ള അടിസ്ഥാനയോഗ്യത എസ്.എസ്.എൽ.സി. ആയി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; യോഗ്യത കാലോചിതമായി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ശിപാർശ കണക്കിലെടുത്ത് ഡ്രൈവർ തസ്തിക സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

(ബി&സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഇത്തരത്തിൽ ശിപാർശ നൽകിയിട്ടില്ല. എന്നാൽ ഈ വിഷയം ഗതാഗത വകുപ്പിൽ പരിശോധിച്ചുവരുന്നു.

ഡോക്ടർ ഓഫ് ഫാർമസി പഠിച്ച വിദ്യാർത്ഥികൾ

60 (2103) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർ ഓഫ് ഫാർമസി പഠിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ഏതെങ്കിലും തസ്തികയിൽ നിയമനം നൽകാറുണ്ടോ; ഉണ്ടെങ്കിൽ തസ്തിക സംബന്ധിച്ച വിവരം നൽകാമോ?

ആരോഗ്യവകുപ്പിനുകീഴിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും ഡോക്ടർ ഓഫ് ഫാർമസി സാങ്കേതിക യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നുംതന്നെ നിലവിലില്ല.

(ബി) ഇല്ലെങ്കിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് സർക്കാർ സർവ്വീസിൽ അവരുടെ സേവനംകൂടി ലഭ്യമാകത്തക്കവിധത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയില്ലില്ല

ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾ

61 (2104) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾ എന്നാൽ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളെ നിർവചിച്ച് ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾ നിർവചിച്ച് പൊതുഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ഒരു കേഡറിൽ ഉൾപ്പെടുന്നതും ഒരേ ശമ്പളസ്കെയിലിൽ സമാനയോഗ്യതയുമുള്ള തസ്തികകളെ ഇന്റർ ചെയ്ഞ്ചബിളായി പരിഗണിക്കുന്നു.

(ബി) കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലെയോ കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസിലെയോ ഏതെങ്കിലും തസ്തികകൾ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ മാത്രമുള്ള തസ്തികയുമായി

ഇന്റർ ചെയ്ഞ്ചബിളാക്കി ഉത്തരവുകളോ സവിശേഷാൽ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഇന്റർ ചെയ്ഞ്ചബിൾ തസ്തികകളെന്ന പൊതുനിർവചനമില്ലെങ്കിലും സമാന/തത്തുല്യ തസ്തികകളായി വിവിധ വകുപ്പുകൾ പരിഗണിക്കുന്ന ചില തസ്തികകൾ ചുവടെ ചേർക്കുന്നു.

റവന്യൂ വകുപ്പ്

1) വില്ലേജ് അസിസ്റ്റന്റ്/ക്ലാർക്ക് (കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്).

2) വില്ലേജ് ഓഫീസർ/ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ (കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 1980).

3) ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട്/വാല്യുവേഷൻ അസിസ്റ്റന്റ്/ ഹെഡ് മിനിസ്റ്റീരിയൽ ഓഫീസർ (കേരള റവന്യൂ സർവ്വീസ് സ്പെഷ്യൽ റൂൾസ് 1980).

4) സീനിയർ സൂപ്രണ്ട്/തഹസീൽദാർ/ ഹുസൂർ ശിരസ്തദാർ (കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് 1963).

ആരോഗ്യ വകുപ്പ്

1) സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ടഷറർ/മാനേജർ/റ്റി.ബി. സെന്റർ ജൂനിയർ അക്കൗണ്ട്സ് ഓഫീസർ.

2) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1/ഇവാലുവേഷൻ അസിസ്റ്റന്റ്.

3) ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്1/ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 1/ മലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 1.

4) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2/ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 2/ മലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 2.

ചരക്ക് സേവന നികുതി വകുപ്പ്

അസിസ്റ്റന്റ് സെയിൽസ് ടാക്സ് ഓഫീസർ, ജൂനിയർ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഓഫീസർ, സെയിൽസ് ടാക്സ് ഇൻസ്പെക്ടർ, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇൻസ്പെക്ടർ, ഇന്റലിജൻസ് ഇൻസ്പെക്ടർ, ചെക്ക് പോസ്റ്റ് ഇൻസ്പെക്ടർ, ജൂനിയർ സൂപ്രണ്ട്.

(സി) ഒരു സ്പെഷ്യൽ റൂൾ അനുസരിച്ചും ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ഇന്റർ ചെയ്ഞ്ചബിൾ ആയി വേറെ തസ്തികകൾ ഒന്നും സ്പഷ്ടമായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അനുബന്ധം 16 (d)-യിൽ ജൂനിയർ സൂപ്രണ്ടുമാർക്കും സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള അതിന്റെ ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾക്കും പറഞ്ഞിരിക്കുന്ന ഹയർഗ്രേഡ് ആനുകൂല്യം എപ്രകാരമാണ് ജൂനിയർ സൂപ്രണ്ടുമാർ അല്ലാത്തവർക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ കോമൺ കാറ്റഗറിയിൽപ്പെട്ട ജൂനിയർ സൂപ്രണ്ട് തസ്തികയെ “Junior Superintendent and Inter-Changeable posts as per Special Rules” എന്നാണ് വിവക്ഷിച്ചിട്ടുള്ളത്. അതിനാൽ ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾക്ക് ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലുള്ളവർക്കും അർഹതയുണ്ട്.

(ഡി) ഇന്റർ ചെയ്ഞ്ചബിൾ തസ്തികകളുടെ നിർവചനം സംബന്ധിച്ച അവ്യക്തത നീക്കാൻ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കെ.എസ്.&എസ്.എസ്.ആർ. ഭേദഗതി

62 (2105) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സർവ്വീസിൽ ഒരു ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റ ഉത്തരവ് കൈപ്പറ്റിയാൽ എത്ര ദിവസത്തിനകം സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കണമെന്ന് വ്യക്തമാക്കുന്ന സർവ്വീസ് ചട്ടങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; കെ.എസ്.& എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സമയപരിധി നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവുകളോ ചട്ടങ്ങളോ നിലവിലില്ല. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഇല്ല.

സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം

63 (2106) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം ഏതൊക്കെ വകുപ്പുകളിലാണ് നടപ്പാക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

ഓൺലൈൻ സ്ഥലംമാറ്റം ബാധകമായ, എന്നാൽ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്ത വകുപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

മൃഗസംരക്ഷണം, പുരാവസ്തു, പുരാരേഖ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, കോളേജ് വിദ്യാഭ്യാസം, ദേശീയസമ്പാദ്യ പദ്ധതി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം (അദ്ധ്യാപകരുടെത് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല), പിന്നാക്കവിഭാഗ വികസനം, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, കോ-ഓപ്പറേറ്റീവ് ആഡിറ്റ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, ഇറിഗേഷൻ, ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ്, ലാൻഡ് ബോർഡ്,

ലീഗൽ മെട്രോളജി, സ്റ്റേറ്റ് ലോട്ടറീസ്, മൈനിംഗ് & ജിയോളജി, മ്യൂസിയം& സൂ, നാഷണൽ സേവിംഗ്സ്, പ്ലാനിംഗ് ബോർഡ്, ഇറമുഖം, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, പ്രിന്റിംഗ്, പ്രിസൺസ് & കറക്ഷണൽ, പബ്ലിക് ഇൻസ്ട്രക്ഷൻ, സൈനികക്ഷേമം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, സ്റ്റേഷനറി (പായ്ക്കർ/സ്റ്റോർ അസിസ്റ്റന്റ് /സ്റ്റോർ അറ്റൻഡർ മാത്രം ഓൺലൈൻ ആക്കിയിട്ടില്ല) സർവ്വേ & ലാൻഡ് റിക്കോർഡ്സ്, വിനോദസഞ്ചാരം, ടൗൺ & കൺട്രി പ്ലാനിംഗ്, ട്രഷറി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, ക്ഷീര വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, നികുതി കമ്മീഷണറുടെ കാര്യാലയം, എക്സൈസ് കമ്മീഷണറുടെ കാര്യാലയം, പഞ്ചായത്ത് ഡയറക്ടറേറ്റ്, കേരള വന വികസന കോർപ്പറേഷൻ.

(ബി) പ്രസ്തുത വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി, എൻ.ഐ.സി മുഖേന അതതു വകുപ്പുകൾ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനും സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ഐ.ആർ.എസ്. ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി

64 (2107) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി വകുപ്പിൽ അഡീഷണൽ കമ്മീഷണർ-1 തസ്തികയിൽ ജോലി ചെയ്തുവരുന്ന ഐ.ആർ.എസ്. ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടുന്നതിലേയ്ക്കായി സർക്കാരിൽനിന്നും വിജിലൻസ് സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോ; അറിയിക്കുമോ?

ചരക്കുസേവന നികുതി വകുപ്പിൽ അഡീഷണൽ കമ്മീഷണർ-1 തസ്തികയിൽ ജോലി ചെയ്തുവരുന്ന ഐ.ആർ.എസ്. ഉദ്യോഗസ്ഥന്റെ

ഡെപ്യൂട്ടേഷൻ കാലാവധി രണ്ട് വർഷത്തേയ്ക്കുകൂടി വിട്ടുനൽകണമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് ചെയർമാനോട് അഭ്യർത്ഥിച്ചതിൻപ്രകാരം വിജിലൻസ് ക്ലിയറൻസ് ഉൾപ്പെടെ ആയതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ചരക്കുസേവന നികുതി വകുപ്പിലെ ഫയൽ നമ്പർ സി.ടി./7309/2020-എ1 പ്രകാരം ഈ വിഷയത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെ സംബന്ധിച്ച് ഒരു 'വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്' ഡെപ്യൂട്ടി കമ്മീഷണർ-1 തയ്യാറാക്കിയിരുന്നോ; എങ്കിൽ അത് ആരുടെ ആവശ്യപ്രകാരമാണെന്നും അത് ആർക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്ലിയറൻസ് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി സംസ്ഥാന വിജിലൻസ് വകുപ്പിൽനിന്ന് വിവരങ്ങൾ തേടിയിട്ടുണ്ടായിരുന്നോ; ഈ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന വേളയിൽ ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറോ സ്പെഷ്യൽ കമ്മീഷണറോ ഫയൽ കാണുകയും ഉത്തരവിടുകയും ചെയ്തിരുന്നോയെന്നും വ്യക്തമാക്കാമോ;

(ഡി) ഡെപ്യൂട്ടി കമ്മീഷണർ-1 ആണ് പ്രസ്തുത സർട്ടിഫിക്കറ്റ് തയ്യാറാക്കിയതെന്ന് കണ്ടാൽ അക്കാലയളവിലെ ഡെപ്യൂട്ടി കമ്മീഷണർ-1 ന്റെ ക്രമവിരുദ്ധ നടപടിക്കെതിരെ സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ?

(ബി-ഡി) ചരക്കുസേവന നികുതി കമ്മീഷണറേറ്റിലെ സി.റ്റി/7309/2020-എ 1 ഫയൽപ്രകാരം ഓഫീസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടി ഉദ്യോഗസ്ഥനെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടോയെന്ന് വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗത്തോട് അഭിപ്രായം ആരാഞ്ഞതിൻപ്രകാരം ടി ഉദ്യോഗസ്ഥനെതിരെ വിജിലൻസ് കേസുകൾ നിലവിലില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത അഡീഷണൽ കമ്മീഷണറുടെ ഡെപ്യൂട്ടേഷൻ എക്സ്റ്റൻഡ് ചെയ്യാനുള്ള വാണിജ്യനികുതി വകുപ്പ് കമ്മീഷണറുടെ ശിപാർശ ലഭ്യമാണോ; അറിയിക്കുമോ?

25-06-2020-ലെ സ.ഉ(കൈ)നം.58/2020/നികുതി ഉത്തരവുപ്രകാരം പ്രസ്തുത അഡീഷണൽ കമ്മീഷണറെ 3 വർഷത്തേയ്ക്ക് അന്യത്രസേവന

വ്യവസ്ഥയിൽ നിയമിക്കുകയും ടി ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ കാലാവധി രണ്ട് വർഷത്തേയ്ക്കുകൂടി വിട്ടുനൽകണമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് ചെയർമാനോട് അഭ്യർത്ഥിച്ചതിൻപ്രകാരം വിജിലൻസ് ക്ലിയറൻസ് ഉൾപ്പെടെ ആയതിനുള്ള അനുമതി ലഭ്യമാക്കിയതിനെതുടർന്ന് 01-08-2023-ലെ സ.ഉ(കൈ) നം.81/2023/നികുതി നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അഡീഷണൽ കമ്മീഷണറുടെ അന്യത്രസേവന കാലാവധി 2 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. തുടർന്ന് 06-01-2024-ലെ സ.ഉ.(കൈ)നം.2/2024/നികുതി ഉത്തരവ് പ്രകാരം സ്പെഷ്യൽ കമ്മീഷണറുടെ എക്സ്കേഡർ തസ്തികയിൽ (78800-209200 പേബാൻഡ് മെട്രിക്സ് ലെവൽ 12) നിയമിക്കുകയും, 01-08-2023-ലെ സ.ഉ.(കൈ)നം.81/2023/ നികുതി ഉത്തരവ് പ്രകാരമുള്ള ഡെപ്യൂട്ടേഷൻ കാലയളവ് തീരുംവരെ പ്രസ്തുത തസ്തികയിൽ തുടരാൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

ആശ്രിത നിയമനത്തിനായുള്ള മാനദണ്ഡങ്ങൾ

65 (2108) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ കേഡർ സ്ട്രെംഗ്തിന് ആനുപാതികമായിട്ടാണോ അതോ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന് അനുപാതികമായിട്ടാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഒഴിവുകളുടെ എത്ര ശതമാനമാണ് ആശ്രിത നിയമനത്തിനായി നീക്കി വെക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) 24-05-1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃവകുപ്പിൽ) നിലവിലുള്ളതോ/തൊട്ടടുത്ത് ഉണ്ടാകുന്നതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേയ്ക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്.

ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ(സി.ഇ.സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം മാത്രമേ ഒഴിവുകൾ നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കി നിയമനം ലഭിക്കുന്നതിനുള്ള ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ജോലി നൽകുന്നതിന് വ്യവസ്ഥയില്ല.

(ഡി) അപേക്ഷ ലഭിക്കുന്ന തീയതി അടിസ്ഥാനപ്പെടുത്തിയാണോ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ?

അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കുന്നപക്ഷം അത് Valid Application ആയി പരിഗണിക്കും. ഇത് സമർപ്പിക്കുന്ന തീയതി അടിസ്ഥാനപ്പെടുത്തിയാണ് മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്.

ആശ്രിത നിയമനം

66 (2109) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പല വകുപ്പുകളിലും ആശ്രിത നിയമനത്തിനായി വർഷങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് കണക്കിലെടുത്ത് ആശ്രിത നിയമനരീതി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ആശ്രിത നിയമനത്തിനുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ആശ്രിത നിയമനത്തിന്റെ വരുമാന പരിധി

67 (2110) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിതനിയമനത്തിന് അപേക്ഷ നൽകുന്നവരുടെ വരുമാന പരിധി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനുള്ള വരുമാനപരിധി അവസാനമായി നിജപ്പെടുത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 28-04-2018-ലാണ് കുടുംബവാർഷിക വരുമാന പരിധി 8 ലക്ഷം രൂപയാക്കി പുതുക്കി നിശ്ചയിച്ചത്.

(സി) ശമ്പള പരിഷ്കരണത്തിനുശേഷം ജീവനക്കാരുടെ വരുമാനം വർദ്ധിച്ചതിന് ആനുപാതികമായി ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

മുളംകുന്നത്തുകാവ് പഞ്ചായത്ത് പരിധിയിൽ നോളജ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി

68 (2111) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നത വിദ്യാഭ്യാസ രംഗത്തെ നിരവധി വിജ്ഞാനകേന്ദ്രങ്ങളുടെ ആസ്ഥാനമായ വടക്കാഞ്ചേരി മണ്ഡലത്തിലെ മുളംകുന്നത്തുകാവ് പഞ്ചായത്ത് പരിധിയിൽ വർക്ക് നിയർ ഹോം, വർക്ക് സ്പേസ്, റീഡിംഗ് റൂം, ട്രെയിനിംഗ് ഹാൾ, കമ്പ്യൂട്ടർ ലാബ്, വെർച്വൽ റൂം, വെർച്വൽ ലൈബ്രറി, 24x7 കെയർ, കഫറ്റീരിയ, സ്കൂൾ വിദ്യാർത്ഥികൾക്കായി ഈവനിംഗ് സ്റ്റഡി സെന്റർ, എലവേറ്റഡ് കാർ പാർക്കിംഗ് എന്നീ സൗകര്യങ്ങളുള്ള ഒരു നോളജ് പാർക്ക് സ്ഥാപിക്കാനുള്ള നടപടി സ്ഥലം വിട്ടുനൽകിയാൽ വകുപ്പ് സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

മുളംകുന്നത്തുകാവ് പഞ്ചായത്ത് പരിധിയിൽ നോളജ് പാർക്ക് സ്ഥാപിക്കുന്ന വിഷയം നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല.

പാലക്കാട് ജില്ലയിലെ ആശ്രിത നിയമനം

69 (2112) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പാലക്കാട് ജില്ലയിൽ ആശ്രിത നിയമനം വഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായി സർക്കാരിലേയ്ക്ക് നിലവിൽ എത്ര അപേക്ഷകളാണ് പാലക്കാട് ജില്ലയിൽനിന്നും സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ആശ്രിത നിയമനം നൽകിയവരുടെ എണ്ണവും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ജില്ല തിരിച്ച് ക്രോഡീകരിച്ചിട്ടില്ല.

(സി) ഏതൊക്കെ നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് ആശ്രിത നിയമനത്തിനുള്ള അർഹത നിർണ്ണയിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ നിയമനങ്ങൾ എസ്.സി., എസ്.റ്റി., ഒ.ബി.സി., മറ്റ് ഇതര വിഭാഗങ്ങൾ എന്നിവർക്കെല്ലാം ഒരുപോലെ ബാധകമാണോ; എങ്കിൽ

വിശദമാക്കാമോ; ബാധകമല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

(സി&ഡി) 24-05-1999-ലെ G.O.(P)No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. മരണപ്പെടുന്ന ജീവനക്കാരന്റെ ആശ്രിതരിലൊരാൾക്കാണ് നിയമനത്തിന് അർഹത. സാമുദായിക പരിഗണന ബാധകമല്ല.

ബൈ ട്രാൻസ്ഫർ പ്രമോഷൻ

70 (2113) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് തസ്തിക റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അതത് വകുപ്പുകളിലെ ബൈട്രാൻസ്ഫർ പ്രമോഷന് അപേക്ഷിക്കാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് അപേക്ഷിക്കാൻ സാധിക്കാത്തതെന്ന് വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ പ്രീ-പ്രൈമറി വിഭാഗത്തിലെ 'ആയ' തസ്തികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേനയുള്ള ബൈട്രാൻസ്ഫർ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അനുമതി നൽകി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഓർഫനേജ് കൺട്രോൾ ബോർഡ്

71 (2114) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ ശിശുവികസന വകുപ്പിന്റെയും നിയന്ത്രണത്തിലായതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വർഷത്തിൽ ചേരേണ്ട സംയുക്ത യോഗം എന്നാണ് അവസാനമായി ചേർന്നത്; അറിയിക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥലയങ്ങളുടെയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രി അധ്യക്ഷനായി രൂപീകരിച്ച സംസ്ഥാനതല അവലോകന സമിതിയുടെ യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രണ്ട് വകുപ്പുകളും ഒരു സെക്രട്ടറിക്ക് കീഴിലാക്കുന്നകാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും വെവ്വേറെ സെക്രട്ടറിമാരുടെ കീഴിലാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്.

പാഠശാല മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

72 (2115) ശ്രീ. സി. കെ ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മണ്ഡലത്തിലും നൂറ് വീടുകൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽനിന്ന് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽനിന്നും 93 ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമായിട്ടുണ്ട്. അതിൽ 14 കുടുംബങ്ങൾക്ക് ഇതുവരെ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) അപേക്ഷിക്കുന്ന എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

അപേക്ഷിക്കുന്ന എല്ലാവർക്കും കെ-ഫോൺ വാണിജ്യ കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പ്രസ്തുത നടപടികളുടെ ഭാഗമായി പുതിയ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ കണക്ഷൻ

നൽകുന്നതിനായി ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർ (LNP)-മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

കെ-ഫോൺ പദ്ധതിയുടെ ടെണ്ടർ നടപടിക്രമം

73 (2116) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബെൽ കൺസോർഷ്യം നേടിയ പ്രധാന കരാറിന്റെ ടെണ്ടറിൽ, എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം ടെണ്ടറിൽ പങ്കെടുത്ത ഒന്നിലധികം കൺസോർഷ്യങ്ങളിലും ഭാഗമായി പങ്കെടുത്ത എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരേ സ്ഥാപനംതന്നെ രണ്ട് കൺസോർഷ്യത്തിന്റെ ഭാഗമായി ടെണ്ടറിൽ പങ്കെടുക്കാൻ പാടില്ലെന്ന് പ്രസ്തുത ടെണ്ടർ ആർ.എഫ്.പി.-യിൽ പ്രതിപാദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടെണ്ടറിൽ ഒരേ സ്ഥാപനം രണ്ട് കൺസോർഷ്യത്തിന്റെ ഭാഗമായി ടെണ്ടറിൽ പങ്കെടുക്കുന്നത് നിയമപരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ?

(എ-സി) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) കൺസോർഷ്യം,ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ് (TCIL) കൺസോർഷ്യം, A2Z ഇൻഫ്രാ എഞ്ചിനീയറിംഗ് ലിമിറ്റഡ് കൺസോർഷ്യം എന്നീ കൺസോർഷ്യങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം BEL, TCIL എന്നീ കൺസോർഷ്യങ്ങളുടെ ഭാഗമായിരുന്നു. കൺസോർഷ്യത്തിലെ ലീഡ് ബിഡ്ഡർ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് ഒന്നിൽ കൂടുതൽ കൺസോർഷ്യത്തിന്റെ ഭാഗമാകാമെന്ന് ആർ.എഫ്.പി.-യിൽ പ്രതിപാദിച്ചിരുന്നു.

കെ-ഫോൺ പദ്ധതി

74 (2117) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ-ഫോൺ പദ്ധതി മുഖേന സംസ്ഥാനത്ത് ഇതിനോടകം എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

20567 സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ 183 സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 172 സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുമുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

കഴക്കൂട്ടം- കൊല്ലം ഐ.ടി. ഇടനാഴി

75 (2118) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ ദേശീയപാത 66-ന് സമാന്തരമായി കണ്ണൂർ, കൊല്ലം ഐ.ടി. പാർക്കുകളും നാല് ഐ.ടി. ഇടനാഴികളും സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനായി കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ നിന്നും 1,000 കോടി രൂപ വകയിരുത്തിയിരുന്നു. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചുകൊണ്ടും ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ.-നെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഇതിൽ ടെക്നോപാർക്ക് മൂന്നാംഘട്ടം മുതൽ കൊല്ലം വരെ ഉൾപ്പെട്ടതാണ് ഒന്നാം ഇടനാഴി. ഈ ഇടനാഴിക്കുവേണ്ടി 17 ലാൻഡ് പാഴ്സലുകൾ കണ്ടെത്തുകയുണ്ടായി. ഇവയുടെ സ്വീകാര്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ

ചുമതലപ്പെടുത്തുകയും കമ്മിറ്റി സ്ഥലങ്ങൾ സന്ദർശിക്കുകയും ഇതിൽ 6 ലാൻഡ് പാഴ്സലുകൾ (ഏകദേശം 200 ഏക്കറോളം ഭൂമി) പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഐ.ടി. ഇടനാഴികളുടെ വികസനത്തിനായി ഭൂമി ലഭ്യമാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

76 (2119) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളെന്ന പേരിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളെന്ന പേരിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. പബ്ലിക് പോർട്ടലിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 27-06-

2018-ലെ സ.ഉ.(സാധാ)നം.177/2018/വിസവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 07-11-2019-ലെ സ.ഉ.(കൈ)നം.26/2019/വിസവ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മാത്രമായി നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് പഞ്ചായത്ത്/അർബൻ ഡയറക്ടർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്ക് സമാനമായി പ്രവർത്തിക്കുന്ന ഇതര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പ്രോജക്ട് മാനേജർക്കും അക്ഷയ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നിലവിൽ ലഭ്യമാകുന്നത്; സേവനങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകി വരുന്ന സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ താലൂക്ക് പരിധിയിലെ അക്ഷയ കേന്ദ്രങ്ങൾ

77 (2120) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് പരിധിയിൽ പ്രവർത്തിച്ചുവരുന്ന അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ആലത്തൂർ താലൂക്ക് പരിധിയിൽ 43 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ടി അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) ആലത്തൂർ താലൂക്ക് പരിധിയിൽ പുതുതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആലത്തൂർ താലൂക്ക് പരിധിയിൽ താഴെപ്പറയുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ലൊക്കേഷന്റെ പേര്	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്
1	പുളിങ്കുട്ടം	കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്
2	ചിതലി പാലം	കുഴൽമന്ദം ഗ്രാമപഞ്ചായത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3	മണിയമ്പാറ	പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്.
4	ആനിക്കോട്	മാത്തൂർ ഗ്രാമപഞ്ചായത്ത്
5	മന്നമ്പുള്ളി	മാത്തൂർ ഗ്രാമപഞ്ചായത്ത്

ഗുരുവായൂർ മണ്ഡലത്തിൽ പുതിയ അക്ഷയ സെന്റർ

78 (2121) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പുതിയ അക്ഷയ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ചാവക്കാട് മുൻസിപ്പാലിറ്റിയിലെ ന്യൂലിഫ് ഇസ്ലാം-സൗത്ത് പാലയൂർ, ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ മുത്തമ്മാവ് എന്നീ പുതിയ ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ മുത്തമ്മാവ് ലൊക്കേഷനിലേയ്ക്കുള്ള സംരംഭക നിയമന നടപടികൾ കോടതി വ്യവഹാരത്തെ തുടർന്ന് നിർത്തിവെച്ചിരിക്കുകയാണ്.

ന്യർലിഫ് ഇസ്സാം-സൗത്ത് പാലയൂർ ലൊക്കേഷനിലേയ്ക്ക് അക്ഷയ സംരംഭക തെരഞ്ഞെടുപ്പിനായുള്ള തുടർനടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. നിലവിലെ സംരംഭകന്റെ മരണത്തെ തുടർന്ന് ഒഴിവുവന്ന തമ്പുരാൻപടി ലൊക്കേഷനിലേയ്ക്ക് പുതിയ അക്ഷയ സംരംഭകനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ മന്ദലാംകുന്ന്, ചമ്മണ്ണൂർ എന്നീ പുതിയ ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്ന നടപടി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

അക്ഷയ കേന്ദ്രങ്ങളെ സംരക്ഷിക്കുവാൻ നടപടി

79 (2122)ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പുതിയ സേവനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്കായുള്ള നിരക്കിൽ കാലോചിത മാറ്റം വരുത്തുന്നതിന് അക്ഷയ ഡയറക്ടർ നൽകിയ പ്രൊപ്പോസൽ പരിശോധനയിലാണ്.

(ബി) വ്യാജ ഓൺലൈൻ സേവന കേന്ദ്രങ്ങളും അനധികൃത സി.എസ്.സി. കേന്ദ്രങ്ങളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പബ്ലിക് പോർട്ടലിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 27-06-2018-ലെ

സ.ഉ.(സാധാ)നം.177/2018/വിസവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 07-11-2019-ലെ സ.ഉ.(കൈ)നം.26/2019/വിസവ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മാത്രമായി നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ നിർദ്ദേശങ്ങളും നടപ്പാക്കണമെന്ന് പഞ്ചായത്ത്/അർബൻ വകുപ്പ് ഡയറക്ടർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്ക് സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന ഇതര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പ്രോജക്ട് മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾക്ക് മാത്രമായി വിവരസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ള ഒരു മുഴുവൻ സമയ മേധാവിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) അക്ഷയ കേന്ദ്രങ്ങളുടെ സംരക്ഷണത്തിനായി നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

(സി & ഡി) നിലവിൽ പരിഗണനയിലില്ല.

ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

80 (2123) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസേവന കേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇവയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം അനുവദിക്കണമെന്നത് ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) 30-07-2021-ലെ സ.ഉ.(കൈ)നം.24/2021/വിസവ പ്രകാരം അക്ഷയ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ.-ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ.-ഉം,

കോർപ്പറേഷനിൽ 1 കി.മീറ്ററുമായി 30-07-2021-ലെ സ.ഉ.(കൈ)നം.24/2021/വി.സ.വ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചുകൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അതത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു/പ്രീഡിഗ്രി പാസ്സായവരും 18 വയസിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നത്. ഇപ്രകാരമാണ് നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. ജനസാന്ദ്രതയും ദൂരപരിധിയും അടിസ്ഥാനമാക്കി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

പുതുക്കുന്ന കാര്യം പരിഗണനയിലാണ്. എന്നാൽ സി.എസ്.സി. ജനസേവന കേന്ദ്രങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല.

(സി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ തയ്യാറാകുമോയെന്നും അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമികമായി എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കേണ്ടതെന്നും വ്യക്തമാക്കുമോ?

30-10-2019-ലെ സ.ഉ.(കൈ)നം.24/2019/വി.സാ.വ പ്രകാരം അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ കമ്മിറ്റി തീരുമാനം വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടത് നടത്തിപ്പുകാരായ അക്ഷയ സംരംഭകർ തന്നെയാണ്.

(ഡി) കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ നിലവിൽ ഒഴിവുള്ള 7 ലൊക്കേഷനുകളിൽ (മണ്ണാർക്കുന്ന്, ചക്കമ്പുഴ, കാനം, സൗത്ത്പാമ്പാടി, ഔട്ട് പോസ്റ്റ്, തെള്ളകം,

പാക്കിൽ) പുതിയ അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്ന കാര്യം പരിഗണനയിലാണ്.

(ഇ) അക്ഷയ പദ്ധതിക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുമോയെന്നും ഇതിനായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കാൻ കഴിയുമോയെന്നും അറിയിക്കുമോ?

അക്ഷയ പദ്ധതിക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(എഫ്) അക്ഷയ സംരംഭകരുമായി കരാർ പുതുക്കുന്നതിനോടൊപ്പം സേവന നിരക്കിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

അക്ഷയ സേവന നിരക്കുകൾ പരിഷ്കരിക്കുന്നതും കരാർ പുതുക്കുന്നതും സംബന്ധിച്ച വിഷയം പരിഗണനയിലാണ്.

(ജി) സംസ്ഥാനത്ത് അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലയിൽ അനുവദിച്ചിട്ടും പ്രവർത്തനം നിലച്ചുപോയ അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടും നിലവിൽ പ്രവർത്തനം നിലച്ചുപോയ കാനം, സൗത്ത്പാമ്പാടി, ഔട്ട് പോസ്റ്റ്, തെള്ളകം, പാക്കിൽ എന്നീ അഞ്ച് അക്ഷയ കേന്ദ്രങ്ങളുണ്ട്. ഇവയിൽ ഔട്ട് പോസ്റ്റ്, തെള്ളകം, പാക്കിൽ എന്നീ കേന്ദ്രങ്ങളുടെ സംരംഭകർ വിദേശത്തായതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി റദ്ദ് ചെയ്തതും സൗത്ത് പാമ്പാടി, കാനം എന്നീ കേന്ദ്രങ്ങളുടെ സംരംഭകർ അക്ഷയ കേന്ദ്രം തുടർന്ന് നടത്തിക്കൊണ്ട് പോകാൻ താല്പര്യമില്ലെന്ന് രേഖാമൂലം അറിയിച്ചതിനാൽ റദ്ദ് ചെയ്തതുമാണ്.

പാറശാല മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

81 (2124) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെച്ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്തിന്റെ പേര്	അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം
1	പാറശ്ശാല	3
2	അമ്പൂരി	3
3	ആര്യൻകോട്	1
4	കള്ളിക്കാട്	2
5	കൊല്ലയിൽ	3
6	കുന്നത്തുകാൽ	3
7	ഒറ്റശേഖരമംഗലം	3
8	പെരുങ്കടവിള	3
9	വെള്ളറട	3
	ആകെ	24

(ബി) മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അക്ഷയകേന്ദ്രങ്ങളിൽ ഏതെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എത്രയെണ്ണമാണെന്നും ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഇല്ല.

(സി) പാറശ്ശാല മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നുള്ള വിവരം അറിയിക്കാമോ; അതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ ആര്യൻകോട്, കുറ്റിയായണിക്കാട്, നാൽപ്പറക്കുഴി എന്നീ ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 63 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ പരിശോധന, ആവശ്യമായ ഫീൽഡ് വെരിഫിക്കേഷൻ എന്നിവ പൂർത്തിയാക്കിയശേഷം അർഹതപ്പെട്ട അപേക്ഷകരുടെ ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയതിനുശേഷം റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചാണ് അർഹരായവർക്ക് അക്ഷയ കേന്ദ്രം അനുവദിക്കുന്നത്.

സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധി

82 (2125) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായ വിവിധ വിഷയങ്ങളിന്മേൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി സംഘടനയായ സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ (01-12-2020-ലെ നമ്പർ സി.ഇ.ഒ/2020/31) സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത നിവേദനത്തിൽ ഏതൊക്കെ വിഷയങ്ങളിന്മേലാണ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

നിവേദനം പരിശോധിച്ചുവരുന്നു.

മാവേലിക്കര മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

83 (2126) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ 195 സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനായി അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അവയിൽ 143 എണ്ണത്തിൽ കെ-ഫോൺ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. മണ്ഡലത്തിൽ നിന്നും കെ-ഫോൺ കണക്ഷൻ സൗജന്യമായി

നൽകുന്നതിനായി 100 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 22 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) മാവേലിക്കര മണ്ഡലത്തിൽ കെ-ഫോൺ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സൗജന്യ കണക്ഷനുപുറമെ വാണിജ്യ കണക്ഷനുകൾ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും പ്ലാനുകൾ തെരഞ്ഞെടുക്കുന്നതിനുമായി 'എന്റെ KFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി ലാസ്റ്റ് മൈൽ നെറ്റ്വർക്ക് പ്രൊവൈഡർമാരുടെ (LNP) സേവനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എത്ര കണക്ഷനുകൾ നാളിതുവരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നിലവിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ 22 വാണിജ്യ കണക്ഷൻ നൽകിയിട്ടുണ്ട്.

സി-ഡിറ്റ്

84 (2127) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ എഴുപത്തിയെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സി-ഡിറ്റ് രജിസ്ട്രാറുടെ 03-06-2022-ലെ 215/എ 1/എ.ഡി.എം.എൻ./സി-ഡിറ്റ്/2022 നമ്പർ കത്ത് വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(ബി) പ്രസ്തുത കത്തിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കത്തിലെ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ക്രയവിക്രയങ്ങളിൽ ഏതൊക്കെയാണ് പ്ലാൻ ഫണ്ടുപയോഗിച്ച് സി-ഡിറ്റ് വാങ്ങിയതെന്ന് വിശദമാക്കുമോ?

പ്ലാൻ ഫണ്ടുപയോഗിച്ച് വാങ്ങിയവ ചുവടെ ചേർക്കുന്നു.

1. Oracle cloud based customer engagement platform (Sonata)

2. Enterprise IT Asset Management System. (Kinsfolk)

3. Network hardware testing tools (Sinetec Automation)

4. Network Security testing software (Reksha Technologies)

5. Mobile app for MNREGS audit (Thought Ripples)

6. Mentoring fees for training in Java development (Nibodha technology)

(ഡി) പ്രസ്തുത കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രയവിക്രയങ്ങൾ വഴി അതിഭീമമായ നഷ്ടം സി-ഡിറ്റിനും സർക്കാരിനും വന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുമോ; വ്യക്തമാക്കുമോ?

സി-ഡിറ്റിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ഐ.ടി. ഇൻഫ്രാസ്ട്രക്ചറും ഡിജിറ്റൽ ആസ്തികളും കൈകാര്യം ചെയ്യുന്നതിനുള്ള സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനാണ് സോഫ്റ്റ്വെയർ വാങ്ങിയത്. സി-ഡിറ്റിന്റെ ആസ്തി വർദ്ധിപ്പിക്കാനാണ് പദ്ധതി തുക ഉപയോഗിച്ചത് എന്നതിനാൽ നഷ്ടം ഉണ്ടായിട്ടില്ല. ഉദ്ദേശിച്ചിരുന്നതുപോലെ 2019-ൽ കെ.എസ്.എഫ്.ഇ., കെ.സി.എസ്. പ്രോജക്ട് നടപ്പിലായിരുന്നെങ്കിൽ സി-ഡിറ്റിന് അധിക വരുമാനം ലഭിക്കുമായിരുന്നു. എങ്കിലും അത്തരം പുതിയ പ്രോജക്ടുകൾ ലഭിക്കുന്ന അവസരത്തിൽ ഈ സോഫ്റ്റ്വെയർ നിർമ്മാതാക്കളുമായി എ.എം.സി. പുതുക്കി അതുപയോഗിക്കാൻ കഴിയുന്നതാണ്.

കെ-ഫോൺ പദ്ധതി

85 (2128) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിക്ക് കിഫ്ബി മുഖേനയാണോ ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; എങ്കിൽ നാളിതുവരെ എത്ര ഫണ്ട് നൽകിയിട്ടുണ്ടെന്നും

ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത ഫണ്ട് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ മൊത്തം ഭരണാനുമതി തുകയായ 1548.08 (നികുതികൾക്ക് പുറമെ) കോടി രൂപയുടെ 70% രൂപ കിഫ്ബി മുഖേന ലഭ്യമാകേണ്ടതാണ്. കെ-ഫോൺ പദ്ധതിക്ക് കിഫ്ബി മുഖേന 456.82 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL)-ന് നൽകേണ്ട തുക, റൈറ്റ് ഓഫ് വേ, ലൈസൻസ് തുടങ്ങിയവയ്ക്ക് ആവശ്യമായ ചാർജ്ജുകൾ, കണക്ഷൻ നൽകുന്നതിനുള്ള ഉപകരണങ്ങളുടെ സംഭരണം എന്നിവയ്ക്കാണ് പ്രസ്തുത തുക ചെലവഴിച്ചത്.

(ബി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്താതെ കൂടുതൽ ഫണ്ട് അനുവദിക്കില്ലെന്ന് കിഫ്ബി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല.

സി-ഡിറ്റ്

86 (2129) ശ്രീ. ഷാഹി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ കോർ ഗ്രൂപ്പിൽപ്പെട്ട ജീവനക്കാരുടെ 2006-ലെ സി.എസ്.ഐ.ആർ. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ, ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. ജി. ജയരാജ് "has not produced the certificate showing the prescribed qualification as per CSIR norms. He has only produced the mark-sheet of the B.Sc Engineering Degree Examination. Hence we may ask AD to confirm whether Sri. Jayaraj has acquired the prescribed qualifications as per CSIR norms and to act accordingly" എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ?

സി-ഡിറ്റിലെ കോർ ഗ്രൂപ്പിൽപ്പെട്ട ജീവനക്കാരുടെ 2006-ലെ സി.എസ്.ഐ.ആർ. നിരക്കിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഫയലിൽ ഇത്തരത്തിൽ രേഖപ്പെടുത്തലുകളില്ല.

(ബി) സി-ഡിറ്റിൽ ഡെപ്യൂട്ടി ഡയറക്ടറും രജിസ്ട്രാറും പിന്നീട് ഡയറക്ടറുമായ ശ്രീ. ജി. ജയരാജിന്റെ എഞ്ചിനീയറിംഗ് ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

(സി) ശ്രീ. ജി. ജയരാജ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലും രജിസ്ട്രാർ തസ്തികയിലും പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

18-12-1993-ലെ നടപടിക്രമം നമ്പർ 18/C-DIT/PERS/93 പ്രകാരം ശ്രീ. ജി. ജയരാജ് 10-09-1991 FN-ൽ ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട്സ്) തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ജി. ജയരാജിനെ സി-ഡിറ്റിലെ രജിസ്ട്രാർ തസ്തികയിൽ 01-06-2016 മുതൽ 01-06-2016-ലെ G.O.(Ms)No.8/2016/I&PRD പ്രകാരം നിയമിച്ചപ്പോൾ ആ തസ്തികയിലെ സേവന വേതനവ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവായിരുന്നില്ല. അതിനാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്ട്രാർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പൂഞ്ഞാർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

87 (2130) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽനിന്നും സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എത്രയാണെന്നും അതിൽ എത്ര പേർക്ക് കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽനിന്നും സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി 100 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 22 കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളുടെ തദ്ദേശസ്ഥാപനാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര സർക്കാർ ഓഫീസുകൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

കെ-ഫോൺ കണക്ഷൻ നൽകിയ സ്ഥാപനങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.+

(സി) പൂഞ്ഞാർ മണ്ഡലത്തിൽ കൂടുതൽ കെ-ഫോൺ കണക്ഷനുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി തെരഞ്ഞെടുത്തതിൽ ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പുതിയ വാണിജ്യ കണക്ഷനുകളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'എന്റെ KFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി ലാസ്റ്റ് മൈൽ നെറ്റ്വർക്ക് പ്രൊവൈഡർ (LNP)-മാരുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 62 വാണിജ്യ കണക്ഷൻ നൽകിയിട്ടുണ്ട്.

കെ-ഫോൺ പദ്ധതി

88 (2131) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ബെൽ കൺസോർഷ്യത്തിന് ലഭിച്ച കരാറിന്റെ ടെണ്ടർ ആർ.എഫ്.പി.-യുടെ പകർപ്പ് നൽകാമോ; അറിയിക്കുമോ?

ആർ.എഫ്.പി.-യുടെ (വോള്യം 1 -ഉം 2-ഉം) പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.[+]

ഡിജിറ്റൽ സാക്ഷരത

89 (2132) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ സാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തെ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കുന്നതിന് വേണ്ടിയുള്ള ഡിജിറ്റൽ സാക്ഷരതാ പദ്ധതിയാണ് "ഡിജി കേരളം". സമൂഹത്തിലെ നാനാതുറയിലുള്ള ജനവിഭാഗങ്ങളും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത നേടിയെടുക്കുന്നതിലൂടെ വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ അവർക്കുകൂടി പ്രാപ്യമാക്കുന്നതിനുള്ള സർക്കാരിന്റെ ദൗത്യമായ 'ഡിജി കേരളം' നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് തലവന്മാരുടെ യോഗം ചേരുകയും വിവിധ വകുപ്പുകളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും പരമാവധി വോളന്റിയർമാരെ ടി പദ്ധതിയിലേയ്ക്കായി രജിസ്റ്റർ ചെയ്യുന്നതിന് ഒരു വെബ് പോർട്ടൽ ആരംഭിക്കുകയും നിലവിൽ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ച് വരികയുമാണ്. ഡിജി കേരളം പദ്ധതിയുടെ പ്രചരണാർത്ഥം 2024 ഫെബ്രുവരി 11 മുതൽ 18 വരെയുള്ള ഒരാഴ്ച ഡിജി വാരമായി ആഘോഷിക്കുന്നുണ്ട്.

വിവരശേഖരണ സർവ്വേയുടെ പരിശീലനത്തിനായുള്ള മൊഡ്യൂൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച് വരികയാണ്. 2024 നവംബർ 1-ന് കേരളത്തെ രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കത്തക്കവിധത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്.

കോവിഷീൽഡ് വാക്സിൻ സ്വീകരിച്ചശേഷം മരണപ്പെട്ടയാൾക്ക് ധനസഹായം

90 (2133) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുന്നാട് വില്ലേജ് സ്വദേശി കെ. രവീന്ദ്രന്റെ മകളായ 22-കാരി വി. രഞ്ജിത 03-08-2021-ന് ബേഡഡുക്ക സി.എച്ച്.സി.-യിൽ നിന്ന് കോവിഷീൽഡ് വാക്സിൻ സ്വീകരിച്ച് 25-08-2021-ന് മരണപ്പെട്ടതിനെത്തുടർന്ന് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കുടുംബം അപേക്ഷ നൽകിയിരുന്നോ;

(ബി) ഈ അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കോവിഡ് വാക്സിൻ സ്വീകരിച്ചതിനെത്തുടർന്ന് മരണം/വൈകല്യങ്ങൾ ഉൾപ്പെടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സംഭവിച്ച കേസുകളിൽ ചികിത്സയ്ക്കും ആശ്വാസത്തിനുമായി കുടുംബത്തെ സഹായിക്കാൻ കഴിയുന്ന നടപടികൾ പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യം ആരോഗ്യ വകുപ്പിന്റെ വിശദമായ പരിശോധനയിലാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

91 (2134) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ, ചുങ്കത്തറ, കുമ്പലങ്ങോട്, പോത്തുകൽ, എടക്കര, വഴിക്കടവ്, മൂത്തേടം, കരുളായി, അമരമ്പലം എന്നീ വില്ലേജുകളിൽ 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എന്ത് തുക, ആകെ എത്ര പേർക്ക് നൽകിയെന്ന വിവരം വില്ലേജുകൾ തിരിച്ച് ലഭ്യമാക്കാമോ?

വില്ലേജുകൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചു സൂക്ഷിക്കുന്നില്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യം

92 (2135) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനങ്ങളും വലകളും മറ്റ് ഉപകരണങ്ങളും അപകടത്തിൽപ്പെട്ട് നഷ്ടമാകുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആനുകൂല്യം അനുവദിക്കുമോ?

ആനുകൂല്യം അനുവദിക്കുന്നുണ്ട്.

(ബി) ഇതുപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവയെക്കുറിച്ച് വിശദീകരിക്കുമോ?

ഇതുപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവ 4-8-2011-ലെ സ.ഉ.(കൈ)നം.295/2011/റവ, 8-02-2020-ലെ സ.ഉ.(കൈ) നം.48/2020/റവ, 02-02-2022-ലെ സ.ഉ.(സാധാ) നം.481/2022/റവ എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(സി) 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചവരുടെയും അപേക്ഷകരുടെയും വില്ലേജ് തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ആനുകൂല്യം ലഭിച്ചവരുടെയും അപേക്ഷകരുടെയും മണ്ഡലം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

കൊണ്ടോട്ടി മണ്ഡലത്തിൽ വിതരണം ചെയ്ത ദുരിതാശ്വാസ ധനസഹായം

93 (2136) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊണ്ടോട്ടി മണ്ഡലത്തിൽ 2021 മേയ് മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആർക്കെല്ലാം എത്ര രൂപ ധനസഹായമായി നൽകിയെന്ന് വിശദമാക്കാമോ?

മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചു സൂക്ഷിക്കുന്നില്ല.

ആയിഷത്ത് മിൻഹയുടെ കുടുംബത്തിന് സമാശ്വാസ സഹായം

94 (2137) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അംഗഡിമൊഗർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഈ അദ്ധ്യയന വർഷം ജൂലൈ മാസം മരംമറിഞ്ഞ് മരണപ്പെട്ട ആയിഷത്ത് മിൻഹയുടെ കുടുംബത്തിന് സമാശ്വാസമായി 10 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് മഞ്ചേശ്വരം എം.എൽ.എ. നൽകിയ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ കോമ്പൗണ്ടിനകത്ത് മരം മറിഞ്ഞ് വീണ് മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് മന്ത്രിസഭ തീരുമാനപ്രകാരം പ്രത്യേക ധനസഹായം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുട്ടിയുടെ കുടുംബത്തിന് പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ അംഗഡിമൊഗർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഈ അധ്യയന വർഷം ജൂലൈ മാസം മരം മറിഞ്ഞ് മരണപ്പെട്ട ആയിഷത്ത് മിൻഹയുടെ കുടുംബത്തിന് പ്രകൃതി ദുരന്തത്തിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ദുരിതാശ്വാസം അനുവദിക്കുന്നതിന് എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദിക്കാവുന്ന 4 ലക്ഷം രൂപ സമാശ്വാസമായി അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

നൽകുന്ന സഹായം

95 (2138) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ്

ലഭിച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക വീതമാണ് അനുവദിച്ചതെന്നും വില്ലേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല.

മലപ്പുറം ജില്ല ദുരന്ത നിവാരണ അതോറിറ്റി

96 (2139) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ മലപ്പുറം ജില്ല ദുരന്ത നിവാരണ അതോറിറ്റി എത്ര സിറ്റിംഗ്/മീറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ കാലയളവിൽ 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(ബി) പ്രസ്തുത അതോറിറ്റിയുടെ മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടാത്തതുമൂലം കമ്മിറ്റി പരിശോധിച്ച് നൽകേണ്ട സാക്ഷ്യപത്രങ്ങൾ അപേക്ഷകർക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ പ്രസ്തുത അതോറിറ്റി കൃത്യമായ ഇടവേളകളിൽ കൂടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജില്ലയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം സ്വീകരിക്കുന്നതിനാണ് ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേരുന്നത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അപേക്ഷകർക്ക് സാക്ഷ്യപത്രങ്ങളൊന്നും അനുവദിക്കുന്നില്ല. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഇടപെടൽ വേണ്ടിവരുന്ന വിഷയങ്ങളിൽ തീരുമാനം സ്വീകരിക്കുന്നതിനായി സമയബന്ധിതമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ചേരുന്നുണ്ട്.

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം

97 (2140) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഡി. കെ. മുരളി:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് പാരിസ്ഥിതാഘാത പഠനം നടത്തുന്നതിനായുള്ള ടേംസ് ഓഫ് റഫറൻസിന്

കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിനെത്തുടർന്നുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ?

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള 'ടേംസ് ഓഫ് റഫറൻസിന്' 2023 ജൂലൈ 28-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റായ ലൂയിസ് ബർജർ പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി കരട് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Report) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2006-ലെ ഇ.ഐ.എ. വിജ്ഞാപനപ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങളും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടുംകൂടി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടൽ വഴി പാരിസ്ഥിതിക അനുമതിക്കായി സമർപ്പിക്കുന്നതായിരിക്കും.

(ബി) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസ് അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കുള്ള കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സൈറ്റ് ക്ലിയറൻസ്' അനുമതി 13-04-2023-നും, പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് NOC 30-06-2023-ന ലഭിച്ചിട്ടുണ്ട്.

(സി) ശബരിമല അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ ചുമതല നൽകിയിരിക്കുന്നത് ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അതുസംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ നിയോഗിച്ച് ആറ് മാസംകൊണ്ട് ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര

വ്യോമയാന മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, വിമാനത്താവള നിർമ്മാണത്തിനുവേണ്ടി ഇ.പി.സി. കരാറിനുള്ള നടപടികളും ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത വിമാനത്താവളം സാക്ഷാൽക്കരിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായുള്ള പുരോഗതി വിശദമാക്കുമോ?

കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് RFCTLARR Act, 2013 സെക്ഷൻ 4(1) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 8 (2) പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്. നിലവിൽ, 11 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കുമോ?

ശബരിമല അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആദ്യഘട്ടത്തിന്റെ നിർമ്മാണം 2025-ൽ തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോഴിക്കോട് എയർപോർട്ടിൽ ഹജ്ജ് തീർത്ഥാടകരിൽ നിന്ന് കൂടുതൽ തുക ഈടാക്കുന്നതായ പരാതി

98 (2141) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് എയർപോർട്ടുകളിൽ ഹജ്ജ് തീർത്ഥാടകരിൽ നിന്നും ടിക്കറ്റിനത്തിൽ ഈടാക്കുന്ന തുകയേക്കാൾ എൺപതിനായിരം രൂപ അധികമായി കോഴിക്കോട് എയർപോർട്ടിൽനിന്നും യാത്ര ചെയ്യുന്ന ഹജ്ജ്

തീർത്ഥാടകരിൽനിന്ന് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിവേചനം അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ ഹജ്ജ് തീർത്ഥാടകരിൽ എൺപത് ശതമാനത്തോളം കോഴിക്കോട് എയർപോർട്ടിൽനിന്നും യാത്ര ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ - സി) ഉണ്ട്. ഔദ്യോഗികമായ അറിയിപ്പുകൾ കിട്ടിയിട്ടില്ലെങ്കിലും, ലഭ്യമായ വിവരമനുസരിച്ച് കേരളത്തിൽ നിലവിലുള്ള മൂന്ന് ഹജ്ജ് എംബാർക്കേഷൻ പോയിന്റുകളിൽ ഹാജിമാരിൽനിന്നും ഈടാക്കുന്ന വിമാന ചാർജ്ജ് താഴെപ്പറയും പ്രകാരമാണ്

ക്രമ നം.	**എമ്പാർക്കേഷൻ പോയിന്റ്**	**തുക**
1	കാലിക്കറ്റ്	1,65,000

(കോഴിക്കോട്)

2	കൊച്ചിൻ	86,000
3	കണ്ണൂർ	86,000

അതിൻപ്രകാരം, കോഴിക്കോട് വിമാനത്താവളം വഴി പോകുന്ന ഹാജിമാർ മറ്റ് എമ്പാർക്കേഷൻ പോയിന്റുകളേക്കാൾ 79,000/-രൂപ (എഴുപത്തിയൊൻപതിനായിരം രൂപ മാത്രം) കൂടുതൽ നൽകേണ്ട അവസ്ഥയുണ്ടാകും. കഴിഞ്ഞ വർഷം ഹാജിമാരിൽനിന്നും ഈടാക്കിയ വിമാനക്കൂലികൂടി താഴെ കൊടുക്കുന്നു.

ക്രമ നം.	**എമ്പാർക്കേഷൻ പോയിന്റ്**	**തുക, എയർലെയ്ൻസ്**
1	കാലിക്കറ്റ് (കോഴിക്കോട്)	1,20,490/- എയർ ഇന്ത്യ എക്സ്പ്രസ്
2	കൊച്ചിൻ	1,21,275/- സൗദി എയർലൈൻസ്

3	കണ്ണൂർ	1,22,141/- എയർ ഇന്ത്യ എക്സ്പ്രസ്

നിലവിൽ കേരളത്തിൽനിന്നും അപേക്ഷ സമർപ്പിച്ച 24784 അപേക്ഷകരിൽ 14464 പേരും കോഴിക്കോട് എമ്പാർക്കേഷൻ പോയിന്റാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ദൂരപരിധി മാനദണ്ഡമാക്കുകയാണെങ്കിൽ കേരളത്തിൽ നിന്നുള്ള മൂന്ന് എമ്പാർക്കേഷൻ പോയിന്റുകളിൽനിന്നും ഏകീകൃതമായ ചാർജ്ജാണ് ഈടാക്കേണ്ടത്. ന്യായരഹിതമായ ഈ തീരുമാനത്തിനെതിരെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പരിഹാരം കാണുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷക്ഷേമ മന്ത്രിക്കും 25-01-2024-ൽ ന്യൂനപക്ഷ വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്. കൂടാതെ എയർ ഫെയർ കുറക്കണമെന്നാവശ്യപ്പെട്ട് എയർ ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാന് ബഹു. വകുപ്പുമന്ത്രിയും വകുപ്പ് സെക്രട്ടറിയും കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഇടപെടലുകളുടെ ഫലമായി പ്രസ്തുത വിഷയത്തിൽ ഔദ്യോഗിക സ്ഥിതീകരണം വന്നിട്ടില്ലെങ്കിലും കോഴിക്കോടിന് നിശ്ചയിച്ചിട്ടുള്ള തുകയിൽ നിന്നും കുറവ്

വരുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം ഇക്കാര്യം സംസ്ഥാനത്തെ അറിയിച്ചിട്ടില്ല.

സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ വികസനം

99 (2142) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിമാനത്താവളങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന ശ്രമങ്ങളോട് കേന്ദ്ര സർക്കാരിന്റെ സമീപനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ മുൻഗണനാ പദ്ധതിയായ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സൈറ്റ് ക്ലിയറൻസ്' അനുമതി 2023 ഏപ്രിൽ 13-നും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ 30-നും ലഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും 'സെക്യൂരിറ്റി ക്ലിയറൻസ്' ലഭിക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ഐ.ഡി.സി.

10-10-2023-ന് ഓൺലൈനായി സമർപ്പിച്ചിരുന്നു. കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പാരിസ്ഥിതികാനുമതി ലഭിക്കുന്നതിലേയ്ക്കായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനുവേണ്ടി പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കുകയും കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന് point of call അനുവദിക്കുന്നതിന് പല തവണ ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചിട്ടില്ല. തിരുവനന്തപുരം വിമാനത്താവളം സൗന്ദര്യവൽക്കരിച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ RESA വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 17-08-2023-നും 03-11-2023-നും ടെണ്ടർ വിളിക്കുകയും 16-12-2023-ന് സാമ്പത്തിക ബിഡ് തുറക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ മേൽനോട്ടത്തിൽ ബിഡ് പരിശോധനയും തുടർനടപടികളും പുരോഗമിക്കുകയാണ്.

(ബി) ദേശീയതലത്തിൽ എയർപോർട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിനായി ലേലത്തിൽ വച്ചപ്പോൾ തിരുവനന്തപുരം

എയർപോർട്ടിന്റെ നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യ ബിഡ്ഡറിന് നൽകുന്ന തീരുമാനം പുന:പരിശോധിക്കുവാനും ആവശ്യമുള്ളപക്ഷം സംസ്ഥാന സർക്കാരിനുകൂടി പങ്കാളിത്തമുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ച് വിമാനത്താവളത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കുവാൻ സന്നദ്ധത അറിയിച്ചും വിശദമായ കത്തുകൾ 26-09-2020, 01-12-2020 തീയതികളിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു.

(സി) പ്രസ്തുത ലേലത്തിൽ തിരുവനന്തപുരം എയർപോർട്ടിനായി ക്വാട്ട് ചെയ്യുന്ന ഉയർന്ന തുക സംസ്ഥാനം നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള സർക്കാരിന്റെ പേരിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനായി ലേല പ്രക്രിയയിൽ പങ്കെടുക്കുവാൻ

കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. അതിനായി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (TIAL) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുകയും ലേല പ്രക്രിയയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പിന്നീട് ലേലം നഷ്ടപ്പെട്ട സാഹചര്യത്തിൽ TIAL-ന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

(ഡി) തിരുവനന്തപുരം എയർപോർട്ടിൽനിന്നും കൂടുതൽ ആഭ്യന്തര, വിദേശ സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തുനിന്നും കൂടുതൽ ആഭ്യന്തര, വിദേശ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

കൊച്ചി വാട്ടർ മെട്രോ

100 (2143) ശ്രീ. എം. എം. മണി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെതന്നെ ഏറ്റവും ബൃഹത്തായ സംയോജിത ജലഗതാഗത സംവിധാനമായാണ് അറിയപ്പെടുന്നത്. കൊച്ചിയിലെ പത്ത് ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മികച്ച ഊർജ്ജക്ഷമതയുള്ളതും കുറഞ്ഞ മലിനീകരണ തോതുമുള്ള ബാറ്ററിയിലും ഹൈബ്രിഡ് മോഡിലും പ്രവർത്തിക്കുന്ന എയർ കണ്ടീഷൻഡായ വാട്ടർ മെട്രോ ബോട്ടുകൾ യാത്രക്കാർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും അത്യാധുനിക സുരക്ഷാ സംവിധാനങ്ങളും പ്രദാനം ചെയ്യുന്നു. 10-15 മിനിറ്റിനുള്ളിൽ ചാർജ്ജ് ചെയ്യാവുന്നതും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററിയാണ് വാട്ടർ മെട്രോ ബോട്ടുകളിൽ ഉപയോഗിക്കുന്നത്. വേലിയേറ്റ, വേലിയിറക്ക സമയത്തും ബോട്ടുകൾക്കൊപ്പം ഒരേ നിരപ്പിൽ നിൽക്കുന്ന ഫ്ലോട്ടിംഗ് പോണ്ടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ

പ്രത്യേകതയാണ്. യാത്രക്കാരുടെ എണ്ണം നിജപ്പെടുത്തുന്നതിനായി പാസഞ്ചർ കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ മെട്രോ ബോട്ടുകളും ടെർമിനലുകളും പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചിട്ടുള്ളത്. അപകടങ്ങൾ നേരിടുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും സുരക്ഷാ ബോട്ടുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുഗതാഗത മാർഗ്ഗമെന്ന നിലയിൽ ജലപാതകളാൽ ബന്ധിപ്പിച്ചിട്ടുള്ള പ്രദേശങ്ങളുടെ സമഗ്ര വികസനവും കൊച്ചി വാട്ടർ മെട്രോ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

(ബി) അത്യാധുനിക സൗകര്യമുള്ളതും വേഗതയേറിയതുമായ പൊതുഗതാഗത സംവിധാനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയെന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാധ്യമാക്കുന്നതിന് കൊച്ചി വാട്ടർ മെട്രോ സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വാട്ടർ മെട്രോയിലെ കുറഞ്ഞ ടിക്കറ്റ് നിരക്ക് 20-40 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനുപുറമെ സ്ഥിരയാത്രക്കാർക്കായി

ഡിസ്കൗണ്ടോടുകൂടി യാത്രാ പാസുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ജലപാതകളുടെ സങ്കീർണ്ണ ശൃംഖലയിലൂടെ നഗരത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന നൂതനവും സുസ്ഥിരവുമായ ഗതാഗത മാർഗ്ഗമാണ് കൊച്ചി വാട്ടർ മെട്രോ. പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഗതാഗതക്കുരുക്ക് കുറയ്ക്കാനും നഗരത്തിന്റെ കണക്ടിവിറ്റി മെച്ചപ്പെടുത്താനും പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. വാട്ടർ മെട്രോ അത്യാധുനിക സൗകര്യങ്ങളുള്ളതും അത്യന്തം സുരക്ഷിതവുമാണ്. 16 ലക്ഷത്തിലധികം യാത്രക്കാർ ഇതിനകം യാത്ര ചെയ്തുകഴിഞ്ഞു എന്നത് ഇതിന്റെ ജനസമ്മിതിയുടെ തെളിവാണ്. ദേശീയവും അന്തർദേശീയവുമായ ഒട്ടനവധി അവാർഡുകൾ ഇതിനകം കരസ്ഥമാക്കിയ വാട്ടർ മെട്രോ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ വിവിധ സർക്കാരുകൾ ശ്രമിക്കുന്നു എന്നത് രാജ്യത്തിനാകെ മാതൃകയാണ്.

(സി) കൊച്ചി വാട്ടർ മെട്രോയുടെ ഒന്നാംഘട്ട പ്രവർത്തന പുരോഗതിയും ഇതിനായി ചെലവഴിച്ച തുകയും ഏതെല്ലാം മേഖലയിൽ നിന്നാണ് ധനസമാഹരണം നടത്തിയതെന്നുമുള്ള വിശദാംശവും ലഭ്യമാക്കാമോ?

2023 ഏപ്രിൽ 25-ന് ബഹു. പ്രധാനമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച വാട്ടർ മെട്രോ ആദ്യ ഘട്ടത്തിൽ മൂന്ന് റൂട്ടുകളിലാണ് പ്രവർത്തനം ആരംഭിച്ചത്. ഇതുവരെയുള്ള മൊത്തം പ്രവർത്തന ചെലവ് 13.67 കോടി രൂപയാണ്. 1.9 കോടി രൂപ ഷെയർ ക്യാപ്പിറ്റൽ, സർക്കാർ ഗ്രാന്റായി അനുവദിച്ച 5 കോടി രൂപ, തനതു വരുമാനമായ 3.8 കോടി രൂപ എന്നിവയാണ് ധനസമാഹരണ മാർഗ്ഗങ്ങൾ.

വൈപ്പിൻ നിയോജക മണ്ഡലത്തിലെ
വാട്ടർ മെട്രോ പദ്ധതി

101 (2145) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളിൽ വൈപ്പിൻ, ബോൾഗാട്ടി

ടെർമിനലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുളവുകാട് നോർത്ത് ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്ദൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, ചരിയംതുരുത്ത്, എളംകുന്നപ്പുഴ, മൂലമ്പിള്ളി എന്നീ ടെർമിനലുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ടെർമിനലുകൾ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

മുളവുകാട് നോർത്ത്, കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ പ്രവർത്തനം ഈ വർഷം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്ദൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, ചരിയംതുരുത്ത്, എളംകുന്നപ്പുഴ,

മൂലമ്പിള്ളി എന്നീ ടെർമിനലുകളുടെ നിർമ്മാണം 2025-ൽ പ്രവർത്തനസജ്ജമാകുന്ന രീതിയിൽ പുരോഗമിച്ചുവരുന്നു.

കൊച്ചി വാട്ടർ മെട്രോ

102 (2146)ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

കൊച്ചി വാട്ടർ മെട്രോ പദ്ധതിയിൽ ചുവടെപ്പറയുന്ന മൂന്ന് റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്:

1. ഹൈക്കോടതി-വൈപ്പിൻ

2.ഹൈക്കോടതി-ബോൾഗാട്ടി

3.വൈറ്റില-കാക്കനാട്

ആദ്യഘട്ടത്തിലെ ആകെയുള്ള 23 ബോട്ടുകളിൽ, 12 ബോട്ടുകൾ കൊച്ചി കപ്പൽശാല നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഫോർട്ട്കൊച്ചി ടെർമിനൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുമ്പളം, വില്ലിംഗ്ടൺ ഐലന്റ്-ഫെറി, മട്ടാഞ്ചേരി, കടമക്കുടി, പാലിയംതുരുത്ത് എന്നീ ടെർമിനലുകളുടെയും നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ നഗര ജലഗതാഗതത്തിനായി ഇലക്ട്രിക് ബോട്ടുകളുടെ ലോകത്തിലെ ഏറ്റവും വലിയ സംവിധാനമായി കൊച്ചി വാട്ടർ മെട്രോയെ മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ 12 ഹൈബ്രിഡ്-ഇലക്ട്രിക് ബോട്ടുകളുമായി സംയോജിത ഗതാഗത ശൃംഖലയായി കൊച്ചി വാട്ടർ മെട്രോ പദ്ധതി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ 78 ഹൈബ്രിഡ്-ഇലക്ട്രിക് ബോട്ടുകൾ

ഉപയോഗിച്ച് 38 വാട്ടർ മെട്രോ ടെർമിനലുകളെ ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസുകൾ നടത്തുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ ഹൈബ്രിഡ്-ഇലക്ട്രിക് ജലഗതാഗത സംവിധാനമായി കൊച്ചി വാട്ടർ മെട്രോയെ മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്ന മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്നൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, പാലിയംതുരുത്ത്, എളംകുന്നപുഴ, മൂലമ്പിള്ളി, ഏരൂർ, തോപ്പുംപടി, ഇടക്കൊച്ചി എന്നീ ടെർമിനലുകളുടെ സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷം നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിലെ 55 ബോട്ടുകളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിൽ 30 ബോട്ടുകളുടെ നിർമ്മാണപ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദ പദ്ധതി രേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം പി.പി.പി.

മാതൃകയിൽ ശേഷിക്കുന്ന 25 ബോട്ടുകൾ വാങ്ങുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) പരിസ്ഥിതി സൗഹൃദവും അപകടസാദ്ധ്യത കുറഞ്ഞതും അത്യാധുനിക സൗകര്യങ്ങളും വേഗതയും പ്രദാനം ചെയ്യുന്നതുമായ വാട്ടർ മെട്രോ പദ്ധതി സാദ്ധ്യമായ എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ എറണാകുളം ജില്ലയിലെ വിവിധ ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ട് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണം

103 (2147) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട നീലേശ്വരം-ബേക്കൽ ഭാഗത്ത്

പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്. കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ പദ്ധതിയുടെ ഭാഗമായി നീലേശ്വരം-ബേക്കൽ ഭാഗത്ത് നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് ഏകദേശം 7.5 കി.മീ. നീളത്തിൽ കൃത്രിമ കനാലും, നമ്പ്യാർക്കൽ ഡൈവേർഷൻ കനാലും നിർമ്മിക്കേണ്ടതായുണ്ട്.

(ബി) ഇതിനായുള്ള സ്ഥലം ഏറ്റെടുക്കൽ, പദ്ധതി രേഖ തയ്യാറാക്കൽ എന്നിവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ജലപാതയ്ക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 6 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. നീലേശ്വരം - ബേക്കൽ ജലപാതയിലെ കൃത്രിമ കനാൽ നിർമ്മാണത്തിനുവേണ്ടി ഭരണാനുമതി നൽകിയ സ്ഥലത്ത് അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അധിക ഭൂമി ഏറ്റെടുക്കുന്നതിനായി സർവ്വേ നമ്പറുകൾ ശേഖരിച്ചുവരുന്നു. പദ്ധതിക്കായി EIA (Environment Impact Assessment) Study, SIA (Social Impact

Assessment) Study എന്നിവ നടത്തേണ്ടതായുണ്ട്. പ്രാഥമിക നടപടികൾ എന്ന നിലയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ. പദ്ധതിരേഖ തയ്യാറാക്കുന്നതിന് NATPAC-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. EIA, SIA പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന തീരുമാനങ്ങളെ അടിസ്ഥാനമാക്കി മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഇതിനുമാത്രമായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കനാൽ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 186 കോടി രൂപയുടെ കിഫ്ബി ധനസഹായത്തിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് നീലേശ്വരം-ബേക്കൽ ഭാഗത്ത് നമ്പ്യാർക്കൽ ഡൈവേർഷൻ കനാലും നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കൃത്രിമ കനാലും നിർമ്മിക്കുന്നതിനായി 44.156 ഹെ. സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിലേയ്ക്കായി 178.15 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൊല്ലം കനാലിന്റെ പുനരുദ്ധാരണം

104 (2148) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; റീച്ചുകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നതിനാൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) 7.8 കി.മീ. നീളമുള്ള കൊല്ലംതോടിനെ 6 റീച്ചുകളായി തിരിച്ചിരിക്കുന്നു. നിലവിൽ കൊല്ലം തോട് ഭാഗികമായി ഗതാഗതയോഗ്യമാണ്. റീച്ച് 1, 4, 5-ൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ പൂർണ്ണതോതിൽ വികസനം സാധ്യമായിട്ടില്ല. കോടതി വ്യവഹാരം തീരുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ റീച്ചുകൾ ഗതാഗതയോഗ്യമാക്കുവാൻ സാധിക്കുകയുള്ളൂ. ഇരവിപുരം ജെട്ടി മുതൽ ഇരവിപുരം പാലം വരെയുള്ള റീച്ച്-1 - ൽ സംരക്ഷണഭിത്തിയുടെയും

സംരക്ഷണ വേലിയുടെയും പണികൾ അന്തിമ ഘട്ടത്തിലാണ്. ഇരവിപുരം പാലം മുതൽ കച്ചിക്കടവ് വരെയുള്ള റീച്ച്-2 -ൽ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള റീച്ച്-3-ൽ ആഴംകൂട്ടൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് വേണ്ടിയുള്ള മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ജലകേളീകേന്ദ്രം മുതൽ പള്ളിത്തോട്ടം വരെയുള്ള റീച്ച്-4-ൽ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതിനൊപ്പം 26 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. പള്ളിത്തോട്ടം പാലം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഒപ്പം 45 മീറ്റർ കൗണ്ടർ ഫോർട്ട് റീ-ടെയിനിംഗ് വാളിന്റെ നിർമ്മിതിയും നടക്കുന്നു. ബാക്കിയുള്ള ഭാഗത്തിന്റെ സംരക്ഷണ ഭിത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കല്ലുപാലം മുതൽ അഷ്ടമുടി മൗത്ത് വരെയുള്ള റീച്ച്-6-ൽ വലതുകര ഭാഗികമായി സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇടതുകര സംരക്ഷണഭിത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

താനൂർ-കൂട്ടായി കനാലിന് കുറുകെയുള്ള വൈശ്യം നടപ്പാലം

105 (2149) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരൂർ മണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിലുള്ള പടിയത്ത്പറമ്പ്-ആശാൻപടി ഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന താനൂർ-കൂട്ടായി കനാലിന് കുറുകെയുള്ള വൈശ്യം നടപ്പാലത്തെ ദേശീയ ജലപാത-3-ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമാക്കി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

വൈശ്യം നടപ്പാലം അഥവാ വെട്ടം ചിറ്റേപ്പുറത്ത് പാലം ദേശീയ ജലപാത-3-ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് കോൺക്രീറ്റ് പാലമാക്കി നിർമ്മിക്കുന്നതിനുള്ള മണ്ണ് പര്യവേഷണപ്രവൃത്തികൾ പൂർത്തിയാക്കി അതിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഇൻഡന്റും പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)-ന് നൽകിയിട്ടുണ്ട്. ലഭ്യമായ പ്രൊപ്പോസലുകളിൽ

മുൻഗണനാക്രമത്തിൽ സ്ഥലസന്ദർശനം നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.ഡി.ആർ.ബി. സ്വീകരിച്ചുവരുന്നു.

ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

106 (2150) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. കവ്വായി കാലിക്കടപ്പുറത്ത് വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു ബോട്ട് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. പുതിയ പുഴക്കര പാലത്തിന് തെക്ക് ഭാഗവും വടക്ക് ഭാഗവും പെരുമ്പ പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി (2 എണ്ണം) പൂർത്തീകരിച്ചിട്ടുണ്ട്.

3. പുന്നക്കടവ് ബോട്ട്ജെട്ടി നിർമ്മാണം പൂർത്തീകരിച്ചു.

4. പെരുമ്പ പുഴയിൽ മുട്ടം മുതൽ കൊറ്റി വരെ പുഴയുടെ ആഴംകൂട്ടൽ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) 2023-24 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുന്നക്കടവ് പാലത്തിന് തെക്കുഭാഗം കുറുംകടവിൽ പെരുമ്പ പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി 23,70,000 രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

അക്ഷയ പദ്ധതി

107 (2151) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) അക്ഷയ സേവന നിരക്കുകളിൽ കഴിഞ്ഞ അഞ്ച് വർഷമായി മാറ്റമില്ലാതെ തുടരുന്നത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അക്ഷയ സേവന നിരക്കുകൾ പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ശാസ്ത്രീയമായി പഠിക്കാതെ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നത് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

108 (2153) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര അറ്റസ്റ്റേഷൻ നടത്തി നൽകുന്നത് ഏതെല്ലാം സർട്ടിഫിക്കറ്റുകളിലാണെന്നും ഓരോന്നും അറ്റസ്റ്റ് ചെയ്ത്

കിട്ടുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

വിദേശ രാജ്യങ്ങളിലേയ്ക്ക് വിദ്യാഭ്യാസം/തൊഴിൽ/കുടിയേറ്റം എന്നിവയ്ക്കായി പോകുന്നവരുടെ വിദേശ എംബസികളിലെയും ആ രാജ്യങ്ങളിലെയും നടപടിക്രമങ്ങൾക്കായുള്ള വ്യക്തിഗത സ്വകാര്യ രേഖകൾ/ പ്രമാണങ്ങൾ, വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുടെ ആധികാരികത സംബന്ധിച്ച് വെരിഫിക്കേഷൻ നടത്തിയും ചിലത് നോട്ടറൈസേഷന്റെ അടിസ്ഥാനത്തിലും പ്രമാണങ്ങളുടെ ഒറിജിനലുകളിൽ ആഭ്യന്തര അറ്റസ്റ്റേഷൻ നടത്തിവരുന്നു. പൊതുവായി അറ്റസ്റ്റേഷൻ നടത്തുന്ന സർട്ടിഫിക്കറ്റുകൾ ഇവയാണ്:-

1. ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ.
2. സത്യവാങ്മൂലങ്ങൾ/ NOC/ഡിക്ലറേഷൻ.
3. പവർ ഓഫ് അറ്റോർണി.
4. മെഡിക്കൽ സർട്ടിഫിക്കറ്റുകൾ.
5. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ.

6. ട്രാൻസ്ക്രിപ്റ്റുകൾ / മാർക്ക് ഷീറ്റുകൾ.

7. എസ്.എസ്.എൽ.സി/പ്ലസ് ടു/പ്രീ ഡിഗ്രി എന്നിവയുടെ പരാജയപ്പെട്ട സർട്ടിഫിക്കറ്റുകൾ.

8. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ.

9. പോലീസ് നൽകുന്ന സർട്ടിഫിക്കറ്റുകൾ.

10. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വൺ & സെയിം സർട്ടിഫിക്കറ്റുകൾ, ബന്ധുത്വ സർട്ടിഫിക്കറ്റുകൾ, കുടുംബ അംഗത്വ സർട്ടിഫിക്കറ്റുകൾ, വരുമാന സർട്ടിഫിക്കറ്റുകൾ, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ തുടങ്ങി വിവിധ സർട്ടിഫിക്കറ്റുകൾ.

11. വിവിധ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ (മെഡിക്കൽ കൗൺസിൽ, നഴ്സിംഗ് തുടങ്ങിയവ.)

12. ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ.

13. അധികാരികൾ നൽകുന്ന ബോണഫൈഡ് സർട്ടിഫിക്കറ്റുകൾ.

14. ഫിംഗർ പ്രിന്റ് സ്ലിപ്പുകൾ.

15. വിവാഹ മോചനം സംബന്ധിച്ച രേഖകൾ/വിവിധ കോടതി ഉത്തരവുകൾ.

16. അപേക്ഷകർ അതത് രാജ്യങ്ങളുടെ ആവശ്യാർത്ഥം ഹാജരാക്കുന്ന മറ്റു വ്യക്തിഗത സർട്ടിഫിക്കറ്റുകൾ

ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന 28-05-2021-ലെ അറ്റ-1/38/2020-ആഭ്യന്തരം, 04-04-2022-ലെ അറ്റ-1/7/2022-ആഭ്യന്തരം, 15-09-2023-ലെ അറ്റ-1/11/2023-ആഭ്യന്തരം എന്നീ സർക്കുലറുകൾ യഥാക്രമം അനുബന്ധം-1, അനുബന്ധം-2, അനുബന്ധം-3 ആയി ചേർക്കുന്നു.[+]

(ബി) വിദേശ രാജ്യങ്ങളിലേയ്ക്ക് പവർ ഓഫ് അറ്റോർണി ആഭ്യന്തര അറ്റസ്റ്റേഷൻ ചെയ്ത് നൽകുന്നതിന് എന്തെല്ലാം രേഖകളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

28-05-2021-ലെ അറ്റ-1/38/2020/ആഭ്യന്തരം നമ്പർ സർക്കുലറിലെ (എച്ച്) നിർദ്ദേശം പ്രകാരം പവർ ഓഫ് അറ്റോർണി നൽകുന്ന ആളിന്റേയും (executants), അറ്റോർണിയുടേയും പാസ്പോർട്ടുകളുടെയോ (പാസ്പോർട്ടിന്റെ അഭാവത്തിൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ-തിരിച്ചറിയൽ കാർഡിന്റെയോ)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകർപ്പുകൾ നിർബന്ധമായും സമർപ്പിച്ചിരിക്കണം. മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ മുക്ത്യാർ/സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ, അവകാശ/പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കേണ്ടതാണ്. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്, റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ അവകാശ സർട്ടിഫിക്കറ്റിനുപകരമായി മരണാന്തര പ്രതിഫലം ലഭിക്കേണ്ട മുക്ത്യാർ/സത്യവാങ്മൂലം അറ്റസ്റ്റ് ചെയ്യുന്നതിന് സമർപ്പിക്കുവാൻ പാടില്ല. ടി സർട്ടിഫിക്കറ്റിൽ അവകാശികളായി പറയുന്ന എല്ലാവർക്കുമായോ ഏതാനും പേർക്ക് മാത്രമായോ ഒരാൾക്ക് മാത്രമായോ അക്കാര്യം എടുത്തു പറഞ്ഞ് സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള മുക്ത്യാർ തയ്യാറാക്കേണ്ടതാണ്. പവർ ഓഫ് അറ്റോർണി തയ്യാറാക്കുന്നതിന് മുദ്രപത്രവില സ്റ്റാമ്പ് ആക്ടിൽ നിർദ്ദേശിക്കും പ്രകാരമായിരിക്കണം. ഇംഗ്ലീഷ് പവർ ഓഫ് അറ്റോർണിയുടെ അറബി മൊഴിപ്പകർപ്പ് ആവശ്യമാണെങ്കിൽ അതും മുദ്രപ്പത്രത്തിൽ തയ്യാറാക്കേണ്ടതും ഗവൺമെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത അറബിക് പ്രൊഫസർ ശരി

തർജ്ജമയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ പവർ ഓഫ് അറ്റോർണിയിൽ പരാമർശിക്കുന്ന രേഖകളുടെ പകർപ്പ് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. മരണാനന്തര ആനുകൂല്യത്തിനായി മുഖ്യാറുകളിൽ മൈനറായുള്ള കുട്ടികൾക്കുവേണ്ടി ഒപ്പിടുന്നത് സംബന്ധിച്ച് അനുബന്ധം-2 ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതി

109 (2154) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ തിരികെയെത്തിയ പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സാന്ത്വന ധനസഹായ പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം ഒന്നര ലക്ഷം രൂപയിൽ അധികമാകുവാൻ പാടില്ല.
- കുറഞ്ഞത് രണ്ടുവർഷം പ്രവാസി ആയിരിക്കണം.

• തിരികെയെത്തിയിട്ട് വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്തു വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡപ്രകാരം പത്ത് വർഷം നാട്ടിൽ പൂർത്തിയാക്കിയവർ പ്രവാസി ആനുകൂല്യത്തിനർഹരല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത നിബന്ധന ഒഴിവാക്കി മുഴുവൻ പ്രവാസികൾക്കും ഇത്തരത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

പ്രവാസി വിദേശത്തുനിന്നും തിരികെയെത്തി 10 വർഷത്തിനുള്ളിൽ ധനസഹായത്തിനായി അപേക്ഷിക്കണമെന്ന വ്യവസ്ഥ പാലിക്കുന്ന അപേക്ഷകൾതന്നെ ധാരാളം ലഭ്യമാകുന്നുണ്ട്. പ്രസ്തുത നിബന്ധനയിൽ ഇളവ് നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

പ്രവാസി സാന്ത്വനം പദ്ധതി

110 (2155) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങി വന്ന പ്രവാസി മലയാളികൾക്കും മരണമടഞ്ഞ പ്രവാസി മലയാളികളുടെ ആശ്രിതർക്കുമായി ആവിഷ്കരിച്ച സാന്ത്വനം പദ്ധതിക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സാന്ത്വന പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 33 കോടി രൂപ വകയിരുത്തുകയും ആയതിൽ ഇതുവരെയായി 13,63,82,451/- രൂപ പദ്ധതി നടത്തിപ്പിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 13 കോടി രൂപകൂടി ഈ സാമ്പത്തിക വർഷംതന്നെ വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായി വരുന്നു.

(ബി) മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ടുള്ള എൻ.ഡി.പി.ആർ.ഇ.എം. പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2023-24-ൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തീർപ്പാക്കാനുള്ള അപേക്ഷകരുടെ എണ്ണം എന്നിവ ലഭ്യമാക്കുമോ?

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (എൻ.ഡി.പി.ആർ.ഇ.എം.) പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം 25 കോടി രൂപ വകയിരുത്തുകയും ആയതിൽ 17.56 കോടി രൂപ നാളിതുവരെയായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ലഭിച്ച 1277 സബ്സിഡി അപേക്ഷകളിൽ 909 ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്, ബാക്കി 368 പേർക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടുപോകുന്ന പ്രവാസികൾ

111 (2156) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിലും നിയമക്കുരുക്കുകളിലും ഉൾപ്പെട്ടുപോകുന്ന പ്രവാസികൾക്കുവേണ്ടി സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കുവാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

വിദേശ രാജ്യങ്ങളിൽ കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമ കുരുക്കുകളിലും ഉൾപ്പെട്ടുപോകുന്ന പ്രവാസികൾക്ക് മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്നതിനായി പ്രവാസി നിയമ സഹായ സെൽ എന്ന പദ്ധതിക്ക് 2018-19 കാലയളവിൽ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിയമ സഹായം ലഭ്യമാക്കുന്നതിനുവേണ്ടി കുവൈറ്റ്, ഒമാൻ, യു.എ.ഇ, സൗദി അറേബ്യ, ഖത്തർ എന്നീ 5 രാജ്യങ്ങളിലായി 10 നോർക്ക ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിൻ കീഴിൽ ബഹ്റൈൻ, മലേഷ്യ എന്നീ രാജ്യങ്ങളിൽകൂടി ലീഗൽ കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, ഇത്തരം കേസുകൾ കേന്ദ്ര വിദേശകാര്യ മന്ത്രാലയം, അതതു രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പുവരുത്താനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

സാന്ത്വന പദ്ധതി

112 (2157) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക മുഖേന നടപ്പിലാക്കിവരുന്ന സാന്ത്വന പദ്ധതി പ്രകാരം നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; ആയതിന്റെ വിശദാംശം നൽകാമോ?

സാന്ത്വന ധനസഹായ പദ്ധതി മുഖേന നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10714 പ്രവാസി കുടുംബങ്ങൾക്ക് 69.82 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രവാസിയായി രണ്ട് വർഷം ജോലി ചെയ്തിരിക്കേണ്ടതാണെന്ന നിബന്ധന ഒരു വർഷമായി കുറയ്ക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

സാന്ത്വന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് 'കുറഞ്ഞത് രണ്ട് വർഷം പ്രവാസിയായിരിക്കണം' എന്ന നിബന്ധന പാലിക്കുന്ന അപേക്ഷകൾതന്നെ ധാരാളം ലഭ്യമാകുന്നുണ്ട്. പ്രസ്തുത നിബന്ധനയിൽ ഇളവ് നൽകുന്നകാര്യം പരിഗണനയിലില്ല.

പ്രവാസി പുനരധിവാസത്തിനായി സ്വാശ്രയ സംഘങ്ങൾ

113 (2158) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരികെ നാട്ടിലെത്തിയ പ്രവാസികൾക്ക് പുനരധിവാസത്തിനായി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത എത്ര സ്വാശ്രയ സംഘങ്ങൾ മണലൂർ മണ്ഡലത്തിലുണ്ട്?

മണ്ഡലം അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമല്ല.

(ബി) അതിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നോർക്ക നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കുടുംബശ്രീക്ക് നൽകുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ ഇത്തരത്തിലുള്ള സ്വാശ്രയസംഘങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി&സി) ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങളോ, സഹായങ്ങളോ തേടി ഇത്തരം സ്വാശ്രയ സംഘങ്ങൾ സർക്കാരിനെ സമീപിച്ചിട്ടില്ല.

പ്രവാസി-ഭദ്രത പദ്ധതി

114 (2159) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി-ഭദ്രത പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രവാസി-ഭദ്രത പദ്ധതിയുടെ ചുവടെ കാണുന്ന ഘടക പദ്ധതികൾ പ്രകാരം നാളിതുവരെ ആകെ 12371 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- പ്രവാസി-ഭദ്രത പേൾ (കുടുംബശ്രീ മുഖാന്തരം) - 4020
- പ്രവാസി-ഭദ്രത മൈക്രോ (കെ.എസ്.എഫ്.ഇ, കേരള ബാങ്ക് മുഖാന്തരം) - 8347
- പ്രവാസി-ഭദ്രത മെഗാ (കെ.എസ്.ഐ.ഡി.സി മുഖാന്തരം)- 4

ചാത്തന്നൂർ മണ്ഡലത്തിൽ അനുമതിയില്ലാതെ നടന്ന മരമടി മത്സരം

115 (2160) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദത്തിനായി മൃഗങ്ങളെ ഉപയോഗിച്ച് മരമടി മത്സരങ്ങൾ നടത്തുന്നതിന് നിലവിൽ നിയമപരമായ അനുമതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ നിയമപരമായ അനുമതിയില്ല.

(ബി) ചിറക്കര ഗ്രാമപഞ്ചായത്തിലെ ചിറക്കര ഏലയിൽ 2023 ഒക്ടോബർ മാസത്തിൽ നടന്ന മരമടി മത്സരം നിയമപാലകരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത മത്സരത്തിന്റെ നടത്തിപ്പിനായി വേദിയിൽ ഏതെല്ലാം സർക്കാർ ഉദ്യോഗസ്ഥർ സംബന്ധിച്ചിരുന്നു എന്ന് അറിയിക്കുമോ;

(ഡി) നിയമവിധേയമല്ലാത്ത മേൽപ്രവൃത്തി സംബന്ധിച്ച് സംഘാടകർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

(സി&ഡി) ബാധകമല്ല.

ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പുകേസിൽ അന്വേഷണം

116 (2161) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് ആക്ട് ഷെഡ്യൂൾ 1 പ്രകാരം സഹകരണ സംഘങ്ങളുടെ റെഗുലേറ്റർ സംസ്ഥാന സർക്കാർ ആയതിനാൽ ബഡ്സ് ആക്ട് സെക്ഷൻ 4 പ്രകാരം ക്രൈം ചാർജ് ചെയ്യുന്നതിനായി സെക്ഷൻ 27 പ്രകാരം പരാതി നൽകാൻ ബി.എസ്.എൻ.എൽ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പ് കേസിൽ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) എത്ര വസ്തുവകകൾ ബഡ്സ് ആക്ട് സെക്ഷൻ 7(3) പ്രകാരം കോംപീറ്റന്റ് അതോറിറ്റി അറ്റാച്ച് ചെയ്തിട്ടുണ്ട്;

(സി) ഇങ്ങനെയുള്ള താൽക്കാലികമായ അറ്റാച്ച്മെന്റിൽ ബഡ്സ് ആക്ട് സെക്ഷൻ 14 പ്രകാരം എത്രയെണ്ണം കോടതിയിൽ ആപ്ലിക്കേഷൻ ഫയൽ ചെയ്തിട്ടുണ്ട്; ഇങ്ങനെ കോടതിയിൽ ഫയൽ ചെയ്തതിൽ എത്രയെണ്ണം കോടതി മുഖാന്തരം അബ്സൊല്യൂട്ട് അറ്റാച്ച്മെന്റ് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) 11-10-2023-ൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ അംഗീകരിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം ബഡ്സ് ആക്ടിലെ ഏതൊക്കെ സെക്ഷനുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ സംഘത്തിലെ പ്രതികൾ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) ക്രൈം ബ്രാഞ്ച് കണ്ടെടുത്തിട്ടുള്ള വസ്തുവകകളിൽ എത്രയെണ്ണം 31-1-2023-ലെ എഫ്.ഐ.ആർ. നമ്പർ 81/2023 ആയി രജിസ്റ്റർ ചെയ്ത് കോംപീറ്റന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്; വിശദമാക്കാമോ?

(ബി-ഇ) ബി.എസ്.എൻ.എൽ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പുമായി ബന്ധപ്പെട്ട് അറ്റാച്ച്മെന്റ് നടപടികൾ സ്വീകരിക്കുന്നതിനായി 327 വസ്തുവകകളുടെയും 12 വാഹനങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെട്ട ക്രൈം ബ്രാഞ്ച് റിപ്പോർട്ട് തിരുവനന്തപുരം, കൊല്ലം ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ കൊല്ലം ജില്ലയിൽ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന 32 വസ്തുവകകളും, തിരുവനന്തപുരം ജില്ലയിൽ 263 വസ്തുവകകളും താൽക്കാലികമായി അറ്റാച്ച് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ സെക്ഷൻ 14 പ്രകാരം ഡെസിഗ്നേറ്റഡ് കോടതിമുമ്പാകെ അറ്റാച്ച്മെന്റ്

സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ ഫയൽ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സെക്ഷൻ 14 പ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ക്രൈം ബ്രാഞ്ചിൽ രജിസ്റ്റർ ചെയ്ത Cr.No.81/CB/EOW/TVPM/R/2023 നമ്പർ കേസിലേയ്ക്ക് 3 r/w 21, 4 r/w 22, 5 r/w 23 &25 of BUDS Act 2019 പ്രകാരമുള്ള വകുപ്പുകൾ ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നു.

വഞ്ചിയൂർ, മലയിൻകീഴ് പോലീസ് സ്റ്റേഷനുകളിലെ കേസുകളിലെ പ്രതിയുടെ അറസ്റ്റ്

117 (2162) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 1272/2024, മലയിൻകീഴ് പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 1294/2024 എന്നീ കേസുകളിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കേസുകളിൽ പ്രതിക്ക് ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, മലയിൻകീഴ് എന്നീ പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത നമ്പരുകളിൽ എഫ്.ഐ.ആർ. (കേസ്) നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) മേൽപ്പറഞ്ഞ എഫ്.ഐ.ആർ.-കളിലെ പ്രതി സംസ്ഥാന സർക്കാർ ജീവനക്കാരനാണോ; എങ്കിൽ ഏത് വകുപ്പിലാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ്

118 (2163) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം താലൂക്ക് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

താലൂക്ക് ആശുപത്രിയും കോതമംഗലം പോലീസ് സ്റ്റേഷനും തമ്മിൽ ഒരു കിലോമീറ്റർ ദൂരമാണുള്ളത്. താലൂക്ക് ആശുപത്രിയിലും പരിസരത്തും പോലീസ് സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതിനായി പകൽ സമയത്തും രാത്രി കാലങ്ങളിലും നിരന്തരം പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടത്തി

വരുന്നതും ആശുപത്രി കോമ്പൗണ്ടിനകത്ത് പട്ടാ ബുക്ക് സ്ഥാപിച്ചിട്ടുള്ളതുമാണ്. ആശുപത്രിയുടെ പ്രധാന കവാടത്തിലും, അത്യാഹിത വിഭാഗത്തിലും CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ കോതമംഗലം താലൂക്ക് ആശുപത്രിയിൽ പകൽ സമയം 3 പേരും രാത്രി സമയം 2 പേരും ഉൾപ്പെടെ ആകെ 5 സെക്യൂരിറ്റി ജീവനക്കാർ ഡ്യൂട്ടി ചെയ്തുവരുന്നുണ്ട്. പുതുതായി എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സമരങ്ങളിൽ ആക്രമണത്തിന് ഇരയായിട്ടുള്ള പോലീസുദ്യോഗസ്ഥർ

119 (2164) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ സംഘടനകൾ നടത്തിയ സമരങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണ് ആക്രമണത്തിന് ഇരയായിട്ടുള്ളതെന്നും എത്ര പോലീസ് വാഹനങ്ങളാണ് തകർത്തിട്ടുള്ളതെന്നും വിശദമാക്കുമോ?

109 പോലീസ് ഉദ്യോഗസ്ഥർ ആക്രമണത്തിന് ഇരയായിട്ടുള്ളതും 8 പോലീസ് വാഹനങ്ങൾ തകർത്തിട്ടുള്ളതുമാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പോലീസ് ഉദ്യോഗസ്ഥർ ആക്രമണത്തിന് ഇരയായിട്ടുള്ളതുമായി ബന്ധപ്പെട്ട് 645 പേർക്കെതിരെയും കണ്ടാലറിയാവുന്ന 1613 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 527 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പോലീസ് വാഹനങ്ങൾ തകർത്തിട്ടുള്ളതുമായി ബന്ധപ്പെട്ട് 118 പേർക്കെതിരെയും കണ്ടാലറിയാവുന്ന 598 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതിൽ 102 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

പോലീസ് സേനയിലെ ശാക്തീകരണ പ്രവർത്തനങ്ങൾ

120 (2165) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ കഴിഞ്ഞ ഏഴരവർഷമായി നടന്നുവരുന്ന സമാനതകളില്ലാത്ത ശാക്തീകരണ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനമുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും മികച്ച സേനയായി കേരള പോലീസിനെ പരിവർത്തനപ്പെടുത്തുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനം ലഭ്യമാക്കുന്നതിനുള്ള (Service Delivery) നിരവധി പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സേനയുടെ ആധുനികീകരണത്തിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്രീകൃത കൺട്രോൾ റൂം

സംസ്ഥാനത്ത് പോലീസിന്റെ സേവനം 24 മണിക്കൂറും പൊതുജനങ്ങൾക്ക് ലഭ്യമാകുംവിധം അടിയന്തരസേവനങ്ങൾക്ക് 112 എന്ന നമ്പരിൽ കേന്ദ്രീകൃത കൺട്രോൾ റൂം “ERSS” പോലീസ് ആസ്ഥാനത്ത് ആരംഭിച്ചു. പൊതുജനങ്ങൾക്ക് ഏത് അടിയന്തരഘട്ടങ്ങളിലും പോലീസിന്റെ സഹായം തേടാവുന്ന സാഹചര്യമാണ് ഇതുവഴി സജ്ജമാക്കിയിട്ടുള്ളത്.

പോലീസ് സ്റ്റേഷനുകൾ

പോലീസ് സ്റ്റേഷനുകളിൽ ഹാജരാകാതെതന്നെ ഏതൊരു പൗരനും ഓൺലൈനായി പരാതി നൽകാനുള്ള പ്രത്യേക പോർട്ടൽ (THUNA/Pol-APP) പൊതുജനങ്ങൾക്കായി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സേവനത്തിനുപുറമെ ഈ പോർട്ടൽ മുഖേന FIR പകർപ്പ് ഡൗൺലോഡ്, ആക്സിഡന്റ് GD അപേക്ഷ, മൈക്ക് ഉപയോഗിക്കാനുള്ള അനുവാദം തുടങ്ങിയ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ

ട്രാഫിക് കേസുകളുടെ അന്വേഷണം ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽനിന്നും ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റുകയും നിലവിലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തിട്ടുണ്ട്.

ജനമൈത്രി പോലീസ് സ്റ്റേഷനുകൾ

എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തി പോലീസ് സ്റ്റേഷനുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. സേവനാവശ്യങ്ങൾക്കെത്തുന്ന പൊതുജനങ്ങൾക്ക് സഹായകമായി പബ്ലിക്

റിലേഷൻ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികളും ആവശ്യങ്ങളും പരിഹരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നുണ്ട്. വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും ആവശ്യമായ സഹായങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ/കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ (CRO) മുഖേന നൽകിവരുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിലെത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങളോടുകൂടിയ വിശ്രമ സ്ഥലം ഏർപ്പെടുത്തിയിട്ടുണ്ട്.

ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

സംസ്ഥാനത്ത് 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും കുറഞ്ഞത് 12 അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

പോലീസ് ആധുനികീകരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുന്നു. ട്രാഫിക് കുറ്റകൃത്യങ്ങളും കുറ്റവാളികളെയും നിർമ്മിതബുദ്ധി സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി Automatic Number Plate Recognition System (ANPR ക്യാമറകൾ) ഇതിനകം സ്ഥാപിച്ചിട്ടുണ്ട്.

വനിതാ പോലീസ് സ്റ്റേഷനുകൾ

സംസ്ഥാനത്ത് നിലവിലുള്ള 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമേ, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിച്ചു. കുറ്റാന്വേഷണ മികവ് വർധിപ്പിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച മികച്ച പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ

തടയുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC). ഇതിന്റെഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ഒരു ടെയിനിംഗ് സെന്റർ കേരള പോലീസ് അക്കാദമിയിൽ സ്ഥാപിച്ചിട്ടുണ്ട്.

വനിതകൾക്ക് മാത്രമായി ബറ്റാലിയൻ രൂപീകരണം

പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനായി 30-01-2017-ലെ സ.ഉ. (കൈ) നം. 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു.

സോഷ്യൽ പോലീസിംഗ്

സോഷ്യൽ പോലീസിംഗ് പദ്ധതിയുടെ ഭാഗമായുള്ള സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിച്ചതിനുപുറമെ സമൂഹത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിൽ ചൂണ്ടിക്കാണിക്കുന്ന പദ്ധതികൾ പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗംകൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനും ഇതുമൂലമുണ്ടാകുന്ന ദൃഷ്യവശങ്ങളിൽനിന്നും കുട്ടികളെ രക്ഷിക്കുന്നതിനാവശ്യമായ കൗൺസലിംഗ് നൽകുന്നതിനും ഇവ നിയന്ത്രിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനുംവേണ്ടി കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡിവിഷനുകീഴിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (D-DAD) ആരംഭിച്ചിട്ടുണ്ട്.

ഹോപ് പദ്ധതി

പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളെയും SSLC/Plus Two പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികളെയും കണ്ടെത്തി അവർക്ക് ക്ലാസുകൾ നൽകിക്കൊണ്ട് അവരെ പഠന വഴിയിലേക്ക് തിരികെ കൊണ്ടുവരികയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുന്ന പദ്ധതി.

ചിരി പദ്ധതി

ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി ഒരു മാനസികാരോഗ്യ പിന്തുണ സംവിധാനം വികസിപ്പിക്കുന്നതിനും കുട്ടികളുടെ പെരുമാറ്റം,

വൈകാരികാവസ്ഥ, വ്യക്തിത്വം, പഠനം, ശാരീരിക വെല്ലുവിളികൾ എന്നിവ തിരിച്ചറിയുന്നതിനും ശാസ്ത്രീയമായി പരിഹരിക്കുന്നതിനും എല്ലാ കുട്ടികളുടെയും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളാണ് ചിരി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

Counter Child Sexual Exploitation Cell (CCSE)

സൈബർ സ്പെയ്സിലെ കുട്ടികളുടെ ലൈംഗിക ചൂഷണത്തെ ചെറുക്കുന്നതിന് ആവിഷ്കരിച്ച കേരള പോലീസിന്റെ മികവുറ്റ കേന്ദ്രമാണ് CCSE.

മയക്കുമരുന്ന് വിപത്തിനെതിരെയുള്ള നടപടികൾ

സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് വിപത്തിനെ പ്രതിരോധിക്കുന്നതിന് 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി സ്ഥാപിച്ചിട്ടുള്ള Kerala Anti-Narcotic Special Action Force (KANSAF)-നുവേണ്ടി മയക്കുമരുന്ന് ഉപയോഗിച്ചിട്ടുണ്ടോയെന്നത് തിരിച്ചറിയുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequenser,

Advanced equipment for document examination, PCR Machine, Ultra Low Temperature Freezer, Automated DNA Extraction System, Mobile Compactor Storage തുടങ്ങിയ നിരവധി ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്. എല്ലാ റവന്യൂ ജില്ലകളിലും ഫോറൻസിക് സയൻസ് ലാബുകൾ പ്രവർത്തനസജ്ജമാക്കി. ഫോറൻസിക് സയൻസ് ലാബുകൾക്കുവേണ്ടി 28 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ ഏറെ സഹായകരമായ വിരലടയാള പരിശോധനകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി Automated Finger Print Identification System നടപ്പാക്കിയിട്ടുണ്ട്.

സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം

വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്വ്യവസ്ഥയുടെയും കാലഘട്ടത്തിൽ, ഇതുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷകരുൾപ്പെടുന്ന പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ക്രൈം ബ്രാഞ്ചിനുകീഴിൽ ആരംഭിച്ചു. ഇതിനായി ഒരു

ഐ.ജി.പി.-യും 4 എസ്.പി.-യും 11 ഡിവൈ.എസ്.പി.-മാരുമടങ്ങുന്ന 233 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

കേരള പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിട്ടിട്ടുണ്ട്. Crowd control and surveillance, facial identification, scanning video footage for anomalies എന്നിവ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

സൈബർ ഡോം

തിരുവനന്തപുരത്തിനുപുറമെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും സൈബർ ഡോം ആരംഭിച്ചു. തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിതബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാവിയിലുണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ്

സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്വലായി അവബോധം നൽകാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടന്നുവരുന്നു. മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക് വെബ്. ഡാർക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് കണ്ടെത്താനും അവയുമായി ബന്ധപ്പെട്ട സയന്റിഫിക് അന്വേഷണങ്ങൾ നടത്താനും സാധിക്കും.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെയുള്ള നടപടികൾ

പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് 1930 എന്ന ടോൾഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

1930 എന്ന ടോൾ ഫ്രീ നമ്പർ ഡിജിറ്റൽ പേയ്മെന്റ് നെറ്റ്വർക്കിലെ പ്രധാന ബാങ്കുകൾ/വാലറ്റുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിലൂടെ ബാങ്കിംഗ് ഇക്കോസിസ്റ്റത്തിൽ കബളിപ്പിക്കപ്പെട്ട തുക കുറ്റവാളികൾ കൈക്കലാക്കുന്നതിനുമുന്നേ ബാങ്ക് അക്കൗണ്ടുകളിൽ തടഞ്ഞുവയ്ക്കുന്നതിന് കേരള പോലീസിന് സാധിക്കുന്നു. ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ നിയമനടപടികൾക്കായി ബന്ധപ്പെട്ട പോലീസ് ജില്ലകളിലേക്ക് കൈമാറുന്നു. അക്കൗണ്ടുകളിൽ തടഞ്ഞുവച്ചിരിക്കുന്ന കബളിപ്പിക്കപ്പെട്ട തുക പരാതിക്കാർക്ക് തിരിച്ച് നൽകുന്നതുസംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ നൽകിയിട്ടുണ്ട്. ഇതുവഴി പണം തിരികെ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് കഴിയും.

സൈബർ പോലീസ് വിഭാഗം

സൈബർ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അനുദിനം മാറിവരുന്ന സാങ്കേതികവിദ്യക്കൊപ്പം സങ്കീർണ്ണമായ സൈബർ കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന സാഹചര്യമാണ്. സാമ്പത്തിക തട്ടിപ്പുകൾക്കും വിദ്വേഷ പ്രചരണങ്ങൾക്കുമായി സൈബർ ഇടങ്ങൾ

ദുരുപയോഗപ്പെടുത്തുന്ന സാമൂഹ്യവിരുദ്ധരുടെ പ്രവണതകളെ ശക്തമായി നേരിടേണ്ടതുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും നിയമിക്കുകയുണ്ടായി. ക്രമസമാധാനരംഗത്ത് സേനയുടെ ഉപയോഗത്തിനായി സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 545 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

സൈബർ പോലീസ് ഡിവിഷൻ

സൈബർ വെല്ലുവിളികളോടുള്ള പ്രതികരണം മുൻകൂട്ടി മനസ്സിലാക്കി പദ്ധതികൾ തയ്യാറാക്കുന്നതിനും ശേഷി വർധിപ്പിക്കുന്നതിനും സംസ്ഥാനത്ത് അത്യാധുനിക സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സൈബർ ഡിവിഷൻ ആസ്ഥാനം, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ പട്രോളിംഗ് വിഭാഗം എന്നിവയ്ക്കായി പോലീസ് ഉദ്യോഗസ്ഥരുടെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

പോലീസ് ടെലികമ്മ്യൂണിക്കേഷൻ

പോലീസ് ടെലികമ്മ്യൂണിക്കേഷൻ അനലോഗ് സംവിധാനത്തിൽനിന്നും ഡിജിറ്റൽ കമ്മ്യൂണിക്കേഷനിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെഭാഗമായി നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡ്രോൺ ഫോറൻസിക് ലാബ്

സംസ്ഥാനത്ത് ഡ്രോണുകൾ ഉയർത്തുന്ന സുരക്ഷാ ഭീഷണികൾ കൈകാര്യം ചെയ്യുന്നതിന് സൈബർ ഡോമിനുകീഴിൽ ഒരു Drone Forensic Lab and Research Centre സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷാ ഭീഷണികൾ നേരിടുന്നതിനായി Anti-Drone-കൾ വികസിപ്പിക്കുക, വിവിധതരം പുതിയ ഡ്രോണുകൾ നിർമ്മിക്കുക, വി.വി.ഐ.പി. സുരക്ഷയ്ക്കാവശ്യമായ Mobile Anti Drone System വികസിപ്പിക്കുക തുടങ്ങിയ സംരംഭങ്ങൾ ടി Drone Forensic Lab & Research Centre- ൽ പുരോഗമിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS)

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പോലീസ് സേവനങ്ങൾ ജനോപകാരപ്രദമാക്കുന്നതിനും വേഗത്തിൽ ലഭിക്കുന്നതിനുമുള്ള കേരളാ പോലീസിന്റെ സംരംഭമാണ് ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS). പൊതുജനങ്ങൾക്ക് ഓൺലൈനായി എല്ലാ സേവനങ്ങളും ഇതിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി MiCoPS എന്നപേരിൽ പോലീസുദ്യോഗസ്ഥർക്കായി ഒരു മൊബൈൽ ആപ്പും സജ്ജീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളായ Container Platform-ൽ Micro Service അധിഷ്ഠിതമായ ആർക്കിടെക്ചർ ഉപയോഗിച്ചാണ് ഈ സോഫ്റ്റ്വെയറുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ ഒരു സോഫ്റ്റ്വെയർ വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്. പോലീസ് സ്റ്റേഷനുൾപ്പെടെയുള്ള പോലീസ് പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുക, ഓൺലൈൻ പരാതികൾ രജിസ്റ്റർ ചെയ്യുക, പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അവസ്ഥ കണ്ടെത്തൽ, വ്യക്തികളുടെ പരിശോധന തുടങ്ങിയ പൊതുസേവനങ്ങൾ നൽകാനുള്ള സൗകര്യങ്ങളും

സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനായി ഗവൺമെന്റിന്റെ ദേശീയ ഇ-ഗവേണൻസ് പദ്ധതിക്കുകീഴിലുള്ള ഒരു മിഷൻ മോഡ് പ്രോജക്ടാണ് (എം.എം.പി.) CCTNS. ഡിജിറ്റൽ സിഗ്നേച്ചർപോലുള്ള നൂതന സാങ്കേതികവിദ്യകളുൾപ്പെടുത്തി ടി പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് സേനയിലേക്ക് നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ കാലയളവിൽ പോലീസ് സേനയിലേക്ക് 5482 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. (ആശ്രിത/സ്പോർട്സ് നിയമനം ഉൾപ്പെടെ.)

(സി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 30-01-2017 -ലെ സ.ഉ. (കൈ) നം. 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 05-11-2019-ലെ സ.ഉ. (കൈ) നം. 175/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം 4 വനിതാ പോലീസ് സ്റ്റേഷനുകൾ (പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ്) ആരംഭിച്ചു. കൂടാതെ 25-02-2021-ലെ സ.ഉ. (കൈ) നം. 66/2021/ആഭ്യന്തരം പ്രകാരം അനുമതി ലഭിച്ച KAP 6th ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിക്കുകയുണ്ടായി

കെ.എസ്.ആർ. റൂൾ പരിഷ്കരണം

121 (2166) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്ക് പോകുമ്പോഴും വരുമ്പോഴും സംഭവിക്കുന്ന അപകടം കെ.എസ്.ആർ. റൂൾ 97-ലെ ജോലിയിലിരിക്കെ സംഭവിക്കുന്ന അപകടങ്ങളുടെ ഗണത്തിലാണെന്ന് കേരള ഹൈക്കോടതി റൂളിംഗ് നൽകിയിട്ടുണ്ടോ?

W.P.(C)No.27593 of 2019 നമ്പർ കേസിലെ 19-11-2020-ലെ വിധിന്യായപ്രകാരം വീട്ടിൽ നിന്നും ഓഫീസിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ

അപകടം സംഭവിച്ച പരാതിക്കാരിക്ക് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിക്കാവുന്നതാണെന്ന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി) കെ.എസ്.ആർ. റൂൾ 103 പ്രകാരം സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി സമയത്തുള്ള അപകടത്തിനും തുടർന്നുള്ള ചികിത്സയ്ക്കും അനുവദിക്കുന്ന ഹോസ്പിറ്റൽ ലീവിനും ഇതേ വ്യാഖ്യാനം നൽകി ഹൈക്കോടതി റൂളിംഗിന് സമാനമായി പരിഷ്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കെ.എസ്.ആർ. ഭാഗം I, ചട്ടം 103 പ്രകാരം ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ആശ്രുപത്രി അവധി ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അപകട സാധ്യതമൂലം നേരിട്ട് സംഭവിച്ച പരിക്ക് അല്ലെങ്കിൽ രോഗം എന്നിവയുടെ ചികിത്സയ്ക്കായാണ് അനുവദിക്കുന്നത്. കൂടാതെ, പരിക്ക് അല്ലെങ്കിൽ രോഗം ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അപകട സാധ്യതമൂലം നേരിട്ട് സംഭവിച്ചതാണെങ്കിൽ അത് സംബന്ധിച്ച് ഓഫീസ് തലവനിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയും മെഡിക്കൽ

സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആശ്രുപത്രി അവധി അനുവദിക്കുകയുള്ളുവെന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ W.P.(C)No.27593 of 2019 നമ്പർ കേസിലെ 19-11-2020-ലെ വിധിന്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളത് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിക്കാനാണ്. മേൽ രണ്ട് അവധികളും വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത ചട്ടപ്രകാരമായതിനാൽ ഹൈക്കോടതി ഉത്തരവിന് സമാനമായി ഹോസ്പിറ്റൽ ലീവ് ചട്ടങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതേ ആവശ്യം ഉന്നയിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഒ.എ.(ഇ.കെ.എം.) 1911/2022 കേസിൽ സർക്കാർ സത്യവാങ്മൂലം നൽകിയോ; ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസ് ഫയൽ ചെയ്ത ജീവനക്കാരിക്ക് കേസ് ഫയൽ ചെയ്യ എന്ന കാരണത്താൽ 2022 സെപ്തംബർ മാസത്തെ ശമ്പളം തടഞ്ഞ്

വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരിക്ക് അർഹതപ്പെട്ട അവധി, ആർജ്ജിതാവധി, സറണ്ടർ അടക്കമുള്ള ആനുകൂല്യങ്ങൾ കേസിൽ വിധി വന്ന് ലീവ് ക്രമപ്പെടുത്തുന്നതുവരെ തടഞ്ഞ് വെച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത കേസിൽ തീർപ്പ് കൽപ്പിക്കുന്നതുവരെ തർക്കമുള്ള അവധി നീക്കി വെച്ച് അർഹതപ്പെട്ട ശമ്പളവും അവധി ആനുകൂല്യങ്ങളും അനുവദിച്ച് കൊടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

122 (2167) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടാകുന്ന കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള അക്രമ സംഭവങ്ങൾ മുൻകൂട്ടി

തിരിച്ചറിയാൻ പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവര ശേഖരണത്തിൽ സ്പെഷ്യൽ ബ്രാഞ്ച് വീഴ്ച വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥിരമായി സംഘർഷങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളെയും ഗ്രൂപ്പുകളെയും സംഘങ്ങളെയും നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

(എ-സി) അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് മികച്ച രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. മതിയായ നിരീക്ഷണ സംവിധാനങ്ങളടങ്ങുന്ന സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം ഉൾപ്പെടുന്ന കേരള പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമവും മികവുറ്റതുമാണ്. ആധുനിക രീതിയിലുള്ള നിരീക്ഷണ സംവിധാനവും കുറ്റമറ്റ ക്രമസമാധാന പാലനവും കാര്യക്ഷമമായ കുറ്റാന്വേഷണ വിഭാഗവും അടങ്ങുന്ന കേരള

പോലീസ് രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയാണ്. സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രവർത്തനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സുരക്ഷാ കാരണങ്ങളാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. ഗുണ്ടാനിയമ പ്രകാരം കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ സദാ ജാഗരൂഗരായിട്ടാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്.

വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പോലീസ് എയിഡ് പോസ്റ്റ് പുനഃസ്ഥാപിക്കാൻ നടപടി

123 (2168) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് നിലനിന്നിരുന്ന പോലീസ് എയിഡ് പോസ്റ്റ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വൈക്കം താലൂക്കാശുപത്രിയുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേകമായ പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചിരുന്നില്ല. എന്നാൽ അവശ്യഘട്ടങ്ങളിലെല്ലാം മതിയായ സുരക്ഷ ഒരുക്കുന്നതിന് പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നുണ്ട്.

(ബി) കൊലപാതകമടക്കം നിരവധി ക്രിമിനൽ ആക്രമണങ്ങൾ സർക്കാർ ആശുപത്രി ജീവനക്കാർക്കെതിരെ തുടർച്ചയായി ഉണ്ടായി വരുന്ന സാഹചര്യത്തിൽ പ്രസ്തുത എയിഡ് പോസ്റ്റ് പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

വൈക്കം പോലീസ് സ്റ്റേഷനിലെ രണ്ട് പട്രോളിംഗ് വാഹനങ്ങളും ഒരു ബൈക്കും നിരന്തരം പട്രോളിംഗ് നടത്തിവരുന്നു. ആശുപത്രിയിൽ പട്ടാ ബുക്ക് സ്ഥാപിച്ച് രാത്രിയും പകലും പോലീസ് ഉദ്യോഗസ്ഥരുടെ ബീറ്റ് ഉറപ്പാക്കുന്നുണ്ട്. ഏത് അടിയന്തര സാഹചര്യങ്ങളിലും പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ പോലീസ് ടെലിഫോൺ നമ്പറുകൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ ഭാഗങ്ങളിലായി 52 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വൈക്കം താലൂക്കാശുപത്രിയിൽ പ്രത്യേക എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

മയക്കുമരുന്നും മദ്യപാനവുംമൂലമുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി

124 (2169) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന്, മദ്യപാനം എന്നിവമൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) മയക്കുമരുന്ന് വിപത്ത് ഇന്ന് രാജ്യത്താകെ വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. ഇതിനെതിരെ സംസ്ഥാനം വലിയ പ്രതിരോധമാണ് തീർക്കുന്നത്. രാജ്യത്ത് ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ അനുരണനം എന്ന നിലയിൽ സംസ്ഥാനത്തും നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മയക്കുമരുന്ന് ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനായി സംസ്ഥാനത്ത് ഒരു Anti

Narcotic Task Force (ANTF) -ഉം ജില്ലാ തലത്തിൽ District Anti-Narcotic Special Action Force (DANSAF)-ഉം പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന ബന്ധങ്ങളുള്ള മയക്കുമരുന്ന് കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി അന്വേഷണം നടത്തിവരുന്നു. മയക്കുമരുന്ന്, ആയുധവ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക് വെബ്. ഡാർക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക് വെബിലൂടെ നടക്കുന്ന മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഈ

സോഫ്റ്റ്വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സൈബർ പോലീസ് വിഭാഗത്തിന് സാധിക്കും.

(സി) മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽനിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തില്ല. പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി പോലീസ് സേനയെ സജ്ജീകരിച്ചിട്ടുണ്ട്. ഏതു തരത്തിലുള്ള അക്രമത്തേയും നേരിടാനുതകുന്ന രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സംവിധാനമാണ് ഇന്ന് സംസ്ഥാനത്തുള്ളത്.

വണ്ടിപ്പെരിയാർ പീഡനകേസ്സിന്റെ അന്വേഷണത്തിലുണ്ടായ വീഴ്ച

125 (2171) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതിയെ കോടതി കുറ്റവിമുക്തനാക്കിയത് കേസന്വേഷണത്തിന്റെ വീഴ്ചമൂലമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ഇടുക്കി വണ്ടിപ്പെരിയാറിലെ ആറു വയസ്സുകാരിയുടെ കൊലപാതകം സംബന്ധിച്ച് വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.598/2021 കേസിലെ പ്രതിയെ കുറ്റവിമുക്തനാക്കിയ ബഹു. കട്ടപ്പന പോക്സോ ഫാസ്റ്റ് ട്രാക്ക് കോടതി വിധിയിൽവന്ന പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിയെ കുറ്റമുക്തനാക്കിയ വിധിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശാസ്ത്രീയമായി തെളിവ് ശേഖരിക്കുന്നതിന് മന:പൂർവ്വമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

അന്വേഷണത്തിലെ വീഴ്ച ചൂണ്ടിക്കാണിച്ചുള്ള കോടതി വിധിയുടെ പശ്ചാത്തലത്തിൽ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ പോലീസ്

ഇൻസ്പെക്ടർ ടി. ഡി. സുനിൽ കുമാറിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അതോടൊപ്പം വാച്യാന്വേഷണത്തിനും ഉത്തരവായിട്ടുള്ളതും അന്വേഷണ ചുമതല എറണാകുളം റൂറൽ അഡീഷണൽ പോലീസ് സൂപ്രണ്ടിന് നൽകിയിട്ടുള്ളതുമാണ് .

(സി) പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം ചുമത്താതിരുന്നത് കേസിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

ഈ കേസിലെ പ്രതിയും ഇരയായ കുട്ടിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തിന്റെ പരിധിയിൽപ്പെടില്ല.

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കേസിലെ പ്രതിയെ വെറുതെ വിട്ടതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ കേസിന്റെ അന്വേഷണം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടന്നുവരികയാണ്.

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവം

126 (2172) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

പരവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 119/2024 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും നിലവിൽ ഈ കേസ് കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരുകയും ചെയ്യുന്നു.

(ബി) സഹപ്രവർത്തകരിൽ നിന്നുണ്ടായ മാനസിക പീഡനമാണ് ആത്മഹത്യയിലേയ്ക്ക് നയിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ബി&സി) ആരോപണവിധേയരായ ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യചെയ്ത സംഭവം

127 (2173) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ ആത്മഹത്യ പ്രേരണ കുറ്റമുൾപ്പെടെ ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

പറവൂർ മുനിസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്ത സംഭവത്തിൽ അസ്വാഭാവിക മരണത്തിന് പറവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 119/2024 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. 24-01-2024-ലെ കൊല്ലം സിറ്റി പോലീസ്

കമ്മീഷണറുടെ ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നു.

(ബി) നിയോഗിക്കപ്പെട്ട ജോലി ചെയ്യാത്ത സഹപ്രവർത്തകനെയും അതിന് പിന്തുണ നൽകുന്നവരെയും ചോദ്യം ചെയ്തതിനെത്തുടർന്ന് അവരിൽ നിന്നുമുണ്ടായ മാനസിക പീഡനം താങ്ങാനാവാതെയാണ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആത്മഹത്യ ചെയ്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ ആത്മഹത്യ പ്രേരണാ കുറ്റത്തിന് കേസ് എടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടോ എന്ന കാര്യത്തിൽ വകുപ്പുതല അന്വേഷണം നടന്നുവരുന്നു. ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

ജൂവലറി നിക്ഷേപ തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി

128 (2174) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണ പുരോഗതി വ്യക്തമാക്കാമോ?

കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 9 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും അത് കോടതി വിചാരണയിലുമാണ്. പത്ത് കേസുകളിന്മേൽ നിലവിൽ അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഈ തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ വീടും സ്ഥാപനങ്ങളും പരിശോധന നടത്തി പ്രതികളുടെയും കുടുംബാംഗങ്ങളുടെയും സ്വർണ്ണവും മറ്റ് സ്വത്തുവകകളും ബന്തവസ്സിലെടുക്കുകയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്ക് മാനേജർമാർക്ക് കത്ത് നൽകുകയും സ്വത്ത് വകകൾ കൈമാറ്റം

ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാർമാർക്ക് പൊലീസ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്

129 (2175) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 310/ജി.സി.ഡബ്ല്യൂ/2021 നമ്പറായി നൽകിയ കത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യം സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ശബരിമല തീർത്ഥാടനകാലത്തെ 90 ശതമാനത്തോളം വാഹനങ്ങളും കടന്ന് പോകുന്ന സ്ഥലമെന്നത് പരിഗണിച്ച് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) 310/ജി.സി.ഡബ്ല്യൂ/2021 നമ്പറായി നൽകിയ കത്തിൽ ആവശ്യപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് അടക്കം പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ

സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിരുന്നു. ട്രാഫിക് മാനേജ്മെന്റിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത വിലയിരുത്തി മാത്രമേ പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതിന് സാധിക്കുകയുള്ളൂ.

റോഡുവക്കിൽ അലക്ഷ്യമായി ഇട്ടിട്ടുള്ള കേബിളുകൾ നീക്കാൻ നടപടി

130 (2176) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുവക്കിൽ അലക്ഷ്യമായി കേബിളുകൾ ഇടുന്നത് നിമിത്തം വാഹനാപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്തത് കാരണം ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറ്റ് ഏജൻസികളുടെ പൈപ്പുകൾ/കേബിളുകൾ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്ന ഭാഗങ്ങളിൽ അപകട മുന്നറിയിപ്പ് നൽകുന്നതിനായി ഉചിതമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നുള്ള വ്യവസ്ഥയോടെയാണ് ബന്ധപ്പെട്ട ഏജൻസികൾക്ക് അനുവാദം നൽകിവരുന്നത്. അപ്രകാരം ഗതാഗത സുരക്ഷയ്ക്കായി സൈൻ ബോർഡുകൾ, traffic zone temporary barricade-കൾ, direction indicator barricade, രാത്രികാലങ്ങളിൽ warning lights എന്നിവ ബന്ധപ്പെട്ട ഏജൻസികൾ സ്ഥാപിക്കാറുണ്ട്. റോഡുകൾ മുറിയ്ക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ചവരുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികൾ ഉത്തരവാദിയാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരം യൂട്ടിലിറ്റികൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ പൊതുമരാമത്ത് ഉദ്യോഗസ്ഥർ സന്ദർശിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട നിർദ്ദേശവും നൽകി വരുന്നു.

(ബി) ആവശ്യം കഴിഞ്ഞ കേബിളുകൾ റോഡരികിൽ ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നീക്കം ചെയ്യാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഹൈക്കോടതിയിലെ WP(C) No. 34310/2019-ന്റെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് റോഡുവക്കിൽ അലക്ഷ്യമായി സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ നിമിത്തം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിലെ നിരത്തു വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ 16-02-2022, 07-06-2021 തീയതികളിലെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഉത്തരവുകൾ പ്രകാരം റോഡുകളിൽ അപകടങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ള കേബിളുകൾ, പോസ്റ്റുകൾ, വയറുകൾ മുതലായവ ഉണ്ടോയെന്ന് പരിശോധിക്കാനും ആയതു ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി കാൽനട യാത്രക്കാർക്കും വാഹന ഉപയോക്താക്കൾക്കും അപകടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ

131 (2177) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വ്യാപകമായി തുടരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്?

സൈബർ തട്ടിപ്പുകൾ തടയുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1) സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ സൈബർ പോലീസ് സ്റ്റേഷനുകൾ മുഖേന കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

2) ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി

കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പർ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. നഷ്ടപ്പെട്ട പണം പ്രതികളുടെ അക്കൗണ്ടിൽ നിന്നും കൈമാറ്റം ചെയ്യപ്പെടാതെ ബ്ലോക്ക് ചെയ്യുന്നതിനും 1930 എന്ന ടോൾ ഫ്രീ നമ്പരും 24 മണിക്കൂറും ലഭ്യമാണ്. ഇതിനുപുറമെ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായി സാമ്പത്തിക നഷ്ടം സംഭവിക്കുന്നവർക്ക് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ നാഷണൽ സൈബർ ക്രൈം പോർട്ടലിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനും പ്രത്യേക സംവിധാനം നിലവിലുണ്ട്.

3) സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും സൈബർ സുരക്ഷ ഉറപ്പു വരുത്തുന്നതിനും കേരള പോലീസ് സൈബർ ഡിവിഷൻ എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

4) സൈബർ ഡിവിഷൻ പ്രവർത്തനസജ്ജമാകുന്നതോടെ ജില്ലകളിലെ സൈബർ കുറ്റാന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും സൈബർ പട്രോൾ വഴി സൈബർ വിവരശേഖരണത്തിനായി ഒരു പ്രത്യേക സംവിധാനം എല്ലാ റെയ്ഞ്ച് തലത്തിലും പ്രവർത്തിക്കുന്നു.

5) സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്യുന്ന സൈബർ കേസുകളിൽ അന്വേഷണത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രത്യേക ഡെസ്കുകൾ സൈബർ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

6) സൈബർ മേഖലയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിന് റിസർച്ച് ആൻഡ് അനാലിസിസ് വിഭാഗവും സൈബർ സാങ്കേതിക മേഖലയിലെ പുതിയ അറിവുകൾ പോലീസ് ഉദ്യോഗസ്ഥർക്ക് പകർന്ന് നൽകുന്നതിനായി ട്രെയിനിംഗ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് വിഭാഗവും സൈബർ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഈ തട്ടിപ്പുകളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും തട്ടിപ്പുസംഘങ്ങളെ നിയന്ത്രിക്കുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ലഘു വീഡിയോകളിലൂടേയും പ്രചാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സൈബർ സുരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും 7000 സൈബർ വോളണ്ടിയേഴ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 2023-ൽ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലും സൈബർ പട്രോളിംഗിലൂടെ തട്ടിപ്പിനുപയോഗിച്ചുവെന്ന് കണ്ടെത്തിയതുമായ 3339 മൊബൈൽ സിം കാർഡുകളും 5175 മൊബൈൽ ഫോണുകളും 3251 ബാങ്ക് അക്കൗണ്ടുകളും 1475 വെബ്സൈറ്റുകളും 158 അനധികൃത ഓൺലൈൻ ലോൺ ആപ്പുകളും നിർജ്ജീവമാക്കിയിട്ടുണ്ട്.

കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ട് ജീവനക്കാർ

132 (2178) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ എത്ര ബോട്ട് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ പ്രവൃത്തിയെടുത്തുവരുന്ന ബോട്ട് ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

ബോട്ട് ഡ്രൈവർ -05

ബോട്ട് സ്രാങ്ക് - 26

ബോട്ട് ലാസ്കർ - 24

ഹോം ഗാർഡ് - 20

(ബി) കടലിൽ അപകടങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിന് മാതൃകാപരമായി പ്രവർത്തിക്കുന്ന മേൽപ്പറഞ്ഞവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് നൽകുന്നതിനും നിയമനം സ്ഥിരപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

സ.ഉ.(കൈ)നം.147/2012/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ബോട്ട് സ്രാങ്ക്, ബോട്ട് ഡ്രൈവർ, ബോട്ട് ലാസ്കർ വിഭാഗത്തിലെ ജീവനക്കാർക്ക് ദിവസം 1000, 600, 400 എന്ന ക്രമത്തിൽ വേതനം അനുവദിച്ചുവരുന്നു. നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് സ്ഥിര നിയമനം നല്കുന്ന വിഷയം പരിഗണനയിലില്ല.

പെരുമ്പിലാവിൽ പുതിയ പോലീസ് സ്റ്റേഷൻ

133 (2179) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധി ഏറെ വിസ്തൃതമായതിനാലും പാലക്കാട്, മലപ്പുറം ജില്ലകളുടെ അതിർത്തി പങ്കിടുന്ന പ്രദേശമായതിനാലും കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നു എന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജില്ലകളുടെ അതിർത്തി പങ്കിടുന്നു എന്ന കാരണത്താൽ കേസുകളുടെ എണ്ണം കൂടുന്നതായി വിലയിരുത്തുന്നില്ല.

(ബി) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ അപകടമരണങ്ങൾ, മയക്കുമരുന്ന് വ്യാപകമാകുന്നതും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നതും

പ്രസ്തുത സ്റ്റേഷനിലെ പരിമിതമായ പോലീസ് സേനയ്ക്ക് ഏറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പെരുമ്പിലാവ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

134 (2180) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ?

മങ്കട പോലീസ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മങ്കട പോലീസ്

സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് മേൽപ്പറയുന്ന ഭൂമി പുറമ്പോക്കിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തി സപ്ലിമെന്ററി ബി.റ്റി.ആർ. അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ട് മങ്കട വില്ലേജ് ഓഫീസർക്ക് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയപരിധി നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കുമോ?

മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായുള്ള സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കാവുന്നതാണ്.

ബാലരാമപുരം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

135 (2181) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ് സ്റ്റേഷന് സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിലെ ഡിപ്പാർട്ട്മെന്റ് സ്ഥലത്ത് പ്രവർത്തിക്കുന്ന ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സ്കൂളിന്റെ സ്ഥലംകൂടി ഏറ്റെടുത്ത് ബാലരാമപുരം ജംഗ്ഷനിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ബാലരാമപുരം പഞ്ചായത്തിന്റെ അധീനതയിലുള്ള, ബാലരാമപുരം വില്ലേജിൽ ബ്ലോക്ക് നം. 13-ൽ റീസർവ്വേ നം. 240/15-ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമിയിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബാലരാമപുരം പോലീസ് ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള

സ്കൂളിന്റെ സ്ഥലം ഏറ്റെടുത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

എടക്കര പോലീസ് സ്റ്റേഷൻ – കെട്ടിട നിർമ്മാണം

136 (2182) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടക്കരയിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷൻ 60 വർഷത്തോളമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27-05-1964-ലെ സ.ഉ.(കൈ)നം. 238/1964/ആഭ്യന്തരം പ്രകാരമാണ് എടക്കര പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 04-02-2005-ലെ സ.ഉ.(സാധാ)നം. 328/2005/ആഭ്യന്തരം പ്രകാരം എടക്കര ഈസ്റ്റ് ഏറനാട് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി തരം മാറ്റുന്നതിനുള്ള സംസ്ഥാനതല സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കാമോ?

03-03-2022-ൽ കൂടിയ സംസ്ഥാനതല സമിതിയിൽ വിഷയം പരിശോധിക്കുകയും സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് വകുപ്പ് 27 എ (8) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് തിരുത്താൻ വകുപ്പ് 27 എ (9) പ്രകാരം സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ ഭൂമി പരിവർത്തനപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നത് പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് റവന്യൂ ഡിവിഷണൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസറുടെ റിപ്പോർട്ടിൽനിന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ 04-12-2022-ലെ സ.ഉ.(സാധാ)നം.1064/2022/കൃഷി പ്രകാരം നിരസിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) പൊതു ആവശ്യങ്ങൾക്ക് ഭൂമി പരിവർത്തനപ്പെടുത്താനുള്ള തീരുമാനമെടുക്കാൻ മന്ത്രിസഭാ യോഗത്തിന് കഴിയുന്നതാണോയെന്ന് അറിയിക്കാമോ; 2016 മുതൽ ഇതേ ആവശ്യത്തിന്മേൽ മന്ത്രിസഭാ യോഗം എത്ര തീരുമാനങ്ങളെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

അതെ. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ 13 എണ്ണത്തിൽ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്.

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

137 (2183) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

സ്റ്റേറ്റ് പ്ലാൻ 2022-23-ൽ ഉൾപ്പെടുത്തി കോഴിക്കോട് പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളതും മൂന്ന് നിലകളിലായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 60 ശതമാനം നിലവിൽ പൂർത്തിയായിട്ടുള്ളതുമാണ്.

(ബി) മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന പ്രസ്തുത പോലീസ് സ്റ്റേഷനിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾപ്പെടുത്തുക എന്ന് വിശദമാക്കാമോ?

പ്രസ്തുത പോലീസ് സ്റ്റേഷനിൽ എസ്റ്റിമേറ്റ് പ്രകാരം സ്റ്റേഷൻ കെട്ടിടവും മുകളിലത്തെ നിലയിൽ ഒരു വാച്ച് ടവറുമാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) നിലവിലെ പ്രവൃത്തികളിൽ സ്റ്റേഷന്റെ ചുറ്റുമതിൽ ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ സ്റ്റേഷന്റെ സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2025-26 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ

ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി

138 (2184) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ കല്ലറയിൽ അനുവദിക്കപ്പെട്ട മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഫർണിഷിംഗ്, നെറ്റ് വർക്കിംഗ് തുടങ്ങിയ ജോലികൾക്കാവശ്യമായ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുക അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കാമോ?

(എ-സി) ഉണ്ട്. മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ലോക്കപ്പ് റൂം, പോലീസ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് സൗകര്യം, ഇരിപ്പിട സൗകര്യം, റസ്റ്റ് റൂം സൗകര്യം, റിക്കാർഡ് റൂം, വനിതകൾക്കുള്ള റസ്റ്റ് റൂം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ

സജ്ജീകരിക്കുന്നതിനുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് അതിന്മേൽ സംസ്ഥാന പോലീസ് മേധാവിയോട് അധികവിവരങ്ങൾ ആരാഞ്ഞിട്ടുണ്ട്.

പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം

139 (2185) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പുളിക്കീഴ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് പോലീസ് സ്റ്റേഷനുള്ള പുതിയ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, പൈലിംഗ്, പൈൽ ക്യാപ് എന്നീ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ബാക്കിയുള്ള നിർമ്മാണപ്രവൃത്തികൾക്കാവശ്യമായ തുക ഒന്നിച്ച് അനുവദിച്ച് കെട്ടിടനിർമ്മാണം എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകിയ എസ്റ്റിമേറ്റും അധികതുക ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം നൽകിയ പുതിയ എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ട്. ആയതിൽ നടപടി കൈക്കൊണ്ടുവരുന്നു.

ആഭ്യന്തര വകുപ്പിന്റെ കീഴിൽ പുതിയ ഓഫീസ് കെട്ടിടങ്ങൾ

140 (2186) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഏതൊക്കെ ഓഫീസുകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ആഭ്യന്തര വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന പുതിയ ഓഫീസ് കെട്ടിടങ്ങൾ താഴെപ്പറയുന്നവയാണ്.

1. കാസർഗോഡ് കുടുംബ കോടതി കെട്ടിടം
2. ജൂഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സ്
3. അഡീഷണൽ കോടതി സമുച്ചയം

4. അഡീഷണൽ ജില്ലാ കോടതി-III-ന് പുതുതായി ഒരു നില

5. കാസർഗോഡ് ജില്ലയിലെ ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ഓഫീസ്

6. പാറക്കട്ടയിൽ വനിതാ പോലീസ് സ്റ്റേഷൻ

7. പാറക്കട്ടയിൽ സൈബർ പോലീസ് സ്റ്റേഷൻ

8. മേൽപ്പറമ്പയിൽ പുതിയ പോലീസ് സ്റ്റേഷൻ

9. ചട്ടഞ്ചാൽ ബേക്കൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ സബ് ഡിവിഷണൽ ഓഫീസ്

10. കാസർഗോഡ് ജില്ലയിലെ എ.ആർ.ക്യാമ്പ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിലെ കൃത്രിമ ഫുട്ബോൾ പരിശീലന കേന്ദ്രം

11. പെരിയയിലെ ബേക്കൽ സബ് ഡിവിഷൻ കൺട്രോൾ റൂം

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

കാസർഗോഡ് കുടുംബ കോടതി, ജുഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സ്, അഡീഷണൽ കോടതി സമുച്ചയം, അഡീഷണൽ ജില്ലാ

കോടതി-III-ന് പുതുതായി ഒരു നില എന്നിവയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന തീയതി അനുബന്ധമായി ചേർത്തിരിക്കുന്നു.+

കോടഞ്ചേരി പോലീസ് സ്റ്റേഷന് കെട്ടിടം

141 (2187) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോച്യാവസ്ഥയിലായ കോടഞ്ചേരി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) കോഴിക്കോട് റൂറൽ ജില്ലയിലെ കോടഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2023-24 വർഷത്തെ MoPF സ്കീമിൽ ഉൾപ്പെടുത്തി 04-01-2024-ലെ സ.ഉ.(സാധാ)നം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

33/2024/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. MoPF വിഹിതം അനുവദിക്കുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിലെ കാലതാമസം

142 (2188) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.ഐ.ആർ. നമ്പർ 1176 കാസർഗോഡ് പോലീസ് ഏത് തീയതിയിലാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എഫ്.ഐ.ആർ.-ന് ആസ്പദമായ സംഭവം നടന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; സംഭവത്തെക്കുറിച്ചുള്ള വിശദാംശം നൽകാമോ;

(ബി) സംഭവം നടന്ന് എത്ര ദിവസം കഴിഞ്ഞതിനുശേഷമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കേസിൽ എത്ര പ്രതികളാണുള്ളതെന്നും ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ-സി) 24-12-2023-ന് പുത്തൂർ ഗ്രാമത്തിൽ കല്ലംകൈ എന്ന സ്ഥലത്ത് ബൈക്കിൽ സഞ്ചരിക്കുന്നയാളെ തടഞ്ഞുനിർത്തി ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം.1176/2023 U/s 341, 324 308 r/w 34 IPC പ്രകാരം സംഭവ ദിവസം തന്നെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്ദുള്ള, ഷെരീഫ് എന്നിവരാണ് പ്രതിപ്പട്ടികയിലുള്ളത്.

(ഡി) പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഒന്നാം പ്രതിയെ 25-12-2023-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒളിവിലായ രണ്ടാം പ്രതിയെ കണ്ടെത്തുന്നതിനായി പോലീസ് അന്വേഷണം നടന്നുവരുന്നു.

(ഇ) എഫ്.ഐ.ആർ. നമ്പർ 1176-ൽ പറഞ്ഞ കുറ്റകൃത്യം ചെയ്യാനുണ്ടായ കാരണവും സാഹചര്യവും എന്താണെന്ന വിവരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരാതിക്കാരനോട് പ്രതികൾക്കുള്ള രാഷ്ട്രീയ വിരോധമാണ് സംഭവത്തിന് കാരണം എന്നാണ് അന്വേഷണത്തിൽ വെളിവാകുന്നത്.

(എഫ്) പ്രതികൾ മുമ്പ് ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിരുന്നുവോ; എങ്കിൽ വിശദാംശം നൽകാമോ; പോലീസല്ലാതെ മറ്റേതെങ്കിലും ഏജൻസി ഈ കേസ് അന്വേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അതിന് സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടി കേസിലെ ഒന്നാം പ്രതി കാസർഗോഡ് പോലീസ് സ്റ്റേഷനിലെ ക്രൈം നം.764/22, 75/13 എന്നീ രണ്ട് കേസുകളിൽക്കൂടി ഉൾപ്പെട്ടിട്ടുണ്ട്. അന്വേഷണം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

പുനലൂരിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാൻ നടപടി

143 (2189) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ നിന്നും പുനലൂരിൽ ഒരു ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി അയച്ചിട്ടുള്ള

പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്തുനിന്നും സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) എങ്കിൽ, പോലീസ് ആസ്ഥാനത്തുനിന്നും പ്രൊപ്പോസലിന്മേൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തമിഴ്നാട് അതിർത്തിയോട് ചേർന്നതും നാഷണൽ ഹൈവേ 744, മലയോര ഹൈവേ എന്നിവ കടന്ന് പോകുന്നതും പി.ഡബ്ല്യു.ഡി.-യുടെ വിവിധ റോഡുകൾ സംഗമിക്കുകയും ചെയ്യുന്ന പുനലൂരിൽ ഒരു ട്രാഫിക്ക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ഉണ്ട്. 43 പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചിരുന്നു. പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാനാവില്ലായെന്നും ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത

പരിശോധിക്കുവാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ രാത്രികാലങ്ങളിൽ പോലീസ് സേവനം

144 (2190) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട് പോസ്റ്റിൽ എല്ലാ ദിവസവും രാത്രികാലങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഔട്ട് പോസ്റ്റിൽ എത്രപേരെയാണ് ഡ്യൂട്ടിയ്ക്ക് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന പോലീസ് എയ്ഡ് പോസ്റ്റിലേയ്ക്ക് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും ഒരു പോലീസ് ഉദ്യോഗസ്ഥനെ എല്ലാ ദിവസവും രാവിലെ 08.00 മണി മുതൽ രാത്രി 08.00 മണി വരെ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നു. അതോടൊപ്പം രാത്രികാല നിരീക്ഷണം നടത്തുന്നതിന് പോലീസ്

പട്രോളിംഗ് വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ ആശുപത്രി സന്ദർശിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി

145 (2191) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത നിയമലംഘനങ്ങളും കുറ്റകൃത്യങ്ങളും കണ്ടെത്തുന്നതിനും തടയുന്നതിനുമായി ജില്ലകളിലെ വിവിധ പ്രദേശങ്ങളിലും സംസ്ഥാന അതിർത്തികളിലുൾപ്പെടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും സ്ഥാപിക്കേണ്ട നിരീക്ഷണ ക്യാമറകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ഉണ്ട്. വാഹനബാഹുല്യമുള്ള പ്രധാന വീഥികളിലും ജംഗ്ഷനുകളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിലുമാണ് (റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റ്, ടൂറിസ്റ്റ് കേന്ദ്രങ്ങൾ മുതലായവ) ആധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സി.സി.ടി.വി. ക്യാമറകൾ ഇപ്പോൾ സ്ഥാപിച്ചുവരുന്നത്.

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വിശദമാക്കുമോ?

വിവിധ വർഷങ്ങളിലെ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ലഭ്യമാകുന്ന തുകയും തദ്ദേശസ്ഥാപനങ്ങളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയും എം.പി./എം.എൽ.എ. ഫണ്ടുകൾ വിനിയോഗിച്ചും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.

146 (2192) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ മൊബൈൽ ഫോൺ ഉപയോഗം, ഓൺലൈൻ ഗെയിം ആസക്തി എന്നിവമൂലം ഉണ്ടാകുന്ന സ്വഭാവ വൈകല്യങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ് അമിത ഉപയോഗം കണ്ടുപിടിക്കുന്നതിനായി ഡിജിറ്റൽ അഡിക്ഷൻ മേഖലയിലെ മന:ശാസ്ത്രവിദഗ്ദ്ധരുടെ സഹായത്തോടെ കുട്ടികളിലെ മൊബൈൽ അഡിക്ഷൻ ലെവൽ മനസ്സിലാക്കി അതിനനുസരിച്ച് മൊബൈൽ ഫോണിന്റെ/ഇന്റർനെറ്റിന്റെ അമിത ഉപയോഗംമൂലമുണ്ടാകുന്ന ദൃഷ്യവശങ്ങളിൽനിന്നും കുട്ടികളെ രക്ഷിക്കുന്നതിനാവശ്യമായ കൗൺസലിംഗ് നൽകുന്നതിനും ഇവ നിയന്ത്രിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി

കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡിവിഷന് കീഴിൽ D-DAD (Digital De-addiction Centre) ആരംഭിച്ചിട്ടുണ്ട്.

(ബി) കുട്ടികളിലെ ഡിജിറ്റൽ ആസക്തി മാറ്റാനും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കാനും കേരള പോലീസ് ഡി-ഡാഡ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

14-09-2022-ലെ സ.ഉ.(സാധാ)നം.2541/2022/ആഭ്യ. പ്രകാരം കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡിവിഷൻ D-DAD (Digital De-addiction Centre) ആരംഭിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം കണ്ടുപിടിക്കുന്നതിനായി മന:ശാസ്ത്രവിദഗ്ധർ തയ്യാറാക്കിയ ഇന്റർനെറ്റ് അഡിക്ഷൻ ടെസ്റ്റ് (IAT) മുഖേന അസ്സസ്സ്മെന്റ് നടത്തി കുട്ടികളിലെ മൊബൈൽ അഡിക്ഷൻ ലെവൽ മനസ്സിലാക്കി മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. സ്മാർട്ട്ഫോൺ അഡിക്ഷൻ ടെസ്റ്റ്, വെൽനെസ്സ് ആക്ടിവിറ്റി

പോലെയുള്ള കാര്യങ്ങളും ഡി-ഡാഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ (NSS, SPC ക്യാമ്പുകൾ ഉൾപ്പെടെ) നിരവധി വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും മൊബൈൽ ഇന്റർനെറ്റ് അമിത ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സ്കൂൾ കൗൺസിലർമാർക്കും രക്ഷിതാക്കൾക്കും സാമൂഹിക തലത്തിൽ റെസിഡൻസ് അസോസിയേഷൻ അംഗങ്ങൾ, ലൈബ്രേറിയന്മാർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കും ബോധവത്കരണ ക്ലാസ്സ്, ഡിജിറ്റൽ ദുരുപയോഗങ്ങൾ തടയുന്നതിനായി ഡി-സേഫ് ബോക്സ്, ഡിജിറ്റൽ അവയർനെസ്സ് ക്ലാസ്സുകൾ, സൈബർ വീക്ക് തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുട്ടികളിൽ സ്ക്രീൻ ടൈം കുറക്കുന്നതിനായി പ്രത്യേകിച്ചും രാത്രി സമയങ്ങളിൽ 8 മണിക്കുശേഷം പാഠ്യവിഷയങ്ങൾ ഓൺലൈൻ വഴി ഷെയർ ചെയ്യാതിരിക്കാനും കുട്ടികളിലെ മാനസികാരോഗ്യം നിലനിർത്തുവാനും അദ്ധ്യാപകർക്കും,

ഐ.ടി. കോ-ഓർഡിനേറ്റർമാരായിട്ടുള്ള അദ്ധ്യാപകർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കുട്ടികളിലെ പഠനപ്രശ്നങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾക്കായി വിഷയവിദഗ്ധരായ സൈക്കോളജിസ്റ്റുമാരെയും ഡി-സേഫ് മാസ്റ്റർ ട്രെയിനർമാരെയും സൈബർ ഉദ്യോഗസ്ഥരെയും നിയമ വിദഗ്ധരെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) നിലവിൽ എവിടെയെല്ലാമാണ് ഡി-ഡാഡ് സെന്ററുകൾ പ്രവർത്തിക്കുന്നത്; എല്ലാ ജില്ലകളിലും ഡി-ഡാഡ് സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നീ 6 പോലീസ് ജില്ലകളിൽ D-DAD സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും D-DAD സെന്ററുകൾ തുടങ്ങുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ആർ.ആർ.ആർ.എഫ്. വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെ അമിത ജോലി ഭാരം

147 (2193) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ് (ആർ.ആർ.ആർ.എഫ്.) വിഭാഗത്തിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ അമിത ജോലിഭാരം കാരണം കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള വാർത്തകൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ സാഹചര്യത്തിൽ പ്രസ്തുത സേനയുടെ അംഗബലം ഉയർത്തുന്നതിനും മാനസിക സമ്മർദ്ദവും ആരോഗ്യ പ്രശ്നങ്ങളും ഒഴിവാക്കുന്ന രീതിയിൽ ഡ്യൂട്ടി ക്രമീകരണം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) മാനസിക സമ്മർദ്ദവും ആരോഗ്യപ്രശ്നങ്ങളും ഇല്ലാതെ, പരമാവധി വിശ്രമം അനുവദിച്ചുകൊണ്ടാണ് ജോലി ക്രമീകരിച്ചിട്ടുള്ളത്.

കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പ്

148 (2194) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ ജോലി ഭാരം സംബന്ധിച്ചും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ വർക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർക് സ്റ്റഡി സിറ്റിംഗുകൾ കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാവും; വിശദമാക്കാമോ?

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിവരശേഖരണം പുരോഗമിക്കുകയാണ്. മൂന്ന് മാസംകൊണ്ട് പ്രവൃത്തിപഠനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസ പരിശോധന ലാബുകളിൽ ജോലിഭാരം കുറയ്ക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(സി) കെമിക്കൽ എക്സാമിനേഷൻ വകുപ്പിലെ രാസ പരിശോധന ലാബുകളിൽ 2023 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് 59,389 കേസുകളിലായി 180,515 സാമ്പിൾ പരിശോധനക്കായി കെട്ടിക്കിടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്രയും രാസ പരിശോധന സാമ്പിളുകൾ കെട്ടിക്കിടക്കുന്നതുകൊണ്ട് വിവിധ ലഹരിവസ്തുക്കളുടെ കേസുകളിൽ കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; പരിശോധിക്കേണ്ട സാമ്പിൾസിന്റെ എണ്ണം അനുസരിച്ച് സയന്റിഫിക് ഓഫീസർമാരുടെ എണ്ണം കുറവാണ് എന്ന പ്രശ്നം പരിഹരിക്കാൻ എന്ത് നടപടിയാണ് പരിഗണനയിൽ ഉള്ളത്; വിശദമാക്കാമോ;

(ഡി) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ നിന്നുള്ള രാസപരിശോധനാഫലം വൈകുന്നത് സംബന്ധിച്ച കോടതി പരാമർശങ്ങളും പത്ര വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി-ഡി) ലഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തി വരുന്ന പ്രവൃത്തിപഠന റിപ്പോർട്ടും സർക്കാരിന്റെ പൊതുപരിപാടി എന്ന

നിലയിൽ വൈജ്ഞാനിക ഭരണ നിർവഹണം വഴി തസ്തികകളുടെ പുനഃക്രമീകരണം അടിസ്ഥാനമാക്കി ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്. അടിയന്തരപ്രാധാന്യമുള്ള കേസുകളിലും കോടതി, പോലീസ്, എക്സൈസ്, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന അറിയിപ്പുകൾ, NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ എന്നിവ സമയബന്ധിതമായി രാസപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സാമ്പിളുകളുടെ പരിശോധന വേഗത്തിലാക്കുന്നതിനും കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഇ) കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസപരിശോധനാ ലാബുകളിൽ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പരിശോധനക്ക് ലഭിച്ച സാമ്പിൾസിന്റെ എണ്ണം, മുൻ വർഷത്തെ അപേക്ഷിച്ച് സാമ്പിൾസിൽ വന്ന വർദ്ധനവിന്റെ ശതമാനം, ഓരോ വർഷവും പരിശോധന പൂർത്തിയായതിന്റെ എണ്ണം, പെൻഡിംഗിന്റെ എണ്ണം, അതത്

വർഷങ്ങളിൽ പരിശോധനക്കായി ഉണ്ടായിരുന്ന സയന്റിഫിക് ഓഫീസർമാരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ?

കഴിഞ്ഞ പത്തു വർഷത്തിലെ രാസപരിശോധന സംബന്ധിച്ചുള്ള വിവരം അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകൾ വിലയിരുത്തുമ്പോൾ പരിശോധനാ സാമ്പിളുകളിൽ സ്വാഭാവികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യംകൂടി കണക്കിലെടുത്താണ് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ പ്രവൃത്തിപഠനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റു വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമല്ല.

എം.എസ്.പി. ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ

149 (2195) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 17-04-2023-ൽ നിലവിൽ വന്ന എം.എസ്.പി. ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ (കാറ്റഗറി നമ്പർ 530/2019) റാങ്ക് പട്ടികയിൽനിന്നും എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

17-04-2023-ൽ നിലവിൽ വന്ന എം.എസ്.പി. ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ (കാറ്റഗറി നമ്പർ 530/2019) റാങ്ക് പട്ടികയിൽ നിന്നും 532 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

എം.എസ്.പി. ബറ്റാലിയനിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ അടക്കം 666 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവിൽ നിയമന ശിപാർശ അവശേഷിക്കുന്നു.

(സി) പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. എം.എസ്.പി. ബറ്റാലിയനുവേണ്ടി 189 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കെ.എ.പി. 6 ബറ്റാലിയനിലേയ്ക്കുള്ള നിയമനങ്ങളും പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നികത്താമോ എന്ന് പരിശോധിക്കാമോ?

കെ.എ.പി. ആറാം ബറ്റാലിയനിലെ ഒഴിവുകൾ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ നിയമനം

150 (2196) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പോലീസ് വകുപ്പിന് കീഴിൽ ഫോറൻസിക് സയൻസ് ലാബിലേയ്ക്കുള്ള സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കേരള പോലീസ് അക്കാദമി നടത്തുന്ന എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞവരെ പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ശിപാർശ

നൽകിയിരുന്നോ; പ്രസ്തുത കോഴ്സ് നടത്തുന്നതുവഴി മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള നിയമനം ലഭിക്കുന്നവർക്ക് അധിക പരിശീലനം നൽകേണ്ടതില്ലെന്നും അതുവഴി സർക്കാരിനുണ്ടാകുന്ന ബാധ്യത ഒഴിവാക്കാമെന്നും വിലയിരുത്തിയിരുന്നോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത കോഴ്സിനെ പി.എസ്.സി. യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണമെന്ത്; വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്ത് നിന്നും ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾ കേന്ദ്ര ഫോറൻസിക് സയൻസ് ലാബുകളിൽ താൽക്കാലിക ജീവനക്കാരായി സേവനം നോക്കുന്ന നിലവിലെ സ്ഥിതി ഒഴിവാക്കുന്നതിനായി പി.എസ്.സി. യോഗ്യതകളിൽ പ്രസ്തുത കോഴ്സ് ഉൾപ്പെടുത്തുന്നതിനും കേരള പോലീസ് അക്കാദമി നടത്തുന്ന എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞവർക്ക് മേല്പറഞ്ഞ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് മുൻഗണന നൽകുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ്കൂടി ഉൾപ്പെടുത്തണമെന്ന് കാണിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് ലഭിച്ചിരുന്നോ; ലഭിച്ചെങ്കിൽ ഇതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

(എ-ഇ) സംസ്ഥാനത്ത് കേരള പോലീസ് വകുപ്പിന് കീഴിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം 31-01-2014-ലെ സ.ഉ (പി)നം.19/2014/ആഭ്യന്തരം പ്രകാരമുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ നടത്തിവരുന്നത്. എം.എസ്.സി. ഫോറൻസിക്ക് സയൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾകൂടി സയന്റിഫിക് ഓഫീസർ തസ്തികയുടെ നിയമന യോഗ്യതയായി നിശ്ചയിച്ചുകൊണ്ട് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ച് 28-11-2023-ൽ

സർവ്വീസ് സംഘടനകളുടെയും വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെയും യോഗം ചേർന്ന് നടപടിക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് അനന്തരനടപടികൾക്കായി നൽകിയിട്ടുണ്ട്. നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഭേദഗതി ചട്ടം പുറപ്പെടുവിക്കുന്നമുറയ്ക്ക് എം.എസ്.സി ഫോറൻസിക്ക് സയൻസ് യോഗ്യതയുള്ളവർക്ക് സയന്റിഫിക് ഓഫീസർ തസ്തികയിലെ നിയമനത്തിന് അപേക്ഷിക്കുന്നതിന് സാധിക്കുന്നതാണ്.

പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിലെ നിയമനം

151 (2197) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ നിയമനത്തിനായുള്ള കാറ്റഗറി നമ്പർ 530/2019 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനത്തിനായി ഓരോ ബറ്റാലിയനിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും പ്രസ്തുത ഒഴിവുകൾ ഏതൊക്കെ വർഷങ്ങളിലേതാണെന്നും അറിയിക്കുമോ; ഇപ്രകാരമുള്ള ഒഴിവുകൾ സംജാതമായതിന്റെ വിവരങ്ങൾ കൂടി നൽകാമോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം, വിരമിക്കൽ, കെ.സി.പി. ട്രാൻസ്ഫർ, ഡെപ്യൂട്ടേഷൻ എന്നിവയ്ക്കാനുപാതികമായി എത്ര ഒഴിവുകൾകൂടി പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ സംജാതമാകുമെന്ന് അറിയിക്കാമോ?

(എ&ബി) സായുധ ബറ്റാലിയനുകളിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിയമനത്തിനായി 4004 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കഴിഞ്ഞ പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയിലെ നിയമനം പൂർത്തിയായത് മുതൽ 2024 ജൂൺ 1 വരെ വിരമിക്കൽ, സ്ഥാനക്കയറ്റം, സിവിൽ പോലീസ് വിഭാഗത്തിലേയ്ക്കുള്ള ബൈട്രാൻസ്ഫർ, അന്യത്ര സേവനം, വകുപ്പ് മാറൽ, എൻ.ജെ.ഡി., ശൂന്യവേതനാവധി തുടങ്ങിയ കാരണങ്ങളാൽ ഉണ്ടായ/ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ഉൾപ്പെടുന്നു. ഇതിൽ അന്യത്ര സേവനം, ശൂന്യവേതനാവധി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻ.ജെ.ഡി. എന്നിങ്ങനെ വരാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി നിർണ്ണയിക്കുന്നില്ല.

പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ നിയമനം

152 (2198) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 നോട്ടിഫിക്കേഷൻ മുഖാന്തരം തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 30-07-2019 മുതൽ 02-07-2020 വരെ എത്ര നിയമന ശിപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാറ്റഗറി നമ്പർ 657/2017 വിജ്ഞാപന പ്രകാരം തിരുവനന്തപുരം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 30-07-2019 മുതൽ 02-07-2020 വരെ 1112 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങളിൽ റാങ്ക് പട്ടിക കാലാവധി അവസാനിക്കാൻ പോകുന്നു എന്ന കാരണത്താൽ 2021, 2022 വർഷങ്ങളിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ 2020-ൽ തന്നെ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അങ്ങനെ റിപ്പോർട്ട് ചെയ്ത് നൽകിയ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) റാങ്ക് പട്ടിക അവസാനിക്കാൻ പോകുന്ന എന്ന കാരണത്താൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ 2021 വരെ ഉണ്ടാകാവുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പോലീസ് സേനയിലെ ആശ്രിത നിയമനം

153 (2199) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതിൽ വർഷങ്ങളുടെ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) പോലീസ് സേനയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതരിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ

നിയമനം ആവശ്യപ്പെടുന്നവർക്ക് കാലതാമസംകൂടാതെ നിയമനം നൽകിവരുന്നു. എന്നാൽ സർക്കാർ സർവ്വീസിലെ ഇതര തസ്തികകളിലേയ്ക്ക് ആശ്രിത നിയമനത്തിന് അപേക്ഷിക്കുമ്പോൾ അത്തരം തസ്തികകളിൽ നിയമനം നൽകുന്നതിന് കാലതാമസം നേരിടാറുണ്ട്. ഓരോ വർഷവും അതത് വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടുതലാകരുതെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുള്ളതിനാൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ കുറവുണ്ടാകുകയും മറ്റു പൊതുതസ്തികകളിൽ നിയമനം ആവശ്യപ്പെടുന്നവർക്ക് നിയമനം ലഭിക്കുന്നതിനായി കാലതാമസം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളിലെ നിശ്ചിത ശതമാനം ആശ്രിത നിയമനത്തിനായി സമയബന്ധിതമായിത്തന്നെ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് നിയമനം നൽകിവരുന്നു. ആശ്രിത നിയമനത്തിലെ കാലതാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പോലീസ് സേനയിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അപേക്ഷകർക്ക് മറ്റ് വകുപ്പുകളിൽ നിയമനം ലഭിക്കുവാൻ ഓപ്ഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പോലീസ് സേനയിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് മറ്റ് വകുപ്പുകളിൽ നിയമനം ലഭിക്കുവാൻ ഓപ്ഷൻ നൽകുന്നതിന് നിലവിൽ അവസരം നൽകിവരുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകളിലെ ആശ്രിത നിയമന അപേക്ഷകൾ ക്രോഡീകരിച്ച് ഏകീകൃത ലിസ്റ്റാക്കി പ്രസ്തുത ലിസ്റ്റിൽ നിന്നും സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ആശ്രിതനിയമനത്തിലെ കാലതാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സിവിൽ സർവ്വീസിലുള്ള അഴിമതി കേസ്സുകൾ

154 (2200) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി ഇല്ലാതാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം/മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും

തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ/വിവരങ്ങളുടെ അടിസ്ഥാനത്തിൽ ട്രാപ്പ് നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടിയെടുക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽ നിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വകുപ്പിന്റെ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് അന്വേഷിക്കേണ്ടതാണെങ്കിൽ

അന്വേഷണം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഴിമതി കേസുകളാണ് സംസ്ഥാന വിജിലൻസ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 427 അഴിമതി കേസ്സുകളാണ് സംസ്ഥാന വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വകുപ്പ് തിരിച്ചുള്ള കേസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

കോഴിക്കോട് ജില്ലയിലെ കുടുംബ കോടതികൾ

155 (2201) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര കുടുംബകോടതികളുണ്ട്; വിശദാംശങ്ങൾ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, വടകര എന്നിവിടങ്ങളിലായി രണ്ട് കുടുംബകോടതികളുണ്ട്.

(ബി) വടകര കുടുംബകോടതിയുടെ പരിധിയിൽ ഏതൊക്കെ താലൂക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; നിലവിൽ വടകര കുടുംബ കോടതിയിൽ എത്ര കേസുകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

വടകര, കൊയിലാണ്ടി താലൂക്കുകളിലെ എല്ലാ വില്ലേജുകളും താമരശ്ശേരി താലൂക്കിലെ അഞ്ച് വില്ലേജുകളും വടകര കുടുംബകോടതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. 31-01-2024 വരെ വടകര കുടുംബകോടതിയിൽ 2038 കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

(സി) നിലവിൽ പരിഗണനയിലുള്ള കേസുകൾ തീർപ്പാക്കുന്നതിന് താലൂക്ക് തല അദാലത്തുകൾ പരിഗണിക്കുന്നുണ്ടോ?

ഇല്ല.

(ഡി) പേരാമ്പ്രയിൽ കുടുംബകോടതി അനുവദിക്കണമെന്ന് പേരാമ്പ്ര ബാർ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്. പേരാമ്പ്രയിൽ കുടുംബകോടതി സ്ഥാപിക്കുന്നതിന് ഹൈക്കോടതിയുടെ ശിപാർശ ലഭിച്ചിട്ടില്ല.

കോടതികളിലെ ഇ-ഫയലിംഗ് സംവിധാനം

156 (2202) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ ഇ-ഫയലിംഗ് സംവിധാനം നിലവിൽ വന്നതോടെ അഭിഭാഷക ക്ലർക്കുമാർ തൊഴിൽ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സമയവും ചെലവും ലാഭിച്ച് കേസ് ഫയലിംഗ് സാധ്യമാക്കുന്നതിനാണ് ബഹു. സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ രാജ്യത്ത് ഇ-ഫയലിംഗ് നടപ്പാക്കിവരുന്നത്. 2020 മുതൽ ബഹു. ഹൈക്കോടതിയിലും 2022 മുതൽ ജില്ലാ കോടതികളിലും ഇ-ഫയലിംഗ് നടപ്പാക്കിയിട്ടുണ്ട്. കോടതി ചെലവുകൾ കുറയ്ക്കുവാനും രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുവാനും കഴിയുന്ന ഈ സംവിധാനം പൊതുജനങ്ങൾക്ക് ഏറെ സഹായകരവുമാണ്.

ഇ-ഫയലിംഗ് സംവിധാനം നിലവിൽവന്നശേഷം അഭിഭാഷക ക്ലാർക്കുമാർ തൊഴിൽ പ്രതിസന്ധി നേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇ-ഫയലിംഗ് സംവിധാനത്തിൽ കൈയെഴുത്ത് പ്രതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പകർപ്പ് അപേക്ഷകൾ ഇ-ഫയലിംഗിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) Electronic Filing Rules for Courts (Kerala) 2021 റൂൾ 10 പ്രകാരം ഇളവ് ഹർജികൾ, മാറ്റിവയ്ക്കൽ ഹർജികൾ, ജാമ്യാപേക്ഷകൾ, പകർപ്പ്/കോടതി രേഖകൾക്കുള്ള അപേക്ഷകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോ, പ്രോസസ് മെമ്മോ, ചെക്ക് അപേക്ഷകൾ തുടങ്ങിയവ കോടതി അനുമതിക്ക് വിധേയമായി ഇ-ഫയലിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം 05-08-2023 മുതൽ ഇളവ് ഹർജികൾ, കുറ്റസമ്മതം നടത്തുന്ന കേസുകളിലെ വക്കാലത്ത് മെമ്മോറാണ്ടം, ക്രിമിനൽ കോടതികളിലെ മുൻകൂർ ഹർജികൾ/മാറ്റിവയ്ക്കൽ അപേക്ഷകൾ, വാറണ്ട് തിരിച്ചുവിളിക്കൽ ഹർജികൾ, ജാമ്യക്കാരുടെ പട്ടിക, ജാമ്യത്തിനുവേണ്ടിയുള്ള ഗ്യാരണ്ടറുടെ

സത്യവാങ്മൂലം, രേഖകളുടെ പട്ടിക, സമൻസ്/അറിയിപ്പ് ഫോമുകൾ, സാക്ഷ്യപ്പടി ഡെപ്പോസിറ്റ് മെമ്മോകൾ, പരിശോധനാ അപേക്ഷകൾ, പ്രോസസ്സ് മെമ്മോകൾ തുടങ്ങിയവ ഇ-ഫയലിംഗ് നിർബന്ധമല്ലാത്തവയോ ഓപ്ഷണലോ ആക്കിയിട്ടുണ്ട്.

(ഡി) കോടതികളിൽ ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഇ-ഫയലിംഗ് സംബന്ധിച്ചുള്ള സംശയനിവാരണത്തിനും അതുമായി ബന്ധപ്പെട്ടവർക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി ഹൈക്കോടതിയിൽ ഇ-സേവാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ടെലിഫോണിലൂടെയുള്ള സംശയ നിവാരണത്തിനായി ഇ-ഫയലിംഗ് ഹെൽപ്പ് ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം ഇ-ഫയലിംഗ് സുഗമമാക്കുന്നതിന്, ജില്ലാ ജൂഡീഷ്യറിയിലെ മിക്കവാറും എല്ലാ കോടതി കേന്ദ്രങ്ങളും ഇ-സേവാ കേന്ദ്രങ്ങളും ഇ-സേവ ഹെൽപ്പ് ഡെസ്ക് കൗണ്ടറുകളും സ്ഥാപിക്കുകയും അവ ബന്ധപ്പെട്ട കോടതികളിൽ നിന്ന് നിയോഗിക്കപ്പെട്ട ജീവനക്കാർ കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

അതിലേയ്ക്കായി എല്ലാ ഇ-സേവാ കേന്ദ്രങ്ങൾക്കും ഇ-സേവ ഹെൽപ്പ് ഡെസ്ക് കൗണ്ടറുകൾക്കും ലാപ് ടോപ്പും സ്കാനറും നൽകിയിട്ടുണ്ട്.

കോടതി ജീവനക്കാരുടെ സംയോജനം

157 (2203) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശിച്ചിട്ടും സംസ്ഥാനത്തെ സിവിൽ-ക്രിമിനൽ കോടതി ജീവനക്കാരുടെ സംയോജനം മന്ദഗതിയിലാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംയോജനം സംബന്ധിച്ച് ഹോം (എൽ) സെക്ഷന്റെ പരിഗണനയിലിരിക്കുന്ന ഫയലിലെ നടപടികൾ വേഗത്തിലാക്കുമോ; സംയോജനം സംബന്ധിച്ച ഫയൽ ലക്ഷ്യം കാണാത്തത് എന്തെങ്കിലും തടസ്സം നേരിടുന്നതിനാലാണോ; വിശദമാക്കുമോ?

(എ&ബി) സിവിൽ-ക്രിമിനൽ ജുഡീഷ്യറി വിഭാഗം ജീവനക്കാരുടെ സംയോജനം സാധ്യമാക്കുന്നതിനായി കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസ് റൂൾസ് 2006, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ

സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1975 എന്നിവ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണം

158 (2204) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

പയ്യന്നൂരിൽ ആറ് നിലകളുള്ള ഒരു കെട്ടിടസമുച്ചയമാണ് നിർമ്മിക്കുന്നത്. പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഒന്നാം നിലയിലെ പ്ലാസ്റ്ററിംഗ് പൂർത്തിയായി, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു. രണ്ടാം നിലയിലെ പ്ലാസ്റ്ററിംഗ് ഏകദേശം പൂർത്തിയായിട്ടുണ്ട്, ഇലക്ട്രിക്കൽ ജോലികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാം നിലയുടെ കോൺക്രീറ്റ് പൂർത്തിയായി; ലാറ്ററൈറ്റ്, പ്ലാസ്റ്ററിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാനിൽ പറഞ്ഞിരിക്കുന്ന എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(ബി&സി) പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഈ തുക അപര്യാപ്തമാണെന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

പോക്സോ കേസുകൾ സംബന്ധിച്ച ഇന്റലിജൻസ് കണ്ടെത്തലുകൾ

159 (2205) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ എത്തുന്ന പോക്സോ കേസുകൾ ഒത്തുതീർപ്പാക്കാൻ പബ്ലിക് പ്രോസിക്യൂട്ടർമാർ ഇടനിലക്കാരാകുന്നതായി ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ?

ഇപ്രകാരം ഒരു റിപ്പോർട്ട് ലഭിച്ചിട്ടില്ല. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് 18-09-2017-ലെ 264/സി4/2017/ആഭ്യന്തരം സർക്കുലർ പ്രകാരം നടപടിക്രമങ്ങളും മാർഗ്ഗരേഖകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ ഖണ്ഡിക 6 പ്രകാരം, ആഭ്യന്തര (സി) വകുപ്പും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ ഓഫീസും എല്ലാ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും സംബന്ധിച്ച സമ്പൂർണ്ണ വിവരം സൂക്ഷിക്കുകയും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രകടനം എല്ലാ 6 മാസം കൂടുന്തോറും ആഭ്യന്തര സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവരുടെ ഒരു കമ്മിറ്റി വിലയിരുത്തുകയും ചെയ്യും. പോക്സോ ആക്ട് പ്രകാരമുള്ള കേസുകളുടെ നിരീക്ഷണത്തിനായി മുൻ അസിസ്റ്റന്റ് സെഷൻസ് ജഡ്ജി ശ്രീ. എം. ആർ. ശശിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(ബി) കോടതിയിലെത്തുന്ന പോക്സോ കേസുകൾ പരിശോധിക്കാൻ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ?

പോക്സോ നിയമത്തിന് കീഴിലുള്ള വിചാരണകളുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ജഡ്ജിമാരുടെ കമ്മിറ്റിയുടെ നിരന്തര നിരീക്ഷണത്തിലാണ് സംസ്ഥാനത്തെ പോക്സോ കോടതികൾ പ്രവർത്തിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക അതിക്രമ കേസുകളുടെ അന്വേഷണം 2 മാസത്തിനകം പൂർത്തീകരിക്കുന്നതിനും, തീർപ്പാക്കൽ നിരക്ക് 80 ശതമാനത്തിൽ കൂടുതലാക്കാനും അവലോകനം ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) ഇടനിലക്കാരുടെ സ്വാധീനത്തിൽ മൊഴി മാറ്റുന്നതിനാൽ പ്രതികൾ രക്ഷപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്കിടയിലുള്ള ബോധവൽക്കരണവും WITNESS PROTECTION SCHEME എന്നിവ ഉൾപ്പെടെയുള്ള നടപടികൾ വഴി

സാക്ഷികൾക്കും അതിജീവിതയ്ക്കും ആവശ്യമായ നിയമ സഹായം ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

ചവറ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

160 (2206) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചവറയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എം.എം.എൽ. കൈമാറിയ 50 സെന്റ് ഭൂമിയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

ചവറ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം കെ.എം.എം.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം.18-ൽ റീസർവ്വേ നം.313/12-ൽപ്പെട്ട 20.23 ആർ ഭൂമി അഗ്നിരക്ഷാ സേവന വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും പ്ലാനും 3 കോടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

വെള്ളരിക്കുണ്ട് ഫയർ സ്റ്റേഷൻ

161 (2207) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

താലൂക്ക് തലത്തിൽ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കാൻ നിലവിൽ തീരുമാനം കൈകൊണ്ടിട്ടില്ല.

(ബി) വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പ-ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ റീസർവ്വേ നം. 155-പാർട്ടിൽ ബിരിക്കുളം എന്ന സ്ഥലത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ ഒരു ഏക്കർ സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് അർത്ഥനാപത്രം കാസർഗോഡ് കളക്ടർക്ക് നൽകിയിരുന്നു. തത്വത്തിൽ അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം

മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

അടിവാരം ഫയർ സ്റ്റേഷൻ

162 (2208) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. പാലോട് (തിരുവനന്തപുരം)

2. ഉള്ളൂർ (തിരുവനന്തപുരം)

3. മാവൂർ (കോഴിക്കോട്)

4. ചീമേനി (കാസർഗോഡ്)

5. പനമരം (വയനാട്)

6. വൈത്തിരി (വയനാട്)

7. രാജക്കാട് (ഇടുക്കി)

8. ആറൻമുള (പത്തനംതിട്ട)

9. നേര്യമംഗലം (എറണാകുളം)

10. തൊണ്ടർനാട് (വയനാട്)

(ബി) അടിവാരം ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) പുതിയതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ നിലവിൽ തീരുമാനിച്ചിട്ടില്ല. ഇതിനകം പ്രഖ്യാപിച്ച സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്.

കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം

163 (2209) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം ഫിറ്റ്നസ് നഷ്ടപ്പെട്ട് താൽക്കാലികമായി മാറ്റിയ കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിടം പുതുക്കി പണിയുന്നതിന് 2021-22 ബഡ്ജറ്റിൽ വകയിരുത്തിയ തുക (1 കോടി രൂപ) അപര്യാപ്തമാണെന്നുകണ്ട് സുസജ്ജമായ നിലയവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് മേധാവി അംഗീകരിച്ച കെട്ടിടത്തിന്റെ പ്ലാൻ രൂപകൽപ്പന നടത്തുന്നതിനായുള്ള (Structural design) നടപടികളും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

അത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

164 (2210) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്ന സ്ഥലം സി.ആർ.ഇസെഡ് പരിധിയിൽപ്പെടുന്നതാണോ; വ്യക്തമാക്കുമോ;

(സി) ഫയർ സ്റ്റേഷൻ നിർമ്മാണം സി.ആർ.ഇസെഡ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ-സി) ആശ്രർ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിന് ലഭ്യമായ അശ്രർ വില്ലേജിലെ സർവ്വേ നം.409/5-ൽപ്പെട്ട 5.96 ആർ സ്ഥലം CRZ മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാകയാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് KCZMA-യുടെ അനുമതി ലഭിക്കുന്നതിനായി 03-04-2023-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മാവൂർ ഫയർ സ്റ്റേഷൻ

165 (2211) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ ഫയർ സ്റ്റേഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ സാഹചര്യത്തിൽ പ്രസ്തുത ഫയർ സ്റ്റേഷൻ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

മാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് താൽക്കാലിക സൗകര്യം ഒരുക്കുന്നതിനായി സ്ഥലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഓഫീസ് കെട്ടിടം, ജീവനക്കാർക്കുള്ള വിശ്രമ മുറി എന്നിവ നിർമ്മിക്കുന്ന പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിടത്തിലേയ്ക്കുള്ള വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാകാനുണ്ട്. കെട്ടിടങ്ങൾ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി ലഭ്യമാകുന്ന മുറയ്ക്ക് മാവൂർ ഫയർ സ്റ്റേഷൻ തുറന്ന് പ്രവർത്തിക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് വകുപ്പിന്റെ ആധുനികീകരണം

166 (2212) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

1) പൊതുജനങ്ങളുമായി ബന്ധപ്പെട്ട അഗ്നിസുരക്ഷ സേവനങ്ങൾ ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. ഓഫീസുകളിൽ ഫയലുകൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറുകയും ആയത് എല്ലാ ഓഫീസ് നിലയങ്ങളിലും നടപ്പിലാക്കുകയും ചെയ്തു.

2) അപകടകരമായ സ്ഥലങ്ങളിൽ അഗ്നിശമന പ്രവർത്തനങ്ങൾക്കായി Robotic Fire Fighting Equipment വാങ്ങി സജ്ജമാക്കി.

3) ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിച്ച് അഗ്നിശമനരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുയോജ്യമായ ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ ലഭ്യമാക്കി.

4) 30 പേരടങ്ങുന്ന Mountaineering Rescue Team രൂപീകരിക്കുകയുണ്ടായി.

5) യുവാക്കൾക്ക് അഗ്നിശമനം, രക്ഷാപ്രവർത്തനം, ഫസ്റ്റ് എയ്ഡ് എന്നിവയിൽ പരിശീലനം നൽകി. സിവിൽ ഡിഫൻസ്, അപ്താമിത്ര തുടങ്ങിയ വോളന്റിയറിംഗിന്റെ സേവനം പൊതുജനങ്ങൾക്കായി ലഭ്യമാക്കി. ഇവർക്കായി എമർജൻസി കിറ്റുകളും നൽകിയിട്ടുണ്ട്.

6) വകുപ്പിൽ ആദ്യമായി വുമൺ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചു. അവരുടെ പരിശീലനം അന്തിമഘട്ടത്തിലാണ്.

7) വകുപ്പിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി അനുവദിച്ച തുക ചെലവഴിച്ച് ലഭ്യമാക്കിയ വാഹനങ്ങളുടേയും ഉപകരണങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയെല്ലാമാണ് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ തൊണ്ടർനാട് ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

02-11-2021-ലെ സ.ഉ.(കൈ)നം.191/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) വാമനപുരം മണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിൽ പാലോട് അനുമതി ലഭിച്ച പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള താൽക്കാലിക കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കാൻവേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

(സി&ഡി) പാലോട് ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18-02-2021-ലെ സ.ഉ.(എം.എസ്) നം.51/2021/ആഭ്യന്തരം പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി വകുപ്പിന് കൈമാറി ലഭിച്ച പാലോട് വില്ലേജിൽ സർവ്വേ നം.1460-ൽ ഉൾപ്പെട്ട 34.5 സെന്റ് സർക്കാർ വക തരിശ് ഭൂമിയിൽ വാമനപുരം എം.എൽ.എ. ഫണ്ടിൽനിന്നും ആനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച്

നിർമ്മിച്ച കെട്ടിടങ്ങളിൽ 2 മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യുന്നതിനുള്ള ഷീറ്റ് മേൽക്കൂരയോട് കൂടിയ ഗ്യാരേജ്, രണ്ട് ചെറിയ മുറികൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പാലോട് നിലയത്തിനായി അത്യാവശ്യ ഭൗതിക സൗകര്യങ്ങളോടുകൂടിയ ഒരു അഗ്നിരക്ഷാനിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ

167 (2213) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) 18-02-21-ലെ സ.ഉ.(എം.എസ്)നം.51/2021/ആഭ്യന്തരം പ്രകാരം നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായിരുന്നു. കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി താൽക്കാലികമായി വാടക രഹിതമായി വിട്ട് നൽകുന്നതിന് തയ്യാറാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. നിലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തി

168 (2214) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ളവയുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 2 പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തിയും ഒരു ജയിലിന്റെ നവീകരണ പ്രവൃത്തിയും നടന്നുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ജയിൽ നിർമ്മാണത്തിനായി വകുപ്പിന് സ്ഥലം ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ തുടങ്ങാത്ത ഏതെങ്കിലും പ്രൊപ്പോസലുകളുണ്ടോ; എങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

വടകരയിലെയും സുൽത്താൻബത്തേരിയിലെയും ജയിലുകൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്.

കാസർഗോഡ് ജില്ലാ ജയിൽ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി

169 (2215) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജയിൽ മാറ്റിസ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഭൂമി ജയിൽ വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കാസർഗോഡ് ജില്ലാ ജയിൽ മാറ്റിസ്ഥാപിക്കുന്നതിനായി ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിൽ ബട്ടത്തൂരിൽ സർവ്വേ നം. 109/3-ൽപ്പെട്ട 5 ഏക്കർ 36 സെന്റ് റവന്യൂ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ ജില്ലാ കളക്ടർ തുടർനടപടി സ്വീകരിച്ചുവരുന്നു.

ജയിലുകളിലെ അടിസ്ഥാന സൗകര്യവും സുരക്ഷയും വർദ്ധിപ്പിക്കുന്നതിന് നടപടി

170 (2216) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ സുരക്ഷ സംബന്ധിച്ച് ജയിൽ വകുപ്പ് മേധാവി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) തടവുകാരുടെ ആധിക്യംമൂലം ജയിലുകളിലെ അടിസ്ഥാന സൗകര്യവും സുരക്ഷയും വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 21-07-2023-ലെ സ.ഉ. (സാധാ). 2014/2023/ ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പുതുവൈപ്പിൻ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

171 (2217) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ വില്ലേജിൽ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റവന്യൂ വകുപ്പ് പ്രസ്തുത ഭൂമി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് പുതിയ ജയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനവും സർക്കാർ നിലവിൽ കൈക്കൊണ്ടിട്ടില്ല.

കേരള ഗവൺമെന്റ് പ്രെസ്സസ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾ 2021

172 (2218) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഒ. നം. 177/2021 ആയി 16-02-2021-ൽ വിജ്ഞാപനം ചെയ്ത കേരള ഗവൺമെന്റ് പ്രെസ്സസ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾ 2021 പ്രാബല്യത്തിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) പ്രസ്തുത ഭേദഗതിയിൽ, അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ) തസ്തികയുടെ ഫീഡർ കാറ്റഗറിയായ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I-ൽനിന്നും ബൈ ട്രാൻസ്ഫർ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ശരിയാണോ; തെറ്റ് കടന്നുകൂടിയതാണെങ്കിൽ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഈ സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം 08-09-2023-ന് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ നിരവധി ജീവനക്കാർക്ക് ഇതുകാരണം സീനിയോറിറ്റി നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെയും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയും കേസുകൾ നിലനിൽക്കുന്നുണ്ട്. ടി കേസുകളിന്മേലുള്ള അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) അച്ചടി വകുപ്പിലെ പ്രൊമോഷൻ നടപടികൾ തടഞ്ഞുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകൾ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ; അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് മറികടന്ന് വകുപ്പിൽ പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പരിശോധിക്കുമോ?

അസിസ്റ്റന്റ് ഫോർമാൻ മുതലുള്ള തസ്തികകളിൽനിന്നുള്ള സ്ഥാനക്കയറ്റങ്ങൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. വകുപ്പിലെ അടിയന്തര സാഹചര്യം പരിഗണിച്ച് ഗവൺമെന്റ് പ്രെസ്സുകളുടെ സൂപ്രണ്ട് തസ്തികയിലേയ്ക്കും ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേയ്ക്കും സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുണ്ട്. 03-11-2022-ലെ OA 365/2022-ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമാണ്.

(ഇ) അച്ചടി വകുപ്പിൽ മെഷീൻ സെക്ഷനിലെ പ്രിന്റർമാരും ഓഫ്സെറ്റ് ഓപ്പറേറ്റർമാരും തമ്മിൽ നിലനിൽക്കുന്ന സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സീനിയോറിറ്റി തർക്കം നിലവിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും പരിഗണനയിലാണ്.

കാക്കനാട് മെട്രോ ടൗൺഷിപ്പ്

173 (2219) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് മെട്രോ ടൗൺഷിപ്പിനുവേണ്ടി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് നൽകിയ ഭരണാനുമതി പ്രകാരം പ്രോപ്പർട്ടി ഡെവലപ്മെന്റ് ഇനത്തിൽ 98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ടൗൺഷിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പേരിൽ പതിച്ചുനൽകിയ പൊതുമരാമത്ത് വക 17.430 ഏക്കർ സ്ഥലത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ, 14 ഏക്കർ സ്ഥലംകൂടി മെട്രോ റെയിൽ ലിമിറ്റഡിന് പതിച്ചുനൽകിയിട്ടുണ്ട്.

(ബി) ടൗൺഷിപ്പ് നിർമ്മാണത്തിനായി അതിന്റെ അന്തിമരൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

തയ്യാറാക്കിയിട്ടില്ല.

(സി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇത് എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പദ്ധതിയുടെ അന്തിമരൂപരേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള പ്രദേശം നിലവിൽ കാടുപിടിച്ച് മാലിന്യം തള്ളൽ കേന്ദ്രങ്ങളായും ലഹരിമാഫിയകളുടെ പ്രവർത്തനമേഖലയായും മാറിയിരിക്കുന്നത് പൊതുജനങ്ങളുടെ സൈ്വരജീവിതത്തിന് ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങൾ വൃത്തിയാക്കി

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഈ പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി നിലവിൽ വേലികെട്ടി തിരിച്ചിട്ടുണ്ട്. കൂടാതെ, മാലിന്യം തള്ളുന്നവരെയും/സാമൂഹ്യ വിരുദ്ധരെയും തിരിച്ചറിയുന്നതിനായി സി.സി.ടി.വി. ക്യാമറ ഉപയോഗിച്ച് നിരീക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിനനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തൃക്കാക്കര മുനിസിപ്പാലിറ്റിയെ സമീപിച്ചിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ പാക്കേജ്

174 (2220) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പാക്കേജ് പുതുക്കി നൽകണമെന്ന സ്വകാര്യ ആശുപത്രികളുടെ ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ പുതുക്കിയ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

175 (2221) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്)-യിൽ പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ലെന്നതിനാൽ പദ്ധതിയുടെ ഡാറ്റാബേസ്

പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ വിട്ടുപോയ ബി.പി.എൽ. കുടുംബങ്ങളെയുൾപ്പെടുത്തി പദ്ധതിയുടെ ഡാറ്റാബേസ്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ.) ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ പുതുക്കി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടാത്ത 3 ലക്ഷത്തിൽത്താഴെ വാർഷിക വരുമാനമുള്ള ബി.പി.എൽ./ എ.പി.എൽ. കുടുംബങ്ങളെയെല്ലാംതന്നെ കാരുണ്യ ബെനവലന്റ് ഫണ്ട്

പദ്ധതിയിലുൾപ്പെടുത്തി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാർ 2011 വർഷത്തിൽ നടത്തിയിട്ടുള്ള സാമൂഹിക സാമ്പത്തിക ജാതി സെൻസസിലുൾപ്പെട്ടിട്ടുള്ള അവശവിഭാഗങ്ങളെയും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി സൗജന്യ ചികിത്സ നൽകുന്നുണ്ട്.

ആരോഗ്യ കിരൺ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ

176 (2222) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആരോഗ്യ കിരൺ പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പതിനെട്ട് വയസ്സിൽത്താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതരോ ആദായ നികുതിദായകരോ അല്ലാത്ത കുടുംബങ്ങളിലുൾപ്പെടുന്ന പതിനെട്ട്

വയസിൽത്താഴെ പ്രായമുള്ള തദ്ദേശീയരായ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതിപ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 വിഭാഗങ്ങളിൽപ്പെടുന്ന രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ പരിശോധനകൾ, ചികിത്സകൾ, മരുന്നുകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കും. ആരോഗ്യകിരണം പദ്ധതിപ്രകാരം കിടത്തി ചികിത്സകൾക്കുപുറമെ ഒ.പി. സേവനങ്ങളും സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാണ്. ഒരു വയസുവരെ പ്രായമുള്ള കുട്ടികളുടെ ചികിത്സാ സേവനങ്ങൾ ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK) എന്ന പദ്ധതി പ്രകാരമാണ് നൽകിവരുന്നത്.

ആരോഗ്യമേഖലയിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

177 (2223) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ആരോഗ്യവകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആവിഷ്കരിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് കെയർ, വയോമിത്രം തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ആയതിനുവേണ്ട മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആശുപത്രികളിൽ വാങ്ങി രോഗികൾക്ക് വിതരണം ചെയ്യുന്നു. നവകേരളം കർമ്മപദ്ധതി 2-ന്റെയും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പരിപാടി നടപ്പിലാക്കാൻ തീരുമാനിക്കുകയും ആദ്യഘട്ടമായി കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിലായി പരിപാടി നടപ്പിലാക്കിവരികയും ചെയ്യുന്നു. പദ്ധതി

ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും സെക്രട്ടറിമാർക്കും അനുബന്ധ മിഷനുകളിലെ പ്രതിനിധികൾക്കും എൻ.ജി.ഒ. പ്രതിനിധികൾക്കുമായുള്ള പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. സംസ്ഥാനത്ത് അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ/ വ്യക്തികളെ കണ്ടെത്തി അതിദാരിദ്ര്യ അവസ്ഥയിൽനിന്നും അഞ്ച് കൊല്ലത്തിനുള്ളിൽ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ 14 ജില്ലകളിലുമായി ആകെയുള്ള 64006 അതിദാരിദ്ര്യ കുടുംബങ്ങളിലെ മുഴുവൻ കുടുംബാംഗങ്ങളെയും ആശാ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രാഥമിക സ്ക്രീനിംഗ് നടത്തുകയും അതിൽ 43151 പേർക്ക് വിവിധ തരത്തിലുള്ള രോഗങ്ങളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അർഹരായ 1788 പേർക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് UDID കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ഇവരിൽ 29840 പേർക്കും ആവശ്യമായ മരുന്നുകൾ സൗജന്യമായി ആശുപത്രികൾവഴിയും വാതിൽപ്പടി സേവനമായും നൽകിവരുന്നു. വിവിധ പരിശോധനകൾ ആവശ്യമായ 3360

പേർക്ക് സജന്യമായി പരിശോധനാ സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. ഇതുവരെ 1077 പേർക്ക് സൗജന്യ ആംബുലൻസ് സർവ്വീസ് ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 7141 പേർക്ക് പാലിയേറ്റീവ് കെയർ സർവ്വീസ് നൽകി വരുന്നുണ്ട്. അഞ്ച് വർഷങ്ങളിലായി (2021 -2026) 2,968.28 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സംസ്ഥാനമൊട്ടാകെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് മുഖേന ആരോഗ്യമേഖലയെ ശക്തിപ്പെടുത്താൻവേണ്ടി വിഭാവനം ചെയ്തിട്ടുള്ളത്. 15-ാം ധനകാര്യ കമ്മീഷനുകീഴിൽ അനുവദിച്ച ഫണ്ട് അതത് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കുകയും പ്രോജക്ട് മുഖാന്തരം സ്ഥാപനങ്ങളുടെ ബൗദ്ധിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ, ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കൽ, ലബോറട്ടറി സൗകര്യങ്ങളൊരുക്കൽ, 360 ഡിഗ്രി മെറ്റബോളിക് ക്ലിനിക്കുകൾ തുടങ്ങൽ, പോളി ഡെന്റൽ ക്ലിനിക്കുകൾ തുടങ്ങൽ, ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ, അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ എന്നീ സൗകര്യങ്ങളൊരുക്കി വരുന്നുണ്ട്. പാലിയേറ്റിവ് പരിചരണത്തിനായി

പി.എച്ച്.സി.-കളിലേയ്ക്ക് പാലിയേറ്റിവ് സ്റ്റാഫ് നഴ്സുമാരെ തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് അതത് ആശുപത്രികളിലേയ്ക്ക് പ്രോജക്ട് വയ്ക്കുന്നതുവഴി അനുവദിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ തുല്യപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സാന്ത്വന പരിചരണ പദ്ധതി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും തനത് ഫണ്ടിന്റെ നിശ്ചിത ശതമാനം തുക സാന്ത്വന പരിചരണത്തിനായി വകയിരുത്താറുണ്ട്. ആരോഗ്യമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര ഇടപെടലുകൾ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 2012-13 മുതൽ ആരോഗ്യ കേരളം പുരസ്കാരം നൽകാനാരംഭിച്ചത്. സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ പശ്ചാതലത്തിൽ 2017-ൽ മേൽപുരസ്കാരം ആർദ്രകേരളം പുരസ്കാരമായി പുനർനാമകരണം ചെയ്തു. 15-59 വയസുവരെയുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിളർച്ചയുണ്ടോയെന്ന് പരിശോധിച്ച് വേണ്ട ചികിത്സ നൽകുന്നതിനും പൊതുവിൽ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി വിവകേരളം പദ്ധതി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ജനകീയാരോഗ്യ

കേന്ദ്രങ്ങളും വഴി നടപ്പിലാക്കിവരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007-ലാണ് കേരളത്തിൽ ആശാ പദ്ധതി ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശാആരോഗ്യ പ്രവർത്തകൻ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രീഷൻ കമ്മിറ്റിയിൽ ഇവരുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശാആരോഗ്യ പ്രവർത്തകൻ എന്നരീതിയിൽ നിലവിലുള്ള ആശാപ്രവർത്തകരെ 2018-ൽ പുന:ക്രമീകരിച്ചു. ആശ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടന്നുവരുന്നത്. ആശാആരോഗ്യ പ്രവർത്തകരുടെ തെരഞ്ഞെടുപ്പിലും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലുമെല്ലാം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമാണ്. വയോജനാരോഗ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന വയോജന സൗഹൃദ പരിപാടികൾക്കും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൂർണ്ണ പിന്തുണ ലഭിക്കാറുണ്ട്.

ആരോഗ്യ സുരക്ഷാ പദ്ധതികളിലെ കുടിശ്ശിക

178 (2224) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആർ.ബി.എസ്.കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിലായി ഓരോ ആശുപത്രിക്കും എത്രമാസത്തെ തുക കുടിശ്ശികയുണ്ട്; ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ; മെഡിസെപ് പദ്ധതി പ്രകാരം എത്ര തുകയാണ് ആശുപത്രികൾക്ക് നൽകാനുള്ളതെന്നും ഓരോ ആശുപത്രിക്കും എത്രമാസത്തെ തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

പദ്ധതി	കുടിശ്ശിക തുക
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി	1128,69,16,163
ആർ.ബി.എസ്.കെ.	5,95,67,784
ആരോഗ്യ കിരണം	13,82,59,875
ഹൃദ്യം	1,23,00,468
ആവാസ്	7,31,470
അമ്മയും കുഞ്ഞും	7,11,46,012
സുകൃതം	7,72,64,123
മെഡിസെപ്	127925613.62

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കുടിശ്ശിക

179 (2225) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആശുപത്രികൾക്ക് കുടിശ്ശിക നൽകാത്തതുമൂലം സംസ്ഥാനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രതിസന്ധിയിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണത്താൽ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുതെന്ന നിർദ്ദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴിയുള്ള സേവനങ്ങൾക്ക് മുടക്കം വന്നിട്ടില്ല.

കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതി

180 (2226) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ടുപയോഗിച്ച് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണ്; പ്രസ്തുത പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ 109 കോടി രൂപയുടെ ബഹുനില കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിനുള്ള പദ്ധതികൾ

181 (2227) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ, ജില്ല-ജനറൽ-താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. രോഗികൾക്ക് ചികിത്സയും മരുന്നുകളും സൗജന്യമായാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നത്. ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുംവേണ്ടി SWAAS (Step Wise Approach for Airway diseases) എന്നപേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി

കണ്ടെത്തുന്നതിനുള്ള നോൺ-മൈഡ്രിയാടിക് (non-mydriatic) ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഡയബറ്റിസ്, രക്താതിമർദ്ദം എന്നിവ നിയന്ത്രണ നിരക്കിലെത്തിക്കുന്നതിനുള്ള ഐ.എച്ച്.സി.ഐ. എന്ന പരിപാടി 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. നവകേരള കർമ്മ പദ്ധതി II, ആർദ്രം മിഷൻ II-ന്റെ ഭാഗമായി ആശാ പ്രവർത്തകർ ഗൃഹസന്ദർശനത്തിലൂടെ 30 വയസിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലീരോഗ ഹേതുക്കളുടെ ഒരു പര്യവേഷണം ഇ-ഹെൽത്ത് തയ്യാറാക്കിയ "ശൈലി" എന്ന ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കിവരുന്നു. ജീവിതശൈലീ രോഗങ്ങൾ വരാതെ ജനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിന് ഓപ്പൺ ജിം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ 25 ആശുപത്രികളിലേയ്ക്ക് വികസിപ്പിച്ചിട്ടുണ്ട്. വീടുകളിൽവച്ചുതന്നെ ഡയാലിസിസ് ചെയ്യാൻ സാഹചര്യമൊരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിച്ചു. പക്ഷാഘാതം

നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. COPD അസുഖബാധിതരുടെ സ്ക്രീനിംഗും ചികിത്സയും (ശ്വാസ് പദ്ധതി), ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീനിംഗും ചികിത്സയും (നയനമിത്രം), ഡയബറ്റിക് ഫുട്ട് ചികിത്സ (പാദസ്പർശം), പക്ഷാഘാത ചികിത്സയും പുനരധിവാസവും (Stroke Identification Rehabilitation Awareness and Stabilisation - SIRAS), കാൻസർ മാനേജ്മെന്റ്, വൃക്കരോഗികൾക്കായുള്ള Continuous Ambulatory Peritoneal Dialysis (CAPD) ക്ലിനിക്കുകൾ, പാലിയേറ്റീവ് കെയർ പ്രോഗ്രാം, നവജാതശിശുക്കളുടെ ജന്മ വൈകല്യങ്ങൾ കണ്ടെത്താനുള്ള സമഗ്ര പരിശോധന എന്നിവ നല്ലരീതിയിൽ നടന്നുവരുന്നു. സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും അമിതവണ്ണം കൂടിവരുന്നതായി കണ്ടുവരുന്നതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പുകളും മരുന്നുവിതരണവും NCD ക്ലിനിക്കുകൾവഴി നടന്നുവരുന്നു. ഇതുകൂടാതെ കേരള ഗവൺമെന്റ് ഫാറ്റ് ടാക്സ് കൊണ്ടുവരുകയും ഫാസ്റ്റ് ഫുഡുകൾക്ക് കൂടുതൽ ടാക്സ് ഈടാക്കുകയും

ചെയ്തുവരുന്നു. ഇതുകൂടാതെ കേരള ന്യൂട്രീഷൻ മിഷന്റെ സമൃഷ്ട കേരളം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ വളർച്ചക്കുറവും അമിതവണ്ണവും നിയന്ത്രിക്കാൻ പദ്ധതി നടത്തിവരുന്നു. ജീവിതശൈലീ രോഗങ്ങളുടെ ആധിക്യംകാരണം 30 വയസ്സിനുമുകളിൽ ജീവിതശൈലീ രോഗമുള്ളവരുടെയും അമിതവണ്ണമുള്ളവരുടെയും രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി ആവിഷ്കരിച്ചു (നവ കേരള കർമ്മ പ്ലാൻ). ഈ രജിസ്റ്റർപ്രകാരം ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി, അതിനെ ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ പദ്ധതിയിടുന്നു. ശൈലി ആപ്പ് ഉപയോഗിച്ച് ജീവിതശൈലീ രോഗ രജിസ്ട്രി പദ്ധതിക്ക് 2022 മേയ് മാസത്തിൽ തുടക്കമിട്ടു. ആശ വർക്കർമാർ മുഖേന ഓരോ പഞ്ചായത്തിലും 30 വയസ്സിനുമുകളിൽ ജീവിതശൈലീ രോഗമുള്ള എല്ലാവരുടെയും വിവരം ശേഖരിക്കാനും ജീവിതശൈലീ രോഗങ്ങളുണ്ടാകാനുള്ള കാരണം കണ്ടുപിടിച്ച് അതിനെ തരണം ചെയ്യാനുള്ള പദ്ധതി തയ്യാറാക്കാനും ഉദ്ദേശിക്കുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.റ്റി.സി., ആർ.എച്ച്.റ്റി.സി. എന്നിവിടങ്ങളിൽ

ജീവിതശൈലീ രോഗ ക്ലിനിക് വഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപകേന്ദ്രങ്ങൾവഴി ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിതശൈലീ ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തിരഞ്ഞെടുക്കുന്ന ഗവൺമെന്റ്/പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗനിർണ്ണയം നടത്തുന്നു. കൂടാതെ ആശുപത്രിയിൽ വരുന്ന രോഗികളിൽ 30 വയസ്സിനുമുകളിലുള്ളവർക്ക് സൗജന്യമായി പ്രമേഹം കണ്ടുപിടിക്കാനുള്ള രക്തപരിശോധനയും ദേഹപരിശോധനയും നടത്തുന്നു. ഇതിൽ പ്രമേഹം കണ്ടെത്തുന്നവരെ ജീവിതശൈലീരോഗ ക്ലിനിക് വഴി ചികിത്സിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു.

കാരുണ്യ ബെനവലന്റ് പദ്ധതി കുടിശ്ശിക

182 (2228) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ഭാഗമായി വിവിധ ആശുപത്രികൾക്കുള്ള കുടിശ്ശിക നൽകാത്തതുകാരണം പാവപ്പെട്ട ജനങ്ങൾക്ക് പദ്ധതി സഹായം ലഭ്യമാകുന്നില്ലെന്ന ആരോപണം ഗൗരവമായി കാണുന്നുണ്ടോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ഭാഗമായി വിവിധ ആശുപത്രികൾക്കായി 189 കോടിയിലേറെ രൂപയുടെ കുടിശ്ശികയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണത്താൽ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുതെന്ന നിർദ്ദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

(സി) എങ്കിൽ ഈ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക തുക ആശുപത്രികൾക്ക് ഘട്ടംഘട്ടമായി നൽകിവരുന്നുണ്ട്.

സൗജന്യ ചികിത്സ

183 (2229) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ ചികിത്സ നൽകുന്നതിൽ ആരോഗ്യവകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നിവയും കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ രൂപംനൽകിയ പ്രധാൻ മന്ത്രി - ജൻ ആരോഗ്യ യോജന പദ്ധതിയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ രൂപംനൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 2020 ജൂലൈ മാസം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയിൽ 4199,233 കുടുംബങ്ങൾ അംഗങ്ങളാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ

സൗജന്യ ചികിത്സ ഓരോവർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽനിന്ന് ലഭിക്കുന്നതാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളം അർഹത നേടിയത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമെന്ന വിഭാഗത്തിൽ തുടർച്ചയായ മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്. കാഴ്ചപരിമിതരായിട്ടുള്ള പദ്ധതി ഗുണഭോക്താക്കൾക്കായി ചികിത്സാ കാർഡ് ബ്രെയ്‌ലി ലിപിയിൽ ലഭ്യമാക്കിയതിന് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്ന വിഭാഗത്തിലെ പുരസ്കാരം, അനുവദിച്ച തുകയുടെ പൂർണ്ണ വിനിയോഗം നടത്തിയ സംസ്ഥാനം, ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ഏതെങ്കിലും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ വിഭാഗങ്ങളിലും 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്. കാസ്പ് പദ്ധതിയിലുൾപ്പെടാത്ത മൂന്നുലക്ഷം

രൂപയിൽ കുറവ് വാർഷികവരുമാന പരിധിയുള്ള കുടുംബങ്ങൾക്കായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖാന്തരവും ഈ ആശുപത്രികൾവഴി സൗജന്യ ചികിത്സ സേവനങ്ങൾ ഉറപ്പാക്കുന്നു. ഇതോടൊപ്പം 18 വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന ആരോഗ്യകിരണം, കേൾവി പരിമിതിയുള്ള 5 വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയാർ ഇംപ്ലാന്റേഷൻ ഉറപ്പാക്കുന്ന ശ്രുതിതരംഗം തുടങ്ങിയ വിവിധ ആരോഗ്യ-ക്ഷേമ പദ്ധതികൾ ആരോഗ്യ വകുപ്പിന്റെ കിഴിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസ്പ് വഴി നൽകിയ സൗജന്യ ചികിത്സയുടെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസ്പ് വഴി 1678,194 ഗുണഭോക്താക്കൾക്ക് 4,222.55 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

ഇ-ഹെൽത്ത് സംവിധാനം

184 (2230) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് സമ്പൂർണ്ണമായും ഇ-ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കാനാകുമോ; എങ്കിൽ ആയത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിൽപ്പെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി ഇപ്പോൾ സംസ്ഥാനത്തൊട്ടാകെയുള്ള 604 ആശുപത്രികളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതിൽ 221 ആശുപത്രികൾ കടലാസ് രഹിതമായി പ്രവർത്തിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെയുള്ളവ ഓരോ

ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അനുസരിച്ചാണ് സ്ഥാപിക്കേണ്ടിവരുന്നത്. ആകയാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാലും വിവിധ വികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഇ-ഹെൽത്ത് സംവിധാനം ഏതൊക്കെ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ, മാറനല്ലൂർ, ആമച്ചൽ, പള്ളിച്ചൽ, കാട്ടാക്കട എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക

185 (2231) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ ക്യാഷ് ഗ്രാന്റ്, ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് (റീ-ഇംബേഴ്സ്മെന്റ്), കൈന്റ് ഗ്രാന്റ്

(മരുന്നുകളും മറ്റനുബന്ധ സാധനങ്ങളും) എന്നിവയ്ക്കായി കേന്ദ്ര സർക്കാർ ആകെ 1,976.94 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് ആകെ 2,853.05 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 2023-24 വർഷത്തെ ക്യാഷ് ഗ്രാന്റ് ഇനത്തിൽ കേന്ദ്ര വിഹിതമായി ഒന്നുംതന്നെ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വിഹിതം ഈ സാമ്പത്തിക വർഷത്തിൽ കൃത്യമായി അനുവദിച്ചിട്ടുമുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 221.71 കോടി രൂപ 2021-22-ൽ അനുവദിക്കുകയും മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയുൾപ്പെടെ ചേർത്ത് ആകെ 641.05 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. PM ABHIM-ന്റെ കീഴിൽ 27.74 കോടി രൂപ അനുവദിക്കുകയും 5.02 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. കേരളത്തിലെ 7 ജില്ലകളിൽ 'ഇ ഹെൽത്ത് കേരള പദ്ധതി' നടപ്പിലാക്കുന്നതിന്റെ രണ്ടാം ഗഡുവായി 2,257.75 ലക്ഷം രൂപ 2021-22 സാമ്പത്തികവർഷം അനുവദിക്കുകയും 2023 നവംബറിൽ തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷ വകുപ്പുമായി ബന്ധപ്പെട്ട് വർക്ക് പ്ലാനിലുൾപ്പെടുന്ന

പ്രവർത്തനങ്ങൾക്ക്/പ്രോഗ്രാമുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതമായി FSSAI-യിൽനിന്നും ആകെ 3,146.31 ലക്ഷം രൂപ അനുവദിക്കുകയും ആകെ 1,668.34 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 'സ്റ്റേറ്റ് ഡ്രഗ് റെഗുലേറ്ററി സിസ്റ്റത്തിന്റെ ശാക്തീകരണം' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 19 കോടി രൂപ അനുവദിക്കുകയും (60:40) അതിൽ 5.56 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി 60:40 എന്ന അനുപാതത്തിൽ 1,445.30 ലക്ഷം രൂപ അനുവദിക്കുകയും 221.48 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ NPHCE എന്ന പദ്ധതിയിൻകീഴിൽ 62.89 ലക്ഷം രൂപ അനുവദിക്കുകയും 37.36 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ VRDL സ്ഥാപിക്കുന്നതിനായി 413.35 ലക്ഷം രൂപ അനുവദിക്കുകയും 480.37 ലക്ഷം രൂപ (മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയുൾപ്പെടെ) ചെലവഴിക്കുകയും ചെയ്തു. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ സംവിധാനം

ഏർപ്പെടുത്തുന്നതിനായി 166.32 ലക്ഷം രൂപ അനുവദിക്കുകയും മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുക സഹിതം 76.25 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ MDRU സ്ഥാപിക്കുന്നതിന്റെ ഭാഗമായി 366.59 ലക്ഷം രൂപ അനുവദിക്കുകയും 259.27 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നാഷണൽ പോളിസി ഫോർ റെയർ ഡിസീസ്-ന്റെ ഭാഗമായി 600 ലക്ഷം രൂപ അനുവദിക്കുകയും 53 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. National one health Programme for prevention and Control Zoonosis-ന്റെ ഭാഗമായി 17.38 ലക്ഷം രൂപ അനുവദിക്കുകയും 2.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. Establishment of network of Laboratories for Managing Epidemics and National Calamities-ന്റെ ഭാഗമായി 35.15 ലക്ഷം രൂപ അനുവദിക്കുകയും 30.79 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. NPPMBI-യുടെ ഭാഗമായി 124.70 ലക്ഷം രൂപ അനുവദിക്കുകയും 71.52 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് Establishment of Thematic Herbal

Garden സ്ഥാപിക്കുന്നതിനായി ആകെ 67.2 ലക്ഷം രൂപ അനുവദിക്കുകയും 91,600/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പെരിട്ടോണിയൽ ഡയാലിസിസ്

186 (2232) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ പോകാൻ കഴിയാത്ത രോഗികൾക്ക് വീട്ടിൽ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി എത്ര ജില്ലകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കിവരുന്നുണ്ട്. 626 പേർക്ക് ഈ പദ്ധതിയുടെ സേവനം നിലവിൽ ലഭ്യമാക്കുന്നുണ്ട്. ഓരോ ജില്ലയിലേയും ഒരു പ്രധാന ആശുപത്രി കേന്ദ്രീകരിച്ചാണ് പെരിട്ടോണിയൽ ഡയാലിസിസിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ജീവനക്കാർക്ക് പെരിട്ടോണിയൽ ഡയാലിസിസിൽ വിദഗ്ധ പരിശീലനം നൽകുകയും ആശുപത്രികളിൽ ഇതുസംബന്ധമായ

ബോധവത്ക്കരണ ക്ലാസുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. പെരിട്ടോണിയൽ ഡയാലിസിസിനാവശ്യമായ ഡയാലിസിംഗ് ഫ്ലൂയിഡും മറ്റനുബന്ധ ഉപകരണങ്ങളും രോഗികളുടെ എണ്ണത്തിനാനുപാതികമായി ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

82 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) ഇതിന് സർക്കാർ എത്ര ഫണ്ടാണ് ഇതുവരെ വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2022-23 – 4.5 കോടി രൂപ

2023-24 – 7 കോടി രൂപ

2023-24 വർഷത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 4.9 കോടി രൂപകൂടി ഈ പദ്ധതിയുടെ വിനിയോഗത്തിന് ഉത്തരവായിട്ടുണ്ട്. ഇതിൽ പാലക്കാട് ജില്ലക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഇ-ഹെൽത്ത് സംവിധാനം

187 (2233) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഹെൽത്ത് സംവിധാനം വിശദമാക്കാമോ; പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാ വിഷയങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കാമോ?

(എ&ബി) ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങൾ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്ട് മുഖേന നടപ്പാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസപ്രദേശം അടിസ്ഥാനസൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യരേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിനുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടിവന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ

കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യസൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാവുന്നതും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാനരേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ, ലാബ് പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട്

ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേയ്ക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായിത്തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇ-ഹെൽത്ത് സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല.

(സി) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഏതെല്ലാം സേവനങ്ങളാണ് ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ക്യൂ മാനേജ്മെന്റ്, ഒ.പി. കൺസൾട്ടേഷൻ, ഫാർമസി, ലബോറട്ടറി പരിശോധനകൾ, ഓൺലൈൻ മുഖാന്തരം മുൻകൂറായി ടോക്കൺ

എടുക്കുന്നതിനുള്ള സംവിധാനം എന്നിവ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്. ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗനിർണ്ണയ സ്ക്രീനിംഗിന്റെ ഭാഗമായി ശൈലി ആപ്ലിക്കേഷൻവഴി ആദ്യഘട്ടത്തിൽ 30 വയസിനുമുകളിൽ പ്രായമുള്ള 1.53 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗസാധ്യതയുള്ള 13.6 ലക്ഷത്തോളം പേരുടെ തുടർപരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തു. 30 വയസിനുമുകളിൽ ലക്ഷ്യം വച്ചവരിൽ ബഹുഭൂരിപക്ഷം വ്യക്തികളുടെയും സ്ക്രീനിംഗ് നടത്തിയ സാഹചര്യത്തിൽ രണ്ടാം ഘട്ടത്തിലേയ്ക്ക് പോകാനായി ശൈലി 2 ആപ്പ് വികസിപ്പിക്കാനും പദ്ധതിയുണ്ട്. ഇ ഹെൽത്ത് രൂപകൽപ്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാപ്രവർത്തകർ നേരിട്ട് വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ

ജീവിതശൈലീ രോഗങ്ങളുള്ളവരുടെയും സാധ്യതയുള്ളവരുടെയും കൃത്യമായ വിവരങ്ങൾ ഇതുവഴി ശേഖരിക്കാൻ ആരോഗ്യ വകുപ്പിനായിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ നേരത്തെതന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതുവഴി രോഗം സങ്കീർണ്ണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്ന് വിതരണം ചെയ്യുന്നതിന്റെയും സ്റ്റോക്കിന്റെയും വിശദാംശങ്ങൾ കൂടുതൽ കാര്യക്ഷമമായ മോണിറ്ററിംഗിനായി ഡി.ഡി.എം.എസ്. പോർട്ടൽ വഴിയാണ് നടത്തിവരുന്നത്. ആരോഗ്യവകുപ്പിനുകീഴിൽ 82 സ്ഥാപനങ്ങളിൽ ഓൺലൈൻ മെഡിക്കൽ ബോർഡുകൾ നടന്നുവരുന്നു. ഡയാലിസിസ് പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് P.M.N.D.P പോർട്ടൽ ഉപയോഗിച്ചുവരുന്നു. ആന്റിമൈക്രോബിയൽ സർവെയലൻസിനുവേണ്ടി KARSNET എന്ന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിലെ ഏതുവിഭാഗത്തിൽപ്പെട്ട ആശുപത്രികളിലും ചികിത്സിക്കപ്പെടുന്ന രോഗികളുടെ വിവരങ്ങൾ പരസ്പരം രോഗിയുടെ സമ്മതത്തോടെ കൈമാറ്റം ചെയ്ത് ഉപയോഗിക്കുന്നതിന്

സഹായിക്കുന്ന ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ ഡിജിറ്റൽ പ്ലാറ്റ്ഫോം സംവിധാനം നിലവിലുണ്ട്. മലേറിയ നിർമ്മാർജ്ജനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി IHIP-VBD പോർട്ടൽ സംവിധാനം സംസ്ഥാനത്ത് 2023 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. NVHCP പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക പോർട്ടൽ മുഖേന നിരീക്ഷിക്കുന്നു. ചികിത്സാ കേന്ദ്രങ്ങൾ, രക്ത ബാങ്കുകൾ, സെന്ററുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങൾ ഈ പോർട്ടൽ മുഖേന വിവരങ്ങൾ ശേഖരിക്കുകയും വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ചെയ്യുന്നു. ഇതിനു പുറമേ, ജന്മനാ ഹൃദയസംബന്ധമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവരെ ഹൃദ്യം ഓൺലൈൻ പോർട്ടൽവഴി രജിസ്റ്റർ ചെയ്ത് രോഗതീവ്രതയ്ക്കനുസരിച്ച് കാർഡിയോളജിസ്റ്റുമാർ നിശ്ചയിക്കുന്ന സർജറി ഉൾപ്പെടെയുള്ള ചികിത്സകൾ സൗജന്യമായി നൽകിവരുന്നു.

(ഡി) ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ സമഗ്രമായ ആരോഗ്യരേഖകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഇ-ഹെൽത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം സംസ്ഥാന ഡാറ്റാ സെന്ററിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സംവിധാനം സംസ്ഥാനത്തിന്റെ പ്രൈവറ്റ് നെറ്റ്വർക്കായ KSWAN വഴിയും സെക്കൻഡറി MPLS കണക്റ്റിവിറ്റി വഴിയും മാത്രമേ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ളൂ. കൂടാതെ ഈ സംവിധാനം സെക്യൂരിറ്റി ഓഡിറ്റ് ചെയ്തിട്ടുമുണ്ട്.

(ഇ) ഇ-സഞ്ജീവനി ടെലിമെഡിസിൻ മുഖേന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഗ്രാമീണമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാമോ?

ഇ-സഞ്ജീവനി ടെലിമെഡിസിൻ മുഖേന സൂപ്പർ സെഷ്യാലിറ്റി സേവനങ്ങൾ ഗ്രാമീണ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾവഴി ലഭ്യമാകുന്നുണ്ട്. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം ഒരു ഹബ് ആൻഡ് സ്പോക് മോഡലിലാണ് പ്രവർത്തിക്കുന്നത്.

ഹബ് എന്നത് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രി, ജില്ലാശുപത്രി, താലൂക്കാശുപത്രി എന്നിവിടങ്ങളിലെ എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുമടങ്ങിയ ഒരു പൂളാണ്. സ്പോക് എന്നത് താലൂക്കാശുപത്രി, സാമൂഹിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ്. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനം രണ്ട് ലെവൽ കൺസൾട്ടേഷനാണ് രോഗിക്ക് നൽകുന്നത്. ആദ്യഘട്ടം സ്പോക് ആശുപത്രിയിലെ ഡോക്ടർ ചെയ്യുന്ന പ്രാഥമിക പരിശോധനയാണ്. അതിനുശേഷം രോഗിയെ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെയടുത്ത് റെഫർ ചെയ്യേണ്ട സാഹചര്യമുണ്ടെങ്കിൽ സ്പോക് ആശുപത്രിയിലെ ഡോക്ടർക്ക് ഹബ്ബിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനത്തിലൂടെ കണക്ട് ചെയ്യാൻ കഴിയും. ഇതുവഴി രോഗിക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ലഭിക്കുന്നതാണ്. ഇതിലൂടെ ലഭിക്കുന്ന കുറിപ്പടി ഉപയോഗിച്ച് സർക്കാർ ആശുപത്രിവഴി മരുന്നുകൾ വാങ്ങാനും പരിശോധനകൾ നടത്താനും സാധിക്കുന്നു. തുടക്കത്തിൽ ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള

എല്ലാ ആശുപത്രികളിലും ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ സേവനം നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രി, ജില്ലാശുപത്രി, താലൂക്കാശുപത്രികൾ എന്നിവിടങ്ങളെ ഹബ്ബുകളായി രജിസ്റ്റർ ചെയ്യുകയും ഇ-സഞ്ജീവനി സേവനങ്ങൾ നൽകിവരുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലെയും FHC/CHC/PHC/UPHC/FWC-കളെയും സ്പോക്കുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്പോക്ക് ആശുപത്രികളിലെ ഡോക്ടർമാരെ സഹായിക്കാനായി അതേ സ്ഥാപനങ്ങളിലെ സ്റ്റാഫ് നഴ്സുമാർ, MLSP-മാർ (Mid Level Service Providers) എന്നിവർക്കാവശ്യമായ പരിശീലനം ആരോഗ്യ വകുപ്പുവഴി നൽകിവരുന്നു. ഗൃഹസന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശാവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർക്കും ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ അല്ലെങ്കിൽ ഇ-സഞ്ജീവനി ഒ.പി. വഴി ഡോക്ടർമാരുടെ സേവനം രോഗികളിലെത്തിക്കുന്നു. സാങ്കേതിക മികവുകൊണ്ടും അതോടൊപ്പം പ്രവർത്തനക്ഷമതകൊണ്ടും ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനം പ്രദാനം ചെയ്യുന്നതിൽ മുൻനിരയിലെത്തിനിൽക്കുന്നു.

കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ലഭ്യമായ ആശുപത്രികൾ

188 (2234) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സേവനം സംസ്ഥാനത്തെ എത്ര ആശുപത്രികളിൽ നിലവിൽ ലഭ്യമാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	58
കൊല്ലം	37
പത്തനംതിട്ട	19
ആലപ്പുഴ	23
കോട്ടയം	31
ഇടുക്കി	12
എറണാകുളം	48
തൃശ്ശൂർ	39
പാലക്കാട്	34

മലപ്പുറം	92
കോഴിക്കോട്	81
വയനാട്	24
കണ്ണൂർ	37
കാസർഗോഡ്	30

(ബി) നിലവിൽ കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കിയ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

14 ജില്ലകളിലുമായി 6 മാസക്കാലയളവിൽ ഒരു സേവനവും നൽകാത്തതിനാൽ ഡീ-ലിസ്റ്റ് ചെയ്യപ്പെട്ട 135 ആശുപത്രികളും കോവിഡ് മഹാമാരിക്ക് മാത്രമായി എംപാനൽ ചെയ്യപ്പെട്ട 34 ആശുപത്രികളും സ്റ്റേറ്റ് എംപാനൽമെന്റ് കമ്മിറ്റി (SEC) നിർദ്ദേശിച്ച നടപടിക്രമം അനുസരിച്ച് ഡീ-എംപാനൽ ചെയ്യപ്പെട്ട ഒരു ആശുപത്രിയുമുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

189 (2235) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽനിന്നും പിന്മാറിയ ആശുപത്രികൾ എത്രയെണ്ണമുണ്ട്; ജില്ലതിരിച്ചുള്ള പേരുവിവരം ലഭ്യമാക്കുമോ?

14 ജില്ലകളിലുമായി 6 മാസകാലയളവിൽ ഒരു സേവനവും നൽകാത്തതിനാൽ ഡീ-ലിസ്റ്റ് ചെയ്യപ്പെട്ട 135 ആശുപത്രികളും കോവിഡ് മഹാമാരിക്ക് മാത്രമായി എംപാനൽ ചെയ്യപ്പെട്ട 34 ആശുപത്രികളും സ്റ്റേറ്റ് എംപാനൽമെന്റ് കമ്മിറ്റി (SEC) നിർദ്ദേശിച്ച നടപടിക്രമം അനുസരിച്ച് ഡീ-എംപാനൽ ചെയ്യപ്പെട്ട ഒരു ആശുപത്രിയുമുണ്ട്.

(ബി) യഥാസമയം പദ്ധതിക്കാവശ്യമായ തുക അനുവദിക്കാത്തതുകാരണം ഏകദേശം എത്ര ഗുണഭോക്താക്കൾക്ക് ചികിത്സാസഹായം ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടെന്നത് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ചികിത്സാസഹായം ഉറപ്പാക്കണമെന്ന നിർദ്ദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

ശ്രുതിതരംഗം പദ്ധതി

190 (2236)ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയെ സംബന്ധിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം ശ്രവണവൈകല്യം നേരിടുന്ന അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനും അനുബന്ധ

സേവനങ്ങളും സൗജന്യമായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രുതിതരംഗം പദ്ധതി മുഖാന്തരം ലഭിച്ച എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പുതിയ സർജറിക്കായി ലഭിച്ച 81 അപേക്ഷകൾ, അറ്റകുറ്റപ്പണികൾക്കായി ലഭിച്ച 455 അപേക്ഷകൾ, അപ്ഗ്രഡേഷന് ലഭിച്ച 117 അപേക്ഷകൾ എന്നിവയ്ക്ക് സംസ്ഥാനതലത്തിൽ അനുമതി നൽകുകയും ഇതിൽ യഥാക്രമം 37 പേർക്ക് സർജറികൾ, 245 പേർക്ക് മെയിന്റനൻസ് & അക്സസറിസ് നൽകൽ, 8 പേർക്ക് പ്രോസ്സസർ അപ്ഗ്രഡേഷൻ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയുടെ തുടർപ്രവർത്തനങ്ങൾ എംപാനൽ ചെയ്ത ആശുപത്രികൾ മുഖേന ത്വരിതഗതിയിൽ നടന്നുവരുന്നു. കുട്ടികൾക്കുള്ള സേവനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നുണ്ട്.

(സി) ആരോഗ്യ വകുപ്പിലെ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതാരാണ്; അർഹരായ

കുട്ടികളെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തികവർഷം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത് ആരോഗ്യ വകുപ്പിനുകീഴിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ്. കേരള സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടത്തിപ്പിനായുള്ള ഫണ്ട് ലഭ്യമാക്കുന്നത്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ ഭാഗമായി പദ്ധതിയിൽ അർഹരായ കുട്ടികളുടെ നിലവിലുള്ള ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാവശ്യമായ ഐ.ഇ.സി. പ്രവർത്തനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ചെയ്തുവരുന്നുണ്ട്.

(ഡി) ശ്രുതിതരംഗം പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രുതിതരംഗം പദ്ധതിയുടെ സേവനം സർക്കാർ/സ്വകാര്യ മേഖലയിലുള്ള കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോട്ടായി പി.എച്ച്.സി. നവീകരണം

191 (2237) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബഡ്ജറ്റിലുൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ കോട്ടായി പി.എച്ച്.സി. നവീകരണപ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ&ബി) 2023-24 വർഷത്തെ ബഡ്ജറ്റിൽ volume 2, Annexure II, Page No 21, Sl. No. 299-ൽ അടങ്കൽ തുകയായി 100 ലക്ഷം രൂപയും തൻവർഷത്തെ ബഡ്ജറ്റ് പ്രൊവിഷനായി 20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന

പ്ലാനും അനുബന്ധങ്ങളും ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

വടക്കാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രം അഡീഷണൽ ബ്ലോക്ക് നിർമ്മാണം

192 (2238) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട തൃശ്ശൂർ എം.എൽ.എ.-യുടെ ഫണ്ടുപയോഗിച്ച് എൽ.എസ്.ജി.ഡി.-യുടെ നിർവ്വഹണച്ചുമതലയിൽ കരാറുകാരായ WAPCOS Ltd. കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടമായി രണ്ട് കോടി രൂപയുടെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറാക്കിയിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ആദ്യഘട്ടം പണി പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറാക്കിയിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

193 (2239) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദ ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

(എ &ബി) നാഷണൽ ആയുഷ് മിഷൻ

ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി കിഴക്കാഞ്ചേരിയെ ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനം NABH നിലവാരത്തിലേയ്ക്ക്

ഉയർത്തുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. അതിന്റെ ഭാഗമായി ടി സ്ഥാപനത്തിൽ ഒരു യോഗ ഇൻസ്ട്രക്ടറെയും മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപ പ്രസ്തുത പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ചെലവിനത്തിൽ ലഭ്യമാക്കുന്നതാണ്.

ഭാരതീയ ചികിത്സാ വകുപ്പ്

ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ചുവടെ പ്രതിപാദിക്കുന്ന സ്ഥലങ്ങളിൽ ഏഴ് സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു.

ആലത്തൂർ
എരിമയൂർ
കൊരഞ്ചിറ
കുഴൽമന്ദം
മേലാർക്കോട്
വിളയൻചാത്തന്നൂർ
വണ്ടാഴി

ഇവയുടെ വികസനത്തിനായി സ്വീകരിച്ച വിവിധ പദ്ധതികളുടെ വിവരവും ആയതിന് ചെലവഴിച്ച തുകകളുടെ വിവരവും ടി പ്രവൃത്തികളുടെ പുരോഗതി വിവരവും വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

ഹോമിയോപ്പതി വകുപ്പ്

ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഹോമിയോ ഡിസ്പെൻസറികളിൽ പുതിയ കെട്ടിട നിർമ്മാണവും മാതൃകാ ഡിസ്പെൻസറികളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.

പുതിയ കെട്ടിട നിർമ്മാണം - 30 ലക്ഷം (എം.എൽ.എ. ഫണ്ട്)

കിഴക്കഞ്ചേരി മാതൃകാ ഡിസ്പെൻസറി - 1,08,500/-

ആലത്തൂർ കെട്ടിട നിർമ്മാണം - 10 ലക്ഷം.

(സി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി തേങ്കുറിശ്ശി പി.എച്ച്.സി.-യെ 15.5 ലക്ഷം രൂപ ചെലവഴിച്ച് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. കൂടാതെ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുന്നപ്പാടം, എരിമയൂർ, വടക്കേത്തറ, വണ്ടാഴി എന്നിവിടങ്ങളിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളാക്കി ഉയർത്തി. 143 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മേലാർക്കോട് പി.എച്ച്.സി.-യിൽ പുരോഗമിച്ചുവരുന്നു.

കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണം

194 (2240) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ കിഫ്ബി വഴിയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) അടിയന്തരമായി പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ആശുപത്രി ജീവനക്കാരുടെയും രോഗികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ?

(എ&ബി) കുറവിലങ്ങാട് താലൂക്കാശുപത്രിയിൽ കിഫ്ബി വഴിയുള്ള കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയതിനെത്തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി

സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡെന്റിസ്റ്റുകൾക്ക് ആനുപാതികമായി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ നടപടി

195 (2241) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഡെന്റിസ്റ്റുകളാണ് നിലവിൽ ജോലി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ; താലൂക്കാശുപത്രി, ജില്ലാശുപത്രി, സി.എച്ച്.സി. എന്നിങ്ങനെ തരംതിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിൽ നിലവിൽ 185 ഡെന്റിസ്റ്റുകൾ ജോലി ചെയ്തുവരുന്നു. കൂടാതെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (ഡന്റൽ) തസ്തികയും നിലവിലുണ്ട്. താലൂക്കാശുപത്രി, ജില്ലാശുപത്രി, സി.എച്ച്.സി. എന്നിങ്ങനെ തരംതിരിച്ച് വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ആശുപത്രികളിൽ ഡെന്റൽ ഹൈജീനിസ്റ്റുകൾ എത്രയുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ആശുപത്രികളിൽ 15 ഡെന്റൽ ഹൈജീനിസ്റ്റുകൾ ജോലി ചെയ്തുവരുന്നു.

(സി) ആശുപത്രികളിൽ ഡന്റിസ്റ്റുകൾക്ക് ആനുപാതികമായി ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡെന്റിസ്റ്റുകൾക്ക് ആനുപാതികമായി ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പോസ്റ്റ് ക്രിയേഷൻ നടത്തുന്നത് നിലവിൽ പരിഗണനയിലില്ല.

പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ

196 (2242) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലുംകൂടി ആകെ എത്ര വാഹനങ്ങളാണ് നിലവിലുള്ളത്; സ്ഥാപനം, വാഹനങ്ങളുടെ ഇനം എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പിനുകീഴിൽ 832 വാഹനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 154 വാഹനങ്ങളുമാണുള്ളത്. ആരോഗ്യ

വകുപ്പിനുകീഴിലുള്ള വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ജില്ല	വാഹനങ്ങളുടെ എണ്ണം	റിമാർക്സ്
1	തിരുവനന്തപുരം	131	കേന്ദ്ര വാഹന പൊളിക്കൽ നയത്തിന്റെ ഭാഗമായി 15 വർഷം കഴിഞ്ഞവ ഒഴിവാക്കിയിട്ടുള്ളതാണ്
2	കൊല്ലം	64	”
3	പത്തനംതിട്ട	66	”
4	ആലപ്പുഴ	46	”
5	കോട്ടയം	36	”
6	ഇടുക്കി	43	”
7	എറണാകുളം	73	”
8	തൃശ്ശൂർ	51	”
9	പാലക്കാട്	53	”
10	മലപ്പുറം	37	”
11	കോഴിക്കോട്	78	”
12	വയനാട്	60	”
13	കണ്ണൂർ	60	”
14	കാസർകോട്	34	”
ആകെ		**832**	

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 154 വാഹനങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	വാഹനങ്ങളുടെ ഇനം	പ്രവർത്തന ക്ഷമമായിട്ടുള്ളവ
1	കോന്നി മെഡിക്കൽ കോളേജ്	ബസ് - 1	1
2	കൊല്ലം മെഡിക്കൽ കോളേജ്	ആംബുലൻസ്- 2 ബസ് -2 ജീപ്പ -1	4
3	ദന്തൽ കോളേജ് കോഴിക്കോട്	Mobile Dental clinic van -1 Mini Bus - 1	2
4	ആലപ്പുഴ മെഡിക്കൽ കോളേജ്	ബസ് -2 കാർ-4 ആംബുലൻസ് -5 ട്രാവലർ -2	13
5	21	സർക്കാർ ദന്തൽ കോളേജ് തൃശ്ശൂർ	ദന്തൽ വാൻ-1
6	22	തൃശ്ശൂർ മെഡിക്കൽ കോളേജ്	ആംബുലൻസ് -6 ഇലക്ട്രിക്ക് ആട്ടോ-1 ബസ്-3 മിനി ബസ്-2 കാർ-1
7	23	തിരുവനന്തപുരം മെഡിക്കൽ	ബസ്-8 വാൻ-2

		കോളേജ്	കാർ-5 ആംബുലൻസ്-7 ട്രാവലർ-1 മിനി ബസ് -3 സ്കൂട്ടർ-1
8	24	മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം	കാർ-4 സ്കൂട്ടർ-1
9	നഴ്സിംഗ് കോളേജ് കോഴിക്കോട്	ബസ്-2 വാൻ-1	3
10	ഗവൺമെന്റ് നഴ്സിംഗ് കോളേജ് എറണാകുളം	ബസ്-2 കാർ-1	3
11	ഇടുക്കി മെഡിക്കൽ കോളേജ്	കാർ-1 ബസ്-2 മിനി ബസ്-1 ആംബുലൻസ്-1	5
12	ഗവൺമെന്റ് നഴ്സിംഗ് കോളേജ് കോട്ടയം	ബസ്-2 കാർ-1	2
13	മഞ്ചേരി മെഡിക്കൽ കോളേജ്	ബസ്-1 ഒമിനി വാൻ-1 ജീപ്പ് - 1	3
14	കോട്ടയം ദന്തൽ കോളേജ്	കാർ-1 മൊബൈൽ ദന്തൽ വാൻ-1 ബസ്-1	3
15	എറണാകുളം മെഡിക്കൽ കോളേജ്	ബസ്-4 കാർ-3 വാൻ-1	9

		സ്കട്ടർ-1 ആംബുലൻസ്-4	
16	കോഴിക്കോട് മെഡിക്കൽ കോളേജ്	കാർ-3 ബസ്-1 ആംബുലൻസ്-6 മിനി ബസ്-1	11
17	ദന്തൽ കോളേജ് തിരുവനന്തപുരം	കാർ-2 മിനി ബസ്-1 ദന്തൽ വാൻ-1	3
18	ദന്തൽ കോളേജ് തിരുവനന്തപുരം	കാർ-2 മിനി ബസ്-1 ദന്തൽ വാൻ-1	3
19	സർക്കാർ നഴ്സിംഗ് കോളേജ് തൃശ്ശൂർ	ബസ്-1 വാൻ-1	2
20	സർക്കാർ നഴ്സിംഗ് കോളേജ് ആലപ്പുഴ	മിനി ബസ്-1 ബസ്-1 കാർ-1	3
21	സർക്കാർ ദന്തൽ കോളേജ് തൃശ്ശൂർ	ദന്തൽ വാൻ-1	1
22	തൃശ്ശൂർ മെഡിക്കൽ കോളേജ്	ആംബുലൻസ് -6 ഇലക്ട്രിക്ക് ആട്ടോ-1 ബസ്-3 മിനി ബസ്-2 കാർ-1	13
23	തിരുവനന്തപുരം മെഡിക്കൽ കോളേജ്	ബസ്-8 വാൻ-2 കാർ-5	17

		ആംബുലൻസ്-7 ട്രാവലർ-1 മിനി ബസ് -3 സ്കൂട്ടർ-1	
24	മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം	കാർ-4 സ്കൂട്ടർ-1	5

(ബി) ഇതിൽ എത്ര വാഹനങ്ങളാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്; പ്രവർത്തനക്ഷമമല്ലാത്തവയിൽ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവ എത്രയാണ്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പിലെ ആകെയുള്ള 832 വാഹനങ്ങളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത് 800 എണ്ണമാണ്. പ്രവർത്തനക്ഷമമല്ലാത്ത 32 വാഹനങ്ങളിൽ 29 എണ്ണം അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവയാണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	**ജില്ല**	**പ്രവർത്തനക്ഷമമായിട്ടുള്ള വാഹനങ്ങൾ**	**അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കുവാൻ കഴിയുന്ന വാഹനങ്ങൾ**
1	തിരുവനന്തപുരം	131	-

2	കൊല്ലം	64	-
3	പത്തനംതിട്ട	60	3
4	ആലപ്പുഴ	43	3
5	കോട്ടയം	36	-
6	ഇടുക്കി	43	-
7	എറണാകുളം	73	-
8	തൃശ്ശൂർ	51	-
9	പാലക്കാട്	50	3
10	മലപ്പുറം	37	-
11	കോഴിക്കോട്	64	14
12	വയനാട്	57	3
13	കണ്ണൂർ	57	3
14	കാസർഗോഡ്	34	-
ആകെ		**800**	**29**

മെഡിക്കൽ വിദ്യാഭാസ വകുപ്പിൽ പ്രവർത്തനക്ഷമമായിട്ടുള്ളത് 129 വാഹനങ്ങളാണ്. അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവ 3 എണ്ണം.

(സി) ഈ വാഹനങ്ങൾ വകുപ്പിലെ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ എന്നിവരുടെ പേരിലാണ് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്ന വാഹനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ പേരിൽ രജിസ്റ്റർ ചെയ്താണ് ലഭിക്കുന്നത്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന വാഹനങ്ങൾ അതത് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽമാർ, ആശുപത്രി സൂപ്രണ്ടുമാർ, ഡെന്റൽ കോളേജ് പ്രിൻസിപ്പൽമാർ, നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർ കൂടാതെ ഡയറക്ടറേറ്റിലെ വാഹനങ്ങൾ ഡയറക്ടറുടെ പേരിലുമാണ് രജിസ്റ്റർ ചെയ്യുന്നത്. മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഹെൽത്ത് സെന്ററുകളിലെ ചില വാഹനങ്ങൾ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ്, ഡി.എം.ഒ., മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് എന്നിവരുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്.

(ഡി) വകുപ്പിനുകീഴിൽ ആകെ എത്ര ഡ്രൈവർമാരാണുള്ളത്; ഓരോ ജില്ലയിലെയും സ്ഥിരം ഡ്രൈവർമാരുടെയും താൽക്കാലിക ഡ്രൈവർമാരുടെയും എണ്ണം എത്ര വീതമാണെന്ന് അറിയിക്കുമോ?

ആരോഗ്യ വകുപ്പിൽ നിലവിൽ 627 സ്ഥിരം ഡ്രൈവർമാരും 431 താൽക്കാലിക ഡ്രൈവർമാരും ജോലി ചെയ്യുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു. (കേന്ദ്ര വാഹന പൊളിക്കൽ നയത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ റദ്ദായ വാഹനങ്ങളിലുണ്ടായിരുന്ന ഡ്രൈവർമാരുൾപ്പെടെ. ഇവരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.)

ക്രമ നമ്പർ	**ജില്ല**	**സ്ഥിരം ഡ്രൈവർമാർ**	**താൽക്കാലിക ഡ്രൈവർമാർ**
1	തിരുവനന്തപുരം	57	106
2	കൊല്ലം	35	44
3	പത്തനംതിട്ട	25	49
4	ആലപ്പുഴ	36	24
5	കോട്ടയം	39	9
6	ഇടുക്കി	38	2
7	എറണാകുളം	44	54
8	തൃശ്ശൂർ	45	30
9	പാലക്കാട്	73	15
10	മലപ്പുറം	79	0

11	കോഴിക്കോട്	48	33
12	വയനാട്	32	34
13	കണ്ണൂർ	35	31
14	കാസർഗോഡ്	24	0
15	DHS	17	0
ആകെ		**627**	**431**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഡ്രൈവർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	**സ്ഥിരം ഡ്രൈവർമാർ**	**താൽക്കാലിക ഡ്രൈവർമാർ**
തിരുവനന്തപുരം	30	9
കൊല്ലം	5	0
പത്തനംതിട്ട	2	0
ആലപ്പുഴ	16	4
കോട്ടയം	20	0
ഇടുക്കി	0	2
എറണാകുളം	1	8
തൃശ്ശൂർ	8	4
മലപ്പുറം	0	1
കോഴിക്കോട്	19	2
കണ്ണൂർ	8	4
ആകെ	**109**	**34**

(ഇ) ഒരു പ്രാദേശിക ആരോഗ്യ കേന്ദ്രത്തിന്റെ ഉപയോഗത്തിലേക്കായി എം.എൽ.എ. ഫണ്ട് പോലുള്ള പ്രാദേശിക ഫണ്ട് ഉപയോഗിച്ച് ഒരു വാഹനം വാങ്ങുമ്പോൾ പ്രസ്തുത വാഹനം വകുപ്പിലെ ഏത് ഉദ്യോഗസ്ഥന്റെ പേരിലാണ് രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്?

ആരോഗ്യ വകുപ്പിൽ എം.എൽ.എ. ഫണ്ടിൽനിന്നും വാങ്ങുന്ന വാഹനങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആരോഗ്യ കേന്ദ്രത്തിന്റെ ചുമതലയുള്ള മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പൽ-ന്റെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്.

(എഫ്) നിലവിൽ ആരോഗ്യ കേന്ദ്രങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി സർക്കാരിൽനിന്നും അനുമതി വാങ്ങിയശേഷം ഡയറക്ടറുടെ പേരിൽമാത്രം രജിസ്റ്റർ ചെയ്യുന്നതിനാണോ അനുമതിയുള്ളത്; വാഹനങ്ങൾ വാങ്ങുന്നതിലും രജിസ്റ്റർ ചെയ്യുന്നതിലുമുള്ള നടപടികൾ പൂർത്തിയാക്കുന്നതിൽ ഇത് വലിയ കാലതാമസമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

(എഫ്&ജി) 17-08-2018-ലെ G.O. (Rt) No. 2599/2018 പ്രകാരം എം.പി. ഫണ്ടിൽ വാങ്ങുന്ന വാഹനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിലാണ് രജിസ്റ്റർ ചെയ്തുവരുന്നത്. 11-12-2023-ലെ സ.ഉ. (സാധാ) നമ്പർ 3251/2023/ H&FWD ഉത്തരവ് പ്രകാരം സ്പോൺസർ ചെയ്ത് സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വാഹനങ്ങൾ അതത് ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നും വാങ്ങുന്ന വാഹനങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തുവരുന്നു. ഇക്കാര്യത്തിൽ വലിയ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാനൂർ താലൂക്കാശുപത്രി സ്ഥലമെടുപ്പ്

197 (2243) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാന്നൂർ താലൂക്കാശുപത്രി സ്ഥലമെടുപ്പ് നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പാന്നൂർ താലൂക്കാശുപത്രിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാനായിട്ടില്ല.

(ബി) പാന്നൂർ താലൂക്കാശുപത്രി സ്ഥലമെടുപ്പ് നടപടികൾ തടസ്സങ്ങൾ നീക്കി യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) പാന്നൂർ താലൂക്കാശുപത്രിയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. നച്ചിക്കാട് മുസ്തഫ ഫയൽ ചെയ്ത റിട്ട് ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടരാൻ

കഴിയാത്ത സാഹചര്യമാണുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കേസ് സംബന്ധിച്ച വിവരങ്ങൾ ബഹുമാനപ്പെട്ട കോടതിക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട ലെവൽ 1 വിജ്ഞാപനമാണ് (പ്രാഥമിക വിജ്ഞാപനം) ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം

198 (2244) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

നിലവിൽ ആരോഗ്യവകുപ്പിനുകീഴിൽ 17 ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകളാണുള്ളത്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	എണ്ണം
മെന്റൽ ഹെൽത്ത് സെന്റർ പേരൂർക്കട, തിരുവനന്തപുരം	2
ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം	1
ജില്ലാശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട	1

ജനറൽ ആശുപത്രി, ആലപ്പുഴ	1
ജനറൽ ആശുപത്രി, എറണാകുളം	1
ജനറൽ ആശുപത്രി, കോട്ടയം	1
മെന്റൽ ഹെൽത്ത് സെന്റർ, തൃശ്ശൂർ	1
ജില്ലാശുപത്രി, പാലക്കാട്	1
മെന്റൽ ഹെൽത്ത് സെന്റർ, കോഴിക്കോട്	4
ജനറൽ ആശുപത്രി, മഞ്ചേരി, മലപ്പുറം	1
ജില്ലാശുപത്രി, കണ്ണൂർ	1
ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ	1
ജില്ലാശുപത്രി, കാസർഗോഡ്	1

(ബി) എല്ലാ ജില്ല, താലൂക്ക് ആശുപത്രികളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആവശ്യമാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തതുമൂലം ഭിന്നശേഷിക്കാർക്ക് മനഃശാസ്ത്രപരിശോധനകളും ചികിത്സകളും ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എല്ലാ ജില്ല, താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) ഉണ്ട്. 2022 കാലയളവിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ 5 ഒഴിവുകളുണ്ടാവുകയും 2023 ആഗസ്റ്റ് മാസത്തോടെ 4 ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തപ്പെടുകയും ശേഷിച്ച ഒരൊഴിവിലേയ്ക്ക് 30-01-2024-ൽ നിയമന ഉത്തരവ് അയക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലേർണിംഗ് ഡിസബിലിറ്റി അടക്കമുള്ള പല ഡിസബിലിറ്റി പരിശോധനകൾക്കും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആവശ്യമുള്ളതിനാൽ, വിദ്യാർത്ഥികൾ അടക്കമുള്ള അപേക്ഷകരുടെ എണ്ണം കൂടുതലുള്ളപ്പോൾ സമയബന്ധിതമായി പരിശോധന പൂർത്തീകരിക്കുന്നതിന് നിലവിൽ സർവ്വീസിലുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാർക്കുപുറമെ ആവശ്യമെങ്കിൽ ആർ.സി.ഐ. രജിസ്ട്രേഷനുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരുടെ പാനലുണ്ടാക്കി അവരുടെ സേവനംകൂടി ഉപയോഗപ്പെടുത്താൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോവളം മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

199 (2245) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികൾക്കാവശ്യമായ അടിസ്ഥാനസൗകര്യം നിലവിലില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 34 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം അദാനി ഫൗണ്ടേഷന്റെ സഹകരണത്തോടുകൂടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുവരുന്നു.

(ബി) വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു മേജർ ആശുപത്രി സ്ഥാപിക്കുന്നതിലേയ്ക്ക് നിലവിലുള്ള ആശുപത്രിയോടുചേർന്ന് അഞ്ചേക്കർ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ വികസനം

200 (2246) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ അംഗീകൃത തസ്തികകളുടെ നിലവിലെ ഒഴിവുകളുടെ ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.

സി.എച്ച്.സി., കോങ്ങാട്	ഹെൽത്ത് ഇൻസ്പെക്ടർ	1
എഫ്.എച്ച്.സി., കാഞ്ഞിരപ്പുഴ	ജെ.പി.എച്ച്.എൻ. ഗ്രേഡ് -II	3
പി.എച്ച്.സി., തച്ചമ്പാറ	ജെ.പി.എച്ച്.എൻ. ഗ്രേഡ് -I	1
എഫ്.എച്ച്.സി., കേരളശ്ശേരി	ജെ.പി.എച്ച്.എൻ. ഗ്രേഡ് -II	1
എഫ്.എച്ച്.സി., മങ്കര	ജെ.പി.എച്ച്.എൻ. ഗ്രേഡ് -II	3
സി.എച്ച്.സി., പറളി	ജെ.പി.എച്ച്.എൻ. ഗ്രേഡ് I	1
	ജെ.പി.എച്ച്.എൻ. ഗ്രേഡ് II	2
എഫ്.എച്ച്.സി., കല്ലടിക്കോട്	അസിസ്റ്റന്റ് സർജൻ	2
	ഡ്രൈവർ	1
	ജെ.പി.എച്ച്.എൻ. ഗ്രേഡ് -II	2

(ബി) കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ മങ്കര, കല്ലടിക്കോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ മണ്ണൂർ, പറളി, കാഞ്ഞിരപ്പുഴ, കാരകുറിശ്ശി, കേരളശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ തച്ചമ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഇനി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താനുണ്ടെന്ന് വ്യക്തമാക്കാമോ; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

നിലവിൽ പ്രസ്തുത മണ്ഡലത്തിൽ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

കുമ്പള സി.എച്ച്.സി. കെട്ടിട നിർമ്മാണം

201 (2247) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമ്പള സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കുമ്പള സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡ് പദ്ധതിയിലുൾപ്പെടുത്തുന്നതിനായി 10 കോടി രൂപയുടെ പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ചിരുന്നു. ആയത് DSR 2018 പ്രകാരം മാറ്റിനൽകുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുമ്പള സി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2023-24 പദ്ധതിയിൽ പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്.

ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി

202 (2248) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ക്രിട്ടിക്കൽ കെയർ സ്ഥാപിക്കുന്നതിനായി HLL എന്ന ഏജൻസിക്ക് വർക്ക് അവാർഡ് നൽകി ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ഇവിടെ പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇരുമ്പ് കണ്ടെയ്നറുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. ഇരുമ്പ് കണ്ടെയ്നറുകൾ മാറ്റുന്നതിന് അൺഫിറ്റ് സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിന് കാസർഗോഡ് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

നെന്മാറ മണ്ഡലത്തിലെ ആശുപത്രികളിലെ വാഹന സൗകര്യം

203 (2249) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് നിലവിൽ വാഹന സൗകര്യമില്ലാത്തതെന്ന് വിശദമാക്കുമോ?

1	കൊല്ലങ്കോട് കുടുംബാരോഗ്യ കേന്ദ്രം
2	മുതലമട പ്രാഥമികാരോഗ്യ കേന്ദ്രം
3	പല്ലശ്ശന കുടുംബാരോഗ്യ കേന്ദ്രം
4	അയിലൂർ പ്രാഥമികാരോഗ്യ കേന്ദ്രം
5	പുതുനഗരം പ്രാഥമികാരോഗ്യ കേന്ദ്രം
6	വടവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രം

(ബി) ഈ ആശുപത്രികളിൽ അടിയന്തരമായി വാഹനം അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ലഭ്യമായ വാഹനങ്ങൾ ഫലപ്രദമായ രീതിയിൽ ക്രമീകരിച്ച് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ശ്രമിച്ചുവരുന്നു. കൂടാതെ സർക്കാർ ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

തനത് ഫണ്ട്, സി.എസ്.ആർ. സംഭാവന എന്നിവ വഴി വാഹനങ്ങൾ ലഭ്യമാക്കി നിലവിലുള്ള സ്ഥിതി തരണം ചെയ്യാൻ ശ്രമിച്ചുവരുന്നു.

അത്തുക്കുറ്റി ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

204 (2250) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ മണ്ഡലത്തിലെ അത്തുക്കുറ്റി ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അത്തൂർ മണ്ഡലത്തിലെ അത്തുക്കുറ്റി ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ 51 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത വാർഡ് നിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

50 ശതമാനം കിഫ്ബി ഫണ്ടും 50 ശതമാനം എം.എൽ.എം ഫണ്ടും ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് 1,75,96,748/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി KMSCL-ഉം നിർമ്മാണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ്.

(ഡി) നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കരാർ വ്യവസ്ഥപ്രകാരം പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 23-01-2023 ആയിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത കാലാവധി 7-11-2023 വരെ നീട്ടിനൽകിയിരുന്നു. വീണ്ടും കരാർ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ ക്വാർട്ടേഴ്സ്

205 (2251) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ നഴ്സസ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പാർക്കിംഗ് സൗകര്യത്തോടുകൂടി ക്വാർട്ടേഴ്സ്, ബ്ലഡ് ബാങ്ക് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെസ്ഥിതി വ്യക്തമാക്കാമോ?

കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ നഴ്സസ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പാർക്കിംഗ് സൗകര്യത്തോടുകൂടി ക്വാർട്ടേഴ്സ്, ബ്ലഡ് ബാങ്ക് കെട്ടിടം എന്നിവ നിർമിക്കുന്നതിനുള്ള പ്രൊപ്പോസൽ ആശുപത്രിയിൽനിന്നും 25-8-2023-ന് എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന് പി.എം.ജെ.എ.വൈ. പദ്ധതിപ്രകാരം ധനം കണ്ടെത്തുന്നതിനുള്ള ശ്രമത്തിന്റെ സ്ഥിതി വിവരിക്കാമോ?

കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആദ്യഘട്ട നിർമ്മാണത്തിന് പി.എം.ജെ.എ.വൈ. പദ്ധതി പ്രകാരമുള്ള 104 കോടി രൂപ ലഭ്യമാക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് മുൻപാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുമുണ്ട്. അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല.

(സി) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഡയാലിസിസ് സെന്റർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ നിലവിലെസ്ഥിതി അറിയിക്കാമോ?

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ പ്രധാന ആരോഗ്യ സ്ഥാപനങ്ങളായ സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി, ഗവണ്മെന്റ് മാനസികാരോഗ്യകേന്ദ്രം, ജില്ലാ ടി.ബി. സെന്റർ എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ നിർമ്മിക്കുന്നതിനുള്ള സൗകര്യം നിലവിലില്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തിരുവല്ല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിട നിർമ്മാണം

206 (2252) ശ്രീ മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്തിട്ടുണ്ട്. പുതിയ ഒ.പി. കെട്ടിടത്തിന്റെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിവരുന്നു.

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടത്തി എഗ്രിമെന്റ് വയ്ക്കുന്നമുറയ്ക്ക് പണി ആരംഭിക്കാൻ കഴിയുന്നതാണ്.

കൊണ്ടോട്ടി താലൂക്കാശുപത്രി വികസനം

207 (2253) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വികസനത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽനിന്ന് 32.35 കോടി രൂപയുള്ള ധനാനുമതി ലഭിക്കുകയുമുണ്ടായി. 30-01-2024-ൽ 29.56 കോടി രൂപയുള്ള (ജി.എസ്.ടി. ഒഴികെ) സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും ഏവിയേഷൻ ക്ലിയറൻസുൾപ്പെടെ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെയിൻ

ബിൽഡിംഗ് നിർമ്മാണപ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പി.ഡബ്ല്യു.ഡി. ഫണ്ടിൽനിന്നും 113 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ അധികം വൈകാതെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്; ഇതിനെ താലൂക്കാശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തുമ്പോൾ ഏതെല്ലാം തസ്തികകൾ ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികകൾ എന്നത്തേയ്ക്ക് സൃഷ്ടിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

(ബി&സി) ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+] ആരോഗ്യ വകുപ്പിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

208 (2254) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

01-08-2021-ലെ സ.ഉ. (സാധാ) നം. 1633/2021/ആ.കു.വ. പ്രകാരം പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ബ്ലോക്ക് ഹെൽത്ത് ഗ്രാന്റ് ഫണ്ടുവഴി ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റാക്കി മാറ്റുന്നതിനും പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റാക്കി മാറ്റുമ്പോൾ പ്രസ്തുത സ്ഥാപനത്തിലെ ലാബ് ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലാബായി മാറും. നിലവിലെ ലാബുകൾ ഹബ് ലാബായി ഉയർത്തുന്നതിന്റെ ഭാഗമായി ലാബ് നവീകരണ പ്രവർത്തനം നടക്കുന്നു.

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിപുലീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുതായി

അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിശദാംശം, നിലവിൽ സ്ഥാപനത്തിലുള്ള ജീവനക്കാരുടെ വിശദാംശം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

സ്റ്റാഫ് പാറ്റേൺ മാറ്റം നിലവിൽ വന്നിട്ടില്ല.

(സി) പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ധനസഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് 35 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഫണ്ട് അപര്യാപ്തമായതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഹബ് ലാബ് നവീകരണത്തിനായി 27.57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം

209 (2255) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്കാശുപത്രിയിലും മറ്റൂർ സി.എച്ച്.സി.-ക്ക് കീഴിലുള്ള ആശുപത്രികളിലും ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയ അങ്കമാലി താലൂക്കാശുപത്രിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 7 തസ്തികകളും ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ ഒരു തസ്തികയും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ 4 തസ്തികകളും ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) -ന്റെ 3 തസ്തികകളും ഡെന്റൽ ഹൈജീനിസ്റ്റ്-ന്റെ ഒരു തസ്തികയും ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-ന്റെ ഒരു തസ്തികയും ഫാർമസിസ്റ്റ്-ന്റെ ഒരു തസ്തികയും ഈ സർക്കാരിന്റെ കാലയളവിൽ (2016-2023 കാലയളവിനുള്ളിൽ) സൃഷ്ടിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ 55 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ചുവടെപ്പറയുന്ന മെഡിക്കൽ ഓഫീസർമാരുടെ സേവനം സ്ഥാപനത്തിൽ ലഭ്യമാണ്.

സിവിൽ സർജൻ	1
ജൂനിയർ കൺസൾട്ടന്റ്	3

അസിസ്റ്റന്റ് സർജൻ	5
കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ	4
ദന്തൽ സർജൻ	1

മറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടും ആയതിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലി താലൂക്കാശുപത്രിയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി NABARD പദ്ധതിയിലുൾപ്പെടുത്തി 16-02-2022-ലെ സ.ഉ. (സാധാ) നം. 382/2022/ആ.കു.വ. പ്രകാരം അറുന്നൂറ്റി അറുപത്തിയാറ് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കേണ്ട നിലവിലെ ആശുപത്രി കോമ്പൗണ്ടിൽ Central Store, ദന്തവിഭാഗം എന്നിവ പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന്റെ

ഭാഗമായി ഐ.പി. കെട്ടിടത്തിലേയ്ക്ക് വൈദ്യുതി വിതരണ സംവിധാനം മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കി നിലവിലെ Central Store-ഉം ദന്തവിഭാഗവും മാറ്റിസ്ഥാപിച്ചതിനുശേഷം കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിച്ചുവരുന്നു. പുതിയ കെട്ടിടം പണിയേണ്ട സ്ഥലത്തുള്ള നിലവിലെ പഴയ കെട്ടിടം എത്രയുംവേഗം പൊളിച്ചുനീക്കുന്നതിനുള്ള പ്രവൃത്തി ഉടൻ പൂർത്തിയാക്കുന്നതാണ്.

മാവേലിക്കര ജില്ലാശുപത്രി പേവാർഡ് പുനർ നിർമ്മാണം

210 (2256) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ ജില്ലാശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് അതീവ ശോചനീയാവസ്ഥയിലും ഉപയോഗയോഗ്യമല്ലാതായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2019-നുശേഷം അറ്റകുറ്റപ്പണികൾ ചെയ്യാൻ കഴിയാത്തതിനാൽ നിലവിൽ മാവേലിക്കര ജില്ലാശുപത്രിയിലെ പേവാർഡ് കെട്ടിടം ഉപയോഗയോഗ്യമല്ല.

(ബി) പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കി പുതിയ പേവാർഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആവശ്യമായ തുക അനുവദിക്കുമോ?

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർ അറിയിച്ചതുപ്രകാരം പേവാർഡിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ (CET) സ്ട്രക്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദഗ്ധർ പേവാർഡ് സന്ദർശിക്കുകയും വിശദമായ സാമ്പിൾ പരിശോധനകൾ നടത്തുകയും ചെയ്തശേഷം 'റിട്രോഫിറ്റിംഗ്" സാങ്കേതികവിദ്യ ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയാൽ കെട്ടിടം പ്രവർത്തനക്ഷമമാക്കാമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 30-12-2023-ലെ ആലപ്പുഴ ജില്ലാ വികസനസമിതി യോഗത്തിൽ പേവാർഡിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിഷയം ചർച്ച

ചെയ്യുകയും കുട്ടികളുൾപ്പെടെയുള്ളവർ ചികിത്സ തേടുന്ന പേവാർഡ് കെട്ടിടം റിട്രോഫിറ്റിംഗ് വഴി ബലപ്പെടുത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിക്കുകയും ടി കെട്ടിടം പൊളിച്ചുനീക്കി പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതായിരിക്കും ഉചിതമെന്ന് അറിയിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. കോട്ടയം റീജിയണൽ മാനേജരെയും ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യത്തെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്രകാരം കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകതയുള്ളപക്ഷം ആശുപത്രികളിൽ പേവാർഡ് നിർമ്മിക്കുന്നതിനും നടത്തുന്നതിനും സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസി എന്നനിലയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തന്നെ കെട്ടിടനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് എം.ഡി. അറിയിച്ചിട്ടുണ്ട്.

ഹരിപ്പാട് താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

211 (2257) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്കാശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,90,62,100/- രൂപ അനുവദിച്ചിട്ടുണ്ട്. സിവിൽ വർക്കുകൾക്കായി 1,55,65,382/- രൂപ ആരോഗ്യ വകുപ്പ് ഡയറക്ടർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് താമസം നേരിട്ടിട്ടില്ല.

(ബി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഡയാലിസിസ് യൂണിറ്റിന്റെ എക്സ്റ്റൻഷൻ വർക്കും ഇലക്ട്രിക്കൽ വർക്കും നിർവ്വഹിക്കുന്നതിനായി 3,90,62,100/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് കൈമാറാൻ നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ കൈമാറിയിട്ടുണ്ടെന്നും വിശദമാക്കാമോ?

1,55,65,382/- രൂപ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് 16-01-2024-ൽ കൈമാറിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിട നിർമ്മാണം

212 (2258) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഞ്ച് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 22-01-2024-ലെ G. O. (Rt) No. 146/2024/H&FWD പ്രകാരം 5.23 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കുന്നംകുളം താലൂക്കാശുപത്രി കെട്ടിടം

213 (2259) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി നടപ്പിലാക്കുന്ന കുന്നംകുളം താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രസ്തുത പദ്ധതിക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി ഫണ്ടുപയോഗിച്ച് കുന്നംകുളം താലൂക്കാശുപത്രിയുടെ വികസനത്തിനായി 97.11 കോടി രൂപയുടെ

ഭരണാനുമതിയും 64.43 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് എസ്.പി.വി. ആയ ഇൻകെൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഒരു കരാറുകാരൻ മാത്രമേ ടെണ്ടറിൽ പങ്കെടുത്തിരുന്നുള്ളൂവെന്നതിനാൽ പുതുക്കിയ ടെണ്ടർ വിളിച്ചെങ്കിലും ഇതിലും ഒരു കരാറുകാരൻ മാത്രമേ പങ്കെടുത്തുള്ളൂ. ടി സാഹചര്യത്തിൽ ഇതിന്റെ സാങ്കേതികവശം പരിശോധിച്ച് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായതിനുശേഷം നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിട്ടറി കാൻസർ സെന്ററായി ഉയർത്തുന്നതിന് നടപടികൾ

214 (2260) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിട്ടറി കാൻസർ സെന്ററായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിനുകീഴിലുള്ള തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിട്ടറി കാൻസർ സെന്ററായി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് പുതിയ കെട്ടിടം

215 (2261) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചത്; ആയത് എന്നാണ് ലഭിച്ചത്; നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചത്; വ്യക്തമാക്കാമോ?

ആലപ്പുഴ ഗവൺമെന്റ് ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ വികസനത്തിനുവേണ്ടി കേന്ദ്ര ആയുഷ് വകുപ്പിന്റെ സെന്റർ ഓഫ് എക്സലൻസ് (COE) സ്കീമിലുൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 6.04 കോടി രൂപ ഗ്രാന്റ് ഇൻ എയ്ഡായി കേന്ദ്ര സർക്കാർ

അംഗീകരിച്ചു. ആയതിൽ ഇതുവരെ 31-03-2012-ൽ 2 കോടി രൂപയും 25-01-2016-ൽ 2 കോടി രൂപയും ഉൾപ്പെടെ ആകെ 4 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണം ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്.

(ബി) കെട്ടിട നിർമ്മാണപ്രവൃത്തി ഇടയ്ക്ക് നിർത്തിവച്ചതെന്തുകൊണ്ടാണെന്നും എന്നുമുതലാണ് നിർമ്മാണം മുടങ്ങിയതെന്നും അറിയിക്കുമോ?

08-07-2012-ൽ തറക്കല്ലിട്ട് 11-08-2012-ൽ പ്രവൃത്തി ആരംഭിച്ചു. 2013-ൽ ഗുണനിലവാരം കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചതിനാലും പ്രവൃത്തിക്ക് തുടർച്ചയായി രണ്ടാം ഗഡു 2 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ടായ കാലതാമസം കാരണവും 2012-ലെ എസ്റ്റിമേറ്റ് തുകവച്ച് പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കില്ലെന്ന് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് അറിയിക്കുകയും ചെയ്തതിനാൽ 2014 ഒക്ടോബർ മാസം മുതൽ പ്രസ്തുത നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്.

(സി) പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; ഇതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 2014-ൽ ബി.എസ്.എൻ.എൽ. പരിശോധന നടത്തി CPWD സ്പെസിഫിക്കേഷൻ (Vol-I) പ്രകാരം വ്യത്യസ്തമായ കോൺക്രീറ്റ് മിക്സിംഗ് നടത്തി ആയതിന്റെ ഫലം പരിശോധിക്കാവുന്നതാണെന്ന് അറിയിച്ചു. ആയതിന് തുടർച്ചയായി നാഷണൽ ഹെൽത്ത് മിഷൻ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ രണ്ട് പ്രൊഫസർമാർ സ്ഥലം സന്ദർശിച്ച് നിർമ്മാണത്തിലെ അപാകത പരിഹരിക്കാൻ Retrofiting Strengthening Measures നിർദ്ദേശിച്ചു. 2019-ൽ ഗവൺമെന്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം സന്ദർശിച്ച എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർമാർ നിർമ്മാണ പ്രവർത്തനത്തിലെ അപാകത പരിഹരിക്കാൻ പര്യാപ്തമല്ലെന്നും Footing,

Plinth Beams എല്ലാ കോളങ്ങളുടെയും റൂഫ്, സ്ലാബ് കണ്ടീഷൻ തുടങ്ങിയവ പരിശോധിക്കണമെന്നും നിർദ്ദേശിച്ചു. പ്രസ്തുത പരിശോധനാ റിപ്പോർട്ടുകൾ കാരണം നിർമ്മാണ പ്രവർത്തനത്തിൽ അപാകതകളുള്ളതിനാൽ 16-04-2021-ൽ നാലുമാസം സമയം അനുവദിച്ച് HPL Ltd.-നോട് അവരുടെ സ്വന്തം ചെലവിൽ Rectification Works പൂർത്തിയാക്കാൻ ആവശ്യപ്പെട്ടു. എന്നാൽ നാളിതുവരെ ഒരു പ്രവർത്തനവും HPL Ltd. നടത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഇവർക്കെതിരെ നിയമനടപടികളുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം

216 (2262) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ കൂടുതൽ പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

ഡിസ്ട്രിക്ട് റസിഡൻസി പ്രോഗ്രാമിന്റെ (DRP) ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, സ്വകാര്യ/സ്വാശ്രയ മെഡിക്കൽ കോളേജുകളിൽനിന്നുമുള്ള രണ്ടാം വർഷ പി.ജി. (മെഡിക്കൽ) വിദ്യാർത്ഥികളെ ആരോഗ്യ വകുപ്പിനുകീഴിലുള്ള ജില്ല, താലൂക്ക് ആശുപത്രികളിൽ 3 മാസം വീതമുള്ള കാലയളവിലേയ്ക്ക് പോസ്റ്റിംഗിന് നിയോഗിച്ചുവരുന്നുണ്ട്. നിലവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പി.ജി. വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യം അപര്യാപ്തമാണ്. മതിയായ താമസ സൗകര്യം കിട്ടുന്നമുറയ്ക്ക് കൂടുതൽ പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കുന്നത് പരിഗണിക്കാവുന്നതാണ്.

(ബി) നിലവിൽ എത്ര പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനമാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ 9 പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനമാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്.

വള്ളികുന്നം കുടുംബാരോഗ്യ കേന്ദ്രം

217 (2263) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് മാവേലിക്കര മണ്ഡലത്തിൽ വള്ളികുന്നം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോയെന്നും ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും നിർമ്മാണ ചുമതല ആർക്കാണെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ വള്ളികുന്നം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ആകെ 1,75,96,748/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ നിർവ്വഹണ ഏജൻസി കെ.എം.എസ്.സി.എൽ.-ഉം നിർമ്മാണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിൽ പദ്ധതിയുടെ 51 ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തി അതിവേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

218 (2264) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) നാഷണൽ ആയുഷ് മിഷൻ

പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ, അരുവിപ്പുറം, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിലെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളെ ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്. Upgradation of Ayush Dispensaries എന്ന സ്കീമിലുൾപ്പെടുത്തി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, അരുവിപ്പുറത്തിന് 30 ലക്ഷം രൂപയുടെ ഗ്രാന്റ് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ടി സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപവീതം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ഗ്രാന്റ് ഇനത്തിൽ ടി സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

1. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, അരുവിപ്പുറം - 35,00,000/-
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ഒറ്റശേഖരമംഗലം - 5,00,000/-
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കള്ളിക്കാട് - 5,00,000/-

4. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കുന്നത്തുകാൽ - 5,00,000/-

ഭാരതീയ ചികിത്സാ വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിലുൾപ്പെട്ട അമ്പൂരി, കള്ളിക്കാട്, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, അരുവിപ്പുറം, വെള്ളറട, പാറശ്ശാല എന്നിവിടങ്ങളിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ആയതിലേയ്ക്കായി ചെലവഴിച്ച തുക, പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ഹോമിയോപ്പതി വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ, പെരുങ്കടവിള, ആര്യങ്കോട്, അമ്പൂരി, കുന്നത്തുകാൽ, കള്ളിക്കാട് എന്നീ സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലും വെള്ളറട, ഒറ്റശേഖരമംഗലം എന്നീ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (NHM) ഡിസ്പെൻസറികളിലേയ്ക്കുമായി മരുന്ന് വാങ്ങുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്നും ലഭിച്ച ഫണ്ട് വിനിയോഗിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങൾ	മരുന്ന് വാങ്ങുന്നതിന് ലഭിച്ച ഫണ്ട്	ദൈനംദിന പ്രവർത്തനങ്ങൾക്ക് ലഭിച്ച ഫണ്ട്
GHD കൊല്ലയിൽ	8,50,000	2,50,000
GHD പെരുങ്കടവിള	4,50,000	3,55,000
GHD ആര്യങ്കോട്	8,00,000	2,00,000
GHD കുന്നത്തുകാൽ	10,00,000	3,00,000
GHD കള്ളിക്കാട്	8,50,000	1,50,000
GHD അമ്പൂരി	3,00,000	50,000
NHM ഡിസ്പൻസറി, വെള്ളറട	5,34,000	2,50,000
NHM ഡിസ്പൻസറി, ഒറ്റശേഖരമംഗലം	7,00,000	2,50,000

(സി) പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] ഹോമിയോപ്പതി വകുപ്പിൽ എൻ.എച്ച്.എം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടുപയോഗിച്ച് എൻ.എച്ച്.എം. വെള്ളറട ഡിസ്പെൻസറി, എൻ.എച്ച്.എം. ഒറ്റശേഖരമംഗലം ഡിസ്പെൻസറി എന്നിവിടങ്ങളിലെ ഡോക്ടർമാർക്ക് ശമ്പളം കൊടുത്തുവരുന്നു.

എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി

219 (2265) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ?

30-01-2019-ലെ G.O. (Rt) No. 224/2019/H&FWD പ്രകാരം നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 720 ലക്ഷം രൂപയ്ക്ക് എരുമപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

ഐ.പി. ബ്ലോക്ക് - ഫ്ളോറിന്റെ ടൈൽ വർക്ക്, പ്ലംബിംഗ് വർക്ക് എന്നിവ പൂർത്തിയായി.

ഒ.പി. ബ്ലോക്ക് - ഇലക്ട്രിക്കൽ വർക്ക് പുരോഗമിക്കുന്നു.

ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ ഫാബ്രിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്നുവരെയാണെന്നും കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ കരാർ കാലാവധി 2024 മാർച്ച് 31 വരെയാണ്. കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെട്ടിടം പണി പൂർത്തീകരിക്കുന്നമുറയ്ക്ക് ഇവിടെയുണ്ടായിരുന്ന കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കിടത്തി ചികിത്സക്കാവശ്യമായ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) കിടത്തി ചികിത്സ ആരംഭിക്കാൻ നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്ത് പര്യാപ്തമല്ല. അധിക തസ്തികകൾ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കുറ്റിപ്പുറം താലൂക്കാശുപത്രിയിലെ ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം

220 (2266) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ ഒരു കോടി രൂപയിലധികം ചെലവിട്ട് പ്രവർത്തനസജ്ജമാക്കിയ ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനും അത് സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഏഴ് സ്റ്റാഫ് നഴ്സുമാരുടെയും രണ്ട് നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും അധിക സേവനം ആവശ്യമാണ്. ജീവനക്കാരെ ലഭ്യമാകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പരിശീലനം നേടിയ നഴ്സിംഗ് സ്റ്റാഫ് അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഐ.സി.യു. പ്രവർത്തനാരംഭത്തിനായി ജീവനക്കാരെ ആവശ്യപ്പെട്ട് നൽകിയ അപേക്ഷ പ്രകാരം നാഷണൽ ഹെൽത്ത് മിഷനിൽനിന്നും രണ്ട് സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലെ നഴ്സിംഗ് ഓഫീസർമാർക്ക് മഞ്ചേരി മെഡിക്കൽ കോളേജിൽവച്ച് ഐ.സി.യു. Hands on Training നൽകുന്ന നടപടികൾ നടന്നുവരുന്നു.

(സി) കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഒഴിവുകൾ പി.എസ്.സി. മുഖാന്തരവും സ്ഥാനക്കയറ്റം മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള നടപടി

221 (2267) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ പി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ ഭാഗമായി കരാറുകാരുമായുണ്ടാക്കിയ ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ച തീയതി എന്നാണ്; ഭാഗികമായി തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തി പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തടസ്സരഹിതഭൂമി 28-04-2022-ന് നിർമ്മാണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ കാലയളവിൽ നേരിടേണ്ടിവന്ന തടസ്സങ്ങൾ കാരണം കരാർ കാലാവധി 7-11-2023 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത കാലയളവിനുള്ളിലും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനെത്തുടർന്ന് കരാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാവധി വീണ്ടും ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിൽ എത്ര ആരോഗ്യ സ്ഥാപനങ്ങളിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; നിലവിൽ അവയുടെ പുരോഗതി വ്യക്തമാക്കാമോ?

1. തിരൂർ നിയോജകമണ്ഡലത്തിൽ സി.എച്ച്.സി. വളവന്നൂരിൽ നിർമ്മാണം പൂർത്തിയാക്കി 17-12-2022-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്.
2. താനൂർ മണ്ഡലത്തിലെ സി.എച്ച്.സി., താനൂർ

   തവനൂർ മണ്ഡലത്തിലെ സി.എച്ച്.സി., തവനൂർ

   കൊണ്ടോട്ടി മണ്ഡത്തിലെ സി.എച്ച്.സി., ഒമാനൂർ

   മലപ്പുറം മണ്ഡലത്തിലെ സി.എച്ച്.സി., കരുവാരക്കുണ്ട്.

   പൊന്നാനി മണ്ഡലത്തിലെ W&C, പൊന്നാനി

തിരുരങ്ങാടി മണ്ഡലത്തിലെ സി.എച്ച്.സി., നെടുവ എന്നീ സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തിയായി രണ്ടാംഘട്ട ഉദ്ഘാടനത്തിന് സജ്ജമാണ്.

3. നിലമ്പൂർ മണ്ഡലത്തിലെ സി.എച്ച്.സി., ചുങ്കത്തറ - നിലവിൽ 51 ശതമാനത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. Pre Engineering building Material erection-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

4. ഏറനാട് മണ്ഡലത്തിലെ സി.എച്ച്.സി., എടവണ്ണ - നിലവിൽ 49 ശതമാനത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. Pre Engineering building Material erection-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

5. മങ്കട മണ്ഡലത്തിലെ സി.എച്ച്.സി., മങ്കട നിലവിൽ 55 ശതമാനത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. Pre Engineering building Material erection-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

6. വള്ളിക്കുന്ന് മണ്ഡലത്തിലെ സി.എച്ച്.സി., പെരുവള്ളൂർ നിലവിൽ 51 ശതമാനത്തോളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. Pre Engineering building Material erection-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) സി.എച്ച്.സി.-യിലോ ബ്ലോക്കുതല എഫ്.എച്ച്.സി.-യിലോ മൾട്ടിപർപ്പസ് കോൺക്രീറ്റ് കെട്ടിടത്തോടുകൂടിയുള്ള ഒരു ഐസൊലേഷൻ വാർഡ് നിർമ്മിച്ച് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മൾട്ടിപർപ്പസ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധനയിലാണ്.

നിലമ്പൂർ മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

222 (2268) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്നും ഏതുവർഷങ്ങളിലാണ് പദവി ഉയർത്തിയതെന്നും വിശദമാക്കാമോ; പദവി ഉയർത്തിയതിനെത്തുടർന്ന് ലഭ്യമാക്കിയ കൂടുതൽ സൗകര്യങ്ങളെക്കുറിച്ച് അറിയിക്കാമോ?

ആർദ്രം മിഷന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി.

അമരമ്പലം (2019-20), കരുളായി (2018-19), പോത്തുകൽ (2018-19), എടക്കര (2018-19), മൂത്തേടം (2018-19), വഴിക്കടവ് (2017-18), കുറുമ്പലങ്ങോട് (2019-20)

കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിനെത്തുടർന്ന് ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ,

എയർപോർട്ട് ചെയർ, മറ്റ് കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കാറുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സി.എച്ച്.സി.-യിലും ജില്ലാശുപത്രിയിലും 2016 മുതൽ നാളിതുവരെ സർക്കാർ ചെലവഴിച്ച ഫണ്ടുകളുടെയും നടപ്പാക്കിയ പദ്ധതികളുടെയും വിശദാംശങ്ങൾ ആരോഗ്യ കേന്ദ്രങ്ങളുടെ പേരുൾപ്പെടെ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലമ്പൂർ എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽനിന്നും നിലമ്പൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്കായി 2016 മുതൽ നാളിതുവരെ അനുവദിച്ച ഫണ്ട്, വർഷം, പദ്ധതി, ആരോഗ്യ കേന്ദ്രത്തിന്റെ പേര് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ 2019 മുതൽ നാളിതുവരെ ചെലവഴിച്ച എം.പി. ഫണ്ടുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

1. ബഹുമാനപ്പെട്ട വയനാട് എം.പി.-യുടെ 2019-2020 കാലയളവിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി 1,44,85376/-രൂപ അനുവദിച്ചതിൽ 1,36,97,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

   പോർട്ടബിൾ ഐ.സി.യു. വെന്റിലേറ്റർ - 2 , അഡൾട്ട് ഐ.സി.യു. വെന്റിലേറ്റർ - 8, എ.ബി.ജി. മെഷീൻ –2, മൾട്ടി പാരാ മോണിറ്റർ -7, ഡിഫൈബ്രിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ – 2, ഐ.സി.യു. കോട്ട് - 7 എന്നിവ നിലമ്പൂർ ജില്ലാശുപത്രിയിലേയ്ക്കും പി.പി.ഇ. കിറ്റ്, എൻ-95 മാസ്ക്, ത്രീ ലയർ മാസ്ക് എന്നിവ നിലമ്പൂർ ജില്ലാശുപത്രിയിലേയ്ക്കും മഞ്ചേരി കോവിഡ് ആശുപത്രിയിലേയ്ക്കും മറ്റ് സി.എഫ്.സി.ടി.-യിലേയ്ക്കും നൽകിയിട്ടുണ്ട്.

2. ബഹുമാനപ്പെട്ട വയനാട് എം.പി.-യുടെ 2023-24 കാലയളവിൽ എം.പി. ഫണ്ടായി 13,86,121/- രൂപ കരുളായി കുടുംബാരോഗ്യ

കേന്ദ്രത്തിലേയ്ക്ക് ആംബുലൻസ് വാങ്ങുന്നതിനായി അനുവദിക്കുകയും 13,76,897/- രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങുകയും ചെയ്തിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

223 (2269) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) കുന്നത്തുനാട് മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന നടന്നുവരുന്ന നിർമ്മാണപ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.[+] മറ്റ് പ്രവൃത്തികളുടെ വിശദവിവരം ചുവടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.

1. സാമൂഹികാരോഗ്യകേന്ദ്രം, വടവുകോട്: കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 1.75 കോടി രൂപയുടെ ഐസൊലേഷൻ വാർഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TDC) ആണ്. കുന്നത്തുനാട് നിയോജകമണ്ഡലം മുൻ എം.എൽ.എ.-യുടെ 2018-19 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽനിന്നും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായ 52 ലക്ഷം രൂപ ഉപയോഗിച്ച് നിലവിലുള്ള ഒ.പി. കെട്ടിടത്തിനുമുകളിൽ ഒന്നാം നിലയുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി എൽ.എസ്.ജി.ഡി., എറണാകുളം ഡിവിഷനാണ്. സാമൂഹികാരോഗ്യകേന്ദ്രം, വടവുകോട് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള തറ കെട്ടി, മേൽക്കൂര നിർമ്മിക്കുന്നതിനുവേണ്ടി ട്രസ്സ് ജോലികൾ പൂർത്തിയായിട്ടുണ്ട്. ഒ.പി. കെട്ടിടത്തിനുമുകളിൽ ഒന്നാം നിലയുടെ നിർമ്മാണം 95 ശതമാനം പൂർത്തികരിച്ചിട്ടുണ്ട്.

2. <u>സാമൂഹികാരോഗ്യകേന്ദ്രം, മലയിടംതുരുത്ത്</u>: നിലവിലുള്ള ഒ.പി. ബ്ലോക്കിന്റെ ഫസ്റ്റ് ഫ്ലോർ നിർമ്മാണപ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ നോൺ-റോഡ് മെയിന്റനൻസ് ഫണ്ടായ 5,71,674/- രൂപ ഉപയോഗിച്ചും വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ബി.പി.സി.എൽ.-ന്റെ സി.എസ്.ആർ. ഫണ്ടായ 48,82,203/- രൂപ ഉപയോഗിച്ചും പൂർത്തീകരിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്. വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാന്റ് വഴി 9 ലക്ഷം രൂപ ഉപയോഗിച്ച് ലാബ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്.

3. <u>കുടുംബാരോഗ്യകേന്ദ്രം, തിരുവാണിയൂർ</u>: തിരുവാണിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിലുള്ള ഫാമിലി വെൽഫെയർ സെന്റർ തിരുവാണിയൂരിനുവേണ്ടി 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് മുഖേന ഒന്നാം ഗഡുവായി 27.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ

നിർവ്വഹണ ഉദ്യോഗസ്ഥൻ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

4. കുടുംബാരോഗ്യകേന്ദ്രം, കുമാരപുരം: കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം (ഒ.പി./ലാബ്/ഒബ്സർവേഷൻ) നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക 3 കോടി രൂപയാണ്. പ്രസ്തുത പ്രവൃത്തിക്ക് എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പെരുമ്പാവൂർ പി.ഡബ്ല്യു.ഡി. വിഭാഗം തയ്യാറാക്കിയ പ്ലാൻ ലഭ്യമായിട്ടുണ്ട്. അൺഫിറ്റായ പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കിയിട്ടുണ്ട്. സൈറ്റ് കൈമാറുന്നതിന് പെരുമ്പാവൂർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പ് പെരുമ്പാവൂർ ഡിവിഷൻ ആണ്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

5.കുടുംബാരോഗ്യകേന്ദ്രം, മഴുവന്നൂർ: മഴുവന്നൂർ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിലുള്ള നെല്ലാട് സബ്സെന്റർ നിർമ്മാണത്തിനായി 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ വടവുകോട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആണ്. മഴുവന്നൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ ഇലക്ട്രിക് ഫിറ്റിംഗ്സ് വർക്കുകൾ അന്തിമഘട്ടത്തിലാണ്. പ്ലംബിംഗ്, പെയിന്റിംഗ് ജോലികൾ പൂർത്തിയായിവരുന്നു.

6. പ്രാഥമികാരോഗ്യകേന്ദ്രം, പട്ടിമറ്റം: പുതിയ ഒ.പി. കെട്ടിട നിർമ്മാണത്തിനായി അഗാപെ ഡയഗ്നോസ്റ്റിക്കിന്റെ സി.എസ്.ആർ. ഫണ്ട് ആയി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിർവ്വഹണ ഏജൻസി അഗാപെ ഡയഗ്നോസ്റ്റിക് ആണ്. പട്ടിമറ്റം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഫയർ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, പെയിന്റിംഗ് തുടങ്ങിയ ജോലികൾ പൂർത്തിയായിവരുന്നു.

(ഡി) കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിടം പൊളിച്ചുനീക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ അൺഫിറ്റായ കെട്ടിടങ്ങൾ പൊളിച്ചുനീക്കിയിട്ടുണ്ട്. സൈറ്റ് കൈമാറുന്നതിന് പെരുമ്പാവൂർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന് കത്ത് നൽകിയിട്ടുണ്ട്.

മുക്കം സി.എച്ച്.സി.-ക്ക് നബാർഡ് ധനഹായം

224 (2270) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സി.എച്ച്.സി.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) നബാർഡ് ധനസഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(എ-സി) മുക്കം സി.എച്ച്.സി.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭിക്കുന്നതിനായി വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

പത്തനംതിട്ട ജനറൽ ആശുപത്രിയിലെ നവീകരണ പ്രവർത്തനങ്ങൾ

225 (2271) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ നാളിതുവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; അതിൽ കോവിഡ് സമയത്തുനടന്ന നവീകരണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ആയത് ഏത് അക്രെഡിറ്റഡ് ഏജൻസിയെയാണ് ഏൽപ്പിച്ചതെന്നും വ്യക്തമാക്കുമോ?

2018 മുതൽ നാളിതുവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നടത്തിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോവിഡ് രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള ക്യൂബിക്കിൾ, മുറികൾ, വാർഡുകൾ എന്നിവ എത്ര രൂപ ചെലവാക്കിയാണ് നവീകരിച്ചത്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ കോവിഡ് രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് കൃബിക്കിൾ, മുറികൾ, വാർഡുകൾ എന്നിവ 1,03,81,951/- രൂപ ചെലവഴിച്ചാണ് നവീകരിച്ചത്. ടി ആവശ്യത്തിലേയ്ക്കായി നടത്തപ്പെട്ട പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കോവിഡ് രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള ICU, HDU, Pediatric ward എന്നിവ നിർമ്മിക്കുന്നതിനായി ECRP-I-ൽ രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 29,40,116/- രൂപയിൽ 27,76,872/- രൂപയും ECRP-II-ൽ അനുവദിച്ച 34,04,375/- രൂപയിൽ 30,78,588/- രൂപയും ചെലവഴിച്ചു.

(സി) ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയ അക്രെഡിറ്റഡ് ഏജൻസിക്ക് പ്രവൃത്തിയുടെ മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; ഇവർക്ക് ആകെ എത്ര തുക നൽകാനുണ്ടെന്നും ഇതുവരെ എത്ര തുക നൽകിയെന്നും ബാക്കി തുക നല്കാനുണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ; ഈ തുക ഏത് ഫണ്ടിൽ/അക്കൗണ്ടിൽ നിന്നാണ് നൽകുന്നതെന്ന് അറിയിക്കുമോ?

ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്രെഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തിയുടെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മല്ലപ്പള്ളി താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

226 (2272) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങളൊഴിവാക്കി നിർമ്മാണം തുടങ്ങുന്നതിനായി സ്വീകരിക്കുന്ന നടപടികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ നിർമ്മാണം നടത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ ലഭിച്ച സ്ഥാപനത്തിന് ടെണ്ടർ ഇളവ് നൽകിയതിനെതിരെ ഫയൽ ചെയ്ത ഹർജിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിയില്ലാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർനടപടികളെടുക്കരുതെന്ന ഇടക്കാല ഉത്തരവുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോടതിയിൽനിന്നുള്ള അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

നെയ്യാറ്റിൻകര ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണം

227 (2273) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2023-24-ലെ ബഡ്ജറ്റിൽ അനുവദിച്ച പുതിയ കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. - ബിൽഡിംഗ് വിഭാഗം നൽകിയ ഡി.പി.ആർ. പ്രകാരം ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പുതുതായി നിർമ്മിക്കാൻ പോകുന്ന ബഹുനില കെട്ടിടത്തിന് 2023-24 വർഷത്തെ ബഡ്ജറ്റിൽ വാള്യം-2, അനുബന്ധം - II, പേജ് നമ്പർ 41, ക്രമനമ്പർ 19 പ്രകാരം അടങ്കൽ തുകയായി 600 ലക്ഷം രൂപയും തൻവർഷം ബഡ്ജറ്റ് പ്രൊവിഷനായി 120

ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. അതിൻപ്രകാരം, പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെട്ട പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

കൊല്ലം ജില്ലാശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതി

228 (2274) ശ്രീ എം മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാശുപത്രിയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൊല്ലം ജില്ലാശുപത്രിയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള തർക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(ബി&സി) പദ്ധതി വിഭാവനം ചെയ്ത സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു മേജർ ആശുപത്രി

229 (2275) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ പലതും നിലവിലില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 34 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം അദാനി ഫൗണ്ടേഷനുമായി സഹകരിച്ചുകൊണ്ട് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുവരുന്നു.

(ബി) വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു മേജർ ആശുപത്രി സ്ഥാപിക്കുന്നതിന് നിലവിലുള്ള ആശുപത്രിയോടുചേർന്ന് അഞ്ചേക്കർ സ്ഥലം ഏറ്റെടുക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

230 (2276) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത തുക എന്നാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് 2014-15 സാമ്പത്തികവർഷം 55 ലക്ഷം രൂപയുടെയും 2019-20 സാമ്പത്തികവർഷം 55 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസമെന്താണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്നും അറിയിക്കാമോ?

പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി.-ക്ക് സാങ്കേതിക പരിമിതിയുള്ളതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ

ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രീഫാബ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം പി.ഡബ്ല്യു.ഡി. മുഖേനതന്നെ നടത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.ഡബ്ല്യു.ഡി. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് അടിയന്തര തുടർനടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ ആശുപത്രികളിലാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുള്ളത്; അവയുടെ നിർമ്മാണം നിർവഹിച്ചിട്ടുള്ളത് ആരാണെന്നും എന്നാണെന്നും അറിയിക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

മങ്കട സി.എച്ച്.സി. പ്രവൃത്തികളും സ്റ്റാഫ് പാറ്റേൺ പരിഷ്കരണവും

231 (2277) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മങ്കട സി.എച്ച്.സി.-യിൽ എന്തെല്ലാം അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളാണ് ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടത്; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ?

മങ്കട സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം, ഒ.പി. ടിക്കറ്റ് കൗണ്ടർ നിർമ്മാണം, പൊതുജനങ്ങൾക്കും വികലാംഗർക്കുമുള്ള ശുചിമുറി നിർമ്മാണം, റാമ്പ് നിർമ്മാണം, ലിഫ്റ്റ് നിർമ്മാണം, ഫാർമസിയിൽ പ്രൈവറ്റ് വെയ്റ്റിംഗ് ഏരിയ നിർമ്മാണം, ഫാർമസിയും പുതിയ കെട്ടിടവും ശരിയായ രീതിയിൽ ബന്ധിപ്പിക്കുക, പേഷ്യന്റ് ഒബ്സർവേഷൻ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ഗേറ്റ് സ്ഥാപിക്കൽ എന്നീ അടിസ്ഥാനസൗകര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) 2021-22-ലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ എന്തെല്ലാം

നടപടി സ്വീകരിച്ചിട്ടുണ്ട്; മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയമിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

2021-22-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(സി) ഈ സി.എച്ച്.സി.-യിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരുടെ കുറവുണ്ട്; ഒഴിവുള്ള സ്ഥിരം തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

മങ്കട സി.എച്ച്.സി.-യിൽ നിലവിലുള്ള ഒഴിവുകളും ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു.

ഹെൽത്ത് ഇൻസ്പെക്ടർ –1 (പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ - 1 (നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് - 1 (താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.)

പാർട്ട് ടൈം സ്വീപ്പർ - 1 (ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം നടത്തിന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

(ഡി) ഈ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ഏതെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യം അടിയന്തരമായി പരിഗണിക്കുമോ?

ആരോഗ്യ വകുപ്പിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

കുറ്റ്യാടി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം

232 (2278) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

കുറ്റ്യാടി താലൂക്കാശുപത്രിയിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 06-02-2023-ലെ G.O. (Rt) No. 290/2023/H&FWD നമ്പർ പ്രകാരം 28.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ പൂർത്തിയായിവരുന്നു. പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് തകർന്ന നിലയിലുള്ള കെട്ടിടങ്ങളും 45-ഓളം മരങ്ങളുമുണ്ട്. പ്രസ്തുത സ്ഥലം ഇറിഗേഷൻ വകുപ്പിൽനിന്നും കൈമാറി കിട്ടിയപ്പോൾ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും മറ്റും വടകര താലൂക്ക് ഓഫീസറുടെ അനുമതി ലഭ്യമാക്കുന്നതിനായി വടകര താലൂക്ക് ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിലവിലുള്ള 45 മരങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് 15 ലക്ഷം രൂപ വിലയിട്ട് എസ്റ്റിമേറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വർക്ക്സ്

ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനക്സ് II വാല്യം 2 -ൽ പേജ് 55-ൽ ക്രമ നം. 1172 ആയി 2 കോടി രൂപ കുറ്റ്യാടി താലൂക്കാശുപത്രിക്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റ് വർക്കിലുൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ സ്ഥലത്തെ തകർന്ന ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. കെട്ടിടം ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

(ബി) നബാർഡ് സ്കീം പ്രകാരം അനുമതി ലഭിച്ച പ്രവൃത്തിക്കായി വിഭാവനം ചെയ്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള തീരുമാനം റദ്ദാക്കിയിട്ടും മറ്റൊരു സ്ഥലത്ത് പ്രസ്തുത കെട്ടിട നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഇറിഗേഷൻ വകുപ്പിൽനിന്നും വിട്ടുകിട്ടിയ സ്ഥലത്താണ് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടത്തേണ്ടത്. പ്രസ്തുത സ്ഥലത്തെ മരങ്ങൾ

മുറിച്ചുനീക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ബഡ്ജറ്റ് വർക്കിലുൾപ്പെടുത്തിയുള്ള നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

നബാർഡ് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പൂർത്തിയായിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ചുനീക്കി പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി

233 (2279) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്റർ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നാദാപുരം താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. എന്നാൽ നിലവിൽ ഡയാലിസിസ് യൂണിറ്റിലേയ്ക്ക് സർവ്വീസ് ഇലക്ട്രിക് കണക്ഷന്റെ കണക്ടഡ് ലോഡ് (Connected Load) ഉയർത്തിക്കിട്ടുന്നതുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു. ടി പ്രവൃത്തികൾ പൂർത്തിയായ ഉടൻതന്നെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നിലവിൽ തടസ്സങ്ങളെന്തൊക്കെയെന്ന് അറിയിക്കാമോ?

നാദാപുരം താലൂക്കാശുപത്രി ഇലക്ട്രിക്കൽ മെയിൻ പാനലിൽനിന്നും ഡയാലിസിസ് സെന്ററിലേയ്ക്കുള്ള പവർ സപ്ലൈ ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ലാത്തതാണ് പ്രധാന തടസ്സം. ആശുപത്രി മെയിൻ

പാനലിൽ അധിക ലോഡിനെ ഉൾക്കൊള്ളാനുള്ള ശേഷിക്കുറവുണ്ടെന്ന് സൈറ്റ് പരിശോധനയിൽനിന്നും വിലയിരുത്തിയിരുന്നു. നിലവിലെ അധിക വൈദ്യുതി ഉപയോഗം കാരണം നിലവിലുള്ള കെ.എസ്.ഇ.ബി.-യുടെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിൽനിന്നും ഡയാലിസിസ് സെന്ററിന്റെ അധിക ലോഡുകൂടി ഉൾക്കൊള്ളാൻ ശേഷിയുണ്ടാകില്ലെന്ന് കെ.എസ്.ഇ.ബി. അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിലെ സർവ്വീസ് കണക്ഷന്റെ ലോഡ് ഉയർത്തുന്നതിനുവേണ്ടിയുള്ള അധിക പ്രവൃത്തികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി (KHRWS) മുഖേന ചെയ്തുവരികയാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ ഉടൻതന്നെ എക്യുപ്മെന്റ്സ് ഇൻസ്റ്റാൾ ചെയ്ത് ഡയാലിസിസ് സെന്റർ ആരംഭിക്കാൻ കഴിയുന്നതാണ്.

തേക്കുവനം സബ് സെന്റർ വികസനം

234 (2280) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ തച്ചമ്പാറ കുടുംബാരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന പാലക്കയത്തേയ്ക്ക് യാത്രാസൗകര്യം കുറവായതിനാൽ

പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ തേക്കുവനം സബ്സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

തേക്കുവനം സബ്സെന്റർ (തെക്കുംപുറം സബ്സെന്റർ) ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. നിലവിൽ ആഴ്ചയിൽ ഒരു ദിവസം ഡോക്ടറുടെ സേവനവും എൻ.സി.ഡി. മരുന്ന് വിതരണവും നടത്തുന്നുണ്ട്.

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക്

235 (2281) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകളും ഡോക്ടർമാരുടെ പരിശോധനാ ഫീസും ഏകീകരിച്ച് രോഗികൾക്ക് വിവേചനമില്ലാത്ത ചികിത്സ ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആരൊക്കെയാണ് പ്രസ്തുത നിവേദനങ്ങൾ നൽകിയതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ലഭ്യമായ നിവേദനങ്ങൾ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിക്ക് ആവശ്യമായ നടപടിക്ക് നൽകിയിരുന്നു.

i. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ കാസർഗോഡ് ജില്ലാ കമ്മിറ്റി നൽകിയ നിവേദനം.

ii. തിരുവനന്തപുരം കോസ്മോപൊളിറ്റൻ ഹോസ്പിറ്റലിനെതിരെ ശ്രീ. ബെന്നി കോട്ടപ്പുറം നൽകിയ പരാതി,

iii. ശ്രീ. എൻ. എസ്. അലക്സാണ്ടർ സമർപ്പിച്ച നിവേദനം.

(സി) ഇപ്രകാരം ലഭിച്ച നിവേദനം/പരാതി നടപടി സ്വീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന് അയച്ചുകൊടുത്തിരുന്നോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഏത് പരാതിയാണ് അയച്ചുകൊടുത്തതെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(സി&ഡി) ലഭ്യമായ പരാതികളെല്ലാം കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

i. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ കാസർഗോഡ് ജില്ലാ കമ്മിറ്റി നൽകിയ നിവേദനം - സർക്കാരിന്റെ 9-2-2024-ലെ FW3/299/2022-HEALTH കത്തുപ്രകാരം മറുപടി നൽകിയിട്ടുണ്ട്.

ii. തിരുവനന്തപുരം കോസ്മോപൊളിറ്റൻ ഹോസ്പിറ്റലിനെതിരെ ശ്രീ. ബെന്നി കോട്ടപ്പുറം നൽകിയ പരാതി - സർക്കാരിന്റെ 10-02-2024-ലെ FW3/45/2022-HEALTH കത്തുപ്രകാരം മറുപടി നൽകിയിട്ടുണ്ട്.

iii. ശ്രീ. എൻ. എസ്. അലക്സാണ്ടർ സമർപ്പിച്ച നിവേദനം - സർക്കാരിന്റെ 10-02-2024-ലെ FW1/257/2022-HEALTH കത്തുപ്രകാരം മറുപടി നൽകിയിട്ടുണ്ട്.

(ഇ) ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു.) വകുപ്പിന്റെ 23-01-2023-ലെ ഹെൽത്ത് എഫ്.ഡബ്ല്യൂ. 3/280/2022/ഹെൽത്ത് കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകളും ഡോക്ടർമാരുടെ പരിശോധനാ ഫീസും ഏകീകരിച്ച് രോഗികൾക്ക് വിവേചനമില്ലാത്ത ചികിത്സ ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. എ. അബ്ദുൽ റഹ്മാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ C.M.O പോർട്ടൽ മുഖാന്തരം സമർപ്പിച്ച നിവേദനം എഫ്.ഡബ്ല്യു.3/280/2022/ഹെൽത്ത് നമ്പർ ഫയലിൽ ചേർത്ത് ഉചിതനടപടി സ്വീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിക്ക് 23-01-2023-ലെ കത്തുപ്രകാരം നൽകിയിട്ടുണ്ട്. കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10-02-2024-ലെ കത്തുപ്രകാരം ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതുമാണ്.

അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സഹായം

236 (2282) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവമാറ്റ ശസ്ത്രക്രിയകൾക്കായി നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

അവയവമാറ്റ ശസ്ത്രക്രിയകൾക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയും മെഡിസെപ്, കാസ്പ്, താലോലം എന്നീ പദ്ധതികൾ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി രോഗികൾക്ക് രണ്ട് മുതൽ അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ സൗജന്യമായി നൽകിവരുന്നു.

ജനറിക് മരുന്നുകളുടെ ഉപയോഗം

237 (2283) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതുമൂലമുണ്ടാകുന്ന ഭീമമായ ചികിത്സാചെലവുകൾ കുറയ്ക്കുന്നതിന് ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് മരുന്നുകൾ മാത്രമാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്നത്. ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിൽവരുന്ന ആശുപത്രികളിൽ രോഗികൾക്ക് നൽകുന്ന കുറിപ്പടിയിൽ മരുന്നുകളുടെ ജനറിക് പേരുകൾ മാത്രമേ കുറിച്ചുനൽകാവൂ എന്നുള്ള നിർദ്ദേശം ഡോക്ടർമാർക്ക് നൽകിയിട്ടുണ്ട്.

ആയത് ഉറപ്പാക്കാനായി ആരോഗ്യ വകുപ്പിനുകീഴിൽ പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. പ്രിസ്ക്രിപ്ഷൻ ഓഡിറ്റിംഗ് പരിശോധിക്കുന്നതിനായി സ്ഥാപനതല, ജില്ലാതല പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് കമ്മിറ്റികളും ആരോഗ്യ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. മുൻവർഷത്തെ ഉപഭോഗം കണക്കിലെടുത്തും ഓരോ സ്ഥാപനങ്ങളിലെയും ഒ.പി., ഐ.പി. കണക്കുകളും സ്പെഷ്യാലിറ്റി സർവ്വീസുകളും കണക്കിലെടുത്തും ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കാനുതകുന്ന തരത്തിൽ കൃത്യമായ തയ്യാറെടുപ്പോടെ സമയബന്ധിതമായി ഇൻഡന്റ് ഓരോ സ്ഥാപനവും തയ്യാറാക്കി ആയത് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കെ.എം.എസ്.സി.എൽ. വഴി എസൻഷ്യൽ മരുന്നുകളും സ്പെഷ്യാലിറ്റി മരുന്നുകളും വാങ്ങി വിതരണം ചെയ്ത്, എല്ലാ രോഗികൾക്കും ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ ഉറപ്പാക്കുന്നു. ജനറിക് മരുന്നുകൾക്ക് ഒരുതരത്തിലും ദൗർലഭ്യം നേരിടാതിരിക്കാനായി ദർഘാസ് വ്യവസ്ഥപ്രകാരം വാർഷിക ഇൻഡന്റിന്റെ പരമാവധി 25 ശതമാനംവരെ

അധികം സംഭരിച്ച് ജനറിക് മരുന്നുകളുടെ ലഭ്യത കെ.എം.എസ്.സി.എൽ. ഉറപ്പുവരുത്തുന്നു.

മരുന്ന് വിതരണം ചെയ്ത ഏജൻസികൾക്ക് നൽകാനുള്ള കുടിശ്ശിക

238 (2284) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ കോളേജുകൾക്കും ജനറൽ ആശുപത്രികൾക്കും താലൂക്കാശുപത്രികൾക്കും മരുന്ന് വിതരണം ചെയ്ത വകയിൽ വിവിധ ഏജൻസികൾക്ക് എത്ര രൂപവീതം നൽകാനുണ്ടെന്ന് അറിയിക്കുമോ?

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്ന് സംഭരണ പ്രക്രിയകൾക്കായി 356.40 കോടി രൂപയാണ് സംസ്ഥാന സർക്കാർ കെ.എം.എസ്.സി.എൽ.-ന് വകയിരുത്തിയിട്ടുള്ളത്. അതിൽ 255.562 കോടി രൂപ കെ.എം.എസ്.സി.എൽ.-ന് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 100.838 കോടി രൂപ അനുവദിക്കാനുമുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നകാര്യം ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

കോർപ്പറേഷനിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽനിന്നും സർക്കാർ ആശുപത്രികളിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും മരുന്ന് വിതരണം ചെയ്തതിന്റെ ഭാഗമായി ആരോഗ്യവകുപ്പിൽനിന്നും 56.12 കോടി രൂപയും ദേശീയ ആരോഗ്യ ദൗത്യത്തിൽനിന്ന് 13.57 കോടി രൂപയും കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷനിൽനിന്ന് 20.19 കോടി രൂപയും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽനിന്ന് 1 കോടി രൂപയുമടക്കം ആകെ 90.88 കോടി രൂപ കെ.എം.എസ്.സി.എൽ.-ന് നാളിതുവരെ ലഭിക്കാനുണ്ട്.

എം.എൽ.എ. ഫണ്ടുപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ

239 (2285) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ എംഎൽഎ.-യുടെയും ആസ്തിവികസന ഫണ്ടിൽനിന്നും നീക്കിവച്ചിരുന്ന നാല് കോടി രൂപയുപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; നാളിതുവരെ എത്രയെണ്ണമാണ് പൂർത്തിയാക്കിയത്; വിശദമാക്കാമോ;

(ബി) മറ്റേതെല്ലാം പ്രവർത്തനങ്ങൾക്കായാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളതെന്നും എം.എൽ.എ. ഫണ്ടിൽനിന്നും നാല് കോടി രൂപ നീക്കിവച്ചിട്ടും പദ്ധതിക്കായി കിഫ്ബി ഫണ്ട് വകയിരുത്താനിടയായ സാഹചര്യങ്ങളെന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) 26-07-2021-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 1555/2021/H&FWD പ്രകാരം 50 ശതമാനം കിഫ്ബി ഫണ്ടും 50 ശതമാനം എം.എൽ.എ. ആസ്തിവികസന ഫണ്ടും ചേർത്ത് ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ആകെ 1,75,96,748/- (Building Construction-1,31,65,248/- & Equipments-44,31,500/-) രൂപ വകയിരുത്തിയിട്ടുണ്ട്. 140 നിയോജകമണ്ഡലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് എന്ന പദ്ധതിയിൽ ആദ്യഘട്ടമെന്ന നിലയിൽ 90 ആശുപത്രികളാണ് നിർമ്മാണത്തിന് തെരഞ്ഞെടുത്തത്. സ്ഥല ലഭ്യതയനുസരിച്ച് വിവിധ ഘട്ടത്തിൽ 88 ആശുപത്രികളിൽ നിർമ്മാണത്തിന് അനുമതി നൽകുകയുണ്ടായി. ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച 10 ഐസൊലേഷൻ വാർഡുകളുടെ ഉദ്ഘാടനം കഴിയുകയും

രണ്ടാംഘട്ട ഉദ്ഘാടനത്തിനായി 39 വാർഡുകൾ സജ്ജവുമാണ്. 49 ആശുപത്രിയിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഐസൊലേഷൻ വാർഡ് നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോ; ഇതുസംബന്ധിച്ച പരിശോധനകൾ നടത്തുന്നതാരാണ്; ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ പലയിടത്തും അപാകതകളുണ്ടെന്നും നിർമ്മാണത്തിന്റെ നിലവാരം കുറവാണെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചാണ് ഐസൊലേഷൻ വാർഡ് നിർമ്മാണം നടക്കുന്നത്. ആരോഗ്യ വകുപ്പിലെ കിഫ്ബി വർക്കുകൾക്ക് മേൽനോട്ടം വഹിക്കുന്ന ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളെ ഈ പ്രവൃത്തികളുടെ നിരീക്ഷണത്തിനും മേൽനോട്ടത്തിനുമായി നിയോഗിച്ചിട്ടുണ്ട്. വിദഗ്ധ സംഘത്തിന്റെ മേൽനോട്ടത്തിലാണ് ഐസൊലേഷൻ വാർഡിന്റെ ഡിസൈനും പ്രവർത്തനങ്ങളും നടക്കുന്നത്.

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ കിഫ്ബിയിൽനിന്നുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നുണ്ട്. നിർമ്മാണ കാലയളവിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്.

(ഡി) ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണച്ചുമതല ആർക്കാണ്; ഇതിനായുള്ള കരാർ ഏറ്റെടുത്തത് ഏത് സ്ഥാപനമാണ്; കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടത്?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണ ഏജൻസി. കരാർ വ്യവസ്ഥ പ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

(ഇ) പ്രവൃത്തി പൂർത്തിയായശേഷം സ്ഥാപിക്കുന്ന ബോർഡുകളിൽ എം.എൽ.എ. ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ആസ്തി എന്നനിലയിൽ ഐസൊലേഷൻ വാർഡുകൾക്കുമുന്നിൽ സ്ഥാപിക്കുന്ന ബോർഡിലുൾപ്പെടുത്തേണ്ട വിവരങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനും നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള പരിശോധന ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഇ&എഫ്) പ്രവൃത്തി പൂർത്തിയായ ഐസൊലേഷൻ വാർഡുകളിൽ സ്ഥാപിക്കുന്ന ബോർഡുകളിലും ഉദ്ഘാടന ശിലാ ഫലകത്തിലും എം.എൽ.എ. ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായ ഐസൊലേഷൻ വാർഡുകളിൽ പ്രവൃത്തിയുടെ വിശദാംശങ്ങളടങ്ങിയ ബോർഡ് സ്ഥാപിക്കുന്നുണ്ട്. ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കിഫ്ബിയിൽനിന്നുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള നിർമ്മാണ സാമഗ്രികളുടെ പരിശോധന, നിർമ്മാണ പുരോഗതി, ഘട്ടംഘട്ടമായുള്ള പൂർത്തീകരണം, നിർമ്മാണം

പൂർത്തിയാകുന്ന വാർഡുകളുടെ ബില്ലുകൾ എന്നിവ കിഫ്ബി ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിച്ച് പ്രവൃത്തികളും ബില്ലുകളും പരിശോധിച്ചശേഷമാണ് കരാറുകാരന് പേയ്മെന്റ് റിലീസ് ചെയ്യുന്നത്.

മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി

240 (2288) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മോർച്ചറിയും അനുബന്ധ സൗകര്യങ്ങളും വിപുലപ്പെടുത്തിയ സാഹചര്യത്തിൽ രാത്രി സമയങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ മോർച്ചറിയും അനുബന്ധ സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിന് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിച്ച് ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ

പ്രയോജനപ്പെടുത്തി സംശയരഹിതമായ കേസുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തിവരുന്നു.

(ബി) മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മഞ്ചേരി നഴ്സിംഗ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) 05-07-2023-ൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള മഞ്ചേരി ചെരണിയിലെ ടി.ബി. സെന്ററിനോടനുബന്ധിച്ചുള്ള സ്ഥലത്ത് നഴ്സിംഗ് കോളേജിനും നഴ്സിംഗ് സ്കൂളിനും സംയുക്ത കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള
എം.ബി.ബി.എസ്. സീറ്റുകൾ

241 (2289) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം, അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളും ഡോക്ടർ തസ്തികകളും, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകൾ എന്നിവയുടെ വിശദാംശവും ഇവയിൽനിന്നും ലീൻ ഉൾപ്പെടെ ഏതെങ്കിലും തസ്തികകൾ മാറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികയും അവ എവിടേയ്ക്കാണ് മാറ്റിയതെന്നും ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം എന്നിവയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ	-	175
സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ	-	175

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 175

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - 250

പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ട വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ഡോക്ടർ തസ്തികകളുടെയും വിശദാംശങ്ങളും പാരാമെഡിക്കൽ തസ്തികകളുടെ വിശദാംശങ്ങളും ലീൻ ഉൾപ്പെടെ മാറ്റിയിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - 1148

സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ - 2003

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 2289

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - 3448

(ബി) ഒരേ എണ്ണം എം.ബി.ബി.എസ്. സീറ്റുകളുള്ള മെഡിക്കൽ കോളേജുകളിൽ വിന്യസിച്ചിട്ടുള്ള ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എണ്ണത്തിൽവന്ന വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് നീതിപൂർവ്വം പുന:ക്രമീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ സ്ഥാപിക്കുകയും ആയതിൻപ്രകാരം ഈ കാലഘട്ടത്തിലെ രോഗീപരിചരണം, മെഡിക്കൽ വിദ്യാഭ്യാസം എന്നിവയുടെ ആവശ്യത്തിന്മേലാണ് അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ആയത് പുന:ക്രമീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

കരാർ/ദിവസവേതന ഫാർമസിസ്റ്റുകളുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും വേതനം പുതുക്കൽ

242 (2290) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിയമിക്കുന്ന കരാർ/ദിവസ വേതനക്കാരായ ഫാർമസിസ്റ്റുകൾ, പാരാമെഡിക്കൽ

ജീവനക്കാർ എന്നിവരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ അത്തരം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനങ്ങൾ നടത്താറുണ്ട്. ഇത്തരം നിയമനങ്ങളിൽ ബന്ധപ്പെട്ട തസ്തികയുടെ അടിസ്ഥാന ശമ്പളം വേതനമായി നൽകുന്നു. എന്നാൽ ഇത്തരത്തിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പത്രപ്പരസ്യം നൽകി ഇന്റർവ്യൂ നടത്തി അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക നിയമനങ്ങൾ നടത്താറുണ്ട്. ഇത്തരം നിയമനങ്ങളിൽ 11-02-2021-ലെ സ.ഉ. (പി) നം. 29/2021/ധന എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിനും നിർവ്വചിച്ചിരിക്കുന്ന തുക ദിവസവേതനമായി നൽകുന്നു. ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ (എച്ച്.എം.സി.) രൂപീകരിച്ചിരിക്കുന്നത് കേരള

പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010, കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2013 എന്നിവയുടെ അടിസ്ഥാനത്തിലാണ്. എച്ച്.എം.സി. വഴി നിയമിതരാകുന്ന ജീവനക്കാർക്ക് നൽകേണ്ട വേതനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ടി ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. ഓരോ സ്ഥാപനങ്ങളിലെയും എച്ച്.എം.സി.-യുടെ വരുമാനത്തിനനുസൃതമായിട്ടാണ് ആ സ്ഥാപനങ്ങളിലെ എച്ച്.എം.സി. ജീവനക്കാർക്ക് വേതനം നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നാഷണൽ ഹെൽത്ത് മിഷൻ വഴിയും (എൻ.എച്ച്.എം.) നടത്തുന്ന നിയമനങ്ങളിൽ വേതനം സംബന്ധിച്ച് അതത് വകുപ്പുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ആയതിനാൽ ഇത്തരം താൽക്കാലിക നിയമനങ്ങൾക്ക് ഏകീകൃതമായ ഒരു ശമ്പള ഘടനയില്ല. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിയമിക്കുന്ന കരാർ/ദിവസ വേതനക്കാരായ ഫാർമസിസ്റ്റുകൾ,

പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ലില്ല.

അർബൻ പോളി ഡെന്റൽ ഹൈജീനിസ്റ്റ്

243 (2291) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എൻ.എച്ച്.എം. പദ്ധതിപ്രകാരം ഡെന്റൽ പോളിക്ലിനിക്കുകൾ ആരംഭിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികയാണെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പിൽ എൻ.എച്ച്.എം. പദ്ധതിപ്രകാരം ഡെന്റൽ പോളിക്ലിനിക്കുകൾ ആരംഭിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഡെന്റൽ ഓക്സിലിയറി സ്റ്റാഫിന്റെ തസ്തിക രൂപീകരിക്കുന്നത് എൻ.എച്ച്.എം. വഴിയാണ്. ഇതിൽ ഓരോ യൂണിറ്റുകളിലേയ്ക്കും ആവശ്യമായ ഡെന്റൽ മെക്കാനിക്/ഡെന്റൽ ഹൈജീനിസ്റ്റ്/ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് തസ്തികളുണ്ടായിരിക്കുന്നതാണ്. നിലവിൽ സർക്കാർ ഉത്തരവ് (20-05-2023

–ലെ സ.ഉ. (സാധാ) നം. 1078/2023/ത.സ്വ.ഭ.വ.) പ്രകാരം സംസ്ഥാനത്ത് 40 അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്.

(ബി) എൻ.ഒ.എച്ച്.പി. പദ്ധതിപ്രകാരം ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക വേണമെന്നിരിക്കെ തികച്ചും വിഭിന്നമായ ഡെന്റൽ അസിസ്റ്റന്റ് തസ്തികമാത്രം സൃഷ്ടിക്കുന്നത് പുനഃപരിശോധിക്കുമോ?

എൻ.ഒ.എച്ച്.പി. പദ്ധതിപ്രകാരം ഡെന്റൽ ഓക്സിലിയറി സ്റ്റാഫുകളായ ഡെന്റൽ മെക്കാനിക്/ഡെന്റൽ ഹൈജീനിസ്റ്റ്/ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് തസ്തികകളുണ്ടായിരിക്കുന്നതാണ്.

(സി) ഡെന്റൽ പോളിക്ലിനിക്കിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തി ജോലി ഉത്തരവാദിത്തങ്ങൾ നിർവചിക്കാൻ നടപടി സ്വീകരിക്കാമോ?

ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം നിർവ്വചിക്കുന്ന 17-07-1987-ലെ സ.ഉ. (സാധാ) നം. 2167/1987/ആ.കു.വ. നമ്പർ പ്രകാരം ഡെന്റൽ പോളിക്ലിനിക്കിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നിയമപ്രകാരം അസിസ്റ്റൻസും ഡെന്റൽ ഹൈജീനിസ്റ്റും തികച്ചും വ്യത്യസ്തങ്ങളായ തസ്തികകളാണെന്ന വസ്തുത ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുപകരം ഡെന്റൽ അസിസ്റ്റന്റായി ഡെന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കാനുള്ള തീരുമാനം പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തീരുമാനമെടുത്തിട്ടില്ല.

ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ്

244 (2292) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കഴിഞ്ഞ 13 വർഷമായി ശമ്പള വർദ്ധനവ് നടപ്പാക്കിയിട്ടില്ല

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. ചവറ മണ്ഡലത്തിൽ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ആശാപ്രവർത്തകരെ നിയോഗിക്കുന്നത് സംബന്ധിച്ച്

245 (2293) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ആശാപ്രവർത്തകരെ നിയോഗിച്ചത് ഏതുവർഷം മുതലാണ്; അന്ന് ഇവരുടെ ഓണറേറിയം എത്ര രൂപയായിരുന്നു; ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ എത്ര ആശാപ്രവർത്തകരാണുള്ളത്?

2007-ലാണ് കേരളത്തിൽ ആദ്യമായി ആശാപ്രവർത്തകരെ നിയമിച്ചത്. 2011-ലാണ് ആദ്യമായി ആശാപ്രവർത്തകർക്ക് പ്രതിമാസ

ഓണറേറിയം നൽകിത്തുടങ്ങിയത്. അന്ന് 500 രൂപ ആയിരുന്ന ആശമാരുടെ പ്രതിമാസ ഓണറേറിയം. ഇപ്പോൾ 26125 ആശമാർ 14 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു.

(ബി) മുൻസർക്കാർ അധികാരമേൽക്കുമ്പോൾ ഇവരുടെ ഓണറേറിയം എത്രയായിരുന്നു; ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇപ്പോഴത്തെ ഓണറേറിയം എത്രയാണ്; വ്യക്തമാക്കാമോ?

മുൻസർക്കാർ അധികാരത്തിൽ വരുമ്പോൾ ആശാ പ്രവർത്തകരുടെ ഓണറേറിയം 1,500/- രൂപയായിരുന്നു. പിന്നീട് 2017-18-ൽ ഇത് 2,000/- രൂപയായും 2018-19 ൽ 4,000 രൂപയായും 2019-20 -ൽ 4,500 രൂപയായും 2020-21 -ൽ 5,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ആശാ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം 6,000/- രൂപയാണ്. 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പ്രതിമാസ ഓണറേറിയം 6,000/- രൂപയിൽനിന്ന് 7,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ 09-02-2024-ലെ സ.ഉ. (സാധാ) നം. 397/2024/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ തസ്തികകൾ

246 (2294) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ നിയമനത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒരു ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലുണ്ട്. ടി തസ്തികയിലെ ഒഴിവ് 28-02-2014 തീയതിപ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തികയിലെ നിയമനത്തിനായി കേരള പി.എസ്.സി.-യിൽനിന്നും നിയമന ഉത്തരവ് ലഭ്യമാകുന്നമുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ.)

പോലെയുള്ള സ്ഥാപനങ്ങളിൽ ബാച്ചലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി കോഴ്സിലെ നിശ്ചിത വിഷയങ്ങൾ പഠിപ്പിക്കാൻ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ ഡോക്ടർമാരുടെ പാർട്ട് ടൈം സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിലെ ദിവസവേതന ജീവനക്കാർ അവരുടെ സേവന - വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിവേദനത്തിന്മേൽ (6243712/2022 & ഇ 2136776 (ഇ എക്സ് പി-സി 3/91/2022-ഫിൻ) ഭരണവകുപ്പിൽനിന്നും ശിപാർശ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിലെ ദിവസവേതന ജീവനക്കാർ അവരുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിവേദനത്തിന്മേൽ നിപ്മർ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ഈ വിഷയം സാമൂഹ്യനീതി വകുപ്പ് പരിശോധിക്കുകയും പൊതുവായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാറ്റഗറി VII-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയുടെ കാറ്റഗറി ഉയർത്തി നൽകേണ്ട സാഹചര്യം നിലവിലില്ല എന്നതിനാൽ നിപ്മർ-ലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ കരാർ വേതനം കാറ്റഗറി VII-ൽനിന്ന് കാറ്റഗറി X-ലേയ്ക്ക് ഉയർത്തി നൽകണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് നിപ്മർ-നെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

(ഡി) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമത്തിന്റെ പരിധിയിൽ സെക്ഷൻ 22 പ്രകാരം രൂപീകൃതമായ കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. 2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് 28-09-2022-ലെ സ.ഉ. (പി) 53/2022/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരമാണ് കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകൃതമായിട്ടുള്ളത്. ടി ആക്ടിന്റെ ഷെഡ്യൂളിലെ ക്ലോസ് (6) പ്രകാരം ഒക്യുപേഷണൽ തെറാപ്പി വിഭാഗത്തിൽപ്പെട്ട 2 ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ സ്റ്റേറ്റ് കൗൺസിലിൽ ഉൾപ്പെടുത്താവുന്നതാണ്. കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിലിലേയ്ക്ക് അംഗങ്ങളെ നിയമിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് 2 ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

ഗവൺമെന്റ് ഹോമിയോപതിക് മെഡിക്കൽ കോളേജുകളിലെ കേസ് ടേക്കിംഗ് & റെഫർട്ടറൈസേഷൻ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

247 (2295) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ കേസ് ടേക്കിംഗ് & റെപ്പർട്ടറൈസേഷൻ വിഭാഗത്തിൽ നാളിതുവരെ പി.എസ്.സി. മുഖേന നിയമനം ലഭിച്ച അദ്ധ്യാപകരുടെ എൻട്രി കേഡർ തസ്തിക ഏതെല്ലാമാണെന്നും പ്രസ്തുത അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെങ്കിൽ അവരുടെ നിലവിലെ തസ്തിക ഏതാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

എൻട്രി കേഡർ തസ്തിക – ട്യൂട്ടർ.

സ്ഥാനം കയറ്റം ലഭിച്ച തസ്തികകൾ - ലക്ചറർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ.

ടി വകുപ്പിൽ ട്യൂട്ടർ തസ്തികയിൽ നിയമനം ലഭിച്ച നിലവിലുള്ള മൂന്ന് അദ്ധ്യാപകരിൽ രണ്ടുപേർ പ്രൊഫസർ തസ്തികയിലും ഒരാൾ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും ജോലി നോക്കിവരുന്നു.

(ബി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ പി.എസ്.സി. മുഖേന നിയമനം ലഭിച്ച അദ്ധ്യാപകരുടെ പേര്, നിയമന തീയതി, പ്രസ്തുത

തസ്തികയിൽ പ്രവേശിച്ച തീയതി, വിരമിച്ച തീയതി എന്നിവ ഇനംതിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി 1-ആയി ചേർക്കുന്നു.+

(സി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ പി.എസ്.സി. മുഖേന നിയമിക്കപ്പെട്ട മുഴുവൻ അദ്ധ്യാപകർക്കും ലഭിച്ച അഡ്വൈസ് മെമ്മോയുടെ പകർപ്പ്/നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അഡ്വൈസ് മെമ്മോയുടെ പകർപ്പ് അനുബന്ധം 2-ആയി ചേർക്കുന്നു.+

(ഡി) പ്രസ്തുത വിഭാഗത്തിൽ നാളിതുവരെയുള്ള പി.എസ്.സി. മുഖേനയുള്ള അദ്ധ്യാപക നിയമനങ്ങളിൽ പട്ടികജാതി/മറ്റ് പിന്നാക്ക വിഭാഗത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് സംവരണ ഊഴമനുസരിച്ച് നിയമനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

പ്രസ്തുത തസ്തികയ്ക്ക് സംവരണക്രമം പാലിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി/മറ്റ് പിന്നാക്ക വിഭാഗത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്കുള്ള സംവരണ ഊഴം മറികടന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

21-03-1987-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ (48/87/SSI), SC/ST ഉദ്യോഗാർത്ഥികൾ ലഭ്യമായിരുന്നില്ല. MRI4 SC ഊഴം ടി വിഭാഗത്തിൽ ഉദ്യോഗാർത്ഥികളില്ലാത്തതിനാൽ വിശ്വകർമ്മ വിഭാഗത്തിന് (SC/NCA/V) നൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്കുള്ള സംവരണ ഊഴം മറികടന്ന് മറ്റ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ടിയിരുന്ന സംവരണ ഊഴം ബാക് ലോഗ് ആയിട്ടുണ്ടെന്ന് നിയമനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

വിശ്വകർമ്മ വിഭാഗത്തിന്റെ ടേൺ വരുന്നമുറയ്ക്ക് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനമെടുക്കുന്നതാണ്.

മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ

248 (2296) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മാസങ്ങളായി ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ക്ലാർക്ക് എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വരനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ 30-01-2024-നും 03-02-2024-നും പുറപ്പെടുവിച്ച സ്ഥാനക്കയറ്റ ഉത്തരവുകളിലൂടെ നികത്തിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ നിലവിൽ ഒഴിവില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ഒരൊഴിവ്

നിലവിലുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. നാമനിർദ്ദേശം ചെയ്ത ഒരു ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാർക്ക് തസ്തികയിലുള്ള ഒരു ഒഴിവിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. നിയമിതനായ ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക

249 (2297) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ആരോഗ്യവകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ നിലവിലെ ഉത്തരവാദിത്തങ്ങൾക്കും ചുമതലകൾക്കും പുറമെ ആരോഗ്യവകുപ്പിൽ നടത്തുന്ന ഡെന്റൽ ക്യാമ്പുകളിൽ ദന്ത ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നുണ്ട്. രോഗികൾക്കും കുട്ടികൾക്കും ബ്രഷിംഗ് ടെക്നിക് ഡെമോൺസ്ട്രേഷൻ, ഔട്ട് റീച്ച് ആക്ടിവിറ്റീസ്,

ദന്താരോഗ്യ വിദ്യാഭ്യാസം, IEC/BCC ആക്ടിവിറ്റീസ് തുടങ്ങിയവയിൽ ഡെന്റൽ സർജന്മാരോടൊപ്പം അവരെ സഹായിക്കാൻ ദന്തൽ ഹൈജീനിസ്റ്റുമാരെ ഉപയോഗിക്കുന്നതുവഴി കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുകയും ഇവരുടെ സേവനം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യുന്നു.

(ബി) ഡെന്റൽ യൂണിറ്റുകളുണ്ടായിട്ടും ഡെന്റൽ ഹൈജീനിസ്റ്റുകളില്ലാത്ത ആശുപത്രികളിൽ ഡെന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) തിരുരങ്ങാടി സർക്കാർ താലൂക്കാശുപത്രിയിൽ ഡെന്റിസ്റ്റ് ഉണ്ടായിട്ടും ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയില്ലെന്നത് പരിഗണിച്ച് പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

(ബി&സി) അത്യാവശ്യമായി വേണ്ടിവരുന്ന സ്ഥലത്ത് അനിവാര്യമായ എണ്ണം തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി കണ്ടെത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നകാര്യം പരിശോധിച്ചുവരുന്നുണ്ട്.

സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാരില്ലാതെ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ

250 (2298) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ആശുപത്രികൾ വർഷങ്ങളായി സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാരില്ലാതെ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇടുക്കി ജില്ലയിൽ 50 കിടക്കകളുള്ള ഗവൺമെന്റ് ആയുർവേദ ആശുപത്രി പാറേമാവിലും 30 കിടക്കകളുള്ള ഗവൺമെന്റ് ആയുർവേദ ആശുപത്രി കല്ലാറിലും നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിലെ 03-05-1978-ലെ G.O. (Ms) No. 128/78/HD സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സ് തസ്തികകൾ നിലവിലുണ്ട്. 100 കിടക്കകളുള്ള ആശുപത്രിയായ ഗവൺമെന്റ് ആയുർവേദ ആശുപത്രി തൊടുപുഴയ്ക്ക് 7 നഴ്സും 1 നഴ്സിംഗ് സൂപ്രണ്ടുമാണ് നിലവിലുള്ളത്. അവിടെ സ്റ്റാഫ് പാറ്റേൺ നിലവിലില്ല.

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് കാറ്റഗറി നമ്പർ 016/2021 റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ജില്ലയിൽ നഴ്സ് തസ്തികയിൽ ഒഴിവുകൾ വരുന്നമുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം

251 (2299) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിൽ നിലവിൽ അഞ്ച് ഒഴിവുകളുണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2024 നവംബർ 30 വരെ പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഏതെല്ലാം മാസങ്ങളിൽ എത്ര ഒഴിവുകൾ വീതമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

2024 നവംബർ 30 വരെ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ പ്രതീക്ഷിത ഒഴിവുകളില്ല.

(സി) ജീവനക്കാർ ദീർഘകാലത്തേയ്ക്ക് അവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; 2024 നവംബർ 30 വരെ വിരമിക്കൽ, പ്രൊമോഷൻ എന്നിവ മുഖേന എത്ര ഒഴിവുകളുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ജീവനക്കാർ ദീർഘകാലത്തേയ്ക്ക് അവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഒരൊഴിവുണ്ട്. 2024 നവംബർ 30 വരെ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ വിരമിക്കൽ, പ്രൊമോഷൻ മുഖേനയുള്ള പ്രതീക്ഷിത ഒഴിവുകളില്ല.

(ഡി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 കാറ്റഗറിയിൽ എത്ര അനുവദനീയ തസ്തികകളാണുള്ളതെന്ന്

വ്യക്തമാക്കാമോ; ഇതിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ 181 അനുവദനീയ തസ്തികകളുണ്ട്. ടി തസ്തികകളിൽ 176 പേർ ജോലി ചെയ്യുന്നുണ്ട്.

(ഇ) മറ്റ് ജില്ലകളെ അപേക്ഷിച്ച് പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നികത്തുന്നതിന് നടപടിയുണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം ത്വരിതഗതിയിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-2) തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ സയമബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

ത്വരിതപ്പെടുത്താൻ ജില്ലയിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും കൃത്യമായി ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്യുന്നുണ്ട്.

നിയമനം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി

252 (2300) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി പ്രവർത്തിക്കവെ 12-08-2018-ൽ മരണപ്പെട്ട ഡോ. അൻവർ എം. കെ.-യുടെ ഭാര്യ ശ്രീമതി അനീസ എം. ബഷീറിന് ആശ്രിത നിയമനപ്രകാരം ആരോഗ്യ വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് 24-09-2021-ന് 2067/2021 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭ്യമായിട്ടും നിയമനം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ടിയാൾക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിപ്രകാരം (Judgement dtd. 10-04-2019 in OP(KAT) No. 25/2019) ആരോഗ്യ വകുപ്പിലെ ക്ലാർക്ക് ആശ്രിത നിയമനം ഒരു വർഷത്തിൽ ഒരു ജില്ലയിലുണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമന പദ്ധതിപ്രകാരം സർക്കാർ ഉത്തരവായിട്ടും നിയമന ഉത്തരവ് ലഭിക്കാനായി 244 പേർ ആരോഗ്യ വകുപ്പിൽ മുൻഗണനാ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണന പട്ടികയിൽ ശ്രീമതി അനീസ എം. ബഷീറിന്റെ സീനിയോരിറ്റി 194 ആണ്. ആയതിനാൽ വകുപ്പിൽ ആശ്രിത നിയമനത്തിന് ഒഴിവ് വരുന്നമുറയ്ക്ക് മുൻഗണന സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് നിയമനം നൽകുവാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് മറ്റേതെങ്കിലും വകുപ്പിൽ നിയമനം നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

ശ്രീമതി അനീസ എം. ബഷീറിന്റെ അപേക്ഷ പരിഗണിച്ച് 24-09-2021-ലെ സ.ഉ. (കൈ) നം. 2067/2021/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിൽ മറ്റേതെങ്കിലും വകുപ്പിലേയ്ക്ക് തസ്തികമാറ്റത്തിന് ടിയാളുടെ അപേക്ഷ ലഭിച്ചിട്ടില്ല.

കുറ്റ്യാടി താലൂക്ക് ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

253 (2301) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി താലൂക്കാശുപത്രി ഉൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.

താലൂക്കാശുപത്രി, കുറ്റ്യാടി	
പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ	1

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- I	2
ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- I	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II	1
സി.എച്ച്.സി., തിരുവള്ളൂർ	
പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I	2
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- II	1
നഴ്സിംഗ് അസിസ്റ്റന്റ്	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II	1
എഫ്.എച്ച്.സി., വില്ല്യാപ്പള്ളി	
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- I	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II	2
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II	1
ഓഫീസ് അറ്റൻഡന്റ്	1
എഫ്.എച്ച്.സി., ആയഞ്ചേരി	
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I	2
എഫ്.എച്ച്.സി., പുറമേരി	
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- II	2
ക്ലാർക്ക്	1
എഫ്.എച്ച്.സി., വേളം	
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- I	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II	1

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I തസ്തികയിൽ 2014 മുതൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതും ഒഴിവുകൾ നികത്തപ്പെടുന്നതുമാണ്. ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുന്നതിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II-ലെ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ഓഫീസ് അറ്റൻഡന്റ്, ക്ലാർക്ക് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക്

നികത്തുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽനിന്നും പ്രൊമോഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതാണ്.

കോവളം മണ്ഡലത്തിൽ ഡയാലിസിസ് യൂണിറ്റ്

254 (2302) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ ഏതെങ്കിലും സർക്കാർ ആശുപത്രിയോടുചേർന്ന് ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോവളം മണ്ഡലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം മുതലായ ആരോഗ്യ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. നിലവിലെ മാനദണ്ഡമനുസരിച്ച്

താലൂക്കുതല ആശുപത്രികൾ മുതൽ മുകളിലോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നത്. ഈ ആവശ്യം നിലവിൽ പരിഗണനയിലില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടി

255 (2303) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വളളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളെയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥപനങ്ങൾക്കുവേണ്ടി വകുപ്പ് ആവശ്യപ്പെട്ട തുകയും വർഷവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) വളളിക്കുന്ന് നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന ആരോഗ്യ സ്ഥാപനങ്ങളെയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളത്.

FWC കുളക്കാട്ടു ചാലി (2023-24)

FWC പാലപ്പെട്ടി (2023-24)

FWC കരിപ്പൂർ (2023-24)

FWC ഒളങ്കര (2023-24)

FWC കൂപ്പ (2023-24)

ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, പള്ളിക്കൽ (2023-24)

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സബ് സെന്ററിന് 55.5 ലക്ഷം രൂപയും കുടുംബാരോഗ്യ കേന്ദ്രത്തിന് 143 ലക്ഷം രൂപയും CHC/ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിന് 575 ലക്ഷം രൂപയുമാണ് ഗ്രാന്റ് ലഭ്യമാകുന്നത്.

(സി) പ്രസ്തുത സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്തതോ കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്തതോ സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നതോ ആയ ആരോഗ്യ ഉപകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ

കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീം-1 മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ ജില്ലാ തലത്തിൽനിന്നും ക്ഷണിച്ചുകൊണ്ട് സംസ്ഥാനതല കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുകയും തുടർന്ന് സംസ്ഥാനതല കമ്മിറ്റിയുടെ ശിപാർശയോടുകൂടി ദേശീയ തലത്തിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്.

ഹോമിയോപ്പതി സ്ഥാപനങ്ങൾ

256 (2304) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൽ മാതൃക, എൻ.എ.ബി.എച്ച്., ഐ.എസ്.ഒ., ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്റർ എന്നീ നാല് ബഹുമതികൾ അലങ്കരിക്കുന്ന ഏതെങ്കിലും ഹോമിയോപ്പതി സ്ഥാപനമുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൽ മാതൃക, എൻ.എ.ബി.എച്ച്., ഐ.എസ്.ഒ., ആയുഷ് ഹെൽത്ത് ആന്റ് വെൽനസ് സെന്റർ എന്നീ നാല് ബഹുമതികൾ അലങ്കരിക്കുന്ന ഹോമിയോപ്പതി സ്ഥാപനങ്ങളില്ല.

(ബി) എങ്കിൽ ഈ സ്ഥാപനത്തിൽ ദിവസേന എത്ര രോഗികൾ ചികിത്സ തേടുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കിടത്തി ചികിത്സ, ലബോറട്ടറി, ഫിസിയോതെറാപ്പി യൂണിറ്റ് എന്നീ സംവിധാനങ്ങൾ ഇവിടെയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) (എ) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

ആരോഗ്യമേഖലയിലെ നേട്ടങ്ങൾ

257 (2305) ശ്രീ. പി. നന്ദകുമാർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ ചികിത്സാരംഗത്തെ ദേശീയ നിലവാരത്തിലെത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇന്ത്യയിലെ മാതൃമരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി 2022 ഡിസംബറിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും കേരള സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്തെ ആരോഗ്യ ചികിത്സാരംഗത്തെ ദേശീയ നിലവാരത്തിലെത്തിക്കുന്നതിന് പ്രാഥമികാരോഗ്യതലം മുതൽ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ആർദ്രം എന്നൊരു ബൃഹത് കർമ്മ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുകയുണ്ടായി. ജീവിതശൈലീ രോഗനിർണ്ണയ പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആഴ്ചയിൽ ആറുദിവസവും എൻ.സി.ഡി. ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ശ്വാസകോശ രോഗമായ COPD, ആസ്ത്മ എന്നീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശ്വാസ് എന്ന

പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിക്കുകയുണ്ടായി. 172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി പരിശോധിക്കുന്നതിനായി നോൺ-മെടിയാറ്റിക് ക്യാമറകൾ വാങ്ങുകയും ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിഷാദരോഗം കണ്ടെത്തുന്നതിനായുള്ള ആശ്വാസ് ക്ലിനിക്കുകളും ഈ കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ 25 ആശുപത്രികളിലേയ്ക്ക് വികസിപ്പിച്ചിട്ടുണ്ട്. വീടുകളിൽ വച്ചുതന്നെ ഡയാലിസിസ് ചെയ്യാൻ സാഹചര്യമൊരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിച്ചു. പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.), ലക്ഷ്യ, മുസ്കാൻ എന്നീ ഗുണനിലവാര അംഗീകാരങ്ങളാണ് സംസ്ഥാനത്തെ ആരോഗ്യ ചികിത്സാരംഗത്ത് നടപ്പാക്കിവരുന്ന ക്വാളിറ്റി അഷ്വറൻസ്

ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ. നാളിതുവരെ കേരളത്തിലെ ആകെ 172 സർക്കാർ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചു. ഇതിൽ 74 ആശുപത്രികൾക്ക് പുനരംഗീകാരം ലഭിച്ചു. 5 ജില്ലാശുപത്രികൾ, 4 താലൂക്കാശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 115 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ.

സംസ്ഥാനത്തെ ആരോഗ്യ ചികിത്സയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾമുഖേന അവശ്യമരുന്നുകൾ, സ്പെഷ്യാലിറ്റി മരുന്നുകൾ, ജീവിതശൈലീരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, അർബുദ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, മറ്റ് ജീവൻരക്ഷാ ഔഷധങ്ങൾ തുടങ്ങിയവയുൾപ്പെടെ ഏകദേശം 700-ഓളം ജനറിക് മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മെഡിക്കൽ കോളേജുകളും വരെയുൾപ്പെടുന്ന വിപുലമായ ചികിത്സാ ശൃംഖല കേരളത്തിലെ സർക്കാർ മേഖലയിൽത്തന്നെ ലഭ്യമാണ്. പൊതുജനങ്ങൾക്ക് വളരെ കുറഞ്ഞ ചെലവിൽ വളരെ മികച്ച ആരോഗ്യ പരിപാലനം ഉറപ്പാക്കാൻ ഇതുവഴി കഴിയുന്നുണ്ട്. നിലവിൽ കേരളത്തിലെ ഓരോ ജില്ലയിലും ഓരോ മെഡിക്കൽകോളേജ് എന്നരീതിയിൽ 14 സർക്കാർ മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പുതിയ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ 100 വിദ്യാർത്ഥികളുൾപ്പെടുന്ന ഒരു അധിക ബാച്ചിനെയും പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിലേയ്ക്കാവശ്യമായ 43 അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വിവിധ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി 270 പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം:

സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി Quality Improvement Initiative എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ 571 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം 200-ൽനിന്നും 250 ആക്കി വർദ്ധിപ്പിച്ചു. പി.ജി. സീറ്റുകളുടെ എണ്ണം 218-ൽനിന്നും 248 ആയും സൂപ്പർ സ്പെഷ്യലിറ്റിയുൾപ്പെടെ ആകെ 306 സീറ്റുകൾ നിലവിലുണ്ട്. കൂടാതെ എമർജൻസി മെഡിസിൻ & ട്രോമകെയർ, നിയോനാറ്റോളജി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപത്തോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി, റീപ്രൊഡക്റ്റീവ് മെഡിസിൻ, ജെനറ്റിക്സ്, ജെറിയാട്രിക്സ്, ക്രിറ്റിക്കൽ കെയർ മെഡിസിൻ എന്നീ വകുപ്പുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇന്റർവെൻഷൻ റേഡിയോളജി, റുമറ്റോളജി വിഭാഗം ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എസ്.എ.ടി.

ആശുപത്രിയിൽ ലക്ഷ്യ (LaQshya) അംഗീകാരം നേടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി നിർമ്മാണം പൂർത്തീകരിച്ചു. മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം 2018-ൽ പൂർത്തീകരിച്ചു. കിഫ്ബിയുടെ സഹായത്തോടെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ റോഡ് വികസനം, ഫ്ളൈ ഓവർ നിർമ്മാണം, പാലങ്ങൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടം രോഗി പരിചരണത്തിന്റെയും അക്കാദമിക് സൗകര്യങ്ങളുടെയും വികസനത്തിനും ഊന്നൽ നൽകുന്നു.

MLT ബ്ലോക്ക് - 20 ശതമാനം പണികൾ പൂർത്തിയായി.

OT കം സർജിക്കൽ ബ്ലോക്ക് - ഘടനാപരമായ ഡിസൈൻ അന്തിമമായി.

SATH പുതിയ ബ്ലോക്ക് - ഘടനാപരമായ ഡിസൈൻ അന്തിമമായി.

ഹോസ്റ്റൽ ബ്ലോക്ക് – മണ്ണ് പരിശോധന പുരോഗമിക്കുന്നു.

ഇലക്ട്രിക്കൽ/വാട്ടർ/ടെലിഫോൺ എക്സ്ചേഞ്ച് വിപുലീകരിക്കൽ - എസ്റ്റിമേറ്റ് തയ്യാറാക്കി.

മൾട്ടിലെവൽ കാർ പാർക്കിംഗ് - ടെക്നിക്കൽ സാംഗ്ഷനുവേണ്ടി സമർപ്പിച്ചിരിക്കുന്നു.

ഇമേജോളജി കോംപ്ലക്സ് (MRI, CT & 2DR മെഷീൻ മുതലായവ) - ഉൾപ്പെടെ സമർപ്പിച്ച പ്രധാന ഉപകരണങ്ങളുടെ/ഫർണിച്ചറുകളുടെ/യൂട്ടിലിറ്റി ഇനങ്ങളുടെ ലിസ്റ്റ് കിഫ്ബി അംഗീകരിച്ചു.

കേന്ദ്രസർക്കാരിന്റെ അമൃതം പദ്ധതിയിലുൾപ്പെടുത്തി 5 MLD-യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും 150Kg/Hour-ന്റെ ഇൻസിനേറ്ററും സ്ഥാപിച്ചു. കാൻസർ ചികിത്സയ്ക്കായി ആധുനിക ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു. കാൻസർ ചികിത്സയ്ക്കും രോഗനിർണ്ണയത്തിനും ഉപയോഗിക്കുന്ന മറ്റൊരു ആധുനിക ഉപകരണമായ ടെലി കൊബാൾട്ട് മെഷീൻ റേഡിയോ തെറാപ്പി വിഭാഗത്തിൽ സ്ഥാപിച്ചു. ന്യൂറോളജി വകുപ്പിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ട്രോക്ക് ഐ.സി.യു. സ്ഥാപിച്ചു. മസ്തിഷ്കവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ കൃത്യമായ നിർണ്ണയത്തിന് 4.04

കോടി രൂപ ചെലവിൽ സി.ടി. ആൻജിയോഗ്രാം ഉപകരണം പ്രവർത്തനക്ഷമമാക്കി. ന്യൂറോളജി കാത്ത് ലാബ് സ്ഥാപിച്ചു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡ് 7, 8 എന്നിവ നവീകരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം എയർപോർട്ട് ചെയർ, റാംപ് പെയിന്റിംഗ്, ആർട്ട് വർക്ക്, പി.എ. സിസ്റ്റം തുടങ്ങിയവ പൂർത്തീകരിച്ചു. വാട്ടർ പ്യൂരിഫയർ, ടോയ്ലെറ്റ്, നഴ്സിംഗ് സ്റ്റേഷൻ എന്നിവ സജ്ജീകരിച്ചു. NPPMB സ്കീം മുഖേന കേന്ദ്ര സംസ്ഥാന വിഹിതം ഉപയോഗിച്ച് ബേൺസ് യൂണിറ്റ് സ്ഥാപിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ SPECT സ്കാനർ സ്ഥാപിച്ചു.

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

2021 സെപ്തംബറിൽ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി വിഭാഗം ആരംഭിച്ചു. കുട്ടികൾക്കായിമാത്രം ഹൃദയ ശസ്ത്രക്രിയ തിയേറ്ററും കാത്ത് ലാബും പ്രവർത്തിച്ചുവരുന്നു. ജന്മനായുള്ള ഹൃരുതര

ഹൃദയവൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ഹൃദ്യം പദ്ധതിവഴി സൗജന്യമായി ചെയ്തുവരുന്നു. എസ്.എം.എ. ക്ലിനിക് 2022 ഫെബ്രുവരിയിൽ ആരംഭിച്ചു. സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖംമൂലം കഷ്ടതയനുഭവിക്കുന്ന കുഞ്ഞുങ്ങളുടെ സമഗ്രചികിത്സ ലക്ഷ്യംവച്ച് കേരളത്തിലാദ്യമായി സർക്കാർ തലത്തിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

2000 ആഗസ്തിൽ ഇ.ആർ.സി.പി. പദ്ധതി മുഖേന 32 കിടക്കകളും 10 വെന്റിലേറ്ററുകളുമുള്ള പീഡിയാട്രിക് ഐ.സി.യു. പ്രവർത്തനമാരംഭിച്ചു. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കുവേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ ആശുപത്രിയാണ് എസ്.എ.ടി. പീഡിയാട്രിക് വിഭാഗത്തിലെ കുട്ടികളുടെ ഡയബറ്റിക് ചികിത്സയ്ക്കായി മിഠായി ക്ലിനിക് ആരംഭിച്ചു. നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു. കുട്ടികളുടെ ഗാസ്ട്രോ എന്ററോളജി വിഭാഗം ആരംഭിച്ചു. ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം

ലക്ഷ്യമിട്ട് ആർദ്രം പദ്ധതിയുടെ കീഴിൽ ഗർഭിണികൾക്കും രോഗികൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഒ.പി. ബ്ലോക്ക് പണി കഴിപ്പിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം:

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ട്രോമ കെയർ സെന്റർ സ്ഥാപിക്കുന്നതിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 50 കിടക്കകളുള്ള ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ചു. ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക്, സെൻട്രൽ ഫാർമസി സ്റ്റോറിന്റെ എക്സ്റ്റൻഷൻ ബിൽഡിംഗ് എന്നിവ നിർമ്മിക്കുന്നതിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് വിത്ത് കാലിബ്രേഷൻ ലബോറട്ടറിക്കുവേണ്ടി രണ്ടുനില കെട്ടിടം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി. അത്യാധുനികമായ കാത്ത് ലാബ് സമുച്ചയവും 10 കിടക്കകളുള്ള ഐ.സി.സി.യു.-വും പ്രവർത്തനക്ഷമമാക്കി. 12 ഡയാലിസിസ് മെഷീനോടുകൂടിയ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി. ക്യാപിറ്റൽ ഫണ്ട് ചെലവഴിച്ച് അതിനൂതനമായ MRI Scanner, Fluroscope,

High End Ultrasound Scanner എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, കോന്നി:

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി നൽകുകയും ചെയ്തു. 300 കിടക്കകളോടുകൂടിയ Teaching Hospital, മെഡിക്കൽ അക്കാഡമിക് ബ്ലോക്ക് എന്നിവയാണ് ഒന്നാംഘട്ട നിർമ്മാണത്തിലുൾപ്പെട്ടിരുന്നത്. 14-09-2020-ൽ മെഡിക്കൽ ഒ.പി.-യും 10-02-2021-ൽ ഐ.പി.-യും ആരംഭിച്ചു. 01-11-2021 മുതൽ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു. കൂടാതെ അത്യാഹിത വിഭാഗത്തിൽ മൈനർ ഓപ്പറേഷൻ തിയേറ്റർ സംവിധാനം തയ്യാറാക്കി. അത്യാഹിത വിഭാഗത്തിലെ 30 കിടക്കകൾക്ക് ഓക്സിജൻ സംവിധാനം ലഭ്യമാക്കി. 200 കിടക്കകളുള്ള ആശുപത്രിയുടെ രണ്ടാമത്തെ ബ്ളോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. PSA ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു. LIQUID OXYGEN PLANT (LMO) KMSCL മുഖാന്തരം നിർമ്മാണം

പൂർത്തീകരിച്ചു. മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റവും പ്ലാന്റ് റൂമും പ്രവർത്തനക്ഷമമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യമൊരുക്കി. 18 ലക്ഷം രൂപ ചെലവഴിച്ച് ഹോർമോൺ അനലൈസർ, 15 ലക്ഷം രൂപ ചെലവഴിച്ച് ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം എന്നിവ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്. 2023 ഏപ്രിൽ 2024-ന് കോന്നി മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക്, അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, ഫാർമക്കോളജി, പത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളോടെ പ്രവർത്തനമാരംഭിച്ചു. ജില്ലയിൽ സർക്കാർ മേഖലയിൽ ആദ്യത്തെ 128 സ്ലൈഡ് സി.ടി. സ്കാൻ മെഷീൻ സ്ഥാപിച്ചു. അൾട്രാസൗണ്ട് സ്കാൻ, 4 ലക്ഷം രൂപ മുടക്കി X-ray എന്നിവ പ്രവർത്തനക്ഷമമാക്കി. ആധുനികരീതിയിലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി. ELECTIVE OT-യിൽ 3 ഓപ്പറേഷൻ തിയേറ്ററിന്റെ പണി പുരോഗമിച്ചുവരുന്നു. കാഷ്വാലിറ്റിയോടുചേർന്ന് 2 എമർജൻസി ഓപ്പറേഷൻ തിയേറ്ററുകൾ നിർമ്മാണം പൂർത്തീകരിക്കുകയും അനസ്തേഷ്യ വർക്ക് സ്റ്റേഷൻ

സ്ഥാപിക്കുകയും ചെയ്തു. 12 കോടി രൂപ ചെലവഴിച്ച് HLL, 5 നിലകളിലായി 200 കുട്ടികൾക്ക് താമസിക്കാവുന്ന ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ട് ലിഫ്റ്റുകൾ, കിച്ചൺ, മെസ് ഹാൾ, പീഡിയാട്രിക് ഐ.സി.യു. എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 10 ഐ.സി.യു. ബെഡ്, 10 മോണിറ്റർ, 5 വെന്റിലേറ്റർ കൂടാതെ ഐ.സി.യു.-വിന് ആവശ്യമായിട്ടുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ സജ്ജമാക്കി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കോന്നി സർക്കാർ മെഡിക്കൽ കോളേജിന് 37 Teaching post, 1 Non teaching post അനുവദിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ:

ട്രോമാ കെയർ യൂണിറ്റ് ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ചു. പഴയ ഐ.സി.യു. കിടക്കകൾ മാറ്റിക്കൊണ്ട് പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഐ.സി.യു. കോട്ടുകൾ സ്ഥാപിച്ചു. മെഡിസിൻ, സർജറി കാഷ്വാലിറ്റികൾ നവീകരിച്ചു. 16 സ്ലൈസ് സി.ടി. സ്കാൻ സ്ഥാപിച്ചു. 173 കോടി രൂപ ചെലവിൽ നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തനസജ്ജമാക്കി. ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി. ബ്ലോക്കും

വെയ്റ്റിംഗ് ഏരിയയും നിർമ്മിച്ചു. ലിക്വിഡ് ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചു. കോവിഡ് രോഗികൾക്കായി 60 കിടക്കകളുള്ള കോവിഡ് ഐ.സി.യു. കൂടാതെ കോവിഡ് പീഡിയാട്രിക് ഐ.സി.യു. എന്നിവ സ്ഥാപിച്ചു. ട്യൂനാറ്റ്, ആർ.ടി.പി.സി.ആർ. ടെസ്റ്റുകൾക്കായി പുതിയ ലാബും അനുബന്ധ സജ്ജീകരണങ്ങളും സ്ഥാപിച്ചു. കേന്ദ്രീയ രക്തശേഖരണ ഒ.പി. യൂണിറ്റ് സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിച്ചു. ലക്ഷ്യ (LaQshya) പദ്ധതിയുടെ ഭാഗമായി ഒ&ജി ബ്ലോക്ക് നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ കോവിഡ് വാർഡുകൾ നിർമ്മിക്കുകയും എല്ലാ വാർഡുകളിലും കിടക്കകളോടൊപ്പം ഓക്സിജൻ സൗകര്യമൊരുക്കുകയും കോവിഡ് ട്രയാജുകൾ സ്ഥാപിക്കുകയും മറ്റനുബന്ധ ചികിത്സാ സൗകര്യങ്ങളൊരുക്കുകയും ചെയ്തു.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം:</u>

200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു. ഫാർമസി കോളേജ് കെട്ടിടം പ്രവർത്തനമാരംഭിച്ചു. 2022-23 സാമ്പത്തികവർഷം HDR Brachytherapy machine, Tele cobalt machine, 32

slice CT Scan, C Arm Mobile image intensifier system (Model A) Litto Clast Pneumatic Ultrasonic with Suction Video bronchoscope, ECOM, Anesthesia work station Model B, Advanced fluorescent microscope, Ultrasonic Aspirator with Universal Hand piece തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങൾക്കായി അനുവദിച്ചു. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, എയിറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു. GICH-ൽ 15 ഓക്സിജൻ ബെഡ്, 4 എച്ച്.ഡി.യു., 2 ഐ.സി.യു. എന്നിവ സ്ഥാപിച്ചു. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി എയിറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു. മോഡുലാർ ഓപ്പറേഷൻ തീയേറ്റർ സ്ഥാപിച്ചു.

കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനുള്ള അനുമതി കിഫ്ബിയിൽനിന്ന് ലഭ്യമാക്കി. 9 നിലകളിലായി 3,00,000 Sq.ft-ൽ 310 കിടക്കകൾ, 11 ആധുനിക ഓപ്പറേഷൻ തിയേറ്ററുകൾ, 60 ഐ.സി.യു. കിടക്കകൾ, അത്യാധുനിക ലാബ് സംവിധാനങ്ങൾ

മുതലായവയെല്ലാം ഇതിലുൾപ്പെടുന്നു. പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായുള്ള പാർപ്പിട സമുച്ചയ നിർമ്മാണത്തിനായി ഭരണാനുമതി നൽകി. ഒഫ്താൽമോളജി വിഭാഗത്തിൽ നിർമ്മിച്ച മോഡുലാർ തിയേറ്റർ നിർമ്മിച്ചു. ഗൈനക്കോളജി വിഭാഗത്തിൽ ഐ.സി.യു. സ്ഥാപിച്ചു. 2023-24 സാമ്പത്തികവർഷം Low Temperature Hydrogen Peroxide Gas Plasma Sterilizer, Add on High Definition UGI and LGI scope. Bronchoscope Cryosurgery Unit, Portable Echo Cardiography Type-C, C arm image intensifier, Circulatory Support System, Neonatal Transport incubator with Ventilator, Video Laryngoscope Model B. Neonatal Ventilator Drager, Analog Mammography Machine, Single Detector D Machine തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ വിവിധ വിഭാഗങ്ങളിലേയ്ക്കായി വാങ്ങുന്നതിന് ഭരണാനുമതി നൽകി. എം.ഡി. റേഡിയോ ഡയഗ്നോസിസ് സീറ്റ് 1-ൽനിന്നും 3 ആയി വർദ്ധിപ്പിച്ചു. എം.ഡി. ഗ്യാസ്ട്രോ എൻട്രോളോജി സീറ്റ് 1-ൽനിന്നും 3 ആയി വർദ്ധിപ്പിച്ചു. 10 സീറ്റുകളോടുകൂടിയ ബി.എസ്.സി. ഇമേജിംഗ് ടെക്നോളോജി കോഴ്സ് ആരംഭിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി:

മെഡിക്കൽ കോളേജായി ഉയർത്തിയ ജില്ലാശുപത്രി കെട്ടിടത്തിന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസ് മാറ്റിസ്ഥാപിക്കൽ നടപടികൾ, അക്കാദമിക് ബ്ലോക്ക് കം അഡ്മിനിസ്ട്രേറ്റീവ് (പ്രിൻസിപ്പാൾ ഓഫീസ്) കെട്ടിട നിർമ്മാണം, ലക്ചറർ ഹാൾ, ഫാർമക്കോളജി, പാത്തോളജി വിഭാഗങ്ങൾക്ക് കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. എം.ബി.ബി.എസ്. കുട്ടികൾക്ക് അഡ്മിഷനുവേണ്ടിയുള്ള അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് വിവിധ ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മെഡിക്കൽ കോളേജായി മാറ്റിയ ജില്ലാശുപത്രി കെട്ടിടത്തിന്റെ പഴയ ബ്ലോക്കിൽനിന്നും ഒ.പി. പുതിയ ആശുപത്രി ബ്ലോക്ക് 1-ന്റെ നിർമ്മാണം പൂർത്തീകരിച്ച് കൂടുതൽ സൗകര്യപ്രദമായി മാറ്റിസ്ഥാപിച്ചു. സെൻട്രൽ ലാബുകൾ, ഒ.പി.ഐ.പി. എന്നിവ ആശുപത്രി ബ്ലോക്ക് 1-ൽ പ്രവർത്തനമാരംഭിച്ചു. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചു. ഇടുക്കി മെഡിക്കൽ കോളേജിൽ അടിസ്ഥാന

സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പാർപ്പിട സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കി. 10 കെട്ടിടങ്ങളാണ് അവയിലുൾപ്പെടുത്തിയിരുന്നത്. അവയിൽ നിലവിലുള്ള സ്ഥലത്ത് 7 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. അവയിൽത്തന്നെ ബോയ്സ് ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് കുട്ടികളെ താമസിക്കാൻ അനുവദിച്ചിട്ടുണ്ട്. 3BHK ടീച്ചിംഗ് ക്വാർട്ടേഴ്സ് നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജിന് അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭ്യമാക്കി പ്രോജക്ട് പൂർത്തിയായിട്ടുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം:</u>

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇതിൽ OBG, Paediatrics, Paediatric Surgery, Dental/Maxilofacial, Physical Medicine, Urology, Nephrology, Gastro Enterology, Gastro Surgery, Cardiology, Cardio Thoracic Surgery, Neuro, Neuro Surgery, Radiology എന്നീ വിഭാഗങ്ങൾക്കുള്ള IP, OP, ICU, ഡിജിറ്റൽ

ഫ്ളൂറോ സ്കോപ്പി, ഇന്റർവെൻഷൻ റേഡിയോളജി സൗകര്യങ്ങളും 14 ഓപ്പറേഷൻ തിയേറ്ററുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഡോക്ടറുമാരുടെ തസ്തിക സൃഷ്ടിച്ചു. Critical Care Block-ന്റെ നിർമ്മാണ പ്രവർത്തനമാരംഭിച്ചു. Multi Disciplinary ICU expansion-നുവേണ്ടി ഭരണാനുമതി ലഭ്യമാക്കി. ആശുപത്രി അത്യാഹിത വിഭാഗം നവീകരിച്ചു. ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ജനസൗഹൃദമാക്കുന്നതിന് ആർദ്രം പദ്ധതിയിലൂടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഫാർമസി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിസ്ഥാപിച്ചു. ഒ.പി. മുറികളിൽ എ.സി. സ്ഥാപിച്ചു. രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ഒ.പി. ഫാർമസി ഏരിയകളിൽ വിശാലമായ ഇരിപ്പിടങ്ങളൊരുക്കി. ഫാർമസിയിൽ ടോക്കൺ സമ്പ്രദായം നടപ്പിലാക്കി. ഒ.പി.-കൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആകാശപാത നിർമ്മിച്ചു. ഒ.പി.-കളിലെ ശുചിമുറികൾ നവീകരിച്ചു. കാരുണ്യ, എച്ച്.എൽ.എൽ. ഫർമസികൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള ഇ-ഹെൽത്ത് പദ്ധതിയും

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ആരംഭിച്ചു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 13 KL ലിക്വിഡ് ഓക്സിജൻ പ്ളാന്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. റേഡിയോളജി വിഭാഗത്തിൽ ആരംഭിച്ച ഇമേജിംഗ് സെന്ററിൽ എം.ആർ.ഐ. സ്കാൻ, ഫ്ളൂറോസ്കോപ്പി, മാമോഗ്രാം, ഡിജിറ്റൽ എക്സറേ എന്നിവ സ്ഥാപിച്ചു. Biomedical Waste Storage Shed-ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. MCI Norm-ന് അനുസൃതമായി ലൈബ്രറിയുടെ നവീകരണപ്രവൃത്തി പൂർത്തീകരിച്ചു. സ്തനാർബുദ രോഗപ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി മെഷീൻ സ്ഥാപിച്ചു. കൊറോണ രോഗികൾക്ക് പ്ലാസ്മ തെറാപ്പി നൽകാനുതകുന്ന അഫേറിസിസ്മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. Mobile Digital X-ray machine with battery backup സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. പൾമണോളജി വിഭാഗത്തിൽ Endobronchial Ultrasound (EBUS) സ്ഥാപിച്ചു. Advanced Phacoemulsification unit സ്ഥാപിച്ചു. Battery Operated Power drill with two batteries സ്ഥാപിച്ചു. AO Synthes General Instrument Set സ്ഥാപിച്ചു. Wax dispenser and embedding station for histopathology tissue

block preparation-tissue teck സ്ഥാപിച്ചു. Stobe Video Rhino Larngoscope with Monitor Camera and light source സ്ഥാപിച്ചു. Electro Hydrolic Motorized Surgery OT Table & basic attachments സ്ഥാപിച്ചു. Ultrasonic Cutting-coagulation Radio frequency vessel sealing system സ്ഥാപിച്ചു. വനിതാ വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഡയാലിസിസ് ബ്ലോക്ക് വിപുലീകരിക്കുകയും ഡയാലിസിസ് സേവനങ്ങളുടെ സമയം 3 ഷിഫ്റ്റുകളായി ദീർഘിപ്പിച്ച് പ്രവർത്തനമാരംഭിച്ചു. ശിശുരോഗ വിഭാഗ വാർഡിൽ Centre of Excellence-ന്റെ പണി പൂർത്തീകരിച്ചു. എച്ച്.ഐ.വി. ബാധിതരായ രോഗികൾക്കായി എ.ആർ.ടി. സെന്റർ ആരംഭിച്ചു. പ്രമേഹബാധിതരായ കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് മിഠായി പദ്ധതിയുടെ സാറ്റലൈറ്റ് സെന്റർ ആരംഭിച്ചു. ഒ.പി.-യിലും അത്യാഹിത വിഭാഗത്തിലും ചികിത്സതേടുന്ന വീൽചെയർ, ട്രോളി സേവനം ആവശ്യമായിവരുന്ന രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനായി ഷിഫ്ട്ടിംഗ് ടീം രൂപീകരിച്ചു. കാസ്പ് പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് രോഗികൾക്കായി പോർട്ടബിൾ

ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചു. ലേബർറൂമിൽ അടിയന്തര ഓപ്പറേഷൻ തിയേറ്റർ സ്ഥാപിച്ചു. തിമിര ശസ്ത്രക്രിയ ആവശ്യമായി വരുന്നവർക്കായി നേത്രരോഗവിഭാഗം ഓപ്പറേഷൻ തിയേറ്റർ പുനരാരംഭിച്ചു. കാമ്പസിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് സംവിധാനമൊരുക്കി. എസ്.ടി.പി. പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. നവീകരണ ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. പേ വാർഡ് നവീകരിച്ചു. ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളായ വെന്റിലേറ്റർ, മൾട്ടി പാരാമോണിറ്റർ വിത്ത് കാപനോഗ്രാം & amp; ഐ.പി.എം., ഡിഫ്രിബിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ തുടങ്ങിയ സൗകര്യങ്ങളുള്ള ആംബുലൻസ് ലഭ്യമാക്കി. രോഗീ പരിചാരകർക്ക് മരുന്ന് തേടിനടക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ബെഡ് സൈഡിൽത്തന്നെ മരുന്നെത്തിക്കുന്നതിനായി ഒരു ഫാർമസിസ്റ്റ്, 2 അറ്റൻഡർ എന്നിവരെ നിയമിച്ച് കാസ്പ് ഫാർമസി ആരംഭിച്ചു. നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി രോഗികളുടെ രക്തസാമ്പിളുകൾ ശേഖരിക്കുന്നതിന് അഞ്ച് ഫ്ലിബോട്ടമിസ്റ്റുകളെ ചുമതലപ്പെടുത്തി. സ്കാപ്പ്

ഐറ്റംസ് തരംതിരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആരംഭിച്ചു. എ.സി. കഫറ്റേരിയ ആരംഭിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ:

ആരംഭിച്ച വിവിധ പദ്ധതികൾ

തീപ്പൊള്ളൽ പരിചരണ യൂണിറ്റ്, സോളാർ ഇലക്ട്രിക് പദ്ധതി, ആംബുലൻസ് ട്രാക് നിർമ്മാണം, സർജിക്കൽ ഓൺകോളജി ഒ.പി. & ഒ.ടി., ടെലി കൊബാൾട്ട് മെഷീൻ, ട്രോമാകെയർ & ട്രയാജ് കെട്ടിടം, MRI സ്കാൻ, ഡിജിറ്റൽ റേഡിയോഗ്രാഫി, ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി, RBSK ട്രെയിനിംഗ് സെന്റർ, ഇ-ഹെൽത്ത് പദ്ധതി, നവീകരിച്ച പവർ ലോൺട്രി, ബ്ലഡ് ബാങ്ക് നവീകരണം, കോംപ്രിഹെൻസീവ് ലാക്ടേഷൻ മേനേജ്മെന്റ് സെന്റർ.

മോർച്ചറി കോംപ്ലക്സ് ജനറേറ്റർ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 285.54 (കിഫ്ബി) കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. മദർ ആൻഡ് ചൈൽഡ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബിവഴി 277.77 കോടി രൂപയുടെ ഭരണാനുമതി

നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയായി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി:

ലേബർ റൂം വിപുലീകരണം, എം.ആർ.ഐ. സ്കാനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇന്റർ വെക്ഷണൽ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം, റസിഡന്റ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം, വിവിധ ഐ.സി.യു.-കളുടെ നിർമ്മാണം തുടങ്ങി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നുവരുന്നു. പുതുതായി ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഓക്സിജൻ ജനറേറ്റർ പ്ലാന്റ് നിലവിൽ ആശുപത്രിക്കുസമീപം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കാന്റീൻ വിപുലീകരണം, ടോയ്ലെറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഭരണാനുമതി നൽകി. കൂടിവെള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിനും റസിഡന്റ്സ് ക്വാർട്ടേഴ്സ്

വിപുലീകരണത്തിനും ആശുപത്രിയിലെ എ ബ്ലോക്ക് നവീകരണത്തിനും ആശുപത്രിയിൽ ഫയർ & സേഫ്റ്റി സംവിധാനത്തിനും ആശുപത്രിയിൽ മാലിന്യസംസ്കരണത്തിനും ഭരണാനുമതി ലഭ്യമാക്കി. കുട്ടികളുടെ ഐ.സി.യു., എച്ച്.ഡി.യു. നിർമ്മാണം 2023-ൽ പൂർത്തിയാക്കി. കാഷ്വാലിറ്റി നവീകരിക്കുകയും കൂടുതൽ വിശാലമാക്കുകയും പുതിയ ഉപകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സ് ആരംഭിക്കുകയും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്:</u>

കോഴിക്കോട് മെഡിക്കൽ കോളേജിൽ 195 കോടി രൂപ ചെലവഴിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.സി.എച്ച്., സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പി.എം.എസ്.എസ്.വൈ., സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നീ ആശുപത്രികളെ

ബന്ധിപ്പിച്ചുകൊണ്ട് ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. മിൽക്ക് ബാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. നെഫ്രോളജി വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) -മാരുടെ 4 പോസ്റ്റ് സൃഷ്ടിച്ചു. മെഡിക്കൽ കോളേജിന്റെ ഭാഗമായുള്ള മേജർ ഓപ്പറേഷൻ തിയേറ്റർ ആധുനീകരിക്കുന്നതിനായി ഭരണാനുമതി ലഭ്യമാക്കി. ടെർഷ്യറി കാൻസർ സെന്റർ അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭ്യമാക്കി. ക്രിട്ടിക്കൽ കെയർ യൂണിറ്റ്, നെഞ്ചുരോഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അഡ്വാൻസ്ഡ് മോളികുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി സ്ഥാപിച്ചു. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമാകെയർ സെന്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. പെറ്റ് സി.ടി. സ്കാൻ സ്ഥാപിച്ചു. വൈറസ് രോഗങ്ങളുടെ അതിവേഗത്തിലുള്ള രോഗനിർണ്ണയ സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി ബയോസേഫ്റ്റി ലെവൽ-3 ലാബിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 80 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്.

Bone Conduction Implementation Surgery: കോഴിക്കോട് മെഡിക്കൽ കോളേജിൽ ശ്രവണസംബന്ധമായ രോഗങ്ങൾക്ക് ചികിത്സയിലുള്ള 27 കുട്ടികളെ ഇതിനായി തെരഞ്ഞെടുത്തു. ഓരോ രോഗിക്കും ഏകദേശം 6 ലക്ഷത്തോളം രൂപ ചെലവ് വരുന്ന ചികിത്സ തികച്ചും സൗജന്യമായിട്ടാണ് ചെയ്തുകൊടുക്കുന്നത്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 9 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, വയനാട്:

നിലവിൽ വയനാട് മെഡിക്കൽ കോളേജ് ആശുപത്രി പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലാണ്. മെഡിക്കൽ കോളേജായി ഉയർത്തപ്പെട്ട ജില്ലാശുപത്രിയുടെ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ കോളേജിൽ നിയോഗിക്കപ്പെട്ട ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതോടൊപ്പം ലബോറട്ടറി റീയേജന്റ്, വിവിധ വിഭാഗങ്ങൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ എന്നിവ പദ്ധതിയിനത്തിലുൾപ്പെടുത്തി നൽകിവരുന്നു. സിക്കിൽസെൽ അനീമിയ രോഗചികിത്സക്കായി വാർഡുകൾ സജ്ജീകരിക്കുകയും മെഡിക്കൽ

കോളേജ് ഡോക്ടർമാരുടെ സേവനം ഉൾപ്പടെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശിശുരോഗ വിഭാഗത്തിൽ തീവ്രപരിചരണ വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ പൂർത്തിയാക്കുന്നതിനായി 147 ഡോക്ടമാർ, 521 നഴ്സിംഗ് ജീവനക്കാർ, 208 നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ തസ്തികകളും നഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, പാരാമെഡിക്കൽ ജീവനക്കാർ, മിനിസ്റ്റീരിയൽ ജീവനക്കാർ, എഞ്ചിനീയറിംഗ് ജീവനക്കാർ എന്നിവരെ ആഗിരണം ചെയ്യുന്നതിനായി 564 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും നഴ്സിംഗ് സ്റ്റാഫിന്റെയും ആഗിരണപ്രക്രിയ പൂർത്തീകരിച്ച് നിയമന ഉത്തരവ് നൽകി. കൂടാതെ ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പട്ട ചികിത്സ നൽകുന്നതിനായി 100 ഡോക്ടർമാരുടെ അധിക തസ്തികകൂടി

സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ മലിനജല സംസ്കരണ ശാലയുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്. Registration cum waiting area നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കി. ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി-ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. 2021-22-ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കി. ഇ-ഹെൽത്ത് പ്രോജക്ട് പ്രവൃത്തികൾ ഈ സ്ഥാപനത്തിൽ പുരോഗമിച്ചുവരികയാണ്. വൈറോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്. സിന്തറ്റിക് ട്രാക്കിന്റെയും ഫുട്ബോൾ ഗ്രൗണ്ടിന്റെയും ഉൽഘാടനം നിർവ്വഹിക്കപ്പെട്ടു. ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണശാലയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. മൈനർ വർക്ക്സ് ശീർഷകത്തിൽ Revamping of roofing the terrace level of existing examination hall area-യുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. ഓക്സിജൻ ജനറേഷൻ പ്ലാന്റ് നിർമ്മിച്ചു. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് ഹൈ ഡിപ്പന്റൻസി യൂണിറ്റ് സ്ഥാപിക്കുകയും അതിഥിത്തൊഴിലാളികൾക്കായി മൈഗ്രന്റ് വാർഡ്

നിർമ്മിച്ചു. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതുതായി പ്ലാസ്റ്റിക്ക് സർജറി വിഭാഗം ആരംഭിച്ചു. 2 ഹൈമാസ് ലൈറ്റും 2 മിനി മാസ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്. 12 വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. Viral Research Diagnostic Laboratory (VRDL) സ്ഥാപിക്കുന്നതിനും നടത്തിപ്പിനുമായി ഭരണാനുമതി നൽകി. ഡ്രഗ് സ്റ്റോർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. 15 പി.ജി. സീറ്റുകൾ അധികമായി എൻ.എം.സി. അനുമതി ലഭിച്ചു. മലിനജല ശുദ്ധീകരണശാലയുടെ നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി.

സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്:

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ 55 ശതമാനം ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ പാർപ്പിട സൗകര്യങ്ങൾക്കായിയുള്ള പ്രവൃത്തി വളരെവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് ഈ വർഷം അനുവദിച്ച 80

ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററുകൾക്കുപുറമെ ആയുഷ് മേഖലയിലെ പ്രവർത്തനമികവ് കണക്കിലെടുത്ത് 100 എണ്ണംകൂടി അനുവദിക്കപ്പെട്ടു. അങ്ങനെ അംഗീകാരം ലഭിച്ച് പുതിയ സ്ഥാപനങ്ങൾ അനുവദിക്കപ്പെട്ട ചുരുക്കം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇതോടെ സംസ്ഥാനത്തിന് നിശ്ചയിച്ചിരുന്ന 600 എന്ന പരിധിയിൽനിന്നും 700 ആയി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളുടെ എണ്ണം ഉയർന്നിട്ടുണ്ട്. നീതി ആയോഗിന്റെ ദേശീയ വിലയിരുത്തൽ റിപ്പോർട്ടിൽ കേരളത്തിലെ ആയുഷ് മേഖലയിലെ ഹെൽത്ത് & വെൽനസ് സെന്ററുകളുടെ പ്രവർത്തന മികവ് എടുത്തുപറഞ്ഞിട്ടുണ്ട്. സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ 150 ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററുകൾക്ക് ദേശീയ അംഗീകാരമായ NABH ELC Accreditation ലഭിച്ചു. ഈ സ്ഥാപനങ്ങളിലെല്ലാംതന്നെ രാജ്യത്തെ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യമൊരുക്കി മികച്ച ആരോഗ്യ സേവനം നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ അംഗീകാരം ലഭിച്ചത്.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലും കോളേജുകളിലും എല്ലാവർഷവും NCISM ഇൻസ്പെക്ഷൻ

ടീം സന്ദർശിച്ച് ദേശീയ നിലവാരം പുലർത്തുന്ന മാനദണ്ഡങ്ങൾ പരിശോധിച്ച് അംഗീകാരം നൽകിവരുന്നു. ടി ആശുപത്രികൾക്ക് NABH അംഗീകാരം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആരോഗ്യ ചികിത്സാരംഗത്തെ ദേശീയ നിലവാരത്തിലേയ്ക്കുയർത്തിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസ് ദേശീയ നിലവാരം പുലർത്തുന്ന ന്യൂറോ സയൻസ് ലാബും ടെലി സൈക്യാട്രി, ടെലി മാനസ്, എംഫിൽ ഇൻ ക്ലിനിക്കൽ സൈക്കോളജി കോഴ്സും ആരംഭിച്ചു. ആരോഗ്യ സർവ്വകലാശാലയുടെ പി.എച്ച്.ഡി. സെന്ററായും ഇംഹാൻസ് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ ജനങ്ങൾക്ക് മികച്ച അർബുദ ചികിത്സയും സമഗ്രപരിപാലനവും ഉറപ്പുവരുത്തുന്നതിന് കേരള സർക്കാർ മൂന്ന് അപ്പെക്സ് കാൻസർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉത്തര കേരളത്തിൽ മലബാർ കാൻസർ സെന്ററും മദ്ധ്യകേരളത്തിൽ കൊച്ചിൻ കാൻസർ സെന്ററും ദക്ഷിണ കേരളത്തിൽ റീജിയണൽ കാൻസർ സെന്ററും ഇത്തരത്തിൽ പ്രവർത്തിക്കുകയും അർബുദനിയന്ത്രണ പ്രതിരോധപ്രവർത്തനങ്ങളിൽ

സാങ്കേതികസഹായവും നേതൃത്വവും നൽകുന്നു. 15 ജില്ലാശുപത്രികളിൽ കാൻസർ ചികിൽസയുമായി ബന്ധപ്പെട്ട പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന കാൻസർ രോഗം പരിഹരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ലോകാരോഗ്യസംഘടനയുമായും സംസ്ഥാനത്തെ വിദഗ്ധരുമായും സഹകരിച്ച് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി എന്ന സമഗ്ര തന്ത്രം ആരോഗ്യവകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് വികേന്ദ്രീകൃത കാൻസർ നിയന്ത്രണം ലഭ്യമാക്കുന്നതിനുള്ള വിശാലമായ രൂപരേഖയും മാർഗ്ഗനിർദ്ദേശവും ഈ പദ്ധതി നൽകുന്നു. കേരളത്തിലെ കാൻസർ പ്രതിരോധത്തിലും നിയന്ത്രണത്തിലും തന്ത്രപരമായ ദിശാബോധം കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി നൽകുന്നു. ഇതിന്റെ ഭാഗമായി ജില്ലാ അർബുദ നിയന്ത്രണ പദ്ധതിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റികളും എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുമായി കേരള കാൻസർ കെയർ ബോർഡും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും യഥാക്രമം ഈ കമ്മിറ്റികളുടെ അദ്ധ്യക്ഷരാണ്.

(ബി) ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന ഇന്ത്യൻ സംസ്ഥാനമായി തുടർച്ചയായി മൂന്നാം തവണയും കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാര നേട്ടമാണ് കേരളം നേടിയത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമെന്ന വിഭാഗത്തിൽ തുടർച്ചയായി മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്. പ്രസ്തുത പുരസ്കാരത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി (എൻ.എച്ച്.എ.) ആണ്.

<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

കേരളത്തിൽ സാധാരണ ജനങ്ങളിൽ ഭാരിച്ച ചികിത്സാ ചെലവുകൾമൂലം കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുക, സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായാണ് സംസ്ഥാന സർക്കാർ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയത്. കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അറിയപ്പെടുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നാണ്. സംസ്ഥാനം നടപ്പിലാക്കിവന്നിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ ഏകീകരിച്ച് ആയുഷ്മാൻ ഭാരത് പദ്ധതിയുമായി സഹകരിച്ചുകൊണ്ട് രൂപംനൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെയാണ് പദ്ധതി നടപ്പാക്കുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള

ആശുപത്രികളിൽനിന്ന് ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള ചികിത്സയ്ക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമുമ്പുള്ള 5 ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്ത് ചികിത്സക്കും മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിലുൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിനുശേഷം പരമാവധി 15 ദിവസം (ഡോക്ടറുടെ നിർദ്ദേശപ്രകാരം) വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന ചികിത്സ സൗജന്യമാണ്. പദ്ധതിയുടെ പ്രാരംഭകാലഘട്ടം മുതൽ സംസ്ഥാനത്ത് കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനായി സമഗ്രമായ കാമ്പയിൻ സംഘടിപ്പിച്ചു. ഇതോടൊപ്പം പദ്ധതിയുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിപാടികൾ സംസ്ഥാന-ജില്ലാ തലങ്ങളിൽ സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ എന്നിവർക്കായി പ്രത്യേക ബോധവത്ക്കരണ പരിപാടികൾ, ABCD കാമ്പയിനുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ

പരിപാടികളിൽ നടത്തിയ ബോധവത്ക്കരണ കാമ്പയിൻ എന്നിവയിലൂടെ പദ്ധതിയെക്കുറിച്ച് സമഗ്രമായ ബോധവത്ക്കരണം സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ ഗ്രണഭോക്താക്കളുടെയും എംപാനൽ ചെയ്ത ആശുപത്രികളുടെയും വർദ്ധനവിലൂടെയാണ് കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാര നേട്ടം കേരളത്തിന് കൈവരിക്കാനായത്.

(സി) 2016 മുതൽ 2023 വരെ സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; 2016 മുതൽ 2023 വരെ ആരോഗ്യമേഖലയുടെ വികസനത്തിനായി നീക്കിവച്ച തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) 2016 മുതൽ 2023 വരെ ആരോഗ്യമേഖലയുടെ വികസനത്തിനായി നീക്കിവച്ച തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) 2016 മുതൽ 2023 വരെ സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങളും ആരോഗ്യ മേഖലയുടെ വികസനത്തിനായി നീക്കിവച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനങ്ങൾ

258 (2306) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ പൊതുജനോപകാരപ്രദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആരോഗ്യവകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ നിലവിലെ ഉത്തരവാദിത്വങ്ങൾക്കും ചുമതലകൾക്കും പുറമെ ആരോഗ്യവകുപ്പിൽ നടത്തുന്ന ഡെന്റൽ ക്യാമ്പുകളിൽ ദന്ത ബോധവത്കരണ പ്രവർത്തനങ്ങൾക്കുപയോഗിച്ച് വരുന്നുണ്ട്. രോഗികൾക്കും കുട്ടികൾക്കും ബ്രഷിംഗ് ടെക്നിക് ഡെമോൺസ്ട്രേഷൻ, ഔട്ട് റീച്ച് ആക്ടിവിറ്റീസ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദന്താരോഗ്യ വിദ്യാഭ്യാസം, IEC/BCC ആക്ടിവിറ്റീസ് തുടങ്ങിയവയിൽ ഡെന്റൽ സർജന്മാരോടൊപ്പം അവരെ സഹായിക്കാൻ ദന്തൽ ഹൈജീനിസ്റ്റുമാരെ ഉപയോഗിക്കുന്നതുവഴി കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുകയും ഇവരുടെ സേവനം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യുന്നു.

(ബി) സീനിയർ ഡെന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ഓഫീസർ എന്ന് പുനർനാമകരണം നടത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ ജില്ലാശുപത്രികളിലെ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ബോധവത്കരണ പ്രവർത്തനങ്ങൾക്കുള്ള കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ നിലവിലെ ഉത്തരവാദിത്വങ്ങൾക്കും ചുമതലകൾക്കും പുറമെ ആരോഗ്യവകുപ്പിൽ നടത്തുന്ന ഡെന്റൽ ക്യാമ്പുകളിൽ ദന്ത ബോധവത്കരണ

പ്രവർത്തനങ്ങൾക്കുപയോഗിച്ച് വരുന്നുണ്ട്. രോഗികൾക്കും കുട്ടികൾക്കും ബ്രഷിംഗ് ടെക്നിക് ഡെമോൺസ്ട്രേഷൻ, ഔട്ട് റീച്ച് ആക്ടിവിറ്റീസ്, ദന്താരോഗ്യ വിദ്യാഭ്യാസം, IEC/BCC ആക്ടിവിറ്റീസ് തുടങ്ങിയവയിൽ ഡെന്റൽ സർജന്മാരോടൊപ്പം അവരെ സഹായിക്കാൻ ദന്തൽ ഹൈജീനിസ്റ്റുമാരെ ഉപയോഗിക്കുന്നതുവഴി കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുകയും ഇവരുടെ സേവനം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യുന്നു.

ജനിതക വൈകല്യങ്ങളും ഗുരുതര രോഗങ്ങളും വിശദമായി പഠിക്കുന്നതിന് ധനസഹായ പാക്കേജ്

259 (2307) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ നൊട്ടാമല പ്രദേശത്ത് അമ്പതോളം പേർക്ക് ജനിതക വൈകല്യങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് പ്രത്യേക ധനസഹായ പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ബാലുശ്ശേരി മണ്ഡലത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ

260 (2308) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ ആരോഗ്യ ഉപകേന്ദ്രങ്ങളാണ് പുതുക്കിപ്പണിയുന്നത്; വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; പ്രവൃത്തി ആരംഭിക്കാത്ത ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ എത്ര ആരോഗ്യ ഉപകേന്ദ്രങ്ങളാണ് പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അടിയന്തര ഘട്ടങ്ങളിലുള്ള രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സംവിധാനം

261 (2309) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്ന് താലൂക്കാശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്ന ഡയാലിസിസ് രോഗികൾക്ക് പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസിന് രജിസ്റ്റർ ചെയ്യുമ്പോൾ രണ്ടോ മൂന്നോ മാസം കഴിഞ്ഞാണ് ഡയാലിസിസിനുള്ള തീയതികൾ ലഭിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അടിയന്തരഘട്ടങ്ങളിൽ രോഗികൾക്ക് ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കേരളത്തിലെ വിവിധ ആശുപത്രികളിൽ വ്യത്യസ്ത സാഹചര്യമാണ് നിലവിലുള്ളത്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ ജീവനക്കാരെ നിയോഗിച്ചും കൂടാതെ ആശുപത്രികളിൽ കൂടുതൽ ഷിഫ്റ്റ് ക്രമീകരിച്ചും കൂടുതൽ രോഗികൾക്ക് ഡയാലിസിസ് സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിലവിൽ ഡയാലിസിസ് യൂണിറ്റില്ലാത്ത താലൂക്കാശുപത്രി മുതലുള്ള ആശുപത്രികളിൽ നിലവിലെ ആർദ്രം മാനദണ്ഡപ്രകാരം ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി താലൂക്കാശുപത്രി - നാദാപുരം, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി - പാമ്പാടി എന്നീ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

കാഴ്ചപരിമിതർക്കായി നൽകിവരുന്ന സേവനങ്ങൾ

262 (2310) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഴ്ചപരിമിതർക്കായി എന്തെല്ലാം സേവനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ; ഈ പ്രവർത്തനങ്ങൾക്ക് പുരസ്കാരമോ പ്രത്യേക പരാമർശമോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭിന്നശേഷിക്കാർക്കായി നൽകിവരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാകിരണം, വിദ്യാജ്യോതി, വിജയാമൃതം, വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്, പരിണയം, മാതൃജ്യോതി, കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള ധനസഹായം, ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണം, ശ്രേഷ്ഠം എന്നീ പദ്ധതികളിലുൾപ്പെടുത്തി കാഴ്ചപരിമിതർക്കായുള്ള സേവനങ്ങൾ സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദ്യാകിരണം - 40 ശതമാനമോ അതിനുമുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Polytechnic വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

2. വിദ്യാജ്യോതി - സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 9-ാം ക്ലാസ് മുതൽ PG തലംവരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.

3. വിജയാമൃതം - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/ തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം/പി.ജി.-ക്ക് തത്തുല്യമായ പ്രൊഫഷണൽ ബിരുദ വിഭാഗങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് നൽകുന്ന ധനസഹായപദ്ധതി.

4. വിദൂര വിദ്യാഭ്യാസ ധനസഹായം - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽത്തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും, പി.ജി. തലത്തിലും

വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷംവരെ ധനസഹായം നൽകുന്ന പദ്ധതി.

5. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ് - 40 ശതമാനം യോഗ്യതാമാർക്കുള്ള ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ, പി.ജി. കോഴ്സ് വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ് പദ്ധതി.

6. പരിണയം - സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി.

7. മാതൃജ്യോതി പദ്ധതി - ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിലുൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി.

8. കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി - സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ച പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ട്രാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി.

9. സഹായ ഉപകരണ വിതരണ പദ്ധതി - ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസരഹിതമാക്കാനുമുതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി.

10. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി - ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസരഹിതമാക്കാനുമുതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി.

കാഴ്ച പരിമിതർക്കായി ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖാന്തരം ചെയ്തുവരുന്ന പദ്ധതികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.[+] ഈ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ 2019-ലെ മികച്ച

[+] നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തിനുള്ള ഭിന്നശേഷി അവാർഡ് ലഭിച്ചിട്ടുണ്ട്. കാഴ്ചപരിമിതർക്കായി കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടുകൂടിയ ലാപ്ടോപ്, ബാഗുകൾ, വൈറ്റ്കെയിൻ മുതലായ സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ സൗജന്യമായി അനുവദിക്കുന്ന പദ്ധതിയുൾപ്പെടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+ 2019-ലെ ഏറ്റവും മികച്ച ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സംസ്ഥാനത്തിനുള്ള കേന്ദ്രസർകാരിന്റെ പുരസ്കാരം കേരളത്തിന് ലഭിക്കുകയുണ്ടായി. 2018-ലെ NHFDC-യുടെ ഏറ്റവും മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസി അവാർഡ് ഭിന്നശേഷി ക്ഷേമ കോർപ്പറേഷന് ലഭിക്കുകയുണ്ടായി.

ഡയാലിസിസ് യൂണിറ്റ്

263 (2311) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.

കോവളം മണ്ഡലത്തിൽ ഏതെങ്കിലും സർക്കാർ ആശുപത്രിയോടുചേർന്ന് ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോവളം മണ്ഡലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രം, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം മുതലായ ആരോഗ്യ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. നിലവിലെ മാനദണ്ഡമനുസരിച്ച് താലൂക്കുതല ആശുപത്രികൾ മുതൽ മുകളിലോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നത്. ഈ ആവശ്യം നിലവിൽ പരിഗണനയിലില്ല.

കെ.എം.എസ്.സി.എൽ.

264 (2312) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ. കോഴിക്കോട് ജില്ല മരുന്ന് സംഭരണ ശാല പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ ഉടമകളായ കൊയിലാണ്ടി

താലൂക്ക് അഗ്രിക്കൾച്ചറൽ സൊസൈറ്റിക്ക് പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകാൻ ബന്ധപ്പെട്ട വകുപ്പിൽനിന്നും (സഹകരണ വകുപ്പ്) അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

അനുമതി ലഭിച്ചിട്ടില്ല.

(ബി) കെ.എം.എസ്.സി.എൽ.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരേ ജീവനക്കാർതന്നെ വർഷങ്ങളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 5 വർഷത്തിൽ കൂടുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തവർക്ക് തുടർന്നും ഡെപ്യൂട്ടേഷൻ പുതുക്കി നൽകുന്നത് നിക്ഷിപ്ത താല്പര്യം മുൻനിർത്തിയാണെന്നും ആയതിനാൽ ടി ജീവനക്കാരുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിർത്തലാക്കാൻ നടപടി കൈക്കൊള്ളുമോ?

(ബി&സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 5 വർഷത്തിൽ കൂടുതൽ തുടർച്ചയായി ആരുംതന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നില്ല. കോർപ്പറേഷനിലെ എല്ലാ

ഡെപ്യൂട്ടേഷൻ നിയമനങ്ങളും സർക്കാർ ഉത്തരവ് പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥരെ ചട്ടപ്രകാരം ഒരോ വർഷവും പരമാവധി അഞ്ചുവർഷം വരെ സേവന കാലയളവ് ദീർഘിപ്പിച്ച് നൽകുന്നു.

(ഡി) കെ.എം.എസ്.സി.എൽ. പർച്ചേസ് മാനേജരാകാൻ അടിസ്ഥാന യോഗ്യതയില്ലാത്ത വ്യക്തിയെ പ്രവൃത്തി പരിചയം മാത്രം അടിസ്ഥാനമാക്കി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിയമിച്ചിട്ടില്ല.

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം

265 (2313) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ബ്ലഡ് ബാങ്കിലേയ്ക്കാവശ്യമായ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന ജില്ലാ ആശുപത്രിയിലെ പത്തോളജിസ്റ്റിനെ ജോലി ക്രമീകരണത്തിൽ നിയമിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

266 (2314) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി സർക്കാർ 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ

ഓർഗൻസ് ആക്ടിനുകീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും 1995-ലെ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ദാതാക്കളിൽനിന്നുള്ള അവയവദാന പ്രക്രിയയുടെ നിയന്ത്രണവും കാര്യക്ഷമതയും ഉറപ്പുവരുത്തുക, ആവശ്യമുള്ളവർക്ക് ന്യായമായും നീതിപൂർവ്വമായും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ സഹായിക്കുക എന്നിവ ഈ സൊസൈറ്റിയുടെ സുപ്രധാന ലക്ഷ്യങ്ങളാണ്. അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം ആവശ്യമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി കെ-സോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി

അവയവദാനത്തിന്റെ ശാസ്ത്രീയവശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ ആശുപത്രികളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. സമൂഹമാധ്യമങ്ങളിലൂടെയും കൂടുതൽ ബോധവൽക്കരണ-പ്രചാരണ പരിപാടികൾ കെ-സോട്ടോ നടത്തിവരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി നടത്തുന്നതിലേയ്ക്കായുള്ള ഒരു പ്രോട്ടോക്കോൾ തയ്യാറാക്കി വരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) മസ്തിഷ്കമരണം ഉൾപ്പെടെ മരണശേഷം അവയവദാനത്തിന് തയ്യാറായ ആളിൽനിന്നും അവയവം ശസ്ത്രക്രിയ ചെയ്തെടുക്കുന്നതിന്റെ ആശുപത്രിച്ചെലവുകൾ ദാതാവ് വഹിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയത് സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മസ്തിഷ്കമരണാനന്തരം അവയവദാനം ചെയ്യുന്ന വ്യക്തികളുടെ ബന്ധുക്കളിൽനിന്നും അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന്റെ ചെലവുകൾ ഈടാക്കാറില്ല. മസ്തിഷ്കമരണം നിർണ്ണയിക്കുന്നത് നാല് ഡോക്ടർമാർ അടങ്ങുന്ന സംഘം രണ്ടുതവണകളായി നടത്തുന്ന അപ്നിയ ടെസ്റ്റുകളിലൂടെയാണ്. ബന്ധുക്കൾ അവയവദാനത്തിന് സമ്മതം നൽകിയാൽ രണ്ടാമത്തെ അപ്നിയ ടെസ്റ്റിന് ശേഷമുള്ള ചെലവുകൾ ബന്ധുക്കളിൽനിന്നും ഈടാക്കുന്നില്ല. ഇത് ഡോണർ മെയിന്റനൻസ് ഫീസായി അവയവങ്ങൾ എടുക്കുന്ന സ്വകാര്യ ആശുപത്രികളിൽനിന്നാണ് ഈടാക്കുന്നത്.

(സി) മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രസ്തുത പദ്ധതി പ്രകാരവും അല്ലാതെയും എത്ര പേർക്ക് അവയവങ്ങൾ ദാനം ലഭിച്ചുവെന്നും മൃതസഞ്ജീവനി പദ്ധതി പ്രകാരം അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ കോളേജ് ഹോസ്റ്റലിന്റെ സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിന് നടപടി

267 (2315) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേയ്ക്കുള്ള ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ?

കോന്നി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേയ്ക്കുള്ള ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിന് കണ്ണൂർ M/s Rubco എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) ആകെ എത്ര രൂപയുടെ ഫർണിച്ചറുകളാണ് ഹോസ്റ്റലിലേയ്ക്ക് വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഏത് ഫണ്ട്/അക്കൗണ്ടിൽനിന്നുള്ള തുക ചെലവഴിച്ചാണ് ഇവ വാങ്ങുന്നതെന്നും വ്യക്തമാക്കുമോ?

1.39 കോടി രൂപയുടെ ഫർണിച്ചറുകളാണ് ഹോസ്റ്റലിലേയ്ക്ക് വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. 1.39 കോടി രൂപ വിനിയോഗിച്ച് കോന്നി മെഡിക്കൽ കോളേജിലെ ഹോസ്റ്റലിലേയ്ക്കാവശ്യമായ ഫർണിച്ചറുകൾ റബ്കോയിൽനിന്നും വാങ്ങുന്നതിന് 14-09-2023-ലെ സ.ഉ. (സാധാ) നം. 2334/2023/ആ.കു.വ. നമ്പർ പ്രകാരം ഭരണാനുമതിയും ക്രയാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഫർണിച്ചർ വിതരണം ചെയ്യാൻ ഏൽപ്പിച്ച ഏജൻസിക്ക് എത്ര തുക മുൻകൂറായി നൽകിയിട്ടുണ്ട്; ഏജൻസി ഫർണിച്ചറുകൾ പൂർണ്ണമായും ഹോസ്റ്റലിൽ വിതരണം ചെയ്തിട്ടുണ്ടോ; ചെയ്തിട്ടില്ലെങ്കിൽ വിതരണത്തിലെ കാലതാമസത്തിന്റെ കാരണം സംബന്ധിച്ച് പ്രസ്തുത ഏജൻസിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ?

മുൻകൂറായി തുക നൽകിയിട്ടില്ല. വിതരണ ഉത്തരവ് പ്രകാരമുള്ള ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുണ്ട്. ഫർണിച്ചർ വിതരണത്തിൽ കാലതാമസം വന്നിട്ടില്ല.

(ഡി) ഫർണിച്ചറിന്റെ വർക്ക് ഓർഡർ ഏജൻസിക്ക് നൽകിയശേഷം എത്ര ദിവസത്തിനുള്ളിൽ ഫർണിച്ചറുകൾ കോളേജ് ഹോസ്റ്റലിൽ വിതരണം ചെയ്യണമെന്നാണ് എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്; എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഏജൻസി നൽകിയ എഗ്രിമെന്റ് പ്രകാരം 90 ദിവസത്തിനകം വിതരണം ചെയ്യണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെങ്കിലും ടി ഏജൻസി 45 ദിവസത്തിനകംതന്നെ പൂർണ്ണമായും ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) ഫർണിച്ചറുകൾ പൂർണ്ണമായും വിതരണം ചെയ്യാത്തതുമൂലം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ താമസസൗകര്യം ഒരുക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ

268 (2316) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകൃതമായോ; ഇതുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് തന്നെയാണോ സംസ്ഥാനതലത്തിൽ കൗൺസിൽ രൂപീകരിച്ചത്; വ്യക്തമാക്കാമോ; കേന്ദ്ര നിയമം അനുസരിച്ചാണ് കൗൺസിൽ രൂപീകരിച്ചതെങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കാൻ എന്തൊക്കെ അധികാരങ്ങളാണ് സംസ്ഥാനത്തിനുള്ളതെന്ന് വ്യക്തമാക്കാമോ; ടി അധികാരങ്ങൾ ഉപയോഗിച്ച് സംസ്ഥാനം സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്ര നിയമത്തിന്റെ ഭാഗമായി സംസ്ഥാനം ഇറക്കിയിരിക്കുന്ന വിജ്ഞാപനങ്ങൾ/ഓർഡറുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ; പകർപ്പ് ലഭ്യമാക്കുമോ; സംസ്ഥാന കൗൺസിലിലേയ്ക്ക്

സർക്കാർ നോമിനേറ്റ് ചെയ്ത വ്യക്തികളെ ഏത് മാനദണ്ഡപ്രകാരമാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ; അവരുടെ യോഗ്യത നിശ്ചയിക്കുന്ന ഏതെങ്കിലും വിജ്ഞാപനം/ഓർഡർ ഉണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

(എ&ബി) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021 പ്രകാരം 28-09-2022-ലെ സ.ഉ.(പി) 53/2022/ആ.കു.വ. ഉത്തരവിലൂടെ (അനുബന്ധം 1)[+] കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകൃതമായിട്ടുണ്ട്. കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ചുതന്നെയാണ് സംസ്ഥാന തലത്തിൽ കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. ടി ആക്ടിലെ 22 മുതൽ 38 വരെയുള്ള വകുപ്പുകൾ പ്രകാരം കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ പ്രവർത്തിക്കുന്നതിനുതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാനുള്ള അധികാരങ്ങളാണ് സംസ്ഥാനത്തിന് നൽകിയിട്ടുള്ളത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 68 (1) പ്രകാരം പുറപ്പെടുവിച്ച 17-03-2023-ലെ സ.ഉ. (പി)13/2023/ആ.കു.വ. ഉത്തരവിലൂടെ കേരള സ്റ്റേറ്റ് അലൈഡ് ആൻഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽത്ത് കെയർ കൗൺസിൽ റൂൾസ് 2023 ആവിഷ്കരിച്ചിട്ടുണ്ട്. 17-03-2023-ലെ സ.ഉ (കൈ) 65/2023/ആ.കു.വ. പ്രകാരം കൗൺസിലിന്റെ പ്രവർത്തനത്തിനുവേണ്ട തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.02-11-2023-ലെ സ.ഉ (പി) 81/2023/ആ.കു.വ, 23-12-2023-ലെ സ.ഉ (പി) 90/2023/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം കൗൺസിലിലേയ്ക്കുള്ള അംഗങ്ങളെ നിയമിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 2, 3, 4, 5 ആയി ചേർക്കുന്നു.[+] നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021-ലെ സെക്ഷൻ 22 സബ് സെക്ഷൻ 3 Clause (a) പ്രകാരം ചെയർമാന്റെയും Clause (b), (c), (d) എന്നിവ പ്രകാരം എക്സ്-ഓഫിഷ്യോ മെമ്പേഴ്സിന്റെയും നിയമനം വ്യവസ്ഥ ചെയ്യുന്നു. Clause (e) പ്രകാരം ഷെഡ്യൂളിലെ ഓരോ അംഗീകൃത വിഭാഗത്തിലെയും 2 മെമ്പർമാരെ വീതം നിയമിക്കുന്നതിനുള്ള യോഗ്യത നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. Clause (f) പ്രകാരം ഓരോ അംഗീകൃത വിഭാഗങ്ങളുമായി ബന്ധപ്പെട്ട Charitable Institution-ന്റെ പ്രതിനിധിയായി 2 മെമ്പർമാരെ വീതം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമിക്കുന്നതിനുള്ള യോഗ്യത നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആയതനുസരിച്ച് സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്ത 2023-ലെ കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ ചട്ടം 3 (2) പ്രകാരമാണ് സർക്കാർ അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(സി) ഇപ്പോൾ കൗൺസിലിൽ അംഗങ്ങളായിട്ടുള്ള വ്യക്തികൾ ആരൊക്കെയെന്ന് അറിയിക്കുമോ; അവരുടെ യോഗ്യത (വിദ്യാഭ്യാസവും അഡീഷണൽ യോഗ്യതയും ഉൾപ്പെടെ) ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; യോഗ്യത സംബന്ധിച്ച വിശദാംശങ്ങളുടെ കോപ്പി ഉൾപ്പെടെ ലഭ്യമാക്കുമോ?

ഇപ്പോൾ കൗൺസിൽ അംഗങ്ങളായിട്ടുള്ള വ്യക്തികൾ, (ex-officio members and other members) അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, അഡീഷണൽ യോഗ്യത എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 6 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കൗൺസിൽ പ്രായോഗികമായ പ്രവർത്തനം തുടങ്ങിയോയെന്നും രജിസ്ട്രേഷൻ ആരംഭിച്ചോയെന്നും അറിയിക്കുമോ; അക്കാദമിക് മേഖലയെ നവീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര ആക്ടിലെ സെക്ഷൻ 66 പ്രകാരം നാഷണൽ കമ്മീഷൻ റഗുലേഷൻസ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കൗൺസിലിൽ സർക്കാർ സർവ്വീസിൽനിന്നുള്ള അംഗങ്ങളുണ്ടോ; ഇല്ലെങ്കിൽ അവർ എന്തുകൊണ്ട് അയോഗ്യരായി എന്നറിയിക്കുമോ; അവർ അപേക്ഷകരായി ഉണ്ടായിരുന്നോ; അവരെ ഒഴിവാക്കാൻ കാരണമുണ്ടോ;

(എഫ്) കൗൺസിലിൽ സർക്കാർ സർവ്വീസിന് പുറമെയുള്ള അംഗങ്ങളെ എടുക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അവർ എന്തുകൊണ്ട് അയോഗ്യരായി എന്നറിയിക്കുമോ; അവർ അപേക്ഷകരായി ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ?

(ഇ&എഫ്) ഉണ്ട്. നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് കൗൺസിൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള വ്യക്തികളെയാണ് സ്റ്റേറ്റ് കൗൺസിലിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ളത്.

മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ

269 (2317) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ സർക്കാർ ഉദ്യോഗസ്ഥരുടെയും അവരുടെ ആശ്രിതരുടെയും മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നു; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജനുവരി മാസം മുതൽ ആരോഗ്യ വകുപ്പിൽ ലഭ്യമായ മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ പരിശോധനയുടെ ഭാഗമായുള്ള വിവിധ ഘട്ടങ്ങളിലായി നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തിവരുന്നു. ആയതിലേയ്ക്ക് ടി ഓഫീസിലെ ജീവനക്കാരെ ഉൾപ്പെടുത്തി അവധി ദിവസങ്ങളിലുൾപ്പെടെ എം.ആർ. ബില്ലുകൾ തീർപ്പാക്കി വരുന്നുണ്ട്. സർക്കാർ നൽകുന്നതിനുപുറമേ വിവിധ വകുപ്പുകളിൽ നിന്നായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്കും DMO ഓഫീസുകളിലേയ്ക്കും നേരിട്ടും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി അയച്ചുനൽകുന്നുണ്ട്. അപേക്ഷകളുടെ ബാഹുല്യം കാരണം തീർപ്പാക്കാൻ കാലതാമസം നേരിടുന്നുണ്ട്. 2023 ജനുവരി മുതൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഉൾപ്പെടെ ഏകദേശം 1700-ഓളം മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ബി) നിലവിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ സീനിയോറിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; അല്ലെങ്കിൽ ടി അപേക്ഷകൾ സീനിയോരിറ്റി പ്രകാരം പരിഗണിച്ച് സമയബന്ധിതമായി തീർപ്പാക്കി വർഷങ്ങളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണ് പരിഗണിക്കുന്നത്.

കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ കോഴ്സുകളുടെ അംഗീകാരം

270 (2318) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് കേരളത്തിൽ

പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് കൗൺസിൽ രജിസ്ട്രേഷൻ എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 08-03-2022-ലെ ജി.ഒ.(എം.എസ്.) 52/2022/ആ.കു.വ. പ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക്, അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളവരും അതത് സംസ്ഥാനത്തിന്റെ റെഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷനുള്ളവരും ആണെങ്കിൽ കേരള പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിക്ക സംസ്ഥാനങ്ങളിലും കോഴ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു റെഗുലേറ്ററി ബോഡിയില്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഇപ്പോൾ നിലവിലുണ്ട്. 28-09-

2022-ലെ ജി.ഒ.(പി) 53/2022/ആകുവ പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

ചവറ മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ വിവിധ പദ്ധതികളുടെ അവലോകന യോഗം

271 (2319) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെയും ആരോഗ്യ മേഖലയിൽ നടന്നുവരുന്ന വിവിധ പദ്ധതികളുടെയും അവലോകന യോഗം എം.എൽ.എ.-യുടെ നേതൃത്വത്തിൽ എല്ലാ മാസവും ചേരുന്നതിന് ജില്ല മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ചവറയിൽ

ഇത്തരത്തിൽ യോഗം വിളിച്ച് ചേർക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥന് ചുമതല നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്. ചവറ മണ്ഡലത്തിൽ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിൽ അവലോകനം നടത്താനായി ഡോ. ശ്രീകാന്ത് കെ. ബി, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ചുമതല നൽകിയിട്ടുണ്ട്. ടി മണ്ഡലത്തിലെ അവലോകന യോഗങ്ങളിൽ പങ്കെടുക്കുന്നതിനും ഇടപെടലുകൾ ആവശ്യമുള്ളപക്ഷം ജില്ലാ മെഡിക്കൽ ഓഫീസറെ അടിയന്തരമായി ധരിപ്പിക്കുന്നതിനും ഈ ഉദ്യോഗസ്ഥനാണ് ചുമതല നൽകിയിട്ടുള്ളത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

272 (2320) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് നിലവിലുള്ളതെന്നും ഇതിൽ എത്ര കുടുംബങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭ്യമാകുന്നതെന്നും വിശദമാക്കാമോ?

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 41,99,233 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. ആയതിൽ 23,97,610 കുടുംബങ്ങൾക്ക് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിക്കുന്നത്.

(ബി) കേന്ദ്ര ഗവൺമെന്റ് പ്രീമിയം തുക കണക്കാക്കി ഒരു കുടുംബത്തിന് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

ആകെയുള്ള ചികിത്സ ചെലവിന്റെ 60% അല്ലെങ്കിൽ ഒരു കുടുംബത്തിന് പരമാവധി 631.2 രൂപ വീതം ഒരു വർഷത്തെ തുക (നിലവിൽ 23,97,610 x 631.2 = Rs. 151,33,71,432/-) ഇതിൽ ഏതാണോ കുറവ് അത് കേന്ദ്ര വിഹിതമായി ലഭിക്കും.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസ്പിൽ ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്നും

അതിൽ കേന്ദ്ര വിഹിതമായി എത്ര കോടി രൂപ ലഭിച്ചുവെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 2020-2021-ൽ 4,94,68,07,182 രൂപയും 2021-2022-ൽ 11,41,39,89,685 രൂപയും 2022-2023-ൽ 10,51,33,71,432 രൂപയും 2023-2024-ൽ 7,94,72,85,720 രൂപയും ചെലവഴിച്ചിട്ടുണ്ട്. അതിൽ 2020-2021-ൽ 1,38,10,61,182 രൂപയും 2021-2022-ൽ 1,38,89,89,685 രൂപയും 2022-2023-ൽ 1,51,33,71,432 രൂപയും 2023-2024-ൽ 1,51,33,71,432 രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കാസ്പിൽ അംഗമല്ലാത്ത കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ വിട്ടുപോയ ബി.പി.എൽ. കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതിയുടെ ഡാറ്റാബേസ്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ.) ഡാറ്റാബേസിന്റെ

അടിസ്ഥാനത്തിൽ പുതുക്കി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. എന്നിരുന്നാലും നിലവിൽ കാസ്പ് പദ്ധതിയിലുൾപ്പെട്ടിട്ടില്ലാത്ത വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് APL/BPL വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനം കാസ്പ് പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽനിന്നും 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കായി ആരോഗ്യ കിരണം പദ്ധതിയുടെ സേവനം എന്നിവ സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

കീഴ്പ്പള്ളി സി.എച്ച്.സി.-ലെ ഡയാലിസിസ് സെന്റർ

273 (2321) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള കീഴ്പ്പള്ളി സി.എച്ച്.സി.-ലെ ഡയാലിസിസ് സെന്റർ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ഡയാലിസിസ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ ഡയാലിസിസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

കീഴ്പള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ തുക ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് മുഖേന ലഭ്യമാക്കുകയും തുക കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം ഒരു സാമൂഹികാരോഗ്യ കേന്ദ്രമാണ്. ആർദ്രം മാനദണ്ഡങ്ങൾ പ്രകാരം താലൂക്ക് ആശുപത്രി മുതലുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ നിലവിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കാൻ കഴിയുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ സർക്കാരിന് മറ്റ് യാതൊരുവിധ സാമ്പത്തിക ബാധ്യതയും അധികമായുണ്ടാകില്ലെന്നും മതിയായ ജീവനക്കാരെ ഇതിലേയ്ക്ക് നിയമിക്കണമെന്നും മറ്റുമുള്ള വ്യവസ്ഥകളടങ്ങിയ ധാരണ പത്രം ഒപ്പുവച്ച്, ഡയാലിസിസ് കേന്ദ്രം തുടങ്ങാൻ പ്രത്യേക അനുമതി നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് പെർമനന്റ് രജിസ്ട്രേഷൻ

274 (2323) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് പെർമനന്റ് രജിസ്ട്രേഷൻ ലഭിക്കുന്നതിന് രണ്ട് വർഷം ഇന്റേൺഷിപ്പ് ആവശ്യമാണെന്നത് പരിഷ്കരിച്ചിട്ടുണ്ടോ; 22-11-2023-ൽ നാഷണൽ മെഡിക്കൽ കമ്മീഷൻ സർക്കുലർ പ്രകാരം രണ്ട് വർഷം ഇന്റേൺഷിപ്പ് എന്നുള്ളത് ഒരുവർഷം ക്ലർക്ക്ഷിപ്പ്, ഒരുവർഷം ഇന്റേൺഷിപ്പ് എന്നാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓർഡറിന്റെ കോപ്പി അനുബന്ധമായി ചേർക്കാമോ ?

വിദേശ മെഡിക്കൽ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് സംബന്ധിച്ച് 07-12-2023-ലെ പബ്ലിക് നോട്ടീസ് പ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷൻ പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)[+] ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. ടി നോട്ടീസ് പ്രകാരം ഉക്രൈനിൽനിന്നുള്ള വിദേശ മെഡിക്കൽ ബിരുദധാരികളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് അല്ലെങ്കിൽ യുദ്ധം എന്നിവ കാരണം അവസാന വർഷത്തിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ഓൺലൈൻ മുഖേന പഠനം പൂർത്തീകരിക്കുയും ചെയ്തവർക്ക് ഒരു വർഷം Clerkship-ഉം ഒരു വർഷം Internship-ഉം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ അവസാന വർഷത്തിന് തൊട്ടുമുമ്പ് പഠനം പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ഓൺലൈൻ മുഖേന പഠനം പൂർത്തീകരിക്കുകയും ചെയ്തവർക്ക് 2 വർഷം Clerkship-ഉം ഒരു വർഷം Internship-ഉം ആണ് നാഷണൽ മെഡിക്കൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്. ഉക്രൈൻ ഒഴികെ മറ്റ് രാജ്യങ്ങളിലെ സർവ്വകലാശാലകളിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസം നടത്തുകയും അവസാന വർഷത്തിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാതെവന്നതുമായ വിദ്യാർത്ഥികൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ 28-07-2022-ലെ NMC/20659(Legal)/2022/UGMEB/ നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം 2 വർഷം Internship ആണ് നിലവിൽ നൽകിവരുന്നത്.

(ബി) ക്ലർക്ക്ഷിപ്പ് ചെയ്യുന്നതിന് ഫീ ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നാഷണൽ മെഡിക്കൽ കമ്മീഷന്റെ 07-12-2023-ലെ U-15024/9/2023-UGMEB നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം ക്ലർക്ക്ഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികളിൽനിന്നും പ്രതിമാസം 5000/- രൂപ ക്ലർക്ക്ഷിപ്പ് ഫീസിനത്തിൽ ബന്ധപ്പെട്ട മെഡിക്കൽ കോളേജിന് ഈടാക്കാവുന്നതാണ്.

(സി) ക്ലർക്ക്ഷിപ്പ്, ഇന്റേൺഷിപ്പ് എന്നിവയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ അപേക്ഷ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവയിന്മേൽ അടിയന്തരമായി നടപടി പൂർത്തിയാക്കുന്നതിന് തീരുമാനമെടുക്കുമോ?

ഇല്ല. വിദേശ രാജ്യങ്ങളിൽനിന്നും മെഡിക്കൽ ബിരുദം നേടിയെത്തുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ അവർ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ലഭ്യമാക്കുന്ന മെഡിക്കൽ ബിരുദ സർട്ടിഫിക്കറ്റുകളുടെ ക്ലാരിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൗൺസിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, എംബസി എന്നിവിടങ്ങളിലേയ്ക്ക് അയയ്ക്കുകയും ആയതിന്റെ മറുപടിയും കൂടാതെ പ്ലസ് ടു വെരിഫിക്കേഷനും ലഭ്യമാകുന്ന മുറയ്ക്ക് കേരള

സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ സക്രൂട്ടണി കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി പ്രൊവിഷണൽ രജിസ്ട്രേഷൻ അനുവദിച്ചുവരികയും ചെയ്യുന്നു. നിലവിൽ ഇപ്രകാരം വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ലഭ്യമായ എല്ലാ അപേക്ഷകൾക്കും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ പ്രൊവിഷണൽ രജിസ്ട്രേഷൻ നൽകിയിട്ടുള്ളതാണ്.

ദന്തൽ കോളേജുകളിൽ ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നത്

275 (2324) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ഗവ. ദന്തൽ കോളേജുകളിൽ ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രെപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ബി.ഡി.എസ്. കോഴ്സ് റെഗുലേഷൻസ് 2007 പ്രകാരം ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക

ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ആരോഗ്യ വകുപ്പിനുകീഴിലുള്ള സർക്കാർ ദന്തൽ കോളേജുകളിൽ ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ആയത് ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു. ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ബി.ഡി.എസ്. കോഴ്സ് റെഗുലേഷൻസ് 2007 പ്രകാരം ചെയർസൈഡ് അസിസ്റ്റന്റ് തസ്തിക ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പാരാമെഡിക്കൽ കൗൺസിൽ

276 (2325) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ മുഖേന രജിസ്ട്രേഷൻ നടത്തുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

08-03-2022-ലെ ജി.ഒ.(എം.എസ്) 52/2022/ആ.കു.വ നമ്പർ പ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക്, അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളവരും അതത് സംസ്ഥാനത്തിന്റെ റെഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷനുള്ളവരും ആണെങ്കിൽ കേരള പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിക്ക സംസ്ഥാനങ്ങളിലും കോഴ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു റെഗുലേറ്ററി ബോഡിയില്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് നിലവിലുണ്ട്. 28-09-2022-ലെ ജി.ഒ(പി) 53/2022/ആകുവ നമ്പർ പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ പാരാമെഡിക്കൽ

കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് പുറത്തെ യു.ജി.സി. അംഗീകൃത ആരോഗ്യ സർവ്വകാലാശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും വിവിധ ബിരുദ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച് കേരളത്തിൽ തിരിച്ചെത്തുന്ന ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകാത്തതിനാൽ തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ

പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

നഴ്സിംഗ് കോളേജുകൾ

277 (2326) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ 7 പുതിയ നഴ്സിംഗ് കോളേജുകളും 100 സീറ്റോടുകൂടി തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുബന്ധമായി അധിക ബാച്ചും ആരംഭിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (സിമെറ്റ്) -ക്ക് കീഴിൽ ഏഴ് പുതിയ നഴ്സിംഗ് കോളേജുകൾ 2023-24 അദ്ധ്യയന വർഷം ആരംഭിച്ചു. സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളായ

സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്നിവയ്ക്ക് കീഴിൽ ആകെ 4 കോളേജുകളും സ്വകാര്യ സ്വാശ്രയ മേഖലയിൽ 14 കോളേജുകളും ഇക്കാലയളവിൽ ആരംഭിച്ചു. ഇപ്രകാരം ആകെ 32 നഴ്സിംഗ് കോളേജുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചു. പുതിയ നഴ്സിംഗ് കോളേജുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത കോളേജുകൾക്കായി പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സർക്കാർ മേഖലയിൽ 2022-23 അദ്ധ്യയന വർഷം ആരംഭിച്ച കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകളിൽ 15-07-2022-ലെ സ.ഉ (കൈ) നം.150/2022/ ആ.കു.വ. പ്രകാരം സൃഷ്ടിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും 2023-24 അധ്യയന വർഷം തിരുവനന്തപുരം (അധിക ബാച്ച്), പത്തനംതിട്ട, ഇടുക്കി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലായി ആരംഭിച്ച നഴ്സിംഗ് കോളേജുകളിൽ 13-10-2023-ലെ സ.ഉ (കൈ) നം.282/2023/ ആ.കു.വ. പ്രകാരം സൃഷ്ടിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ വിവരവും അനുബന്ധം 2 ആയി ചേർക്കുന്നു.+ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (സിമെറ്റ്)-ക്കുകീഴിൽ പുതുതായി ആരംഭിച്ച ഏഴ് കോളേജുകളിലുമായി സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.+

നഴ്സിംഗ് സീറ്റുകൾ

278 (2327) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠനത്തിനായി 2011-2016 കാലയളവിൽ എത്ര സീറ്റുകളാണുണ്ടായിരുന്നതെന്നും നിലവിലുള്ള സീറ്റുകൾ എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നഴ്സിംഗ് പഠനത്തിനായി ആക്സിലറി നഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് (എ.എൻ.എം.), ജനറൽ നഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് (ജി.എൻ.എം.), ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി നഴ്സിംഗ് എന്നീ കോഴ്സുകളിലായി 2011-16 കാലയളവിൽ സംസ്ഥാനത്തുണ്ടായിരുന്ന സീറ്റുകളുടെ എണ്ണവും നിലവിലുള്ള സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും അതുവഴി എത്ര സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ 7 പുതിയ നഴ്സിംഗ് കോളേജുകളും 100 സീറ്റോടുകൂടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം നഴ്സിംഗ് കോളേജിന്റെ അധിക ബാച്ചും ആരംഭിച്ചു. തൽഫലമായി 520 ബി.എസ്.സി. (നഴ്സിംഗ്) സീറ്റുകൾ സംസ്ഥാനത്ത് ലഭ്യമായി. കൂടാതെ, നിലവിലുണ്ടായിരുന്ന നഴ്സിംഗ് കോളേജുകളിൽ 92 ബി.എസ്.സി. (നഴ്സിംഗ്) സീറ്റുകൾ വർദ്ധിപ്പിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ മാത്രം വർദ്ധിപ്പിച്ച ആകെ ബി.എസ്.സി. (നഴ്സിംഗ്) സീറ്റുകളുടെ എണ്ണം 612 ആണ്. മെറിറ്റ് അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുന്ന സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 11 സ്വാശ്രയ കോളേജുകളും സ്വകാര്യ സ്വാശ്രയ മേഖലയിൽ 14 കോളേജുകളും ആരംഭിച്ചു. കൂടാതെ, നിലവിലുള്ള സ്വാശ്രയ കോളേജുകളിൽ അടിസ്ഥാന സൗകര്യം മാനദണ്ഡമാക്കി 31 കോളേജുകൾക്ക് സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ മേഖലയിൽ 1820 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിച്ചു. എം.എസ്.സി. (നഴ്സിംഗ്)-ന് സർക്കാർ കോളേജുകളിൽ 32 സീറ്റുകളും സ്വകാര്യ സ്വാശ്രയ മേഖലയിൽ 27 സീറ്റുകളും

വർദ്ധിപ്പിച്ചു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് 55 സീറ്റുകൾ പുതുതായി ലഭ്യമാക്കി.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ദന്തൽ ഫാർമസി അദ്ധ്യാപക തസ്തികകൾ

279 (2328) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ദന്തൽ അദ്ധ്യാപകരെയും ഫാർമസി അദ്ധ്യാപകരെയും സർക്കാർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്യുന്നതിനായി എത്ര തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്; എത്ര അദ്ധ്യാപകർ ഈ വകുപ്പുകളിൽ ജോലി ചെയ്യുന്നുണ്ട്?

കണ്ണൂർ സർക്കാർ ദന്തൽ കോളേജ്, ഫാർമസി കോളേജ് എന്നിവയിലെ അധ്യാപകരെ ആഗിരണം ചെയ്യുന്നതിനായി യഥാക്രമം 4,326 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ ദന്തൽ കോളേജ്, ഫാർമസി കോളേജ് എന്നിവിടങ്ങളിലായി യഥാക്രമം 4,326 അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുമുണ്ട്.

(ബി) നിലവിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പോസ്റ്റുകളുണ്ടായിട്ടും സൂപ്പർ ന്യൂമററി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കണ്ണൂർ സർക്കാർ ദന്തൽ കോളേജ്, ഫാർമസി കോളേജ് എന്നിവയിലെ അദ്ധ്യാപകരെ ആഗിരണം ചെയ്യുന്നതിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള 4,326 തസ്തികകളിൽ സൂപ്പർ ന്യൂമററി വിഭാഗം തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള കത്തുകളുടെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കണ്ണൂർ മെഡിക്കൽ കോളേജിൽ പുതിയ ഫാർമസി കോഴ്സുകൾ

280 (2330) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകളായ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകളായ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നിവ ആരംഭിക്കുന്നതിനുള്ള ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) നിലവിലെ സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യതയില്ലാതെതന്നെ പ്രസ്തുത കോഴ്സുകൾ ആരംഭിക്കാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കാമോ?

കഴിയില്ല. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ ഫാക്കൽറ്റികൾ നിലവിലുണ്ടെങ്കിലും സ്റ്റൈഫന്റ് നൽകുന്ന ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകും.

ആരോഗ്യ സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ

281 (2331) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ നടത്തപ്പെടുന്ന മുഴുവൻ കോഴ്സുകളുടെയും വിശദാംശങ്ങളും ഓരോ കോഴ്സിലും കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണവും കോളേജ്, കോഴ്സ് (ഗവ:/ഗവ:എയ്ഡഡ്/സഹകരണ/സ്വാശ്രയ കോഴ്സുകൾ) അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.+

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടത്തപ്പെടുന്ന മുഴുവൻ കോഴ്സുകളുടെയും വിശദാംശങ്ങളും ഓരോ കോഴ്സിലും കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണവും കോളേജ്, കോഴ്സ് (ഗവ:/ ഗവ:എയ്ഡഡ്/സഹകരണ/സ്വാശ്രയ കോഴ്സുകൾ) അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.+

(സി) കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ എണ്ണം, സ്ഥാപനം, വിഷയം, തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.+

വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

282 (2332) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് സജ്ജമാക്കിയിട്ടുള്ള കെട്ടിടത്തിൽ പുതുതായി ഒരു ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് സജ്ജമാക്കിയിട്ടുള്ള കെട്ടിടത്തിൽ പുതുതായി ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്ന പ്രപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലെ താൽക്കാലിക ജീവനക്കാർ

283 (2333) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. ഹോമിയോ മെഡിക്കൽ കോളേജിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നും ഇവരുടെ നിയമന രീതി എപ്രകാരമാണെന്നും അറിയിക്കുമോ?

18 താൽക്കാലിക ജീവനക്കാർ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

അസിസ്റ്റന്റ് പ്രൊഫസർ - 14

ലാബ് ടെക്നീഷ്യൻ - 1

ക്ലീനർ - 1

ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 1

റീ എംപ്ലോയ്മെന്റ് മുഖേന

അസോസിയേറ്റ് പ്രൊഫസർ - 1

(ബി) നിലവിലുള്ള താൽക്കാലിക ജീവനക്കാരെ എന്ന് മുതലാണ് നിയമിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.+

കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി

284 (2334) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലെന്ന് വ്യക്തമാക്കുമോ?

1. മുതുവല്ലൂർ

2. പെരുവള്ളൂർ

3. വേങ്ങര

4. പൊൻമുണ്ടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. വെട്ടത്തൂർ

6. മേലാറ്റൂർ

7. തേഞ്ഞിപ്പാലം

8. മുന്നിയൂർ

9. കണ്ണമംഗലം

10. മങ്കട

11. കീഴാറ്റൂർ

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിൽ ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലും ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ ആയുഷ് പദ്ധതി

285 (2335) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് ആയുഷ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും അതിലേയ്ക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) നാഷണൽ ആയുഷ് മിഷൻ

നാഷണൽ ആയുഷ് മിഷൻ മുഖേന ഗവ. ആയുർവേദ ഡിസ്പെൻസറി പൂഞ്ഞാർ, ഗവ.ആയുർവേദ ഡിസ്പെൻസറി പൂഞ്ഞാർ തെക്കേക്കര എന്നീ സ്ഥാപനങ്ങളെ ഹെൽത്ത് & വെൽനസ്സ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ്

പ്രവർത്തനങ്ങൾക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 5,00,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആവർത്തന ചെലവായി ഓരോ വർഷവും 4.57 ലക്ഷം രൂപ ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകൾക്ക് ലഭ്യമാക്കുന്നതാണ്.

ഭാരതീയ ചികിത്സാ വകുപ്പ്

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ചുവടെ പ്രതിപാദിച്ചിട്ടുള്ള ആയുർവേദ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു.

ഗവ.ആയുർവേദ ഡിസ്പെൻസറി, എരുമേലി

ഗവ.ആയുർവേദ ഡിസ്പെൻസറി, മുണ്ടക്കയം

ഗവ.ആയുർവേദ ഡിസ്പെൻസറി, കോസടി

ഗവ.ആയുർവേദ ഡിസ്പെൻസറി, പാറത്തോട്

ഗവ.ആയുർവേദ ഡിസ്പെൻസറി, പൂഞ്ഞാർ

ഗവ.ആയുർവേദ ഡിസ്പെൻസറി, പൂഞ്ഞാർ തെക്കേക്കര

ഗവ.ആയുർവേദ ഡിസ്പെൻസറി, തലപ്പാലം

ഗവ.ആയുർവേദ ഡിസ്പെൻസറി, തിടനാട്

ഗവ.ആയുർവേദ ആശുപത്രി, തീക്കോയി

NHM ഡിസ്പെൻസറി, ഈരാറ്റുപേട്ട

NHM ഡിസ്പെൻസറി, കൂട്ടിക്കൽ

ഗവ.ആയുർവേദ ഡിസ്പെൻസറി പൂഞ്ഞാർ തെക്കേക്കരയിൽ യോഗ ഇൻസ്ട്രക്ടർക്ക് വേതന ഇനത്തിൽ 1,30,765 രൂപയും മർട്ടി പർപ്പസ് വർക്കർക്ക് 15,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പൂഞ്ഞാർ മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി

മുണ്ടക്കയം CHC-യെ 15.5 ലക്ഷം രൂപ ചെലവാക്കി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.

പൂഞ്ഞാർ GVR-നെ 15.5 ലക്ഷം രൂപ ചെലവാക്കി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.

തീക്കോയി PHC-യെ 15.5 ലക്ഷം രൂപ ചെലവാക്കി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ (FWC) ഹെൽത്ത് & വെൽനസ്സ് സെന്ററുകളാക്കുന്ന (HWC) പദ്ധതി.

7.7 ലക്ഷം രൂപ ചെലവാക്കി മലയിഞ്ചിപ്പാറ FWC-യെ HWC ആയി ഉയർത്തി.

7.65 ലക്ഷം രൂപ ചെലവാക്കി കണ്ടർ FWC-യെ HWC ആയി ഉയർത്തി.

8.6 ലക്ഷം രൂപ ചെലവാക്കി പൂഞ്ഞാർ മെയിൻ സെന്റർ FWC-യെ HWC ആയി ഉയർത്തി.

9.7 ലക്ഷം രൂപ ചെലവാക്കി GVR പൂഞ്ഞാർ മെയിൻ സെന്റർ FWC-യെ HWC ആയി ഉയർത്തി.

7.45 ലക്ഷം രൂപ ചെലവാക്കി മുണ്ടക്കയം മെയിൻ സെന്റർ FWC-യെ HWC ആയി ഉയർത്തി.

പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ.

350 ലക്ഷം രൂപ ചെലവിൽ കോരുത്തോട് PHC-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

185.65 ലക്ഷം രൂപ ചെലവിൽ തിടനാട് PHC-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മരുന്നുകളുടെ ഗുണനിലവാരം

286 (2336) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടക്കുന്നില്ല എന്നത് വസ്തുതാപരമല്ല. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്നുകളെ സംബന്ധിച്ച തുടർ അന്വേഷണം നടത്തിയതിൽ 49 എണ്ണത്തിന് മാത്രമാണ്

കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾപ്രകാരം നിയമനടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുള്ളത്. ബാക്കിയുള്ളവയിൽ അപാകതകൾ പരിഹരിച്ചെടുക്കുന്നതിനുള്ള വകുപ്പുതല നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുസാമ്പിളുകളുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അവയുടെ വിൽപ്പന നിർത്തിവയ്ക്കുകയും ടി മരുന്നുകളുടെ വിതരണശൃംഖല കണ്ടുപിടിച്ച് ആയത് എവിടെ നിന്നെല്ലാം വാങ്ങിയെന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്നുകൾ ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിവരങ്ങൾ അതത് മാസം പത്ര മാധ്യമങ്ങളിലും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് വിൽപ്പനയ്ക്കെത്തുന്ന മരുന്നുകളിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിലാണ് നിർമ്മിക്കുന്നത്. പ്രസ്തുത മരുന്നുകളിൽ നിയമ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യങ്ങളിൽ നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ

സ്വീകരിച്ചുവരുന്നു. നിയമനടപടികൾ ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ ഡ്രഗ്സ് റൂളിൽ അനുശാസിക്കുന്ന വകുപ്പുതല നടപടികൾ സ്വീകരിക്കാൻ പ്രസ്തുത സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ അധികാരികളെ അറിയിക്കുന്നു. സംസ്ഥാനത്തെ ഔഷധ നിർമ്മാതാക്കൾ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകൾ നിർമ്മിക്കുന്നതായി കണ്ടെത്തിയാൽ ഡ്രഗ്സ് റൂളിൽ അനുശാസിക്കുന്ന രീതിയിൽ പ്രസ്തുത മരുന്നുകൾ നിർമ്മിക്കാനുള്ള അനുവാദം താല്ക്കാലികമായി/സ്ഥിരമായി റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നു.

(ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര തുകയുടെ ആയുർവേദ/ഹോമിയോ/മറ്റ് മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 10,000 കോടി രൂപയുടെ അലോപ്പതി മരുന്നുകളും 48 കോടി രൂപയുടെ ഹോമിയോ മരുന്നുകളും വിപണനം ചെയ്യുന്നു. ആയുർവേദ/സിദ്ധ/യുനാനി മരുന്നുകളുടെ വിൽപ്പനയ്ക്കായി ലൈസൻസുകൾ വേണമെന്ന് നിയമത്തിൽ

നിഷ്കർഷിക്കുന്നില്ല. ആയതിനാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആയുർവേദ/സിദ്ധ/യുനാനി മരുന്നുകളുടെ വിപണനം സംബന്ധിച്ച് വ്യക്തമായ കണക്ക് ലഭ്യമല്ല.

(സി) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകി പല കമ്പനികളും സംസ്ഥാനത്ത് വിവിധ മരുന്നുകൾ വിറ്റഴിക്കുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ കണ്ടെത്തുന്നതിനും നിരോധിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള പരസ്യങ്ങൾ വിവിധ വാർത്താമാധ്യമങ്ങൾ വഴി നൽകുന്നത് വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിരന്തരം പരിശോധിക്കുകയും നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ Drugs & Magic Remedies (Objectionable Advertisement) Act 1954 പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് പതഞ്ജലി ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കളായ M/s.Divya Pharmacy, Plot No.A-01,

Industrial Area, Haridwar, Uttarakhand-249401 എന്ന സ്ഥാപനത്തിനെതിരെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് 33 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2022 ജനുവരി മുതൽ നാളിതുവരെ മരുന്നുകളുടെ ഗുണനിലവാര പരിശോധനയിൽ ഗുണനിലവാരമില്ലായെന്ന് കണ്ടെത്തിയ മരുന്നുകളിൽ, അലോപ്പതി/ആയുർവേദ/ഹോമിയോ/മറ്റുമരുന്നുകൾ എത്രയെണ്ണമാണെന്നും ഏതെല്ലാം കമ്പനികളുടെ മരുന്നാണെന്നും അവയുടെ വിൽപ്പന സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ?

2022-ൽ 231-ഉം 2023-ൽ 205-ഉം അലോപ്പതി മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. 2022-ൽ 22 ആയുർവേദ മരുന്നുകളും 2023-ൽ 47 ആയുർവേദ മരുന്നുകളും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിൽ നിശ്ചിത ഗുണനിലവാരമില്ലാത്ത ഹോമിയോ മരുന്നുകൾ കണ്ടെത്തിയിട്ടില്ല. ഗുണനിലവാര പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ അലോപ്പതി/ആയുർവേദ മരുന്നുകൾ നിർമ്മിച്ച കമ്പനികളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ഗുണനിലവാരമില്ലെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ടെത്തിയ മരുന്നുകളുടെ വിൽപ്പന സംസ്ഥാനത്തുടനീളം നിരോധിച്ച് അവയുടെ ബാക്കിയുള്ള സ്റ്റോക്കുകൾ പിൻവലിക്കുന്നതിനുള്ള നിർദ്ദേശം ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിതരണക്കാർ/നിർമ്മാതാക്കൾക്ക് നൽകിയിട്ടുണ്ട്.

വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ

287 (2337) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് വനിതാ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നിലവിൽ നടത്തിവരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നിലവിൽ നടത്തി വരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേർവഴി പദ്ധതി

288 (2338) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ആരംഭിച്ചിട്ടുള്ള നേർവഴി പദ്ധതി സംസ്ഥാനത്താകെ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

നേർവഴി പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ അദ്ധ്യാപകർക്ക് എക്സൈസ് വകുപ്പുമായി പങ്കുവച്ച് പരിഹാരം കാണുന്നതിനായി 9656178000 എന്ന മൊബൈൽ നമ്പർ എക്സൈസ് കമ്മീഷണറേറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത മൊബൈൽ നമ്പർ അധ്യാപകർക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി 10000 പോസ്റ്റർ അച്ചടിച്ച് എല്ലാ ജില്ലകളിലേയും സ്കൂളുകളിലെ സ്റ്റാഫ് റൂമിൽ പതിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	900

കൊല്ലം	700
പത്തനംതിട്ട	450
ആലപ്പുഴ	500
കോട്ടയം	500
ഇടുക്കി	500
എറണാകുളം	1000
തൃശ്ശൂർ	900
പാലക്കാട്	800
മലപ്പുറം	1000
കോഴിക്കോട്	1000
വയനാട്	500
കണ്ണൂർ	800
കാസർഗോഡ്	450

(ബി) കൂടുതൽ വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

'നേർവഴി' പദ്ധതിയെക്കുറിച്ചും ഇതിനായി ബന്ധപ്പെടേണ്ട 9656178000 എന്ന മൊബൈൽ നമ്പറിനെക്കുറിച്ചും കൂടുതൽ വിദ്യാലയങ്ങളിൽ പ്രചരണം നടത്തുന്നതാണ്.

അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ

289 (2339) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിലെ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിലെ അങ്കണവാടികളിൽ 10 വർഷത്തിൽ താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500/- രൂപയും 10 വർഷത്തിലധികം സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000/- രൂപയും വീതം 01-12-2023 പ്രാബല്യത്തിൽ പ്രതിമാസ ഓണറേറിയത്തിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം (പൂരക പോഷകാഹാരം) ഉണ്ടാക്കുന്ന എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിലുണ്ട്; എല്ലാ യൂണിറ്റുകൾക്കും എല്ലാ മാസവും വിതരണാവകാശം ഒരുപോലെയാണോ നൽകുന്നത്; അമൃതം യൂണിറ്റിനുവേണ്ടി രൂപീകരിച്ച കൺസോർഷ്യം എല്ലാ ജില്ലകളിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന 'അമൃതം' തയ്യാറാക്കുന്ന 241 യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഓരോ മാസവും അങ്കണവാടികളിലെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ചാണ് 'അമൃതം' വിതരണം ചെയ്യുന്നത്. ആയതിനാൽ ഓരോ മാസവും വിതരണം ചെയ്യുന്ന അളവ് വ്യത്യസ്തമായിരിക്കും. അമൃതം യൂണിറ്റിനുവേണ്ടി എല്ലാ ജില്ലകളിലും കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്.

ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ

290 (2341) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള എത്ര അങ്കണവാടികളുണ്ടെന്ന് അറിയിക്കാമോ?

167 അങ്കണവാടികൾ.

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും പ്രസ്തുത അംഗൻവാടികൾ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ?

സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത 43 അങ്കണവാടികൾ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. +

(സി) സ്വന്തമായി വസ്തുവുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും അറിയിക്കാമോ?

സ്വന്തമായി വസ്തുവുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്ത 16 അങ്കണവാടികളുണ്ട്. വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു. +

(ഡി) ചാത്തന്നൂർ മണ്ഡലത്തിൽ ഉടൻ പുനർനിർമ്മാണം നടത്തേണ്ട അങ്കണവാടി കെട്ടിടങ്ങൾ ഏതെല്ലാമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടെങ്കിൽ പ്രസ്തുത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ ഉടൻ പുനർനിർമ്മാണം നടത്തേണ്ട 7 അങ്കണവാടി കെട്ടിടങ്ങളുണ്ട്. വിശദാംശം അനുബന്ധം (3) ആയി ചേർക്കുന്നു. +

സാമൂഹ്യ പരിചരണം എന്ന ആശയം

വികസിപ്പിക്കുന്നതിന് നടപടി

291 (2342) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബപരിചരണം സ്ത്രീകൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന ഒരു വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ "സാമൂഹ്യ പരിചരണം" എന്ന ഒരു ആശയം വികസിപ്പിച്ചെടുത്ത് അങ്കണവാടികളെ ഡേ കെയർ സെന്ററുകളായി ഉയർത്തുകയും കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം വിപുലപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 60% കേന്ദ്രാവിഷ്കൃത പദ്ധതിയായ PALNA സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷ് ആരംഭിക്കുന്നത് പരിശോധിച്ചു വരുന്നു. അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൺ. അട്ടപ്പാടി ബ്ലോക്കിലെ അഗളി, പൂളൂർ, ഷോളയൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ ആദിവാസി ഊരുകൾ കേന്ദ്രീകരിച്ചാണ് 2013 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾക്കുപുറമെ ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ, വയോജനങ്ങൾ, മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചന്റെ ഗുണഭോക്താക്കൾ. പദ്ധതിക്കാവശ്യമായ ഫണ്ട് വനിതാ ശിശുവികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും (60:40 എന്ന അനുപാതത്തിൽ) സംയുക്തമായാണ് നൽകിവരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ

ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുകയും 2014 ഡിസംബർ മുതൽ കുടുംബശ്രീ മുഖാന്തരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. കുടുംബശ്രീ മുഖേന ഭക്ഷണ സാധനങ്ങൾ ഏറ്റെടുത്ത്, പാചകം ചെയ്ത് ഭക്ഷണപദാർത്ഥം രാവിലെയും വൈകുന്നേരവും ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ വിതരണം ചെയ്യുന്നു. കമ്മ്യൂണിറ്റി കിച്ചൻ സംവിധാനത്തിന്റെ ഉപയോഗം ഏതെങ്കിലും പ്രദേശത്ത് ആവശ്യമായി വരുന്ന സാഹചര്യത്തിൽ കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം

292 (2343) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കാൻ ആഴ്ചയിൽ 2 ദിവസം പാലും മുട്ടയും നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ഈ

സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കാൻ ആഴ്ചയിൽ രണ്ട് ദിവസം പാലും രണ്ട് ദിവസം മുട്ടയും നൽകുന്ന 'പോഷകബാല്യം' പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 2235-02-102-22-00-34-03 (PV) ശീർഷകത്തിൽ 6350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി നാളിതുവരെ 25,82,39,929/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി

293 (2344) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചിട്ടുള്ളത്; നിലവിൽ സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

വിദ്യാഭ്യാസം, സാമൂഹ്യനീതി, ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വനിത ശിശുവികസന വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ 2010-ൽ ആരംഭിച്ച ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി 2012-ൽ തൃശ്ശൂർ ജില്ലയിലും തുടർന്ന് മറ്റ് ജില്ലകളിലും വ്യാപിപ്പിച്ചു. നിലവിൽ പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജില്ല	പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	112
2	കൊല്ലം	33
3	പത്തനംതിട്ട	37
4	ആലപ്പുഴ	52
5	കോട്ടയം	34
6	ഇടുക്കി	30
7	എറണാകുളം	88
8	തൃശ്ശൂർ	35
9	പാലക്കാട്	109
10	മലപ്പുറം	45
11	കോഴിക്കോട്	32
12	വയനാട്	30

13	കണ്ണൂർ	32
14	കാസർഗോഡ്	62
	ആകെ	**731**

ഭക്ഷ്യസുരക്ഷാ പരിശോധന

294 (2345) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധനകൾ വേണ്ടത്ര കാര്യക്ഷമമാകുന്നില്ല എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. 2023 ഏപ്രിൽ മുതൽ ഡിസംബർ 31 വരെ 50988 പരിശോധനകൾ നടത്തുകയും ഇത്തരം പരിശോധനകളുടെ ഭാഗമായി 7256 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 28231 സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തൊട്ടാകെ

വിവിധ കോടതികളിലായി 1455 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 2130 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) നിയമവും ചട്ടവും നിലവിൽ വന്നിട്ടും നാളിതുവരെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പരിശോധനകളിൽ എല്ലാ ഭക്ഷ്യ സംരംഭകരും നിയമാനുസൃതമായി ലൈസൻസ്/രജിസ്ട്രേഷൻ എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഓപ്പറേഷൻ ഫോസ്കോസ് എന്ന പേരിൽ പ്രത്യേക ലൈസൻസ് ഡ്രൈവ് വകുപ്പ് നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന നിയമപരമായ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 63 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓപ്പറേഷൻ ഫോസ്കോസ് ലൈസൻസ് ഡ്രൈവ് എത്രയെണ്ണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫോസ്കോസ് ഡ്രൈവിന്റെ ഭാഗമായി 2023 വർഷത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനകളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 216 സ്ക്വാഡുകൾ രൂപീകരിക്കുകയും ടി കാലയളവിൽ 14944 പരിശോധനകൾ നടത്തുകയും നിയമപരമായ ലൈസൻസ് പരിധിയിൽവരുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ രജിസ്ട്രേഷൻ മാത്രമെടുത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട 1347 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനിൽനിന്നും ലൈസൻസിലേയ്ക്ക് മാറുന്നതിനായുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള നോട്ടീസ് നൽകുകയും സംസ്ഥാനത്തൊട്ടാകെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട 2202 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതരമായ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 2958 സ്ഥാപനങ്ങളുടെ പ്രവർത്തനം

നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024 ഫെബ്രുവരി 5 മുതൽ 8 വരെ സംസ്ഥാനത്ത് ഫോസ്കോസ് ഡ്രൈവ് നടന്നുവരികയാണ്.

(ഡി) അനധികൃതമായി പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2023 ഏപ്രിൽ മുതൽ 2024 ജനുവരി വരെ നടത്തിയ പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചിരുന്ന 4700 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസുകളും 5669 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. ടി കാലയളവിൽ ഗുരുതര വീഴ്ചകൾ കണ്ടെത്തിയ 2775 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയവ ചെയ്തതിന്റെയടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 455 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 566 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്യുകയുണ്ടായി.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ

295 (2346) ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി നേടാൻ കഴിഞ്ഞിട്ടുള്ള അംഗീകാരങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

2022-23 കാലയളവിലെ പ്രവർത്തനങ്ങൾക്ക് കേരള ഭക്ഷ്യ സുരക്ഷാ വകുപ്പിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചതിന് FSSAI-യുടെ പ്രത്യേക അംഗീകാരവും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) രാജ്യത്തെ സംസ്ഥാനങ്ങളിൽ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം ഒന്നാമതെത്തുന്നതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി FSSAI നിശ്ചയിച്ചിട്ടുള്ള 6 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. ആയതിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന 6 മേഖലകളിലെ പ്രവർത്തന മികവാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.

1) Human Resources and Institutional Data

2) Compliances

3) Food Testing Infrastructure

4) Training and Capacity Building

5) Consumer Empowerment

6) Improvement in SFSI Rank

സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷക്കാലയളവിലെ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ ചുവടെ ചേർക്കുംപ്രകാരം FSSAI സ്കോർ നൽകിയിട്ടുണ്ട്.

Large State	Kerala
Human Resources & Institutional Data	8.5
Compliance	15
Food Testing Infrastructure	13.5
Training and Capacity Building	8
Consumer Empowerment	16
Improvement in SFSI Rank	2
Total	63

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പ്രവർത്തനങ്ങൾ നിരന്തരം അവലോകനം ചെയ്തുവരുന്നു. സംസ്ഥാനതലത്തിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ അധ്യക്ഷതയിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ, ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ, നോഡൽ ഭക്ഷ്യ സുരക്ഷാ

ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി എല്ലാ മാസവും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശകലനങ്ങൾക്ക് വിധേയമാക്കുകയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സർക്കാർതല വിലയിരുത്തലും നടത്തുന്നുണ്ട്. FSSAI quarterly basis വകുപ്പിന്റെ പ്രവർത്തനങ്ങൾ Central Advisory Committee മീറ്റിംഗിൽ വിലയിരുത്തുന്നുണ്ട്. അതോടൊപ്പം ജില്ലാതലത്തിൽ എല്ലാ മാസവും ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ അതത് ജില്ലകളിലെ എല്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുമായി ജില്ലകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വകുപ്പിനെ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വകുപ്പിനെ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളോടെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ

296 (2347) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം (NFSA) 2013 പ്രകാരമാണ് നിലവിൽ സംസ്ഥാനത്തിന് ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചുവരുന്നത്. പ്രസ്തുത നിയമത്തിൽ അനുശാസിക്കുന്ന നിരക്കിൽ മുൻഗണനാ വിഭാഗങ്ങൾക്ക് നൽകുന്നതിനായി കേന്ദ്രം ഭക്ഷ്യ ധാന്യങ്ങൾ അനുവദിക്കുന്നുണ്ട്. എന്നാൽ, മുൻഗണനേതര വിഭാഗങ്ങൾക്ക് പരിമിതമായ അളവിൽ മാത്രമാണ് അരി

അനുവദിക്കുന്നത്. ഇത് വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം ഓരോ വർഷവും കേന്ദ്ര സർക്കാർ കുറച്ചുകൊണ്ടിരിക്കുകയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 7160 KL നോൺസബ്സിഡി മണ്ണെണ്ണയും 15552 KL സബ്സിഡി മണ്ണെണ്ണയും അനുവദിച്ച സ്ഥാനത്ത് 2023-24 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3300 KL നോൺസബ്സിഡി മണ്ണെണ്ണയും 7776 KL സബ്സിഡി മണ്ണെണ്ണയും മാത്രമേ അനുവദിച്ചിട്ടുള്ളൂ. നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്ന മണ്ണെണ്ണ ഉപയോഗിച്ച് വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് മൂന്നുമാസത്തിലൊരിക്കൽ 6 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്ക് (എ.എ.വൈ. പ്രയോരിറ്റി വിഭാഗങ്ങൾക്ക് മാത്രം) മൂന്നുമാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണയും നൽകിവരുന്നു. മണ്ണെണ്ണയുടെ മലിനീകരണ സ്വഭാവം, LPG ഉപഭോഗം,

ഗാർഹിക വൈദ്യുതീകരണ വർദ്ധനവ് എന്നിവയാണ് മണ്ണെണ്ണ അലോട്ട്മെന്റിൽ കുറവ് വരുത്തുന്നതിന് കാരണമായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന

നടപ്പിലാക്കി വരുന്ന പദ്ധതികൾ

297 (2348) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ആശ്രമങ്ങൾ/കോൺവെന്റുകൾ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി NPI റേഷൻ കാർഡ് അവതരിപ്പിച്ചു.

2) E-Ration കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകാൻ തുടങ്ങി.

3) തെളിമ പദ്ധതിവഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.

4) മുൻഗണനാ കാർഡുകൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി (100% Online)

5) Operation Yellow പദ്ധതി പ്രകാരം അനർഹമായി മുൻഗണനാ കാർഡുകൾ കൈവശംവയ്ക്കുന്നവരിൽനിന്നും പിഴ ഈടാക്കാനും അനർഹമായ മുൻണനാകാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യാനും ആരംഭിച്ചു.

6) 1988-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഓൺലൈനാക്കുന്നതിനായി ഒരു വെബ്പോർട്ടൽ രൂപീകരിക്കാൻ ARVENSION Technologies എന്ന സ്റ്റാർട്ട്അപ്പ് കമ്പനിയെ ചുമതലപ്പെടുത്തി.

7) മൊബൈൽ അപ്ലിക്കേഷൻ: സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട് എഫ്.പി.എസ്. മൊബൈൽ

(FPS Mobile) എന്ന പേരിൽ ഒരു മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു.

8) ജി.പി.എസ്. ട്രാക്കിംഗ്: സംസ്ഥാനത്തെ റേഷൻ വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചു.

9) കെ-ഫോൺ: ഭക്ഷ്യപൊതുവിതരണ ഓഫീസുകളിൽ തടസ്സരഹിത നെറ്റ്‌വർക്ക് കണക്ടിവിറ്റി സാധ്യമാക്കുന്നതിനായി കെ-ഫോൺ നെറ്റ്‌വർക്കിലേയ്ക്ക് മാറുന്നതിനായി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളെയും കെ-ഫോൺ സൈറ്റിൽ രജിസ്റ്റർ ചെയ്തു.

10) കെ-സ്റ്റോർ: റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തി നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കി. റേഷൻ കടയുടമകൾക്ക് അധിക വരുമാനമാർഗ്ഗം

ലക്ഷ്യമിട്ട് ആരംഭിച്ച കെ-സ്റ്റോർ പദ്ധതിവഴി താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

a) ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉൽപ്പന്നം)

b) വ്യവസായ-വാണിജ്യ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/ പിന്നാക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾവഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ.

c) മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ

d) IOC -യുടെ ചോട്ടു ഗ്യാസ്

e) സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ

f) CSC വഴിയുള്ള സേവനങ്ങൾ

g) 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

11) ഒപ്പം പദ്ധതി- വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിലെത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുന്നതിന് ഉദ്ദേശിച്ചുള്ള 'ഒപ്പം പദ്ധതി' ആരംഭിച്ചു.

12) റേഷൻ റൈറ്റ്സ് കാർഡ്- സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് One Nation One Ration Card (ONRC) പദ്ധതി പ്രകാരം Ration Rights Card (RRC) നൽകുന്നതിന്റെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികളെ മൂന്ന് വിഭാഗമായി തിരിച്ച് (ആധാർ കാർഡോ, റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ/ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് ഇല്ലാത്തവർ/ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ) റേഷൻ കാർഡ് (Ration Rights Card) ലഭ്യമാക്കി.

13) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റിയ പ്രവർത്തനം പൂർത്തീകരിച്ചു.

(ബി) ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ചിറയിൻകീഴ് മണ്ഡലത്തിൽ കെ-സ്റ്റോർ, ഒപ്പം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതികൾക്കായി ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി അതിദരിദ്ര വിഭാഗത്തിൽപ്പെട്ടതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ 86 കുടുംബങ്ങളുടെ കാർഡുകൾ AAY വിഭാഗത്തിലേയ്ക്ക് മാറ്റി നൽകി.

b) അഞ്ചുതെങ്ങ് പഞ്ചായത്തിൽ അതിദരിദ്ര വിഭാഗത്തിലുള്ളതും കടയിൽ നേരിട്ടുപോയി റേഷൻ വാങ്ങാൻ സാധിക്കാത്തതുമായ കാർഡുടമകൾക്ക് റേഷൻ അവരുടെ വീട്ടിൽ നേരിട്ട് എത്തിക്കുന്ന 'ഒപ്പം' പദ്ധതി 2023 ഏപ്രിലിൽ ആരംഭിച്ചു.

c) കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ARD 65, അഞ്ചുതെങ്ങിൽ പ്രവർത്തിക്കുന്ന ARD 122 എന്നിവ കെ-സ്റ്റോറാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

d) വിവിധ പഞ്ചായത്തുകളിലായി പുതുതായി 1823 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും 83 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്.

e) അഴൂർ പഞ്ചായത്തിലെ ശാസ്തവട്ടം ബ്ലോക്ക് നമ്പർ 14-ൽ റീസർവേ നമ്പർ 214/06-ൽപ്പെട്ട ഭൂമിയിൽ എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

f) മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കലിൽ പ്രവർത്തിക്കുന്ന ARD 255 കെ-സ്റ്റോറാക്കി പ്രവർത്തനം ആരംഭിച്ചു.

ഒപ്പം പദ്ധതി

298 (2349) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഒപ്പം പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ചുനൽകുന്നുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഒപ്പം പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ച് നൽകുന്നുണ്ട്.

പൊതുവിതരണരംഗത്തെ നവീകരണ പ്രവർത്തനങ്ങൾ

299 (2350)ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ രംഗത്ത് നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുവിതരണ രംഗത്ത് നടത്തി വരുന്ന നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആശ്രമങ്ങൾ/കോൺവെന്റുകൾ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി NPI റേഷൻ കാർഡ് ഊർജ്ജിതമാക്കി.

2. ഇ-റേഷൻ കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകാൻ തുടങ്ങി.

3. തെളിമ പദ്ധതിവഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.

4. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി.

5. Operation Yellow പദ്ധതി പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണനാറേഷൻ കാർഡുകൾ കൈവശംവയ്ക്കുന്നവരിൽനിന്നും പിഴ ഈടാക്കാനും അനർഹമായ മുൻഗണനാകാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യാനും ആരംഭിച്ചു.

6. 1988-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ ഓൺലൈനാക്കുന്നതിനായി ഒരു വെബ്പോർട്ടൽ രൂപീകരിക്കാൻ തീരുമാനിക്കുകയും ആയതിനായി ARVENSION Technologies എന്ന സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട് 'എഫ്.പി.എസ്. Mobile' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു.

8. സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ഒരു ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

9. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും തടസ്സ രഹിത നെറ്റ്വർക്ക് കണക്ടിവിറ്റി സാധ്യമാക്കുന്നതിന്റെ ഭാഗമായി കെ-ഫോൺ നെറ്റ്വർക്കിലേയ്ക്ക് മാറുന്നതിനായി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളെയും കെ-ഫോൺ സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

10. പൊതുവിതരണ രംഗം ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുന്നതിന്റെയും ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തി നിലവിൽ നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ

പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം ലക്ഷ്യമിട്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

a. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉൽപ്പന്നമായ ഹില്ലി അക്വാ കുപ്പിവെള്ളം ഒരു ലിറ്ററിന് 10 രൂപ നിരക്കിൽ (നിലവിൽ 5 ജില്ലകളിൽ) ലഭ്യമാക്കി വരുന്നു.

b. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/ പിന്നാക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾവഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ

c. മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ

d. IOC-യുടെ ചോട്ടു ഗ്യാസ്

e. സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ

f. CSC വഴിയുള്ള സേവനങ്ങൾ

g. 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

11. സംസ്ഥാനത്ത് അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽനിന്ന് റേഷൻ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിലെത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

12. സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് One Nation One Ration Card (ONORC) പദ്ധതി പ്രകാരം Ration Rights Card (RRC) നൽകുന്നതിന്റെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികളിൽ ആധാർ കാർഡോ, റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, ആധാർ കാർഡുള്ളവരും റേഷൻ കാർഡ് ഇല്ലാത്തവർ, ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ

കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ എന്നിങ്ങനെയുള്ള രീതിയിൽ മൂന്ന് വിഭാഗമായി തരം തിരിച്ച് റേഷൻ കാർഡ് (Ration Rights Card) ലഭ്യമാക്കിയിട്ടുണ്ട്.

13. ഇലക്ട്രോണിക് ഫയലിംഗ് സംവിധാനമായ ഇ-ഓഫീസ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലെ 100 ഓഫീസുകളിലും CONSUMER DISPUTES REDRESSAL COMMISSION ഹെഡ് ഓഫീസിലും (State-CDRC) വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള റേഷൻ കാർഡ് ഉടമകളിൽ എത്ര ശതമാനം പേർ എല്ലാ മാസവും റേഷൻ കടകളിൽനിന്നും റേഷൻ വിഹിതം കൈപ്പറ്റുന്നവരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ എല്ലാ മാസവും ശരാശരി 80% റേഷൻ കാർഡ് ഉടമകൾ റേഷൻ ഭക്ഷ്യധാന്യം വാങ്ങുന്നുണ്ട്.

(സി) പൊതുവിതരണ കേന്ദ്രങ്ങളെ ആധുനികീകരിച്ച് കൂടുതൽ ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി ആരംഭിച്ച കെ-

സ്റ്റോറിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. കെ-സ്റ്റോറുകളുടെ പ്രവർത്തനവും വിൽപ്പനയും സംബന്ധിച്ച അവലോകനം ഓരോ മാസവും നടത്തിവരുന്നു. പ്രവർത്തനം ആരംഭിച്ചത് മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ 36,17,805/- രൂപയുടെ ശബരി ഉൽപ്പന്നങ്ങൾ, 22,60,585/- രൂപയുടെ മിൽമ ഉൽപ്പന്നങ്ങൾ, 66,23,949/- രൂപയുടെ കോമൺ സർവ്വീസ് സെന്റർ (CSC) സേവനങ്ങൾ, 20,70,427/- രൂപയുടെ ചോട്ടു ഗ്യാസ്, 39,02,997/- രൂപയുടെ MSME ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെ ആകെ 1,84,75,763/- (ഒരു കോടി എൺപത്തിനാല് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്ന് രൂപ) രൂപയുടെ വിറ്റുവരവ് കെ-സ്റ്റോറുകൾ മുഖാന്തരം നടന്നിട്ടുണ്ട്.

(ഡി) കെ-സ്റ്റോർ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കെ-സ്റ്റോർ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ പദ്ധതി

300 (2351) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 അനുശാസിക്കുന്ന വാതിൽപ്പടി വിതരണം സംസ്ഥാനത്ത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സംസ്ഥാനത്തിന്റെ ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ശാസ്ത്രീയ മാതൃകയിലുള്ള NFSA ഗോഡൗണുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിലും എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലും വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിലും തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലും കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലും (8 താലൂക്കുകൾ) സഹകരണ വകുപ്പിന്റെ

സഹായത്തോടെ AIF (Agriculture Infrastructure Fund) ഉപയോഗിച്ചുകൊണ്ട് NFSA ഗോഡൗൺ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലങ്ങൾക്ക് പുറമേ പയ്യന്നൂർ, കോന്നി, കോഴഞ്ചേരി എന്നീ താലൂക്കുകളിൽ പൊതുവിതരണ വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഗോഡൗൺ നിർമ്മിക്കാനും ലക്ഷ്യമിടുന്നു. ഒരു താലൂക്കിൽ ഒരു ശാസ്ത്രീയ ഗോഡൗൺ എന്ന രീതിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ച് കരാറടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എഫ്.സി.ഐ, സി.എം.ആർ. മില്ലുകൾ എന്നിവിടങ്ങളിൽനിന്നും എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്കും എൻ.എഫ്.എസ്.എ. ഗോഡൗണിൽനിന്നും റേഷൻ കടകളിലേയ്ക്കും ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കാൻ സപ്ലൈകോയെ പ്രാപ്തമാക്കുന്നതിന് C-DAC-ന്റെ സാങ്കേതിക സഹകരണത്തോടെ വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം (VTFMS) നടപ്പാക്കിയിട്ടുണ്ട്. ഈ

സംവിധാനംവഴി റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ GPS (Global positioning System) ഘടിപ്പിച്ച് VTFMS സോഫ്റ്റ്വെയർ മുഖേന നിരീക്ഷിക്കുകയും നിർദ്ദേശിച്ചിട്ടുള്ള സഞ്ചാരപാതയ്ക്ക് വിരുദ്ധമായി വാഹനങ്ങൾ സഞ്ചരിക്കുകയാണെങ്കിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു. വാടകയ്ക്കെടുത്ത വാഹനങ്ങളുടെ ഫ്ലീറ്റ് എൻറോൾമെന്റ്, നിലവിലെ ലൊക്കേഷൻ ട്രാക്കിംഗ്, ട്രിപ്പുകളുടെ ഷെഡ്യൂളിംഗ്, റൂട്ട് വ്യതിയാനം അല്ലെങ്കിൽ യാത്രയ്ക്കിടെ അനാവശ്യമായി വാഹനം നിർത്തുന്നത് എന്നിവയെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് അറിയിപ്പ്/ സന്ദേശങ്ങൾ, ജിയോഫെൻസിംഗ്, റൂട്ട് ഹിസ്റ്ററി പ്ലേബാക്ക്, വാഹന വിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഉത്ഭവ സ്ഥലത്തിനും ലക്ഷ്യസ്ഥാനത്തിനുമിടയിൽ ചരക്ക് കൊണ്ടുപോകുന്ന സമയത്തുണ്ടായിട്ടുള്ള പ്രശ്നങ്ങൾ കണ്ടെത്താനും ഈ സംവിധാനം സഹായിക്കുന്നു. ഈ സംവിധാനം നടപ്പാക്കിയതുവഴി റേഷൻ വിട്ടെടുപ്പും വാതിൽപ്പടി വിതരണവും കൂടുതൽ സുഗമവും സുതാര്യവുമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന വാഹനം

തിരിച്ചറിയുന്നതിനായി കളർ കോഡ് ഏർപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

സഞ്ചരിക്കുന്ന റേഷൻകട പദ്ധതി

301 (2352) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പെട്ട ഗോത്രവർഗ്ഗ ഊരുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസ സ്ഥലങ്ങളിൽ നേരിട്ട് എത്തിച്ചുനൽകുകയെന്നതാണ് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) ഇപ്പോൾ എവിടെയൊക്കെയാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നത്; ഏത്ര വാഹനങ്ങളിലാണ് റേഷൻ വിതരണം നടത്തുന്നത്?

നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലായി കാട്ടാക്കട, നെടുമങ്ങാട്, റാന്നി, കോന്നി, തൊടുപുഴ, പീരുമേട്, ദേവികുളം, കോതമംഗലം, തൃശ്ശൂർ, ചാലക്കുടി, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ, താമരശ്ശേരി, തലശ്ശേരി, ഇരിട്ടി, തളിപ്പറമ്പ്, വൈത്തിരി, മാനന്തവാടി എന്നീ താലൂക്കുകളിലെ ഒറ്റപ്പെട്ട ഗോത്രവർഗ്ഗ ഊരുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളിൽനിന്നും കരാർ വ്യവസ്ഥയിൽ വാടകയ്ക്കെടുക്കുന്ന വാഹനങ്ങളിൽ താലൂക്ക് തലത്തിൽ വിതരണം നടത്തിവരുന്നു.

(സി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രസ്തുത പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഓപ്പറേഷൻ യെല്ലോ പദ്ധതി

302 (2353) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം എത്ര മുൻഗണനാറേഷൻ കാർഡുകളാണ് അനർഹരിൽനിന്നും പിടിച്ചെടുത്ത് അർഹരായവർക്ക് വിതരണം ചെയ്തതെന്ന് വിശദമാക്കുമോ?

ഓപ്പറേഷൻ യെല്ലോ പദ്ധതിയുടെ ഭാഗമായി 17596 അനർഹരായവർ കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിടിച്ചെടുത്ത് പ്രസ്തുത ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒപ്പം പദ്ധതി

303 (2354) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന ഒപ്പം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിലെത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം

വീടുകളിൽ എത്തിക്കുന്നതിനാണ് 'ഒപ്പം' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓട്ടോ തൊഴിലാളികളുടെ സന്നദ്ധ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ വിഹിതം എല്ലാ മാസവും 10-നുമുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും. 2023 ഫെബ്രുവരി 13-ന് തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് എല്ലാ ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിവഴി എത്രപേർക്ക് റേഷൻ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

849 ഗുണഭോക്താക്കൾക്കുള്ള റേഷൻ വിഹിതം വീടുകളിൽ എത്തിച്ചുനൽകാൻ സാധിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ മുൻഗണനാ കാർഡുവിതരണം

304 (2355) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ഇതുവരെ വിതരണം ചെയ്ത മുൻഗണനാ കാർഡുകളുടെ എണ്ണവും കാർഡ് വിതരണം ചെയ്യാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണവും അറിയിക്കാമോ?

2,860 എ.എ.വൈ. കാർഡുകളും 31,532 പി.എച്ച്.എച്ച്. കാർഡുകളും ഉൾപ്പെടെ ആകെ 34,392 മുൻഗണനാ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഷൻ കാർഡ് തരംമാറ്റുന്നതിനായി നവകേരള സദസ്സിലൂടെ ലഭ്യമായ അപേക്ഷകളിൽ അർഹരെന്ന് കണ്ടെത്തിയ 333 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റേഷൻ കാർഡുകളുടെ വിതരണം

305 (2356) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ പുതുതായി വിതരണം ചെയ്തതും തരം മാറ്റി നൽകിയതുമായ റേഷൻ കാർഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പുതുതായി വിതരണം ചെയ്ത കാർഡുകൾ	**എണ്ണം**
പി.എച്ച്.എച്ച്.	96,994
പൊതുവിഭാഗം നോൺസബ്സിഡി	3,21,557
പൊതുവിഭാഗം (സ്ഥാപനം)	7,559
ആകെ	4,26,110
തരംമാറ്റി നൽകിയ കാർഡുകൾ	**എണ്ണം**
എ.എ.വൈ	41,146
പി.എച്ച്.എച്ച്.	3,73,657
ആകെ	4,14,803

(ബി) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

323 പുതിയ റേഷൻ കാർഡുകൾ അനുവദിക്കുകയും 588 കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് തരംമാറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

മുൻഗണനാ കാർഡുകളുടെ വിതരണം

306 (2357) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അർഹരായ നിരവധി കുടുംബങ്ങൾക്ക് പല കാരണങ്ങളാൽ മുൻഗണനാ റേഷൻ കാർഡുകൾ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് മുൻഗണന കാർഡുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി മുൻഗണനാ റേഷൻ കാർഡുകൾ (AAY/PHH) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം വീട് നഷ്ടപ്പെട്ട് വാടക വീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കാത്തതുമൂലം ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുമ്പ് നടപ്പാക്കിയിരുന്ന സീറോ നമ്പറിട്ട്

കാർഡ് കൊടുക്കുന്ന പദ്ധതി ഒരിക്കൽകൂടി നടപ്പാക്കി കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാടക വീട്ടിൽ താമസിക്കുന്നവർക്ക് സാധുവായ വാടകക്കരാറുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ പാലിച്ചുകൊണ്ടും വാടകക്കരാർ ഇല്ലാത്തപക്ഷം നിശ്ചിത മാതൃകയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും റേഷൻകാർഡ് അനുവദിച്ചുവരുന്നുണ്ട്.

അരുവിക്കര മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡിന്റെ വിതരണം

307 (2358) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിൽ മുൻഗണനാ റേഷൻ കാർഡുകൾക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ചവയുടെ എണ്ണം എന്നീ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച മുൻഗണനാ കാർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	മുൻഗണനാ കാർഡിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം	അനുവദിച്ച മുൻഗണനാ കാർഡുകൾ
അരുവിക്കര	607	519
ആര്യനാട്	558	450
വെള്ളനാട്	617	452
ഉഴമലയ്ക്കൽ	457	373
തൊളിക്കോട്	550	448
വിതുര	582	449
പൂവച്ചൽ	1149	984
കുറ്റിച്ചൽ	647	458
ആകെ	**5167**	**4133**

റേഷൻ കാർഡുകൾ ഡിജിറ്റലാക്കുന്നതിന് നടപടി

308 (2359) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസത്തിനിടെ എത്ര കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡ് നൽകിയിട്ടുണ്ടെന്നതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് (01-08-2023 മുതൽ 31-01-2024 വരെ) 11,065 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 12,133 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും തരംമാറ്റി നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+ Online Conversion പ്രക്രിയ താലൂക്ക് സപ്ലൈ ഓഫീസുകളിൽ തുടർന്നുവരുന്നു.

(ബി) സംസ്ഥാനത്ത് റേഷൻ കാർഡുകൾ ഡിജിറ്റലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ കാർഡുകൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് 2021 ഫെബ്രുവരി മാസത്തിൽ ഇ-റേഷൻ കാർഡ് സംവിധാനവും 2021 നവംബർ മാസത്തിൽ പിവിസി റേഷൻ കാർഡ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യമുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണഭോക്താക്കൾക്ക് അംഗീകൃത അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ഇ-റേഷൻ കാർഡ്, പിവിസി റേഷൻ കാർഡ് ഫോർമാറ്റിലുള്ള റേഷൻ കാർഡുകളുടെ പിഡിഎഫ് ഡോക്യുമെന്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് ഉപയോഗിക്കുന്നതിന് സാധിക്കുന്നതാണ്.

നവകേരള സദസ്സിൽ മുൻഗണനാ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ

309 (2360) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

നവകേരള സദസ്സിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള 426 അപേക്ഷകളും എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുന്നതിനുള്ള 36 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ. വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കൊട്ടാരക്കര താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുൾപ്പെട്ടതും ചാത്തന്നൂർ മണ്ഡലത്തിന്റെ ഭാഗവുമായ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ?

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽനിന്നും അപേക്ഷകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽനിന്നും എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 36 അപേക്ഷകളിൽ അർഹരായ 23 കുടുംബങ്ങൾക്ക് എ.എ.വൈ. കാർഡും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള 426 അപേക്ഷകളിൽ അർഹരായ 279 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

310 (2361) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് ഇതുവരെ 480 കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പുതിയ കെ-സ്റ്റോർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

(1) 300 sq.ft.-ൽ കുറയാത്ത വിസ്തീർണ്ണമുള്ള റേഷൻ കടയായിരിക്കണം.

(2) കെ-സ്റ്റോർ നടത്തുന്നതിന് സ്വയംസന്നദ്ധതയുള്ള ലൈസൻസികൾ ആയിരിക്കണം.

(3) സപ്ലൈകോ ഔട്ട്‌ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുമായി 2 കിലോമീറ്റർ അകലമുണ്ടായിരിക്കണം.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഇതുവരെ എത്ര കെ-സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

3 കെ-സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ARD 242 - കൊയിലാണ്ടി താലൂക്ക്

2. ARD 98 - താമരശ്ശേരി താലൂക്ക്

3. ARD 114 - താമരശ്ശേരി താലൂക്ക്

പുതിയ റേഷൻ കടകൾ

311 (2362) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 25 റേഷൻ കടകൾക്ക് വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഒരു പ്രദേശത്ത് പുതിയ റേഷൻ കട അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പുതിയ കടയിൽ ലഭിക്കാവുന്ന പരമാവധി കാർഡുകളുടെ എണ്ണം, പുതിയ കട അനുവദിച്ചാൽ കടയിലേയ്ക്ക് വരുന്ന കാർഡുകളുടെ എണ്ണം, പോർട്ടബിലിറ്റി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ പുതിയ ഒരു കട ആവശ്യമുണ്ടോ, പുതിയ കട ആരംഭിച്ചാൽ അടുത്തുള്ള FPS-കളുടെ വിൽപ്പനയെ ബാധിക്കുമോ എന്നീ വിവരങ്ങൾ പരിശോധിച്ച് ജില്ലാ കളക്ടറുടെ ശിപാർശകൂടി പരിഗണിച്ചാണ് ഒരു പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കുന്നത്.

റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

312 (2363) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ റേഷൻ കടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ റേഷൻ കടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തി നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗം ലക്ഷ്യമിട്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കെ-സ്റ്റോറുകൾവഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

a. ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉൽപ്പന്നം)

b. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/പിന്നാക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾവഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ

c. മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ

d. IOC-യുടെ ചോട്ടു ഗ്യാസ്

e. സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിപണനം

f. CSC വഴിയുള്ള സേവനങ്ങൾ

g. 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം

കൂടാതെ ഇ-റേഷൻ കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകാൻ തുടങ്ങി. തെളിമ പദ്ധതിവഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി. Operation Yellow പദ്ധതി

പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽനിന്നും പിഴ ഈടാക്കാനും അനർഹമായ മുൻഗണനാകാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യാനും ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട് എഫ്.പി.എസ്. മൊബൈൽ (FPS Mobile) എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ഒരു ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

(ബി) റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളുടെ സെർവർ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

റേഷൻ വിതരണം സ്ഥിരമായി തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗികമായി തടസമുണ്ടാക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന്

തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് 'വിഷൻടെക്' എന്ന സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 M.B per second എന്നത് 50 M.B per second ആയി ഉയർത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് AUA സെർവറിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി NIC-യുടെ AUA സെർവറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് NIC-യ്ക്കും UIDAI -യ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇ-പോസ്, സെർവറുകളിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണമായുണ്ടാകുന്ന ഭാഗികമായ തടസ്സങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് പരിഹരിക്കാറുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. ടി സെർവറുകൾ കൃത്യമായി

പ്രവർത്തിച്ചാൽ മാത്രമേ റേഷൻ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവയല്ല. റേഷൻ വിതരണത്തിലെ ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ടുണ്ടാകുന്ന തടസ്സങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിനായി NIC-യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കടകൾ

313 (2364) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എത്ര പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; ഏതൊക്കെപ്രപ്പോസലുകളാണ് ലഭിച്ചത്; അവയിൽ ഏതൊക്കെ അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശ്രീകണ്ഠപുരം കോട്ടൂർവയൽ എന്ന സ്ഥലത്ത് റേഷൻകട അനുവദിക്കുന്നതിന് ശിപാർശ ലഭിച്ചത് പരിശോധിച്ചുവരുന്നു. മറ്റ് ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

(ബി) ഉളിക്കൽ പഞ്ചായത്തിൽ മുണ്ടാനൂർ എന്ന സ്ഥലത്ത് നിലവിൽ റേഷൻ കടയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നാനൂറോളം റേഷൻ കാർഡ് ഉടമകളും രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലായി തൊണ്ണൂറോളം കുടുംബങ്ങളുമുള്ള മുണ്ടാനൂർ എന്ന സ്ഥലത്തെ നിവാസികൾ മൂന്ന് കിലോമീറ്ററോളം യാത്ര ചെയ്ത് നുച്യാട് എന്ന സ്ഥലത്തുള്ള റേഷൻ കടയെയയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മുണ്ടാനൂരിൽ പുതിയ റേഷൻ കട തുടങ്ങുന്നത് പരിഗണിക്കുമോ?

നിലവിൽ പരിഗണനാർഹമല്ലെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

റേഷൻ കടകളുടെ പ്രവർത്തന സമയം

314 (2365) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തന സമയം ഏകീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തന സമയം രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12 വരെയും വൈകുന്നേരം 4 മുതൽ 7 വരെയുമാണ് ക്രമീകരിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്താകെ നിലവിൽ എത്ര കെ-സ്റ്റോറുകളാണ് സജ്ജമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ആകെ 480 കെ-സ്റ്റോറുകൾ അനുവദിച്ചതിൽ 398 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 82 കെ-സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

റേഷൻ കടകളിലെ ഇ-പോസ് മെഷീൻ

315 (2366) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം നടത്തുന്നതിനുള്ള ഇ-പോസ് സംവിധാനത്തിന്റെ പരിപാലനക്കരാറിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; കരാർ പുതുക്കി നൽകാൻ വീണ്ടും ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ആർക്ക് അനുവദിച്ചു എന്നതും അറിയിക്കാമോ?

ഇ-പോസ് സംവിധാനത്തിന്റെ പരിപാലന കരാർ 31-05-2023-ന് അവസാനിച്ചു. കരാർ പുതുക്കി നൽകുന്നതിന് ജം പോർട്ടൽ മുഖേന 20-10-2023-ന് ടെണ്ടർ ക്ഷണിച്ചിരുന്നു. ഒരു കമ്പനിയും ബിഡ് സമർപ്പിക്കാത്തതിനാൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയും തുടർന്ന് 21-12-202-ന് റീ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇ-പോസ് ടെണ്ടർ രണ്ടുതവണയായി ഒരു കമ്പനിക്ക് നീട്ടി നൽകി എന്നത് ശരിയാണോ; ഏതുസാഹചര്യത്തിലാണ് ഇതുനീട്ടി നൽകിയത്; ടെണ്ടർ വ്യവസ്ഥകൾ സ്വീകാര്യമല്ലെന്ന് പ്രീ ബിഡ് ചർച്ചകളിൽ പങ്കെടുത്ത കമ്പനികൾ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം വ്യവസ്ഥകളാണ് ടെണ്ടറിൽ പുതുക്കി/ഭേദഗതി ചെയ്ത് ഉൾപ്പെടുത്തിയത്; ഇതിലെ ഏതൊക്കെ വ്യവസ്ഥകൾ സംബന്ധിച്ചാണ് കമ്പനികൾ എതിർപ്പ് അറിയിച്ചത്; വിശദമാക്കാമോ?

(ബി&സി) ഇ-പോസ് സംവിധാനത്തിന്റെ പരിപാലന കരാർ നിലവിലെ കരാർ ഉടമകളായ M/s. Linkwell Tele Systems കമ്പനിക്ക് രണ്ടുതവണ നീട്ടിനൽകിയിട്ടുണ്ട്. പുതിയ ടെണ്ടർ ക്ഷണിക്കുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തുകയും വകുപ്പ് തയ്യാറാക്കിയ ടെണ്ടർ ഡോക്യുമെന്റ് പരിശോധിക്കാനും ഭരണാനുമതി നൽകുന്നതിനും സമയം ആവശ്യമായതിനാലും ആദ്യം 01-06-2023 മുതൽ ആറ് മാസത്തേയ്ക്കും തുടർന്ന് 20-10-2023-ന് വിളിച്ച ടെണ്ടറിൽ ഒരു കമ്പനിയും ബിഡ് സമർപ്പിക്കാതിരുന്നതിനാലുമാണ് കരാർ രണ്ട് തവണ നീട്ടി നൽകേണ്ടി വന്നത്. ടെണ്ടറിലെ ചില വ്യവസ്ഥകൾ സ്വീകാര്യമല്ലായെന്ന് കമ്പനികൾ അറിയിക്കുകയും അതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കമ്പനികൾ ഉന്നയിച്ച ചോദ്യങ്ങളും അവയ്ക്ക് നൽകിയ മറുപടിയും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇ-പോസ് സംവിധാനത്തിലെ തകരാർ സംബന്ധിച്ച് മുമ്പ് ഉയർന്ന പരാതികൾ പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റേഷൻ വിതരണം സ്ഥിരമായി തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗികമായി തടസ്സമുണ്ടാക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് വിഷൻടെക് എന്ന സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 എം.ബി. പെർ സെക്കൻഡ് എന്നത് 50 എം.ബി. പെർ സെക്കൻഡിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് AUA സെർവറിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി NIC-യുടെ AUA സെർവറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് NIC-യ്ക്കും UIDAI യ്ക്കും കത്ത് നൽകിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇ-പോസ്, സെർവറുകളിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണമായി ഉണ്ടാകുന്ന

ഭാഗികമായ തടസ്സങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് പരിഹരിക്കാറുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. ടി സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ റേഷൻ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവയല്ല. റേഷൻ വിതരണത്തിലെ ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ടുണ്ടാകുന്ന തടസ്സങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിനായി NIC-യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോ

316 (2367) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യ സംഭരണ വിതരണത്തിന് ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സ്ഥലം ലഭ്യമാണോ; എങ്കിൽ എന്ത് കാരണത്താലാണ് എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാത്തത്; ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യങ്ങളുടെ സംഭരണ, വിതരണത്തിനായി ഇരിട്ടി വെയർഹൗസിംഗ് കോപ്പറേഷന്റെ ഗോഡൗണിൽ 10000 ച.അടി സ്ഥലം ലഭ്യമാണ്. ഭക്ഷ്യധാന്യങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ട്, ഇരിട്ടി SWC ഗോഡൗണിലെ തൊഴിലാളികളും

എൻ.എഫ്.എസ്.എ. ഗോഡൗൺ തൊഴിലാളികളും തമ്മിൽ തൊഴിൽ പ്രശ്നം നിലവിലുണ്ടായിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിച്ചുകൊണ്ട് കണ്ണൂർ ജില്ലാ ലേബർ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ടി ഉത്തരവ്, ബഹുമാനപ്പെട്ട ഹൈക്കോടതി WP (c) No. 38488/2023-ന്റെ 21-11-2023, 15-12-2023 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവുകൾ പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചശേഷം മാത്രമേ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കോന്നി എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണം

317 (2368) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നിയിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കോന്നി താലൂക്കിൽ പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കോന്നി, കോഴഞ്ചേരി താലൂക്കുകൾക്കായി രണ്ട് എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 24-03-2023-ലെ സ.ഉ.(സാധാ) 128/2023/F&CSD പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. അതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ ചീഫ് എഞ്ചിനീയറുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഗോഡൗണിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

റേഷൻ കടകളിലെ ഫോർട്ടിഫൈഡ് അരി വിതരണം

318 (2369) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി ഇപ്പോൾ വിതരണം ചെയ്യുന്ന പച്ചരി, പുഴുക്കലരി, സി.എം.ആർ. (മട്ട) എന്നിവയെല്ലാം ഫോർട്ടിഫൈഡ് റൈസ് ആണോ; എന്നുമുതലാണ് ഫോർട്ടിഫൈഡ് റൈസ് വിതരണം ആരംഭിച്ചത്; എന്നുമുതലാണ് പൂർണ്ണതോതിലായത്?

സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഇപ്പോൾ വിതരണം ചെയ്യുന്ന പച്ചരി, പുഴുക്കലരി, സി.എം.ആർ. (മട്ട) എന്നിവ ഫോർട്ടിഫൈഡാണ്. എന്നാൽ നിലവിൽ എഫ്.സി.ഐ.-ൽനിന്നും നോൺ ഫോർട്ടിഫൈഡ് പച്ചരി, പുഴുക്കലരി എന്നിവ നൽകുന്നതുകൊണ്ട് ആയതും ഇപ്പോൾ റേഷൻ കടകൾവഴി നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ഫോർട്ടിഫൈഡ് അരി വിതരണം ആരംഭിച്ചത് 2022 ആഗസ്റ്റിലാണ്. 2023 ജൂൺ മാസത്തോടുകൂടി എല്ലാ ജില്ലകളിലും ഫോർട്ടിഫൈഡ് അരി വിതരണം നടന്നുവരുന്നു.

(ബി) എത്ര കിലോ ഫോർട്ടിഫൈഡ് റൈസാണ് ഇതുവരെ സംസ്ഥാനത്ത് റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്തത്; ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം താലൂക്കുകളിലാണ് ഫോർട്ടിഫൈഡ് റൈസിന്റെ വിതരണത്തിന് ഇപ്പോഴും ഇളവുകൾ നൽകിയിട്ടുള്ളത്; ഫോർട്ടിഫൈഡ് അല്ലാത്ത റൈസ് വിതരണം ഇപ്പോൾ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം താലൂക്കുകളിലാണുള്ളത്?

സംസ്ഥാനത്ത് 2023 ഡിസംബർ വരെ ആകെ 314412.111 MT ഫോർട്ടിഫൈഡ് അരിയാണ് റേഷൻ കടവഴി വിതരണം ചെയ്തത്.

ഫോർട്ടിഫൈഡ് അരിയുടെ വിതരണവുമായി ബന്ധപ്പെട്ട് ഒരു താലൂക്കിനും ഇളവുകൾ നൽകിയിട്ടില്ല. എഫ്.സി.ഐ.-ൽനിന്നും ഇപ്പോഴും നോൺ ഫോർട്ടിഫൈഡ് അരി അനുവദിക്കുന്നതിനാൽ എല്ലാ താലൂക്കുകളിലും ആയത് വിതരണം നടത്തുന്നുണ്ട്.

(സി) വയനാട് ജില്ലയിൽ അരിവാൾ രോഗം ഉൾപ്പെടെയുള്ള കാരണങ്ങൾ മുൻനിർത്തി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നത് ഒഴിവാക്കണമെന്ന് ഏതെങ്കിലും ജനപ്രതിനിധി ആവശ്യപ്പെട്ടിരുന്നോ; ഇതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ ജില്ലയിൽ ഫോർട്ടിഫൈഡ് അല്ലാത്ത അരി വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിലായി എത്ര റേഷൻ കാർഡ് ഉടമകൾക്കാണ് 2023 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ ഇത്തരം അരി വിതരണം ചെയ്തത്?

വയനാട് ജില്ലയിൽ ഫോർട്ടിഫൈഡ് അരി പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നതിനെതിരെ ജനപ്രതിനിധികളിൽനിന്നടക്കം നിരവധി നിവേദനങ്ങൾ

ലഭിക്കുകയുണ്ടായി. എഫ്.സി.ഐ.-ൽനിന്നും ഇപ്പോഴും നോൺ ഫോർട്ടിഫൈഡ് അരി അനുവദിക്കുന്നതിനാൽ എല്ലാ താലൂക്കുകളിലും ആയത് വിതരണം നടത്തുന്നുണ്ട്. റേഷൻ കാർഡ് തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് എത്ര റേഷൻ കടകളിലായി ഫോർട്ടിഫൈഡ് അല്ലാത്ത എത്ര കിലോ അരി ഇനിയും വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നുണ്ട്; ഇതിൽ പച്ചരി, പുഴുക്കലരി, സി.എം.ആർ. (മട്ട) എന്നിവ എത്ര കിലോഗ്രാം വീതമാണുള്ളത്; ഇത്തരം സ്റ്റോക്കെടുപ്പും കണക്കെടുപ്പും ഭക്ഷ്യപൊതുവിതരണ വകുപ്പ് നടത്തുന്നുണ്ടോ?

സംസ്ഥാനത്തെ റേഷൻ കടകളിൽ നോൺ ഫോർട്ടിഫൈഡ് അരി ദീർഘകാലമായി കെട്ടികിടക്കുന്നില്ല. നിലവിലുള്ള സ്റ്റോക്ക് തീരുന്ന മുറയ്ക്ക് എഫ്.സി.ഐ.-ൽനിന്നും ഇപ്പോഴും നോൺ ഫോർട്ടിഫൈഡ് അരി വിതരണത്തിനായി നൽകിവരുന്നുണ്ട്. അതിനാൽ എല്ലാ റേഷൻ കടകളിലും നോൺ ഫോർട്ടിഫൈഡ് അരിയുടെ സ്റ്റോക്കുള്ളതും ആയത് വിതരണം ചെയ്യുന്നുമുണ്ട്. അതിനാൽ റേഷൻ കടകളിൽ വിതരണം ചെയ്യാതെ

കിടക്കുന്ന നോൺ ഫോർട്ടിഫൈഡ് അരിയുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുക സാദ്ധ്യമല്ല.

(ഇ) ഫോർട്ടിഫൈഡ് അല്ലാത്ത റൈസ് റേഷൻ കടകളിലൂടെ തുടർന്നും വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നിർദ്ദേശം ഭക്ഷ്യപൊതുവിതരണ വകുപ്പ് നൽകിയിട്ടുണ്ടോ; നിലവിൽ സംസ്ഥാനത്ത് പച്ചരി, പുഴുക്കലരി, സി.എം.ആർ. (മട്ട) എന്നിവ ഫോർട്ടിഫൈഡായും അല്ലാതെയും വിതരണം ചെയ്യുന്ന റേഷൻ കടകളുണ്ടോ; ഇങ്ങനെ ആറുതരം അരി റേഷൻ കടകളിലൂടെ പ്രത്യേക ബില്ലായി നൽകാൻ നിർദ്ദേശമുണ്ടോ?

2024 മാർച്ച് മാസത്തോടുകൂടി റേഷൻ കടകളിലെ നോൺ ഫോർട്ടിഫൈഡ് അരി വിതരണംചെയ്ത് തീർക്കണമെന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ എഫ്.സി.ഐ.-ൽനിന്നും നോൺ ഫോർട്ടിഫൈഡ് അരി ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ തുടർന്നുള്ള മാസങ്ങളിലും റേഷൻ കട മുഖേന ഫോർട്ടിഫൈഡ് അരിയോടൊപ്പം നോൺ ഫോർട്ടിഫൈഡ് അരിയും വിതരണം ചെയ്യേണ്ടി വരും. ഫോർട്ടിഫൈഡ്/നോൺ ഫോർട്ടിഫൈഡ്

അരി വിൽപ്പന നടത്തുന്നത് ഒരു ബില്ലിൽ തന്നെയാണ് രേഖപ്പെടുത്തി നൽകുന്നത്.

സബ്സിഡി ഉൽപന്നങ്ങൾക്ക് ചെലവഴിച്ച തുക

319 (2370) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് റേഷൻ വിഹിതം, വിപണി ഇടപെടൽ, നെല്ല് സംഭരണത്തിനുള്ള സംസ്ഥാന പ്രോത്സാഹന ബോണസ് എന്നിവയ്ക്കായി ഓരോ വർഷവും എത്രതുക വീതമാണ് സംസ്ഥാന സർക്കാർ നൽകി വരുന്നത്; 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി എത്ര രൂപയാണ് ഇതിനായി അനുവദിച്ചത്; എത്ര തുക കുടിശ്ശികയായി ലഭിക്കാനുണ്ട്; വിശദമാക്കാമോ?

വിവിധ സർക്കാർ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയാണ് ഓരോ വർഷവും സപ്ലൈകോയ്ക്ക് അനുവദിക്കുന്നത്. വിപണിയിടപെടൽ, നെല്ല് സംഭരണത്തിനുള്ള സംസ്ഥാന പ്രോത്സാഹന ബോണസ്, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, എന്നിവയ്ക്കായി

2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഓരോ വർഷവും സംസ്ഥാന സർക്കാരിൽനിന്നും അനുവദിച്ച തുകയുടെയും കൂടിശ്ശികയുടെയും വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) സപ്ലൈകോയിലൂടെ സബ്സിഡി നിരക്കിൽ വിൽക്കുന്ന 13 ഉൽപ്പന്നങ്ങൾക്ക് മാത്രമായി എത്ര തുകയാണ് ഒരു വർഷം സർക്കാർ ചെലവഴിക്കുന്നത്; ഈ തുക പൂർണ്ണമായി സർക്കാർ തന്നെയാണോ നൽകുന്നത്; സപ്ലൈകോയുടെ ലാഭത്തിൽ നിന്നുള്ള വിഹിതവും ഇതിന് ചെലവഴിക്കുന്നുണ്ടോ; 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലും 2023-24 സാമ്പത്തിക വർഷത്തിൽ 2023 ഡിസംബർ 31 വരെയും എത്ര തുകയാണ് ഇതിനായി സംസ്ഥാന സർക്കാരും സപ്ലൈകോയും വെവ്വേറെ ചെലവാക്കിയത്; വിശദമാക്കാമോ?

സപ്ലൈകോയിലൂടെ സബ്സിഡി നിരക്കിൽ വിൽക്കുന്ന 13 ഇനം അവശ്യ സാധനങ്ങൾക്ക് മാത്രമായി 2021-22 മുതൽ ഒരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയുടെയും ഈയിനത്തിൽ സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് ആകെ ചെലവായ തുകയിൽനിന്ന് വിറ്റുവരവ് കുറവ് ചെയ്തശേഷം കണക്കാക്കുന്ന നഷ്ടത്തിൽ നിന്ന് സർക്കാർ ഗ്രാൻഡ് കുറവുചെയ്തശേഷം സപ്ലൈകോയ്ക്ക് വരുന്ന നഷ്ടത്തിന്റെ ഒരു ഭാഗം സപ്ലൈകോയുടെ വിവിധങ്ങളായ മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെയുണ്ടാകുന്ന ലാഭത്തിൽനിന്നും വഹിച്ചുവരുന്നു.

(സി) സപ്ലൈകോയിലൂടെ വിൽക്കുന്ന 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതുൾപ്പെടെ വിവിധ കാര്യങ്ങളിൽ ശിപാർശ നൽകാൻ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നോ; ഈ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് പരിശോധിച്ച് സർക്കാരിലേയ്ക്ക് നൽകിയിരുന്നോ; രണ്ടു റിപ്പോർട്ടുകളും പൂർണ്ണ രൂപത്തിൽ ലഭ്യമാക്കാമോ?

കേരള സർക്കാർ 24-11-2023 ലെ സ.ഉ. (സാധാ) നം. 473-2023-F&CS പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ഡോ. രവിരാമൻ അദ്ധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ

വകുപ്പ് സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ശിപാർശകൾ സമർപ്പിക്കാൻ ടി സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പുതുക്കിയ വിലനിർണ്ണയ സ്കീമുകളും സ്കീമിനുകീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു. കൂടാതെ സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും കമ്മിറ്റിയോട് ആവശ്യപ്പെട്ടു. സമിതി വിശദമായ ചർച്ചകൾ നടത്തുകയും നിർദ്ദിഷ്ട മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) സപ്ലൈകോയിലൂടെ റേഷൻ കാർഡുടമകൾക്ക് 13 ഇന സബ്സിഡി ഉൽപ്പന്നങ്ങൾ നൽകുന്നതിന് ആധാർ അധിഷ്ഠിത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഏത് യോഗത്തിലാണ് ഈ

തീരുമാനമെടുത്തത്? യോഗങ്ങളുടെ മിനിട്ട്സ് ലഭ്യമാക്കാമോ; സപ്ലൈകോയിൽ റേഷൻ കടകളിലേതിന് സമാനമായി ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ടെണ്ടർ നടപടികൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

സപ്ലൈകോയിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഇ) സപ്ലൈകോയിൽ സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്ത് നടത്തിയ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് 2021 മുതൽ ഇതുവരെ എത്ര അന്വേഷണങ്ങളാണ് നടത്തിയത്; എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(എഫ്) സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വിൽപ്പനയിൽ റേഷൻ കാർഡുടമകളുടെ നമ്പർ ദുരുപയോഗം ചെയ്ത് നടത്തിയ തട്ടിപ്പുകൾ സംബന്ധിച്ച് സപ്ലൈകോ വിജിലൻസ് വിഭാഗമോ സംസ്ഥാന പോലീസിന്റെ വിജിലൻസ് വിഭാഗമോ ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ മറ്റ്

ഏതെങ്കിലും വിഭാഗമോ റിപ്പോർട്ടുകളും ശിപാർശകളും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(ഇ&എഫ്) ഉണ്ട്. സപ്ലൈകോ വിജിലൻസ് വിഭാഗം 2021 ഒക്ടോബർ മാസത്തെ വാർഷിക സ്റ്റോക്കെടുപ്പിനോടനുബന്ധിച്ച് നടത്തിയ പരിശോധനയിൽ സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ റേഷൻ കാർഡ് ഉടമകളുടെ നമ്പർ ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് 200 ഔട്ട്ലെറ്റുകളിലെ 142 ജീവനക്കാർക്ക് (OIC) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ബന്ധപ്പെട്ട OIC-മാരിൽനിന്ന് ക്രമക്കേടിൽ കണ്ടെത്തിയ തുക FSSR (Free Sale Selling Rate) നിരക്കിൽ സപ്ലൈകോ അക്കൗണ്ടിൽ അടവാക്കിപ്പിച്ചിട്ടുള്ളതും തുക അടയ്ക്കാതിരുന്ന OIC-മാർക്കെതിരെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്

320 (2371) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച പഠന സമിതിയുടെ റിപ്പോർട്ടിൽ വിപണി വിലയുടെ 25 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിൽ സാധനങ്ങൾ വിൽക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച പഠന സമിതിയുടെ റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില ആറുമാസത്തിലൊരിക്കൽ പുനർനിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോ വിൽപ്പന ശാലകൾവഴി വിൽപ്പന നടത്തി വരുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില 2016-നുശേഷം വർദ്ധിപ്പിച്ചിട്ടില്ല. കേരള സർക്കാർ 24-11-2023-ലെ സ.ഉ. (സാധാ) നം. 473-2023-F&CS പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ഡോ. രവിരാമൻ അദ്ധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ

വകുപ്പ് സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ടി സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പുതുക്കിയ വിലനിർണ്ണയ സ്കീമുകളും സ്കീമിനുകീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു. കൂടാതെ സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടതിൻപ്രകാരം സമിതി വിശദമായ ചർച്ചകൾ നടത്തുകയും നിർദ്ദിഷ്ട മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സപ്ലൈകോയുടെ നഷ്ടം നികത്തുന്നതിനായി മദ്യവിൽപ്പനയ്ക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ബിസിനസ്സ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ വഴി മദ്യവിൽപ്പന നടത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം

321 (2372) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിലുണ്ടെന്നതിന്റെ വിശദാംശം അറിയിക്കാമോ?

കാട്ടാക്കട താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ അമ്പൂരി പഞ്ചായത്തിൽ സഞ്ചരിക്കുന്ന റേഷൻ കടയുടെ പ്രവർത്തനം പുരവിമല, കണ്ണമാംമൂട്, തെന്മല, കൊമ്പ, വെള്ളി, തേക്കുമ്മൂട്, പീയണിപ്പാറ എന്നീ പ്രദേശങ്ങളിൽ വ്യാപിച്ചിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങളെത്തിക്കാൻ സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

കാട്ടാക്കട താലൂക്കിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന അമ്പൂരി ആദിവാസി മേഖലയിലെ എല്ലാ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നുണ്ട്.

(സി) മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നിലവിൽ ഏത് വാഹനമാണ് ഉപയോഗിക്കുന്നതെന്നും ആയതിന്റെ ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വിശദമാക്കാമോ?

VE COMMERCIAL VEHICLES/EICHER (KL74 A 5788) എന്ന വാഹനമാണ് ഉപയോഗിക്കുന്നത്. ചെലവുകൾ സർക്കാരാണ് വഹിക്കുന്നത്.

(ഡി) സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിക്കായി എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ എന്നിവ

എത് രീതിയിൽ നിർവ്വഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

തീരുമാനമായിട്ടില്ല.

കെ-സ്റ്റോറുകൾ മുഖേന മിൽമ ഉൽപന്നങ്ങളുടെ വിതരണം

322 (2373) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്റ്റോറുകൾ മുഖേന മിൽമയുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

പ്രവർത്തനം ആരംഭിച്ച എല്ലാ കെ-സ്റ്റോറുകൾ മുഖേനയും മിൽമ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

സബ്സിഡി സാധനങ്ങൾ സ്റ്റോറുകളിൽ ലഭ്യമാക്കാൻ നടപടികൾ

323 (2374) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സപ്ലൈകോ സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കരാറുകാർക്ക് നൽകാനുള്ള ഭീമമായ കുടിശ്ശിക യുദ്ധകാലടിസ്ഥാനത്തിൽ തീർപ്പാക്കി സബ്സിഡി സാധനങ്ങൾ സ്റ്റോറുകളിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സപ്ലൈകോ വിതരണക്കാർക്ക് നൽകേണ്ട കുടിശ്ശിക തുക, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്ത് തീർക്കുന്നതാണ്. സബ്സിഡി സാധനങ്ങളുടെ കുറവ് പരിഹരിച്ച് ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോന്നി സി.എഫ്.ആർ.ഡി.-യിലെ ദിവസ വേതനക്കാർ

324 (2375) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി സി.എഫ്.ആർ.ഡി.-യിൽ നിലവിൽ എത്ര ജീവനക്കാർ താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു എന്നറിയിക്കുമോ; അതിൽ എത്ര പേർ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നുണ്ട്; പേര് വിവരം ലഭ്യമാക്കുമോ;

(ബി) ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിതരാകുന്നവരെ 179 ദിവസം ജോലി ചെയ്തശേഷം പിരിച്ചുവിടണമെന്ന 26-02-2016-ലെ സ.ഉ. (പി) 28/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ ഇവിടെ പാലിച്ചിട്ടുണ്ടോ?

(എ&ബി) കോന്നി സി.എഫ്.ആർ.ഡി.-യിൽ നിലവിൽ പതിനഞ്ചുപേർ കരാർ അടിസ്ഥാനത്തിലും അഞ്ചുപേർ ദിവസവേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. അതിൽ ശ്രീ. പുഷ്പ കുമാർ പി. എന്നയാൾ ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നു. ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിതരാകുന്നവരെ 179 ദിവസം ജോലി ചെയ്തശേഷം പിരിച്ചുവിടണമെന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഡ്രൈവർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്ന് മുതൽക്കാണ് ഈ സ്ഥാപനത്തിൽ ജോലിക്ക് ചേർന്നതെന്നും അവർ എത്ര വർഷമായി ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്നുണ്ടെന്നും വിശദമാക്കുമോ; ഇവരുടെ നിയമന രീതി എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ?

നിലവിലെ ഡ്രൈവർ 01-02-2011 മുതൽ സി.എഫ്.ആർ.ഡി.-യിൽ ഡ്രൈവർ ജോലി ചെയ്തുവരുന്നു. സി.എഫ്.ആർ.ഡി. സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമം പ്രകാരമാണ് ടിയാളെ നിയമിച്ചിട്ടുള്ളത്.

(ഡി) ഡ്രൈവർ തസ്തികയിൽ ജോലി നോക്കുന്ന എത്ര പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്; പേര് വിവരം ലഭ്യമാക്കുമോ?

2012-13 വർഷത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. നടരാജൻ എന്നയാൾക്ക് 28-09-2015 മുതൽ, ടിയാളുടെ അപേക്ഷ പ്രകാരം ഡ്രൈവർ തസ്തികയിൽ നിയമനം നൽകിയിരുന്നു.

(ഇ) സി.എഫ്.ആർ.ഡി.-യിൽ കൃത്യവിലോപം നടത്തിയതിന് എത്ര ദിവസവേതന ഡ്രൈവർമാരെ പിരിച്ചുവിട്ടിട്ടുണ്ട്; പേര് വിവരവും

പിരിച്ചുവിടാനുള്ള കാരണവും വ്യക്തമാക്കുമോ; ഇപ്രകാരം ഒരിക്കൽ പിരിച്ചുവിട്ട ആർക്കെങ്കിലും പുനർനിയമനം നൽകിയിട്ടുണ്ടോ?

സി.എഫ്.ആർ.ഡി.-യിൽ കൃത്യവിലോപം നടത്തിയതിന് ഡ്രൈവർമാരെ പിരിച്ചുവിട്ടുകൊണ്ട് പ്രസ്തുത കാര്യാലയത്തിൽനിന്നും നടപടിക്രമം പുറപ്പെടുവിച്ചിട്ടില്ല.

സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരണം

325 (2376) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഓരോ സംഭരണ സീസണിലും സുഗമമായ നെല്ല് സംഭരണം നടത്തുന്നതിന് പൊതുനടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണം ആരംഭിക്കുന്നതിന്റെ പ്രഖ്യാപനം പത്രദ്വാരാ പരസ്യപ്പെടുത്തുകയും താൽപ്പര്യമുള്ള കർഷകരോട് രജിസ്റ്റർ

ചെയ്യാൻ അറിയിക്കുകയും ചെയ്യുന്നു. സപ്ലൈകോയുടെ പാഡി പോർട്ടലിലാണ് കർഷക രജിസ്ട്രേഷൻ നടത്തേണ്ടത്. കൃഷി ഓഫീസർമാർ കർഷകർ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുന്നു. തുടർന്ന് സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസർ അപേക്ഷകൾ അംഗീകരിക്കുന്നു. സപ്ലൈകോയുമായി സംഭരണത്തിന് കരാർ ഒപ്പിട്ടിട്ടുള്ള മില്ലുകൾക്ക് വിളവെടുപ്പ് പ്രഖ്യാപിക്കപ്പെടുന്ന മുറയ്ക്ക് കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കുന്നതിനുള്ള അനുവാദം നൽകുന്നു. സംഭരിക്കപ്പെടുന്ന നെല്ല് കേന്ദ്ര മാനദണ്ഡപ്രകാരം അരിയാക്കി പൊതുവിതരണ ശൃംഖലയിലേയ്ക്ക് എത്തിക്കുകയും വിതരണം ചെയ്യപ്പെടുന്ന അരിയുടെ കണക്കനുസരിച്ച് കേന്ദ്ര വിഹിതത്തിനായി ക്ലെയിമുകൾ സമർപ്പിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിൽനിന്നും താങ്ങുവില ലഭിക്കാനുണ്ടാകുന്ന കാലതാമസംമൂലം കർഷകന് സംഭരണവില ലഭിക്കുന്നത് വൈകുന്നത് ഒഴിവാക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് പി.ആർ.എസ്. വായ്പ നൽകാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുമുണ്ട്. ഈ പ്രവൃത്തികൾ

ഏകോപിപ്പിക്കുന്നതിനായി സപ്ലൈകോയുടെയും കൃഷി വകുപ്പിൽനിന്നും പൊതുവിതരണ വകുപ്പിൽനിന്നുമുള്ള ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുണ്ട്. രണ്ടാംവിള നെല്ല് സംഭരണത്തിനും മേൽ വിവരിച്ച എല്ലാ ഒരുക്കങ്ങളും ചെയ്തിട്ടുള്ളതാണ്.

(ബി) നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

2023-24 സീസണിൽ 58 മില്ലുകളുമായി സപ്ലൈകോ ധാരാണപത്രം ഒപ്പ് വച്ചിട്ടുണ്ട്.

(സി) നെല്ലിന്റെ സംഭരണവില നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകുന്നതിന് 2023-24-ലും ബാങ്കുകളുമായി സപ്ലൈകോ ധാരണയിലെത്തിയിട്ടുണ്ട്. കാനറ ബാങ്ക്, എസ്.ബി.ഐ. എന്നീ ബാങ്കുകൾ മുഖേന 2023-24 ക്രോപ്പ് 1 സീസണിൽ, ഒക്ടോബർ 2023 മുതൽ 2024

ജനുവരി വരെ കർഷകർക്ക് സംഭരിച്ച നെല്ലിന്റെ തുക പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം നൽകിവരുന്നുണ്ട്.

കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല്

326 (2377) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് എന്തു വിലയാണ് ഇപ്പോൾ നൽകിവരുന്നത്; ഈ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന താങ്ങുവിലയായയും (MSP) 21.83 രൂപയും സംസ്ഥാന സർക്കാരിന്റെ സംസ്ഥാന പ്രോത്സാഹന ബോണസായ (SIB) 6.37 രൂപയും കൈകാര്യ ചെലവായ 12 പൈസയും കൂടി ചേർത്ത് 1 കി.ഗ്രാം നെല്ലിന് 28.32 രൂപ കർഷകർക്ക് നൽകിവരുന്നു. 2023-

24 സീസണിൽ കർഷകർക്ക് നെല്ലിന്റെ വില ലഭ്യമായിട്ടില്ല എന്ന ആക്ഷേപം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നെല്ല് സംഭരണ സമയത്ത് മില്ലുടമകൾ പല കാരണങ്ങളും പറഞ്ഞ് നെൽകർഷകർക്ക് യഥാർത്ഥ വില നൽകാതെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃത്യമായും സർക്കാർ പ്രഖ്യാപിച്ച വിലതന്നെ കർഷകർക്ക് ലഭിക്കുന്നുയെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് യഥാർത്ഥ വില നൽകാതെ കബളിപ്പിക്കുന്നുയെന്ന കർഷകരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി&സി) കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ തൂക്കം വ്യക്തമാക്കി പാഡി റെസീപ്റ്റ് ഷീറ്റ് നൽകുകയും ആയതിൽ രേഖപ്പെടുത്തിയിട്ടുള്ള തൂക്കത്തിന് കൃത്യമായി സർക്കാർ പ്രഖ്യാപിച്ച നിരക്കിൽ നെല്ലിന്റെ വിലയിൽ യാതൊരു കുറവും വരുത്താതെ കർഷകർക്ക് നൽകിവരുന്നുണ്ട്. നെല്ലിന്റെ താങ്ങുവില പത്രമാധ്യമങ്ങളിലൂടെ

പരസ്യപ്പെടുത്തിയിട്ടുള്ളതാകയാൽ കൊടുത്ത അളവിന് തുല്യമായി തുക ലഭിച്ചുവെന്ന് കർഷകർക്ക് ബോധ്യപ്പെടുന്നതുമാണ്. കൂടാതെ നെല്ലിന്റെ തൂക്കവും വിലയും കർഷകർക്ക് പരിശോധിച്ച് ഉറപ്പുവരുത്താവുന്ന വിധത്തിൽ സപ്ലൈകോ പാഡി പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സപ്ലൈകോ തുക കുറച്ച് നൽകുന്നതായി ആരും പരാതി ഉന്നയിച്ചിട്ടില്ല.

നെല്ല് സംഭരിച്ചതിൽ കർഷകർക്ക് ലഭിക്കാനുള്ള തുക

327 (2378) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാംവിള നെല്ല് സംഭരിച്ചതിൽ ഇനി എന്ത തുകയാണ് കർഷകർക്ക് നൽകാനുള്ളത്; ആകെ എത്ര കർഷകർക്കാണ് സംഭരണ തുക ലഭിക്കാനുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

2023-24 ഒന്നാംവിള സീസണിൽ 54531 കർഷകരിൽനിന്നും 135,385 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ 383.41 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്. ഇതിൽ 53316 കർഷകർക്ക് 375.82 കോടി രൂപ നൽകുന്നതിനായി ബാങ്കിന് ലിസ്റ്റ് കൈമാറിയതിൽനിന്നും 34758 കർഷകർ

261.63 കോടി രൂപ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇനിയും സംഭരണ വില ലഭിക്കാത്ത കർഷകർക്ക് എന്നത്തേയ്ക്ക് തുക നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ?

ഇനിയും നെല്ലിന്റെ വില ലഭിക്കാനുള്ള കർഷകർക്ക് 2024 ഫെബ്രുവരി മാസംതന്നെ തുക കൊടുത്തുതീർക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

നെൽകർഷകരുടെ സംഭരണ വില നൽകുന്നതിന് പ്രത്യേക സംവിധാനം

328 (2379) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെൽകർഷകരുടെ സംഭരണ വില നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്തെ എല്ലാ കർഷകർക്കും നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ കൈപ്പറ്റ് രസീതിന്റെ സീനിയോരിറ്റി അടിസ്ഥാനത്തിൽ കർഷകർക്ക് പി.ആർ.എസ്. വായ്പയായി തുക കൈമാറുന്നുമുണ്ട്. ഒരു പ്രത്യേക മേഖലയിലെ കർഷകർക്ക് മാത്രമായി തുക നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) നെൽവില ഉൾപ്പെടെ കർഷകർക്കുള്ള വിവിധ സഹായങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് കേരളത്തിലെ നെൽകർഷകരുടെ നെല്ല് സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകാനുമുള്ള സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലാണ് വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി സപ്ലൈകോവഴി നടപ്പിലാക്കി വരുന്നത്. ബാങ്ക് അധികൃതരുടെയും സപ്ലൈകോ ഉദ്യോഗസ്ഥരുടെയും പാഡി വിഭാഗം ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് പി.ആർ.എസ്. വായ്പാ വിതരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. സുസ്ഥിര

നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 5,500/- രൂപയും തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് കർഷകന് 35,000/- രൂപയും ഉടമയ്ക്ക് 5,000/- രൂപയും നെൽവയൽ ഉടമകൾക്ക് റോയൽറ്റിയായി ഹെക്ടറിന് 3,000/- രൂപയും, ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 1,000/- രൂപയും, ഹെക്ടർ ഒന്നിന് കുമ്മായത്തിന് 5,400/- രൂപയും പാടശേഖര സമിതികൾക്ക് പൊതുവായും പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായും കോൾ മേഖലയിലെ പ്രത്യേക പദ്ധതിക്കായും കൃഷി വകുപ്പ് സഹായങ്ങൾ നൽകിവരുന്നു. സൗജന്യനിരക്കിലുള്ള വൈദ്യുതി ലഭ്യത, വിവിധ തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്നിവ ഇതിനുപുറമെയാണ്.

നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

329 (2380) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിനും നെല്ലിന്റെ താങ്ങുവില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഓരോ സംഭരണ സീസണിലും സുഗമമായ നെല്ല് സംഭരണം നടത്തുന്നതിന് പൊതുനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നെല്ല് സംഭരണം ആരംഭിക്കുന്നതിന്റെ പ്രഖ്യാപനം പത്ര മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തുകയും താൽപ്പര്യമുള്ള കർഷകരോട് രജിസ്റ്റർ ചെയ്യാൻ അറിയിക്കുകയും ചെയ്യുന്നു. സപ്ലൈകോയുടെ പാഡി പോർട്ടലിലാണ് കർഷക രജിസ്ട്രേഷൻ നടത്തേണ്ടത്. കർഷകർ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള രജിസ്ട്രേഷൻ വിവരങ്ങൾ കൃഷി ഓഫീസർമാർ പരിശോധിച്ച് അംഗീകാരം നൽകുന്നു. സപ്ലൈകോയുമായി സംഭരണത്തിന് കരാർ ഒപ്പിട്ടിട്ടുള്ള മില്ലുകൾക്ക് വിളവെടുപ്പ് പ്രഖ്യാപിക്കപ്പെടുന്ന മുറയ്ക്ക് കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കുന്നതിനുള്ള അനുവാദം നൽകുന്നു. സംഭരിക്കപ്പെടുന്ന നെല്ല് കേന്ദ്ര മാനദണ്ഡപ്രകാരം അരിയാക്കി പൊതുവിതരണ ശൃംഖലയിലേയ്ക്ക്

എത്തിക്കുകയും വിതരണം ചെയ്യപ്പെടുന്ന അരിയുടെ കണക്കനുസരിച്ച് കേന്ദ്ര വിഹിതത്തിനായി ക്ലെയ്മുകൾ സമർപ്പിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിൽനിന്നും താങ്ങുവില ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ ബാങ്കുകളിൽനിന്ന് പി.ആർ.എസ്. വായ്പയായി തുക ലഭ്യമാക്കുകയും കേന്ദ്ര സർക്കാരിൽനിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോ തിരിച്ചടവ് വരുത്തുകയും ചെയ്യുന്നു. ഈ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി സപ്ലൈകോയുടെയും കൃഷി വകുപ്പിൽനിന്നും പൊതുവിതരണ വകുപ്പിൽനിന്നുമുള്ള ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന് വിശദമാക്കുമോ?

2022-23 സീസണിൽ 731183.563 മെട്രിക് ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്.

പി.ആർ.എസ്. വായ്പ

330 (2381) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.എസ്. വായ്പ സംവിധാനത്തെ കർഷകർ ഭയത്തോടെയാണ് നോക്കിക്കാണുന്നതെന്നും നിരവധി കർഷകർ പി.ആർ.എസ്. വായ്പ സ്വീകരിക്കാൻ തയ്യാറാകുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില കർഷകർ പി.ആർ.എസ്. വായ്പാപദ്ധതി മുഖേന നെല്ലിന്റെ വില സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) കർഷകന് ലോണുള്ള ബാങ്കുകളാണെങ്കിൽ ബാധ്യത തുക കുറച്ചുകൊണ്ട് മാത്രമേ ബാങ്കുകൾ പി.ആർ.എസ്. വായ്പ നൽകുകയുള്ളൂ എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കർഷകനെ ദോഷകരമായി ബാധിക്കുന്ന ഈ പാഡി റസീപ്റ്റ് സ്ലിപ് സമ്പ്രദായം നിർത്തലാക്കി സംഭരിച്ച നെല്ലിന് മറ്റുമാർഗ്ഗങ്ങളിലൂടെ അടിയന്തരമായി തുക നൽകാൻ തയ്യാറാകുമോ?

സംഭരിച്ച നെല്ല് മില്ലുകളിൽ കുത്തി അരിയാക്കി പൊതുവിതരണ ശൃംഖലവഴി വിതരണം നടത്തി ആയതിന്റെ വിവരങ്ങൾ 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് രേഖപ്പെടുത്തുന്നു. അതിനുശേഷം ത്രൈമാസ ക്ലെയിം തയ്യാറാക്കി നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും കർഷകർക്ക് നൽകാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ്. വായ്പ മുഖാന്തരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകിവരുന്നത്. നിലവിൽ പി.ആർ.എസ്. സമ്പ്രദായത്തിൽനിന്ന് പിന്മാറുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

പി.ആർ.എസ്. വായ്പാസംവിധാനം

331 (2382) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച തുക യഥാസമയം കർഷകന് ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കാലതാമസം കൂടാതെ നൽകിവരുന്നുണ്ട്.

(ബി) പാഡി റസീപ്റ്റ് സ്ലിപ്പ് അഥവാ പി.ആർ.എസ്. സംവിധാനം കർഷകന് ബാദ്ധ്യതയാകുന്നുയെന്നതിനാൽ ഈ രീതിയിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; വിശദമാക്കുമോ?

സംഭരിച്ച നെല്ല് മില്ലുകളിൽ കുത്തി അരിയാക്കി പൊതുവിതരണ ശൃംഖലവഴി വിതരണം നടത്തി ആയതിന്റെ വിവരങ്ങൾ 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് രേഖപ്പെടുത്തുന്നു. അതിനുശേഷം ത്രൈമാസ ക്ലെയിം തയ്യാറാക്കി നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ

താങ്ങുവില കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും കർഷകർക്ക് നൽകാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ്. വായ്പ മുഖാന്തരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകിവരുന്നത്. നിലവിൽ പി.ആർ.എസ്. സമ്പ്രദായത്തിൽനിന്ന് പിൻമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലില്ല.

കർഷകർക്ക് ലഭിക്കുന്ന നെല്ലിന്റെ വില

332 (2383) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരിൽ നിന്നുള്ള നെല്ലുസംഭരണത്തിന് ഒരു കിലോഗ്രാം നെല്ലിന് 2015-16 മുതൽ 2023-24 വരെ നൽകിവരുന്ന കേന്ദ്ര-സംസ്ഥാന വിഹിതവും കർഷകർക്ക് ലഭിക്കുന്ന തുകയും എത്ര വീതമാണെന്ന് പട്ടിക തിരിച്ചുവിവരം ലഭ്യമാക്കാമോ?

2015-16 മുതൽ 2023-24 വരെ നൽകി വരുന്ന കേന്ദ്ര, സംസ്ഥാന വിഹിതവും കർഷകർക്ക് നൽകുന്ന തുകയും അനുബന്ധമായി ചേർക്കുന്നു.+

ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് വിവിധ വില ഈടാക്കുന്നത് സംബന്ധിച്ച്

333 (2384) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യവകുപ്പിന് കീഴിൽ എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിൽ നിലവിൽ പരിശോധനാ സംവിധാനമില്ല. എന്നാൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ, ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ NABL അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നു.

(ബി) ചില ഹോട്ടലുകളിൽ ചായ ഉൾപ്പെടെയുള്ള വിവിധ ഭക്ഷണങ്ങൾക്ക് വലിയ വ്യത്യാസത്തോടെയുള്ള അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും കൂടുതൽ വില ഈടാക്കുന്ന ഹോട്ടലുകൾക്ക് ഉണ്ടായിരിക്കേണ്ട അധിക സൗകര്യങ്ങളെക്കുറിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ അത്തരം മാനദണ്ഡങ്ങൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിലില്ല. ഭക്ഷ്യ സുരക്ഷാവകുപ്പിന് കീഴിൽ, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ ഹോട്ടലുകൾക്ക് രാജ്യമൊട്ടാകെ "ഹൈജീൻ റേറ്റിംഗ്" നടപ്പാക്കി തുടങ്ങിയിട്ടുള്ളതും അപ്രകാരം റേറ്റിംഗ് കിട്ടിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

(ഡി) ഹോട്ടലുകളിൽ ലഭിക്കുന്ന ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും അധിക വില ഈടാക്കുന്നത് തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് ഹോട്ടലുകളിൽ പരിശോധന നടത്തുകയും വിലവിവരപട്ടിക ഉപഭോക്താക്കൾ

കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

പുതുവൈപ്പ് വില്ലേജിൽ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി

334 (2385) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജിൽ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുള്ള 20.24 ആർ. ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഗോഡൗൺ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് നമ്പർ 10, സർവ്വേ നമ്പർ 1/1-ൽ ഉൾപ്പെട്ട ഭൂമിയിൽ Agriculture Infrastructure Fund (AIF) ഉപയോഗപ്പെടുത്തി ഗോഡൗൺ നിർമ്മിക്കുന്നതിന് 24-03-2023-

ലെ സ.ഉ (സാധാ) 128/2023/F&CSD പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ആയതുമായി ബന്ധപ്പെട്ട് കേരള ബാങ്കുമായി ധാരണാപത്രം ഒപ്പിടുന്നതിന്മേൽ ചർച്ച നടത്തിവരുന്നു. ധാരണാപത്രം ഒപ്പുവയ്ക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഗോഡൗൺ നിർമ്മാണം ആരംഭിക്കുന്നതിനും സാധിക്കുകയുള്ളൂ.

പെരുമ്പിലാവിൽ പുതിയ സൂപ്പർമാർക്കറ്റ്

335 (2386) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പെരുമ്പിലാവ് കേന്ദ്രമായി പുതിയ സൂപ്പർമാർക്കറ്റ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇല്ലെങ്കിൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) കുന്നംകുളം മണ്ഡലത്തിലെ കടവല്ലൂർ പഞ്ചായത്തിലെ പെരുമ്പിലാവ് എന്ന സ്ഥലത്തുനിന്നും ഒരു കിലോമീറ്ററിനുള്ളിൽ കരുവള്ളൂർ പഞ്ചായത്ത് ബിൽഡിംഗിൽ സപ്ലൈകോയുടെ മാവേലി സ്റ്റോർ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പെരുമ്പിലാവ് കേന്ദ്രമായി പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളോ അപേക്ഷകളോ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്നപക്ഷം സാധ്യതാപഠനം നടത്തി, ആവശ്യമായ കെട്ടിട സൗകര്യം പഞ്ചായത്ത് ലഭ്യമാക്കുന്നമുറയ്ക്ക് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ

336 (2387) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിനുകീഴിലുള്ള ഓഫീസുകളുടെ വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ജില്ലാ സപ്ലൈ ഓഫീസ്, കണ്ണൂർ

താലൂക്ക് സപ്ലൈ ഓഫീസ്, കണ്ണൂർ

താലൂക്ക് സപ്ലൈ ഓഫീസ്, തലശ്ശേരി

താലൂക്ക് സപ്ലൈ ഓഫീസ്, തളിപ്പറമ്പ്

താലൂക്ക് സപ്ലൈ ഓഫീസ്, ഇരിട്ടി

താലൂക്ക് സപ്ലൈ ഓഫീസ്, പയ്യന്നൂർ

ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, കണ്ണൂർ

(ബി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം വിശദമാക്കാമോ?

ജില്ലാ സപ്ലൈ ഓഫീസ്, കണ്ണൂർ - 20

താലൂക്ക് സപ്ലൈ ഓഫീസ്, കണ്ണൂർ -18

താലൂക്ക് സപ്ലൈ ഓഫീസ്, തലശ്ശേരി -19

താലൂക്ക് സപ്ലൈ ഓഫീസ്, തളിപ്പറമ്പ് -19

താലൂക്ക് സപ്ലൈ ഓഫീസ്, ഇരിട്ടി -17

താലൂക്ക് സപ്ലൈ ഓഫീസ്, പയ്യന്നൂർ -17

ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ – 11

ഉപഭോക്തൃതർക്ക പരിഹാര ഫോറം

337 (2388) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; നിലവിൽ എത്ര പരാതികൾ പരിഹാരം കാത്ത് കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിലെ പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഉപഭോക്തൃതർക്ക പരിഹാര കമ്മീഷന്റെ പേര്	ഒഴിവുകളുടെ എണ്ണം
പ്രസിഡന്റ്	
ആലപ്പുഴ	1
ആകെ	1
മെമ്പർമാർ	
സംസ്ഥാന കമ്മീഷൻ	2
കൊല്ലം	1
പത്തനംതിട്ട	1
ഇടുക്കി	1
കാസർഗോഡ്	1
ആകെ	6

തീർപ്പാക്കാനുള്ള പരാതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ഉപഭോക്തൃതർക്ക പരിഹാര കമ്മീഷന്റെ പേര്	പരാതികളുടെ എണ്ണം
സംസ്ഥാന കമ്മീഷൻ	657
തിരുവനന്തപുരം	1947
കൊല്ലം	1088
പത്തനംതിട്ട	498
ആലപ്പുഴ	367
കോട്ടയം	435
ഇടുക്കി	476
എറണാകുളം	3334
തൃശ്ശൂർ	3336
പാലക്കാട്	408
മലപ്പുറം	978
കോഴിക്കോട്	1475
വയനാട്	669
കണ്ണൂർ	573
കാസർഗോഡ്	673
ആകെ പരാതികളുടെ എണ്ണം	16914

(ബി) സംസ്ഥാന ഫോറത്തിനും ജില്ലാ ഫോറങ്ങൾക്കും വിധിക്കാവുന്ന പരമാവധി നഷ്ടപരിഹാരത്തുക എത്രയെന്ന് വ്യക്തമാക്കാമോ?

അനുവദിക്കാവുന്ന നഷ്ടപരിഹാര തുകയ്ക്ക് നിലവിൽ പരിധിയില്ല.

(സി) തർക്കപരിഹാര ഫോറം എന്ന സങ്കൽപ്പത്തിൽനിന്നും കോടതി നടപടികളുടെ രൂപത്തിലേയ്ക്ക് ഈ സംവിധാനം മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള മാറ്റത്തിന് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോയെന്നും ഈ മാറ്റം സാധാരണ ഉപഭോക്താക്കളെ പരാതി നൽകുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉപഭോക്തൃ പരാതികൾ

338 (2389) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാന, ജില്ല ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഉപഭോക്തൃ പരാതികളുടേയും അപ്പീലുകളുടേയും എണ്ണത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാന, ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഉപഭോക്തൃ പരാതികളുടെയും അപ്പീലുകളുടെയും എണ്ണത്തിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന പരാതികളുടെയും അപ്പീലുകളുടെയും എണ്ണം
1995	1
1996	1
1997	0
1998	0
1999	0
2000	4
2001	11
2002	23
2003	7
2004	8
2005	25
2006	15

2007	27
2008	30
2009	41
2010	48
2011	68
2012	208
2013	338
2014	420
2015	535
2016	841
2017	1300
2018	1447
2019	1613
2020	1496
2021	2000
2022	3187
2023	6704
2024	603
ആകെ	21001

(ബി) ഉപഭോക്തൃ സംരക്ഷണ നിയമം 2019 നിലവിൽ വന്നതിനുശേഷം ഉപഭോക്താക്കൾ സമർപ്പിക്കുന്ന പരാതികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉപഭോക്തൃ സംരക്ഷണ നിയമം 2019 നിലവിൽവന്നത് 2020 ജൂലൈയിലാണ്. ടി കാലയളവിൽ കോവിഡ് മഹാമാരിയുടെ തീവ്രത കാരണം പരാതികളുടെ എണ്ണം കുറവായിരുന്നു. കോവിഡ് അനന്തര സാഹചര്യത്തിൽ പരാതികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(സി) പ്രസ്തുത പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് കോവിഡ് മഹാമാരിയുടെ കാലത്ത് ആരംഭിച്ച ഓൺലൈൻ സംവിധാനം (Online Hybrid Sitting) നിലവിൽ ഒരു സ്ഥിരം സംവിധാനമായി തുടർന്നുവരുന്നു. സാധാരണക്കാരായ പരാതിക്കാർക്ക് നിയമവിദഗ്ധരുടെ പാനലിൽനിന്നും സൗജന്യ നിയമസഹായം നൽകിവരുന്നു. തിങ്കൾ, വെള്ളി ദിവസങ്ങളിൽ virtual ഹിയറിംഗുകൾ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതി സമർപ്പിക്കുന്നതിന് E-Daakhil എന്ന വെബ്സൈറ്റിലും കമ്മീഷനുകളിലെ

കേസ്സുകളുടെ വിവരങ്ങൾ പരാതിക്കാർക്ക് ലഭ്യമാക്കുന്നതിന് Confonet എന്ന വെബ്സൈറ്റിലും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ എറണാകുളത്തുവച്ച് മാസത്തിൽ 3 ദിവസം വീതം 2 തവണ ക്യാമ്പ് സിറ്റിംഗ് നടത്തിവരുന്നു. ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽനിന്നും ദൂരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പരാതികൾ സമർപ്പിക്കുന്നതിന് മാസത്തിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ക്യാമ്പ് സിറ്റിങ്ങ് നടത്തിവരുന്നു.

(ഡി) ഉപഭോക്തൃ സംരക്ഷണ നിയമം 2019 അനുശാസിക്കുന്ന മീഡിയേഷൻ ഉൾപ്പെടെയുള്ള ഇതര തർക്ക പരിഹാര സംവിധാനങ്ങൾ സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2023 മുതൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി മീഡിയേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

കേസ്സുകൾ റഫർ ചെയ്യുന്നതുപ്രകാരം മീഡിയേഷൻ സെല്ലിൽ പരാതിക്കാരുടെയും എതിർ കക്ഷികളുടെയും സാന്നിദ്ധ്യത്തിൽ കേസ്സുകൾ വിളിച്ച് പരിഹാരം നടത്തിവരുന്നു. കൂടാതെ കമ്മീഷന്റെ നേതൃത്വത്തിൽ പ്രത്യേക ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്നു. സംസ്ഥാന കമ്മീഷനിലും മറ്റ് ജില്ലാ കമ്മീഷനുകളിലും മീഡിയേഷൻ സെൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രത്യേക അദാലത്തുകൾ നടത്തി ഉപഭോക്തൃ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

പരിഹരിക്കാൻ കഴിയും. സംസ്ഥാന/ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ ആഴ്ചയിൽ ഒരു ദിവസം വീതം അദാലത്തുകൾ നടത്താറുണ്ട്, കൂടാതെ ലോക് അദാലത്തുകളും നടത്തി ഉപഭോക്തൃ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നുണ്ട്.

ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ

339 (2390) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെ; പേരുവിവരം അറിയിക്കാമോ;

(ബി) നിയമപരമല്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ കേരളത്തിൽ ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിയമ പരിരക്ഷകളാണ് നൽകിവരുന്നത്; വിശദമാക്കാമോ;

(ഡി) നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന കമ്പനിയിൽ അംഗമായ കൺസൾട്ടന്റുകൾക്ക് ഏതൊക്കെ തരത്തിൽ പ്രോത്സാഹനങ്ങളും സംരക്ഷണവും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച ഗൈഡ്ലൈൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരികയാണ്. പ്രസ്തുത മാനദണ്ഡങ്ങൾക്ക് അംഗീകാരം ലഭ്യമാകുന്നതോടെ ഡയറക്ട് സെല്ലിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും നിയമപരമായ എല്ലാ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

340 (2391) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് ഒ.എം.ആർ. പരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും എഴുതി പാസ്സായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ OA-813/2023, OA (EKM) 738/2022, OA-1866/2022 എന്നീ കേസ്സുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. ബൈട്രാൻസ്ഫർ നിയമനത്തിനായുള്ള 4 ഒഴിവുകൾ നിലവിൽ ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പ്രകാരം നിയമനം നൽകാതെ മാറ്റിവച്ചിട്ടുണ്ട്. ഇതല്ലാതെ വകുപ്പിൽ ടി തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ പ്രകാരം നികത്തപ്പെടാത്ത ഒഴിവുകൾ നിലവിലില്ല.

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യും ശുദ്ധീകരണ പത്രത്തിന്റെ അടിസ്ഥാനത്തിലും നിയമനം നടത്തി ലിസ്റ്റിലുള്ള ജീവനക്കാർക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കാമോ;

(സി) സ്പെഷ്യൽ റൂളിലെ അപാകത കാരണം നിലവിൽ പ്രമോഷൻ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം റൂൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഭക്ഷ്യവസ്തുക്കളിലെ അളവ് തൂക്കങ്ങളിലെ കൃത്രിമം

341 (2392) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിലെ അളവിലും തൂക്കത്തിലും പാക്കിംഗിലും കൃത്രിമം കാണിച്ചതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷത്തിൽ ജനുവരി മാസം വരെ ഭക്ഷ്യവസ്തുക്കളിലെ അളവിലും തൂക്കത്തിലും പാക്കിംഗിലും കൃത്രിമം കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 1100 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കുണ്ടറ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

342 (2393) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതിവഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.[+]

ആലപ്പുഴ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

343 (2394) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ/ജനറൽ വിഭാഗത്തിൽ നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ?

അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന ഫ്ലാറ്റ് നിർമ്മാണം നടക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

ലൈഫ് മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിത - ഭവനരഹിതരുടെ പുനരധിവാസത്തിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിൽ മണ്ണഞ്ചേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 52 സെന്റ് സ്ഥലത്താണ് ലൈഫ് ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. ഈ ഭവനസമുച്ചയത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫൗണ്ടേഷൻ വർക്ക് പൂർത്തിയായി. തുടർന്ന് കരാർ കമ്പനി കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) പുതുതായി തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നുള്ള വീടുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഓരോ തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ എത്ര പേരുടെ പട്ടികയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

അനുബന്ധം (2) ആയി ഉള്ളടക്കം ചെയ്യുന്നു.[+]

ക്ലർക്ക് തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി

344 (2395) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സമയബന്ധിത ഹയർ ഗ്രേഡ് നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ ഗ്രേഡ് അനുവദിച്ച് നൽകാറുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ സംസ്ഥാനത്ത് ഹയർ ഗ്രേഡിന് അർഹരായവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ജില്ല	**അർഹരായവർ**	**അനുവദിച്ചത്**
തിരുവനന്തപുരം	21	19
കൊല്ലം	16	10
പത്തനംതിട്ട	18	18
ആലപ്പുഴ	26	26
കോട്ടയം	28	24
ഇടുക്കി	6	5
എറണാകുളം	37	29
തൃശ്ശൂർ	21	12
പാലക്കാട്	17	17
മലപ്പുറം	10	10
കോഴിക്കോട്	26	16
വയനാട്	4	4
കണ്ണൂർ	42	36
കാസർഗോഡ്	8	3

(സി) പ്രസ്തുത തസ്തികയിൽ അവസാനമായി ഹയർ ഗ്രേഡ് അനുവദിച്ചത് എന്നാണെന്നുള്ളതിന്റെ വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത തസ്തികയിൽ അവസാനമായി പത്തനംതിട്ട ജില്ലയിലെ വെച്ചുചിറ ഗ്രാമപഞ്ചായത്തിലെ ശ്രീമതി സുധ പി.-ക്ക് 05-02-2024 LSGD/JD/PTA/3303/2023-B3 പ്രകാരം ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

ജി.സി.ഡി.എ. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

345 (2396) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് 2016 ആണോ ജി.സി.ഡി.എ. ഉൾപ്പെടുന്ന വികസന അതോറിറ്റികൾക്ക് ബാധകമായിട്ടുള്ള ചട്ടം എന്ന് വ്യക്തമാക്കാമോ; ജി.സി.ഡി.എ. ഉൾപ്പെടെയുള്ള വികസന അതോറിറ്റികൾക്ക് ബാധകമായിട്ടുള്ള വിശേഷാൽ ചട്ടങ്ങൾ ഏതാണെന്ന് വിശദമാക്കാമോ?

കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് 2016 ജി.സി.ഡി.എ.-ക്ക് ബാധകമായ നിയമമാണ്. വിശേഷാൽ ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

KDA Rules 2015 ചട്ടം 15 a, b, c എന്നിവ പ്രകാരം അതോറിറ്റിയിൽ വിവിധ വിഭാഗം ജീവനക്കാർക്ക് ബാധകമായ താഴെപ്പറയുന്ന Special Rules വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) പ്ലാനിംഗ് വിഭാഗത്തിന് Special Rules for the Kerala Town & Country Planning Service 2001 & Special Rules for Kerala Town & Country Planning Subordinate Service, 2000 ആണ് ബാധകമാക്കിയിരിക്കുന്നത്.

2) എഞ്ചിനീയറിംഗ് വിഭാഗത്തിന് Kerala Local Self Government Department Special Rules under the Engineering Service 2007-ഉം Special Rules for the Municipal Common Service (Engineering & Town Planning Service 2001) ആണ് ബാധകമായിരിക്കുന്നത്.

3) മിനിസ്റ്റീരിയൽ വിഭാഗത്തിന് സെക്രട്ടേറിയേറ്റ് പാറ്റേൺ പ്രകാരം നിയമിതരായവർക്ക് Kerala Secretariat Service Rules-ഉം Kerala Secretariat Subordinate Service Rules-ഉം മറ്റുള്ളവർക്ക് Kerala Municipal Common Service (Ministerial & Revenue Branch) Qualification & Method of Appointment Rules 2001 ആണ് ബാധകമാക്കിയിരിക്കുന്നത്.

(ബി) സർക്കാർ ജീവനക്കാരുടെ ഏഴാം ശമ്പള പരിഷ്കരണ ഉത്തരവിലെ എല്ലാ ആനുകൂല്യങ്ങളും ജി.സി.ഡി.എ. ജീവനക്കാർക്കും 30-03-1999-ലെ ജി.ഒ(ആർ.ടി.) 1209/99/എൽ.എ.ഡി. നമ്പർ ഉത്തരവ് അനുസരിച്ച് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ജീവനക്കാരുടെ ഏഴാം ശമ്പള പരിഷ്കരണ ഉത്തരവിലെ (25-11-1998-ലെ ജി.ഒ.(ആർ.റ്റി)നം.3000/1998/എഫ്.ഡി.) എല്ലാ ആനുകൂല്യങ്ങളും ജി.സി.ഡി.എ. ജീവനക്കാർക്ക് 30-03-1999-ലെ ജി.ഒ.(ആർ.റ്റി)നം.1209/99/എൽ.എ.ഡി. പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാരുടെ ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവിലുള്ള ആനുപാതിക ഹയർ ഗ്രേഡ്, സമയബന്ധിത ഹയർ ഗ്രേഡ്, നിലവിലുള്ള മറ്റ് ആനുകൂല്യങ്ങൾ എന്നിവ ജി.സി.ഡി.എ. ജീവനക്കാർക്ക് 07-12-2011-ലെ ജി.ഒ (എം.എസ്.) 305/2011/എൽ.എസ്.ജി.ഡി എന്ന ഉത്തരവിലെ ഖണ്ഡിക നമ്പർ 3(i) പ്രകാരം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ ആനുകൂല്യങ്ങൾ ജി.സി.ഡി.എ. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതാണെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ പിന്നീട് റദ്ദ്

ചെയ്തുകൊണ്ടുള്ള ഉത്തരവോ ചട്ടങ്ങളോ ഉണ്ടെങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കാമോ?

ടി ആനുകൂല്യങ്ങൾ ജി.സി.ഡി.എ. ജീവനക്കാർക്ക് 07-02-2011-ലെ ജി.ഒ. (എം.എസ്) 305/2011/എൽ.എസ്.ജി.ഡി. പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ആയത് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവോ ചട്ടങ്ങളോ നാളിതുവരെ ഉണ്ടായിട്ടില്ല.

(ഡി) ജി.സി.ഡി.എ.-ക്ക് അനുവദിച്ച പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ [25-02-2018-ലെ സ.ഉ(കൈ) നം.27/2016/തസ്വഭവ] ആറാം നമ്പർ ഖണ്ഡികയിൽ ശമ്പളം, റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് പ്രമോഷൻ, ലീവ്, പ്രമോഷൻ, അലവൻസുകൾ തുടങ്ങിയവയിൽ ഭേദഗതികൾ വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭേദഗതികൾ വരുത്താതെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം സാധാരണഗതിയിലുള്ള സ്ഥാനക്കയറ്റങ്ങൾ, ആനുപാതിക ഹയർ ഗ്രേഡ്, ലീവുകൾ എന്നിവ അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ?

25-02-2018-ലെ സ.ഉ(കൈ) നം.27/2018/തസ്വഭവ ഉത്തരവിൽ 6-ാം ഖണ്ഡികയിൽ ശമ്പളം, റേഷ്യോ പ്രമോഷൻ, അപ്ഗ്രഡേഷൻ, തസ്തിക പുനർനാമകരണം, അലവൻസുകൾ, ലീവ്, പ്രമോഷൻ എന്നിവയുൾപ്പടെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. KDA Rules 2015 ചട്ടം 15 a, b, c എന്നിവ പ്രകാരം അതോറിറ്റിയിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങൾക്ക് യോഗ്യതയ്ക്കും നിയമനരീതിക്കും ബാധകമായ വിശേഷാൽ ചട്ടങ്ങൾ പ്രതിപാദിക്കുന്നുണ്ട്. സ്പെഷ്യൽ റൂളുകളും ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകളും പാലിക്കപ്പെടേണ്ടതാണ്.

(ഇ) പ്രസ്തുത ആക്ട് 2016 അദ്ധ്യായം നാല് ചട്ടം 22 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റിയുടെ നിർവ്വാഹക സമിതിക്കും വകുപ്പ് മേധാവിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതോറിറ്റി സെക്രട്ടറിക്കും ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ 25-02-2018-ലെ സ.ഉ. (കൈ)നം.27/2016/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ ആറിൽ

പറഞ്ഞിട്ടുള്ള ഭേദഗതികൾ വരുത്തുന്നതിന് അനുമതി തേടേണ്ട ആവശ്യകതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.ഡി.എ. റൂൾ ചാപ്റ്റർ 4 ചട്ടം 22 പ്രകാരം കേരള സർവ്വീസ് റൂൾസ്, കേരള സിവിൽ സർവ്വീസ് (Classification, Control and Appeal) റൂൾസ് 1960 എന്നിവ പ്രകാരം സർക്കാരിനും വകുപ്പുമേധാവിക്കുമുള്ള അധികാരങ്ങൾ അതോറിറ്റിക്കും സെക്രട്ടറിക്കും യഥാക്രമം നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും സർക്കാർ വിശദമായി പരിശോധിച്ച് പുറപ്പെടുവിച്ച ഉത്തരവായതിനാൽ 25-02-2018-ലെ സ.ഉ (കൈ) നം. 27/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6-ൽ സൂചിപ്പിച്ചിരിക്കുന്ന ഭേദഗതികൾ വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ട്.

(എഫ്) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവുകൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി ആനുപാതിക ഹയർ ഗ്രേഡ് സ്ഥാനക്കയറ്റങ്ങൾ, ശമ്പളം, ലീവ്, സ്കെയിൽ ഓഫ് പേ, സ്ഥാനക്കയറ്റം എന്നിവ ഭേദഗതികൾക്കുടാതെ അനുവദിക്കുന്നതിന് പത്താം ശമ്പള

പരിഷ്കരണ ഉത്തരവ് പ്രകാരം അതോറിറ്റിക്ക് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജി.സി.ഡി.എ.-ക്ക് ബാധകമാക്കിയ വിശേഷാൽ ചട്ടങ്ങൾ, ശമ്പള പരിഷ്കരണ വ്യവസ്ഥകൾ എന്നിവ പാലിക്കപ്പെടേണ്ടതുണ്ട്.

(ജി) ജി.സി.ഡി.എ.-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ ഒഴിവ് വന്നതുമൂലം എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ജെബി ജോണിന് സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയ നടപടി ജി.സി.ഡി.എ.-യുടെ 19-04-2022-ലെ സ.ഉ. (സാധാ) നം.971/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുള്ളത് ജി.സി.ഡി.എ.-ക്ക് അനുവദിച്ച പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ ആറാമത് വ്യവസ്ഥയ്ക്ക് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ?

പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ 6-ാം വ്യവസ്ഥയിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടുള്ളതല്ല

എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതുപ്രകാരം യാതൊരു ഭേദഗതിയും വരുത്താതെയാണ് ശ്രീമതി ജെബി ജോൺ, സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ടി തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതും സർക്കാരിൽനിന്നും ആയതിന് അംഗീകാരം ലഭ്യമായിട്ടുള്ളതും.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്

346 (2397) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09-11-2022-ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27-10-2022 മുതൽ പ്രാബല്യത്തിൽ വന്നു. ഏകീകൃത

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ യഥാക്രമം സ.ഉ(പി) നം. 74/2022/തസ്വഭവ, സ.ഉ(പി) നം. 75/2022/തസ്വഭവ പ്രകാരം 27-10-2022-ന് വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്നതിനുമാണ് ടി സംവിധാനം രൂപീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ ലഭിച്ച ഏതെങ്കിലും പരാതികളിന്മേൽ പരാതി പരിഹാര സെൽ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ?

ഇല്ല. പരാതികളിന്മേൽ പരാതി പരിഹാര സെൽ കൈക്കൊണ്ട തീരുമാനവും ശിപാർശയും സഹിതം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാറശ്ശാല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രവൃത്തികൾ

347 (2398) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) പാറശ്ശാല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ച പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) തുക അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെള്ളറട ഗ്രാമപഞ്ചായത്തിലെ കടയിൽ കരക്കാമൻ കോഡ് ചാമവിള റോഡ് നവീകരണം എന്ന പ്രവൃത്തി PMGSY നിർവ്വഹണം നടപ്പിലാക്കിയതിനാൽ CMLRRP പദ്ധതിയിൽനിന്നും റദ്ദാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതുസ്ഥലം മാറ്റം

348 (2399) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ 2024-ലെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) 2021 മുതൽ ഒരേ ഓഫീസിൽതന്നെ പ്രമോഷൻ നൽകി നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) 2023-ലെ പൊതുസ്ഥലം മാറ്റത്തിൽ മറ്റ് ഓഫീസിലെ സീനിയർ ജീവനക്കാർ ഓപ്ഷൻ ചോദിച്ചിട്ടും സ്ഥലം മാറ്റം അനുവദിക്കാതെ ജൂനിയർ

ജീവനക്കാരെ അതെ ഓഫീസിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ?

2023-ലെ പൊതുസ്ഥലം മാറ്റത്തിൽ മറ്റ് ഓഫീസിലെ സീനിയർ ജീവനക്കാർ ഓപ്ഷൻ ചോദിച്ചിട്ടും സ്ഥലം മാറ്റം അനുവദിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഒരു ഓഫീസിലെ മൂന്ന് വർഷത്തെ സേവനം എന്നത് ഒരു തസ്തികയിലെ സേവനം മാത്രമാണോ; വ്യക്തമാക്കുമോ?

ഒരു ഓഫീസിലെ മൂന്ന് വർഷത്തെ സേവനം എന്നത് നിലവിലെ തസ്തികയിൽ നിയമിതനായശേഷമുള്ള 3 വർഷത്തെ സേവനകാലയളവാണ്.

(ഇ) ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയായ മുഴുവൻ ജീവനക്കാർക്കും സ്ഥലം മാറ്റം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയായ മുഴുവൻ ജീവനക്കാർക്കും സ്ഥലംമാറ്റം അനുവദിക്കുന്ന രീതിയിലാണ് ഓൺലൈൻ ട്രാൻസ്ഫറിന്റെ സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ

തീർപ്പാക്കാനുള്ള അപേക്ഷകൾ

349 (2400) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സേവനങ്ങൾക്കായി ജനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷകൾ സീനിയോരിറ്റി പ്രകാരം സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പാക്കാത്ത അപേക്ഷകളിന്മേൽ അടിയന്തരമായി സീനിയോരിറ്റി പ്രകാരം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവിധ സേവനങ്ങൾക്കായി നൽകുന്ന അപേക്ഷകൾ നിലവിൽ സീനിയോരിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വിശദമാക്കാമോ?

അതെ. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാകെ 306,023 അപേക്ഷകൾ തീർപ്പാക്കാനായുണ്ട്.

(സി) തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിവിധ സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുള്ളതും അപേക്ഷകൾ സീനിയോരിറ്റി പ്രകാരം തീർപ്പാക്കുകയും ചെയ്തുവരുന്നു.

കൊല്ലം ജില്ലയിലെ ലൈഫ് ഭവന പദ്ധതി

350 (2401) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഭ്രരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള ലൈഫ് ഭവന പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ?

കൊല്ലം ജില്ലയിലെ ലൈഫ് ഭ്രരഹിത - ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി പുനലൂർ, അഞ്ചൽ എന്നീ ഭവന സമുച്ചയങ്ങളാണ് ലൈഫ് മിഷൻ ഏറ്റെടുത്തിട്ടുള്ളത്. പുനലൂർ ഭവന സമുച്ചയം 4 നിലകളിലായി നിർമ്മാണം പൂർത്തീകരിച്ച് 08-04-2023-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. 63 ഗുണഭോക്താക്കൾക്കായി 6 നിലകളിലായി നിർമ്മിക്കുന്ന അഞ്ചൽ ഭവന സമുച്ചയത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. 6 നിലകളുടെയും കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്. പാർശ്വഭിത്തികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ജില്ലയിൽ ലൈഫ് പദ്ധതിയിൻകീഴിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ 31-01-2024 വരെ ലൈഫ് ഭവന പദ്ധതി മുഖേന 32,322 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ലൈഫ് ഒന്നാംഘട്ടം	3618
ലൈഫ് രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതർ)	8546
ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത - ഭവനരഹിതർ)	4262
പി.എം.എ.വൈ. അർബൻ	6657
പി.എം.എ.വൈ. ഗ്രാമീൺ	2888
എസ്.സി. വകുപ്പ്	1986
എസ്.ടി. വകുപ്പ്	152
ഫിഷറീസ് വകുപ്പ്	824
മൈനോരിറ്റി	107
അഡീഷണൽ ലിസ്റ്റ്	1937
ലൈഫ് 2020	1345
ആകെ	**32322**

ഖരമാലിന്യ ശേഖരണ വാതിൽപ്പടി സേവനത്തിന്റെ

വരവും ചെലവും

351 (2402) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ സംസ്ഥാനത്തെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി

സേവനത്തിന് യൂസർ ഫീ ആയി എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ട്; ഓരോ പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) ഹരിതകർമ്മസേനാ പ്രവർത്തകർ വിവിധ പഞ്ചായത്തുകളിലെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ഏറ്റെടുക്കുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അവയുടെ പേരും അഡ്രസ്സും ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കുമോ; ഈ ഏജൻസികളെ എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും അതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണാസംവിധാനമായി ക്ലീൻ കേരള കമ്പനി ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 2013 മുതൽ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അജൈവ മാലിന്യ ശേഖരണം, തരംതിരിക്കൽ, സംഭരണം, കൈയ്യൊഴിയൽ എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളിലാണ് കമ്പനിയുടെ പ്രധാന പ്രവർത്തനം. സ്വകാര്യ ഏജൻസികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഹരിതകർമ്മസേന പ്രവർത്തകർ ശേഖരിക്കുന്ന ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ഏറ്റെടുത്ത് സംസ്കരിക്കുന്ന ഏജൻസികൾ ഈ മാലിന്യങ്ങൾ ശേഖരിച്ച വകയിൽ 2023-ൽ സർക്കാരിന് എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഹരിതകർമ്മസേന പ്രവർത്തകർക്ക് പ്രതിഫലമായി ഓരോ മാസവും എത്ര രൂപ വീതം നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംസ്ഥാനത്താകമാനം ഏകീകൃതമാണോ; തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഫല തുകയിൽ വ്യത്യാസമുണ്ടോ എന്ന് വ്യക്തമാക്കാമോ; ഹരിത കർമ്മ സേനാ പ്രവർത്തകർക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഹരിതകർമ്മ സേന പ്രവർത്തകർക്ക് വാതിൽപ്പടി ശേഖരണത്തിലൂടെയും യൂസർ ഫീ ഈടാക്കുന്നതിലൂടെയും 5,000/- രൂപ

മുതൽ 30,000/- രൂപ വരെ പ്രതിഫലമായി ലഭിക്കുന്നുണ്ട്. സംസ്ഥാനത്താകമാനമുള്ള ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം ഏകീകൃതമല്ല. മാസാടിസ്ഥാനത്തിൽ ഹരിതകർമ്മ സേന കൺസോർഷ്യം ഫണ്ടിലേയ്ക്ക് വാതിൽപ്പടി ശേഖരണത്തിലൂടെയും യൂസർ ഫീ കളക്ഷനിലൂടെയും ലഭിക്കുന്ന തുക ഹരിതകർമ്മ സേനാംഗങ്ങൾ വീതിച്ച് എടുക്കുകയാണ് ചെയ്യുന്നത്. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം പ്രവർത്തന ദിവസങ്ങളിലെ ഹാജർ നിലയുടെ അടിസ്ഥാനത്തിലായിരിക്കും നിശ്ചയിക്കുന്നത്. യൂസർ ഫീ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടകം ചെയ്തിട്ടുണ്ട്.+

(ഇ) വാതിൽപ്പടി സേവനത്തിനായി 2023-ൽ സർക്കാർ തനത് ഫണ്ടിൽനിന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം ചെലവുകൾക്കെന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന വാതിൽപ്പടി ശേഖരണം നടത്തുന്നത് യൂസർ ഫീ അടിസ്ഥാനമാക്കിയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട ഗ്രാന്റ്

352 (2403) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇനത്തിൽ 2023 ആഗസ്റ്റ് മാസത്തിൽ നൽകേണ്ടിയിരുന്ന രണ്ടാം ഗഡു പൂർണ്ണമായും നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതയിനത്തിലും മെയിന്റനൻസ് (റോഡ്/റോഡിതരം) ഗ്രാന്റ് ഇനത്തിലും നൽകേണ്ടിയിരുന്ന രണ്ടാം ഗഡു പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023 ആഗസ്റ്റ് മാസത്തിൽ നൽകേണ്ടിയിരുന്ന രണ്ടാം ഗഡുവിലെ മെയിന്റനൻസ് ഗ്രാന്റ് നൽകിയിട്ടുണ്ടോ?

ജില്ലാ പഞ്ചായത്തുകൾക്ക് 2022-23-ലെ റോഡ് സംരക്ഷണ ഫണ്ടിലെ സ്പിൽ ഓവർ ബാദ്ധ്യത തീർക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെയും/ മുനിസിപ്പാലിറ്റികളുടെയും റോഡ് സംരക്ഷണ ഫണ്ടിൽനിന്നും പുനർവിനിയോഗം ചെയ്യുകയും ആയത് പ്രകാരം പ്രാദേശിക സർക്കാരുകളുടെ റോഡ് സംരക്ഷണ ഫണ്ട് 18-10-2023-ലെ സ.ഉ.(അ)105/2023/ധന, പ്രകാരം പുതുക്കി നിശ്ചയിക്കുകയും അതിൻപ്രകാരം 2023 നവംബർ മാസത്തിൽ 17-11-2023 സ.ഉ.(സാധാ)നം.8052/2023/ധന പ്രകാരം രണ്ടാം ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്.+

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള വിഹിതം സമയബന്ധിതമായി നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023 ഡിസംബർ മാസം വരെ അനുവദിക്കാനുള്ള പൊതു ആവശ്യ ഫണ്ട് (9 ഗഡു), വികസന ഫണ്ട് ആകെയുള്ള 3 ഗഡുക്കളിൽ 2 ഗഡു, മെയിന്റനൻസ് ഗ്രാന്റ് ആകെയുള്ള 3 ഗഡുക്കളിൽ 2 ഗഡു എന്നിവ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ

353 (2404) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ, ആരംഭം മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിലെ എത്ര ഹർജികൾ തീർപ്പാക്കാനുണ്ടെന്ന് വർഷം തിരിച്ച് വിശദീകരിക്കുമോ?

2004-ൽ ട്രൈബ്യൂണൽ നിലവിൽ വന്നതുമുതൽ 2015 വരെ ഫയൽ ചെയ്ത എല്ലാ ഹർജികളും തീർപ്പാക്കിയിട്ടുണ്ട്. 2016 മുതൽ 2023 വരെ തീർപ്പാക്കാനുള്ള ഹർജികളുടെ വിവരം ചുവടെ ചേർക്കുന്നു.

	2016	2017	2018	2019	2020	2021	2022	2023	ആകെ
അപ്പീൽ	1	91	207	376	265	387	621	561	2509
റിവിഷൻ പെറ്റീഷൻ	0	2	14	50	53	40	62	86	307
റഫറൻസ്	0	0	0	1	1	6	4	1	13
ആകെ	1	93	221	427	319	433	687	648	2829

(ബി) ഒരു അപ്പീലോ മറ്റോ ഫയൽ ചെയ്താൽ അതിൽ അന്തിമ തീരുമാനമാകാൻ വർഷങ്ങൾ വേണ്ടിവരുന്നുയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ ട്രൈബ്യൂണലുകൾ മറ്റ് ജില്ലകളിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്.

(സി) ചെറിയ കാര്യങ്ങൾക്കുപോലും അഭിഭാഷകരെ നിയോഗിച്ച് വളരെ നാളുകൾ കേസ് നടത്തേണ്ട അവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇല്ല. ഹർജിക്കാർക്ക് അഭിഭാഷകരെ ഒഴിവാക്കി കേസ്സുകൾ നടത്താവുന്നതാണ്.

(ഡി) നിയമ സങ്കീർണ്ണതകളില്ലാത്ത വിഷയങ്ങളിലെ അപ്പീലുകളും മറ്റും പരിഗണിക്കുന്ന ചുമതല അതത് ജില്ലകളിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ

354 (2405) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയ്ക്കായി കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന ജാഗ്രതാസമിതികൾ വാർഡ് തലത്തിലും ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങളിലും ജില്ലാതലത്തിലും രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 19-04-2022-ലെ സ.ഉ.(കൈ)നം. 84/2022/തസ്വഭവ, സ.ഉ.(കൈ)നം. 86/2022/തസ്വഭവ എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്താനും ആയത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കരാർ അടിസ്ഥാനത്തിൽ ഒരു കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. ജാഗ്രതാസമിതിയുടെ ഏകോപന ചുമതല കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്കാണ്.

(ബി) ജാഗ്രതാസമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനായി പരിശീലന മൊഡ്യൂൾ തയ്യാറാക്കി, തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യപ്പെടുന്ന പ്രകാരം റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടുകൂടി ജാഗ്രതാസമിതി അംഗങ്ങൾക്ക് കില പരിശീലനം നൽകിവരുന്നുണ്ട്. ഇതിനായി കൈപ്പുസ്തകവും തയ്യാറാക്കി ജാഗ്രതാസമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെയും ജാഗ്രതാസമിതി അംഗങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കുഴൂർ – പനമ്പിള്ളി ഗോവിന്ദ മേനോൻ റോഡ്

355 (2406) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ കുഴൂർ-പനമ്പിള്ളി ഗോവിന്ദ മേനോൻ റോഡിന് കെ.എസ്.ആർ.ആർ.ഡി.എ., പി.എം.ജി.എസ്.വൈ. എന്നീ പദ്ധതികളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ തുകയും തീയതിയും അറിയിക്കാമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പി.എം.ജി.എസ്.വൈ.III-ലെ 2021-2022 (Batch-1) പാക്കേജ് നമ്പർ KR 13-96 MRL02-PGM (പനമ്പിള്ളി ഗോവിന്ദ മേനോൻ) റോഡിന് 235.36

ലക്ഷം രൂപയ്ക്കാണ് 11-10-2021-ന് ഭരണാനുമതി നൽകിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി പൂർത്തിയാകാത്തതിന് കാരണം എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതിന് കാരണക്കാരായ കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്റ്റാന്റിംഗ് എംപവേർഡ് കമ്മിറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണവും കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കാമോ?

(ബി-ഡി) MRL02-PGM റോഡ് പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. കരാറുകാരന്റെ അനാസ്ഥമൂലം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനെ കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എഞ്ചിനീയർ risk and

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

cost-ൽ terminate ചെയ്തു. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് എംപവേർഡ് കമ്മിറ്റി (SEC) രൂപീകരിച്ച് 11-10-2023, 14-11-2023, 30-01-2024 തീയതികളിൽ മീറ്റിംഗ് നടത്തുകയും ചെയ്തു. SEC-ലെ നോൺ ഒഫീഷ്യൽ മെമ്പർക്ക് അടിയന്തരമായി ശസ്ത്രക്രിയയും തുടർന്ന് വിശ്രമവും ആവശ്യമായി വന്നത് SEC മീറ്റിംഗ്കൂടി അന്തിമ തീരുമാനമെടുക്കുന്നതിൽ കുറച്ച് കാലതാമസത്തിനിടയാക്കി. എങ്കിലും 30-01-2024-ന് കൂടിയ SEC-യുടെ അന്തിമ മീറ്റിംഗിന്റെ മിനിട്സ് അംഗീകരിക്കുന്നതോടുകൂടി തീരുമാനം അറിയാനാകും.

(ഇ) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

02-12-2021-ലെ ജി.ഒ. (പി.) നം.161/2021/ഫിൻ. പ്രകാരം ബാക്കി പ്രവൃത്തികൾ നടത്തുന്നതിനായി DSoR 2018 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി

പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ആർ.ഡി.എ. സ്വീകരിക്കുന്നുണ്ട്.

തദ്ദേശ പൊതുസർവ്വീസ് സംബന്ധിച്ച ആശങ്കകൾ

356 (2407) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസ് സംബന്ധിച്ച് ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിന്മേൽ ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി 27-10-2022 പ്രാബല്യത്തിൽ പരാതി പരിഹാര സെൽ നിലവിൽ വന്നിട്ടുണ്ട്. പരാതികളിന്മേൽ പരാതി പരിഹാര സെൽ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) തദ്ദേശ പൊതുസർവ്വീസ് നടപ്പിലാക്കിയപ്പോൾ പ്രമോഷൻ, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് ഉൾപ്പെടെയുള്ള വ്യവസ്ഥകളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി 25-06-2022-ലെ സ.ഉ (കൈ) നം. 134/2022/തസ്വഭവ പ്രകാരം അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തികയും ജോയിന്റ് ഡയറക്ടറുടെ 7 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യ വിഭാഗത്തിലുമായി 354 അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിൽ അപ്രധാനമായ 578 തസ്തികകൾ നിർത്തലാക്കിയും 22-12-2022-ലെ സ.ഉ. (കൈ) നം. 277/2022/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

തസ്തികയുടെ പേര്	എണ്ണം
അക്കൗണ്ട്സ് ഓഫീസർ	6
അക്കൗണ്ട്സ് അസിസ്റ്റന്റ്	93

ഹെൽത്ത് ഓഫീസർ	2
ഹെൽത്ത് സൂപ്പർവൈസർ	51
ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1	5
ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2	6
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1	11
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2	180

24-06-2022-ലെ സ.ഉ(കൈ)നം. 133/2022/തസ്വഭവ പ്രകാരം കോഴിക്കോട് ജില്ലയിലെ നഗരസഭകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു. സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

തസ്തികയുടെ പേര്	**എണ്ണം**
ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2	3
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1	2
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2	12

മേൽ ഉത്തരവുകൾ പ്രകാരം ആകെ 379 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

തൃശ്ശൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

357 (2408) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

1)അരണാട്ടുകര - വടൂക്കര റോഡ്

2) പൂങ്കുന്നം - തിരുവമ്പാടി റെയിൽവേ ഗേറ്റ് റോഡ്.

3) എം.ജി. റോഡ് വികസനം

4) വില്ലടം കോർപ്പറേഷൻ സ്റ്റേഡിയം

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

1) അരണാട്ടുകര - വടൂക്കര റോഡ് - 70 % പൂർത്തീകരിച്ചു.

2) പൂങ്കുന്നം - തിരുവമ്പാടി റെയിൽവേ ഗേറ്റ് റോഡ് - 25% പൂർത്തീകരിച്ചു.

3) എം.ജി. റോഡ് വികസനം - 10% പൂർത്തീകരിച്ചു.

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

വില്ലടം കോർപ്പറേഷൻ സ്റ്റേഡിയം. ടി സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഡിസൈനും മണ്ണ് പരിശോധന റിപ്പോർട്ടും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽനിന്നും തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വടക്കാഞ്ചേരി മണ്ഡലത്തിലെ പ്ലാൻ ഫണ്ട് പ്രവൃത്തികളും ടെണ്ടർ സേവിംഗ്സ് തുകയും

358 (2409) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിൽ നിലവിൽ ബാക്കിയുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിൽ ടെണ്ടർ സേവിംഗ്സ് തുകയൊന്നും ബാക്കിയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളും നിബന്ധനകളും

359 (2410) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾക്ക് ഏകീകൃതമായ നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾക്കായി "കില" തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് അംഗീകരിച്ചുകൊണ്ടും പ്രസ്തുത ചെക്ക് ലിസ്റ്റ് ബന്ധപ്പെട്ട സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷന് അനുമതി നൽകിയും 03-03-2017-ലെ സ.ഉ(സാധാ) നം. 605/2017/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്ന citizen.lsgkeral.gov.in എന്ന സിറ്റിസൺ പോർട്ടലിൽ ഓരോ സേവനത്തിനും ആവശ്യമായ രേഖകൾ ചെക്ക് ലിസ്റ്റ് ആയി നൽകിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനായി നൽകുമ്പോൾ ഈ ചെക്ക് ലിസ്റ്റ് പ്രകാരമാണ് രേഖകൾ അപ്ലോഡ് ചെയ്യേണ്ടത്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസിൽ നേരിട്ട് അപേക്ഷകൾ നൽകുമ്പോൾ lLGMS-ൽ ചേർത്തിട്ടുള്ള ലിസ്റ്റുകൾ പ്രകാരമാണ് രേഖകൾ ആവശ്യപ്പെടുക. നിർബന്ധമായും ഹാജരാക്കേണ്ട

ഏതെങ്കിലും രേഖ അപേക്ഷയോടൊപ്പം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത അപാകത വ്യക്തമാക്കികൊണ്ടുള്ള കത്തും അപേക്ഷ സ്വീകരിച്ചതിനുള്ള രസീതിനൊപ്പം ലഭിക്കുന്നതാണ്. 2024 ജനുവരി ഒന്ന് മുതൽ നഗരസഭകളിൽ വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് സംവിധാനത്തിലും ചെക്ക് ലിസ്റ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷ നൽകുമ്പോൾ ഈ ചെക്ക് ലിസ്റ്റുകൾ പ്രകാരമുള്ള രേഖകളാണ് ആവശ്യപ്പെടുക.

(ബി) ഒരേ സേവനത്തിന് വിവിധ ഓഫീസുകൾ വിവിധ രേഖകൾ ആവശ്യപ്പെടുന്നതും സേവനം നിഷേധിക്കുന്ന രീതിയിൽ നിബന്ധനകൾ ഏർപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബാധകമല്ല.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം പദ്ധതി

360 (2411) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം അറിയിക്കാമോ; ഇതിനായി കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്ന കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വികസനപ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽത്തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് കെ-ഡിസ്ക് രൂപം നൽകിയിട്ടുള്ള വിദഗ്ദരുടെ കൂട്ടായ്മ വഴിയും അതിനുപരിയായി ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തി, സ്കെയിൽ അപ്പ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയാണ് 'ഒരു തദ്ദേശ

സ്വയംഭരണ സ്ഥാപനം ഒരു ആശയം'. വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുത്തനാശയങ്ങൾ പ്രായോഗികമായി രൂപപ്പെടുത്തുന്നതിനായി വിവിധ വിഷയ മേഖലകളിൽ ഗവേഷണ-പഠന പ്രവർത്തനങ്ങൾ നടത്തുകയും തങ്ങളുടെ അറിവ് നാടിന് ഗുണപരമായ മാറ്റത്തിനുവേണ്ടി സന്നദ്ധതയുടെ അടിസ്ഥാനത്തിൽ പങ്കുവയ്ക്കുവാൻ താല്പര്യമുള്ള ആളുകളുടെ ഒരു കൂട്ടായ്മയെയാണ് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (Community of Practice) എന്നുവിളിക്കുന്നത്. OLOI പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹായം ആവശ്യപ്പെടാൻ സാധ്യതയുള്ള ഇരുപത്തിയേഴ് വിഷയമേഖലകളിലായി 1500-ൽപ്പരം വിദഗ്ധരെ ഉൾപ്പെടുത്തി CoP രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വരുന്ന പ്രശ്നങ്ങളിലും ആശയങ്ങളിലും വ്യക്തത വരുത്താനും അവയെ പദ്ധതികളാക്കി മാറ്റാനും സന്നദ്ധതയോടെ പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയാണ് സഹായിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ആശയ സമാഹരണം, രൂപീകരണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിതപ്രശ്നങ്ങൾക്ക് നൂതനാശയ രൂപീകരണപ്രക്രിയയിലൂടെ പരിഹാരം ആവശ്യമെങ്കിൽ അവ സമർപ്പിക്കാൻ ആവശ്യപ്പെട്ടതുപ്രകാരം 215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസന പ്രശ്നങ്ങൾ 'സുലേഖ' ഓൺലൈൻ പോർട്ടലിൽ കെ-ഡിസ്ക് ഒരുക്കിയ രജിസ്ട്രേഷൻ ലിങ്ക് വഴി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന്, പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി പ്രശ്നത്തിന്റെ വ്യാപ്തി, ദൈർഘ്യം, ആഘാതം തുടങ്ങിയ പരാമീറ്ററുകൾ അടിസ്ഥാനമാക്കി പൈലറ്റ് ഘട്ടത്തിലേയ്ക്ക് 60 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന്, അവയുടെ സാമൂഹിക-സാമ്പത്തിക-സാങ്കേതിക, ഭരണപരമായ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം നടത്തി അതത് വിഷയ മേഖലയിലെ അക്കാദമിക/ ഗവേഷണ സ്ഥാപനങ്ങളായ ഐ.ഐ.ടി. ബോംബെ, കുഫോസ്, കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ 8- ഓളം അക്കാദമിക്

സ്ഥാപനങ്ങൾ OLOI പ്രൊജക്ട് ലൈഫ് സൈക്കിളിന്റെ വിവിധ തലങ്ങളിൽ പങ്കാളികളായി നൂതനാശയ രൂപീകരണ പ്രക്രിയ നടന്നുവരികയാണ്. ഇതോടൊപ്പം സർക്കാരിന്റെ 'മാലിന്യമുക്ത നവകേരളം' പരിപാടിയുടെ ഭാഗമായി കെ-ഡിസ്ക്, തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, കേരളാ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, ക്ലീൻ കേരള കമ്പനി, കില, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യ സംസ്കരണ മേഖലയിൽ നിലവിലെ പ്രശ്നങ്ങൾക്ക് നൂതന സ്റ്റാർട്ടപ്പ് സൊല്യൂഷനുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബന്ധിപ്പിക്കുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത ഹാക്കത്തോൺ സംരംഭത്തിൽ സ്റ്റാർട്ടപ്പുകൾക്കും ആശയദാതാക്കൾക്കും പങ്കാളിയാകുന്നതിനുള്ള ഓൺലൈൻ സംവിധാനം വഴി 187 സംരംഭകർ ആശയങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് കിലയും കെ-ഡിസ്ക്കും ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. തുടർന്ന്, തദ്ദേശസ്വയംഭരണ സ്ഥാപന അസോസിയേഷൻ പ്രതിനിധികളുമായി മന്ത്രിതല ചർച്ച നടത്തിയാണ് OLOl പദ്ധതിയുടെ രൂപരേഖ അന്തിമമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ അതത് മേഖലകളിലെ വിദഗ്ധരുമായി ബന്ധിപ്പിച്ച് ശില്പശാലകളിലൂടെ പ്രശ്നത്തിന്റെ സൂക്ഷ്മ വിശകലന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രശ്നത്തിന്റെ തിക്തത അനുഭവിക്കുന്ന ജനങ്ങളെ ഉൾപ്പെടുത്തി ഗ്രൂപ്പ് ചർച്ചകൾ (ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻസ്) നടത്തുകയും പ്രശ്നബാധിത കുടുംബങ്ങളിൽനിന്നും വിവരശേഖരണം നടത്തിയുമാണ് വിശദമായ പ്രോബ്ലം സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയത്. അത്തരത്തിൽ തയ്യാറാക്കിയ പ്രിലിമിനറി പ്രൊജക്ട് റിപ്പോർട്ടുകൾ പ്രശ്നബാധിതരായ ജനങ്ങളെ

ഉൾപ്പെടുത്തി ചർച്ചചെയ്ത് വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കും. തുടർന്ന് നടക്കുന്ന നൂതനാശയ രൂപീകരണത്തിൽ ഒന്നിലധികം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി അതത് തദ്ദേശസ്വയംഭരണ ജനപങ്കാളിത്തത്തോടെ അവയുടെ പ്രായോഗികതയും ഉപയോഗക്ഷമതയും സ്വീകാര്യതയും ഉറപ്പുവരുത്തി നൂതന ആശയങ്ങൾ അന്തിമമാക്കുന്ന ഒരു രീതിശാസ്ത്രമാണ് കെ-ഡിസ്ക് അനുവർത്തിച്ചുവരുന്നത്. തുടർന്ന് നടക്കുന്ന പദ്ധതി നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിയുടെ നിർവ്വഹണ രീതികളും മൂലധന സമാഹരണ മാർഗ്ഗങ്ങളും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, അവർ ഓൺലൈൻ ആയി കെ-ഡിസ്കിന് സമർപ്പിച്ച പ്രശ്നങ്ങളുടെ വിഷയാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളാക്കി, അതതു മേഖലകളിലുള്ള വിദഗ്ധരുൾപ്പെടുന്ന കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP), ദേശീയ-അന്തർദേശീയ അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ച്, പ്രശ്നങ്ങൾ വിശദമായി വിശകലനം ചെയ്ത്

പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികതയും സ്വീകാര്യതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തി വിദഗ്ധരുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങൾക്ക്, പുത്തനാശയ രൂപീകരണത്തിലൂടെ പരിഹാരം കാണാൻ സാധിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച്, അവയ്ക്ക് നൂതനാശയ പദ്ധതികൾ വിലയിരുത്തുന്നതിനുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം ലഭ്യമാക്കി, പദ്ധതി നിർവ്വഹണത്തിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിന് പുറമെ വിവിധ സ്ഥാപനങ്ങളുടെ CSR ഫണ്ട് വഴിയും ധനസമാഹരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു.

2023-ലെ അദാലത്തിൽ ലഭിച്ച പരാതികൾ

361 (2412) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ 2023-ൽ നടപ്പിലാക്കിയ അദാലത്തുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നാളിതുവരെ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട്; എത്ര പരാതികൾ പരിഹരിക്കുന്നതിന് ബാക്കിയുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ?

(എ&ബി) നവകേരള സദസിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ആകെ 220,234 നിവേദനങ്ങൾ കൈമാറി ലഭിച്ചിട്ടുണ്ട്. അതിൽ 18,811 എണ്ണം ഒഴികെ ബാക്കിയെല്ലാ നിവേദനങ്ങളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിലും നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സമയബന്ധിത സേവനങ്ങൾ ലഭിക്കാത്തതിന്മേലുള്ള പരാതികൾ പരിഗണിക്കുന്നതിന് ഏർപ്പെടുത്തിയ സ്ഥിരം അദാലത്ത് സംവിധാനത്തിലേയ്ക്ക് 5113 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 4949 പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 13-02-2024-ലെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സങ്കീർണ്ണമായ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോയെന്ന് വ്യക്തമാക്കുമോ?

സ്ഥിരം അദാലത്ത് സമിതിയിൽ ലഭിക്കുന്ന ഉപജില്ലാതലത്തിൽ തീർപ്പാക്കാനാകാത്തതുമായ പരാതികൾ പരിഗണിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അദാലത്ത് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 25-04-2023-ലെ സാ.ഉ(സാധാ). നം.916/2023/LSGD പ്രകാരം അനുബന്ധമായി നൽകുന്നു.+

വാമനപുരം മണ്ഡലത്തിലെ ടേക് എ ബ്രേക്ക് പദ്ധതി

362 (2413) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ എവിടെയെല്ലാമാണ് ടേക് എ ബ്രേക്ക് പദ്ധതി പ്രവർത്തിക്കുന്നതെന്നും ഓരോ ടേക് എ ബ്രേക്ക് പദ്ധതിക്കും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ടേക്ക് എ ബ്രേക്ക് പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം-I പ്രകാരം ഉള്ളടക്കം ചെയ്യുന്നു.+

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് ടേക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

മേൽ പറഞ്ഞ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അനുബന്ധം-II പ്രകാരം ഉള്ളടക്കം ചെയ്യുന്നു.+

കുണ്ടറ മണ്ഡലത്തിലെ ആർ.കെ.ഐ. പദ്ധതി

363 (2414) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ ആർ.കെ.ഐ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെ; ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതിയും അനുവദിച്ച തുകയും എതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

കുടുംബശ്രീ മിഷന്റെ ഓഡിറ്റ്

364 (2415) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിന് കുടുംബശ്രീ മിഷൻ ഓഡിറ്റ് നാളിതുവരെ ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സിഡിഎസ് തലത്തിലുമുള്ള ക്രമക്കേടുകൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരാനും ധന വിനിയോഗത്തിന്റെ ആധികാരികത, ഫലപ്രാപ്തി എന്നിവ ഉറപ്പുവരുത്താനും കുടുംബശ്രീ സംവിധാനം കുറ്റമറ്റതാക്കുവാനും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമായ ഓഡിറ്റ് അനിവാര്യമായതിനാൽ ആയതു നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. നിലവിൽ സി&എ.ജി. ആഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, കാസ്സ് ഓഡിറ്റ് എന്നീ ഓഡിറ്റ് സംവിധാനങ്ങൾ കുടുംബശ്രീയിലുണ്ട്. ഡിപ്പാർട്ട്മെന്റ് വ്യവസ്ഥയിൽനിന്നും മാറി സാമൂഹ്യാധിഷ്ഠിതമായ ഫ്രെയിംവർക്കിലൂടെ രൂപീകൃതമായിട്ടുള്ളതും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ് കുടുംബശ്രീ മിഷൻ. ഈ സാഹചര്യത്തിൽ കുടുംബശ്രീ മിഷനിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ബാധകമാക്കേണ്ടതുണ്ടെന്ന തീരുമാനം പുന:പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 11-08-2023-ന് കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി 05-01-2024-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുമുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ അടുത്ത കുടുംബശ്രീ ഗവേണിംഗ് ബോഡി മുമ്പാകെ

സമർപ്പിക്കുന്നതും ഗവേണിംഗ് ബോഡി തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്.

വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം

365 (2416) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട lA3/18/2022/എൽ.എസ്.ജി.ഡി. എന്ന ഫയലിന്മേലുള്ള നടപടികളിൽ കാലതാസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്മേലുള്ള നടപടികൾ പൂർത്തിയാക്കി തീരുമാനം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വലിയ കടമക്കുടി ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഭൂമി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുള്ള ഓരോ കുടുംബത്തിനും (9 കുടുംബങ്ങൾ) അനുവദിച്ച നഷ്ടപരിഹാര തുകയും അവർ LAAR Act വകുപ്പ് 64 പ്രകാരം എറണാകുളം അഡീഷണൽ ജില്ലാ കോടതി മുഖേന കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ള തുകയും ഇപ്പോൾ അനുവദിക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ തുകയും ഉൾപ്പെടുത്തിക്കൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതേത്തുടർന്ന് ഭൂമിയുടെ മാർക്കറ്റ് വാല്യൂ, ഫെയർ വാല്യൂ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിവരം ലഭ്യമായാലുടൻ കാലതാമസമെന്യേ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ-സ്മാർട്ട് മൊബൈൽ ആപ്പ്

366 (2417) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കെ-സ്മാർട്ട് മൊബൈൽ ആപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ?

കെ-സ്മാർട്ട് മൊബൈൽ ആപ്പ് മുഖേന ആദ്യഘട്ടത്തിൽ നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം.

2. ഉപയോക്താവിന് സ്വന്തമായി യൂസർ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം.

3. സിവിൽ രജിസ്ട്രേഷനുകളിൽ മികച്ചതും വിപുലവുമായ രീതിയിൽ തിരച്ചിൽ നടത്തുന്നതിനുള്ള സംവിധാനം.

4. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം.

5. സിവിൽ രജിസ്ട്രേഷൻ പ്രോപ്പർട്ടി ടാക്സ് എന്നിവയുമായി ബന്ധപ്പെട്ട വേഗതയേറിയ പേയ്മെന്റ് സംവിധാനം.

കെ-സ്മാർട്ട് ജി.ഐ.എസ് - Know Your Land എന്ന മൊബൈൽ ആപ്പിലൂടെ ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുകയെന്നും പ്രസ്തുത സ്ഥലം Airport Zone, Railway Zone, Coastal Regulation Zone (CRZ) എന്നിവയിൽ ഉൾപ്പെട്ടതാണോ എന്ന വിവരവും അറിയാൻ സാധിക്കും.

(ബി) കെ-സ്മാർട്ട് മൊബൈൽ ആപ്പ് വഴിയുള്ള സേവനങ്ങൾ പരിചയപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കെ-സ്മാർട്ട് നടപ്പിലാക്കിയ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.കെ.എം സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ Facilitation സെന്ററുകൾ മുഖേന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകി വരുന്നു. അക്ഷയ സെന്റർ മുഖേനയും ആവശ്യമായ വിവരങ്ങൾ

പൊതുജനങ്ങൾക്ക് നൽകുന്നതിനും സജ്ജമാണ്. ഐ.കെ.എമ്മിന്റെ റാപിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക് സംവിധാനത്തിലൂടെയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും സജ്ജമാണ്. കെ-സ്മാർട്ട് സംബന്ധിച്ച വീഡിയോ ട്യൂട്ടോറിയലുകൾ, ചോദ്യോത്തരങ്ങൾ അടങ്ങുന്ന ലഘുരേഖകൾ ഐ.കെ.എമ്മിന്റെ വെബ്സൈറ്റിലും അർബൻ ലോക്കൽ ബോഡികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇ-ലിറ്ററസിയുടെ ഭാഗമായുള്ള ക്യാമ്പയ്നിൽ കൂടുതൽ പരിശീലനങ്ങൾ ഉൾപ്പെടുത്തി എല്ലാ സിറ്റിസണും കെ-സ്മാർട്ട് ഉപയോഗിക്കുന്നതിന് സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മുനിസിപ്പൽ കോമൺ സർവ്വീസ് – മുൻകാല സർവ്വീസ് ആനുകൂല്യം

367 (2418) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മറ്റു സർക്കാർ സർവ്വീസിൽനിന്നും വരുന്ന ജീവനക്കാരെയും തിരിച്ച് മറ്റ് സർക്കാർ സർവ്വീസിലേയ്ക്ക് പോകുന്ന ജീവനക്കാരെയും മുൻകാല സർവ്വീസ് ആനുകൂല്യത്തിന് പരിഗണിക്കുന്നത് 2006-വരെ നിജപ്പെടുത്തി ഉത്തരവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സർക്കാർ സർവ്വീസിൽനിന്നും മുനിസിപ്പൽ കോമൺ സർവീസിലേയ്ക്ക് മാറിവരുന്ന ജീവനക്കാരുടെ മുൻകാല സർക്കാർ സേവനകാലം ശമ്പളനിർണ്ണയത്തിന് കണക്കാക്കുവാൻ 13-07-1987-ലെ ജി.ഒ (എം.എസ്) നം. 162/87/തദവ. ആയി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന് 31-03-1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് 07-06-1989 ലെ സ.ഉ (എം.എസ്) 55/89/തദവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് 12-09-2006-ലെ ജി.ഒ (എം.എസ്) നം.211/2006/തസ്വദവ ഉത്തരവ് പ്രകാരം ടി ഉത്തരവ് റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽനിന്നും 31-03-1984-നും 11-09-2006-നും മദ്ധ്യേ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക്

മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) ഇതിനെതിരായി ജീവനക്കാർ കേസിന് പോകുന്നതും ആനുകൂല്യം നൽകാൻ ഓരോഘട്ടത്തിലും പ്രത്യേക ഉത്തരവുകൾ ഇറക്കേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 11-09-2006-നുശേഷം സർക്കാർ സർവ്വീസിൽനിന്നും മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ച ഏതാനും ജീവനക്കാർ മുൻകാല സർവ്വീസ് സംരക്ഷണത്തിനുവേണ്ടി ഫയൽ ചെയ്ത കേസുകളിലെ കോടതി ഉത്തരവുകൾക്കെതിരെ സർക്കാർ നിലവിൽ മേൽകോടതിയിൽ അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്. എന്നാൽ സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മാറിയ ചില ജീവനക്കാർക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളവും സർവ്വീസും സംരക്ഷിച്ച് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) പൊതു സർവ്വീസ് ശുപീകൃതമായ സാഹചര്യത്തിൽ ഈ വിഷയത്തിൽ പൊതുവായ തീരുമാനമെടുത്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ഇരവിപുരം മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

368 (2419) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ കൊല്ലം കോർപ്പറേഷനിലെ മൂന്നും മയ്യനാട് പഞ്ചായത്തിലെ നാലും ഉൾപ്പെടെ ഏഴ് സുനാമി പുനരധിവാസ ഫ്ലാറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി 2020-ൽ 04-11-2020-ലെ ജി.ഒ(എം.എസ്) നം.170/2020 എൽ.എസ്.ജി.ഡി. (ഇ&എസ്) പ്രകാരം 15 കോടി രൂപ അനുവദിച്ചിരുന്നോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർനടപടി സ്വീകരിക്കാത്തതിനാൽ ഫണ്ട് അനുവദിച്ചിരുന്നില്ല. എന്നാൽ ആർ.കെ.ഐ ഫണ്ട് ഉപയോഗിച്ച് 04-03-2022-ലെ GO(Rt) No.75/2022/P&EA പ്രകാരം IMPACT KERALA മുഖേന മയ്യനാട് പഞ്ചായത്തിൽ മൂന്ന് സുനാമി ഫ്ലാറ്റുകളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

369 (2420) **ശ്രീ. എൻ. ഷംസുദ്ദീൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട മുൻസിപ്പാലിറ്റി/ പഞ്ചായത്തുകളിൽ ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണ്; വിശദാംശം നൽകാമോ?

അനുബന്ധം ആയി ചേർക്കുന്നു.+

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച് പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് നിയമന ശിപാർശ ലഭ്യമാക്കൽ, പ്രൊമോഷൻ നടത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധം ആയി ചേർക്കുന്നു.+

കുന്നത്തുനാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

370 (2421) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പദ്ധതികൾക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിൽ യഥാക്രമം കോളം നമ്പർ 7,9,10 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മാലിന്യസംസ്കരണ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

371 (2422) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് വൻതോതിൽ മാലിന്യം പുറന്തള്ളുന്ന സ്ഥാപനങ്ങളിൽ സംസ്കരണത്തിലെ വീഴ്ച കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വൻതോതിൽ മാലിന്യം പുറന്തള്ളുന്ന സ്ഥാപനങ്ങളിൽ സംസ്കരണത്തിലെ വീഴ്ച കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് സ്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ചെയർമാനായും ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ ജില്ലാതല നോഡൽ ഓഫീസറായും ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്റർ ജില്ലാതല നോഡൽ ഓഫീസറായും ജില്ലാ എൻഫോഴ്സ്മെന്റ് സെക്രട്ടേറിയേറ്റിൽ നിന്നും ഇന്റേർണൽ വിജിലൻസ് വിംഗിൽ നിന്നും (ജൂനിയർ സൂപ്രണ്ട് പദവിയിൽ കുറയാത്ത) ഒരു ഉദ്യോഗസ്ഥൻ (ടീം ലീഡർ), ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് നിശ്ചയിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ, പരിശോധനാ വേളയിൽ ജില്ലാ ജോയിന്റ് ഡയറക്ടർ ആവശ്യപ്പെടുന്ന പ്രകാരം എൻഫോഴ്സ്മെന്റ് സ്ക്വാഡ്

പരിശോധന നടത്തേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപന സ്ഥലപരിധിക്കുള്ളിലെ പോലീസ് സ്റ്റേഷനിൽനിന്നുള്ള പോലീസ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തിയാണ് എൻഫോഴ്സ്മെന്റ് ടീം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആകെ ഇത്തരം 23 ടീമുകളാണ് രൂപീകരിച്ചിട്ടുള്ളത്. സ്ക്വാഡിന്റെ പ്രവർത്തന ആസ്ഥാനം അതത് ജില്ലാ ശുചിത്വ മിഷൻ ഓഫീസുകളായിരിക്കും.

(ബി) 2023 ജനുവരി മുതൽ നാളിതുവരെ പ്രസ്തുത എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ

372 (2423) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; അവസാനമായി ഏത് വർഷത്തിലാണ് വർക്ക് സ്റ്റഡി നടത്തിയിട്ടുള്ളതെന്നും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫുകളുടെ എണ്ണം ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്നതിനുശേഷം സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടില്ല.

(ബി) ഇരുപത്തിമൂന്ന് വാർഡുകൾ വരെയുള്ള ഗ്രാമപഞ്ചായത്തുകളിലും 16-ഉം 18-ഉം വാർഡുകൾ മാത്രമുള്ള ഗ്രാമപഞ്ചായത്തുകളിലും ഒരേ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ വർക്ക് സ്റ്റഡി നടത്തുന്ന മുറയ്ക്ക്, ആവശ്യമുള്ള പക്ഷം സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

മുനിസിപ്പൽ കോമൺ സർവ്വീസിൽ കേഡർ സ്ട്രെംഗ്തായി ഉൾപ്പെടുത്തൽ

373 (2424) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികസന അതോറിറ്റികൾ 2017-ൽ നിർത്തലാക്കിയതിനാൽ നിലവിലെ ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പ്ലാനിംഗ് വിഭാഗം എന്നിവയിലേയ്ക്ക് ലയിപ്പിക്കുകയും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പ്ലാനിംഗ് വിഭാഗം എന്നിവയിൽ കേഡർ സ്ട്രെംഗ്തായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ കേഡർ സ്ട്രെംഗ്തായി ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിർത്തലാക്കിയ തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികളിലെ ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ കേഡർ തസ്തികയായി മാറ്റുന്നത് സംബന്ധിച്ച വിഷയത്തിൽ, നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്ന ലിസ്റ്റിലുള്ളവർ നിലവിൽ വിരമിച്ചിട്ടുണ്ടോയെന്നും

കൂടാതെ ടി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിന് നിലവിൽ ഒഴിവുകളുണ്ടോ എന്നത് സംബന്ധിച്ചും ഡയറക്ടർ (അർബൻ)-ൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

നവകേരള സദസിലെ ലൈഫ് ഭവന പദ്ധതി പരാതികൾ

374 (2425) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	ലൈഫ് മിഷനിൽ ലഭിച്ച പരാതികളുടെ എണ്ണം
തിരുവനന്തപുരം	8655
കൊല്ലം	3042
പത്തനംതിട്ട	1858
ആലപ്പുഴ	3903
കോട്ടയം	2595

ഇടുക്കി	5914
എറണാകുളം	6820
തൃശ്ശൂർ	1632
പാലക്കാട്	7785
മലപ്പുറം	11176
കോഴിക്കോട്	2539
വയനാട്	2055
കണ്ണൂർ	1622
കാസർഗോഡ്	1656
ആകെ	**61252**

(ബി) പരാതികൾ പരിശോധിച്ച് അർഹരായവരെ പഞ്ചായത്തുകൾ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്താനാകുമോയെന്ന് അറിയിക്കുമോ?

പരിശോധിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

375 (2426) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ

നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി 31-01-2024 വരെ 1724 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1309 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനം	അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം
ഐക്കരനാട്	97	83
കിഴക്കമ്പലം	248	162
മഴുവന്നൂർ	326	257
കുന്നത്തുനാട്	263	226
വടവുകോട് പുത്തൻ കുരിശ്	208	151
തിരുവാണിയൂർ	129	91
പുത്തൃക്ക	151	120
വാഴക്കുളം	302	219
ആകെ	**1724**	**1309**

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിപ്രകാരം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ (ഭൂമിയുള്ള/ഭൂരഹിത/ഭവനരഹിത) ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാത്തിൽ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം	ഭൂമിയുള്ള ഭവന രഹിതർ	ഭൂരഹിത ഭവന രഹിതർ
ഐക്കരനാട്	193	112
കിഴക്കമ്പലം	647	233
മഴുവന്നൂർ	715	203
കുന്നത്തുനാട്	500	146
വടവുകോട് പുത്തൻ കുരിശ്	398	213
തിരുവാണിയൂർ	297	137
പുത്തൃക്ക	302	111
വാഴക്കുളം	847	607
ആകെ	**3898**	**1762**

(സി) പ്രസ്തുത മണ്ഡലത്തിൽ യഥാസമയം വീട് നിർമ്മാണം പൂർത്തീകരിച്ചവർക്ക് ഘട്ടംഘട്ടമായി നൽകുന്ന തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭവനനിർമ്മാണത്തിന്റെ ഘട്ടങ്ങൾക്കനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി തുക അനുവദിച്ചുവരുന്നു.

അമൃത് പദ്ധതി

376 (2427) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമൃത് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ഒന്നാംഘട്ട പ്രവൃത്തികളുടെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

അമൃത് പദ്ധതിയുടെ ഒന്നാംഘട്ടം നാളിതുവരെ 73.55 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 1021 പദ്ധതികളിൽ ഇതിനകം 915 പദ്ധതികൾ പൂർത്തീകരിച്ചു. മറ്റ് പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഒന്നാംഘട്ട നടത്തിപ്പിൽ വീഴ്ചകൾ സംഭവിച്ചിട്ടില്ല. എന്നാൽ സ്വീവേജ്

പ്ലാന്റുകൾ പൊതുജന പ്രക്ഷോഭംകാരണം പല നഗരസഭകളിലും യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ബന്ധപ്പെട്ട എം.എൽ.എ.-മാർ, നഗരസഭാ അദ്ധ്യക്ഷൻമാർ, ജനപ്രതിനിധികൾ, തദ്ദേശവാസികൾ തുടങ്ങിയവരുമായി നിരന്തരം ചർച്ചകൾ നടത്തുകയും ഭൂരിപക്ഷം നഗരസഭകളിലും സ്വീവേജ് പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി എത്ര തുകയാണ് കേന്ദ്രവിഹിതമായി ലഭിച്ചതെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും ആയതിൽ എത്രതുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ?

അമൃത് ഒന്നാംഘട്ട പദ്ധതിയുടെ കേന്ദ്രവിഹിതം 945.859 കോടി രൂപയും സംസ്ഥാന വിഹിതം 567.52 കോടി രൂപയുമാണ്. നാളിതുവരെ അമൃത് ഒന്നാംഘട്ട പദ്ധതിക്കായി 1687.623 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെയുള്ള 1021 പദ്ധതികളിൽ 915 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്

(സി) രണ്ടാംഘട്ട പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് മുൻഗണന നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

അമൃത് 2.0-യിൽ ജലവിതരണം, സ്വീവേജ് മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുദ്ധാരണം, പാർക്കുകളുടെയും ഹരിത ഇടങ്ങളുടെയും നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. 3 ഘട്ടങ്ങളായാണ് പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകുന്നത്. ഇതിനകം 2 ഘട്ടങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2 ഘട്ടങ്ങളിലുമായി 2475.288 കോടി രൂപയുടെ 490 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2391.16 കോടി രൂപയുടെ 448 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

377 (2428) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തെ സ്മാർട്ട് സിറ്റിയാക്കാനായി അനെർട്ട് മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും എത്ര തുക ഇതിനായി നീക്കിവെച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

വിവരങ്ങൾ Annexure –I ആയി ഉള്ളടക്കം ചെയ്യുന്നു.+

(ബി) അനെർട്ടുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഭാഗമായി ഇതുവരെ നടത്തിയ മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നാളിതുവരെ നടത്തിയിട്ടുള്ള മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് Annexure - II ആയി ഉള്ളടക്കം ചെയ്യുന്നു.+

(സി) സോളാർ പദ്ധതികൾക്ക് വേണ്ടി അനെർട്ടിൽ നിന്നും ലഭിച്ച പേയ്മെന്റ് റിലീസ് ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

അനെർട്ടിൽ നിന്നും ലഭിച്ച പേയ്മെന്റ് റിലീസ് ഓർഡറുകളുടെ പകർപ്പ് Annexure - III ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) സോളാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്ന സോളാർ പവർ പ്ലാന്റിന്റെ ശേഷി നിശ്ചയിക്കും. അനെർട്ട് തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് സിറ്റി ഭരണാനുമതി നൽകും. തുടർന്ന് സാങ്കേതിക അനുമതി അനെർട്ട് നൽകി ടെണ്ടർ നടപടികളിലേയ്ക്ക് പോകും. ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് അനെർട്ട് പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസിയെ തെരഞ്ഞെടുക്കും. പ്രവൃത്തി അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് നൽകുന്നതുമാണ്.

കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

378 (2429) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

1. മൂശാരിപ്പടി-കൊമ്പത്തുപീടിക-കടയിരുപ്പ് റോഡ് പ്രവൃത്തിയുടെ (KR0246) അടങ്കൽ തുക 386.47 ലക്ഷം രൂപയാണ്. 6.815 km നീളമുള്ള റോഡിന്റെ 2 km ടാർ ചെയ്യൽ കഴിഞ്ഞിട്ടുണ്ട്. ബാക്കി ഭാഗത്ത് ടാറിംഗ് പുരോഗമിക്കുന്നു.

2. റബ്ബർ പാർക്ക്-ആലിൻചുവട്-ടാങ്ക് സിറ്റി-മേപ്രത്തുംപടി-മങ്കുഴി റോഡ് പ്രവൃത്തിയുടെ (KR0259) അടങ്കൽ തുക 521.09 ലക്ഷം രൂപയാണ്. 8.34 km നീളമുള്ള റോഡിന്റെ 4.5 km ഭാഗം ടാർ ചെയ്യൽ കഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റബ്ബർ പാർക്ക്- ആലിൻ ചുവട്-ടാങ്ക് സിറ്റി- മേപ്രത്തുംപടി- മങ്കുഴി റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത റോഡിന്റെ Chainage 0/0 മുതൽ 2.6 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കരാർ ഉടമ്പടിയിൽ ഉള്ളതുപ്രകാരം വീതി കൂട്ടുന്നതിനായി കരിങ്കല്ല് കെട്ടി മണ്ണ് നിറയ്ക്കുവാൻ കരാറുകാരൻ വിമുഖത കാണിക്കുകയാണ്. നിലവിൽ, പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി പിഴ ചുമത്തി കരാർ കാലാവധി നീട്ടി

നൽകിയിട്ടുണ്ട്. പ്രസ്തുത ഭാഗം കരാറുകാരൻ ചെയ്തില്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസിയെക്കൊണ്ട് പ്രവൃത്തി ചെയ്യിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2023-24 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നുള്ള റോഡുകളുടെ പദ്ധതി നിർദ്ദേശങ്ങൾക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

1. ഇലഞ്ഞിക്കാപ്പിള്ളി മംഗലത്തുനട എൽ.പി. സ്കൂൾ റോഡ് (KR0251) - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. അടങ്കൽ തുക 554.73 ലക്ഷം രൂപയും ദൈർഘ്യം 5.3 km-ഉം ആണ്.

2. കോട്ടൂർ പൂതുക്ക വണ്ടിപ്പേട്ട റോഡ് (KR0265)-ടെണ്ടർ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചു. പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു. അടങ്കൽ തുക 1027.70 ലക്ഷം രൂപയും ദൈർഘ്യം 9.3 km-ഉം ആണ്.

പ്രൊമോഷൻ വഴി അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക

379 (2430) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും നഗരസഭകളിലും പ്രമോഷൻ വഴി അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചതിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഇയു2-78/2023/എൽ.എസ്.ഡി ഫയൽ പ്രകാരം സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ വഴി നിയമിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; എപ്പോൾ നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 22-12-2022-ലെ സ.ഉ (കൈ) നം.277/2022/തസ്വഭവ നമ്പർ പ്രകാരം കോർപ്പറേഷനുകളിലും നഗരസഭകളിലും പുതുതായി സൃഷ്ടിച്ച അക്കൗണ്ട്സ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ സേവന വേതന വ്യവസ്ഥ നിശ്ചയിക്കുന്നതിനുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ഇന്റർ ട്രാൻസ്ഫർ പോളിസിയും സർവ്വീസ് ആനുകൂല്യങ്ങളും

380 (2431) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുൻസിപ്പൽ കോമൺ സർവ്വീസിൽനിന്നുള്ള ജീവനക്കാർ ഇന്റർട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി പഞ്ചായത്ത്/ഗ്രാമവികസന/നഗരകാര്യ വകുപ്പിൽനിന്നും വിരമിക്കുമ്പോൾ പെൻഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിനുശേഷം ഇന്റർ ട്രാൻസ്ഫറബിലിറ്റി നടപ്പിലാക്കിയതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുൻസിപ്പൽ കോമൺ സർവ്വീസിൽനിന്നുള്ള ജീവനക്കാരുടെ പെൻഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നത് ഉൾപ്പെടെയുള്ള വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികൾ 18-05-2023-ൽ ധനകാര്യ വകുപ്പ് നടത്തിയ യോഗത്തിൽ ചർച്ച ചെയ്യുകയും

പ്രസ്തുത വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതുവരെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനുമുമ്പ് മുനിസിപ്പൽ കോമൺ പ്രൊമോഷൻസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതുസർവ്വീസിലെ മറ്റേതെങ്കിലും സർവ്വീസിൽ ജോലി ചെയ്താൽ അവിടെ നിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനുമുമ്പ് ജീവനക്കാരൻ ജോലി നിർവ്വഹിച്ചിരുന്ന സർവ്വീസിൽനിന്നും അനുവദിക്കുന്നതിനും തീരുമാനിക്കുകയും പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി പഞ്ചായത്ത്/ ഗ്രാമവികസന വകുപ്പിൽ/ ഡയറക്ടറേറ്റുകളിൽ ജോലി ചെയ്യുന്ന മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട് അഡ്വാൻസ്

അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളും മേൽപ്രകാരം അപേക്ഷ നൽകിയ ജീവനക്കാരുടെ വിവരങ്ങളും ലഭ്യമാക്കാമോ?

കേരള മുനിസിപ്പൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ചട്ടം 2005 പ്രകാരം ജീവനക്കാരുടെ താൽക്കാലിക വായ്പ അനുവദിക്കുന്നത് നഗരസഭ സെക്രട്ടറിമാരാണ്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം നിലവിൽ വന്ന സാഹചര്യത്തിൽ നഗരസഭകളിൽനിന്നും സ്ഥലംമാറ്റം ലഭിച്ച് മറ്റ് ഓഫീസുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് താൽക്കാലിക വായ്പ അനുവദിക്കുന്നതിനും NRA, CLOSURE എന്നിവ അനുവദിക്കുന്നതിനുമായി ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനാൽ മേൽചട്ടം ഭേദഗതി ചെയ്യുന്നതുവരെ പ്രസ്തുത ജീവനക്കാരുടെ താൽക്കാലിക വായ്പ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽനിന്നും അനുവദിക്കുന്നതിന് താൽക്കാലികമായി ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും ആയതിനുള്ള ഫണ്ട് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽനിന്നും അനുവദിക്കുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് TSB അക്കൗണ്ട് അനുവദിക്കുന്നതിനും സർക്കാർ അനുമതിക്കായി തദ്ദേശസ്വയംഭരണ

പ്രിൻസിപ്പൽ ഡയറക്ടറുടെ 25-11-2023-ലെ LSGD/PD/57907/2023-CPF2 കത്ത് പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ സർക്കാർ പരിശോധനയിലാണ്. നിലവിൽ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പ്/ ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽനിന്നും താൽക്കാലിക വായ്പ ഇനത്തിൽ 23 അപേക്ഷകളും തിരിച്ചടയ്ക്കേണ്ടതല്ലാത്ത വായ്പ ഇനത്തിൽ 5 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

സ്മാർട്ട് അങ്കണവാടി പദ്ധതി

381 (2432) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സ്മാർട്ട് അങ്കണവാടി പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമഗ്ര ശിശു വികസന പദ്ധതിയുടെ ഭാഗമായി അങ്കണവാടികളെ സമൂലം പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്നതാണ് സ്മാർട്ട് അങ്കണവാടി പദ്ധതി. കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയാണ് പുതിയ അങ്കണവാടികളുടെ രൂപകല്പന നടത്തിയിരിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം കളിസ്ഥലം തുടങ്ങി കുട്ടികളുടെ ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലാണ് പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണം ഉദ്ദേശിച്ചിരിക്കുന്നത്. വനിതാ ശിശുവികസന വകുപ്പ് നിർവ്വഹണം നടത്തുന്ന പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.

(ബി) സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിനാവശ്യമായ തുക ഏതെല്ലാം പദ്ധതികളിൽ നിന്നുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ICDS ഫണ്ട്, MLA- ADS ഫണ്ട്, RKI ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജ് എന്നീ ഫണ്ടുകൾ സ്മാർട്ട് അങ്കണവാടി നിർമ്മാണത്തിനായി ഉപയോഗിച്ചുവരുന്നു.

(സി) ഇതുവരെ എത്ര സ്മാർട്ട് അങ്കണവാടികൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റുള്ളവയുടെ പ്രവർത്തന പുരോഗതിയെന്തെന്നും വിശദമാക്കാമോ?

ജനുവരി 2024 വരെ സംസ്ഥാനത്ത് 210 സ്മാർട്ട് അങ്കണവാടികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 74 എണ്ണം പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇതിനോടകംതന്നെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം നടന്നുവരികയാണ്.

വ്യാപാരികളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

382 (2433) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കുള്ള ട്രേഡ് ലൈസൻസ് ഫീസും പിഴയും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, കെട്ടിട നികുതിയിൽ വർഷംതോറും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വർദ്ധനവ് ഇവ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ; ഈ വർദ്ധനവ് വ്യാപാരികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നതും ഇതിനെതിരെ അവർ സമരമുഖത്താണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കൾ അല്ലാത്തവർക്കുകൂടി ഉപയോഗിക്കുവാൻ പാകത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ ശൗചാലയങ്ങളും വേസ്റ്റ് ബിന്നുകളും സ്ഥാപിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഉപഭോക്താക്കളല്ലാത്തവരും ഈ സംവിധാനം ഉപയോഗിക്കുന്ന അവസ്ഥ ഉണ്ടാക്കാവുന്ന പ്രയാസം ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയ പാതയോരത്ത് നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകാൻ പഞ്ചായത്തുകൾ ആക്സസ് പെർമിറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇതുമൂലം ജനങ്ങൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മസ്റ്ററിംഗിനുള്ള അവസരം

383 (2434) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർക്ക് അസുഖം ഉൾപ്പെടെയുള്ള കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാവാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആളുകൾക്ക് മസ്റ്ററിംഗ് നടത്തുന്നതിന് അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

(എ&ബി) 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1

മുതൽ ജൂൺ 30 വരെയായിരുന്നു വാർഷിക മസ്റ്ററിംഗിന് സമയം അനുവദിച്ചിരുന്നത്. വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത സമയം 2023 ജൂലൈ 31 വരെയും പിന്നീട് 2023 ആഗസ്റ്റ് 31 വരെയും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. അതിനുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപ്റ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു. സർക്കാർ നിശ്ചയിച്ചിരുന്ന സമയപരിധിക്കുള്ളിൽ വാർഷിക മസ്റ്ററിംഗ് ചെയ്യാത്ത ഗുണഭോക്താക്കൾക്ക്, 28-03-2023-ലെ സ.ഉ.(കൈ) നം.58/2023/ധന പ്രകാരം തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ ലഭിക്കുന്നതാണ്. യഥാസമയം മസ്റ്ററിംഗ് ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് 07-10-2022-ലെ സ.ഉ(എം.എസ്) നം.174/2022/ധന ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും.

മൂന്നിയൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം

384 (2435) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് നഷ്ടപ്പെട്ട കെട്ടിടത്തിനും ഭൂമിക്കും പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള RE3/226/2023-LSGD നമ്പർ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ 6 മാസം മുൻപ് സമർപ്പിച്ച ശിപാർശയിൻമേൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ ഭൂമി വിലക്കെടുക്കൽ ആക്ട് പ്രകാരമുള്ള വസ്തു ആർജ്ജിക്കുന്ന അവസരത്തിൽ ആക്ടിലെ വ്യവസ്ഥകളും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ വിവിധ ആവശ്യങ്ങൾക്ക് ഭൂമി ആർജ്ജിക്കുന്ന

അവസരങ്ങളിൽ വകുപ്പുമേധാവികൾ 28-05-2022-ലെ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ., 18-03-2021-ലെ ആർ.സി.1/93/2020/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ആവശ്യമായ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുന്നിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിൽ തുടർനടപടി സ്വീകരിക്കുന്നതിനാവശ്യമായ മേൽ പറഞ്ഞ പ്രകാരമുള്ള രേഖകൾ ലഭ്യമായിരുന്നില്ല. ആയതിനാൽ പ്രസ്തുത രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഈ വിഷയം സംബന്ധിച്ച് വകുപ്പിലും പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലും മലപ്പുറം ജോയിന്റ് ഡയറക്ടറുടെ ഓഫീസിലും ലഭ്യമായ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

- ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പിലെ RE3/226/2023-LSGD നമ്പർ ഫയൽ അനുബന്ധം I ആയി ചേർക്കുന്നു[+].

- പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ഇതേ വിഷയവുമായി ബന്ധപ്പെട്ട LSGD/PD/41744/2023-REV5 നമ്പർ ഫയൽ അനുബന്ധം II ആയി ചേർക്കുന്നു[+].

- ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം ഓഫീസിൽ നിന്നുള്ള ഇതേ വിഷയം സംബന്ധിച്ച LSGD/JD/MPM/464/2023-A5 നമ്പർ ഫയൽ അനുബന്ധം III ആയി ചേർക്കുന്നു.[+]

തദ്ദേശസ്വയംഭരണ ആരോഗ്യ വിഭാഗത്തിലെ ഒഴിവുകളും പ്രമോഷനും

385 (2436) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരോഗ്യ വിഭാഗത്തിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എത്ര കാലമായി നിലവിലുള്ളവയാണെന്നും ലോക്കൽ ബോഡി തലത്തിൽ കണക്ക് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് നിലവിൽവന്നതിനുശേഷം നഗരസഭകളിൽ ജോലി ചെയ്യുന്നവരുടെ പ്രൊമോഷനുകൾ മനപൂർവ്വമായി വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഗരസഭകളിലെ റവന്യൂ / ആരോഗ്യ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ അവസാനമായി നടന്ന തീയതിയുടെ വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ലീൻ സിറ്റി മാനേജർ തസ്തികയിലേയ്ക്ക് അവസാനമായി ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളത് എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 02-02-2023-ലെ DUA/4622/2022-E5 നമ്പർ ഉത്തരവ് മുഖേനയാണ്. വെറ്ററിനറി സർജൻ, പബ്ലിക് ഹെൽത്ത് ഓഫീസർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രേഡ് III (മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)/ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)/ ലേഡി മെഡിക്കൽ ഓഫീസർ, റ്റി.ബി.സ്പെഷ്യലിസ്റ്റ് എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേനയാണ് നിയമനം നൽകുന്നത്. പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ്I, പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് II എന്നിവ പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയുടെ പ്രൊമോഷൻ തസ്തികകളാണ്.

<u>ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തിക</u>

പ്രിൻസിപ്പൽ ഡയറക്ടറുടെ 16-12-2023-ലെ LSGD/PD/9405/2023-DEB1 നമ്പർ ഉത്തരവ് പ്രകാരമാണ് ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽനിന്നും അസിസ്റ്റന്റ് സെക്രട്ടറി ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്ക് അവസാനമായി സ്ഥാനക്കയറ്റം നടത്തിയിട്ടുള്ളത്. സ്പെഷ്യൽ റൂളിൽ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തിക നിലവിലില്ലാത്തതാണ്. സ്പെഷ്യൽ റൂളിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയെ അസിസ്റ്റന്റ് സെക്രട്ടറി

(HG) ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിൽ വരുന്ന തസ്തികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I

1. അർബൻ ഡയറക്ടറുടെ 01-02-2023-ലെ DUA/4545/2022-E5 നമ്പർ ഉത്തരവ്.

2. അർബൻ ഡയറക്ടറുടെ 06-02-2023-ലെ DUA/4545/2022-E5 നമ്പർ ഉത്തരവ്.

സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

1. അർബൻ ഡയറക്ടറുടെ 13-10-2023-ലെ DUA/4463/2022-E5 നമ്പർ ഉത്തരവ്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 01-02-2023-ലെ LSGD/PD/12925/2023-DEB5 നമ്പർ ഉത്തരവ്.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 30-09-2023-ലെ LSGD/PD/12922/2023-DEB5 നമ്പർ ഉത്തരവ്.

പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I

1. അർബൻ ഡയറക്ടറുടെ 01-02-2023-ലെ DUA/6028/2022-E5 നമ്പർ ഉത്തരവ്

(സി) നഗരസഭാ ആരോഗ്യ വിഭാഗത്തിലെ ക്ലീൻ സിറ്റി മാനേജർ തസ്തിക നിലവിൽ ഗസറ്റഡ് തസ്തികയാണോ; പ്രസ്തുത വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ ഒരു വർഷത്തോളമായി നടത്താതിരിക്കുന്നതും അക്കാരണത്താൽ മറ്റു തസ്തികകളിലേയ്ക്കും പ്രൊമോഷൻ നടത്താൻ സാധിച്ചിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രൊമോഷൻ നടത്താനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

നഗരസഭാ ആരോഗ്യ വിഭാഗത്തിലെ ക്ലീൻ സിറ്റി മാനേജർ തസ്തിക നിലവിൽ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികയാണ്. മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ Senior Public Health Inspector Grade I തസ്തികയിൽ ജോലി ചെയ്യുന്നവരുമായ ജീവനക്കാരെ നിലവിൽ Clean City Manager തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ നിയമനത്തിന് ഡി.പി.സി. ലിസ്റ്റ്

നിലവിലില്ലാത്തതിനാൽ ഡി.പി.സി. സെലക്ഷൻ process ഒഴിവാക്കി സ്ഥാനക്കയറ്റം നൽകാവുന്നതാണോ എന്നതിൽ പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടതനുസരിച്ച് ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

നഗരകാര്യവകുപ്പിലെ ഹെൽത്ത് ജീവനക്കാരുടെ പ്രമോഷൻ

386 (2437) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യവകുപ്പിൽ 2023 ഫെബ്രുവരി മാസം മുതലുള്ള ഹെൽത്ത് ജീവനക്കാരുടെ പ്രൊമോഷൻ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ ജോലി ചെയ്യുന്നവരുമായ ജീവനക്കാരെ നിലവിൽ ക്ലീൻ സിറ്റി മാനേജർ

തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതിന് ഡി.പി.സി. ലിസ്റ്റ് ഇല്ലാത്തതിനാൽ ഡി.പി.സി. സെലക്ഷൻ നടപടികൾ ഒഴിവാക്കി സ്ഥാനക്കയറ്റം നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം തേടിയതനുസരിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത വകുപ്പിൽ നഗരസഭകളിലും കോർപ്പറേഷനുകളിലും ക്ലീൻ സിറ്റി മാനേജർ തസ്തിക (പഴയ ഹെൽത്ത് സൂപ്പർവൈസർ) ഒഴിഞ്ഞുകിടക്കുന്നതിനാൽ മാലിന്യമുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-03-2023-ലെ ഡബ്ല്യു.പി. (സി).നം 7844/2023 വിധി നഗരസഭകളിൽ നടപ്പിലാക്കാനാകാത്ത അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ ആറുമാസമായി പ്രസ്തുത തസ്തികയിലേക്കുള്ള പ്രൊമോഷന് ഡി.പി.സി കൂടാത്തതിനാൽ ഈ ഒഴിവ് നികത്താൻ കഴിയാത്ത സാഹചര്യത്തിൽ ഡി.പി.സി ഒഴിവാക്കി പ്രൊമോഷൻ നൽകി

കോടതി നിർദേശിച്ചപ്രകാരം മാലിന്യമുക്ത പ്രവർത്തനങ്ങൾ മൂന്നാംഘട്ടം മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ ജോലി ചെയ്യുന്നവരുമായ ജീവനക്കാരെ നിലവിൽ ക്ലീൻ സിറ്റി മാനേജർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതിന് ഡി.പി.സി. ലിസ്റ്റ് ഇല്ലാത്തതിനാൽ ഡി.പി.സി. സെലക്ഷൻ നടപടികൾ ഒഴിവാക്കി സ്ഥാനക്കയറ്റം നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നതനുസരിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 2023-ലെ ട്രാൻസ്ഫറിൽ നഗരസഭകളിലെ ആരോഗ്യവിഭാഗം ജീവനക്കാരുടെ അനോമലി പരിഹരിക്കുന്നതിനായി അപേക്ഷ സ്വീകരിച്ച് അപ്പീൽ കമ്മിറ്റിയും ഗവൺമെന്റും ഉത്തരവ് നൽകി മൂന്ന മാസം കഴിഞ്ഞിട്ടും

ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ക്ലീൻ സിറ്റി മാനേജർ തസ്തികയിലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്മേൽ സമയബന്ധിതമായി പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരയ്ക്കുന്നതിനുള്ള അംഗീകൃത സോഫ്റ്റ്വെയർ

387 (2438) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വരയ്ക്കുന്നതിനുള്ള അംഗീകൃത സോഫ്റ്റ്വെയർ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വരയ്ക്കുന്നതിനുള്ള അംഗീകൃത സോഫ്റ്റ്വെയർ നിലവിലില്ല.

(ബി) കൈകൊണ്ട് വരയ്ക്കുന്നതിന് ധാരാളം സമയമെടുക്കുന്നതിനാൽ പകരം സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

നഗരസഭകളിലെ വിവിധ സേവനങ്ങളിലൊന്നായ കെട്ടിട നിർമ്മാണ അനുമതിക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന പ്ലാനുകൾ കൈകൊണ്ട് വരയ്ക്കാതെ ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ മുഖേന വരയ്ക്കുന്നതിനുള്ള സൗകര്യം പുതിയതായി വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ നൽകിയിട്ടുണ്ട്.

ഭവനനിർമ്മാണത്തിൽ കേന്ദ്രസർക്കാർ നൽകുന്ന ധനസഹായം

388 (2439) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തിൽ കേന്ദ്രസർക്കാർ എത്ര രൂപയാണ് ധനസഹായമായി നൽകുന്നത്; ഏതൊക്കെ സ്കീമുകൾ പ്രകാരമാണ് ഈ തുക നൽകുന്നത്; കേരളത്തിൽ 2016 മുതൽ ഇതുവരെ ഈ സ്കീമുകളിലായി എത്ര വീടുകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്; ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര രൂപ വീതമാണ് ഇതിന്റെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്; 2016 മുതൽ കേരളം ഈയിനത്തിൽ എത്ര പേർക്കായി എത്ര രൂപ ചെലവഴിച്ചു?

പി.എം.എ.വൈ (ഗ്രാമം) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് കേന്ദ്ര വിഹിതമായി 72,000/-രൂപയും പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് കേന്ദ്രവിഹിതമായി 1,50,000 രൂപയുമാണ് ലഭിക്കുന്നത്. കേരളത്തിൽ 2016 മുതൽ 31-01-2024-വരെ പി.എം.എ.വൈ (ഗ്രാമം) പദ്ധതിപ്രകാരം 35,190 വീടുകൾക്ക് അനുമതി ലഭിച്ചതിൽ 32,830 വീടുകളും പി.എം.എ.വൈ (നഗരം) പദ്ധതിയിൽ 111,648 വീടുകൾക്ക് അനുമതി ലഭിച്ചതിൽ 81,592 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ കേന്ദ്ര/ സംസ്ഥാന പദ്ധതികൾകൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത്

പാവപ്പെട്ടവരുടെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. പി.എം.എ.വൈ (ഗ്രാമം), (നഗരം) എന്നീ പദ്ധതികളുടെ ഭവനനിർമ്മാണ ധനസഹായവും ലൈഫ് ഭവനപദ്ധതിയുടേതിന് തുല്യമാക്കി പൊതുവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയായും ഏകീകരിച്ച് നടപ്പിലാക്കിയതിനാൽ പി.എം.എ.വൈ(ഗ്രാമം) പദ്ധതിയിൽ 3,28,000/- രൂപ സംസ്ഥാന/ത്രിതല പഞ്ചായത്ത് വിഹിതമായും പി.എം.എ.വൈ (നഗരം) പദ്ധതിയിൽ 2,50,000/-രൂപ സംസ്ഥാന/നഗരസഭ വിഹിതമായും ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു. 2016 മുതൽ പി.എം.എ.വൈ (ഗ്രാമം) പദ്ധതിയിലെ 32,830 ഗുണ ഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ വിഹിതവും ത്രിതല പഞ്ചായത്ത് വിഹിതവുമുൾപ്പെടെ 1,389.11 കോടി രൂപയും പി.എം.എ.വൈ (നഗരം) പദ്ധതിയിലെ 81,592 ഗുണ ഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ വിഹിതവും നഗരസഭ

വിഹിതവുമുൾപ്പെടെ 2,097.87 കോടി രൂപയും ചേർത്ത് ആകെ 3,486.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ സംസ്ഥാനത്ത് ഇതിനോടകം പൂർത്തീകരിച്ചു; നിർമ്മാണം നടക്കുന്നത് എത്ര വീടുകളുടെയാണ്; ഭൂരഹിതർക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതിയിൽ ഇതിനോടകം എത്ര പേർക്ക് ആനുകൂല്യം നൽകി എന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

31-01-2024 വരെ 374,508 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 119,163 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 34,057 ഗുണ ഭോക്താക്കൾക്ക് ഭൂമി ലഭ്യമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പറവൂരിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയം എത്ര പേർക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തത്; നിർമ്മാണത്തിലുണ്ടായ തടസ്സം എന്താണ്; നിർമ്മാണം പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര ഗ്രാമപഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ച ലൈഫ് ഭവനസമുച്ചയത്തിൽ 156 ഭവന യൂണിറ്റുകളാണ് വിഭാവനം ചെയ്തത്. കരാർ നൽകിയതിനുശേഷം കോവിഡ്-19 മഹാമാരി രാജ്യ വ്യാപകമായി പടർന്നതിനാൽ നൂതന സാങ്കേതികവിദ്യയിലുള്ള നിർമ്മാണത്തെ (നിർമ്മാണ സാമഗ്രികളുടെയും വിദഗ്ധ തൊഴിലാളികളുടേയും ലഭ്യതയെ)സാരമായി ബാധിച്ചു. ഈ കലയളവിൽ ഇരുമ്പിന്റെ കമ്പോള വിലയിൽ വലിയ വർദ്ധനവ് ഉണ്ടാവുകയും കരാറുകാരൻ കരാർ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് 10-03-2022 മുതൽ നിർമ്മാണം നിർത്തി വയ്ക്കുകയും ചെയ്തു. കരാർ കമ്പനി നിർമ്മാണം പുനരാരംഭിക്കാത്ത സാഹചര്യത്തിൽ 06-10-2023-ൽ കരാർ റദ്ദു ചെയ്യുകയുണ്ടായി. ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് റീ-ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നിയമനം

389 (2440) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റിൽ ഒന്നാം സ്ഥാനത്തുള്ളവരെ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പ്രസ്തുത ലിസ്റ്റിലെ ഒന്നാം സ്ഥാനക്കാരനെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് 29-01-2024 ലെ സ.ഉ. (സാധാ) നം.243/2024/തസ്വഭവ പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കുടുംബശ്രീ പശ്ചാത്തലമുള്ള ആളുകളെയാണോ ജില്ലാ പ്രോഗ്രാം മാനേജർമാരായി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജില്ലാ പ്രോഗ്രാം മാനേജർ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും സി.എം.ഡി മുഖേന തെരഞ്ഞെടുക്കൽ പ്രകിയ നടത്തി റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുമാണ് ചെയ്തുവരുന്നത്. കുടുംബശ്രീയിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന നൽകാറുണ്ട്.

(ഡി) ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ കൂടുതൽ സ്ത്രീകളെ പരിഗണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ നിയമനത്തിന് സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.

(ഇ) സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ ഡി.പി.എം./എ.ഡി.എം.സി. തസ്തികകളിൽ വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ടാണോ നിയമനം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡി.പി.എം/എ.ഡി.എം.സി തസ്തികകളിൽ നിയമനത്തിന് സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.

(എഫ്) ഡി.പി.എം. തസ്തികയിലുള്ളവരുടെ പേര്, യോഗ്യത, ആൺ/പെൺ എന്നിങ്ങനെ തരം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ജി) ദിവസവേതന/കോൺട്രാക്ട് വ്യവസ്ഥയിൽ ഒരേഘടകത്തിൽ ജോലിചെയ്യുന്ന ഡി.പി.എം. തസ്തികയിലുള്ളവരെ മൂന്നുവർഷം തികയുമ്പോൾ മറ്റ് ഘടകങ്ങളിലേയ്ക്ക് സ്ഥലംമാറ്റുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

കരാർ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന ഡി.പി.എം തസ്തികയിലുള്ള ജീവനക്കാർക്ക് സ്വന്തം അപേക്ഷകൾ പ്രകാരമോ, ഭരണ സൗകര്യാർത്ഥമോ മറ്റു ജില്ലകളിലേയ്ക്കും മറ്റു തസ്തികകളിലേയ്ക്കും മാറ്റം നൽകാറുണ്ട്.

മലമ്പുഴ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

390 (2441) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മലമ്പുഴ മണ്ഡലത്തിലെ നെയ്തല-പോക്കൻതോട് റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിൽ അനുവദിച്ച കെ.ആർ 10-88 പൊരിയാനി കയ്യറ അരിമണി ധോണി റോഡുപ്രവൃത്തി അന്തിമഘട്ടത്തിലാണ്. താഴെ പോക്കാൻതോട് നെയ്തല റോഡ് (കെ.ആർ 10-97), താഴെ പോക്കാൻതോട് നെയ്തല പാലം (കെ.ആർ 10-97 ബി) എന്നീ പ്രവൃത്തികളുടെ ഡീറ്റെൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി State Technical Agency (STA)- യുടെ അനുമതിയോടുകൂടി National Rural Infrastructure Development Agency

(NRIDA)യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. 6.175 കി.മീ നീളത്തിലുള്ള റോഡിന്റെ എസ്റ്റിമേറ്റ് തുക 588.02 ലക്ഷം രൂപയാണ്. പാലത്തിന്റെ എസ്റ്റിമേറ്റ് തുക 500.77 ലക്ഷം രൂപയാണ്.

തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ട പദ്ധതി വിഹിതം

391 (2442) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട ഈ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം യഥാസമയം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വർഷത്തിൽ 3 ഗഡുക്കളായാണ് അനുവദിച്ചുവരുന്നത്. ഇതിന്റെ ആദ്യ 2 ഗഡുക്കൾ ഇതിനോടകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. (ഒന്നാം ഗഡു- 19-04-2023-ലെ സ.ഉ (സാധാ)നം.3113/2023/ധന., രണ്ടാം ഗഡു- 29-07-2023-ലെ സ.ഉ(സാധാ)നം.5637/2023/ധന). മൂന്നാം ഗഡു അനുവദിക്കുമ്പോൾ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ

കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 18-10-2022-ലെ സ.ഉ. (എം.എസ്)നം.179/2022/ധന. പ്രകാരം ഡിമാന്റിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിലെ പൊതുവിഭാഗത്തിൽനിന്നും 1% കുറവ് വരുത്തേണ്ടതുണ്ട്. ആയതു സംബന്ധിച്ച പ്രാദേശിക സർക്കാരുകളുടെ വിവരങ്ങൾ ലഭ്യമാക്കി മൂന്നാം ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിവിഹിതം ഈ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെവന്നാൽ ആയത് അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുമോയെന്ന് അറിയിക്കുമോ?

പദ്ധതി വിഹിതം നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെവന്നാൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി 20% വരെ ക്യാരി ഓവർ

അനുവദിച്ചുവരുന്നുണ്ട്. എന്നാൽ, ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുക അനുവദിക്കുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം പദ്ധതി വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം പദ്ധതി വിഹിതയിനത്തിൽ ലഭിക്കേണ്ട 3 ഗഡുക്കളിൽ ആദ്യ 2 ഗഡു ഇതിനോടകം അനുവദിച്ചിട്ടുണ്ട്. മൂന്നാമത്തെ ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഖരമാലിന്യ സംസ്കരണം

392 (2443) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ജൈവ മാലിന്യ സംസ്കരണത്തിനായി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കി

വരുന്നുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് പ്രധാനമായും സ്വീകരിച്ചുവരുന്നത്. തുമ്പൂർമൂഴി, ബയോ ഗ്യാസ് പ്ലാന്റ് പോലെയുള്ള കമ്മ്യൂണിറ്റിതല സംവിധാനങ്ങൾ പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേന മുഖേന ഗാർഹിക/സ്ഥാപനതലത്തിലെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനി/അംഗീകൃത ഏജൻസി മുഖാന്തരം റീസൈക്ലീംഗ് പ്ലാന്റുകളിലേയ്ക്കും/സിമന്റ് ഫാക്ടറികളിലേയ്ക്കും സംസ്കരിക്കുന്നതിനായി അയയ്ക്കുന്നു. സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറുവർഷമാണ് പദ്ധതി കാലയളവ്. അർബൻ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ (ULBs) ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒരു സമ്പൂർണ്ണ പരിഹാരമായാണ് ലോകബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാനാവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാവശ്യമായ ഉപദേശങ്ങളും നൽകുന്നതാണ്. പെരിന്തൽമണ്ണ നഗരസഭയിൽ "ബയോ ശക്തി ബയോ ഊർജ്ജ മോഡൽ" (Waste to Electricity) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് Poultry മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ റെൻഡറിംഗ് പ്ലാന്റുകൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിലേയ്ക്ക് Black Soldier Fly (BSF) അധിഷ്ഠിതമായ 50 ടൺ ശേഷിയുള്ള 2 പ്ലാന്റ് നിർമ്മാണ പ്രവർത്തനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ

നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നതും 2024 ഫെബ്രുവരി 10-ന് ട്രയൽ റൺ ആരംഭിക്കുന്നതും അതിനുശേഷം പ്രവർത്തന സജ്ജമാകുന്നതുമാണ്. കൊച്ചി നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണത്തിന് 150 ടൺ ശേഷിയുള്ള CBG Plant സ്ഥാപിക്കുന്നതിന് BPCL-ന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യു.എം.) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഖരമാലിന്യ പരിപാലന ചട്ടം 2016 പ്രകാരം ചുവടെപ്പറയുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

- ഉറവിട ജൈവമാലിന്യ സംസ്കരണം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റിതലത്തിലും.
- നിലവിലുള്ള ജൈവമാലിന്യ സംസ്കരണ പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി/റിസോർസ്റിക്കവറി ഫെസിലിറ്റിയും സ്ഥാപിക്കൽ.

- തരംതിരിക്കപ്പെട്ട അജൈവ മാലിന്യം പുന:ചംക്രമണത്തിനായി കൈമാറ്റം ചെയ്യൽ. പുന:ചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുക.
- പ്രധാന നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാൻറുകൾ. അജൈവ മാലിന്യം പരമാവധി കുറയ്ക്കുക.
- പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള വിവര വിജ്ഞാന കാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
- പുന:ചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
- അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കണ്ണിയാക്കുക.

ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം.
- ബന്ധപ്പെട്ട സ്റ്റേക്ഹോൾഡർമാർക്കുള്ള ശേഷിവികസന പരിപാടികൾ.

(സി) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണൽ കൊച്ചിൻ കോർപ്പറേഷന് പിഴ ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് സംസ്ഥാനം നടപ്പിൽ വരുത്തിയത്; വിശദമാക്കാമോ?

കൊച്ചി കോർപ്പറേഷന് ദേശീയ ഹരിത ട്രിബ്യൂണൽ പിഴ ചുമത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി 797 ഹരിതകർമ്മ സേനാംഗങ്ങളെ 74 വാർഡുകളിലായി വിന്യസിച്ചിട്ടുള്ളതും മാലിന്യ ശേഖരണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്. നഗര പ്രദേശത്തെ ബൾക്ക് വേസ്റ്റ്

ഉല്പാദകർക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം സമയബന്ധിതമായി ഒരുക്കുന്നിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് സാധ്യമാകുന്നതുവരെ ടി സംവിധാനമില്ലാത്ത സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീ ഈടാക്കികൊണ്ട് സേവനം നൽകുന്നതിലേയ്ക്കായി Rebuild Kerala എന്ന ഏജൻസിയെ കളക്ഷന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. സാനിട്ടറി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നഗരസഭാതലത്തിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി 3 ടൺ ശേഷിയുള്ള ഇൻസിനറേറ്റർ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനമായ Raico Kerala Ltd. മായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. കൂടാതെ ബ്രഹ്മപുരത്ത് ബയോ മൈനിംഗ് പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള Bhoomi Green Agency ടയൽ റൺ പൂർത്തീകരിച്ച് ഇതിനകം 35,000 ടൺ ബയോമൈനിംഗ് പ്രക്രിയ നടത്തിയിട്ടുള്ളതും 1500 MT സിമന്റ് കമ്പനികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

കാനകളിലേയ്ക്കും തോടുകളിലേയ്ക്കും മാലിന്യം ഒഴുക്കുന്നതിനുള്ള ഔട്ട്‌ലെറ്റുകൾ അടയ്ക്കുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു. മാലിന്യനീക്കം തടയുന്നതിന് ഇന്റേണൽ വിജിലൻസ് സ്ക്വാഡ്, നൈറ്റ് ഹെൽത്ത് സ്ക്വാഡ് എന്നിവ രൂപീകരിച്ച് 24x7 മണിക്കൂർ കൾശന പരിശോധന നടത്തി വരുന്നു. 2024 മാർച്ചോടുകൂടി കേരളത്തെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'മാലിന്യ മുക്തം നവകേരളം' എന്ന പേരിൽ ക്യാമ്പയിൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ആദ്യ രണ്ട് ഘട്ടങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിക്കുന്നത്.

(ഡി) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനതല നയരൂപീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 13-09-2018-ലെ GO(P) No.65/2018/LSGD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനതല നയരൂപീകരണം നടത്തിയിട്ടുണ്ട്.

ഹരിതകർമ്മ സേനക്കെതിരെയുള്ള നവമാധ്യമ പ്രചരണം

393 (2444) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മസേനക്കെതിരെ നവമാധ്യമങ്ങളിലൂടെ നടക്കുന്ന വിദ്വേഷ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീസ് നൽകുന്നതിനെതിരെ നവമാധ്യമങ്ങളിലൂടെ ചില പ്രചരണങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെ എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

യൂസർ ഫീസിനെതിരെ നടന്ന പ്രചാരണങ്ങളെത്തുടർന്ന് യൂസർ ഫീസ് നിർബന്ധമാണെന്നുള്ളത് സ്പഷ്ടീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതും വ്യാജ പ്രചാരണങ്ങൾക്കെതിരെ സമൂഹമാധ്യമങ്ങൾ, മറ്റു മാധ്യമങ്ങൾ എന്നിവ മുഖാന്തരം വ്യാപക പ്രചാരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ലൈഫ് മിഷൻ, കെ-സ്മാർട്ട് പദ്ധതികൾ

394 (2445) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കോഴിക്കോട് ജില്ലയിൽ അനുമതി നൽകിയ ലൈഫ് മിഷൻ വീടുകളുടെ എണ്ണവും ചെലവാക്കിയ തുകയുടെ കണക്കും വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ലൈഫ് ഭവനപദ്ധതി മുഖേന 2021 മുതൽ 14,898 വീടുകൾക്ക് അനുമതി നൽകുകയും ഇതിനായി 538.51 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിൽ കെ-സ്മാർട്ട് നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണവും പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

കോഴിക്കോട് കോർപ്പറേഷനിലും എല്ലാ മുനിസിപ്പാലിറ്റികളിലും (7 എണ്ണം) കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ കെ-സ്മാർട്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

395 (2446) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളവയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് നിർവ്വഹണ ചുമതലയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

1999 കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് ചട്ടം

396 (2447) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1999-ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് ചട്ടപ്രകാരം നിർമ്മിച്ച ബിൽഡിംഗുകളിൽ അഡീഷൻ ആൻഡ് ആൾട്ടറേഷൻ ചെയ്യുമ്പോൾ 2019-ലെ പുതിയ കേരള മുൻസിപ്പൽ ബിൽഡിംഗ് ചട്ടം വകുപ്പ് 3 പ്രകാരമാണോ കാർ പാർക്കിംഗ് നിർമ്മിക്കേണ്ടത്; പുതിയ ചട്ടപ്രകാരമാണ് നിർമ്മിക്കേണ്ടതെങ്കിൽ പഴയ ഒക്യുപൈഡ് ഏരിയയ്ക്ക് പഴയ ചട്ടപ്രകാരവും പുതിയ ഏരിയയ്ക്ക് പുതിയ ചട്ടപ്രകാരവും പാർക്കിംഗ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കെ.എം.ബി.ആർ/കെ.പി.ബി.ആർ 2019 ചട്ടം 3(1)(ഡി) പ്രകാരം " Where addition or extension is made to a building, these rules shall apply to the addition or extension only. Provided that, for calculation of Floor Space Index, coverage, required off street parking area to be provided and width of access to the plot as well as minimum width of the street giving access to the plot from the main street, the whole building existing to be retained and proposed shall be taken into account;" എന്നാണ് പരാമർശിച്ചിട്ടുള്ളത്. ആയതിനാൽ നിർമ്മാണത്തിൽ കൂട്ടിച്ചേർക്കൽ

നടത്തുമ്പോൾ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ വിസ്തീർണ്ണത്തിന് ആവശ്യമായിവരുന്ന പാർക്കിംഗ്, നിലവിലെ ചട്ടങ്ങൾ (കെ.എം.ബി.ആർ/കെ.പി.ബി.ആർ 2019) പ്രകാരം നൽകേണ്ടതാണ്.

മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ നടപടി

397 (2448) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും റോഡരികിലേയ്ക്കും തുറസ്സായ സ്ഥലങ്ങളിലേയ്ക്കും വലിച്ചെറിയുന്നത് തടയാനും ഒപ്പം ഇവ വലിച്ചെറിയുന്നവർക്കെതിരെയും എന്തൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 340(3)(1)-ലും, 2023-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 219 എൻ (3)(1)-ലും 5,000/-രൂപ വരെ പിഴ ചുമത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അധികാരം നല്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ

മാലിന്യങ്ങളും റോഡരികിലേയ്ക്കും തുറസ്സായ സ്ഥലങ്ങളിലേയ്ക്കും വലിച്ചെറിയുന്നത് തടയാനായി CCTV ക്യാമറകൾ, നെറ്റ് ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നിർവ്വഹണം നടന്നുവരുന്നു. രാത്രികാല സ്ക്വാഡുകളുടെ പരിശോധന കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി അത്തരം പ്രവൃത്തികൾ റിപ്പോർട്ട് ചെയ്യുന്ന പൊതുജനങ്ങൾക്ക് പാരിതോഷികം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 09-06-2023-ലെ സ.ഉ.(സാധാ)നം.1200/2023/LSGD നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ, 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിൻ ആരംഭിച്ചശേഷം ഹരിതകർമ്മ സേനയുടെ ഡോർ ടു ഡോർ കളക്ഷൻ വർദ്ധിച്ചിട്ടുള്ളതാണ്. കൂടുതൽ MFC-കൾ, മിനി MCF-കൾ, RRF-കൾ എന്നിവ പ്രവർത്തനക്ഷമമാക്കുകയും ക്ലീൻ കേരള കമ്പനി മുഖേനയും മറ്റ് അംഗീകൃത

ഏജൻസികൾ മുഖേനയുള്ള ഫോർവേഡ് ലിങ്കേജ് കൂടുതൽ കാര്യക്ഷമമാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിലൂടെ പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ജില്ലാതലത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഹെൽത്ത് സ്ക്വാഡ്, നൈറ്റ് സ്ക്വാഡ് എന്നിവയും കൃത്യമായ പരിശോധനകൾ നടത്തി കേരളാ പഞ്ചായത്ത്രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വിവിധ സെക്ഷനുകൾ പ്രകാരം പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയൽ, ജലാശയങ്ങളിലേയ്ക്ക് മാലിന്യം വലിച്ചെറിയൽ, പ്ലാസ്റ്റിക് മാലിന്യം കത്തിക്കൽ, നിരോധിത പ്ലാസ്റ്റിക്കുകളുടെ വിപണനവും ഉപയോഗവും തുടങ്ങിയ ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റിപ്പുറം ചെല്ലൂർ ഖരമാലിന്യ സംസ്കരണ പ്ലാന്റ്

398 (2449) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്ത് സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ്, പ്രദേശത്തെ ജനജീവിതം ദുസ്സഹമാക്കുമെന്നും സമീപപ്രദേശത്തെ കിണറുകളിലെയും ജലജീവൻ മിഷൻ പദ്ധതിയുടെ ജലസ്രോതസ്സായ ഭാരതപുഴയിലെയും ജലം മലിനമാക്കുമെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾ തിങ്ങി പാർക്കുന്ന ചെല്ലൂർ പ്രദേശത്ത് ഈ പ്ലാന്റ് വരുന്നത് പ്രദേശത്തെ ജനങ്ങൾക്ക് സങ്കീർണ്ണമായ ആരോഗ്യപ്രശ്നങ്ങളും മാറാരോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടാക്കുമെന്ന ആശങ്ക കണക്കിലെടുത്ത് പ്രസ്തുത പ്ലാന്റ് പ്രദേശത്തുനിന്നും മാറ്റണമെന്നുള്ള പ്രദേശവാസികളുടെയും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും ആവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ഇല്ല. പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്തതരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റാണ് ഈ പദ്ധതിയിലൂടെ

നിലവിൽ വരാൻപോകുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങളും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. പദ്ധതിക്കായി നിഷ്കർഷിച്ചിരിക്കുന്ന സ്ഥലം ഭാരതപ്പുഴയിൽനിന്നും ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത ജലസ്രോതസ്സ് മലിനമാകുന്നതിനുള്ള സാധ്യതയില്ല. വിശദമായ പഠനം നടത്തിയശേഷം മാത്രമേ പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയുള്ളൂ. പ്ലാന്റ് മാറ്റിസ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസനം

399 (2450) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൊച്ചിൻ നഗരസഭയുടെ കീഴിലുള്ള കടവന്ത്ര കെ.പി. വള്ളോൻ റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

റോഡിന്റെ നവീകരണത്തിനായി 30 കോടി രൂപ, ബജറ്റ് എസ്റ്റിമേറ്റ് മരാമത്ത് പ്രവൃത്തികൾ ക്രമനമ്പർ 1659 പ്രകാരം വകയിരുത്തുകയും പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയാറാക്കുന്നതിന് അംഗീകൃത ഏജൻസികളിൽനിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുള്ളതും തുടർനടപടികൾ പുരോഗമിച്ച് വരികയുമാണ്.

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിനായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

30 കോടി രൂപ.

(സി) പ്രസ്തുത റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ ഇരുവശവുമുള്ള ഭൂമിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ക്രയവിക്രയങ്ങളും കഴിഞ്ഞ 30 വർഷത്തോളമായി മരവിപ്പിച്ചിരിക്കുകയാണ് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. കെ.പി.വള്ളോൻ റോഡ് ഡി.ടി.പി. സ്കീം പ്രകാരം 15 മീറ്റർ വൈഡനിംഗ് പ്രൊപ്പോസലാണുള്ളത്. ആയതിനാൽ പുതിയ

കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ റോഡിന് ഇരുവശങ്ങളിലും ആവശ്യമായ വീതിയിൽ സ്ഥലം ഒഴിച്ചിടണമെന്ന് അനുശാസിക്കാറുണ്ട്.

(ഡി) ഇങ്ങനെ മരവിപ്പിച്ചതുമൂലം പ്രസ്തുത പ്രദേശത്ത് ജനങ്ങൾക്ക് വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെയും വിവാഹമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് വസ്തുവകകൾ ക്രയവിക്രയം ചെയ്യാൻ സാധിക്കാതെയും ബുദ്ധിമുട്ടുന്നതിനാൽ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

റോഡ് വികസനത്തിന് അനുവദിച്ചിട്ടുള്ള 30 കോടി രൂപയിൽ 18 കോടി രൂപ വീതി കൂട്ടുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും വകയിരുത്തിയിട്ടുള്ളതാണ്.

മാലിന്യസംസ്കരണ പദ്ധതിക്കായി തനത് ഫണ്ട് വിനിയോഗം

400 (2451) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണത്തിനുള്ള കേന്ദ്രഫണ്ട് നടപ്പുവർഷം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത കേന്ദ്രഫണ്ട് ലഭിക്കുന്നതിനായി മുൻവർഷത്തെ പ്രവർത്തന പുരോഗതിയും ഫണ്ട് ചെലവിടലും സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാലിന്യ സംസ്കരണത്തിനുള്ള കേന്ദ്രഫണ്ട് നടപ്പുസാമ്പത്തിക വർഷം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. കേന്ദ്ര ഫണ്ട് ലഭിക്കുന്നതിനായി മുൻവർഷത്തെ പ്രവർത്തന പുരോഗതിയും ഫണ്ട് ചെലവിടലും സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്രഫണ്ടിന്റെ അഭാവത്തിൽ സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്ത നവകേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ ബാധ്യതകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടുപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന

നിർദ്ദേശം അവയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയ ശേഷമാണോ നിർദ്ദേശം നൽകിയതെന്ന് വിശദീകരിക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണ വേളയിൽ മാലിന്യസംസ്കരണ പദ്ധതികൾ കൂടുതൽ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നിലവിലിരിക്കെ തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശം തനത് വരുമാനം കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം എപ്രകാരം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ MCF/RRF-കളിൽ രേഖപ്പെടുത്തുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാത്തതിനാൽ തീപിടിത്തം ഉൾപ്പെടെയുള്ള ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വികസന ഫണ്ട്, ടൈഡ് ഫണ്ട് മുതലായവ ലഭ്യമാകുന്ന കാലയളവുവരെ തനതുഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന്

യഥേഷ്ടാനുമതി നൽകി 21-10-2023-ലെ സ.ഉ.(സാധാ)നം.2076/2023/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിലെ മാലിന്യമുക്തം നവകേരളം പദ്ധതി

401 (2452) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 - ആയി ചേർക്കുന്നു.+

(ബി) മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിനായി മണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിനകം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിനകം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം 2-ആയി ചേർക്കുന്നു.+

തദ്ദേശ പൊതുസർവ്വീസ് –ഉദ്യോഗസ്ഥരുടെ പുനഃക്രമീകരണം

402 (2453) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം പുനഃക്രമീകരിച്ചിട്ടുണ്ടോ?

01-11-2022-ലെ സ.ഉ.(സാധാ) നം.2660/2022/LSGD പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും 14 ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെയും ഉദ്യോഗസ്ഥ സംവിധാനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകളിൽ അതിവേഗം തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫയലുകളിൽ അതിവേഗം തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി 941 പഞ്ചായത്തുകളിലും lLGMS സോഫ്റ്റ്വെയർ വിന്യസിച്ചിട്ടുള്ളതാണ്. കൂടാതെ 6 കോർപ്പറേഷനുകളിലും 87 മുനിസിപ്പാലിറ്റികളിലും 01-01-2024 മുതൽ lLGMS-ന്റെ പരിഷ്കൃത സോഫ്റ്റ്വെയറായ KSMART നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ തീർപ്പാക്കലിന്റെ പുരോഗതി പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ്തലത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഫയൽ നീക്കം ഉൾപ്പെടെയുള്ളവ പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ നടപടി വൈകുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് പരാതിപ്പെടാനായി Permanent Adalat Portal (adalat.lsgkerala.gov.in) നിലവിലുണ്ട്. ടി പരാതികൾ വിവിധ തലങ്ങളിൽ പരിശോധിക്കുവാൻ അദാലത്ത് സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലും ജില്ലാതല ഓഫീസുകളിലും e-office സംവിധാനം നടപ്പിലാക്കിയിട്ടുമുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ

403 (2454) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി 23-09-2020 തീയതിയിലെ സ.ഉ.(എം.എസ്.) നം 97/2020/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയാണെന്നും അവ ഓരോന്നും വാങ്ങുന്നവരുടെ എണ്ണം എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

കർഷകത്തൊഴിലാളി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്ദിരാ ഗാന്ധി ദേശീയ ഡിസെബിലിറ്റി പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളാണ് സംസ്ഥാനത്തിപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ ഏറ്റവും പുതിയ എണ്ണം ഇനം തിരിച്ച് അനുബന്ധം-2 ആയി ചേർക്കുന്നു.+

തദ്ദേശസ്വയംഭരണ പൊതുവകുപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

404 (2455) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തെത്തുടർന്ന് നഗരസഭകളിൽനിന്ന് ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വകുപ്പിന് കീഴിലെ മറ്റ് ഓഫീസുകളിലേയ്ക്കും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, എൻ.ആർ.എ./താൽക്കാലിക വായ്പ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള മുനിസിപ്പാലിറ്റി പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾ 2005 ചട്ടം 15 പ്രകാരം ജീവനക്കാരുടെ താൽക്കാലിക വായ്പ അനുവദിക്കുന്നത് നഗരസഭ സെക്രട്ടറിമാരാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണം നിലവിൽ വന്ന സാഹചര്യത്തിൽ നഗരസഭകളിൽനിന്നും സ്ഥലംമാറ്റം ലഭിച്ച് മറ്റു ഓഫീസുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് താൽക്കാലിക വായ്പ അനുവദിക്കുന്നതിനും എൻ.ആർ.എ. ക്ലോഷർ എന്നിവ അനുവദിക്കുന്നതിനുമായി ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനാൽ മേൽ ചട്ടം ഭേദഗതി ചെയ്യുന്നതുവരെ പ്രസ്തുത ജീവനക്കാരുടെ താൽക്കാലിക വായ്പ അനുവദിക്കുന്നതിന് ജില്ല ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും എൻ.ആർ.എ. ക്ലോഷർ, താൽക്കാലിക വായ്പ എന്നിവ നൽകുന്നതിനുള്ള ഫണ്ട് ജില്ല ജോയിന്റ് ഡയറക്ടർക്ക് അനുവദിക്കുന്നതിന് ജില്ല ജോയിന്റ് ഡയറക്ടർക്ക് TSB അക്കൗണ്ട് അനുവദിക്കുന്നതിനും സർക്കാർ അനുമതിക്കായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/57907/2023-CPF2 കത്ത് പ്രകാരം

സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ സർക്കാർ പരിശോധനയിലാണ്.

(ബി) തദ്ദേശസ്വയംഭരണ പൊതുവകുപ്പിൽനിന്നും ഇതര വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന നഗരസഭ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, എൻ.ആർ.എ./താൽക്കാലിക വായ്പ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

കേരള മുനിസിപ്പാലിറ്റി പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾ 2005 ചട്ടം 10 പ്രകാരം ഒരു വരിക്കാരൻ ഫോറിൻ സർവ്വീസിലേയ്ക്കോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റൊരു സ്ഥാപനത്തിലേയ്ക്കോ മാറ്റപ്പെടുമ്പോഴും അപ്രകാരം മാറ്റപ്പെട്ടിട്ടില്ല എന്നവിധം അയാൾ ചട്ടങ്ങൾക്ക് വിധേയനായിരിക്കുന്നതാണ്. അതനുസരിച്ച് അപേക്ഷകൻ അന്യത്ര സേവനമനുഷ്ഠിക്കുന്നതിനുമുൻപ് സേവനമനുഷ്ഠിച്ച നഗരസഭകളിൽനിന്നും താൽക്കാലിക വായ്പ, എൻ.ആർ.എ.ക്ലോഷർ എന്നിവ അനുവദിച്ചുവരുന്നുണ്ട്.

സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടത്തിന് ഒക്കുപ്പൻസിയും നമ്പരും

405 (2456) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരം രൂപതാ മെത്രാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിയിൽ, ഇടുക്കി ജില്ലയിൽ ഏലപ്പാറ വില്ലേജിൽ പീരുമേട് ഗ്രാമപഞ്ചായത്തിൽ സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കാൻ അനുമതി നേടി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്കുപ്പൻസിയും നമ്പരും ലഭിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസം വ്യക്തമാക്കാമോ?

വിജയപുരം രൂപത മെത്രാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിയിൽ, ഇടുക്കി ജില്ലയിൽ ഏലപ്പാറ വില്ലേജിൽ പീരുമേട് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച സ്പെഷ്യൽ റെസിഡൻസ് കെട്ടിടത്തിന് നമ്പരും ഒക്കുപ്പെൻസിയും അനുവദിക്കുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധന നടത്തി, ടി കെട്ടിടം കാഴ്ചയിൽ 'ഡി' ഒക്കുപ്പെൻസിയിൽ ഉൾപ്പെടത്തക്കവിധമാണ് നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതെന്നും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ

ചട്ടങ്ങൾ 57 പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്നും കൂടാതെ ചട്ടം 5-ലെ 8(എ) പ്രകാരം ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്നും റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം കേരളാ ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം നീലഗിരി ടി എസ്റ്റേറ്റിനു ഇളവ് അനുവദിച്ച ഭൂമിയിൽ ഉൾപ്പെട്ട സ്ഥലമാണെന്നും ടി ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുവാൻ പാടില്ലെന്നും പീരുമേട് തഹസിൽദാർ 17-12-2018-ലെ സി1-3636/17 നമ്പർ നോട്ടിസ് പ്രകാരം അറിയിച്ചിട്ടുമുണ്ട്. മേൽ റിപ്പോർട്ടിന്റെയും നോട്ടീസിന്റെയും അടിസ്ഥാനത്തിൽ, നിർമ്മാണം പൂർത്തീകരിച്ച ടി കെട്ടിടത്തിന് നമ്പരും ഒക്കുപ്പൻസി സർട്ടിഫിക്കറ്റും അനുവദിക്കാൻ കഴിയുകയില്ല എന്നതിനാലാണ് ബിൽഡിംഗ് നമ്പരും ഒക്കുപ്പൻസിയും അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നത്.

(ബി) ഇക്കാര്യം പരിശോധിക്കണമെന്നാവശ്യപ്പെട്ട് ബിഷപ്പ് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ 3117/2022 നമ്പരായി 22-07-2022-ൽ ബിഷപ്പ് സമർപ്പിച്ച നിവേദനത്തിന് 29-10-2022-ലെ എ 2-2659/22 നമ്പർ കത്ത് പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ്

406 (2457) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവുകാരണം വികസന പ്രവർത്തനങ്ങൾക്കും കെട്ടിട നിർമ്മാണ അനുമതി ഉൾപ്പെടെയുള്ള സേവനങ്ങൾക്കും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിലും പാട്യം, കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തുകളിലും എഞ്ചിനീയറിംഗ്

വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സമയബന്ധിതമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ബഹുമാനപ്പെട്ട കുത്തുപറമ്പ് എം.എൽ.എ.-യുടെ 08-11-2023 e 483/ KPBA/2023 നമ്പർ കത്ത് പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ പാനൂർ നഗരസഭയിലും പാട്യം, കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	തസ്തിക	ഒഴിവുകളുടെ എണ്ണം	സ്വീകരിച്ച നടപടി
1	പാനൂർ നഗരസഭ	അസിസ്റ്റന്റ് എഞ്ചിനീയർ	1	പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.
		ഓവർസിയർ ഗ്രേഡ് I	1	നിയമനം നൽകിയിട്ടുണ്ട്.
		ഓവർസിയർ ഗ്രേഡ് II	2	പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ്

				നൽകുന്നതാണ്.
		ഓവർസിയർ ഗ്രേഡ് III	1	നിയമനം നൽകിയിട്ടുണ്ട്.
		ക്ലാർക്ക്	1	പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.
2	പാട്യം പഞ്ചായത്ത്	ഓവർസിയർ ഗ്രേഡ് II	1	പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.
3	കുന്നോത്തുപറമ്പ്	അസിസ്റ്റന്റ് എഞ്ചിനീയർ	1	ഓവർസിയർ ഗ്രേഡ് I തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവ് നികത്തുന്നതാണ്
4	തൃപ്രങ്ങോട്ടൂർ	ഓവർസിയർ ഗ്രേഡ് II	1	പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

ഹരിതകർമ്മ സേന

407 (2458) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മ സേനയിൽ നിലവിൽ ഒരു വാർഡിൽ എത്ര അംഗങ്ങൾ എന്നനിലയിലാണ് എണ്ണം നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

12-08-2020-ലെ സ.ഉ(സാധാ) നം 1496/2020/തസ്വഭവ പ്രകാരം ഒരു വാർഡിൽ പരമാവധി 2 ഹരിതകർമ്മ സേനാംഗങ്ങൾ എന്നനിലയിൽ എണ്ണം നിശ്ചയിച്ചിട്ടുണ്ട്.

(ബി) നിലവിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ഇപ്പോഴുള്ള അംഗസംഖ്യ പര്യാപ്തമാണോ;

(സി) ഹരിതകർമ്മ സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ഒരു ഹരിതകർമ്മ സേനാംഗത്തിന് ഒരു ദിവസം കുറഞ്ഞത് 50 വീടുകൾ എന്ന ക്രമത്തിലാണ് നൽകിയിട്ടുള്ളത്. എന്നാൽ ഭൂമിശാസ്ത്രപരമായ കിടപ്പ്, കെട്ടിടങ്ങളുടെ അകലം, മാലിന്യ സംസ്കരണ മേഖലയിലെ സേവനത്തിന്റെ വർദ്ധനവ് (ജൈവം, അജൈവം, സാനിറ്ററി മുതലായവ) ഇവ പരിഗണിച്ച് വ്യത്യാസം വരാവുന്നതാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിലവിലുള്ള ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം അതത് സമയത്തെ ജോലിയുടെ ആവശ്യത്തിലേയ്ക്ക് പര്യാപ്തമാണോയെന്ന് വിലയിരുത്തുന്നതിനും ഏതെങ്കിലും സമയത്ത്

പ്രവർത്തനത്തിന് ആനുപാതികമായി ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം ലഭ്യമല്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം ആവശ്യകത വിലയിരുത്തി പുതിയ അംഗങ്ങളെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെ ഏകോപനം

408 (2459) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ സംവിധാനത്തിലുള്ള ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയം എന്നിവ നിലവിൽ വന്നു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ജോയിന്റ്

ഡയറക്ടർമാരുടെ കാര്യാലയത്തിലെയും ഉദ്യോഗസ്ഥ സംവിധാനം നിശ്ചയിച്ചുകൊണ്ട് 01-11-2022-ലെ സ.ഉ.(സാധാ) നം.2660/2022/LSGD നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതിൻപ്രകാരം മേൽ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നതുമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 22-03-2023-ലെ സ.ഉ (കൈ) നം. 79/2023/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി ചട്ടം പാലിച്ച് 2023-ലെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടത്തിയിട്ടുള്ളതാണ്.

(ബി) ഇന്റഗ്രേഷൻ നടപടികൾമൂലം ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിന്മേൽ ജീവനക്കാർക്ക് പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെൽ നിലവിൽ വന്നിട്ടുണ്ട്. ടി സെല്ലിൽ ലഭിക്കുന്ന പരാതികളിന്മേൽ

റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരെ സ്പാർക്ക് സംവിധാനത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

തെരുവുനായശല്യം

409 (2460)ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥകൾ ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നിലവിലെ കേന്ദ്രനിയമ വ്യവസ്ഥകളിലെ അപ്രായോഗികതകൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ABC പ്രോഗ്രാം. ഈ പദ്ധതിപ്രകാരം മുഴുവൻ നായ്ക്കളെയും വന്ധ്യംകരിക്കുകയും The Animal Birth Control Rules 2023 പ്രകാരം തെരുവുനായ്ക്കൾക്ക് അഭയകേന്ദ്രം സ്ഥാപിക്കുകയും ആവശ്യമായ ഭക്ഷണം നൽകുകയും ചെയ്യുന്നതിലൂടെ തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തെരുവുനായ്ക്കളെ ഉൾപ്പെടെ ആന്റീ റാബിസ് വാക്സിനേഷന് വിധേയമാക്കുകയും വളർത്തുനായ്ക്കൾക്ക് രജിസ്ട്രേഷൻ നൽകുകയും ചെയ്യുന്നതിലൂടെ നായ്ക്കളിലൂടെ പകരുന്ന റാബിസ് ഇല്ലാതാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുസ്ഥലങ്ങളിൽ അറവുമാലിന്യങ്ങളും ഭക്ഷണപദാർത്ഥങ്ങളും ഉപേക്ഷിക്കുന്നത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിനും അവ അക്രമകാരികളായി മാറുന്നതിനും ഇടയാക്കുന്നതിനാൽ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവുമാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പു വരുത്തുയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്റിംഗ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് ആക്ട്, The Solid Waste Management Rules 2016

എന്നിവ പ്രകാരം പിഴ ചുമത്തുകയും കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ആലപ്പുഴ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ സേവിംഗ്സ് തുക

410 (2461) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻ വർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തിയ നിർമ്മാണപ്രവൃത്തികളുടെ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ആലപ്പുഴ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

411 (2462) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ജനറൽ വിഭാഗത്തിൽ നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അറിയിക്കാമോ?

അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന ഫ്ലാറ്റ് നിർമ്മാണം നടക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

ലൈഫ് മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിൽ മണ്ണഞ്ചേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 52 സെന്റ് സ്ഥലത്താണ് ലൈഫ് ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. ഈ ഭവനസമുച്ചയത്തിന്റെ ഫൗണ്ടേഷൻ വർക്ക് പൂർത്തിയായി. തുടർന്ന് കരാർ കമ്പനി കരാർ തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധനവ് ആവശ്യപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ നിർത്തിവെച്ചിരിക്കുകയാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ നിന്നുള്ള വീടുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എത്ര പേരുടെ പട്ടിക ഉണ്ടെന്നും വ്യക്തമാക്കാമോ?

അനുബന്ധം (2) ആയി ഉള്ളടക്കം ചെയ്യുന്നു.+

കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ

412 (2463) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ചിക്കന്റെ എത്ര ഔട്ട്ലെറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്; ജില്ലകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ചിക്കൻ പദ്ധതിയുടെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന ഔട്ട് ലെറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമനം	ജില്ല	ഔട്ട് ലെറ്റുകളുടെഎണ്ണം
1	തിരുവനന്തപുരം	16
2	കൊല്ലം	13
3	കോട്ടയം	17
4	എറണാകുളം	16
5	തൃശ്ശൂർ	11
6	കോഴിക്കോട്	15
7	പാലക്കാട്	5
8	മലപ്പുറം	4
	ആകെ	**97**

(ബി) കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകളിൽ ആവശ്യത്തിനനുസരിച്ച് ഇറച്ചിക്കോഴികളെ യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോഴിക്കോട് ജില്ലയിൽ എത്ര ഫാമുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്ലെറ്റുകളിലെ നിലവിലെ ആവശ്യത്തിനനുസൃതമായി ഇറച്ചിക്കോഴികളെ വിതരണം ചെയ്യുവാൻ

സാധിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിൽ 34 ഫാമുകളാണ് പ്രവർത്തിച്ചുവരുന്നത്. കേരള ചിക്കൻ ഫാം രൂപീകരണ ഗൈഡ് ലൈൻ മാനദണ്ഡപ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് എന്നിവയോടുകൂടിയ ഫാമുകൾമാത്രം പരിഗണിക്കുന്നതിനാലാണ് കോഴിക്കോട് ജില്ലയിൽ ഫാമുകളുടെ എണ്ണത്തിൽ ആനുപാതികമായി വർദ്ധനവ് ഉണ്ടാകാത്തത്.

(സി) കേരള ചിക്കൻ ഔട്ട്ലെറ്റുകൾക്ക് ആവശ്യാനുസരണം ഇറച്ചിക്കോഴികൾ ലഭ്യമാക്കുന്നതിനായി കൂടുതൽ ഫാമുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

കേരളചിക്കൻ ഫാം രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലകളിലെ അനിമൽ ഹസ്ബന്ററിയുടെ കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർമാരുമായി 31-01-2024-ന് കുടുംബശ്രീ സംസ്ഥാന മിഷൻ തലത്തിൽ മീറ്റിംഗ് സംഘടിപ്പിക്കുകയും എല്ലാ ജില്ലകളിലും ഫീൽഡ്തലത്തിൽ

ത്വരിതഗതിയിൽ ഫാം കണ്ടെത്തുന്നതിനായി ടാർഗറ്റ് നൽകി പരിശോധിച്ചു വരികയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ പരാതി പരിഹാര സംവിധാനം

413 (2464) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09-11-2022-ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27-10-2022 മുതൽ പ്രാബല്യത്തിൽ വന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ യഥാക്രമം സ.ഉ(പി)നം.

74/2022/തസ്വഭവ, സ.ഉ(പി) നം. 75/2022/തസ്വഭവ പ്രകാരം 27-10-2022-ന് വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്നതിനുമായാണ് ടി സംവിധാനം രൂപീകരിച്ചിട്ടുള്ളത്.

(ബി) നാളിതുവരെ ലഭിച്ച പരാതികളിന്മേൽ പരാതി പരിഹാര സെൽ സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകുമോ?

ഇല്ല. പരാതികളിന്മേൽ പരാതി പരിഹാര സെൽ കൈക്കൊണ്ട തീരുമാനവും ശിപാർശയും സഹിതം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

414 (2465) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾക്കായി ഏർപ്പെടുത്താൻ നിശ്ചയിച്ചിരുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ; നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ സ്ഥലം മാറ്റം

415 (2466) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ മൂന്നു വർഷമോ അതിൽ കൂടുതലോ ഒരേ ഓഫീസിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ സ്ഥലം മാറ്റിയിരുന്നോ; നഗരകാര്യ വകുപ്പിൽ ഒരേ ഓഫീസിൽ മൂന്നോ അതിൽ

കൂടുതലോ വർഷങ്ങളായി ജോലി നോക്കുന്നവർ ഉണ്ടെങ്കിൽ ആയവരുടെ പേര്, തസ്തിക, എത്ര വർഷമായി ഒരേ ഓഫീസിൽ തുടരുന്നു എന്നീ വിവരങ്ങൾ നൽകാമോ; ഇതിൽ മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ ഓഫീസിൽ തുടരുന്നവരെ ഉടൻ സ്ഥലം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ മൂന്നു വർഷമോ അതിൽ കൂടുതലോ ഒരേ ഓഫീസിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെ സ്ഥലം മാറ്റുന്ന രീതിയിലാണ് ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്വെയർ ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ചില ജീവനക്കാരുടെ ഇൻകമ്പൻസി എൻട്രി നടത്തിയതിൽ തെറ്റുകൾ വന്നതിനാൽ സ്ഥലം മാറ്റത്തിൽനിന്നും ഒഴിവായെങ്കിലും ആയതു ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ സ്ഥലം മാറ്റം സംബന്ധിച്ച വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നഗരകാര്യ വകുപ്പിൽ ഒരേ ഓഫീസിൽ മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ജോലി നോക്കുന്നവരുണ്ടോ എന്നതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ട്രാൻസ്ഫർ അപേക്ഷകളിൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് എക്സ്സർവീസ് സീനിയോറിറ്റിയിൽ (ഹെഡ് ക്ളാർക്ക്/റവന്യൂ ഇൻസ്പെക്ടർ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അവർ ആരെല്ലാം; അതിൽ ആർക്കൊക്കെ ട്രാൻസ്ഫർ അനുവദിച്ചു; ഇനി എത്ര എണ്ണം അനുവദിക്കാനുണ്ട്; വിശദമാക്കാമോ;

(സി) അനുവദിക്കപ്പെടാൻ ബാക്കിയുള്ള അപേക്ഷകളിൽ ശാരീരിക അവശതകൾ കാരണം സേവനത്തിനിടയിൽ പെൻഷൻപറ്റി പിരിഞ്ഞ വിമുക്ത ഭടൻമാരായവർ പ്രസ്തുത വിവരം കാണിച്ച് അപ്പീൽ അപേക്ഷ നല്കിയിട്ടും പരിഗണിയ്ക്കപ്പെടാതെയുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി &സി) വിവരം ശേഖരിച്ചു വരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

416 (2467) ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരിൽ നിലവിൽ സ്കെച്ചറൽ, ട്രാൻസ്പോർട്ടേഷണൽ, എൻവയോൺമെന്റൽ, ജിയോടെക് എന്നീ വിഷയങ്ങളിൽ എം.ടെക്. യോഗ്യതയുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഒഴികെയുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(സി) ട്രാൻസ്പ്ലേഷണൽ എഞ്ചിനീയറിംഗ് ഒഴികെയുള്ള സാങ്കേതിക വിഷയങ്ങളായ സ്കെച്ചറൽ, ട്രാൻസ്പോർട്ടേഷണൽ, എൻവയോൺമെന്റൽ, ജിയോടെക് എന്നീ വിഷയങ്ങളിൽ ഡെപ്യൂട്ടേഷനിൽ എം.ടെക്. ചെയ്യുന്നതിനുള്ള അവസരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടോ;

(ഡി) എം.ടെക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് സ്പോൺസേഡ് ബൈ പി.ഡബ്ല്യു.ഡി. എന്ന് തെരഞ്ഞെടുത്ത് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശ പൊതുസർവ്വീസ്–തസ്തികകളുടെ പുനർനാമകരണം

417 (2468) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസ് നടപ്പിലാക്കുന്നതിന് മുമ്പുണ്ടായിരുന്ന ഏതൊക്കെ തസ്തികകളെയാണ് പുനർനാമകരണം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ തസ്തികകൾ പുനർനാമകരണം ചെയ്ത് ഏകീകൃത തദ്ദേശസ്വയംഭരണം വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസക്ത ഭാഗം അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) ഇത്തരത്തിൽ പുനർനാമകരണം ചെയ്തതിനൊപ്പം അവയ്ക്ക് ശമ്പളവർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി 25-06-2022-ലെ സ.ഉ (കൈ) നം. 134/2022/LSGD പ്രകാരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അപ്ഗ്രേഡ് ചെയ്തുകൊണ്ടും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അപ്ഗ്രേഡ് ചെയ്ത തസ്തികകളുടെ വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു.+

ആലത്തൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

418 (2469) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ ആലത്തൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണ/സാങ്കേതിക അനുമതികൾ നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

ചാത്തന്നൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

419 (2470) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിപ്രകാരം ചാത്തന്നൂർ മണ്ഡലത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലുമായി പട്ടികജാതി/പട്ടികവർഗ്ഗ, ജനറൽ വിഭാഗങ്ങൾക്ക് നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണം എത്രയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പഞ്ചായത്തിലും നഗരസഭയിലും പൂർത്തിയായിട്ടുള്ളതും പൂർത്തിയാക്കാനുള്ളതുമായ വീടുകൾ എത്രയെന്ന വിവരം പട്ടികജാതി/പട്ടികവർഗ, ജനറൽ വിഭാഗങ്ങൾ തിരിച്ചു നൽകാമോ?

(എ&ബി) 31-01-2024 വരെ അനുവദിച്ച വീടുകളുടെ എണ്ണം, പൂർത്തീകരിച്ച വീടുകളുടെ എണ്ണം, പൂർത്തീകരിക്കാനുള്ള

വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതി/ പട്ടികവർഗ്ഗ, ജനറൽ വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ലൈഫ് ഭവന പദ്ധതിപ്രകാരം നിലവിൽ സ്ഥലവും വീടും അനുവദിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭയും തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഭൂരഹിത-ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 478 ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിപ്രകാരം വീടും സ്ഥലവും അനുവദിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനം	ജനറൽ	എസ്.സി
ആദിച്ചനല്ലൂർ	34	21
ചാത്തന്നൂർ	66	23
ചിറക്കര	33	22
കല്ലുവാതുക്കൽ	86	49

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂതക്കുളം	21	39
പൂയപ്പള്ളി	39	19
പരവൂർ മുൻസിപ്പാലിറ്റി	0	26
ആകെ	**279**	**199**

കലഞ്ഞൂർ മാർക്കറ്റ് ഷോഷിംഗ് ക്ലോംപ്ലക്സ് നിർമ്മാണം

420 (2471) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സംസ്ഥാന ബജറ്റിൽ മൂന്നു കോടിരൂപ വകയിരുത്തി അനുവദിച്ച കലഞ്ഞൂർ മാർക്കറ്റ് ഷോപ്പിംഗ് ക്ലോംപ്ലക്സ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കലഞ്ഞൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ LSGD/PD/44152/2023-DB6 നമ്പർ പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും Wetland-ൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ചീഫ്

എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

മലപ്പുറം ജില്ലയിലെ ജനകീയ ഹോട്ടലുകൾക്കുള്ള സബ്സിഡി കുടിശ്ശിക

421 (2472) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ സബ്സിഡി സമയബന്ധിതമായി ലഭിക്കാത്തതുമൂലം എത്ര ജനകീയ ഹോട്ടലുകൾ പൂട്ടിപ്പോയിട്ടുണ്ടെന്ന് അറിയിക്കുമോ?

വിവിധ കാരണങ്ങളാൽ മലപ്പുറം ജില്ലയിൽ ഒരു ജനകീയ ഹോട്ടൽ പൂട്ടിപ്പോയിട്ടുണ്ട്.

(ബി) മലപ്പുറം മണ്ഡലത്തിൽ നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് നഗരസഭ/പഞ്ചായത്ത് തലത്തിൽ വ്യക്തമാക്കാമോ?

മലപ്പുറം മണ്ഡലത്തിൽ നിലവിൽ 6 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. നഗരസഭ/പഞ്ചായത്ത് തലത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തദ്ദേശ സ്ഥാപനം	ജനകീയ ഹോട്ടലിന്റെ പേര്
1	മലപ്പുറം നഗരസഭ	മാൽവി ജനകീയ ഹോട്ടൽ
2	പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്	സാന്ത്വനം ജനകീയ ഹോട്ടൽ
3	പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്	ജനകീയ ഹോട്ടൽ
4	ആനക്കയം ഗ്രാമപഞ്ചായത്ത്	ജനകീയ ഹോട്ടൽ
5	മൊറയൂർ ഗ്രാമപഞ്ചായത്ത്	രുചി ജനകീയ ഹോട്ടൽ
6	കോഡൂർ ഗ്രാമപഞ്ചായത്ത്	ജനകീയ ഹോട്ടൽ

(സി) ഓരോ ജനകീയ ഹോട്ടലിനും സബ്സിഡി ഇനത്തിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നും തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

സബ്സിഡി ഇനത്തിൽ നൽകാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജനകീയ ഹോട്ടലിന്റെ പേര്	കുടിശ്ശിക തുക

1	മാൽവി ജനകീയ ഹോട്ടൽ, മലപ്പുറം നഗരസഭ	1,54,140/-
2	സാന്ത്വനം ജനകീയ ഹോട്ടൽ, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്	4,46,510/-
3	ജനകീയ ഹോട്ടൽ, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്	1,01,010/-
4	ജനകീയ ഹോട്ടൽ, ആനക്കയം ഗ്രാമപഞ്ചായത്ത്	1,10,830/-
5	രുചി ജനകീയ ഹോട്ടൽ, മൊറയൂർ ഗ്രാമപഞ്ചായത്ത്	46,200/-
6	ജനകീയ ഹോട്ടൽ, കോഡൂർ ഗ്രാമപഞ്ചായത്ത്	91,340/-

ജനകീയ ഹോട്ടലുകളുടെ ബാക്കിയുള്ള സബ്സിഡി കുടിശ്ശിക അനുവദിക്കുന്നതിന് 17-11-2023-ലെ സ.ഉ.(സാധാ) നം.2260/2023/തസ്വഭവ പ്രകാരം 33.6 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. അതിനുശേഷവും അവശേഷിക്കുന്ന സബ്സിഡി കുടിശ്ശിക അടുത്ത സാമ്പത്തിക വർഷത്തെ കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭവന നിർമ്മാണത്തിലെ ആഡംബരങ്ങൾ

422 (2473) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണത്തിലെ ആഡംബരങ്ങൾ നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ?

1975- ലെ കേരള കെട്ടിട നികുതി ആക്ട് പ്രകാരം 278.7 ച. മീറ്ററോ അതിൽ കൂടുതലോ പ്ലിന്ത് ഏരിയയുള്ളതും 1999 ഏപ്രിൽ 1-നോ അതിനുശേഷമോ പൂർത്തിയാക്കിട്ടുള്ളതുമായ കെട്ടിടങ്ങൾക്ക് ആഡംബര നികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

423 (2474) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതിപ്രകാരം നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ;

(ബി) അതിൽ എത്ര അപേക്ഷകരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) അതിൽ എഗ്രിമെന്റ് വെച്ചത് എത്ര അപേക്ഷകരാണെന്ന് വ്യക്തമാക്കാമോ?

(എ-സി) ആലത്തൂർ മണ്ഡലത്തിൽ ലൈഫ് 2020 പ്രകാരം ഭൂമിയുള്ള ഭവനരഹിത വിഭാഗത്തിൽ 9010 അപേക്ഷകളും ഭൂരഹിത/ഭവനരഹിത വിഭാഗത്തിൽ 2879 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ബാക്കിയുള്ളവർ എഗ്രിമെന്റ് വെയ്ക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഇ) എഗ്രിമെന്റ് വയ്ക്കാൻ ബാക്കിയുള്ളവരുടെ നടപടികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

(ഡി&ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ചും കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുറയ്ക്കുമാണ് ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നത്.

(എഫ്) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

31-01-2024 വരെ 1996 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി

424 (2475) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്തവ എത്രയെന്നും അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) 31-01-2024 വരെ 1306 കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 787 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 519 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ

425 (2476) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 01-01-2020 മുതൽ നാളിതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ള പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവർ ആരെല്ലാമെന്നും അവർ പ്രസ്തുത പഞ്ചായത്തിൽ ജോലിചെയ്ത കാലയളവും വ്യക്തമാക്കാമോ?

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 01-01-2020 മുതൽ നാളിതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ള പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണത്തിന് പ്രത്യേക അനുമതി

426 (2477) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം രൂക്ഷമായ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലയോര ഗ്രാമങ്ങളിൽ ഉൾപ്പെടെ 2023-ൽ അനുവദനീയമായതിൽ കൂടുതൽ തുക കുടിവെള്ള വിതരണത്തിന് ചെലവഴിക്കേണ്ടിവന്ന സാഹചര്യത്തിൽ, 2023 മേയ് 31 വരെ കൂടുതൽ തുക ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രത്യേക അനുമതി നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഈ വിഷയത്തിൽ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ തുക 2023 മേയ് 8-നകം ചെലവഴിച്ചു കഴിഞ്ഞതിനാൽ മേയ് 31 വരെ അധിക തുക ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ

ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്ന അപേക്ഷ ഉള്ളടക്കം ചെയ്തുകൊണ്ട് ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്ന അപേക്ഷ സർക്കാർ പരിശോധിച്ചു. അപേക്ഷയിൽ അവശ്യംവേണ്ട വിശദാംശങ്ങൾ ഉള്ളടക്കം ചെയ്ത റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി വിഷയം പരിശോധിച്ചുവരുന്നു.

പള്ളിക്കത്തോട് ട്രഷറി കെട്ടിടത്തിനുള്ള സ്ഥലം

427 (2478) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2-ലെ ഡി2-3796-2018 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2-ലെ ഡി2/3796/2018 നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് ലഭ്യമാക്കിയിരുന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ടി ഭരണസമിതി തീരുമാനത്തിന്റെ പകർപ്പിനോടൊപ്പം സ്ഥലത്തിന്റെ അനുയോജ്യത സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, അടിസ്ഥാന ഭ്രനികുതി രജിസ്റ്ററിന്റെ പകർപ്പ്, അർത്ഥനാധികാരിയുടെ അർത്ഥനാപത്രം തുടങ്ങിയ രേഖകളൊന്നും ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് 24-03-2023, 17-04-2023, 09-05-2023-ലെ ആർ.ഇ 1/93/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്തുകൾപ്രകാരം ഗ്രാമവികസന കമ്മീഷണറോടും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോടും 05-02-2024-ലെ ഇതേ നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും

ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത രേഖകളുടെ പകർപ്പുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ മേച്ചിൽപ്പുറ നിവാസികൾക്ക് പട്ടയം

428 (2479) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറ നിവാസികളായ പന്ത്രണ്ട് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത അപേക്ഷകളിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പന്ത്രണ്ട് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ അയയ്ക്കുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തുവെങ്കിലും പ്രസ്തുത റിപ്പോർട്ടിനോടൊപ്പം 10 അപേക്ഷകളാണ് സർക്കാരിൽ ലഭ്യമായത്.

പ്രിൻസിപ്പൽ ഡയറക്ടറിൽനിന്നും ലഭ്യമാകാതിരുന്ന ശ്രീ. ജോർജ്ജ്, ശ്രീ. ചന്ദ്രബാബു എന്നിവരുടെ അപേക്ഷ അനുബന്ധരേഖകൾ ഉൾപ്പെടെ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 06-02-2024-ൽ ഇ-മെയിൽ മുഖേന ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ചുവരുന്നു.

(സി) മരാശ്ശാരി വീട്ടിൽ സത്യൻ ഭാര്യ രമണി, ആലപ്പാട്ട് തോട്ട്യാൻ മാണി മകൻ ജോർജ്ജ് എന്നിവരുൾപ്പെടെയുള്ള 12 അപേക്ഷകർക്ക് പട്ടയം അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി രമണിയുടെ അപേക്ഷപ്രകാരം ലഭ്യമായ രേഖകളിൽ അപേക്ഷകയുടെ പേരിലും സർവ്വേ നമ്പരിലും അളവിലും അവ്യക്തതയുള്ളതായി കണ്ടെത്തിയിരുന്നു. ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകുവാനും ഭരണ സമിതി തീരുമാനത്തിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ലഭ്യമാക്കാനും പറപ്പൂക്കര പഞ്ചായത്ത് സെക്രട്ടറിയോട് 18-09-2023-ൽ ആവശ്യപ്പെട്ടത് നാളിതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. ജോർജ്ജിന്റെ അപേക്ഷ 06-02-2024-ൽ ഇ-മെയിൽ മുഖേന ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ചുവരുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്ത് പദ്ധതികൾ

429 (2480) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ പഞ്ചായത്ത് സുവർണ്ണ ജൂബിലിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി 2019-20 പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ മൂത്തേടം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഉച്ചക്കുളം പുനരുദ്ധാരണ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയ തുക എത്രയെന്നും അറിയിക്കാമോ?

അടങ്കൽ തുക-1,47,00,000/-രൂപ. ആകെ ബിൽ തുക (GST ഉൾപ്പെടെ)-1,08,14,258/-രൂപ. 1st & Part Bill Payment- 77,62,224/-രൂപ കരാറുകാരന്

കൈമാറിയിട്ടുണ്ട്. 2nd & Final Bill തുക-30,52,034/-രൂപ WAMS ക്ലിയറൻസിന് അയച്ചിട്ടുണ്ട്.

(ബി) മേൽ പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, ഫണ്ട് കൈമാറുംമുമ്പ് പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

റസീഫ്. എം (അസിസ്റ്റന്റ് എഞ്ചിനീയർ)

സേതുമാധവൻ. കെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

പി. മുഹമ്മദാലി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

(സി) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സംഘടനയ്ക്ക് സർക്കാർ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവുകളുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 16-02-2022-ലെ സ.ഉ(സാധാ) നം.342/2022/തസ്വഭവ, 16-8-2022-ലെ സ.ഉ(സാധാ) നം.1983/2022/തസ്വഭവ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 1, 2 ആയി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിനുകീഴിൽ 2020 ജനുവരി 1 മുതൽ 2024 ജനുവരി 31 വരെ നിയമനം നൽകിയ താത്കാലിക ജീവനക്കാരുടെ പേര്, വിലാസം, തസ്തിക, ഓരോരുത്തരുടെയും ദിവസ/പ്രതിമാസ വേതനം, ഓരോരുത്തരും എന്നുമുതൽ ജോലിയിൽ പ്രവേശിച്ചു എന്നീ വിവരങ്ങൾ അറിയിക്കുമോ?

അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഇ) മലപ്പുറം ജില്ലാ പഞ്ചായത്ത് 2019-20 മുതൽ ഓരോ സാമ്പത്തിക വർഷത്തിലും തങ്ങളുടെ പബ്ലിക് റിലേഷൻ വർക്കുകളുടെ പ്രവർത്തനച്ചുമതല ഏതെങ്കിലും ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഏജൻസികളുടെ പേര്, ഉടമകളുടെ പേരും വിലാസവും ഏജൻസികളുമായി ഓരോ വർഷവും ജില്ലാ പഞ്ചായത്ത് ഒപ്പുവെച്ച കരാറുകളുടെ പകർപ്പുകൾ, ഓരോ വർഷവും കൈമാറിയ തുകകൾ, നടപ്പാക്കിയ പ്രധാന പബ്ലിക് റിലേഷൻ വർക്കുകൾ എന്നീ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

പബ്ലിക് റിലേഷൻ വർക്കുകളുടെ പ്രവർത്തനച്ചുമതല ഏജൻസികൾക്ക് നൽകിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി സൗഹൃദ പാർക്ക്

430 (2481) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സൗഹൃദ പാർക്കിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ?

04-01-2024-ലെ LSGD/PD/44938/2023-REV-5 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ഭിന്നശേഷി സൗഹൃദ പാർക്കിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആർ.ഇ 1/8/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. ഈ ഫയൽ നിലവിൽ സാമൂഹ്യനീതി വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) ഇതിനായി സാമൂഹ്യനീതി ഡയറക്ടറിൽനിന്നും കാട്ടാക്കട ഗ്രാമപഞ്ചായത്തിനോട് 2023 സെപ്റ്റംബർ 10-ന് റിപ്പോർട്ട്

ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങളും തുടർനടപടികളും വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽനിന്നും കാട്ടാക്കട ഗ്രാമപഞ്ചായത്തിനോട് 2023 സെപ്റ്റംബർ 10-ാം തീയതിയിൽ റിപ്പോർട്ടുകൾ ഒന്നുംതന്നെ ആവശ്യപ്പെട്ടിട്ടില്ലായെന്നും പ്രസ്തുത തീയതിയിൽ റൂറൽ ഡയറക്ടറുടെ കത്ത് ലഭ്യമായിട്ടുണ്ടെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന വകുപ്പിൽ നിന്നുമുള്ള കത്ത്, ടി ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്നുള്ള അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, ഭൂമി നിശ്ചിത ആവശ്യത്തിനായി ആർജ്ജിച്ചതാണെങ്കിൽ അത് ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ള റിപ്പോർട്ട് എന്നീ രേഖകൾ ലഭ്യമാക്കുന്നതിനായി 2023 സെപ്റ്റംബർ 10-ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും 23-11-2023-ലെ എസ്.സി.2/5169/2022 നമ്പർ കത്ത് പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി രേഖകൾ ലഭ്യമായതിനെത്തുടർന്ന് പ്രസ്തുത രേഖകളടക്കമുള്ള

പ്രൊപ്പോസലാണ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04-01-2024-ലെ LSGD/PD/44938/2023-REV-5 നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ഒഴിവുകൾ

431 (2482) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

തസ്തിക	പഞ്ചായത്ത്
സെക്രട്ടറി	ഒഴിവ് ഇല്ല
അസിസ്റ്റന്റ് സെക്രട്ടറി	തുറയൂർ
അസിസ്റ്റന്റ് എഞ്ചിനീയർ	തുറയൂർ, ചെറുവണ്ണൂർ
ഓവർസിയർ	ചങ്ങരോത്ത്, കൂത്താളി, ചക്കിട്ടപ്പാറ, അരിക്കുളം

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിലവിലുള്ള ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ റവന്യൂ റിക്കവറി

432 (2483) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ പാറ്റൂരേത്ത് കോളനി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ബെനിഫിഷ്യറി കമ്മിറ്റിയിൽ ഉൾപ്പെട്ട 9 പേരുടെ പേരിലുള്ള വസ്തുക്കളിന്മേൽ റവന്യൂ റിക്കവറി നടപടികൾ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പ്രസ്തുത റവന്യൂ റിക്കവറിയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം ജില്ലാ കളക്ടർ, ശൂരനാട്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് ബെനിഫിഷ്യറി കമ്മിറ്റി അംഗങ്ങൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും ഇരുപത് വർഷത്തിനുമുമ്പ് നടന്ന പ്രവൃത്തിയുടെ ബെനിഫിഷ്യറി കമ്മിറ്റിയിൽ ഉൾപ്പെട്ടവരുടെ ഭൂമി ക്രയം ചെയ്യുന്നതിനോ വീട് വയ്ക്കുന്നതിനോ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുമോ; വിശദമാക്കുമോ?

23-12-2023-ൽ നടന്ന ശ്രീരനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗതീരുമാനം 6(1) പ്രകാരം പാവപ്പെട്ടവരായ റോഡ് ബെനിഫിഷ്യറി കമ്മിറ്റി അംഗങ്ങൾക്ക് ടി പ്രവൃത്തിയുടെ പേരിൽ നിലവിലുള്ള റവന്യൂ റിക്കവറി നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ചുവരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നവകേരള സദസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് തീരുമാനമെടുത്തുവെന്ന് വിശദമാക്കുമോ?

ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്തിൽനിന്നും നടപടി സ്വീകരിച്ചു വരുന്നു.

മാവേലിക്കര മണ്ഡലത്തിൽ കാട്ടുപന്നികളുടെ ആക്രമണം

433 (2484) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ, താമരക്കുളം, വള്ളികുന്നം, നൂറനാട് ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നികളുടെ ആക്രമണം അതീവരൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രദേശങ്ങളിൽ കാട്ടുപന്നികളുടെ ആക്രമണം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

കാട്ടുപന്നികളുടെ ആക്രമണം ഒഴിവാക്കുന്നതിനും കൊല്ലുന്നതിനുമായി പരിശീലനം ലഭിച്ചിട്ടുള്ളതും ലൈസൻസുള്ളതുമായ ഷൂട്ടറെ നൂറനാട്, പാലമേൽ, താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ നിയോഗിച്ചിട്ടുണ്ട്.

(സി) കാട്ടുപന്നികളുടെ ആക്രമണത്തിൽനിന്നും പ്രദേശവാസികളെയും കൃഷിയെയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

സൗരവേലികൾ നിർമ്മിക്കുക, റിപ്പെലന്റ് വിതരണം എന്നിങ്ങനെ വിവിധ പരിപാടികൾ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

പുനലൂർ നഗരസഭയുടെ ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതി

434 (2485) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭ തനത് ഫണ്ടുപയോഗിച്ച് സ്വന്തം നിലയിൽ ആർജ്ജിച്ച ഭൂമി വിവിധ സർക്കാർ പദ്ധതികൾക്ക് വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പിന്തുടരുന്ന നടപടിക്രമങ്ങൾ/ചട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരമാണ് നഗരസഭ ആർജ്ജിച്ച ഭൂമി വിവിധ ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നത്.

(ബി) പുനലൂരിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനത് കാർഷിക, മലഞ്ചരക്ക് വിഭവങ്ങളും എൻ.എഫ്.എസ്.എ.-യുടെ ഭക്ഷ്യധാന്യങ്ങളും കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങളും സംഭരിയ്ക്കുന്നതിനായി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു ഗോഡൗൺ പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി 2021 ജൂൺ മാസത്തിൽ നല്കിയ അപേക്ഷയിൽ രണ്ട് വർഷത്തിലധികമായിട്ടും തീരുമാനം എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷ സർക്കാരിനു ലഭിച്ച തീയതിയും ആയതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) കർഷകർക്ക് ഗുണകരമാകുന്ന നിലയിൽ പ്രാദേശിക വിഭവങ്ങളുടെ സംഭരണകേന്ദ്രവും നഗരസഭയ്ക്ക് വരുമാനവും ലഭിക്കുന്ന പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനമെടുക്കാത്തതുമൂലം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) നിലവിലുള്ള ചട്ടങ്ങൾപ്രകാരം ഈ ആവശ്യത്തിലേയ്ക്കായി ഭൂമി വിട്ടുനൽകുന്നതിനുള്ള അനുവാദം എപ്പോൾ നൽകാനാകുമെന്ന് വിശദമാക്കാമോ?

(ബി-ഇ) പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യാ Ltd-ന് 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ചുനൽകുന്നതിനുള്ള സർക്കാർ അനുമതിക്കായുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ 10-03-2023-ലെ DUA/10761/2022 നമ്പർ കത്തിനോടൊപ്പം 16-03-2023 -ലാണ് സർക്കാരിൽ ലഭിച്ചത്. തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ ആർ.ഇ 1/ 109/ 2023/ ത.സ്വ.ഭ.വ. നമ്പർ ഫയലിലാണ് പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. പാട്ടവ്യവസ്ഥയിൽ ഭൂമി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ടി ഫയലിൽ റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരായുകയും യഥാക്രമം പ്രസ്തുത വകുപ്പുകളുടെ ടി വിഷയത്തിന്മേലുള്ള അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനത്തിന്

ഉൾപ്പെടെയുള്ള നഗരസഭയുടെ വികസനാവശ്യങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്ന സാഹചര്യത്തിൽ നഗരസഭയുടെ ചുമതലകളിൽപ്പെടാത്ത ആവശ്യങ്ങൾക്ക് ഭൂമി കൈമാറുന്നതിനുമുമ്പ് പുനലൂർ നഗരസഭയിലെ നിലവിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ചും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന്റെ സാധ്യത സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും പുനലൂർ നഗരസഭ സെക്രട്ടറിയോടും ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പുനലൂർ നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ അമൃത് കുടിവെള്ള പദ്ധതി

435 (2486) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ സർവ്വേ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷനുംവേണ്ടി 26-09-2023-ൽ 19.183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർവ്വേ പൂർത്തിയാക്കി, 25 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതികൾക്ക് Detailed Engineering Report (DER) തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി അമൃത് മിഷൻ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

20 കോടി രൂപയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ-

1) തേവരുപാറ ജംഗ്ഷനിൽനിന്നും തേവരുപാറ ടാങ്കിലേയ്ക്ക് 200 മീറ്റർ ദൂരത്തിൽ 300mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.

2) നിലവിലെ പഴയ ടാങ്ക് പൊളിച്ചുമാറ്റൽ.

3) 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

4) 30 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖല.

5) 3000 കുടിവെള്ളകണക്ഷനുകൾ.

5 കോടി രൂപയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

1. 12 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കൽ.

2. 1000 കുടിവെള്ളകണക്ഷനുകൾ.

മുക്കം നഗരസഭ ഓഫീസ് നിർമ്മാണത്തിന് ധനസഹായം

436 (2487) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുക്കം നഗരസഭയ്ക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി അനുവദിച്ചിരുന്ന ധനസഹായത്തുകയ്ക്കുള്ള പദ്ധതികൾ ഇതിനോടകം ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ നഗരസഭ സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ മുക്കം നഗരസഭാ കെട്ടിട നിർമ്മാണംകൂടി ഉൾപ്പെടുത്തുന്നതിന്റെ സാധ്യത കിഫ്ബിയുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

നെയ്യാറ്റിൻകര ആറാലുംമൂട് മാർക്കറ്റിലെ നിർമ്മാണ പ്രവർത്തനങ്ങൾ

437 (2488) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ?

ആറാലുംമൂട് മാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയുടെ റൂഫ് കോൺക്രീറ്റിംഗ് ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) മാർക്കറ്റിലെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾ 31-05-2024 -നകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബ്രഹ്മപുരം ബയോ മൈനിംഗ് പദ്ധതി

438 (2489) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ ബ്രഹ്മപുരം ബയോ മൈനിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നഗരസഭ കമ്പനിയുമായി എഗ്രിമെന്റ് വച്ച ദിവസവും കമ്പനിക്ക് വർക്ക് ഓർഡർ നൽകിയ ദിവസവും ഏതാണെന്ന് വ്യക്തമാക്കുമോ?

പദ്ധതി ആരംഭിച്ചിട്ടുണ്ട്. നഗരസഭ കമ്പനിയുമായി എഗ്രിമെന്റ് വച്ച ദിവസം - 04-11-2023. കമ്പനിക്ക് വർക്ക് ഓർഡർ നൽകിയ ദിവസം - 06-11-2023.

(ബി) കമ്പനി ബയോമൈനിംഗിന്റെ ഇംപ്ലിമെന്റേഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എഗ്രിമെന്റ് വ്യവസ്ഥയിൽനിന്നും ഇംപ്ലിമെന്റേഷൻ പ്ലാനിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കമ്പനി ബയോമൈനിംഗിന്റെ ഇംപ്ലിമെന്റേഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. പ്ലാനിൽ വ്യത്യാസങ്ങളില്ല.

(സി) നഗരസഭ കൗൺസിലിന്റെ അംഗീകാരം വാങ്ങാതെ എന്തെങ്കിലും പ്രവർത്തനങ്ങൾ ബ്രഹ്മപുരത്ത് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നഗരസഭ കൗൺസിലിന്റെ അംഗീകാരം വാങ്ങാതെ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല.

തൃശ്ശൂർ കിഴക്കേക്കോട്ട ഫ്ലൈ ഓവറിന്റെ നിർമ്മാണ പുരോഗതി

439 (2490) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബഡ്ജറ്റിൽ തുക അനുവദിച്ച തൃശ്ശൂർ കിഴക്കേക്കോട്ട ഫ്ലൈ ഓവറിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

Kerala Roads & Bridge Corporation-നെ നിർവ്വഹണ ഏജൻസിയായി തെരെഞ്ഞെടുത്തിരിക്കുന്ന ടി പ്രവൃത്തിയുടെ Alignment കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് Soil Test-നായി സ്ഥല സന്ദർശനവേളയിൽ പരിസരവാസികളുടെ എതിർപ്പും പരാതിയും കാരണം ടെസ്റ്റ് നടത്തുന്നതിന് തടസ്സം വന്നതിനാൽ പരാതിക്കാരെ നേരിൽ കേൾക്കുന്നതിന് മേയർ തീരുമാനിച്ചിട്ടുണ്ട്.

കണ്ടിൻജന്റ് ജീവനക്കാരെ പൊതു സർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

440 (2491) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലെ ശുചീകരണ വിഭാഗമായ കണ്ടിൻജന്റ് ജീവനക്കാരെ തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെടുത്തി ആരംഭഘട്ടത്തിൽ കരട് ലിസ്റ്റ് ഇറക്കുകയും എന്നാൽ അന്തിമ വിജ്ഞാപനത്തിൽനിന്നും ഒഴിവാക്കപ്പെട്തുമായ സ്ഥിതി ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ പൊതു സർവ്വീസിൽനിന്നും ഒഴിവാക്കി ഇവർക്ക് മാത്രമായി ഒരു സർവ്വീസ് റൂൾ നടപ്പിലാക്കിയാൽ ഒരേ സ്ഥാപനത്തിൽ രണ്ട് തരം ജീവനക്കാരെ സൃഷ്ടിക്കുമെന്നതും ഇവർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിയാതെ വരുമെന്നതും ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ കണ്ടിൻജന്റ് ജീവനക്കാരെ തദ്ദേശസ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് കണ്ടിൻജന്റ് ജീവനക്കാർ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലാണ് ഉൾപ്പെടുന്നത്. കേരള

പബ്ലിക്ക് സർവ്വീസ് ആക്ട് നൽകുന്ന അധികാരം ഉപയോഗിച്ചാണ് പ്രസ്തുത റൂൾസ് തയ്യാറാക്കിയിരിക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തുരാജ് ആക്ട് എന്നിവപ്രകാരം പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കണ്ടിൻജന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല. അതിനാൽ അവർ പബ്ലിക്ക് സർവ്വീസസ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ അവരെ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിലാണ് കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്കുമാത്രമായി വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

കെ-സ്മാർട്ട് മുഖേന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ

441 (2492) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ കെ-സ്മാർട്ട് മുഖേന നൽകുന്നതിന് എത്ര മൊഡ്യൂളുകൾ ആവശ്യമുണ്ട്; നിലവിൽ എത്ര മൊഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ട്; കൗൺസിൽ അംഗങ്ങൾക്ക് ആശയവിനിമയം നടത്തുന്നതിന് കെ-സ്മാർട്ടിൽ പ്രത്യേക സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

കൊച്ചി ഉൾപ്പെടെ എല്ലാ നഗരസഭകളിലും പൊതുജനങ്ങൾക്ക് പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും നൽകുന്നതിന് 8 മൊഡ്യൂളുകളാണ് ആവശ്യമായിട്ടുള്ളത്. ആയത് മുഴുവൻ കൊച്ചി ഉൾപ്പെടെ എല്ലാ നഗരസഭകളിലും പ്രവർത്തനക്ഷമമായിട്ടുണ്ട്. കെ-സ്മാർട്ടിൽ ഇ-ഫയൽ സംവിധാനം ഉപയോഗിച്ച് കൗൺസിൽ അംഗങ്ങൾക്ക് കത്തിടപാടുകൾ നടത്തുന്നതിന് സൗകര്യമുണ്ട്.

(ബി) കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ കെ-സ്മാർട്ട് മുഖേന ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ ഓരോന്നും എത്രവീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. പെർമിറ്റ് 5, കെട്ടിട നമ്പർ 60.

(സി) നഗരസഭയുടെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടെയും ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുള്ളതാണോ; ഇല്ലെങ്കിൽ ഇനി എത്ര എണ്ണം പൂർത്തീകരിക്കാനുണ്ട്; കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിക്കാതെ ഇ-ഗവേണൻസ് പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഭാഗികമായി ഓഫ്ലൈൻ സംവിധാനം നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല. ആകെയുള്ള 371,061 കെട്ടിടങ്ങളിൽ 301,285 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് നഗരസഭ ഡിജിറ്റൽ സൈൻ ചെയ്ത് കെ-സ്മാർട്ടിലേയ്ക്ക് പോർട്ട് ചെയ്തിട്ടുണ്ട്. 2016-ൽ പൂർത്തിയാക്കേണ്ടിയിരുന്ന വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി ഡിജിറ്റൽ സൈൻ ചെയ്യേണ്ട 69,776 കെട്ടിടങ്ങൾ ഇനിയും ബാക്കിയുണ്ട്. 2024 മാർച്ച് 31-നകം ഇത് പൂർത്തിയാക്കി കെ-സ്മാർട്ടിലേയ്ക്ക് പോർട്ട് ചെയ്യാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവുവരെ 69776 കെട്ടിടങ്ങളുടെ കാര്യത്തിൽ ഭാഗികമായി ഓഫ് ലൈൻ സംവിധാനവും നടപ്പിലാക്കിവരുന്നു.

(ഡി) 2011 വരെയുള്ള ജനന-മരണ രേഖകൾ കെ-സ്മാർട്ട് വഴി കൃത്യമായി നൽകാൻ കഴിയുന്നുണ്ടോ; ടി.സി.എസ്സ്.-ൽ നിന്നുള്ള ഡാറ്റ പൂർണ്ണമായും കെ-സ്മാർട്ട്-ൽ അപ്ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എത്ര കാലതാമസം ഉണ്ടാകുമെന്ന് അറിയിക്കാമോ?

2011 വരെയുള്ള ജനന-മരണ രേഖകൾ കെ-സ്മാർട്ട് വഴി കൃത്യമായി നൽകാൻ കഴിയുന്നുണ്ട്. ടി. സി. എസ്.-ൽ നിന്നുള്ള ഡാറ്റ പൂർണ്ണമായും കെ-സ്മാർട്ടിൽ അപ്ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) നഗരസഭയിലെ ജീവനക്കാർക്ക് കെ-സ്മാർട്ട്-ൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നഗരസഭയിലെ മുഴുവൻ ജീവനക്കാർക്കും കെ-സ്മാർട്ടിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

വേങ്ങേരി സ്റ്റേഡിയം നിർമ്മാണം

442 (2493) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വേങ്ങേരി സ്റ്റേഡിയം നിർമ്മാണത്തിന് 75 ലക്ഷം രൂപ വകയിരുത്തിയതുപ്രകാരം തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) വേങ്ങേരി സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ (DPR) ലഭ്യമാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ എംപാനൽഡ് ആർക്കിടെക്ടർമാരിൽനിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. DPR ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചക്കുംപുറം-മണിമല-അത്താണിമൊക്ക് റോഡ്

443 (2494) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ ചക്കുംപുറം-മണിമല-അത്താണിമൊക്ക് റോഡ് (ഒരു കോടി രൂപ) നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി Kerala Electrical & Allied Engineering Co.Ltd, (KEL)-നെ ചുമതലപ്പെടുത്തുകയും DPR-തയാറാക്കി സമർപ്പിക്കുന്നതിന് KEL-ന് 26-09-2023-ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

31-05-2025-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

തൃശൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാനം

444 (2495) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ 1 കോടി രൂപ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാനത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) അത്തിപ്പൊറ്റ വാതക ശ്മശാനത്തിന്റെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 27-01-2024-ൽ തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാരിൽ ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

രാസലഹരികളുടെ കടത്ത് തടയുന്നതിന് നടപടി

445 (2496) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്ക് എം.ഡി.എം.എ. ഉൾപ്പെടെയുള്ള രാസ ലഹരികൾ നിർബാധം കടത്തിക്കൊണ്ടുവരുന്നത് തടയുവാൻ എക്സൈസ്

വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

എം.ഡി.എം.എ. ഉൾപ്പെടെയുള്ള രാസലഹരികൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന്റെ ഭാഗമായി ജില്ലാ കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും രഹസ്യവിവര ശേഖരണത്തിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. പോലീസ്, റവന്യൂ, വനം, റെയിൽവേ, ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യ സുരക്ഷ, മോട്ടോർ വെഹിക്കിൾ, ലീഗൽ മെട്രോളജി മുതലായ വകുപ്പുകളുടെ സഹകരണത്തോടെ ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്പെക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ എന്നിവ സ്വന്തം നിലയിലും സംയുക്തമായും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും ഉത്സവങ്ങൾ, ആഘോഷങ്ങൾ മുതലായ ആളുകൾ കൂടുന്ന

ഇടങ്ങളിലും അന്തർ സംസ്ഥാന ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിലും പരിശോധന നടത്തിവരുന്നു. ലഹരി കേസുകളിൽ ഉൾപ്പെടുന്ന മുൻ പ്രതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാന്മാരുടെ നിലവിലെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും കെമു വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. വിശേഷാവസരങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഒരേ സമയം ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നു. വലിയ അളവിലുള്ള മദ്യ-മയക്കുമരുന്ന് കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും രാസലഹരിയുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് കടത്തിക്കൊണ്ടുവരുന്ന രാസലഹരിയുടെ സിംഹഭാഗവും എക്സൈസ് വകുപ്പും മറ്റ സർക്കാർ എജൻസികളും ചേർന്ന് കണ്ടെടുക്കുന്നുണ്ട്. രാസലഹരികളിൽ എം.ഡി.എം.എ. ഉൾപ്പെടെയുള്ളവ താരതമ്യേന കൈവശം വെയ്ക്കുവാനും കടത്തിക്കൊണ്ടുവരുവാനും വളരെ സൗകര്യപ്രദമാണ്. ആധുനിക സാങ്കേതിക സംവിധാനങ്ങളിലൂടെയുള്ള നെറ്റ്വർക്ക് സംവിധാനം ഇത്തരക്കാർ ഉപയോഗപ്പെടുത്തുന്നതിനാൽ ഇത് കണ്ടെത്തുവാൻ വളരെ പ്രയാസമേറിയ കാര്യവുമാണ്. രാസലഹരികൾ ഉപയോഗിക്കുന്നത് കണ്ടെത്തുവാൻ രക്തസാമ്പിളുകളുടെ പരിശോധന പോലെ വളരെ ആഴത്തിലുള്ള പരിശോധനകൾ ആവശ്യമാണ്. കൂടാതെ ത്രുക്ഷഗന്ധമില്ലാത്തതിനാൽ ഉപയോഗിക്കുന്നവരെ കണ്ടെത്താൻ കൂടുതൽ പരിശോധന ആവശ്യമാണ്. പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കി വ്യാപനം തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും കണ്ടെടുക്കുന്ന മയക്കുമരുന്നുകളുടെ അളവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മദ്യവർജ്ജന നയം

446 (2497)ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മദ്യവർജ്ജന നയത്തിന് തികച്ചും വിരുദ്ധമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിമുക്തി പദ്ധതിക്കായി നീക്കിവച്ച തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

ഇല്ല.

(സി) സംസ്ഥാനത്ത് കൂടുതൽ മദ്യശാലകൾ ആരംഭിക്കുന്ന സാഹചര്യത്തിൽ വിമുക്തി, മദ്യവർജ്ജനം തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യങ്ങൾ

എപ്രകാരം കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ട് ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും വ്യക്തികളിൽ മദ്യവർജ്ജന മനോഭാവം ക്രമാനുഗതമായി വളർത്തിയെടുത്തും സംസ്ഥാനത്ത് മദ്യവർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

വെള്ളരിക്കുണ്ട് എക്സൈസ് റെയിഞ്ച് ഓഫീസ്

447 (2498) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളരിക്കുണ്ട് എക്സൈസ് റയിഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ വെള്ളിരിക്കുണ്ട് എക്സൈസ് റേഞ്ച് ഉൾപ്പെടെ പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകുപ്പിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാം ഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും അതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ വെള്ളിരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ഉൾപ്പെടെ ആദ്യ ഘട്ടമായി 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുവാനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26

തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുകൊണ്ട് പുതിയ റെയ്ഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റെയ്ഞ്ചുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളും മറ്റ് വിഭാഗങ്ങളിൽനിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നുവെങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ ഉപയോഗിച്ച് (ഉദാ-sentry, കോടതി duty) man power savings കണ്ടെത്തിയും പുതിയ റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ

പ്രവർത്തനം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിമുക്തിമിഷൻ ബോധവത്കരണ ക്ലാസ്സുകൾ

448 (2499) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ലഹരിവർജ്ജന മിഷനായ വിമുക്തിയിൽ ബോധവത്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുവരുന്ന എക്സൈസ് ഉദ്യോഗസ്ഥർ ആരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് എന്നറിയിക്കാമോ?

വിമുക്തിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്ന സ്ഥലം ഉൾപ്പെടുന്ന റെയിഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, വിമുക്തി മിഷൻ ജില്ലാ മാനേജർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുവരുന്നത്. സംസ്ഥാനതലത്തിൽ ഇത്തരം ബോധവൽക്കരണ

ക്ലാസ്സുകളുടെ മേൽനോട്ടം എക്സൈസ് ബോധവൽക്കരണ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർ, വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എക്സൈസ് കമ്മീഷണർ എന്നിവരും നിർവ്വഹിച്ചുവരുന്നു.

(ബി) ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് വിമുക്തിമിഷൻ ജില്ലാ ഓഫീസറുടെ ഓഫീസിൽനിന്നാണോയെന്നറിയിക്കാമോ?

ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസിൽനിന്നും ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കണമെന്ന ആവശ്യം ലഭിക്കുന്ന ഓഫീസിന്റെ ഓഫീസ് തലവനും ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ട്.

(സി) ഓരോ ജില്ലയിലും ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്ന ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് ജില്ലാ തലത്തിൽ ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ചിട്ടില്ല.

(ഡി) ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്ന ഉദ്യോഗസ്ഥർ വിമുക്തി മിഷൻ ജില്ലാ ഓഫീസിന്റെ അനുമതിയില്ലാതെ ബോധവത്കരണ ക്ലാസ്സ് എടുക്കുകയും ക്ലാസ്സിന്റെ വീഡിയോകളും ചിത്രങ്ങളും വകുപ്പിന്റെ ഔദ്യോഗിക പേജിൽ അല്ലാതെ സോഷ്യൽ മീഡിയയിലും മറ്റും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ജില്ലകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. ബോധവൽക്കരണ ക്ലാസ്സുകളുടെ വീഡിയോകളും ചിത്രങ്ങളും വിമുക്തിയുടെയും എക്സൈസ് വകുപ്പിന്റെയും ഔദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി പ്രചരിപ്പിക്കുകയും ആയതിന്റെ ലിങ്കുകൾ വിവിധ സമൂഹമാധ്യമ അക്കൗണ്ടുകൾ വഴി പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു. എക്സൈസ് വകുപ്പിന്റെയോ വിമുക്തി മിഷന്റെയോ ലഹരിവിരുദ്ധ പ്രചാരണങ്ങൾക്ക് വിരുദ്ധമായോ ബോധവൽക്കരണ പ്രചാരണ മാർഗ്ഗങ്ങൾക്ക് വിപരീതമായോ ഏതെങ്കിലും വ്യക്തികൾക്കോ സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ ദോഷകരമായോ അപകീർത്തിപരമായ തരത്തിലോ ബോധവൽക്കരണ

ക്ലാസുകളുടെ വീഡിയോകളും ചിത്രങ്ങളും സമൂഹ മാദ്ധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വിമുക്തി മിഷനിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ച ഉദ്യോഗസ്ഥർക്ക് പരീശീലനം നൽകുന്നുണ്ടോ എന്നറിയിക്കാമോ?

പരിശീലനം നൽകുന്നുണ്ട്.

(എഫ്) വിമുക്തി മിഷനിൽ ബോധവത്ക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസ് മുഖാന്തരം പ്രസ്തുത വിഷയത്തിൽ അറിവും പ്രാഗത്ഭ്യവുമുള്ള വ്യക്തികളെ നിയോഗിക്കുവാൻ പദ്ധതി തയ്യാറാക്കാമോ; വ്യക്തമാക്കുമോ?

എക്സൈസ് ബോധവൽക്കരണ വിഭാഗത്തിന്റെയും വിമുക്തി മിഷന്റെയും ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നിലവിൽ കൈകാര്യം ചെയ്യുന്നത് എക്സൈസ് ഉദ്യോഗസ്ഥരോ, വിമുക്തി മിഷന് കീഴിൽവരുന്ന ജീവനക്കാരോ ആണ്. ബോധവത്ക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രസ്തുത

വിഷയത്തിൽ അറിവും പ്രാഗത്ഭ്യവുമുള്ള വ്യക്തികളെ വകുപ്പിന് പുറത്തുനിന്നും നിയോഗിക്കുവാൻ പദ്ധതി തയ്യാറാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

ചങ്ങനാശേരി എക്സൈസ് റേഞ്ച് വിഭജിക്കൽ

449 (2500) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനപരിധി ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണെന്നും അവയുടെ പട്ടികയും ലഭ്യമാക്കാമോ?

ചങ്ങനാശ്ശേരി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനപരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗ്രാമപഞ്ചായത്ത്
1	മാടപ്പള്ളി
2	വാഴപ്പള്ളി
3	കുറുകച്ചാൽ
4	കങ്ങഴ
5	കുറിച്ചി
6	വെള്ളാവൂർ

7	നെടുങ്കുന്നം
8	തൃക്കൊടിത്താനം
9	പായിപ്പാട്
10	വാഴൂർ
11	വാകത്താനം

(ബി) പ്രസ്തുത റേഞ്ച് ഓഫീസിന്റെ പരിധിയിൽ എത്ര ബാർ ഹോട്ടലുകൾ, ബീയർ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബെവ്കോ ഔട്ട്ലെറ്റുകൾ എന്നിവയുണ്ടെന്ന് അറിയിക്കാമോ?

ബാർ ഹോട്ടലുകൾ- 12, ബീയർ പാർലറുകൾ- 4, കള്ള് ഷാപ്പുകൾ- 71, ബെവ്കോ ഔട്ട്ലെറ്റുകൾ- 3

(സി) ജോലിഭാരം കണക്കിലെടുത്ത് വാഴൂർ കേന്ദ്രീകരിച്ച് കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ, വാഴൂർ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ റേഞ്ച് ഓഫീസ് വാഴൂർ സിവിൽ സ്റ്റേഷനിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാടപ്പള്ളി, വാഴപ്പള്ളി, കറുകച്ചാൽ, കുറിച്ചി, കങ്ങഴ, വെള്ളാവൂർ, നെടുംകുന്നം, തൃക്കൊടിത്താനം, പായിപ്പാട്, വാഴൂർ, വാകത്താനം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ചങ്ങനാശ്ശേരി റേഞ്ച് ഓഫീസ് ഉൾപ്പെടെ

അധികാരപരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകപ്പിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാംഘട്ടത്തിൽ രൂപീകരിക്കുവാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കോട്ടയം ജില്ലയിൽ നെടുങ്കുന്നം എക്സൈസ് റേഞ്ച് ഓഫീസ് ഉൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുവാനുള്ള ശിപാർശ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുകൊണ്ട് പുതിയ റെയ്ഞ്ചുകൾ

അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റെയ്ഞ്ചുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളും മറ്റ് വിഭാഗങ്ങളിൽനിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റെയ്ഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേസ്ഥലത്ത് പ്രവർത്തിക്കുന്നുവെങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (ഉദാ- sentry, കോടതി duty) man power savings കണ്ടെത്തിയും പുതിയ റെയ്ഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം

പ്രൊപ്പോസൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

വ്യാജമദ്യ നിർമ്മാണം തടയാൻ നടപടി

450 (2501) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി സ്വീകരിച്ച പൊതുവായ നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിന്റെ ഭാഗമായി ജില്ലാ കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും രഹസ്യവിവര ശേഖരണത്തിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. പോലീസ്, റവന്യൂ, വനം, റെയിൽവേ, ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യ സുരക്ഷ, മോട്ടോർ വെഹിക്കിൾ, ലീഗൽ മെട്രോളജി മുതലായ വകുപ്പുകളുടെ സഹകരണത്തോടെ ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്പെക്കിംഗ് സ്ക്വാഡ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ

സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ എന്നിവ സ്വന്തം നിലയിലും സംയുക്തമായും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും ഉത്സവങ്ങൾ, ആഘോഷങ്ങൾ മുതലായ ആളുകൾ കൂടുന്ന ഇടങ്ങളിലും, അന്തർ സംസ്ഥാന ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിലും പരിശോധന നടത്തിവരുന്നു. ലഹരി കേസുകളിൽ ഉൾപ്പെടുന്ന മുൻ പ്രതികളുടെ വിശദവിവരങ്ങടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാന്മാരുടെ നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചുവരുന്നു. വ്യാജമദ്യ നിർമ്മാണ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകളും വ്യാജമദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ കൈമാറുന്നതിന് പൊതുജനങ്ങൾക്കിടയിലും വിദ്യാലയങ്ങളിലും മറ്റും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വ്യാജമദ്യവും ലഹരിമരുന്നുകളും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും, കെമു വിഭാഗവും

പ്രവർത്തിച്ചുവരുന്നുണ്ട്. വിശേഷാവസരങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഒരേ സമയം ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നു. വലിയ അളവിലുള്ള മദ്യ-മയക്കുമരുന്ന് കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം സ്വീകരിച്ചുവരുന്നു.

(ബി) ഉത്സവങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ വ്യാജമദ്യ നിർമ്മാണവും വിതരണവും വർദ്ധിക്കാൻ സാധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദീകരിക്കാമോ?

മയക്കുമരുന്നിന്റെ അനധികൃത നിർമ്മാണം, വിപണനം, ദുരുപയോഗം എന്നിവ തടയുന്നതിനായി ജില്ലാതല സ്ക്വാഡും സംസ്ഥനതല സ്ക്വാഡും മേഖലാ സ്ക്വാഡും രൂപീകരിച്ച് രഹസ്യ പരിശോധനകൾ നടത്തിവരുന്നു. എക്സൈസ് സൈബർ സെല്ലിന്റെയും, 'എക്സൈസ് ഇന്റലിജന്റ്സ് ആൻഡ്

ഇൻവെസ്റ്റിഗേഷൻ ബ്യൂറോ'യുടെയും സഹായത്തോടെ അതിർത്തിയിലൂടെ കടത്തികൊണ്ടുവരുന്ന മയക്കുമരുന്ന് പിടിക്കൂടുന്നു. മയക്കുമരുന്ന് ശേഖരണവും വിൽപ്പനയും കടത്തും കണ്ടെത്തുന്നതിനായി ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പട്രോൾ ടീം, ജില്ലാതല കൺട്രോൾ റൂം, രണ്ടു സ്പെക്കിംഗ് ഫോഴ്സുകൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

വിദേശമദ്യ ലൈസൻസ് കൈമാറ്റം

451 (2502) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുമൂലം സർക്കാരിനുണ്ടായ വരുമാനനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) കേരള എക്സൈസ് മാന്വൽ വാല്യം II അദ്ധ്യായം 19-ലെ ഖണ്ഡിക 18 പ്രകാരം ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന ചട്ടം ലംഘിക്കുന്നവർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഇത്തരം പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(സി&ഡി) എക്സൈസ് മാന്വൽ എന്നത് എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നത് എക്സൈസ് മാന്വൽ പ്രകാരമല്ല. വിദേശമദ്യ ചട്ടം 19-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിനൽകുന്നത്. നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം എക്സൈസ് കമ്മീഷണറുടെ അനുമതി കൂടാതെ വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ സാധ്യമല്ല എന്നതിനാൽ

സംസ്ഥാനത്ത് വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല. എന്നാൽ വിദേശമദ്യ ലൈസൻസുകൾ അനുവദിച്ചിട്ടുള്ള പാർട്ണർഷിപ്പ്/ഡയറക്ടർ ബോർഡ് എന്നിവയിൽ എക്സൈസ് കമ്മീഷണറുടെ അനുമതി കൂടാതെ പുനഃസംഘടനകൾ നടത്തിയതായി കാണുന്ന ലൈസൻസികൾക്ക് നോട്ടീസ് നൽകിയശേഷം പ്രസ്തുത ലൈസൻസികളിൽനിന്നും അപേക്ഷ ലഭ്യമാക്കി അബ്കാരി നിയമം 67(2) പ്രകാരമുള്ള പിഴയും വിദേശമദ്യ ചട്ടം 19(iii) പ്രകാരമുള്ള ഫീസും ഈടാക്കി പ്രസ്തുത പുനഃസംഘടനകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം

452 (2503) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുവാനുള്ള അംഗബലം നിലവിൽ എക്സൈസ് സേനയ്ക്കുണ്ടോ?

ഉണ്ട്. നിലവിലെ അംഗബലം ഉപയോഗപ്പെടുത്തി ഫലപ്രദമായ രീതിയിൽ ലഹരി ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) നേരിട്ടുള്ള നിയമനത്തിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെംഗ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ; അതിൽ നിലവിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്; വിശദമാക്കാമോ?

വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിന് അനുവദിച്ചിട്ടുള്ള 161 തസ്തികകളാണുള്ളത്. ആയതിൽ 107 ഒഴിവുകൾ നിലവിലുണ്ട്.

(സി) നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ട എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് കൂടുതൽ യുവതീ-യുവാക്കളെ എക്സൈസ് സേനയിലേയ്ക്ക് നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

(ഡി) 14-08-2023-ലെ നികുതി-എഫ് 1/47/2023-നികുതി നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൽ പരാമർശിച്ചിരിക്കുന്ന തരത്തിൽ താത്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നിടത്തോളം കാലം പി.എസ്.സി. വഴി എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനം അനിശ്ചിത കാലത്തേയ്ക്ക് നീളുന്ന സ്ഥിതിയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ താൽകാലിക സ്ഥാനക്കയറ്റംമൂലം നിലവിൽവന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എക്സൈസ് കമ്മീഷണർ സർക്കാരിന്റെ അനുമതി തേടിയിട്ടുള്ളതും എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്താൽ താൽക്കാലിക സ്ഥാനക്കയറ്റം നടത്തിയവയെല്ലാം ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നും ഒരിക്കൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ

കുറവ് വരുത്തുവാനോ റദ്ദ് ചെയ്യുവാനോ കഴിയുകയില്ല എന്നതിനാലും എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ടി വിഷയം പരിഗണിക്കാമെന്ന് 14-08-2023-ലെ നികുതി എഫ്1/47/2023/നികുതി നമ്പർ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 497/2019) റാങ്ക് പട്ടിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28-12-2023-ൽ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ടി വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരായുകയും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയത് ഉൾപ്പെടെ വകുപ്പിൽ പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകാവുന്നതാണെന്ന് ടി വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൈപ്പമംഗലം മണ്ഡലത്തിലെ സ്വരക്ഷ ക്ലബ്ബുകൾ

453 (2504) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ സ്വരക്ഷ ക്ലബ്ബുകളിൽ എക്സൈസ് വകുപ്പിന്റെ സജീവ സാന്നിധ്യം ഉറപ്പു വരുത്തുന്നതോടൊപ്പം വിദ്യാർത്ഥികൾക്കുവേണ്ടി വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തന പദ്ധതികൾ നിരന്തരം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാമോ?

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ മാനദണ്ഡമനുസരിച്ച് അനുവദിക്കാവുന്ന പദ്ധതികൾ കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2144, 2152, 2170, 2286, 2287, 2322, 2329, 2340 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമല്ല.)

****